www.malankaralibrary.com

# സ്മരണിക



## ബഥനി സന്യാസ സമൂഹം


പ്ലാറ്റിനം ജൂബിലി (1919 - 1994)



www.malankaralibrary.com

# ദൈവസേവനത്തെക്കാൾ
# അത്യുത്തമം
# ദൈവസമ്പാദനം

www.malankaralibrary.com



പരിശുദ്ധപിതാവ്
ജോൺപോൾ രണ്ടാമൻ മാർപ്പാപ്പ

www.malankaralibrary.com



ബഥനിസ്ഥാപകൻ
മാർ ഈവാനിയോസ്

www.malankaralibrary.com



ബഥനി സുതൻ
മാർ തെയോഫിലോസ്

www.malankaralibrary.com

ബഥനിയുടെ അഭിമാനം




ആർച്ച്ബിഷപ്പ്
ബനഡിക്ട് മാർഗ്രിഗോറിയോസ്




സിറിൽ മാർ
ബസ്സേലിയോസ്

www.malankaralibrary.com

## മലങ്കരസഭാ സാരഥികൾ



മാർ തിമോത്തെയോസ്



മാർ ഫിലക്സിനോസ്



മാർ അപ്രേം


www.malankaralibrary.com




**സമൂഹാദ്ധ്യക്ഷൻ**
വെരി റവ. ഫാ. ജറോം പീടികപ്പറമ്പിൽ ഒ.ഐ.സി


www.malankaralibrary.com


## ഭരണസമിതി



ഫാ. ജോർജ്തോമസ്
ഒ.ഐ.സി.


ഫാ. ജോൺബോസ്ക്കോ
ഒ.ഐ.സി.



ഫാ. സന്തോഷ്
ഒ.ഐ.സി.


ഫാ. ജോൺവിയാനി
ഒ.ഐ.സി.


ഫാ. ജോൺക്രിസോസ്റ്റം
ഒ.ഐ.സി.


ഫാ. ഡാനിയേൽ
ഒ.ഐ.സി.

www.malankaralibrary.com



CONGREGATIO
PRO ECCLESIIS ORIENTALIBUS

*Very Reverend and dear Father,*

*It gives me much pleasure to learn, from your letter of June 17th, 1994, that the Order of the Imitation of Christ - also known as Bethany Ashram - is due to celebrate in September of the current year the Platinum Jubilee of its foundation by the late Archbishop Mar Ivanios, in the solitude of Perunad Forest, on the feast of Our Lady's Assumption, 1919.*

*Like other great Churchmen and pioneers of religious renewal, Mar Ivanios felt early the call to lead a life of purer and more complete following of the Lord Jesus. As he himself confessed in a speech delivered on the occasion of his episcopal consecration, "When I was eight or ten years old, I desired to lead the religious life of an Ashram. This desire gradually occupied my heart above all other things and I began to realize the importance of attaining salvation through such a way of life". Already in his seminary life, he had vowed "to dedicate my life to the spiritual uplift of the community that gave me birth".*

*The form of life he traced for himself and his first nine companions was profoundly traditional, based on the most authentic sources of monastic spirituality and sought to blend together prayer and ministry, in true imitation of the Divine Master, a reflection of the Bethany family of Gospel fame. It was this spirit which enabled him to learn perfect docility to the Holy Spirit and to lead a movement of spiritual reform and renewal, a necessary condition to the movement for the reconstitution of the unity of Christians.*

*Your Platinum Jubilee Celebrations a rich programme of activities directed at community and personal renewal, to ensure a more generous and effective commitment to 'diaconia' or ministry. The study of the origins of your religious congregation, of the Faith-experience and spiritual ideals of your venerated founder, your "Abun" and exemplar, in the light of the teachings and directives of the Second Ecumenical Vatican Council, is the best way to make this auspicious occasion truly meaningful to you, as religious invested with the special role of masters of prayer and artisans of reconciliation and unity according to Christ's Holy Will.*

*Gladly invoking God's abundant blessings upon "The Order of the Imitation of Christ", and upon all those taking part in the commemorative celebrations, and with sentiments of religious esteem and prayerful good wishes, I am*


*Sincerely yours in Christ,*

Achille Card. Silvestrini, Prefect

† M. Marusyn, Secr.

www.malankaralibrary.com

APOSTOLIC NUNCIATURE
IN INDIA



*Upon hearing of the forthcoming platinum jubilee celebrations of the Congregation of the Order of the Imitation of Christ, I extend to its respected superiors and esteemed members, novices and candidates, as well as to the faithful who are close to it and will take part in the jubilee, warm prayerful good wishes.*


*By the grace of God the Order has been growing steadily and the Divine Majesty has been worshipped and served worthily in ever more places and by an ever greater number of holy religious. For this we give praise and thanks to God. May the Order remain ever true to its beautiful name and continue to follow the example of the Divine Master, for the good of the souls of its members and the service of the faithful. On behalf of our Holy Father, the Pope, I bless the participants in the jubilee celebrations very cordially.*


*New Delhi, 8th August 1994.*

*Archbishop George Zur*

*Apostolic Pro-Nuncio*

www.malankaralibrary.com



**MESSAGE**

*I am delighted to know that the Congregation of the Order of the Imitation of Christ which is also known as Bethany Ashram is celebrating the Platinum Jubilee of its foundation. It is appropriate that a Souvenir is being brought on this joyful occasion. I wish it every success.*

*Hand in hand with all the members of the Congregation I thank the Lord for all that He has done through Bethany Ashram.*

*May the celebration of this event enable you to renew your dedication to God and His people.*

*Antony Cardinal Padiyara*
*Archbishop of Ernakulam*

www.malankaralibrary.com



**BETHANY ASHRAM PLATINUM JUBILEE MESSAGE**

*Eastern Monasticism has been a perennial source of inspiration in the Church. A revival of monasticism in the eastern Churches will be a great contribution to the revival of the Church and the strengthening of the ecumenical movement.*

*The great Mar Ivanios in founding the Ashram saw monasticism as the heart of the Church. In this he is to be admired and imitated. The Bethany Ashram and the congratulatory great works of it must keep alive the monastic ideal in the present day church.*

*I hope the Jubilee celebration will lead to a deepening of the monastic spirit in our churches.*

*While I send you my Greetings and Good Wishes I assure of my prayer.*

*Archbishop Joseph Powathil.*

www.malankaralibrary.com



സഭയോടൊപ്പം



ജൂബിലി വർഷത്തിലെ നവാഭിഷിക്തർ മെത്രാപ്പോലീത്തായോടൊപ്പം

www.malankaralibrary.com

# എ ഡി റ്റോ റി യ ൽ

ബഥനി! മനോഹരമായ ഒരു ബിബ്ലിക്കൽ നാമം. യെരുശലേമിൻെറ പ്രാന്ത പ്രദേശത്തെ കൊച്ചു ഗ്രാമം. ലാസറും മറിയവും മാർത്തയും പാർത്തിരുന്ന ഗ്രാമം. യേശുവിന് ആതിഥ്യമരുളിയ പുണ്യ ഗേഹം ഇവിടെയായിരുന്നു.

മലങ്കര സഭയ്ക്ക് ഈ നാമം രോമാഞ്ചമാണ്. മഹാനായ മാർ ഈവാനിയോസ് കരളിലേറ്റി താലോലിച്ച പുണ്യനാമമാണത്. താൻ സ്ഥാപിച്ച സന്യാസ സമൂഹത്തിൻെറ, മുണ്ടൻ മലയിലെ പർണാശ്രമത്തിൻെറ ഓമനപ്പേരാണ് ബഥനി.

വേദമന്ത്രങ്ങൾ ഉരുക്കഴിക്കുന്ന മുനി ശ്രേഷ്ഠരുടെ തപോനിഷ്ഠ കടമെടുത്ത് ക്രൈസ്തവ സഭയിൽ കുടിയിരുത്തി ബഥനിക്കു രൂപം കൊടുത്തു. ക്രൈസ്തവ ഭാരതീയ സംസ്കാരങ്ങളുടെ സംഗമഭൂമിയായി ബഥനി. അന്ത:ച്ഛിദ്രവും അധികാര പ്രമത്തതയും അങ്കം വെട്ടി അലങ്കോലപ്പെടുത്തിയ മലങ്കരയിൽ, ശാന്തി തീർത്ഥങ്ങളിൽ മന:ശാന്തി തേടിയ മാർ ഈവാനിയോസ്സിൻെറ മനസ്സിലുദിച്ച മനോഹരാദർശമാണ് സന്യാസം. മ്ശിഹാനുകരണസമൂഹത്തിൻെറ പിറവിയുടെ പൊൻപുലരിയായി 1919 ആഗസ്റ്റ് 15. ബഥനി വളർന്നു. എഴുപത്തഞ്ചു വയസ്സു പൂർത്തിയാക്കി.

കാവിയുടുത്ത ബഥനിയന് ഇഹ സുഖമോഹങ്ങളില്ലായിരുന്നു. ആത്മാവിൽ കിനിഞ്ഞിറങ്ങിയത് സ്വർഗ്ഗീയമായത് മാത്രം. ബഥനി വചനം പരികർമ്മം ചെയ്തപ്പോൾ പുതിയ അനുഭവമുണ്ടായി. കൂദാശകൾ അർത്ഥഗർഭങ്ങളായി. പ്രാർത്ഥന മധുരമായി. കാരണം നിറഞ്ഞു തുളുമ്പിയ ചൈതന്യ സ്രോതസ്സായിരുന്നു ബഥനി.

മാമുനിയുടെ മനസ്സിൽ അസ്വസ്ഥത അവസാനിച്ചില്ല. സമുദായ ഗാത്രം വ്രണപ്പെട്ടിരുന്നു. വടുക്കൾ നിറഞ്ഞിരുന്നു. സത്യത്തെ ഒരിക്കൽ കൂടി മുഖാമുഖം കണ്ടു. വേർപിരിഞ്ഞു നിൽക്കുന്നതാണ് നാശഹേതു. ഐക്യമാണ് പ്രതിവിധി. തിരികെപ്പോകണം. മാതൃസഭയെ ആശ്ലേഷിക്കണം. തിരുമേനി മടിച്ചില്ല. സഹയാത്രികർ എതിർത്തില്ല. മുണ്ടൻ മലയോടുവിടചൊല്ലി. അഞ്ചു പേർ തിരികൊളുത്തി; ആ അഞ്ച് അഞ്ചുലക്ഷമായി.

ബഥനി ഒരു മഹാ പ്രസ്ഥാനമാണ്. കാനോനകൾ മാറ്റിവച്ച് കാലത്തിൻെറ ചുവരെഴുത്തു വായിച്ച ക്രിസ്താനുകരണസന്യാസികൾ ചരിത്ര ദശാസന്ധിയിൽ ചരിത്ര പുരുഷന്മാരായി. ചരിത്രം അവരെപ്പറ്റി ചരിത്രമെഴുതി. അവരിന്ന് എഴുപത്തഞ്ചു വർഷത്തെ ചരിത്രം പറയുന്നു.

ഈ സ്മരണിക ബഥനിയുടെ ചരിത്രാഖ്യാനമാണ്. കാലഹരണപ്പെട്ടതു മാറ്റിയിട്ടുണ്ടാകും. കാഴ്ചപ്പാടിൽ ഗതിമാറ്റം ഉണ്ട്. രൂപം മാറാതിരുന്നുകൂടാ. ഭാവം ചോർന്നു പോയെങ്കിൽ മഹാപരാധമാണ് ചെയ്യുന്നത്.

ജൂബിലി വർഷത്തിൽ അണിയിച്ചൊരുക്കുന്ന ഈ സ്മരണികയിൽ ബഥനിയുടെ ചരിത്രമുണ്ട്. ദർശനമുണ്ട്. പ്രവർത്തനങ്ങളുടെ വിശദാംശങ്ങളുണ്ട്. പ്രതികരണങ്ങളുണ്ട്. അണിയിച്ചൊരുക്കാൻ പ്രയത്നിച്ചവർക്ക് കൂപ്പുകൈ. അനുവാചകരുടെ പ്രതികരണം പ്രിയതരമായിരിക്കട്ടെ.

എഴുപത്തഞ്ചുവർഷം നന്മകൾ ചൊരിഞ്ഞ ദൈവത്തിനു നന്ദി. അനുഗ്രഹ വർഷം ചൊരിയുവാൻ സ്ഥാപക പിതാവിനോടു പ്രാർത്ഥിക്കുന്നു.

എഡിറ്റർ

www.malankaralibrary.com

പത്രാധിപ സമിതി അംഗങ്ങൾ

ഫാ. സന്തോഷ് മഠത്തിൽ ഒ.ഐ.സി.
ഫാ. വറുഗ്ഗീസ് തൈക്കൂട്ടത്തിൽ ഒ.ഐ.സി.
ഫാ. മത്തായി കടവിൽ ഒ.ഐ.സി.
ഫാ. ജോൺ ഇലവിനാക്കുഴിയിൽ ഒ.ഐ.സി.
ഫാ. പ്രേമാനന്ദ് പുരയ്ക്കൽ ഒ.ഐ.സി.

Layout & Design: Byju Mahadevan
Computer Typesetting: COMPU-PRINT, Trivandrum 695 015.
Phone: 438312
Printing: Swift Offset Printers, Trivandrum 695 014.
Phone: 65849

www.malankaralibrary.com

# താളുകൾ മറിക്കുമ്പോൾ


| | |
|---|---|
| സന്ദേശം | |
| എഡിറ്റോറിയൽ | |
| പത്രാധിപ സമിതി | |
| ബഥനി ആശ്രമത്തിൻെറ ദൗത്യം | ബനഡിക്ട് മാർ ഗ്രിഗോറിയോസ് ഒ.ഐ.സി |
| മലങ്കരസഭയിൽ ബഥനിയുടെ സ്ഥാനവും ദൗത്യവും | സിറിൽ മാർ ബസ്സേലിയോസ് ഒ.ഐ.സി |
| ക്രിസ്താനുകരണ സന്യാസ സമൂഹവും ആരാധനാക്രമോന്മുഖമായ ജീവിതവും | ഗീവറുഗീസ് മാർ തിമോത്തിയോസ് മെത്രാപ്പോലീത്ത |
| ലവണമായ്ത്തീരു! | പൗലോസ് മാർ ഫീലക്സിനോസ് |
| സ്വത്വം കാത്തു സൂക്ഷിക്കുക | വെരി. റവ. ഫാ. ജറോം ഒ.ഐ.സി |


## ചരിത്രം


| | |
|---|---|
| ബഥനി സന്യാസ സമൂഹം ചരിത്രത്തിലൂടെ | ഫാ. സിൽവസ്റ്റർ കാഞ്ഞിരമുകളിൽ ഒ.ഐ.സി |
| ബഥനിയും പുനരൈക്യവും | ഫാ. പക്കോമിയോസ് ഒ.ഐ.സി |
| ബഥനി സന്യാസ സമൂഹം സാർവത്രിക സഭയുടെ കൂട്ടായ്മയിൽ | ഫാ. ജേക്കബ് പെരുമ്പ്രാൽ ഒ.ഐ.സി |
| ആധുനിക ചരിത്രം | ഫാ. ഏബ്രഹാം പ്രസാദ് ഒ.ഐ.സി |
| മുൻ സമൂഹാദ്ധ്യക്ഷന്മാർ | |
| ബഥനിയുടെ സംഗീതം | ജോൺ മാത്യു പുഞ്ചക്കാല, സലാല |
| അറിയപ്പെടാത്ത മാർ ഈവാനിയോസ് | ഫാ. പ്രേമാനന്ദ് പുരയ്ക്കൽ, ഒ.ഐ.സി |
| പരിശുദ്ധിയുടെ പരിമളം പരത്തിയ ബഥനിയുടെ മാർ തെയോഫിലോസ് | പീറ്റർ കീഴ്വാലിൽ |


## ദർശനങ്ങൾ


| | |
|---|---|
| ബഥനി ആശ്രമം ഉത്ഭവവും വളർച്ചയും | ഫാ. ജോർജ് തോമസ്സ്. ഒ.ഐ.സി |
| ബഥനി സമൂഹ രൂപീകരണത്തിൽ ആർഷ ഭാരതത്തിൻെറ സ്വാധീനം | ഫാ. വറുഗീസ് തൈക്കൂട്ടത്തിൽ ഒ.ഐ.സി |
| സന്യാസാഭിമുഖ്യവും മലങ്കരയുടെ പ്രതികരണവും | ഫാ. വി. കിളിച്ചിമല |
| ബഥനി ഒരു പുതിയ താബോർ | ഫാ. സാമുവൽ കാട്ടുകല്ലിൽ |
| ഭാരതീയ പാരമ്പര്യം ബഥനിയിൽ | എം.വി. തോമസ്സ് |
| Jagadadeesha | Dr. Ramachandran Nair |
| ഇനി ഞാനുറങ്ങട്ടെ (അഭിമുഖം) | ഫാ. ഇഗ്നേഷ്യസ് കടിയംകുന്നിൽ ഒ.ഐ.സി |
| സദാപുഞ്ചിരി തൂകുന്ന മാർ ഗ്രിഗോറിയോസ് | ഫാ. നൈനാൻ ഒ.ഐ.സി |
| ബഥനിയുടെ സിറിൽ മാർ ബസേലിയോസ് | ബ്ര. ജോസഫ് ജോർജ് ആടുകുഴിയിൽ ഒ.ഐ.സി |


## മിഷൻ രംഗം


| | |
|---|---|
| പൂവണിഞ്ഞ മിഷൻ സങ്കല്പം | ഫാ. മത്തായി കടവിൽ ഒ.ഐ.സി |
| ഭൂമിയുടെ അറ്റത്തോളം | ഫാ. ജയിംസ് മാമ്മൂട്ടിൽ ഒ.ഐ.സി |

www.malankaralibrary.com

ബഥനി സുവിശേഷ സംഘം — ഫാ. ഫിലിപ്പ് വൈശ്യനേത്ത് ഒ.ഐ.സി
ഉത്തിഷ്ഠത! ജാഗ്രത — ഫാ. ജോൺ പാലവിളയിൽ ഒ.ഐ.സി
ഭിലായ് മിഷൻ — ഫാ. സാമുവൽ കിടങ്ങിൽ ഒ.ഐ.സി
കൽക്കട്ട മിഷൻ ഒരു ഭ്രമണം പൂർത്തിയാക്കുന്നു — ഫാ. ജോസ് മരിയദാസ് ഒ.ഐ.സി
ഹൈറേഞ്ച് മിഷൻ — ഫാ. ക്രിസ്തുദാസ് ഒ.ഐ.സി
ബഥനി വിജാതീയ മിഷനിൽ — ഫാ. തോമസ് വടവന ഒ.ഐ.സി
ബഥനി നട്ടുവളർത്തിയ കാഞ്ഞിരംകുളം മിഷൻ — പി. പൗലോസ് കാഞ്ഞിരംകുളം

## സാമൂഹ്യ പ്രവർത്തനം

ബഥനി സാമൂഹ്യ സേവനരംഗങ്ങളിൽ — ഫാ. ജോർജ് തോമസ് ഒ.ഐ.സി
ആതുരരംഗത്ത് ബഥനി — ഫാ. ഫിലിപ്പ് നേരി, ഒ.ഐ.സി
തൃപ്പാദം — ബ്ര. ടോം, ആസ്ട്രേലിയ

## വിദ്യാഭ്യാസം

ബഥനിയും വിദ്യാഭ്യാസ പ്രവർത്തനങ്ങളും — ഫാ. സന്തോഷ് ഒ.ഐ.സി


## മാദ്ധ്യമം

ബഥനി സമ്പർക്ക മാദ്ധ്യമരംഗത്ത് — ഫാ. മത്തായി കടവിൽ ഒ.ഐ.സി
സമ്പർക്കമാദ്ധ്യമങ്ങൾ ഒരു വീക്ഷണം — ഫാ. ബോബൻ കൊച്ചുവിളയിൽ
ബഥനി — പീറ്റർ സി. ഏബ്രഹാം
About Bethany Vedavijnana Peeth — Fr. Berchmans, O.I.C
Cencept of Peace — Dr. Ninan Tharakan

## നിരീക്ഷണം

കോവാദിസ് — ഫാ. ഗബ്രിയേൽ ഒ.ഐ.സി
എഴുപത്തഞ്ചു തികയുന്ന ബഥനി — പ്രൊഫ. പി.സി. ദേവസ്യ
ബഥനിയുടെ പൊരുൾ — ഡോ. ജോർജ് ഓണക്കൂർ
ധീരസാക്ഷികളാകുവിൻ — വെരി. റവ. ഫാ. തോമസ്സ് കൊടിനാട്ടുംകുന്നേൽ
എഴുപത്തഞ്ചുവർഷം പിന്നിട്ട ബഥനി പ്രസ്ഥാനം — വറുഗീസ്സ് കരിപ്പായിൽ
ബഥനി സന്യാസസമൂഹം — ഡോ. ജി. ചേടിയത്ത്
ആർഷഭാരതത്തിനിണങ്ങിയ ബഥനി സന്യാസസമൂഹം — എൻ.ജി.ഫിലിപ്പ്, നാലാഞ്ചിറ
ശ്ലോമ്മോ ല് ബഥനി! — പി. വി. തോമസ്സ്, പൂന
മൺമറഞ്ഞ ബഥനി മക്കൾ — ഫാ. ജോൺ ഇലവിനാക്കുഴിയിൽ ഒ.ഐ.സി
ബഥനി ആശ്രമങ്ങളും സ്ഥാപനങ്ങളും — ഫാ. ക്രിസോസ്റ്റം കുളത്തിൻെറമേലേതിൽ ഒ.ഐ.സി

www.malankaralibrary.com



ബനഡിക്റ്റ് മാർ ഗ്രിഗോറിയോസ് ഒ.ഐ.സി

# ബഥനി ആശ്രമത്തിന്റെ ദൗത്യം

രക്ഷാചരിത്രത്തിൽ ദൈവമാണ് എപ്പോഴും ആരംഭം കുറിക്കുന്നത്. ഞാനാണ് നിങ്ങളെ തെരഞ്ഞെടുത്തത്. 'എന്റെ പിതാവ് എന്നെ അയച്ചതു പോലെ ഞാനും നിങ്ങളെ അയയ്ക്കുന്നു'. ദൈവസ്നേഹം നമ്മൾ പിതാവിനെ സ്നേഹിച്ചു വെന്നതിലല്ല, മറിച്ച്, ദൈവം നമ്മെ സ്നേഹിക്കുകയും നാമതിനോട് പ്രതികരി ക്കുകയും ചെയ്തു എന്നതിലാണ്. ഈ ദൈവ സ്നേഹം അനുഭവിക്കുകയും അതനുസരിച്ച് നന്ദി നിറഞ്ഞ ഹൃദയത്തോടെ ജീവിക്കുകയും ചെയ്ത ഒരു വ്യക്തി യായിരുന്നു അഭിവന്ദ്യ മാർ ഈവാനിയോസ് മെത്രാപ്പൊലീത്ത. ജനിച്ച നാൾ മുതൽ ദൈവാനുഗ്രഹം അഭിവന്ദ്യ പിതാവിനോടു കൂടി ഉണ്ടായിരുന്നു. വിശ്വാസ ത്തിൽ വളരാൻ സാധിക്കാത്ത സാഹചര്യങ്ങളെ ക്കുറിച്ചായിരുനു പിതാവ് ഏറെ വേദനിച്ചിട്ടുള്ളത്. 2000 വർഷമായി വിശ്വാസം സ്വീകരിച്ച മലങ്കരസഭ തോമ്മാശ്ലീഹായിൽ നിന്നും സ്വീകരിച്ച ദൗത്യം പൂർത്തിയാക്കാത്തതിൽ മനം നൊന്ത് വ്യസനിച്ച ഒരു പുണ്യാത്മാവായിരുന്നു ആ വന്ദ്യപിതാവ്. ഈ വ്യഥയിൽ ദൈവവുമായി നിരന്തരം സമ്പർക്കപ്പെട്ട തിന്റെ ഫലമായിട്ടാണ് ബഥനി സന്യാസി സമൂഹം രൂപപ്പെട്ടത്. സന്യാസസഭ സ്ഥാപിക്കാൻ വേണ്ടി ഇറങ്ങി പുറപ്പെട്ട വ്യക്തിയായിരുന്നില്ല അവിടുന്ന്. മറിച്ച് തീക്ഷ്ണമായ ദൈവാനുഭവത്തിൽ നിന്നുമാണ് അദ്ദേഹം സന്യാസത്തിലേക്ക് കടന്നു വന്നത്.

മലങ്കര സഭയ്ക്ക് മിഷൻ ചൈതന്യം പകരുവാൻ പിതാവ് വളരെ ആഗ്രഹിച്ചു. കൽക്കട്ടാ സെറാംപൂർ കോളേജിൽ പ്രൊഫസറായിരുന്നപ്പോൾ അർപ്പണ മനോഭാവമുള്ള ഒരു പറ്റം വിദ്യാർത്ഥികളെ കൂട്ടിക്കൊണ്ടു പോയതിന്റെ പിന്നിലെ ദർശനവും ഇതു തന്നെയായിരുന്നു. സുവിശേഷ വല്ക്കരണത്തിൽ വൈദികർക്കുള്ള സ്ഥാനം വ്യക്തമായി അറിഞ്ഞിരുന്ന പിതാവ് അവരെ ആത്മീയമായി രൂപീകരിക്കുന്നതിനും, അങ്ങനെ സഭയെ നവീകരിക്കുന്നതിനും വഴികളൊ രുക്കി. കഠിനമായ മിഷൻ പ്രവർത്തനം സ്വപ്നം കണ്ടിരുന്നതിനാലാണ് വിവാഹിതരായ വൈദികരെ ഒഴിവാക്കി സന്യാസ ജീവിതദർശനത്തിലേക്ക് പിതാവ് കടന്നുവന്നത്.

**സന്യാസത്തിന്റെ ഒരു പ്രവർത്തനമായി മിഷൻ പ്രവർത്തനത്തെ കാണുകയായിരുന്നില്ല പിതാവ് ചെയ്തത്. മറിച്ച് മിഷൻ പ്രവർത്തനത്തെ ശക്തിപ്പെടുത്തുന്ന ഒരു ഘടകമായിട്ടാണ് സന്യാസത്തെ പിതാവ് കണ്ടത്. സംഘടിത പ്രവർത്തനത്തിന് സന്യാസം അനിവാര്യമായി പിതാവ് കണ്ടു. ഇതനുസരിച്ചുള്ള പ്രവർത്തനങ്ങൾക്കാണ് ബഥനിയിലൂടെ പിതാവ് രൂപം നല്കിയത്. ഇൻഡ്യയുടെ മാനസാന്തരമാണ് ബഥനിയുടെ ദൗത്യം.**

www.malankaralibrary.com

ബഥനിയുടെ ഈ ദർശനം സ്ഥായിയായ ഒരാദ്ധ്യാത്മിക ചൈതന്യം സഭയിൽ ഉണ്ടാകുന്നതിനു കാരണമായി. യോക്കോബായ സഭയിൽ ഒരു പുതിയ ജീവന്റെ ഉദയമായി അതു മാറി. ബഥനിയുടെ ആരംഭത്തോടെ വിജാതിയരുടെ ഇടയിലേക്ക് കടന്നു ചെന്നു പ്രവർത്തിക്കുന്ന ഒരു മിഷൻ സംസ്കാരം സഭയിലുടലെടുത്തു.

എല്ലാവരേയും ഐക്യത്തിലേക്ക് കൊണ്ടുവരിക എന്ന ദൗത്യമായിരുന്നു അടുത്തതായി പിതാവിനുണ്ടായിരുന്നത്. ഇൻഡ്യയിൽ മിഷൻ വളരുന്നതിന് മലങ്കര സഭ ഒന്നാകയാണ് വേണ്ടതെന്ന് പിതാവ് മനസ്സിലാക്കിയപ്പോൾ അതിനുവേണ്ടിയുള്ള അദ്ധ്വാനവും ആരംഭിച്ചു. കത്തോലിക്കാസഭയിൽ ചേർന്നതിന്റെ കാരണമിതായിരുന്നു. സാർവ്വത്രിക സഭയുടെ കൂട്ടായ്മയിൽ അലിഞ്ഞു ചേർന്നുള്ള ജീവിതമാണ് നമ്മിലുണ്ടാകേണ്ടത്. കത്തോലിക്കാ സഭയുടെ വലിയ ചക്രവാളം നാം തേടി പിടിക്കണം. സഭയുടെ മുഖ്യ ധാരയോട് ചേർന്നു നിന്നു പ്രവർത്തിക്കാൻ നമുക്ക് കഴിയണം.


യേശുവിലേക്ക് തിരിഞ്ഞ് ശക്തി സംഭരിച്ച് നാം പ്രവർത്തിക്കണം. നമ്മുടെ ആദ്യ അംഗങ്ങളുടെ മിഷൻ പ്രവർത്തനം നാമിന്ന് തുടരണം. ഒരു വിധത്തിൽ മലങ്കര സഭയെന്നത്, സന്യാസസഭയാണ്. മലങ്കര സഭയെ മുന്നോട്ടു കൊണ്ടു പോകയെന്ന ദൗത്യം ആരിലൂടെ തുടങ്ങിയോ അവരത് തുടരുക തന്നെ വേണം.

മനുഷ്യന്റെ പുരോഗതിക്കുവേണ്ടിയുള്ള എല്ലാ പ്രവർത്തനങ്ങളും സുവിശേഷ വല്ക്കരണത്തിന്റെ ഭാഗമായിരിക്കണം. ഭാരതത്തിൽ നാല്പതു ശതമാനം ആളുകൾ ദാരുണമായ ദാരിദ്ര്യത്തിലാണ് ജീവിക്കുന്നത്. നാല്പതു കോടിയോളം ആളുകൾ എല്ലാ ദിവസവും പട്ടിണിയായിട്ട് ഉറങ്ങാൻ പോകുന്നു. ഇത് പാപത്തിന്റെ അടുത്ത സാഹചര്യം കൂടിയാണ്. അങ്ങനെയെങ്കിൽ അതിൽ നിന്ന് അവരെ ഉയർത്തുകയെന്നത് സഭയുടെ മതപരമായ ചുമതലയാണ്. അതിനു സഹായിക്കാതെയുള്ള ഗിരി പ്രഭാഷണങ്ങളും ഉപദേശങ്ങളും വെറും പൊള്ളയാണ്. ഇത് നമ്മുടെ മനസ്സിലുണ്ടായിരിക്കണം. "ദാരിദ്ര്യമോ, സമൃദ്ധിയോ, എനിക്ക് തരരുതേ, ആവശ്യത്തിന് ആഹാരം തന്ന് എന്നെ പോറ്റണമെ" (സദൃശ വാക്യങ്ങൾ 30/8) എന്നതായിരിക്കണം നമ്മുടെ പ്രാർത്ഥന.

പട്ടിണി കിടക്കുന്നവന്റെ മുമ്പിൽ ദൈവം പ്രത്യക്ഷപ്പെടുന്നത് അപ്പത്തിന്റെ രൂപത്തിലാണെന്നാണ് ഗാന്ധിജിയും വിവേകാനന്ദ സ്വാമിയുമൊക്കെ പറഞ്ഞിരിക്കുന്നത്. കർത്താവ് വളരെ മനോഹരമായി ജീവിതത്തിലൂടെ ഇത് കാണിച്ചു തരികയും ചെയ്തിട്ടുണ്ട്. തന്നെ അനുഗമിച്ചവർക്ക് വയറുനിറയെ അപ്പം കൊടുത്തിട്ട് പിറ്റേ ദിവസമാണ് സ്വർഗ്ഗത്തിലെ അപ്പത്തെക്കുറിച്ച് പറഞ്ഞത്. ശരീരത്തിന്റെ ആവശ്യങ്ങളെല്ലാം ദൈവകല്പിതങ്ങളാണ്. അതു നിറവേറ്റുകയെന്നത് മനുഷ്യന്റെ ദൈവികവും ആദ്ധ്യാത്മികവും മതപരവുമായ കടമയാണ്.

മാർ ഈവാനിയോസ് പിതാവിന്റെ ജീവിതത്തിലും ഇതു തന്നെ നമുക്ക് കാണാൻ സാധിക്കും. മുണ്ടൻ മലയിൽ ആശ്രമം ആരംഭിച്ച നാൾ മുതൽ അനാഥർക്കും അശരണർക്കും അഭയമരുളാൻ ആ വന്ദ്യ പിതാവ് തയ്യാറായി. ഒരു നല്ല ആദ്ധ്യാത്മികോപദേഷ്ടാവും, സാമൂഹിക പരിഷ്കർത്താവുമൊക്കെയായി അറിയപ്പെടുന്നതിന് ഇത് ഇടയാക്കി. ബഥനി ആശ്രമസ്ഥരിൽ നിന്നും പ്രതീക്ഷിക്കപ്പെടുന്നതും ഇതു തന്നെയാണ്. പ്രാർത്ഥനയിൽ യേശുവിനോടു ചേർന്നു നില്ക്കുകയും പ്രവർത്തനത്തിൽ സഹോദരനോടു ചേർന്നു നില്ക്കുകയും ചെയ്യാൻ നമുക്കു കഴിയണം.

www.malankaralibrary.com



സിറിൽ മാർ ബസേലിയോസ് ഒ.ഐ.സി.

# മലങ്കര സഭയിൽ ബഥനിയുടെ സ്ഥാനവും ദൗത്യവും:

ബഥനിയുടെ പ്ലാറ്റിനം ജൂബിലി വർഷമാണല്ലോ 1994. 1919-ൽ ആരംഭിച്ച ഒരു സന്യാസ സമൂഹത്തിൻെറ എഴുപത്തിയഞ്ചു വർഷത്തെ ചരിത്രത്തെ വിലയിരുത്തുവാനുള്ള അവസരം. സഭാ നവീകരണത്തിനും, വേദ പ്രചാരണത്തിനും ലക്ഷ്യമിട്ടു തുടക്കം കുറിച്ച സന്യാസസമൂഹമാണ് ബഥനി. ആർഷ സംസ്കാരത്തിൻെറ ആദരണീയ മൂല്യങ്ങളെ പുണർന്ന ആദ്യത്തെ ക്രൈസ്തവ സന്യാസി സമൂഹമാണ് ബഥനി. തപസ്സും പ്രായശ്ചിത്തവും, ഏകാന്തതയും, ലാളിത്യവും കർമ്മോത്സുകതയും, ബഥനി സ്വന്തം അടയാളങ്ങളായി സ്വീകരിച്ചു. കാവി വസ്ത്രവും സസ്യാഹാരവും ജീവിതസവിശേഷതകളായി. ബഥനിയുടെ ബാഹ്യ സംവിധാനങ്ങൾക്ക് വലിയ പ്രാധാന്യമുണ്ട്. സ്ഥാപനത്തിൻെറ ലക്ഷ്യവും ഉദ്ദേശ്യവും സാർത്ഥമാകുന്ന തലങ്ങൾ മാത്രമാണ് ബാഹ്യമായവ. മലങ്കരയിലും ആകമാന ഭാരതസഭയിലും ബഥനിയുടെ ദൗത്യം എന്തെന്ന് പരിശോധിക്കാം. രണ്ടാം വത്തിക്കാൻ സൂനഹദോസിൻെറ സഭയെ പറ്റിയുള്ള കാഴ്ചപ്പാടുകൾ പ്രത്യേകമായ വിധത്തിൽ ഇന്ന് ശ്രദ്ധിക്കപ്പെട്ടിട്ടുണ്ട്. അതു പോലെതന്നെ സഭയിൽ സന്യാസികൾ ആരായിരിക്കണമെന്നും, എന്തായിരിക്കണം അവരുടെ പ്രത്യേകമായ ചുമതലയും കർത്തവ്യവുമെന്നും വളരെ വിദഗ്ദ്ധമായി, വിശദമായി, പ്രമാണ രേഖകളിൽ പ്രതിപാദിച്ചിട്ടുണ്ട്. സഭ കർത്താവായ യേശുക്രിസ്തുവിൻെറ രഹസ്യം തുടരുകയാണ് എന്ന് സൂനഹദോസ് വളരെ പുതുമയോടു കൂടി തന്നെ അവതരിപ്പിക്കുന്നു. സന്യാസികൾ സഭയിൽ ആര് എന്നുള്ള സത്യം അവരെ അനുസ്മരിപ്പിച്ചു കൊണ്ട് അവരുടെ വിളിയും, ആ വിളിയുടെ അടിസ്ഥാനവും, ലക്ഷ്യവും, സ്വഭാവവും, പ്രകൃതിയും, പ്രസക്തിയുമെല്ലാം സൂനഹദോസിൻെറ പ്രബന്ധങ്ങളിൽ വിശദീകരിച്ചിട്ടുണ്ട്. 'സഭ കർത്താവായ യേശുക്രിസ്തുവിൻെറ രഹസ്യമാണ്' എന്ന് കൗൺസിൽ ചൂണ്ടിക്കാണിക്കുന്നതോടൊപ്പം തന്നെ ആ ക്രിസ്തു രഹസ്യം എങ്ങനെയാണ് ദൈവ ജനത്തിൻെറ ജീവിതാഭിമുഖ്യങ്ങളിൽ പ്രായോഗിക കാര്യക്ഷമത കൈവരുത്തുന്നത് എന്നും കൗൺസിൽ വളരെ വ്യക്തമായി, വിശദമായി ചൂണ്ടിക്കാണിച്ചിട്ടുണ്ട്.

സഭയുടെ ദൗത്യ നിർവഹണത്തിന് യേശുക്രിസ്തു ഒരു പദ്ധതി തെരഞ്ഞെടുത്തിട്ടുണ്ട്. യേശു തൻെറ ദൗത്യം തുടരുന്നതിന് സഭയെ സ്ഥാപിച്ചു. സഭയെ തിരഞ്ഞെടുത്തു, സഭയെ ശക്തിയുള്ളവളാക്കി, ധന്യയാക്കി അലങ്കരിച്ചു. ദൈവജനത്തിൻെറ ഏറ്റം അടിസ്ഥാനപരമായ കേന്ദ്രമായി അവിടുന്നു തിരഞ്ഞെടുത്തത് ശ്ലീഹന്മാരെയാണ്; അപ്പസ്തോലന്മാരെയാണ്. ഈ അപ്പസ്തോലിക വൃന്ദം ആണ് സഭയുടെ അടിസ്ഥാനമായി നിലകൊള്ളേണ്ടത് എന്ന്

www.malankaralibrary.com

അവിടുന്നു നിശ്ചയിച്ചു. ഈ അപ്പസ്തോലിക ശ്ലീഹമാരോടുകൂടി ക്രിസ്തു ശിഷ്യന്മാർ ചേർക്കപ്പെട്ടു. ഇപ്രകാരം 72 ശിഷ്യന്മാരെ അവിടുന്ന് തിരഞ്ഞെടുത്ത തായി സുവിശേഷകർ സാക്ഷ്യപ്പെടുത്തുന്നുണ്ട്. അങ്ങനെ അപ്പസ്തോലികവൃന്ദം കുറേക്കൂടി വ്യാപക മാക്കി ശിഷ്യവൃന്ദം ആയി രൂപീകരിച്ചു. ആ ക്രിസ്തു ശിഷ്യ വൃന്ദത്തോടു ചേർക്കപ്പെട്ട ജനസമൂഹങ്ങൾ ആണ് അപ്പസ്തോലിക സമൂഹങ്ങൾ ആയി, അപ്പസ്തോലിക സഭകളുടെ മുന്നോടികളായി ചെറിയ ചെറിയ സമൂഹങ്ങൾ ആയി നിലകൊണ്ടത്.

സഭയുടെ കാതലും കേന്ദ്രവും ഈ ക്രിസ്തുശിഷ്യ സമൂഹങ്ങളാണ്. ഇവർക്ക് കർത്താവായ യേശു ക്രിസ്തു ഒരു ജീവിതശൈലി രൂപീകരിച്ചു കൊടുത്തു. പ്രസംഗിക്കുന്നതിനായി ഒരു സന്ദേശം നൽകി. ആ സന്ദേശത്തിൻെറ പൊരുൾ അവരുടെ ജീവിതത്തിൽ അന്വർത്ഥമാക്കണമെന്ന് അവിടുന്ന് പഠിപ്പിച്ചു. അങ്ങനെ ക്രിസ്തുസന്ദേശം ഉൾക്കൊണ്ട് അതു പ്രസംഗിക്കുന്നതിന് അയക്കപ്പെട്ട അപ്പസ്തോലിക വൃന്ദവും അതേറ്റു വാങ്ങി. എവിടേയും, ഏവർക്കും പങ്കിടുന്നതിനുള്ള ക്രിസ്തുശിഷ്യ സമൂഹവും രൂപീകൃതമായി. ക്രിസ്തു സഭയുടെ ആദ്യ കേന്ദ്രങ്ങൾ ഇപ്രകാരം രൂപീകരിക്കപ്പെട്ടപ്പോൾ ആ കേന്ദ്രങ്ങൾക്ക് ചരിത്രപരമായ ഒരു പങ്കു ലഭിച്ചു. യേശുവിൻെറ സന്ദേശം ഉൾക്കൊള്ളുന്നതിന്, പ്രസംഗിക്കുന്നതിന്, വ്യാഖ്യാനിക്കുന്നതിന്, യേശുവിൻെറ സന്ദേശം കൂടുതൽ പുഷ്ടിപ്പെടുത്തുന്നതിന്, യേശുവിനോടുകൂടി ജീവിച്ച് ശിക്ഷണം പ്രാപിച്ച ശിഷ്യ സമൂഹത്തിന് പ്രത്യേക കടമയുണ്ട്. ഇത് അവരുടെ ദൗത്യമാണ്. പ്രത്യേകമായി അവർക്കുമാത്രം ചരിത്രപരമായി ലഭിച്ച പദവിയാണത്. ക്രിസ്തുശിഷ്യ സമൂഹത്തോട് ചേർക്കപ്പെട്ടവരായ എല്ലാവർക്കും ക്രിസ്തുവിൻെറ സന്ദേശം ലഭിക്കുകയും അതു പ്രസംഗിക്കുന്നതിനുള്ള ദൗത്യം ലഭിക്കുകയും ചെയ്തു. എങ്കിലും അത് യേശുവിൽ നിന്ന് നേരിട്ടു സ്വീകരിക്കുന്നതിനും വ്യാഖ്യാനിക്കുന്നതിനുമുള്ള ചരിത്രപരമായ പങ്ക് ആദ്യം അപ്പസ്തോലിക വൃന്ദത്തിനും, ശിഷ്യസമൂഹത്തിനും മാത്രമാണ് ലഭിച്ചത്. ഏതെങ്കിലും തരത്തിൽ ആ പദവി പിൻതുടരുന്നു എങ്കിൽ അത് അപ്പസ്തോലിക വൃന്ദത്തിൻെറ തുടർച്ചയായ മേലദ്ധ്യക്ഷന്മാരി ലൂടെയാണ്. എങ്കിലും ചരിത്രപരമായ പ്രത്യേക പദവി മേലദ്ധ്യക്ഷന്മാർക്ക് ലഭിച്ചിട്ടില്ല. അതുകൊണ്ടു തന്നെയാണ് അപ്പസ്തോലന്മാരുടെ കാലത്തിനുശേഷം യേശുവിൻെറ സന്ദേശത്തോട് എന്തെങ്കിലും കൂട്ടിച്ചേർക്കപ്പെടുന്നതിന് ആർക്കും അവകാശമില്ല എന്ന് സഭ വിവക്ഷിക്കുന്നത്. ഇപ്രകാരം ക്രിസ്തു ശിഷ്യന്മാർ, യേശുവിൻെറ അപ്പസ്തോലന്മാർ, ക്രിസ്തു സന്ദേശം ഉൾക്കൊള്ളുന്നതിനും, പ്രസംഗിക്കുന്നതിനും വ്യാഖ്യാനിക്കുന്നതിനുമുള്ള പ്രത്യേകമായ പദവി, ദൗത്യം സാർവ്വത്രിക സഭയിൽ സ്വീകരിച്ചു.

മലങ്കര സഭ സാർവ്വത്രിക സഭയിലെ സഭയുടെ യാഥാർത്ഥ്യം ആവിഷ്കരിക്കുന്ന ഒരു പ്രാദേശിക സഭയാണ്. മലങ്കരസഭയിൽ സന്യാസ സമൂഹങ്ങൾ ഉണ്ടെങ്കിൽ, സന്യാസ ദൗത്യം എന്ന ആ പ്രത്യേകമായ പങ്ക് നിർവ്വഹിക്കുന്നതോടൊപ്പം, ചരിത്രപരമായി മലങ്കര സഭയോടുള്ള പങ്ക് എന്താണെന്നു കണ്ടു പിടിക്കേണ്ടതുണ്ട്. ബഥനി സന്യാസി സമൂഹത്തിന് മലങ്കര സഭയിൽ ഒരു പ്രത്യേകമായ സ്ഥാനവും, പങ്കും ഉണ്ടെന്നുള്ളതാണ് എൻെറ അഭിമതം. കർത്താവായ യേശുക്രിസ്തു അപ്പസ്തോലിക വൃന്ദത്തെ എങ്ങനെ തൻെറ ശിഷ്യ ഗണത്തിൽ, സഭയുടെ യാഥാർത്ഥ്യം അന്വർത്ഥ മാക്കുന്നതിനും, തൻെറ സന്ദേശം വ്യാഖ്യാനിക്കു ന്നതിനും, തൻെറ ദൗത്യം നിർവഹിക്കുന്നതിനും പ്രത്യേകമായ പങ്കും, ദൗത്യവും ചുമതലയും നല്കി തിരഞ്ഞെടുത്തുവോ ഏതാണ്ട് അതുപോലെ ഒരു ദൗത്യം മലങ്കര കത്തോലിക്കാ സഭയും, രൂപവും ഭാവവും ഒരു പ്രത്യേക കാലഘട്ടത്തിൽ സ്വീകരിച്ച പ്പോൾ ബഥനി സന്യാസി സമൂഹവും സ്വീകരിച്ചിട്ടുണ്ട്. മാർ ഈവാനിയോസ് തിരുമേനി, സാർവ്വത്രിക സഭയുടെ കൂട്ടായ്മയിലേക്ക് മലങ്കര സഭയെ ആനയിച്ചു എങ്കിൽ, മലങ്കര കത്തോലിക്കാ സഭയ്ക്ക് കാനോനികമായ ഒരു അസ്ഥിത്വം സഭയിൽ ഉറപ്പിച്ചു എങ്കിൽ അതിന് അടിസ്ഥാനമായി നിലകൊണ്ട ആ ഘടകങ്ങൾക്ക് ആ സഭയോട് അടിസ്ഥാനപരമായ ബന്ധം ഉണ്ട്. യേശു ക്രിസ്തുവിൻെറ സന്ദേശം അപ്പസ്തോലിക വൃന്ദം പ്രസംഗിക്കുകയും വ്യാഖ്യാനിക്കുകയും ചെയ്യുന്നതിന് ഒരു പ്രത്യേക ദൗത്യം സ്വീകരിച്ചു എന്നു നാം കണ്ടു. ക്രൈസ്തവ

www.malankaralibrary.com

ജീവിതത്തിന്റെ ശൈലിയും, ജീവിത നിയമങ്ങളും എന്താണെന്ന് മനസ്സിലാക്കിക്കൊടുക്കുന്നതിന് അന്നത്തെ അപ്പസ്തോലിക സമൂഹങ്ങൾക്ക് കഴിവുണ്ടായിരുന്നു. ക്രൈസ്തവ ജീവിതത്തിന് പുതിയ ഭാഷ്യങ്ങൾ നല്കുന്നതിന് അവർക്ക് ശക്തിയുണ്ടായിരുന്നു. ക്രിസ്തീയമായ ജീവിത നിയമങ്ങൾ ചൂണ്ടിക്കാണിക്കുന്നതിന്, ആ നിയമത്തിന്റെ അടിസ്ഥാനങ്ങൾ എന്താണെന്ന് വ്യാഖ്യാനിക്കുന്നതിന് അവർക്ക് കഴിവുണ്ടായിരുന്നു, നിയോഗം ഉണ്ടായിരുന്നു, ക്രിസ്തു തന്നെ കല്പിച്ചരുളിയ അധികാരം ഉണ്ടായിരുന്നു. അതു കൊണ്ട് അതിന് ആധികാരികതയും ഉണ്ടായിരുന്നു.

ക്രൈസ്തവ ജീവിതത്തിന് നിയമങ്ങൾ സൃഷ്ടിക്കുക മാത്രം ആയിരുന്നില്ല, ക്രൈസ്തവ ജീവിതത്തിൽ അനുഷ്ഠിക്കേണ്ട ജീവിത നിയമങ്ങൾ കൂടെക്കൂടെ അനുസ്മരിപ്പിക്കുക മാത്രമായിരുന്നില്ല ആ ക്രിസ്തു സമൂഹങ്ങൾക്ക് ഉണ്ടായിരുന്ന കർത്തവ്യം. നേരേമറിച്ച് അവർ ആയിരുന്നു, ആ ക്രൈസ്തവ സമൂഹങ്ങൾ ആയിരുന്നു നിയമം. പില്ക്കാലത്തുണ്ടായ ക്രൈസ്തവ സമൂഹങ്ങൾക്ക് നിയമമായി നിലകൊണ്ടത് ഈ ആദ്യത്തെ സമൂഹങ്ങൾ ആയിരുന്നു. അവർ പറഞ്ഞു കൊടുത്ത നിയമങ്ങൾ അല്ല; അവർ എഴുതിക്കൊടുത്ത അനുഷ്ഠാനങ്ങൾ അല്ല; അവർ വ്യാഖ്യാനിച്ച സന്ദേശങ്ങൾ മാത്രം ആയിരുന്നില്ല; നേരേ മറിച്ച് അവർ തന്നെയായിരുന്നു, യേശുവിന്റെ ആദ്യ സമൂഹമായിരുന്നു നിയമം. അപ്പസ്തോലികസമൂഹത്തിന് എന്തെങ്കിലും ഒരു പ്രത്യേക പങ്കും പദവിയും അവർക്കു മാത്രമായി സഭയിൽ നല്കപ്പെട്ടിരുന്നുവെങ്കിൽ അത് ഇതായിരുന്നു.

മലങ്കര കത്തോലിക്കാ സഭ അതിന്റെ ഭാവവും രൂപവും കൈക്കൊണ്ടപ്പോൾ, മലങ്കരകത്തോലിക്കാ സഭയ്ക്ക് ക്രൈസ്തവ ചൈതന്യം ഉൾക്കൊള്ളുന്ന ഒരു ജീവിത ശൈലി പകർന്നു കൊടുക്കുന്ന ഏതാനും നിയമങ്ങൾ ചൂണ്ടിക്കാണിക്കുന്നതിനുള്ള ഒരു ചെറിയ സമൂഹം ആയിരുന്നില്ല ബഥനി സമൂഹം. സഭയിൽ അനുഷ്ഠിക്കേണ്ട നിയമങ്ങൾ പറഞ്ഞു കൊടുക്കുക, പാരമ്പര്യങ്ങളും ആചാരങ്ങളും വ്യാഖ്യാനിച്ച് അതു മനസ്സിലാക്കിക്കൊടുക്കുക; യേശുവിന്റെ ദൗത്യം പ്രസംഗിക്കുക എന്നിവയെല്ലാം ഈ സന്യാസി സമൂഹം ചെയ്തിരുന്നു. എങ്കിലും ഒരു പ്രത്യേക പദവി അവർ കയ്യേല്ക്കേണ്ടതായിവന്നു. മലങ്കര കത്തോലിക്കാ സഭ പുതുതായി രൂപം കൊണ്ടപ്പോൾ ഒരു പുതു ചൈതന്യത്തോടുകൂടി ക്രൈസ്തവ ജീവിതത്തിന് പുതിയ ഭാഷ്യം നല്കുന്നതിന് കഴിവുറ്റവരായി. സാർവ്വത്രിക കൂട്ടായ്മയിൽ കടന്നു വന്നപ്പോൾ ക്രൈസ്തവ ജീവിത ശൈലി എന്താണെന്ന് ജീവിച്ചു കാണിക്കുന്ന ഒരു സമൂഹം ആയിരുന്നു ബഥനി സമൂഹം. മറ്റൊരു വിധത്തിൽ പറഞ്ഞാൽ മലങ്കര സഭയുടെ ജീവിത നിയമം ഈ സന്യാസ സമൂഹം ആയിരുന്നു. മലങ്കര കത്തോലിക്കാ സഭയുടെ ക്രൈസ്തവ ജീവിത ഭാഷ്യത്തിന്റെ സംക്ഷിപ്തമായ, ആധികാരികമായ, മിഴിവുറ്റ, അടിസ്ഥാനമുൾക്കൊണ്ട ഒരു ജീവിത ശൈലി. നിയമമായി ജീവിക്കുന്നതിന്, ജീവിതമായി നിയമമാക്കുന്നതിന്, തിരഞ്ഞെടുക്കപ്പെട്ട ഒരു സമൂഹമാണ് ബഥനി സന്യാസി സമൂഹം.

മലങ്കര കത്തോലിക്കാസഭയുടെ ആദ്യത്തെ വിശ്വാസികൾ, സന്യാസിമാർ ആയിരുന്നു. അത്രമാത്രം ക്രൈസ്തവ ജീവിതത്തിന്റെ മിഴിവുറ്റ പ്രകാശനം നല്കുന്നതിന് തിരഞ്ഞെടുക്കപ്പെട്ട ഒരു സമൂഹം ആയിരുന്നു ബഥനി. അത്രമാത്രം ഉയർന്ന ഒരു ജീവിത നിലവാരം ആയിരുന്നു മലങ്കര കത്തോലിക്കാ സഭയുടേത്; സന്യാസത്തോളം ഉയർന്ന ക്രൈസ്തവ ജീവിതം; അതാണോ ഇന്നു മലങ്കര സഭയിൽ നാം കാഴ്ചവയ്ക്കുന്നത്. അതിന്റെ തുടക്കം അതായിരുന്നു. ചരിത്രം പരിശോധിച്ചു നോക്കുക. ഏതാണ്ടൊക്കെ പ്രവർത്തിച്ചു എന്നുള്ളതല്ല, ഏതാണ്ടൊക്കെ നേടി എന്നുള്ളതല്ല, ബഥനി സമൂഹം മലങ്കര സഭയ്ക്ക് പ്രദാനം ചെയ്യേണ്ടിയിരുന്നത്.

മലങ്കര സഭയിലെ ദൈവജനം ബഥനിയുടെ പിൻതുടർച്ചക്കാരാണ്. അവരുടെ ഭവനങ്ങളിലേക്ക്, അവരുടെ കുടുംബങ്ങളിലേക്ക് നാം കടന്നു ചെല്ലുന്നു എങ്കിൽ സന്യാസത്തിൽ കുറഞ്ഞ ഒന്നിനും അവിടെ സ്ഥാനം ഇല്ല. ഇന്നത്തെ ബഥനി സന്യാസികളും ചിന്തിക്കേണ്ട കാര്യമാണിത്. നമ്മൾ അത് ചെയ്തു, ഇതു ചെയ്തു എന്ന് സാധാരണ പറയും. എന്നാൽ ക്രൈസ്തവ ജീവിതത്തിന് നിയമമായി

www.malankaralibrary.com

കടന്നുവരുന്നതിന്, ക്രൈസ്തവ ജീവിതത്തിൻെറ മാനദണ്ഡമായി മുൻപോട്ടു കടന്നുവന്ന് തങ്ങളെ തന്നെ പ്രകാശിപ്പിക്കുന്നതിന്, ഇന്നത്തെ ബഥനി സമൂഹത്തിനു സാധിക്കുന്നില്ല എങ്കിൽ നാം നമ്മുടെ ദൗത്യം നിറവേറ്റുകയില്ല. നമ്മൾ മലങ്കര സഭയുടെ ജീവിതാനുഷ്ഠാനങ്ങൾ പറഞ്ഞു കൊടുക്കുന്നതിന് നമ്മുടെ കുടുംബങ്ങളിലേക്ക് കടന്നു ചെല്ലേണ്ട. കാരണം നമ്മെക്കാൾ മെച്ചമായി അതവർക്കറിയാം എന്നാണ് എൻെറ വിശ്വാസം. നമ്മുടെ ജനതതിയാണ് ഇന്ന് മലങ്കര സഭയുടെ ചൈതന്യം. ഇന്ന് മലങ്കര സഭയിലെ സന്യാസികൾ നമ്മുടെ ജന മദ്ധ്യത്തിലേക്ക് കടന്നു വരുന്നു എങ്കിൽ അവരായിരിക്കണം ക്രൈസ്തവ സമൂഹത്തിൻെറ നിയമം; ക്രൈസ്തവ ജീവിതത്തിൻെറ മാനദണ്ഡം. എങ്കിൽ മാത്രമേഇന്നു നമ്മുടെ ദൗത്യം നിറവേറ്റാൻ സാധിക്കുകയുള്ളു.

ജനങ്ങളുടെ കണ്ണുകൾ ഇനിയും മങ്ങിപ്പോയിട്ടില്ല. നമ്മുടെ ജനങ്ങളുടെ ഹൃദയത്തിൻെറ ചൈതന്യം ഇനിയും മങ്ങിപ്പോയിട്ടില്ല. ആ ജനങ്ങൾ സന്യാസത്തിൻേറതായ ചൈതന്യം ഉൾക്കൊണ്ടു കൊണ്ടു തന്നെ, ആർഷ ഭാരതത്തിൻേറതായ സംസ്കാര ചൈതന്യം ഉൾക്കൊണ്ടുകൊണ്ടു തന്നെ ക്രൈസ്തവ ജീവിതം നയിക്കുവാൻ ആഗ്രഹിക്കുന്ന വരാണ്. അങ്ങനെയുള്ള ഒരു ജനതതിയ്ക്ക് സന്യാസികളായ നാം പ്രസക്തരായിരിക്കണം. ഇതാണ് ഇന്നു ബഥനി സമൂഹം മലങ്കരസഭയിൽ നേരിടുന്ന വെല്ലുവിളി. ഇവിടെ ഊഹാപോഹങ്ങൾക്ക് സ്ഥാനം ഇല്ല, തർക്കത്തിന് സ്ഥാനം ഇല്ല, വാഗ്വാദങ്ങൾക്ക് സ്ഥാനം ഇല്ല. ദൈവതിരുസന്നിധിയിൽ തങ്ങളെ തന്നെ പൂർണ്ണമായി സമർപ്പിക്കുന്നതിനുള്ള വിളി സ്വീകരിക്കുക എന്നത് ജീവതത്തിൻെറ ലക്ഷ്യം ആണെന്നും, അതിനായി സകലവും, നിഷേധിക്കുക പരമാനന്ദമാണെന്നും കരുതുന്ന, വിശ്വസിക്കുന്ന, ഒരു സന്യാസി സമൂഹത്തിനു മാത്രമേ ഇന്നു മലങ്കര സഭയിൽ സ്ഥാനമുള്ളു.

ഈ വെല്ലുവിളികൾ നേരിടുന്നതിനുള്ള അടിത്തറകൾ നമുക്കുണ്ട്. പക്ഷേ ഈ അടിത്തറകളിൽ നാം പണിതുയർത്തുന്ന സൗധങ്ങൾ, ഒരു പക്ഷേ ആ അടിസ്ഥാന ചൈതന്യത്തിൻെറ ശക്തി ആർജ്ജിച്ചു കൊണ്ടല്ല. ഇവിടെയാണ് നമുക്ക് പാളിച്ചകൾ വരുന്നത്. ഇവിടെയാണ് ആത്മ പരിശോധനയുടെ ആവശ്യം.

സാർവ്വത്രിക സഭയിൽ ക്രിസ്തു ശിഷ്യന്മാർക്ക് യേശു ക്രിസ്തുവിൻെറ ആദിമ അപ്പസ്തോലിക സമൂഹത്തിന് ഒരു സന്ദേശം ഉണ്ടായിരുന്നു. ക്രൈസ്തവ ജീവിതത്തിൻെറ ഭാഷ്യമായി, മാനദണ്ഡമായി, ആധികാരികമായി കടന്നു ചെല്ലാൻ അവർക്ക് അവകാശം ഉണ്ടായിരുന്നു. മലങ്കര സഭാജീവിതത്തിൻെറ ക്രൈസ്തവ മാനദണ്ഡമായി, അടിസ്ഥാനമായി, ജീവിതനിയമമായി ആധികാരികമായി കടന്നു വരുന്നതിന് ബഥനിക്ക് സാധിക്കണം. മാർ ഈവാനിയോസ് തിരുമേനിയുടെ സന്യാസ ദർശനവും, ലക്ഷ്യവും ഇതായിരുന്നു. അദ്ദേഹം എല്ലാം വിറ്റ്, എല്ലാം ഉപേക്ഷിച്ച് ഏറ്റുവാങ്ങിയ ആ വലിയ നിധിയും ഇതായിരുന്നു. അതിനു പിൻതുടർച്ചക്കാരായി അവകാശികളായി നമ്മെത്തന്നെ നാം വിശേഷിപ്പിക്കുന്നുവെങ്കിൽ നമ്മുടെ പാത മറ്റൊന്നല്ല. ഈ പാതയിൽ, വ്യക്തികളായി, സമൂഹങ്ങളായി മുന്നേറുന്നതിനുള്ള ആഹ്വാനം നാം സ്വീകരിക്കണം.

ഈ ആഹ്വാന സ്വീകരണമാണ് ബഥനി സന്യാസ സമൂഹത്തിൻെറ പ്ലാറ്റിനം ജൂബിലി ആചരണത്തിൽ അനുഗ്രഹ പ്രദവും പ്രസക്തവുമായിട്ടുളളത്. ബഥനി സന്യാസ സമൂഹ സ്ഥാപകനായ മാർ ഈവാനിയോസ് പിതാവ് അതിനുള്ള പ്രേരണയും പ്രചോദനവും തൻെറ മാദ്ധ്യസ്ഥം വഴിയായി നമുക്കു നൽകും എന്നതിൽ സംശയമില്ല.

www.malankaralibrary.com



ഗീവറുഗീസ് മാർ തിമോത്തിയോസ് മെത്താപ്പോലീത്ത

# ക്രിസ്താനുകരണ സന്ന്യാസസമൂഹവും ആരാധനക്രമോന്മുഖമായ ജീവിതവും

ക്രിസ്താനുകരണ സന്ന്യാസ സഭയുടെ സ്ഥാപകനായ ആബോ ഗിവർഗീസ് (പിന്നീട് ബഥനി മെത്രാപ്പൊലീത്ത ആയ മാർ ഈവാനിയോസ്) സന്ന്യാസ സഭ സ്ഥാപിച്ചത് അന്നത്തെ ഓർത്ത ഡോക്സ് സിറിയൻ സഭയുടെ (യാക്കോബായ സഭയുടെ) ആദ്ധ്യാത്മിക ശക്തി വീണ്ടെടുക്കുന്നതിനും സഭോന്മുഖമായ ചലനാത്മകതയോടുകൂടി പ്രവർത്തി ക്കുന്നതിനുമായിരുന്നു. ആരാധനയെ കേവലം ആചാരങ്ങളായി തരം താഴ്ത്തുകയും സഭയെ കേവലം സാമൂഹ്യസംഘടനയായി തരം താഴ്ത്തുകയും ചെയ്തിട്ട് മാന്യതയും കലഹവും സഭയുടെ ജീവിത ശൈലിയായി ത്തീരുകയും ചെയ്യുന്ന അധഃപതനത്തിൽ നിന്ന് സഭയെ വീണ്ടെടുത്ത് ഒരു വ്യക്തിഗത സഭയായി ശക്തിപ്പെടുത്തുകയായിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം. ആ ലക്ഷ്യം സാധിക്കുന്നതിനു വേണ്ടിയാണ് 'ബഥനി' പ്രസ്ഥാനം എന്നറിയപ്പെട്ട ക്രിസ്താനുകരണ സന്ന്യാസ സമൂഹത്തെ അദ്ദേഹം വളരെ ബുദ്ധിമുട്ടുകൾ സഹിച്ചു സ്ഥാപിച്ചത്. ഛിദ്ര പ്രവണതകളിൽ നിന്നും വിമുക്തി പ്രാപിക്കുക, അന്നത്തെ യാക്കോബായ സഭയിൽ സാദ്ധ്യമല്ലെന്ന് അദ്ദേഹത്തിനു മനസ്സിലായി. അതിന്റെ ഫലമായിട്ടാണ് സഭയെപ്പറ്റി അന്നു ചിന്തിക്കാൻ തുടങ്ങിയത്; കത്തോലിക്കാ സഭയുമായി ഐക്യപ്പെടുവാൻ തയ്യാറായത്.

യാക്കോബായ സഭയിൽ വച്ചു തന്നെ ഭാരതീയ സംസ്കാരത്തിലെ ശരിയായ മൂല്യങ്ങളെ സ്വാംശീ കരിച്ചു കൊണ്ടും ക്രിസ്തീയ വിശ്വാസ ത്തിന്റെയും കൂട്ടായ്മയുടെയും സവിശേഷതകൾ അനുഭവമാക്കി ക്കൊണ്ടും ജീവിക്കുകയാണ് വേണ്ടതെന്ന് അദ്ദേഹത്തിനു മനസ്സിലായതിന്റെ ഫലമായി ക്രിസ്താനുകരണ സഭയുടെ അർപ്പിത ജീവിതശൈലി അദ്ദേഹം സജ്ജമാക്കി. യഥാർത്ഥ ക്രൈസ്തവ വിശ്വാസവും കൂട്ടായ്മയും ഉത്ഭവിക്കുന്നതും വളരുന്നതും ശക്തമാകുന്നതും ആരാധനോന്മുഖമായ ജീവിതം വഴിയാണെന്ന് അദ്ദേഹത്തിനു ബോദ്ധ്യമുണ്ടാ യിരുന്നു. ആരാധനാക്രമോന്മുഖമായ പ്രാർത്ഥനാ ശൈലിയും അതിൽ നിന്നും ഉത്ഭവിക്കുന്ന ആദ്ധ്യാത്മിക ജീവിതവുമാണ് വേണ്ടതെന്ന് മനസ്സിലാക്കി ക്രിസ്താനുകരണ സന്ന്യാസ സമൂഹത്തെ ആ വഴിയേ അദ്ദേഹം നയിച്ചു. പെരുനാട്ടു "മുണ്ടൻ മലയിലെ" ആശ്രമത്തിൽ, അവിടത്തെ പ്രാർത്ഥനാ ജീവിതത്തിലും ആരാധന ക്രമ സംവിധാനങ്ങളിലും പങ്കെടുക്കാൻ അനേകം യാക്കോബായ വിശ്വാസികൾ കൂടുമായിരുന്നു. പ്രത്യേകിച്ചും പീഡാനുഭവ ആഴ്ചയിലെ മനോഹരമായ ആരാധനക്രമ സംവിധാനത്തിൽ അവിടെ വ്യക്തികളായും

www.malankaralibrary.com

കുടുംബങ്ങളായും പോയി താമസിച്ച് പങ്കെടുക്കുന്നത് ഒരു വലിയ കാര്യമായി പലരും പരിഗണിച്ചിരുന്നു. ഇപ്രകാരമായിരിക്കേ, മറ്റു പല കാരണങ്ങൾ കൊണ്ടും താൻ ലക്ഷ്യമാക്കുന്ന സഭാത്മക ജീവിതം വളർത്താൻ സാധിക്കാത്തതിൽ ദു:ഖിതനായി സ്വയം ഭരണാവകാശമുള്ള ഒരു ആരാധനാ സമൂഹമായ ഒരു സഭയാണ് ആവശ്യമെന്ന് തോന്നിയതിന്റെ ഫലമായി വ്യക്തിഗത സഭകളുടെ കൂട്ടായ്മയായ കത്തോലിക്കാ സഭയുടെ കൂട്ടായ്മയിൽ നിന്ന് "മലങ്കര കത്തോലിക്കാ" സഭ സ്ഥാപിക്കാൻ വൈഷമ്യങ്ങളുടെ മദ്ധ്യേ അദ്ദേഹം തയ്യാറായി. ആരാധനയെക്കുറിച്ചുള്ള ശരിയായ ബോദ്ധ്യം കത്തോലിക്കാ സഭയിൽ കുറഞ്ഞു പോകുകയും കത്തോലിക്കാസഭയിലെ ആരാധനയെ ലത്തീൻ ആരാധനാ സമ്പ്രദായവുമായി താദാത്മ്യ പ്പെടുത്തുകയും ചെയ്ത ഒരു പശ്ചാത്തല ത്തിലായിരുന്നു ഈ പുതിയ "ആരാധനാ സമ്പ്രദായം" അല്ലെങ്കിൽ "റീത്ത്" കത്തോലിക്കാ സഭയിൽ സംജാതമാക്കിയതെന്നും ഓർക്കേണ്ടതുണ്ട്.

മേൽ പറഞ്ഞ വിധത്തിലുള്ള ആരാധനാ പൈതൃകം വീണ്ടെടുത്ത് ശക്തിപ്രാപിച്ച് സവിശേഷത കളുള്ള ഒരു പ്രത്യേക സഭയായി വളരുന്നതിനു വേണ്ടിയാണ് ബഥനി പ്രസ്ഥാനം സന്നദ്ധമാകേണ്ടത് എന്ന് അദ്ദേഹത്തിനറിയാമായിരുന്നു. ആരാധന ക്രമ സവിശേഷത നഷ്ടപ്പെട്ടു പോയ സീറോ മലബാർ സഭയെപ്പോലെ മലങ്കര കത്തോലിക്കാ സഭാംഗങ്ങൾ ആയിത്തീരരുത് എന്ന് ശക്തമായ ഭാഷയിൽ അദ്ദേഹം പലരോടും പറഞ്ഞിട്ടുള്ളതായി അറിവുള്ളതാണ്.

കത്തോലിക്കാ സഭയിൽ വന്നതിനുശേഷം അദ്ദേഹം ലക്ഷ്യമാക്കിയിരുന്ന വിധത്തിൽ ആരാധനാ സമൂഹത്തെ വാർത്തെടുക്കാൻ സാധിച്ചുവെങ്കിലും അതിന്റെ പൂർണ്ണതയിൽ എത്തുന്നതിന് അദ്ദേഹ ത്തിന് സാധിച്ചില്ല. ഒരു കാരണം ലത്തീൻ സഭയ്ക്ക് മുൻതൂക്കമുള്ള കത്തോലിക്കാ സഭയിൽ, കത്തോലിക്കാ സഭയുമായി ഐക്യപ്പെടുന്ന സഭകളിലെ ഒരു "ഫാഷൻ" അയിരുന്നു "ലത്തീനി കരണം". ഒരു പരിധിവരെ മലങ്കര കത്തോലിക്കാ സഭയിലും ലത്തീനികരണത്തിന്റെ സ്വാധീനം ഉണ്ടായി. ലത്തീൻ സഭയിലെയോ സീറോ മലബാർ സഭയിലെയോ, ഭക്താനുഷ്ഠാന ജീവിതത്തിലേക്ക് ചിലരൊക്കെ വഴുതി മാറി. അങ്ങനെ ബഥനി സന്യാസ സമൂഹത്തിലും സംഭവിച്ചിട്ടില്ലെന്നു പറയാൻ ബുദ്ധിമുട്ടുണ്ട്. അതിന്റെ ഫലമായി ബഥനി സന്യാസ സമൂഹത്തിന്റെ "ആരാധന ക്രമോന്മുഖമായ" ശക്തി കാലത്തിന്റെ പോക്കിൽ നഷ്ടപ്പെട്ടതായി കാണാം. ലത്തീൻ സഭയിൽ തന്നെ രണ്ടാം വത്തിക്കാൻ കൗൺസിലിനു ശേഷം സഭയെന്നു പറഞ്ഞാൽ ആരാധിക്കുന്ന സമൂഹമാണെന്നുള്ള യാഥാർത്ഥ്യത്തി ലേക്കു മടങ്ങാനും അതു വഴിയായി സഭയെ നവീകരിക്കാനും ശ്രമങ്ങൾ ആരംഭിച്ചു. അത് കണക്കിലെടുത്തു കൊണ്ട് മലങ്കര സഭയുടെ ആരാധനക്രമത്തെ അടിസ്ഥാനമാക്കിയുള്ള ഒരു നവീകരണത്തിന് ആരും തന്നെ ഒരുങ്ങിയില്ല. ഈ കാര്യത്തിൽ വേണ്ടത്ര ശ്രദ്ധ കൊടുത്തില്ല.

അർപ്പിത ജീവിതക്കാരുടെ സുപ്പീരിയർ ജനറൽമാരോട് ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പ പറഞ്ഞത് ശ്രദ്ധേയമാണ്. "നിങ്ങൾ ലോകത്തിൽ എവിടെ ആയിരുന്നാലും സാർവത്രിക സഭയ്ക്കു വേണ്ടിയുള്ളവരാണ്, നിങ്ങളുടെ ദൈവവിളിയും വ്യക്തിഗത സഭയിലെ ദൗത്യവും ഈ ലക്ഷ്യത്തെ പ്രതിയായിരിക്കണം." അതു കൊണ്ട് സാർവത്രിക സഭയ്ക്കുവേണ്ടിയുള്ള നിങ്ങളുടെ ദൈവവിളി നിങ്ങൾ സാക്ഷാത്ക്കരിക്കുന്നത് ഒരു പ്രത്യേക വ്യക്തിഗത സഭയുടെ ഘടനകളിൽ കൂടെയാണ്. വ്യക്തിഗത സഭകളിൽ അർപ്പിത ജീവിതം വികസിക്കുന്നതിനു വേണ്ടിയും, അവയുടെ ആത്മീയമായ പണിതുയർത്ത ലിൽ അർപ്പിത ജീവിതം വഴി സംഭാവന നൽകുന്നതിനു വേണ്ടിയും, അവയുടെ സവിശേഷ ശക്തി അർപ്പിത ജീവിതം വഴി രൂപവൽക്കരിക്കുന്നതിനു വേണ്ടിയും സർവവിധമായ പ്രയത്നവും നടത്തേണ്ടതാണ്. വ്യക്തിഗത സഭ വഴി, സാർവത്രിക സഭയുമായുള്ള ഐക്യം, അതാണ് നിങ്ങളുടെ മാർഗ്ഗം." (ഒ. സർവത്തോരെ റോമാനോ, 1978 നവംബർ 25). മാർപ്പാപ്പ പ്രസ്താവിച്ചിട്ടുള്ള വിധത്തിൽ പ്രവർത്തിക്കണമെങ്കിൽ വ്യക്തിഗത സഭയെക്കുറിച്ചുള്ള ദൈവശാസ്ത്രം സന്യാസികൾ അറിഞ്ഞിരിക്കണം. അതിന്റെ ജീവിതത്തിൽ ഫലദായകമായ വിധത്തിൽ താല്പര്യമുള്ളവരാകണം.


www.malankaralibrary.com

സന്യാസികൾ ഇടവക പ്രവർത്തനങ്ങളിൽ ഏർപ്പെടുമ്പോൾ, ഒരു പ്രത്യേക വ്യക്തിഗത സഭയുടെ അദ്ധ്യാത്മികതയും, ശിക്ഷണവും, ആരാധനാക്രമവും ശരിയായി പരിശീലിക്കാൻ ബാദ്ധ്യതയുള്ളവരാണ്. അപ്രകാരം ചെയ്യുന്നില്ലെങ്കിൽ സന്യാസ സമൂഹത്തിനും അവരുൾപ്പെടുന്ന വ്യക്തിഗത സഭയ്ക്കും അത് ശക്തിക്ഷയം മാത്രമേ ഉളവാക്കുകയുള്ളു. ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പ ഇപ്രകാരം പറയുന്നു: "സന്യാസസഭകളിലും സമൂഹങ്ങളിലും പെട്ട വൈദികർ ഇടവക വൈദിക സംഘത്തിനു (diocesan presbyterate) മുഴുവനും, ആദ്ധ്യാത്മികമായ സമ്പുഷ്ടി പ്രദാനം ചെയ്യുന്നവരായിരിക്കണം. അത് അവർ സാധിക്കേണ്ടത് ഒരു വ്യക്തിഗത സഭയെ അവരുടെ സാന്നിദ്ധ്യം കൊണ്ട് സഭയോടു കൂടുതൽ തുറവി ഉണ്ടാകുന്നതിന് ഉത്തേജിപ്പിക്കുന്നതു വഴിയാണ്." (നിങ്ങൾക്ക് ഞാൻ അജപാലകരെ തരും, എന്ന അപ്പസ്തോലിക പഠനം).

ഒരു പ്രത്യേക വ്യക്തിഗതസഭയ്ക്ക് അതിൻേറതായ ആരാധനക്രമവും, ആദ്ധ്യാത്മികതയും, ദൈവശാസ്ത്രവും ശിക്ഷണവും ഉണ്ട്. സാധാരണയായി ഇപ്രകാരമുള്ള സവിശേഷതകളിൽ പ്രാവീണ്യം നേടുന്നതും അത് പഠിപ്പിക്കുന്നതിന് നേതൃത്വം കൊടുക്കാൻ സാധിക്കുന്നതും സന്യാസ സമൂഹങ്ങൾക്കാണ്. ലത്തീൻ സഭയിൽ ബനെഡിക്ടയിൻ സന്യാസ സമൂഹം ഇതിന് ഉദാഹരണമാണ്. ലത്തീൻ ആരാധനക്രമം ശരിയായി നടത്തുന്നതിൽ സംബന്ധിക്കുന്നതിനായി ആളുകൾ ആശ്രമങ്ങളിൽ ഒരു കാലത്തു പോകാറുണ്ടായിരുന്നു. ഇപ്പോഴും ചില സ്ഥലങ്ങളിൽ അങ്ങനെ പതിവുണ്ട്. ഒരു എക്യുമേനിക്കൻ ആശ്രമമായ ടെസെയിൽ (ഫ്രാൻസിൽ) യൂറോപ്പിലെ വിവിധ രാജ്യങ്ങളിൽ നിന്നു മാത്രമല്ല, ലോകത്തിൻെറ പല ഭാഗങ്ങളിൽ നിന്നും ആളുകൾ അവിടത്തെ ആരാധനയിൽ ഭാഗഭാക്കുകളാകുന്നതിന് വന്നു താമസിക്കാറുണ്ട്. തിരുസഭയിൽ സഭാപാരമ്പര്യമനുസരിച്ച് ഉത്ഭവിച്ച് പരിണാമം പ്രാപിച്ചിട്ടുള്ള ആരാധനാക്രമം ശരിയായി മനസ്സിലാക്കി സംബന്ധിക്കുവാൻ, ആരാധനാക്രമത്തെക്കുറിച്ച് അറിയാവുന്ന ആളുകൾക്ക് ആഗ്രഹമുണ്ട്. "സഭയുടെ പ്രവർത്തനം തന്നെ ആരാധനാക്രമമാകുന്ന അത്യുച്ചസ്ഥാനത്തേക്കാണ് തിരിഞ്ഞിരിക്കുന്നത്. അവളുടെ ശക്തി മുഴുവൻ നിർഗ്ഗളിക്കുന്നതും അവിടെ നിന്നുതന്നെ". (വത്തിക്കാൻ കൗൺസിലിൻെറ ആരാധനാക്രമം എന്ന ഡിക്രി 10:10 ഖണ്ഡിക) ആദ്ധ്യാത്മിക ജീവിതത്തിൽ ആരാധനക്രമപരമായ പരിശീലനം സമ്പാദിക്കാനായി ആളുകൾക്ക് നേതൃത്വം നൽകാൻ ഏറ്റവും അധികം സാധിക്കുന്നത് സന്യാസ സമൂഹങ്ങൾക്കാണ്. തീക്ഷ്ണതയോടും ക്ഷമയോടും കൂടെ ആരാധനക്രമത്തെപ്പറ്റി വിശ്വാസികൾക്ക് സാരോപദേശങ്ങൾ ലഭ്യമാക്കുവാൻ ക്രിസ്താനുകരണ സന്യാസ സമൂഹം മുൻകൈ എടുത്ത് പ്രവർത്തിക്കണം.

നമ്മുടെ ആരാധനക്രമത്തിൻെറ നിജസ്ഥിതി മറ്റുള്ളവരെ മനസ്സിലാക്കുന്നതിനും അതിൻെറ മനോഹാരിത മനസ്സിലാക്കി ക്രിസ്തീയ ജീവിതം ആരാധനാ ക്രമോന്മുഖമാക്കാനുള്ള സംവിധാനങ്ങളിലും പ്രവർത്തനങ്ങളിലും ബഥനി സന്യാസികൾ ഏർപ്പെടേണ്ടതാണ്. എല്ലാം തികയ്ക്കുന്നവൻെറ തികവായ സഭയുടെ, ശിരസ്സായ മിശിഹായുടെ, പെസഹാ രഹസ്യങ്ങളിൽ ഭാഗഭാക്കുകളായി പരിശുദ്ധത്രിത്വവുമായുള്ള കൂട്ടായ്മയിൽ എത്തി ഓരോരുത്തർക്കും "ജീവിക്കുന്നതു ക്രിസ്തുവാണെന്നും മരിക്കുന്നത് ലാഭവുമാണെന്ന് അനുഭവവേദ്യമാക്കുകയാണ് ആരാധനയുടെ പരമമായ ലക്ഷ്യം. അങ്ങനെ മ്ശിഹായുടെ ശരീരമാകുന്ന സഭയെ പണിതുയർത്തി മ്ശിഹായുടെ പരി പൂർണ്ണതയുടെ അളവനുസരിച്ച് പക്വതയാർന്ന മനുഷ്യരാവുകയാണ് ആരാധനക്രമം കൊണ്ട് സാധിക്കേണ്ടത്. ഇതിന് തീവ്രമായ പരിശ്രമവും പരിശീലനവും അതിനുള്ള സംവിധാനങ്ങളും ആവശ്യമാണ്. അപ്രകാരം ചെയ്ത് മലങ്കര കത്തോലിക്കാ സഭയെ പരി പൂർണ്ണമായ ഒരു വ്യക്തിഗത സഭയും ആരാധനാ സമൂഹവും ആക്കുന്നതിന്, ചലനാത്മകമായ വിധത്തിൽ പ്രവർത്തിക്കുന്നതിന് ക്രിസ്താനുകരണ സഭയ്ക്ക് സാധിക്കട്ടെ എന്ന് ഞാൻ ആശംസിക്കുന്നു. അതിനുള്ള അനുഗ്രഹം സ്വർഗ്ഗത്തിൽ നമുക്കുള്ള ആരാധകനായ മ്ശിഹാ ഈ പ്ലാറ്റിനം ജൂബിലി ആഘോഷവേളയിൽ ക്രിസ്താനുകരണ സഭയ്ക്ക് നൽകട്ടെ!

www.malankaralibrary.com



മോസ്റ്റ്. റവ. പൗലോസ് മാർ ഫീലക്സിനോസ്

# ലവണമായ്ത്തീരൂ!

1. തന്നുടെ മാതൃസഭ പുത്തൻകൂർ യാക്കോബായ
തന്നിലെ വ്യവഹാരക്കലഹക്കെടുതിയിൽ.
2. തിന്മയിലശാന്തിയിലക്രമ പ്രവൃത്തിയിൽ,
തന്മനമേറെ നൊന്തു കഴിയുമെമ്മേയച്ചൻ.
3. ആദിമ സഭയിലെ ശുദ്ധിയും മഹത്വവു-
മാദരിച്ചതു പോലെ വീണ്ടു മിങ്ങേകീടുവാൻ.
4. മാനുഷ ഹൃദയത്തിൽ പാപ ബോധമങ്ങുണർത്തുവാൻ,
മാനസാന്തര വാഞ്ഛ ത്വരിതപ്പെടുത്തുവാൻ.
5. പ്രാർത്ഥന പരിത്യാഗമേറെ ചെയ്തുറച്ചു താ-
നർത്ഥിപ്പാനനുസ്യൂതമേശുവേ പിൻ ചെന്നീടാൻ.
6. ഏറ്റവുമനുയോജ്യമൊരിടം കണ്ടെത്തുവാ-
നേറ്റവുമുത്സുകനായാരാഞ്ഞുയെമ്മെയച്ചൻ.
7. ഏറ്റവുമൊടുവിലായ് കണ്ടുതാൻ മുണ്ടൻമല-
യേറ്റിനാനവിടേക്കു ശിഷ്യന്മാരായുള്ളോരെ.
8. യേശുവെ ശുശ്രൂഷിച്ചിട്ടാശ്വാസമേകി പോന്ന,
യേശുവിന്നിഷ്ടമോലും ബഥനി ഭവനം പോൽ.
9. യേശുവെ സ്നേഹിച്ചിട്ടനുകരിക്കുവാനായി,
"മശിഹാനുകരണ സന്ന്യാസി സമൂഹവും".
10. യേശുവെ പിൻ ചെല്ലുന്ന സോദരിമാർക്കായുള്ള,
"മശിഹാനുകരണ സോദരി സമൂഹവും".
11. സ്ഥാപിച്ചു പെരുനാട്ടിൽ വന്ദ്യ പണിക്കരച്ചൻ
വ്യാപിച്ചിതഖിലേന്ത്യാ തന്നിലും വിദേശത്തും.


www.malankaralibrary.com

12. ഈ ദൃശ പ്രവർത്തനമേറെ ചെയ്യെന്നാകിലു-
മുദ്ദിഷ്ട ഫലമൊന്നുമേറെ കൈവന്നതില്ല.
13. വർഷങ്ങൾ കഴിഞ്ഞുപോയ് പണിക്കരച്ചൻ പിന്നെ,
മാർ ഈവാനിയോസെന്ന ബഥനി മെത്രാനായി.
14. ആകാത്തതോരോന്നായി സഭയിൽ ഭവിക്കവേ,
ആകുല ചിത്തനായ് പ്രാർത്ഥിച്ചാനീവാനിയോസ്.
15. അന്ധകാരാവൃതമാ മർദ്ധരാത്രിയിൽ ധ്യാന-
മന്തരംഗത്തിലേറ്റി ദിവ്യമാമൊരു ജ്വാല.
16. ആ ജ്വാല തെളിയിച്ചാനേശുവിൻ വചനത്തി-
ലുജ്ജ്വലമടങ്ങിയ ദിവ്യമാമൊരു സത്യം.
17. *"തായ്ച്ചെടി തന്നിൽ നിലനില്ക്കാത്ത ശാഖയ്ക്കൊന്നും
കായ്ഫലമേകീടുവാനാവതല്ലറിഞ്ഞാലും".
18. തായ്തടി തന്നിൽ നിന്നു ഛേദിച്ചശിഖരം പോ-
ലായല്ലൊ? മമസഭ ശീശ്മയിൽ ശോഷിച്ചു പോയ്.
19. ശ്ലീഹരിൽ തലവനാം കീപ്പാമേലേശുതീർത്ത,
ശ്ലൈഹിക, കാതോലിക, വിശുദ്ധ, യേകസഭ.
20. തന്നിലേ സംസർഗ്ഗത്തിലൂന്നി നിന്നില്ലായെങ്കി-
ലെന്നെന്നു മധോഗതി തന്നെയെന്നറിഞ്ഞു താൻ.
21. ** "പിതാവെയങ്ങെന്നിലുമതുപോൽ ഞാനങ്ങിലു-
മേകമായിരിക്കുംപോലിവരുമൊന്നാകുവാൻ".
22. എന്നുള്ള ക്രിസ്തുനാഥൻ ചെയ്തോരു പ്രാർത്ഥനയിൽ,
തന്നുള്ള മാകൃഷ്ടമായേറെ ചിന്തിച്ചു താതൻ.
23. അങ്ങിനെ മറ്റുമെത്രാന്മാരുമായാലോചിച്ചി-
ട്ടങ്ങുറോമിലേക്കായിട്ടയച്ചോരപേക്ഷമേൽ,
24. ഭാഗ്യവാൻ പത്രോസ് ശ്ലീഹാ തന്നുടെ സിംഹാസനേ,
ഭാഗ്യമായ് വാഴും പാപ്പാ പീയുസ് പതിനൊന്നാമൻ.
25. ഛേദിത ശിഖരത്തെ തായ്തണ്ടിലൊട്ടിച്ചു ചേ-
ർത്തൗദാര്യ പൂർവമേകി സത്തയിൽ പങ്കാളിത്തം.
26. അങ്ങിനെ മലങ്കര കാതലിക്ക് സഭയായി-
ട്ടെങ്ങുമേദിനം തോറു മുന്നതി പ്രാപിക്കുന്നു.
27. സഭയിൽ വെളിച്ചവുമുപ്പുമായ് വർത്തിച്ചുകൊ-
ണ്ടുന്നതിയേകിയോരു ബഥനി സമൂഹത്തിൻ,
28. പ്ലാറ്റിനം ജൂബിലി നാം ഘോഷിക്കുമീവേളയി-
ലേറ്റവുമാമോദമായ് മംഗള മാശംസിപ്പൂ.
29. മേല്ക്കുമേലഭ്യുന്നതി സമൂഹേ ഭവിക്കുവാൻ,
മേലിലുമാത്മാർത്ഥമായർത്ഥിച്ചീടുമേ നൂനം.
30. സമൂഹ സ്ഥാപകൻ മാർ ഈവാനിയോസു താതാ!
സമൂഹ മെന്നു മെന്നു മുന്നതി പ്രാപിക്കുവാൻ,
31. സ്വർഗ്ഗീയ ഭണ്ഢാരങ്ങൾ തുറന്നു നൽവരങ്ങൾ,
സ്വർഗ്ഗസ്ഥ പിതാവോടു, വർഷിപ്പാനപേക്ഷിക്കൂ.

---

* cf-JOHN. 15-4
** cf-JOHN. 17-21

www.malankaralibrary.com



വെരി. റവ. ഫാ. ജറോം ഒ.ഐ.സി

# സ്വത്വം കാത്തു സൂക്ഷിക്കുക.

മിശിഹാനുകരണ സന്യാസിസമൂഹം അതിൻെറ 75-ാം പിറന്നാൾ ആഘോഷിക്കുകയാണ്. 1919-ൽ കേരള ക്രൈസ്തവ സമൂഹം ഒരു വലിയ സംഭവത്തിനു സാക്ഷ്യം വഹിച്ചു. മലങ്കര സഭയിൽ ഒരു പുതിയ സന്യാസ സമൂഹം രൂപം കൊണ്ടു. 'മിശിഹാനുകരണ സമൂഹം' എന്നു നാമകരണം ചെയ്യപ്പെട്ട സന്യാസ സമൂഹം 'ബഥനി' എന്ന ഓമനപ്പേരിൽ അറിയപ്പെടുവാൻ തുടങ്ങി.

ചരിത്രത്തിൻെറ നിർണായകമായ ദശാസന്ധിയിലെ ഒരവിസ്മരണീയ സംഭവമായിരുന്നു അത്. ചരിത്ര പുരുഷനായി മാറിയ മാർ ഈവാനിയോസ് തിരുമേനിയായിരുന്നു സമൂഹ സ്ഥാപകൻ. അനന്യ സാധാരണമായ വ്യക്തിത്വത്തിൻെറ ഉടമ. അഗാധ പണ്ഡിതൻ, വാഗ്മി, ആരും ആദരിച്ചു പോകുന്ന ഗംഭീരാകാരൻ. തീക്ഷ്ണനായ പുരോഹിതൻ, പുണ്യ ജീവിതത്തിനുടമ!

"ആർഷ ഭാരതത്തിൻെറ മഹത്തായ സംസ്കാരവും ദൈവൈക്യോന്മുഖമായ ഭാരതീയ സന്യാസവും ക്രിസ്തുവിൽ പരിപൂർണ്ണമാക്കപ്പെടുന്നതിനു വേണ്ടി ഭാരതീയ സന്യാസത്തിൻെറ ആന്തരാത്മാവിനെയും ജീവിത മുറകളെയും കാലഭേദങ്ങൾക്കനുസരണമായി ഔചിത്യ പൂർവ്വം പരിരക്ഷിക്കുകയും സമ്പൂർണ്ണമാക്കുകയും ചെയ്ക എന്നുള്ളതാണ് ദേശീയ രീതിയിലുള്ള മിശിഹാനുകരണം."

സമൂഹസ്ഥാപന ലക്ഷ്യം അദ്ദേഹം വ്യക്തമായി മുന്നിൽ കണ്ടു. "സുവിശേഷോപദേശങ്ങളായ ബ്രഹ്മചര്യം, ദാരിദ്ര്യം, അനുസരണം എന്നിവയുടെ പൂർണ്ണമായ അനുഷ്ഠാനം വഴി യേശു മിശിഹായെ അനുകരിക്കുക". തൻെറ അനുയായികൾക്കായി തയ്യാറാക്കിയ വി.നിയമത്തിൽ അദ്ദേഹം സമൂഹ സ്ഥാപനത്തിൻെറ ലക്ഷ്യം കുറിച്ചിട്ടു. കർത്താവേശു മിശിഹായെ അനുകരിക്കുക. "ദൈവ സമ്പാദനമാണ് ദൈവസേവനത്തേക്കാൾ ഉത്തമം" എന്ന് അദ്ദേഹം അനുയായികളെ ഓർമിപ്പിച്ചു.

മിശിഹാനുകരണ സമൂഹത്തിന് പല സവിശേഷതകളും ഉണ്ടായിരുന്നു. ക്രൈസ്തവ സന്യാസാ

www.malankaralibrary.com

ദർശങ്ങൾ ഭാരതീയ പശ്ചാത്തലത്തിൽ ആവിഷ്കരിക്കുക അതിന്റെ സവിശേഷതകളിൽ ഒന്നു മാത്രമാണ്. നിയമാവലിയിൽ അദ്ദേഹം എഴുതി ചേർത്തു:- "ആർഷ ഭാരതത്തിന്റെ മഹത്തായ സംസ്കാരവും ദൈവൈക്യോന്മുഖമായ ഭാരതീയ സന്യാസവും ക്രിസ്തുവിൽ പരിപൂർണ്ണമാക്കപ്പെടുന്നതിനു വേണ്ടി ഭാരതീയ സന്യാസത്തിന്റെ ആന്തരാത്മാവിനെയും ജീവിത മുറകളെയും കാലഭേദങ്ങൾക്കനുസരണമായി ഔചിത്യ പൂർവ്വം പരിരക്ഷിക്കുകയും സമ്പൂർണ്ണമാക്കുകയും ചെയ്ക എന്നുള്ളതാണ് ദേശീയ രീതിയിലുള്ള മിശിഹാനുകരണം".
(വി. നിയമം 2/3)

ആന്തരികവും ബാഹ്യവുമായ എല്ലാ നല്ല വശങ്ങളും സമൂഹ ജീവിതത്തിന്റെ ഭാഗമായി. കാവിയും, സസ്യാഹാരവും, ലളിത ജീവിതവും ബാഹ്യ മുദ്രകളാണ്. പ്രാർത്ഥന-ജപധ്യാനങ്ങൾ-മൗനം, വിരക്തി എന്നിവ ആന്തരിക ഭാവങ്ങളും. ഭാരതീയ സന്യാസ ദർശനത്തിന്റെ പ്രധാന ഘടകം ദൈവൈക്യമാണ്. സായൂജ്യമാണ് സന്യാസി ലക്ഷ്യമാക്കുന്നത്. ഈ പൈതൃകം ക്രൈസ്തവ ചിന്തയുടെ പൊരുളാണ്. "ആര് എന്നിലും ഞാൻ അവനിലും വസിക്കുന്നുവോ അവൻ വളരെ ഫലങ്ങൾ പുറപ്പെടുവി ക്കുന്നു". (യോഹ. 15/5) ദൈവൈക്യത്തിൽ സ്വയം വിസ്മൃതരാകുക. ഇതാണ് ദൈവസമ്പാദനം. ഇതാണ് ബഥനിയുടെ തനിമ. പ്രാർത്ഥനയിൽ പിതാവായ ദൈവത്തോട് ഐക്യപ്പെട്ടും എല്ലാവർക്കും നന്മ ചെയ്തും ജീവിച്ച നമ്മുടെ കർത്താവിന്റെ ലളിത ജീവിതം ഭാരതീയ സന്യാസത്തിന്റെ വിരക്തിയോടും ലാളിത്യത്തോടും കൂടി അനുകരിക്കുന്നത് നമ്മുടെ സന്യാസ ജീവിതത്തിന്റെ പ്രത്യേക സ്വഭാവമാകുന്നു. (വി. നിയമം. അ. 1/6)

**ഓർത്തഡോക്സ് സഭയിൽ ബഥനി പ്രകാശ ഗോപുരമായിരുന്നു. വഴികാട്ടിയത് ബഥനിയായിരുന്നു. സത്യം വ്യാഖ്യാനിച്ചു കൊടുത്തത് ബഥനിയായിരുന്നു. ആ ദൗത്യം ഇന്നും നിലനില്ക്കുന്നു. അധികാര മോഹമില്ലാത്ത, ആരാധനാ ശീലമുള്ള, അലൗകികശാന്തിനുകരുന്ന ബഥനിയാശ്രമങ്ങൾ സഭാമക്കൾക്ക് ആശ്വാസ കേന്ദ്രങ്ങളാകണം**

മാതൃ സഭയുമായി ഐക്യപ്പെടുവാൻ സമൂഹ സ്ഥാപകൻ തീരുമാനിച്ചു. ആ തീരുമാനം അചഞ്ചലമായിരുന്നു. വിശ്വാസമായിരുന്നു പ്രചോദനം. അന്വേഷണങ്ങളിൽ തെളിഞ്ഞ സത്യം നിഷേധിക്കാനായില്ല. എല്ലാം ഉപേക്ഷിച്ച് സന്യാസം സ്വീകരിച്ചവർ എല്ലാം വെടിഞ്ഞ് ഇറങ്ങിത്തിരിച്ചു. മുണ്ടൻ മലയിൽ ഉപേഷിച്ചത് 300 ഏക്കർ വനഭൂമിയായിരുന്നു. ഇന്ന് ബഥനി ആത്മികമായും, ഭൗതികമായും വളർന്നു. നൂറുമേനി തിരിച്ചു കിട്ടിയിരിക്കുന്നു. ബഥനിയുടെ ദ്വിതീയ ഘട്ടമായിരുന്നു അത്. പുനരൈക്യ പ്രസ്ഥാനത്തിന് ജന്മം കൊടുത്തതും, വളർത്തിയതും ബഥനിയായിരുന്നു. ആദ്യകാലാംഗങ്ങൾ സഭയെ പടുത്തുയർത്താൻ അഹോരാത്രം പണി ചെയ്തു. തിരുവനന്തപുരം, തിരുവല്ലാ ഹൈരാർക്കികളിൽ പള്ളികൾ, മിഷൻ കേന്ദ്രങ്ങൾ വിശ്വാസികളുടെ കൂട്ടായ്മകൾ! ബഥനിക്ക് അഭിമാനിക്കാം. തെക്കൻ മിഷനും ബഥനിതന്നെ നട്ടുവളർത്തി. കാഞ്ഞിരംകുളം, നെടുമങ്ങാട്, പൂവാർ, പാറശ്ശാല, അമ്പിളികോണം. ഇങ്ങനെ പോകുന്നു പ്രവർത്തന മേഖലകൾ.

## ഗതിമാറ്റം

ഗതിമാറ്റം അനിവാര്യമായിരുന്നു. പ്രവർത്തനത്തിൽ, പുതിയ മേഖലകളിൽ. പൊന്തിഫിക്കൽ പദവി ബഥനിയുടെ സ്വതന്ത്രാസ്ഥിത്വത്തിനുള്ള അംഗീകാര മായിരുന്നു. 1966ൽ പൊന്തിഫിക്കൽ പദവി ലഭിച്ചു. രൂപതാധികാരിയോട് വിധേയത്വവും, ആദരവും. എന്നാൽ സ്വന്തം വഴി തേടി വളരുന്നതിൽ വിലങ്ങു കളില്ലാത്ത സ്വാതന്ത്ര്യം. അങ്ങനെ ബഥനി വളർന്നു.

ഓർത്തഡോക്സ് സഭയിൽ ബഥനി പ്രകാശ ഗോപുരമായിരുന്നു. വഴികാട്ടിയത് ബഥനിയായിരുന്നു. സത്യം വ്യാഖ്യാനിച്ചു കൊടുത്തത് ബഥനിയായിരുന്നു.

www.malankaralibrary.com

ആ ദൗത്യം ഇന്നും നിലനില്ക്കുന്നു. അധികാര മോഹമില്ലാത്ത, ആരാധനാ ശീലമുള്ള, അലൗകികശാന്തിനുകരുന്ന ബഥനിയാശ്രമങ്ങൾ സഭാമക്കൾക്ക് ആശ്വാസ കേന്ദ്രങ്ങളാകണം.

## ഗുണമാറ്റമോ

ഗതിമാറ്റം സംഗതമാണ്. സാധൂകരിക്കാവുന്നതുമാണ്. ഗുണകരമായ മാറ്റമാണോ സംഭവിച്ചതെന്ന് സ്വയം ചിന്തിക്കണം. അർപ്പണ ബോധവും, ദൈവൈക്യവും കുറഞ്ഞുപോയാൽ ബഥനി അവഹേളിതയാകും. ലക്ഷ്യം മറന്നുള്ള മുന്നേറ്റം അപകടകരമാണ്. പ്രാർത്ഥനയുടെ മനുഷ്യരെന്ന സൽപ്പേര് കളഞ്ഞു കുളിക്കരുത്. ലാളിത്യത്തിനു പേരുകേട്ട ബഥനി ആശ്രമങ്ങൾ ലൗകികതയിൽ കുളിച്ചവയാകരുത്. 1919-ലും 1930-ലും ഏറ്റെടുത്ത ദൗത്യത്തിനു പുതിയ ഭാഷ്യങ്ങൾ ഉണ്ടാവുന്നത് അനൗചിത്യമല്ല, അറിവുകേടുമല്ല. അനിവാര്യതയാണ്.

അദ്ധ്വാനവും സംതൃപ്തിയും കളിയാടിയിരുന്ന ഭവനങ്ങളിൽ അലസത കുടിയേറരുത്. അതിഥി സൽക്കാരവും, സമഭാവനയും മുഖമുദ്രയായിരുന്ന ബഥനി ഭവനങ്ങളിൽ സ്വാർത്ഥതയും, അഹന്തയും ഭരണം നടത്തരുത്. സമൂഹജീവിതത്തിൽ എല്ലാവരും തുല്യർ, എല്ലാവരും സംതൃപ്തർ. യാമ പ്രാർത്ഥനയും, ഭജന ദിനങ്ങളും, വി. കുർബ്ബാനയും ശക്തി സ്രോതസ്സുകളായിരിക്കണം. നമുക്ക് കൈമുതലായിട്ടുള്ളവ ഇവയൊക്കെയാണ്. ബഥനിയുടെ തനിമ ഇവയിലെല്ലാമാണ്. ഹൈരാർക്കിയുടെ പ്രവർത്തനങ്ങളിൽ തോളോടു തോൾ ചേർന്നു നിൽക്കേണ്ടവർ മാത്രമാണ് ബഥാനിയർ. ബഥാനിയർക്കു മാത്രം സാധിക്കുന്ന മേഖലകൾ കണ്ടെത്തിയതിൽ അപാകതയൊന്നുമില്ല. പ്രവർത്തനമേഖലകൾ വ്യാപിച്ചു. വിദ്യാഭ്യാസം, ആതുര സേവനം, ബാഹ്യകേരളമിഷൻ, വിദ്യാസമ്പന്നരായ വൈദികർ, കർമ്മശേഷിയുള്ള യുവാക്കൾ. ബഥനിയുടെ വളർച്ച അസൂയാവഹമാണ്.

## വിശുദ്ധ സ്ഥാപകൻ


മാർ ഈവാനിയോസ് തിരുമേനി പുണ്യ പുരുഷനായിരുന്നു. മിശിഹായുടെ സഭയ്ക്കുവേണ്ടി ആത്മാർപ്പണം ചെയ്ത ധന്യ പുരുഷൻ. അദ്ദേഹത്തിന്റെ ജീവിതം സഭാമക്കൾക്ക് മാതൃകയാണ്. ആ ശ്രേഷ്ഠാചാര്യന്റെ മാദ്ധ്യസ്ഥം ബഥനിയെ ദൈവസന്നിധിയിൽ പ്രീതിയുള്ളവളാക്കട്ടെ!

1994- ബഥനിയുടെ പ്ലാറ്റിനം ജൂബിലി വർഷമാണ്. ശതാബ്ദിയാഘോഷിക്കുമ്പോൾ സ്ഥാപകൻ വിശുദ്ധനെന്ന് സഭ ഔദ്യോഗികമായി പ്രഖ്യാപിക്കുന്നതു കേൾക്കുവാൻ ഇടവരട്ടെ. ഭാരതത്തിന്റെ സുവിശേഷ വത്ക്കരണത്തിൽ ബഥനി കാലുറപ്പിച്ചു കഴിഞ്ഞു. ബോംബെ, പൂന, കർണ്ണാടക, ഭിലായ്, കൽക്കട്ട മിഷനുകൾ ബഥനിയുടെ പ്രവർത്തനമേഖലകളാണ്.

ബാഹ്യകേരള ഭദ്രാസന ചുമതല ഏറ്റെടുക്കുവാൻ ബഥനിപ്രാപ്തയായിക്കൊണ്ടിരിക്കുന്നു. ബഥനി മെത്രാപ്പൊലീത്തയും, ബഥനി ഭദ്രാസനവും പുതിയ ആശയങ്ങളല്ല.

ബഥനിയുടെ സ്ഥാപനം മുതൽ ഇന്നു വരെയുള്ള ദൈവകൃപക്കുനന്ദിപറയാം. നമ്മുടെ പൈതൃകത്തിലേക്കും, സ്ഥാപകന്റെ ചൈതന്യത്തിലേക്കും നമുക്കു തിരിച്ചു പോകാം. ജൂബിലി വർഷത്തെ നമ്മുടെ ചിന്ത ഇതായിരിക്കട്ടെ. "ഓരോരുത്തർക്കും തങ്ങളുടെ സ്വത്ത് തിരികെ ലഭിക്കണം. ഓരോരുത്തരും തങ്ങളുടെ കുടുംബത്തിലേക്കു മടങ്ങി പോകട്ടെ" (ലേവ്യ.25/10).

www.malankaralibrary.com



ഫാ. സിൽവെസ്റ്റർ കാഞ്ഞിരമുകളിൽ ഒ.ഐ.സി

# ബഥനി സന്യാസി സമൂഹം ചരിത്രത്തിലൂടെ

**സ്വസമുദായത്തിനു വന്നു ഭവിച്ച ദുസ്ഥിതിയുടെ വേദനിപ്പിക്കുന്ന ചിന്തകളുമായാണ് ഫാ. പി.റ്റി. ഗീവർഗ്ഗീസ് ഡോ. ഹവ്വൽസിന്റെ ക്ഷണം സ്വീകരിച്ച് 1913 - ൽ സെറാംപൂർ കോളേജ് പ്രൊഫസർസ്ഥാനം സ്വീകരിച്ചത്. മലങ്കരസഭയെ ആദ്ധ്യാത്മികമായി സമുദ്ധരിച്ച് സമാധാനവും സുസ്ഥിതിയും സംജാത മാക്കുന്നതിനുള്ള മാർഗ്ഗങ്ങളെപ്പറ്റി അദ്ദേഹം ആലോചിച്ചു. വൈദികരുടെ ഉയർച്ചയാണ് സമുദായ ത്തിന്റെ ഉയർച്ചയെന്നും, അവരുടെ വിജ്ഞാനമാണ് സമുദായത്തിന്റെ മൂലധനമെന്നും മനസ്സിലാക്കിയ ഫാ. പി.റ്റി. ഗീവർഗ്ഗീസ് ഏതാനും യുവവൈദികരെ സെറാംപൂരിൽ കൊണ്ടുപോയി വിദ്യാഭ്യാസവും പരിശീലനവും നൽകി അവരിലൂടെ സമുദായത്തെ ഉദ്ധരിക്കുവാനുള്ള ശ്രമങ്ങൾ ആരംഭിച്ചു.**

അനശ്വരമായ ഒന്നിനുവേണ്ടിയുള്ള അദമ്യമായ ആഗ്രഹം എല്ലാ മനുഷ്യന്റെയും കൂടപ്പിറപ്പാണ്. കുറേക്കൂടി ആഴമായി ഈ അനശ്വരസത്യത്തെ പുൽകാനുള്ള ആശയാണ് സന്യാസത്തിലൂടെ അവൻ പ്രകടിപ്പിക്കുന്നത്. ഇതിനു മാനവവംശത്തോളം തന്നെ പഴക്കമുണ്ടെന്നു പറയാം. ലോക വ്യാപാരങ്ങളിൽ നിന്നെല്ലാം പിൻവാങ്ങി, ഈശ്വരഭജനം സർവപ്രധാനമായി കരുതി, ഏകാന്തതയിലും തപസ്സിലും പ്രാർത്ഥനയിലും ഈശ്വരസാക്ഷാത്ക്കാരം കണ്ടെത്തിയിരുന്ന ചിലരെങ്കിലും എല്ലാക്കാലത്തും, എല്ലാ മതങ്ങളിലും ഉണ്ടായിരുന്നു. ക്രിസ്തുമതത്തിലും അതിന്റെ പ്രാരംഭഘട്ടത്തിൽ യേശുമിശഹായെ ഏറ്റവും അടുത്തനുകരിക്കുവാനായി സന്യാസപ്രസ്ഥാനം ഉദയം ചെയ്തു. ആഴമായ ക്രിസ്താനുകരണത്തിനു പുറമേ , ആനുകാലികാവശ്യങ്ങളും സഭാസേവനവും പിന്നീട് സന്യാസ ലക്ഷ്യങ്ങളായി പരിണമിച്ചു. മലങ്കരയിൽ ഉദയം ചെയ്ത ബഥനി പ്രസ്ഥാനത്തിന്റെ പിന്നിലും ഈ ലക്ഷ്യങ്ങളെല്ലാം ഉണ്ടായിരുന്നു.

## പശ്ചാത്തലവും പ്രേരണയും

അപ്പസ്തോലിക പാരമ്പര്യമുള്ള മലങ്കരസഭ പതിനാറാം ശതകംവരെ ഏക വിശ്വാസത്തിൽ ഏകയോഗമായി കഴിഞ്ഞിരുന്നു. പോർട്ടുഗീസ് ആഗമനം മലങ്കരസഭാ ചരിത്രത്തിൽ ഒരു വഴിത്തിരിവുണ്ടാക്കി. 1653- ലെ ചരിത്രപ്രസിദ്ധമായ കൂനൻകുരിശു സത്യത്തിലൂടെ പുത്തൻകൂർ, പഴയകൂർ എന്നിങ്ങനെ രണ്ടു കൂട്ടങ്ങൾ കേരളസഭയിൽ ഉടലെടുത്തു. പുത്തൻകൂർ സമുദായം നിരന്തരം അന്തഃച്ഛിദ്രങ്ങൾക്കു വിധേയമായിക്കൊണ്ടിരുന്നു.

www.malankaralibrary.com

1665-ൽ മലങ്കരസഭയും അന്ത്യോക്യായിലെ യാക്കോബായ സഭയും ആരംഭിച്ച ബന്ധം 1853 ൽ സ്ഥിരീകരിക്കപ്പെട്ടെ ങ്കിലും, പരമാധികാരവും സ്വയംഭരണവും അടിസ്ഥാന മാക്കിയുള്ള തർക്കങ്ങൾ 1908- ൽ വട്ടശ്ശേരിൽ മാർദിവന്നാസ്യോസ് മലങ്കരസഭാ ഭരണം ഏറ്റെടുത്ത തോടെ സമാരംഭിച്ചു. 1911 മെയ് 11-ാം തീയതി വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസ് അന്ത്യോക്യായിലെ അബ്ദുള്ളാ പാത്രിയർക്കീസിനാൽ മുടക്കപ്പെട്ടപ്പോൾ സഭയുടെ നൈയാമികസ്ഥിതിയെ പ്പറ്റിയുള്ള ആകുലത മെത്രാൻകക്ഷിയെ വിഷമിപ്പിച്ചു. എം.ഡി. സെമിനാരി പ്രിൻസിപ്പലായിരുന്ന ധിഷണാശാലിയായ ഫാ. പി. റ്റി. ഗീവർഗ്ഗീസിന്റെ സമയോചിതമായ നേതൃത്വത്തിലൂടെ 1912 -ൽ മലങ്കര കാതോലിക്കേറ്റു സ്ഥാപിക്കപ്പെട്ടെങ്കിലും വാദവിവാദ ങ്ങളുടെ വേലിയേറ്റത്തിൽ സഭയുടെ സ്വാതന്ത്ര്യവും സത്യനിഷ്ഠമായ നിലപാടും പരിരക്ഷിക്കുവാൻ കഴിയാതെ വന്നു. തുടർന്നുള്ള വ്യവഹാരങ്ങളും തർക്കങ്ങളും സഭാന്തരീക്ഷം മലീമസ മാക്കി. ആളുകൾ മതകാര്യങ്ങളിൽ അശ്രദ്ധരായി, അവരുടെ വിശ്വാസം പോലും മരവിച്ചു. അങ്ങനെ മലങ്കര സുറിയാനി സമുദായത്തിലെ ദ്വന്ദയുദ്ധങ്ങൾ, തൊഴുത്തിൽക്കുത്ത്, അനർഹമായ വ്യാമോഹം, സ്വാർത്ഥപരമായ അഭി വാഞ്ഛ എന്നിവയെല്ലാം, പുത്തൻകൂർ സമുദായത്തെ വിഷമകരമായ ഒരവസ്ഥയിൽ എത്തിച്ചു.

സ്വസമുദായത്തിനു വന്നുഭവിച്ച ഈ ദുസ്ഥിതിയുടെ വേദനിപ്പിക്കുന്ന ചിന്തകളുമായാണ് ഫാ. പി.റ്റി. ഗീവർഗ്ഗീസ് ഡോ. ഹവ്വൽസിന്റെ ക്ഷണം സ്വീകരിച്ച് 1913-ൽ സെറാംപൂർ കോളേജ് പ്രൊഫസർ സ്ഥാനം സ്വീകരിച്ചത്.

സെറാംപൂർ വാസത്തിന്റെ മദ്ധ്യഘട്ടത്തിലാകട്ടെ, അഖിലഭാരതപ്രേഷിതദൗത്യം എന്ന ചിന്തയാൽ പ്രേരിതനായി സമുദായ സമുദ്ധാരണത്തിനായി ഒരു മിഷനറി സമൂഹം തുടങ്ങുന്നത് അഭികാമ്യമാണെന്ന ചിന്തയിലേക്ക് അദ്ദേഹം നീങ്ങി. എന്നാൽ നിരന്തര പ്രാർത്ഥനയിലൂടെ സ്വയമേവ തങ്ങളെത്തന്നെ ദൈവത്തിനായി പ്രതിഷ്ഠിച്ചിട്ടുള്ള സന്യാസികളട ങ്ങിയ ഒരു സമൂഹം തന്നെയാണ് വേണ്ടതെന്നും, അതാണ് ജീവിതാദർശമായിരിക്കേണ്ടതെന്നും ബോദ്ധ്യ പ്പെട്ട പി.റ്റി. ഗീവർഗ്ഗീസ് ഈ ലക്ഷ്യസാക്ഷാത്ക്കാര ത്തിനുള്ള മാർഗ്ഗങ്ങൾ ആരായു വാൻ തുടങ്ങി.

**മലങ്കരസഭയെ ആദ്ധ്യാത്മികമായി സമുദ്ധരിച്ച് സമാധാനവും സുസ്ഥിതിയും സംജാതമാക്കുന്നതിനുള്ള മാർഗ്ഗങ്ങളെപ്പറ്റി അദ്ദേഹം ആലോചിച്ചു. വൈദികരുടെ ഉയർച്ചയാണ് സമുദായത്തിന്റെ ഉയർച്ചയെന്നും, അവരുടെ വിജ്ഞാനമാണ് സമുദായത്തിന്റെ മൂലധനമെന്നും മനസ്സിലാക്കിയ ഫാ. പി.റ്റി. ഗീവർഗ്ഗീസ് ഏതാനും യുവവൈദികരെ സെറാംപൂരിൽ കൊണ്ടു പോയി വിദ്യാഭ്യാസവും പരിശീലനവും നൽകി അവരിലൂടെ സമുദായത്തെ ഉദ്ധരിക്കുവാനുള്ള ശ്രമങ്ങൾ ആരംഭിച്ചു.**

ക്രിസ്തീയ സന്യാസത്തിന്റെ അന്തഃസത്തയും ഭാരതീയസന്യാസത്തിന്റെ മൂല്യങ്ങളും സമന്വയിപ്പിച്ചു കൊണ്ടുള്ള ഒരു സന്യാസപ്രസ്ഥാനത്തിലേക്കാണ് അദ്ദേഹത്തിന്റെ ചിന്ത കടന്നുപോയത്. അപ്രകാരമുള്ള ഒരാശ്രമസ്ഥാപനത്തിനാവശ്യമായ പരിചയവും പരിജ്ഞാനവും സമ്പാദിക്കുവാനുള്ള ശ്രമമായി പിന്നീട്. സെറാപൂരിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന ഹൈചർച്ചിലെ Oxford Mission Brotherhood of the Epiphany, Oxford Mission Sisters of the Epiphany എന്നീ സന്യാസിനീസന്യാസി സമൂഹങ്ങളുമായി ബന്ധപ്പെടുകയും അവരിൽ നിന്നും പല ആശയങ്ങളും സ്വാംശീകരിക്കുകയും ചെയ്തു. അവരുടെ ലളിതജീവിതവും, മൗനത്തോടും ഏകാന്തതയോടുമുള്ള സമീപനവും, ഭാരതീയജീവിതാഭി മുഖ്യങ്ങളും, മിഷൻ ചൈതന്യവും അദ്ദേഹത്തെ സ്വാധീനിച്ചു. അതുപോലെ, ഈശോസഭാ വൈദികരി ലൂടെയും അവർ നൽകിയ ഗ്രന്ഥങ്ങളിലൂടെയും കത്തോലിക്കാസഭ യിലെ സന്യാസപ്രസ്ഥാനങ്ങളെയും അതിനു നേതൃത്വം നൽകിയ പിതാക്കന്മാരുടെ ജീവിതാദർശങ്ങളെയുംപറ്റി ഫാ. പി.റ്റി. ഗീവർഗ്ഗീസ് പഠിച്ചു. മഹാകവി രവീന്ദ്രനാഥ ടാഗോറിന്റെ ശാന്തിനികേതനം, മഹാത്മാഗാന്ധിയുടെ സബർമതി ആശ്രമം, രാമകൃഷ്ണാശ്രമം പോലെയുള്ള ഹൈന്ദവാശ്രമങ്ങൾ എന്നിവിടങ്ങളിലെ സന്ദർശനങ്ങ ളിലൂടെ ഭാരതീയ ജീവിതശൈലിയും ആഭിമുഖ്യങ്ങളും മനസ്സിലാക്കുവാൻ അദ്ദേഹത്തിന് അവസരം ലഭിച്ചു.

www.malankaralibrary.com

ഇപ്രകാരം വിവിധ സ്രോതസ്സുകളിലൂടെ ലഭിച്ച സന്യാസ വിജ്ഞാനവും തത്ഫലമായി രൂപപ്പെട്ട ആദർശങ്ങളും സെറാംപൂരിൽവച്ചുതന്നെ പരീക്ഷിച്ചു നോക്കുവാൻ തീരുമാനിക്കുകയും സന്യാസാഭി മുഖ്യമുള്ള ശെമ്മാശന്മാരെ സംഘടിപ്പിച്ച് ഒരു ശൈശവാശ്രമ ത്തിനു രൂപം നൽകുകയും ചെയ്തു. ലഘുതരങ്ങളായ ചില തപച്ചര്യകൾ അനുഷ്ഠിച്ചു കൊണ്ട് കൃത്യമായ പ്രാർത്ഥനയും മൗനവും പാലിക്കുവാനുള്ള ശ്രമമാണ് പ്രധാനമായും അവിടെ നടന്നത്.

---

അനശ്വരമായ ഒന്നിനുവേണ്ടിയുള്ള അദമ്യമായ ആഗ്രഹം എല്ലാ മനുഷ്യന്റെയും കൂടപ്പിറപ്പാണ്. കുറേക്കൂടി ആഴമായി ഈ അനശ്വരസത്യത്തെ പുൽകാനുള്ള ആശയാണ് സന്യാസത്തിലൂടെ അവൻ പ്രകടിപ്പിക്കുന്നത്. ഇതിനു മാനവവംശത്തോളം തന്നെ പഴക്കമുണ്ടെന്നു പറയാം. ലോക വ്യാപാരങ്ങളിൽ നിന്നെല്ലാം പിൻവാങ്ങി, ഈശ്വര ഭജനം സർവ്വപ്രധാനമായി കരുതി, ഏകാന്തതയിലും തപസ്സിലും പ്രാർത്ഥനയിലും ഈശ്വരസാക്ഷാത്കാരം കണ്ടെത്തിയിരുന്ന ചിലരെങ്കിലും എല്ലാക്കാലത്തും എല്ലാ മതങ്ങളിലും ഉണ്ടായിരുന്നു. ക്രിസ്തു മതത്തിലും അതിന്റെ പ്രാരംഭഘട്ടത്തിൽ തന്നെ യേശുമിശിഹായെ ഏറ്റവും അടുത്തനുകരിക്കുവാനായി സന്യാസ പ്രസ്ഥാനം ഉദയം ചെയ്തു.

---

## ആദ്യ കാലഘട്ടം

സെറാംപൂരിൽ ഇപ്രകാരം രൂപംകൊണ്ട 'ശൈശവാശ്രമത്തെ' അനുയോജ്യമായ സാഹചര്യ ങ്ങളിലേക്കു പറിച്ചുനടുവാനുള്ള ശ്രമമായി പിന്നീട്. ജനവാസമില്ലാത്തതായി, പ്രാപഞ്ചിക തിരമാലകളുടെ ശബ്ദം പോലും കേൾക്കപ്പെടാൻ ഇടയില്ലാത്തതായി ഒരു ഭൂഭാഗം എവിടെയുണ്ടാകും എന്ന് ഫാ. പി.റ്റി. ഗീവർഗ്ഗീസ് അന്വേഷിക്കുവാൻ തുടങ്ങി. അങ്ങനെ റാന്നി പെരുനാടു മുണ്ടൻമലയിൽ ആശ്രമത്തിന് അനുയോജ്യമായ ഒരു സ്ഥലം പലരുടെയും സഹായ ത്തോടെ കണ്ടെത്തി. (വേദപുസ്തക പാരമ്പര്യത്തിൽ മലയുടെ പശ്ചാത്തലം ദൈവ മനുഷ്യ സമാഗമത്തിന്റെ വേദിയാണ്. ഹൈന്ദവദർശനത്തിൽ ആരണ്യം തപസ്സിന് ഏറ്റവും പറ്റിയ സ്ഥലവുമാണ്) താൻ ഉദ്ദേശിക്കുന്ന സന്യാസപ്രസ്ഥാനത്തിന്, 'ആശ്വാസ ത്തിന്റെ ഭവന'മായ ബൈബിളിലെ 'ബഥനിയും' ഭാരതീയ പശ്ചാത്തലത്തിലെ ആശ്രമവും ചേർത്ത് 'ബഥനി ആശ്രമം' എന്ന നാമം സ്വീകരിക്കുകയും അതിലെ അംഗങ്ങൾക്ക് കാവിവസ്ത്രം തെരഞ്ഞെടു ക്കുകയും ചെയ്തതോടെ ഒരുക്കങ്ങൾ പൂർത്തിയായി.

1919 ആഗസ്റ്റ് 15-ാം തിയതി, വളരെ ലളിതമായി സംവിധാനം ചെയ്ത മുണ്ടൻമലയിലെ ആശ്രമത്തിൽ ഓരോ സന്യാസിയും തങ്ങൾക്കായി നിശ്ചയിക്കപ്പെട്ട മുറിയുടെ മുമ്പിൽ നിലംചുംബിച്ച് സന്യാസജീവിതം സമാരംഭിച്ചതോടെ പി.റ്റി. ഗീവർഗ്ഗീസച്ചന്റെ ദീർഘകാലത്തെ സ്വപ്നം സാക്ഷാത്ക്കരിക്കപ്പെട്ടു. തുടർന്ന് ആഗസ്റ്റ് 23-ാം തിയതി ആദ്യ അംഗങ്ങൾ ആബോ ഗീവർഗ്ഗീസിന്റെ നേതൃത്വത്തിൽ ഒരു ലഘുനിയമാവലി ക്രോഡീകരിക്കുകയും 1920 മാർച്ച് 9-ാം തീയതി അത് അൾത്താരയിൽ സമർപ്പിക്കുകയും ചെയ്തു. പൗരസ്ത്യ സന്യാസപിതാവായ മാർ ബസ്സേലിയോസിന്റെ സന്യാസശിക്ഷാക്രമങ്ങളാണ് പ്രസ്തുത നിയമാവലിക്ക് പ്രധാന സ്രോതസ്സായി അവർ തെരഞ്ഞെടുത്തത്. സന്യാസ പരിശീലനം പൂർത്തിയാക്കിയ ആദ്യ അംഗങ്ങൾ 1920 ലെ പെന്തിക്കോസ്തി ദിവസം വ്രതാനുഷ്ഠാനങ്ങളിലൂടെ തങ്ങളെത്തന്നെ സമർപ്പിച്ചു. പ്രസ്തുത സന്ദർഭത്തിൽ ആശ്രമാദ്ധ്യക്ഷനായിരുന്ന ആബോ ഗീവർഗ്ഗീസ് സന്യാസത്തെ യാഗപശുവിനോടുപമിച്ചു ചെയ്ത സാരോപദേശം ക്രിസ്തീയ സന്യാസത്തിലെ അനന്യമായ ഒരു ദർശനമായി ഇന്നും നിലകൊള്ളുന്നു.

ബഥനിയും ബഥനി സ്ഥാപിച്ച പള്ളികളും, വ്യവഹാര നൂലാമാലകളിൽ നിന്നും കാതോലിക്കേറ്റു ഭരണസംവിധാനത്തിൽ നിന്നും ഒഴിച്ചു നിർത്തി ഒരു സ്വതന്ത്ര സഭാ പ്രസ്ഥാനമായിട്ടാണ് രൂപം കൊടുത്തത്. 1925-ൽ ആബോ ഗീവർഗ്ഗീസ്, മാർ ഈവാനിയോസ് എന്ന പേരിൽ ബഥനിയുടെ എപ്പിസ്ക്കോപ്പയും 1929-ൽ ബഥനി മെത്രാപ്പോലീത്തായുമായപ്പോൾ ഈ സ്വതന്ത്രനിലയ്ക്ക് കൂടുതൽ നൈയാമികഭാവം സിദ്ധിച്ചു. സുവിശേഷ പ്രസംഗങ്ങൾ, ധ്യാനയോഗ

www.malankaralibrary.com

ങ്ങൾ, കുട്ടികൾക്കും മുതിർന്നവർക്കും വേണ്ടിയുള്ള വേദോപദേശ പദ്ധതികൾ, ഭക്തസംഘടനകളുടെ പുനഃക്രമീകരണങ്ങൾ, ബഥനി തൃതീയാശ്രമം, വിജാതീയ മിഷ്യൻ പ്രവർത്തനം എന്നിവയിലൂടെ ആദ്ധ്യാത്മിക പ്രബുദ്ധതയിലേക്കു ദൈവജനത്തെ നയിക്കുവാൻ തുടങ്ങി. അവരുടെ ലളിതവും നിഷ്ഠാപരവുമായ ജീവിതവും, ഭക്തിരസാത്മകമായ ആരാധനാനുഷ്ഠാനങ്ങളും മുണ്ടൻമലയെ ഒരു തീർത്ഥാടന കേന്ദ്രമാക്കി മാറ്റി.

ജീവകാരുണ്യപരമായ പ്രവർത്തനങ്ങൾ, പ്രത്യേകിച്ച് അനാഥശാലയുടെ നടത്തിപ്പ്, ആതുരശുശ്രൂഷ, പ്രസ്സും പ്രസിദ്ധീകരണങ്ങളും മുഖേനയുള്ള അപ്പസ്തോലിക പ്രവർത്തനങ്ങൾ എന്നിവയും അവർ നിർവഹിച്ചു. അതിഥികളെ യഥോചിതം സ്വീകരിച്ച് അവരെ ധന്യരാക്കി. കാട്ടുമൃഗങ്ങളോടും കാട്ടുതീയോടും മല്ലിട്ട് കൃഷിയിറക്കി, ഡയറി ഫാം നടത്തി. ഇവിടെയെല്ലാം പ്രാർത്ഥനയും പ്രവർത്തനങ്ങളും തമ്മിൽ സമന്വയിപ്പിക്കാൻ അവർ മറന്നില്ല. അതായിരുന്നു അവരുടെ വിജയരഹസ്യവും.

## കത്തോലിക്കാസഭയിൽ

ബഥനി പ്രസ്ഥാനത്തിലൂടെ മലങ്കരസഭയെ ആദ്ധ്യാത്മികൗന്നത്യത്തിലേക്കു നയിക്കുന്നതിന് മാർ ഈവാനിയോസിനു സാധിച്ചെങ്കിലും, ശാശ്വതമായ സമാധാനത്തിനും സുസ്ഥിതിയ്ക്കുമുള്ള മാർഗ്ഗം സാർവത്രിക സഭയുമായി സംസർഗ്ഗത്തിലെത്തുകയാണെന്ന് മാർ ഈവനിയോസിനു ബോദ്ധ്യമായി. 1920 മുതൽ 1930 വരെയുള്ള ബഥനിയുടെ ചരിത്രം ഈ ഐക്യാന്വേഷണ ശ്രമങ്ങളുമായി ബന്ധപ്പെട്ടു കിടക്കുന്നു. അനുചിന്തനത്താലും അസാധാരണമായ സന്യാസസാഹചര്യത്താലും ക്രിസ്താനുകരണത്തിന്റെ മാർഗ്ഗത്തിലൂടെ ചരിച്ച് ഈ ഐക്യസംവാദം ഫലവത്താക്കുവാൻ അവർ ശ്രമിച്ചു. തത്ഫലമായി 1930 ആഗസ്റ്റ് 19-ാം തീയതി സാർവത്രികസഭയിലേക്കു തീർത്ഥാടനത്തിനു തയ്യാറായ 19 ആശ്രമസ്ഥർ മാർ ഈവാനിയോസിന്റെ നേതൃത്വത്തിൽ ബഥനി മലയോടു യാത്ര പറഞ്ഞു. അത് യഥാർത്ഥത്തിൽ ഒരു 'പുറപ്പാട്' അനുഭവമായിരുന്നു.

വെണ്ണിക്കുളത്ത് ഒരു യാക്കോബായ സുഹൃത്തു നൽകിയ ഭവനം ബഥനി ആശ്രമമായി രൂപാന്തരപ്പെടുത്തി അവർ അവിടെ താമസമാക്കി. 1930 സെപ്റ്റംബർ 20-ാം തിയതി ദീർഘനാളായി കാത്തിരുന്ന പുനരൈക്യസംഭവം യാഥാർത്ഥ്യമാവുകയും പിറ്റേ ദിവസം ആശ്രമാംഗങ്ങളെ മാർ ഈവാനിയോസ് കത്തോലിക്കാ സഭയിലേക്ക് സ്വീകരിക്കുകയും ചെയ്തു. അങ്ങനെ ബഥനി പുനരൈക്യ പ്രസ്ഥാനത്തിന്റെ പിള്ളത്തൊട്ടിലായി.

1930 നവംബർ 6-ാം തിയതി വെണ്ണിക്കുളത്തിനടുത്ത് പുല്ലാട്ട് പുതുതായി നിർമ്മിച്ച ആശ്രമത്തിലേക്ക് അംഗങ്ങൾ താമസം മാറ്റുകയും പുനരൈക്യ സഭാശിശുവിന് പരിചരണങ്ങൾ നൽകുന്നതിനുള്ള വിവിധ കർമ്മപരിപാടികളിൽ ഏർപ്പെടുകയും ചെയ്തു. 1932-ൽ മലങ്കര കത്തോലിക്കാ ഹൈരാർക്കി സ്ഥാപിച്ചതോടെ, ആസ്ഥാനമായ തിരുവനന്തപുരത്ത് സ്ഥാപനങ്ങളോ പള്ളികളോ ഇല്ലാതിരുന്നതിനാൽ 1933-ൽ വെണ്ണിക്കുളത്തുനിന്ന് താമസം നാലാഞ്ചിറയിൽ പുതുതായി നിർമ്മിച്ച ആശ്രമത്തിലേക്കു മാറ്റി. തിരുവല്ലാ മെത്രാനായിരുന്ന മാർ തിയോഫിലോസിന്റെ അഭ്യർത്ഥനപ്രകാരം കുറേപ്പേരെ തിരുവല്ലായിലേക്കും സഭാസേവനത്തിനായി അയച്ചു. അതോടെ ബഥനി സന്യാസിസമൂഹം രണ്ടു രൂപതാസമൂഹങ്ങളായി, തിരുവനന്തപുരം മെത്രാപ്പോലീത്തായുടെയും, തിരുവല്ലാ മെത്രാന്റെയും ഭരണത്തിലായി. ഈ ക്രമീകരണത്തോട് പല അംഗങ്ങളും വിയോജിച്ചു. ഏക സമൂഹമായി ഒരു സുപ്പീര്യർ ജനറലിന്റെ കീഴിൽ ആയിരിക്കുവാൻ അവർ ആഗ്രഹിക്കുകയും സഭാധികാരികളോട് അതിനായി അഭ്യർത്ഥിക്കുകയും ചെയ്തു. അങ്ങനെ 1948-ൽ വീണ്ടും ബഥനി ആശ്രമം ഒരു പൊതുസമൂഹമായി പ്രഖ്യാപിക്കുകയും ചെങ്ങന്നൂരെ സെന്റ് തോമസ് മിഷ്യൻ മന്ദിരം ആദ്യ ജനറലേറ്റായി തീരുകയും ചെയ്തു. ബഥനിയുടെ സുഗമമായ നടത്തിപ്പിനായി 1951-ൽ ഫാ. ഫ്രാൻസിസ് സാലസ്, TOCD യെ കാനോനിക വിസിറ്ററായി മെത്രാപ്പോലീത്താമാർ നിയമിക്കുകയും 1953-ൽ ഫാ.അഗസ്തോ ലൊംബാർഡിയെ അപ്പസ്തോലിക് വിസിറ്ററായി പരി. സിംഹാസനം നിയമിക്കുകയും

www.malankaralibrary.com

ചെയ്തു. 1953-ൽ ജനറലേറ്റു മന്ദിരം ചെങ്ങന്നൂർ നിന്നും നാലാഞ്ചിറയിലേക്കു മാറ്റി.

പുനരൈക്യത്തെ തുടർന്നുള്ള ഈ ഘട്ടം (1930-53) ബഥനിയെ സംബന്ധിച്ചിടത്തോളം അനിശ്ചിതത്വത്തിന്റെ കാലമായിരുന്നു. മുണ്ടൻമലയിൽ രൂപീകരിച്ചെടുത്ത നിഷ്ഠാപരമായ സന്യാസജീവിതം അഭ്യസിക്കുവാൻ സാഹചര്യങ്ങൾ അനുകൂലമായിരുന്നില്ല. സംഘാതജീവിതത്തിനും പുതുതായി അർത്ഥികളെ സ്വീകരിച്ച് പരിശീലിപ്പിക്കുന്നതിനും അവസരം ലഭിക്കാതായി. എങ്കിലും പുനരൈക്യ പ്രസ്ഥാനത്തിനു താങ്ങുംതണലുമാകുവാൻ ബഥനിക്കു കഴിഞ്ഞു വെന്നത് ചാരിതാർത്ഥ്യജനകമാണ്.

## ആധുനിക കാലഘട്ടം


1953-ൽ ബഥനിയുടെ ഭരണസംവിധാനം കുറേക്കൂടി ക്രമവത്കൃതമായതോടെ, അതിന്റെ അനിശ്ചിതാവസ്ഥ അവസാനിക്കുകയും വളർച്ചയുടെ പുതിയ ഒരു ഘട്ടത്തിലേക്ക് പ്രവേശിക്കുകയും ചെയ്തു. കൂടുതൽ പേർ സമൂഹത്തിൽ ചേരുകയും പരിശീലന പരിപാടികൾ ചിട്ടപ്പെടുത്തുകയും പുതിയ ഭവനങ്ങൾ ആരംഭിക്കുകയും ചെയ്തു. 1961-ൽ ഫാ. ജോസഫ് ഇടമരത്തെ ബഥനി സമൂഹത്തിന്റെ റിലീജിയസ്സ് അസിസ്റ്റൻറായി പൗരസ്ത്യ തിരുസംഘം നിയമിച്ചു. 1966 ഏപ്രിൽ 14-ാം തീയതി പൊന്തിഫിക്കൽ പദവിയിലേക്ക് ബഥനി ഉയർത്തപ്പെട്ടത് അതുവരെയുള്ള സഭാസേവനത്തിന് ഒരംഗീകാരമാണ്. രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ ദൈവശാസ്ത്ര ചിന്താരീതികൾ ഉൾക്കൊണ്ട് സമൂഹനിയമം പരിഷ്ക്കരിക്കുവാനുള്ള ശ്രമം 1968-ൽ നടന്നു. 1971-ൽ ബഥനി ആശ്രമത്തിന്റെ ജനറലേറ്റ് നാലാഞ്ചിറ നിന്നും കോട്ടയത്തേക്കു മാറ്റിയതോടെ അതിന്റെ ബഹുവിധ പ്രവർത്തനങ്ങൾ വിപുലപ്പെടുത്തുകയും പുതിയ പല ഭവനങ്ങൾ ആരംഭിക്കുകയും ചെയ്തു.

ഇന്ന് 94 വൈദികരും 11 സന്യാസസഹോദരന്മാരും 67 വൈദികവിദ്യാർത്ഥികളും 31 സന്യാസഭവനങ്ങളും, സാമൂഹ്യ സാംസ്ക്കാരിക വിദ്യാഭ്യാസ മേഖലകളിൽ പ്രവർത്തിക്കുന്ന 30 സ്ഥാപനങ്ങളും ബഥനിക്കുണ്ട്. തിരുവല്ലാ കേന്ദ്രമാക്കി ഒരു സുവിശേഷസംഘം പ്രവർത്തിക്കുന്നു. മുദ്രാലയപ്രേഷിതരംഗത്ത് അറുപത്തിനാലോളം ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിച്ചു കൊണ്ട് ബഥനി പബ്ളിക്കേഷൻസ്, മുന്നേറുന്നു. മലങ്കര കത്തോലിക്കാസഭയിലെ മൂന്നു രൂപതകളിലും ബോംബെ, പൂനാ, ഭിലായ്, കൽക്കട്ട, സൗത്ത്കാനറ എന്നീ ബാഹ്യകേരള മിഷ്യനുകളിലും അജപാലന ശുശ്രൂഷ നിർവഹിക്കുന്നു. പൗരസ്ത്യ മലങ്കര സഭാപൈതൃകങ്ങൾക്കനുസൃതമായ വൈദിക പഠന, പരിശീലനപദ്ധതികളും ആസൂത്രണം ചെയ്ത് നടപ്പിലാക്കിയിട്ടുണ്ട്. അങ്ങനെ ബഥനി വളർച്ചയുടെ പാതയിൽ ധൃതഗതിയിൽ മുന്നോട്ടു പൊയ്ക്കൊണ്ടിരിക്കുന്നു.

## ഉപസംഹാരം

ബഥനി സന്യാസിസമൂഹം ചരിത്രത്തിലൂടെ കടന്നുപോയ എഴുപത്തഞ്ചു വർഷങ്ങൾ നാം അന്വേഷണവിധേയമാക്കി. എഴുപത്തഞ്ചു വർഷങ്ങൾ ഒരുപക്ഷേ, ഒരു പ്രസ്ഥാനത്തെ സംബന്ധിച്ചിടത്തോളം വലിയ കാലഘട്ടമല്ലായിരിക്കാം. എങ്കിലും ബഥനിയുടെ കഴിഞ്ഞകാല ചരിത്ര സംഭവങ്ങളും അവയെക്കുറിച്ചുള്ള വിശകലനങ്ങളും നാളത്തെ ബഥനിയെ രൂപപ്പെടുത്താൻ കുറച്ചൊന്നുമല്ല സഹായിക്കുന്നത്. വത്തിക്കാൻ കൗൺസിൽ വിഭാവനം ചെയ്യുന്നതുപോലെ, സമൂഹത്തിന്റെ സ്ഥാപകചൈതന്യം സ്വാംശീകരിച്ചുകൊണ്ട് കാലോചിതമായ നവീകരണത്തിലൂടെ ദൈവസമ്പാദനവും ദൈവജനശുശ്രൂഷയും അർത്ഥവത്താക്കാനുള്ള ആഹ്വാനമാണ് ഈ ചരിത്രപഠനം ബഥനിക്കു നൽകുന്ന സന്ദേശം.

www.malankaralibrary.com



ഫാ. പക്കോമിയോസ് ഒ.ഐ.സി

# ബഥനിയും പുനരൈക്യവും

മലങ്കര സഭയിൽ ഇരുപതാം നൂറ്റാണ്ടിൽ നടന്ന ചരിത്ര പ്രാധാന്യമുള്ള മഹത് സംഭവങ്ങളിൽ ബഥനിയുടെ കത്തോലിക്കാ പുനരൈക്യമാണ് ഈ ലേഖനത്തിൻെറ വിഷയം. ബഥനി മലങ്കരസഭയിലെ പ്രഥമ സന്യാസി സമൂഹമാണ്. ആശ്വാസത്തിൻെറ ഭവനം എന്നർത്ഥമുള്ള ബഥനി എന്ന പേര് സ്വീകരിക്കുന്നതിന് സംഗതിയായത് യാദൃശ്ചികമാണെങ്കിലും ദൈവ നിവേശിതമായിരുന്നുവെന്ന് കാണാൻ കഴിയുന്നു. സ്ഥാപകൻ പറയുന്നു. "ആശ്രമം സ്ഥാപിക്കേണ്ടത് ഇന്ന പ്രദേശത്താണെന്ന് നിശ്ചയിക്കുകയും അതിനു വേണ്ടുന്ന സ്ഥലം ലഭിക്കുകയും ചെയ്തു കഴിഞ്ഞപ്പോൾ ആശ്രമത്തിൻെറ പേര് എന്തായിരിക്കുമെന്നതിനെപ്പറ്റി ആലോചിച്ചു വന്നു. ആശ്രമത്തിൻെറ നാനാ മുഖങ്ങളായ ആദർശങ്ങളെ പ്രദ്യോതിപ്പിക്കുന്നതും, ദൈവത്തോടുള്ള ബന്ധത്തെ അനുസ്മരിപ്പിക്കുന്നതുമായ ഒരു പേര് വേണം എന്ന് നാം ആഗ്രഹിച്ചു. ഒരു ദിവസം ഇതിനെക്കുറിച്ച് ചിന്തിച്ചുകൊണ്ടിരിക്കവേ, വേദപുസ്തക നിഘണ്ഡുവിൽ നിന്നും എടുത്തു നോക്കേണ്ടതായി വന്നു കൂടി. അപ്പോൾ ദൃഷ്ടിയിൽപ്പെട്ടത് ബഥനി എന്ന പേരായിരുന്നു. തദവസരത്തിൽ ബഥനിയിലെ ലാസറിനെപ്പറ്റിയും അയാളുടെ സഹോദരിമാരെപ്പറ്റിയും, അവർ മൂന്നും ത്രിവിധങ്ങളായി മിശിഹാ തമ്പുരാനെ ഉപചരിച്ചിരുന്നതിനെപ്പറ്റിയും മൂവരുടെയും ആദർശങ്ങളെയും പ്രകൃതങ്ങളെപ്പറ്റിയും ചിന്തിച്ചപ്പോൾ ബഥനി എന്നത് നമ്മുടെ ആശ്രമത്തിന് അനുയോജ്യമായതും അർത്ഥവത്തായതുമായ നാമധേയമാണെന്ന് നമുക്കു പരിപൂർണ്ണമായി ബോധ്യം വന്നു. അതിനാൽ നമ്മുടെ ആശ്രമത്തിന് ബഥനി ആശ്രമം എന്ന പേര് നാം സ്വീകരിക്കുകയും നമ്മുടെയും ആശ്രമസ്ഥരാവാൻ ഒരുങ്ങുന്ന ശിഷ്യന്മാരുടെയും അഭിമത പ്രകാരം സന്യാസി സമൂഹത്തിന് "മിശിഹാനുകരണ സമൂഹം" എന്ന് അഭിധാനം നൽകുകയും ചെയ്തു. (ഗിരിദീപം പേജ് 69)

## ബഥനിയുടെ സ്വതന്ത്ര നില

മലങ്കര യാക്കോബായ സഭയിലെ കക്ഷിവഴക്കിലും വ്യവഹാരത്തിലും ഉൾപ്പെടാത്ത വിധം സമാരംഭിച്ച ബഥനി ആദ്ധ്യാത്മിക കാര്യങ്ങളിലും സുവിശേഷഘോഷണത്തിലും അനാഥ കുട്ടികളുടെ സംരക്ഷണം തുടങ്ങിയ ജീവ കാരുണ്യ പ്രവർത്തന ങ്ങളിലും മാത്രം ശ്രദ്ധിച്ചിരുന്നു. തന്നിമിത്തം ക്രൈസ്തവരും അക്രൈസ്തവരുമായി എല്ലാ വിഭാഗത്തിലുംപെട്ട നല്ല മനുഷ്യരുടെ സഹായസഹകരണങ്ങൾ ഉദാരമായി ബഥനിക്ക് ലഭിച്ചിരുന്നു. അതോടൊപ്പം സഭാപിതാക്കൻമ്മാരും ബഥനിയുടെ പേരിൽ സ്നേഹപൂർവ്വമായ പ്രോത്സാഹനം നൽകിയിരുന്നു. ബഥനിയുടെ സ്വതന്ത്രമായ വളർച്ച സുഗമ

www.malankaralibrary.com

മാകുന്നതിനും പൗരോഹിത്യാഭിഷേകം, ദിവ്യ കർമ്മാനുഷ്ഠാനങ്ങൾ, വിജാതിയരുടെ ഇടയിൽ ഉള്ള സുവിശേഷ ഘോഷണം എന്നിവ നിർവിഘ്നം നടക്കുന്നതിന് ബഥനിയിൽ മേൽപ്പട്ടക്കാർ ആവശ്യമാണെന്ന ബോധ്യം സഭാപിതാക്കൻമാരിൽ പരിശുദ്ധാത്മാവ് ഉളവാക്കി. 1925-ൽ പരുമല സെമിനാരിയിൽ ഒരു എപ്പിസ്കോപ്പൽ സുന്നഹദോസ് സമ്മേളിച്ചു. പ്രസ്തുത സുന്നഹദോസ് പിതാക്കൻമാർ, ബഥനിയുടെ സ്ഥാപകനും സമൂഹാധ്യക്ഷനുമായ ആബോ ഗീവറുഗീസിനെ ബഥനിയുടെ എപ്പിസ്ക്കോപ്പയായി വാഴിക്കുവാനും ആലോചിക്കുകയുണ്ടായി. അദ്ദേഹം അന്ന് പരുമല സെമിനാരിയിൽ ചെന്നിട്ടുണ്ടായിരുന്നു. പിതാക്കന്മാർ ഗിവറുഗീസ് റമ്പാനോട് പറഞ്ഞു ബഥനിയുടെ "എപ്പിസ് കോപ്പയായി" സ്ഥാനം ഏൽക്കണം എന്ന്. ദൈവഹിതമെന്ന് പിതാക്കന്മാർക്ക് ബോധ്യമുണ്ടെങ്കിൽ മാത്രം മതി എന്ന് മറുപടി പറഞ്ഞു. പ്രസ്തുത സുന്നഹദോസ് തീരുമാനപ്രകാരം 1925 ഏപ്രിൽ 30-ാം തിയതി വ്യാഴാഴ്ച പരിശുദ്ധ മാർ തോമാശ്ലീഹയാൽ സ്ഥാപിതമായ, ദൈവമാതാവായ പരിശുദ്ധ കന്യക മറിയാമിൻെറ നാമത്തിലുള്ള നിരണം പള്ളിയിൽ വച്ച് മാർ പിലക്സിനോസ് തിരുമേനി ദ്വിതീയ കാതോലിക്കയായി വാഴിക്കപ്പെട്ടു. പിറ്റേ ദിവസം മെയ്മാസം ഒന്നാം തിയതി വെള്ളിയാഴ്ച വന്ദ്യ ഗീവറുഗിസ് റമ്പാനെ ബഥനിയുടെ എപ്പിസ്ക്കോപ്പയായി മാർ ഈവാനിയോസ് എന്ന പേരിൽ അഭിഷേകം ചെയ്തു. ബഥനി സമൂഹാധ്യക്ഷൻ ബഥനി മെത്രാനായി സ്ഥാനം ഏറ്റശേഷം പലസ്ഥലങ്ങളിലും ബഥനി പള്ളികൾ ആരംഭിച്ചു. ബഥനി മെത്രാൻെറ പ്രസംഗയോഗങ്ങളും ദിവ്യകർമ്മാനുഷ്ഠാനങ്ങളും വിശ്വാസികളുടെ ഇടയിൽ പൂർവ്വോപരി ആത്മിയ ഉണർവ്വ് ഉളവാക്കി. ചുരുങ്ങിയ കാലത്തിനുള്ളിൽ സഭയിൽ കാണപ്പെട്ട ആത്മിയ പുരോഗതിയിൽ സഭാ പിതാക്കന്മാർ സംപ്രീതരായി. രണ്ടാം കാതോലിക്കാ കാലം ചെയ്ത ശേഷം 1928 ഡിസംബർ 19-ാം തിയതി എപ്പിസ്കോപ്പൻ സുന്നഹദോസ് വീണ്ടും കൂടി മൂന്നാം കാതോലിക്കയെ വാഴിക്കാൻ ആലോചിച്ചു. നിരണം ഇടവകയുടെ മെത്രാപ്പോലിത്താ മാർ ഗ്രിഗോറിയസ് തിരുമേനിയെ കാതോലിക്കായായി വാഴിക്കാൻ തീരുമാനിച്ചു. അത് കൂടാതെ ബഥനിയുടെ എപ്പിസ്കോപ്പ മാർ ഈവാനിയോസ് തിരുമേനിയെ ബഥനിയുടെ മെത്രാപ്പോലിത്ത ആയും, ബഥനിയിലെ ഗുരുവായിരുന്ന വന്ദ്യ യാക്കോബ് റമ്പാനെ ബഥനിയുടെ എപ്പിസ്ക്കോപ്പയായി അഭിഷേചിക്കുവാനും തീരുമാനിച്ചു. പ്രസ്തുത തീരുമാനപ്രകാരം 1929 ഫെബ്രുവരി 13-ാം തിയതി കാതോലിക്കയെ വാഴിക്കുകയും മാർ ഈവാനിയോസിനെ ബഥനിയുടെ മെത്രാപ്പോലിത്തയായി അവരോധിക്കുകയും ചെയ്തു. പിറ്റേ ദിവസം യോക്കോബ് റമ്പാനെ ബഥനിയുടെ എപ്പിസ്ക്കോപ്പയായി മാർ തെയോഫിലോസ് എന്ന് പേര് നൽകി അഭിഷേചിക്കുകയും ചെയ്തു. ഇതിനെപ്പറ്റി സമൂഹസ്ഥാപകൻ പറയുന്നു. "ബഥനി ആശ്രമത്തിൽ നിന്ന് മേൽപ്പട്ടക്കാർ ഉണ്ടാകണം എന്ന് ആഗ്രഹിച്ചില്ല. ബഥനി വകയായി പള്ളിവേണം എന്നും ആശിച്ചിരുന്നില്ല. പരിശുദ്ധാത്മാവായ ദൈവം വിശുദ്ധ പിതാക്കൻമാർ വഴിയായി ബഥനിക്ക് മേൽപ്പട്ടക്കാരെ അഭിഷേകം ചെയ്തു. അവിടുന്ന് തന്നെ പലയിടങ്ങളിലുമായി ചുരുക്കം ചില പള്ളികളും ഉണ്ടാക്കിപ്പിച്ചു". [ഗിരിദീപം പേജ് 146] ഇങ്ങനെ ബഥനി, മെത്രാപ്പൊലീത്തായും മെത്രാനും വൈദികരും ശെമ്മാശൻമാരും കന്യാസ്ത്രീകളും വിശ്വാസികളും എല്ലാം ഉൾപ്പെടുന്ന ഒരു സ്വതന്ത്രസഭയായി മലങ്കര സഭയുടെ കൂട്ടായ്മയിൽ കഴിഞ്ഞിരുന്നു. തന്നിമിത്തം മലങ്കര സഭാ വിശ്വാസികളുടെ എല്ലാം ആശാകേന്ദ്രമായി ബഥനി തീർന്നിരുന്നു.

അഭിപ്രായ ഭിന്നത, അധികാരഭ്രമം, വിശ്വാസ വിപരീതം മുതലായ കാരണങ്ങളാലാണ് സഭാ വിഭാഗങ്ങൾ ആവിർഭവിച്ചിട്ടുള്ളത്. എന്നാൽ ബഥനിയുടെ സ്വതന്ത്രാവസ്ഥ പരിശുദ്ധാത്മാവിനാൽ പ്രേരിതരായ സഭാ പിതാക്കൻമാർ സ്വതന്ത്ര മനസ്സോടെ ബഥനിക്ക് വേണ്ടി മേൽപ്പട്ടക്കാരെ വാഴിച്ചുകൊണ്ട് നൽകിയിട്ടുള്ളതാണ്. ഇത്, പുനരൈക്യത്തിന് വേണ്ടിയുള്ള ദൈവ പരിപാലനയുടെ മുൻ ഒരുക്കം ആയിരുന്നുവെന്ന് കാണാവുന്നതാണ്. ഈ പിതാക്കൻമാർ തന്നെയാണ് ഏതെങ്കിലും ഒരു പുരാതന സഭയോട് ഐക്യപ്പെടുന്നതിന് പരിശ്രമിക്കുവാൻ ബഥനിയുടെ മാർ ഈവാനിയോസ് തിരുമേനിയെ പ്രേരിപ്പിച്ചത്. ബഥനി ഒരു പക്ഷേ മലങ്കര സഭാ മേൽക്കോയ്മയുടെ അധീനതയിൽ ആയിരുന്നെങ്കിൽ

www.malankaralibrary.com

സഭാതലത്തിലുള്ള ഒരു പുനരൈക്യം സാദ്ധ്യമാകുമായിരുന്നില്ല എന്ന് നിസംശയം പറയാം. സഭയിലെ കക്ഷിവഴക്കും തുടരെ തുടരെയുള്ള വ്യവഹാരവും മൂലം മനസ്സു മടുത്ത് പുനരൈക്യം ആഗ്രഹിക്കുകയും അതിന് സമ്മതം നൽകുകയും അതിനു വേണ്ടി എഴുത്തുകുത്തുകൾ നടത്തുവാൻ ബഥനിയുടെ മാർ ഈവാനിയോസ്സിനെ ഭരണമേൽപ്പിക്കുകയും ചെയ്ത പിതാക്കൻമാർ മലങ്കര ഓർത്തഡോക്സ് സഭയുടെ ഭരണാധികാരത്തിന് അധീനരായിരുന്നതിനാൽ ആണ് പുനരൈക്യത്തിലേക്ക് വരുവാൻ അവർക്ക് സാധിക്കാതെ പോയത്.

## ബഥനിയുടെ സ്ഥാപനങ്ങൾ

ബഥനിയുടെ സ്ഥാപകനും സമൂഹാധ്യക്ഷനും എന്ന നിലയിൽ ബഥനി സ്ഥാപനങ്ങളെല്ലാം ബഥനി മെത്രാപ്പോലിത്തായാൽ ഭരിക്കപ്പെട്ടിരുന്നു. ബഥനി പളളികൾ ബഥനി എപ്പിസ്കോപ്പായാലും ഭരിക്കപ്പെട്ടിരുന്നു. മൂന്ന് ബഥനിയാശ്രമങ്ങളും പളളികളും, ചാപ്പലുകളുമായി 15 ആരാധനാലയങ്ങളും ഉണ്ടായിരുന്നു. ബഥനിപ്രസ്സും പ്രസിദ്ധീകരണങ്ങളും ഉണ്ടായിരുന്നു. കൂടാതെ മെത്രാപ്പോലീത്ത മാർ ഈവാനിയോസിനാൽ സ്ഥാപിതമായ കന്യാസ്ത്രീകൾക്കു വേണ്ടിയുളള ബഥനിമഠവും തിരുമൂലപുരത്ത് ഉണ്ടായിരുന്നു. ഇതിനു പറമെ 15 സ്ഥലങ്ങളിൽ പളളി സ്ഥാപിക്കുവാൻ സ്ഥലവും ലഭിച്ചിരുന്നു. ബഥനി മെത്രാപ്പോലിത്തയാൽ ഭരിക്കപ്പെട്ടിരുന്ന ഒരു സ്വതന്ത്ര സഭാസമൂഹമായിരുന്നു ബഥനി എന്ന് കാണാവുന്നതാണ്.

## സഭാവീക്ഷണം

സന്ധ്യാ പ്രാർത്ഥനയ്ക്കു ശേഷമുളള സ്തോത്ര പ്രാർത്ഥന, പ്രഭാത പ്രാർത്ഥനയെത്തുടർന്നുളള ദിനപ്രതിഷ്ഠ, മധ്യാഹ്ന പ്രാർത്ഥനാനന്തരമുളള മദ്ധ്യസ്ഥ പ്രാർത്ഥന ഇവയിൽ എല്ലാം സാർവത്രിക സഭാ വീക്ഷണവും സംബോധനയും ഉണ്ടായിരുന്നു. സന്ധ്യാപ്രാർത്ഥനയ്ക്ക് ശേഷമുള്ള സ്തോത്ര പ്രാർത്ഥനയിൽ, വിശുദ്ധ ത്രിത്വമേ വിശുദ്ധ കാതോലിക്കാ സഭയ്ക്ക് നീ സ്വയം വെളിപ്പെടുത്തിയിരിക്കുന്നതിനാലും അതിൻെറ മക്കളായ ഞങ്ങളെ അനുഗ്രഹിച്ചിരിക്കുന്നതിനാലും സ്തോത്രം. ഈ പ്രാർത്ഥന ബഥനിയിൽ പതിവായി ചൊല്ലിയിരുന്നതാണ്. പ്രസംഗങ്ങളിൽ സഭയെപ്പറ്റിയുളള സംബോധനകൾ സാർവത്രിക സഭ കാതോലിക സഭ എന്നിങ്ങനെ ആയിരുന്നു. സ്വതന്ത്ര സഭാസമൂഹം എന്ന നിലയിൽ വിശുദ്ധ കുർബാനയുടെ തുബ്ദേനിലും മറ്റും സഭാധ്യക്ഷൻമാരെ സംബോധന ചെയ്യുന്ന സ്ഥലങ്ങളിലും മാർ ഈവാനിയോസ് മെത്രോപ്പോലീത്തായുടെയും മാർ തെയോഫിലോസ് എപ്പിസ്കോപ്പയുടെയും പേരുകളാണ് പറഞ്ഞിരുന്നത്. ഇത് കാരണം ബഥനി, കത്തോലിക്കാ സഭയിൽ ലയിക്കും എന്നുളള ധാരണയും സംസാരവും പലരുടെ ഇടയിലും ഉണ്ടായിരുന്നു.

## പുനരൈക്യം

ഭിന്നിപ്പിന് ശേഷമുളള ഐക്യത്തിനാണ് "പുനരൈക്യം" എന്ന് പറയുന്നത്. അതിനാൽ പുനരൈക്യം ആവശ്യമായി വന്ന ഭിന്നിപ്പിനെക്കുറിച്ച് അറിയേണ്ടത് ആവശ്യമാണല്ലോ. നമ്മുടെ കർത്താവിൻെറ ശിഷ്യന്മാരിൽ ഒരുവനായ മാർത്തോമ്മാശ്ലീഹാ സുവിശേഷം പ്രസംഗിപ്പാനായി ക്രിസ്തു വർഷം 52ൽ നമ്മുടെ നാട്ടിൽ വന്നു. സുവിശേഷം പ്രസംഗിച്ചു. വിശ്വസിച്ച് മാമ്മോദീസാ സ്വീകരിച്ചവർക്കുവേണ്ടി പളളികളും സ്ഥാപിച്ചു. വിശ്വസിച്ചവർ നസറായൻെറ അനുഗാമികൾ എന്ന് വിളിക്കപ്പെട്ടിരുന്നു. ക്രിസ്തുവും ശിഷ്യന്മാരും സംസാരിച്ചിരുന്ന സുറിയാനി ആരാധന ഭാഷ ആയിരുന്നതിനാൽ സുറിയാനിക്കാർ എന്നും അറിയപ്പെട്ടിരുന്നു. ഇടക്കാലത്ത് ആവിർഭവിച്ച നെസ്തോർ, ട്രോക്കോസ് മുതലായ പല പാഷണ്ഡികളെയും അതിജീവിച്ച് സഭ ഏകയോഗമായി കഴിഞ്ഞിരുന്നു. പതിനാറാം നൂറ്റാണ്ടിൽ സഭാഭരണത്തിൽ കയറിപറ്റിയ പോർട്ടുഗീസുകാരായ മേൽപ്പട്ടക്കാർ ഇവിടെ നടപ്പിലിരുന്ന സുറിയാനി ആരാധനക്രമങ്ങൾക്ക് വ്യതിയാനം വരുത്തുവാൻ പരിശ്രമിച്ചു. അതു കാരണം വിശ്വാസികൾ അസ്വസ്ഥരായി തീർന്നു. പോർട്ടുഗീസ് ആധിപത്യത്തെ അവർ എതിർത്തു. 1653 ജാനുവരി 3-ാം തിയതി അവർ ഒരുമിച്ച് കൂടി അവിടെ സ്ഥാപിച്ചിരുന്ന "കൂനൻകുരിശിൽ ആലാത്ത്" കെട്ടി സത്യം ചെയ്ത് പോർട്ടുഗീസ് ആധിപത്യത്തെ അവഗണിച്ചു. പിന്നീട്

www.malankaralibrary.com

അവരിൽ പലരും പിന്തിരിഞ്ഞു എങ്കിലും ഒരു ഭാഗം പിന്തിരിയാതെ ശഠിച്ചു നിന്നു. 12 വർഷങ്ങൾക്ക് ശേഷം അന്തിയോക്യായിലെ യാക്കോബായ പാത്രിയർക്കീസിനാൽ അയക്കപ്പെട്ട മാർ ഗ്രീഗോറിയോസ് കേരളത്തിൽ വരുകയും ഭിന്നിച്ച് നിന്നവർ അദ്ദേഹത്തെ സ്വീകരിക്കുകയും ചെയ്തു. അദ്ദേഹം ക്രമേണ അന്ത്യോക്യൻ ആരാധനക്രമം ഇവിടെ നടപ്പിലാക്കുകയും സുറിയാനി സഭ പുത്തൻകൂർ, പഴയകൂർ എന്നീ രണ്ട് വിഭാഗങ്ങളായി ത്തീരുകയും ചെയ്തു. മാർ ഗ്രിഗോറിയോസ് പുത്തൻകൂർ വിഭാഗത്തിൽപ്പെട്ടവർക്ക് പട്ടവും മേൽപട്ട സ്ഥാനവും കൊടുത്തു. ഈ വിഭാഗത്തിൻെറ ഭരണാധികാരികളായ അർക്കദിയാക്കൻമാരും മാർത്തോമ്മാ മാരും പിന്നീട് മാർപാപ്പയുമായുള്ള പുനരൈക്യത്തിന് പരിശ്രമിച്ചിരുന്നതായി ചരിത്രം സാക്ഷിക്കുന്നു. ഭിന്നിപ്പിനെ കുറിച്ചുള്ള പശ്ചാത്താപം അവർക്ക് ഇല്ലാതിരുന്നതിനാലും അവരുടെ യഥാർത്ഥ കൈവെപ്പിനെപ്പറ്റി സംശയം ഉണ്ടായിരുന്നതിനാലും അവരുടെ അപേക്ഷ റോമിൽ സ്വീകരിച്ചില്ല.

## പരുമല സുന്നഹദോസ്

തുടർച്ചയായ സമുദായക്കേസ് കാരണം കക്ഷിവഴക്ക് കൊടുമ്പിരികൊണ്ടിരുന്നതിനാൽ സഭാ പിതാക്കന്മാർ സമാധാനത്തിനുള്ള മാർഗ്ഗത്തെപ്പറ്റി ചിന്തിച്ചു. 1926-ൽ തിരുമേനിമാർ പരുമല സെമിനാരിയിൽ ഒരുമിച്ച് കൂടി ഏതെങ്കിലും ഒരു പുരാതന സഭയുമായി ഐക്യപ്പെടുന്നതിനെപ്പറ്റി ആലോചിച്ചു. കത്തോലിക്കാ സഭയാണ് വിശ്വാസ ഐക്യമുള്ള സഭയെന്നും ഇവിടെ നാം ആദരിക്കുന്ന അന്ത്യോക്യൻ ആരാധനക്രമം അംഗീകരിക്കുന്ന പക്ഷം കത്തോലിക്കാ സഭയുമായി ഐക്യ പ്പെടുന്നതിനും എഴുത്ത്കുത്തുകൾ നടത്തുന്നതിനും അവർ ബഥനി മെത്രാനായിരുന്ന മാർ ഈവാനി യോസിനെ ചുമതലപ്പെടുത്തി. അതനുസരിച്ച് അദ്ദേഹം എഴുത്തു കുത്തുകൾ ആരംഭിച്ചു.

## പുനരൈക്യത്തിനായുള്ള പ്രഥമ പരിശ്രമം

മലങ്കര ഓർത്തഡോക്സ് സഭയ്ക്ക് കത്തോലിക്കാ സഭയുമായി ഐക്യപ്പെടുന്നതിനുള്ള സാദ്ധ്യതയെപ്പറ്റി അറിയുന്നതിനു വേണ്ടി കത്തു തയ്യാറാക്കി. തൻെറ സെക്രട്ടറിയായിരുന്ന ബഥനിയിലെ യാക്കോബ് കശ്ശീശ്ശായെക്കൊണ്ടാണ് പ്രസ്തുത കത്തയപ്പിച്ചത്. ബെയ്റൂട്ട് ആസ്ഥാനമായുള്ള അന്ത്യോക്യൻ സുറിയാനി പാത്രിയർക്കീസ് മാർ അപ്രേം റഹ്മാനിക്കാണ് ഈ കത്തയച്ചത്. റോമിൽ പോയിരുന്നതു കാരണം വിദേശ പര്യടനം കഴിഞ്ഞ് എത്തിയപ്പോഴാണ് പാത്രിയർക്കീസ് എഴുത്തു വായിക്കുന്നത്. ഉടനെ തന്നെ മറുപടി അയച്ചു. സഭൈക്യത്തെ സസന്തോഷം പാത്രിയർക്കീസ് സ്വാഗതം ചെയ്തു. അവരുടെ കർബ്ബാനതക്സായും അയച്ചു കൊടുത്തു. പാത്രിയർക്കീസിൻെറ കത്ത്, പുനരൈക്യത്തിനാഗ്രഹിച്ച മെത്രാന്മാരെ കാണിച്ചു. കുണ്ടറ മാർ ഗ്രീഗോറിയോസ് തിരുമേനിയും ഒരുമിച്ച് കുർബ്ബാന തക്സ പരിശോധിച്ചു. സാരമായ വ്യത്യാസമൊന്നുമില്ലന്നും തക്സ സ്വീകാര്യമാണെന്നും ബോദ്ധ്യപ്പെട്ടു. അനന്തരം രണ്ടാം കാതോലിക്ക വാകത്താനം ഗീവറുഗ്ഗീസ് മാർ ബസ്സേലിയോസ് തിരുമേനിയുമായി ആലോചിച്ച് പാത്രിയർക്കീസിനുള്ള മറുപടികത്ത് സുറിയാനിയിൽ തയ്യാറാക്കി മാർ ഈവാനിയോസ് തിരുമേനി നേരിട്ടയച്ചു. പാത്രിയർക്കീസിൻെറ മറുപടി ലഭിക്കുന്നതിനു മുമ്പ് ഒരു ദിവസം ശ്രീമാൻ ഈ.ജെ. ജോൺ ബി.എ. ബി.എൽ തിരുമൂലപുരം ആശ്രമത്തിൽ തിരുമേനിയെ കാണുവാൻ വന്നു. അദ്ദേഹം ഓർത്തഡോക്സു സഭയിലെ ഒരു പ്രമുഖ വ്യക്തിയും സമുദായ സ്നേഹിയും തിരുമേനിയുടെ സുഹൃത്തുമായിരുന്നു. പാത്രിയർക്കീസുമായുള്ള പുനരൈക്യ ആലോചനയെപ്പറ്റി തിരുമേനി അദ്ദേഹത്തോടു പറഞ്ഞു. എല്ലാം കേട്ടശേഷം ബുദ്ധിമാനായ ജോൺ വക്കീൽ പറഞ്ഞു. തിരുമേനി, ഒരു അന്ത്യോക്യാ പാത്രിയർക്കിസിനെ വിട്ട് വേറൊരന്ത്യോക്യ പാത്രിയാർക്കീസിനെ സ്വീകരിക്കുന്നത് ബുദ്ധിയല്ല. തിരുമേനിക്കു സാധിക്കുമെങ്കിൽ റോമാ സഭയുടെ ഭരണഘടനയും നമ്മുടെ സഭയിലെ ആരാധനാക്രമങ്ങളും അനുസരിച്ച് റോമാ മാർപ്പാപ്പായുടെ നേരിട്ടുള്ള ഭരണത്തിൻ കീഴിൽ കത്തോലിക്കാ സഭയുമായി പുനരൈക്യപ്പെടുന്നതിനു ശ്രമിക്കണം എന്നാണെൻെറ അഭിപ്രായം. ഇതുതന്നെയാണ് ബുദ്ധി എന്നു ബോദ്ധ്യപ്പെട്ടതിൻെറ ഫലമായി റോമിലേക്ക് എഴുത്തു കുത്തുകൾ ആരംഭിച്ചു.

www.malankaralibrary.com

## പുനരൈക്യത്തിനായുള്ള ദ്വിതീയ പരിശ്രമം

മലങ്കര ഓർത്തഡോക്സു സഭയിലെ കാതോലിക്കായേയും മേൽപ്പട്ടക്കാരെയും സ്വീകരിക്കാമോ? അവരുടെയിടയിൽ നിലവിലുള്ള അന്ത്യോക്യൻ ആരാധനാക്രമം അംഗീകരിക്കാമോ എന്നിത്യാദി അറിയേണ്ട പല വിഷയങ്ങളും ഉൾപ്പെടുത്തി ഒരു കത്തു തയ്യാറാക്കി പേരും ഒപ്പും ഇല്ലാത്ത ആ കത്ത് തൻെറ സ്വദേശിയായ ജോൺ റിബേരോയെ ഏല്പിച്ചു. റോമിൽ പ്രൊപ്പഗാന്താ കോളജിൽ വൈദിക പഠനം നടത്തിയിട്ടുള്ള അദ്ദേഹം പ്രായാധിക്യത്താൽ സ്വദേശത്ത് വിശ്രമിക്കുകയായിരുന്നു. അദ്ദേഹം റോമിൽ പഠിച്ചിരുന്നപ്പോൾ തൻെറ ഗുരുവായിരുന്ന ഒരാൾ കർദ്ദിനാളായിട്ട് റോമിലുണ്ടെന്നും കർദ്ദിനാൾ വഴി മറുപടി വരുത്താമെന്നും റിബേരോ അച്ചൻ ഭരമേറ്റിരുന്നു. പ്രസ്തുത കത്തുകൾക്കുള്ള മറുപടി അനുകൂലമായിരുന്നെങ്കിലും അനൗദ്യോഗികമായിരുന്നു. റോമിൻെറ നയം മനസ്സിലായപ്പോൾ മാർ ഈവാനിയോസ് തിരുമേനി പുനരൈക്യത്തിനു വേണ്ടി ഒരു മെമ്മോറാണ്ഡം തയ്യാറാക്കി പേരും ഒപ്പും വച്ച് അയച്ചു.

കാതോലിക്കായുടെയും മേൽപ്പട്ടക്കാരുടെയും കൈവയ്പിൻെറ സാധ്യത, അന്ത്യോക്യൻ ആചാരങ്ങളും കൂദാശകളും സഭയുടെ വിശ്വാസാചാരങ്ങളും സാന്മാർഗ്ഗിക പഠനങ്ങൾ തുടങ്ങി എല്ലാ കാര്യങ്ങളും വിശദമായി എഴുതിയിരുന്നു. ഇതിനെപ്പറ്റിയെല്ലാം റോമിൽ നിന്നും വേണ്ട അന്വേഷണം നടത്തിയ ശേഷം അയച്ച മറുപടിയിൽ ഏതാനും വിശദീകരണങ്ങൾ ആവശ്യപ്പെട്ടിരുന്നു. അതിനുള്ള മറുപടി തൃപ്തികരമായിരുന്നു. 1926 ൽ ആരംഭിച്ച എഴുത്തുകുത്തിന് അന്തിമ തീരുമാനം 1929 ലാണുണ്ടായത്. പിന്നീട് പുനരൈക്യം സംബന്ധിച്ചുള്ള എല്ലാ നിബന്ധനകളും അടങ്ങിയ തിരു സംഘത്തിൻെറ അംഗീകാര പത്രം 1930 ആഗസ്റ്റ് മാസത്തിൽ മാർ ഈവാനിയോസ് തിരുമേനിക്കു ലഭിച്ചു.

## പുനരൈക്യത്തിനുള്ള ഒരുക്കം

1930 ലെ വലിയ നോമ്പുകാലവും കഷ്ടാനുഭവ കർമ്മാനുഷ്ഠാനങ്ങളും മുൻ പതിവു പോലെ സമൂഹാദ്ധ്യക്ഷനായ മാർ ഈവാനിയോസ് പിതാവിൻെറ നേതൃത്വത്തിൽ ബഥനിയിൽ നടത്തപ്പെട്ടു. കർത്താവിൻെറ പീഡാനുഭവ സംഭവങ്ങൾ പ്രധാന ധ്യാനവിഷയങ്ങളായിരുന്നു. പ്രസ്തുത വർഷം നോമ്പുകാലത്തെ ക്ലാസ്സുകൾ പ്രധാനമായും സഭകളും, സഭാ ഐക്യവും എന്ന വിഷയമായിരുന്നു. ഭിന്ന സഭകൾ മിശിഹായുടെ ഭൗതിക ശരീരത്തിലെ മുറിവുകളാണ്. മുറിവുകൾ മിശിഹായെ വേദനപ്പെടുത്തുമാറായിരുന്നു. മിശിഹായുടെ വേദന ശമിപ്പിക്കുന്നതിന് മതിയായ ഔഷധം സഭൈക്യമാണ്. "ഈ തൊഴുത്തിൽ പെടാത്ത മറ്റാടുകളും എനിക്കുണ്ട്. അവയെക്കൂടി ഞാൻ കൊണ്ടു വരേണ്ടിയിരിക്കുന്നു. എൻെറ സ്വരം കേൾക്കും. അങ്ങനെ ഒരാട്ടിൽ പറ്റവും ഒരിടയനുമാകും" (യോഹ 10/16). നമ്മുടെ കർത്താവിൻെറ ഈ സ്വരം കേൾക്കാനും അഭിലാഷം നിറവേറ്റാനും ഓരോ സഭയ്ക്കും കടമയും കർത്തവ്യവുമുണ്ട്. അവർക്കു വേണ്ടി മാത്രമല്ല. അവരുടെ വചനം നിമിത്തം എന്നിൽ വിശ്വസിക്കുന്ന എല്ലാവർക്കും വേണ്ടി ഞാൻ പ്രാർത്ഥിക്കുന്നു. "പിതാവേ നീ എന്നിലും ഞാൻ നിന്നിലും ആയിരിക്കുന്നതു പോലെ, അവരെല്ലാവരും ഒന്നാകുന്നതിനു വേണ്ടിയും, നീയെന്നെ അയച്ചു എന്നു ലോകം അറിയുന്നതിനു വേണ്ടിയും ഞാൻ പ്രർത്ഥിക്കുന്നു". യോഹ 17/26).

മുകളിലുദ്ധരിച്ച തിരുവചനങ്ങളും പ്രത്യേകിച്ച് ഐക്യത്തിനു വേണ്ടിയുള്ള വിശദീകരണങ്ങളും ഏതൊരു ഭിന്നമതസ്ഥരെയും മാനസ്സാന്തരപ്പെടുത്തുവാൻ മതിയായവയായിരുന്നു. വി. കർബ്ബാനയിലും അനുദിന യാമ പ്രാർത്ഥനകളിലും, നാം ചൊല്ലുന്ന നിഖ്യാ വിശ്വാസ പ്രമാണത്തിലും രക്ഷയുടെ അടിസ്ഥാനമായ വിശ്വാസസത്യങ്ങൾ അടങ്ങിയിരിക്കുന്നു.

നോഹയുടെ കാലത്ത് ജലപ്രളയത്തിൽ നിന്നും ജീവജാലങ്ങളെ രക്ഷിപ്പാൻ ദൈവ കല്പനയാൽ പണിയപ്പെട്ട മോശയുടെ പേടകം പോലെ രക്ഷയുടെ പേടകമായ തിരുസഭയുടെ നാലു ലക്ഷണങ്ങൾ വിശ്വാസപ്രമാണത്തിൽ എടുത്തു പറഞ്ഞിട്ടുള്ളത് എന്നും നാം ഏറ്റു ചൊല്ലുന്നു. "ഏകവും, വിശുദ്ധവും, കാതോലികവും ശ്ലൈഹികവുമായ തിരുസഭയിൽ ഞങ്ങൾ വിശ്വസിക്കുന്നു".

ഈ വിവരണങ്ങൾ കേവലം ഓർമ്മ കുറിപ്പുകൾ മാത്രമാണ്. പിതാവിൻെറ അന്നത്തെ ക്ലാസ്സുകൾ വളരെയേറെ വിജ്ഞാനപ്രദവും ആകർഷണീയവും ആയിരുന്നു.

www.malankaralibrary.com

വലിയ നോമ്പിൻെറ അവസാനം നാല്പതാം വെള്ളിയാഴ്ച മുതൽ പീഡാനുഭവ വാരത്തിലെ എല്ലാ ദിവസങ്ങളിലും മുൻ വർഷങ്ങളിലെന്നതിനേക്കാൾ കൂടുതൽ വിശ്വാസികൾ ആത്മീയ ശുശ്രൂഷകളിൽ സംബന്ധിക്കുകയും അനുഗ്രഹം പ്രാപിക്കുകയും ചെയ്തിരുന്നു. അവർ അനുരഞ്ജന കൂദാശയായ കുമ്പസാരം നടത്തി പീഡാനുഭവ വാരത്തിലെ വിശുദ്ധ ദിവസങ്ങളിൽ വിശുദ്ധ കുർബ്ബാന സ്വീകരിച്ച് ഉള്ളു നിറഞ്ഞ ആത്മ സംതൃപ്തിയോടെയാണ് തിരിച്ചു പോയിരുന്നത്. ഉയിർപ്പു തിരുനാൾ കഴിഞ്ഞ് മാർ ഈവാനിയോസ് പിതാവ് തിരുവല്ലായിൽ വരികയും രണ്ടു മാസത്തിനു ശേഷം മാർ തെയോഫിലോസ് തിരുമേനിയുമൊരുമിച്ചു പെരുനാട്ടിലേക്കു തിരിച്ചു പോകയും ചെയ്തു. തുടർന്നുള്ള ദിവസങ്ങളിൽ പിതാവും തെയോഫിലോസ് തിരുമേനിയും ആശ്രമസ്ഥർക്ക് ക്ലാസ്സുകൾ എടുത്തിരുന്നു. തെയോഫിലോസ് തിരുമേനിയുടെ ക്ലാസ്സുകൾ സന്യാസ വ്രതങ്ങളും സുകൃതാഭ്യാസങ്ങളും സന്യാസ ജീവിത നിഷ്ഠയും സംബന്ധിച്ചുള്ളവയായിരുന്നു.

## ഐക്യത്തിൽ അഭിപ്രായ ഭിന്നത

"നിങ്ങൾ തീർച്ചയായും കേൾക്കും എന്നാൽ മനസ്സിലാക്കുകയില്ല. നിങ്ങൾ തീർച്ചയായും കാണും എന്നാൽ ഗ്രഹിക്കുകയില്ല. അവർ കണ്ണുകൊണ്ടു കണ്ട്, കാതു കൊണ്ടു കേട്ട് ഹൃദയം കൊണ്ടു മനസ്സിലാക്കി, മാനസ്സാന്തരപ്പെടുകയും, ഞാനവരെ സുഖപ്പെടുത്തുകയും ചെയ്യുക അസാദ്ധ്യമാകുമാറ് ഈ ജനതയുടെ ഹൃദയം കഠിനമായിത്തീർന്നിരിക്കുന്നു. ചെവിയുടെ കേൾവി മന്ദീഭവിച്ചിരിക്കുന്നു. കണ്ണ് അവർ അടച്ചു കളഞ്ഞിരിക്കുന്നു." (മത്താ 15/14) സഭാവിജ്ഞാനീയം സംബന്ധിച്ചുള്ള ക്ലാസ്സുകൾ പുനരൈക്യത്തിനുള്ള ഒരുക്കമാണെന്നു മനസ്സിലാക്കിയ ഏതാനും പേർ മന:പൂർവ്വം ക്ലാസ്സിൽ നിന്നും മാറി നിന്നു. ആശ്രമാദ്ധ്യക്ഷനും ആത്മീയ പിതാവുമായ മാർ ഈവാനിയോസ് തിരുമേനി തൻെറ ആത്മീയ മക്കളുടെ അകൽച്ചയിൽ അതീവ ദു:ഖിതനായി. തുടർന്ന് അവരുടെ മനസ്സു തിരിവിനു വേണ്ടി ഹൃദയം ഉരുകി പ്രാർത്ഥിച്ചു. അല്ലാതെ യാതൊരു സ്നേഹക്കുറവോ, വിദ്വേഷമോ പ്രകടിപ്പിച്ചിരുന്നില്ല. "സഭൈക്യത്തിനു വേണ്ടി എന്നെ ബലി അർപ്പിക്കുന്നതിന് ദൈവത്തിൻെറ അരൂപി ശക്തിമത്തായി ഹേമിച്ചുകൊണ്ടിരിക്കുന്നു". എന്നുള്ള അദ്ദേഹത്തിൻെറ ആന്തരിക പ്രചോദനം പുറമേ പറയുക പതിവായിരുന്നു.

പുനരൈക്യത്തിനു വേണ്ടിയുള്ള തൻെറ അഭിലാഷവും അപേക്ഷയും മാർപ്പാപ്പായെ സന്തോഷിപ്പിച്ചെന്നും അതിന് അനുവാദം നൽകിയെന്നും മുൻ കൂട്ടി അറിഞ്ഞിരുന്നതിനാൽ അതിനുവേണ്ടി ആശ്രമസ്ഥരെ ഒരുക്കുകയായിരുന്നു. ഏതാനും പേർ അനുകൂലിക്കാഞ്ഞതിനെ എങ്ങനെ തരണം ചെയ്യും എന്നു ചിന്തിച്ചു കൊണ്ടിരുന്നപ്പോൾ പിതാവിന് ഒരു ദൈവ നിവേശം അനുഭവപ്പെട്ടു. എല്ലാം ഉപേക്ഷിച്ചിറങ്ങി പോരുക. തൻെറ ജീവിതത്തിലെ ഓരോ പ്രാധാന ഘട്ടങ്ങളിലും ദൈവനിവേശം അനുഭവപെടുകയും അതനുസ്സരിച്ച് പ്രവർത്തിക്കുകയും ചെയ്തിരുന്ന പിതാവ് ഇതും ദിവ്യാഹ്വാനമായി കരുതുകയും ദൈവ നടത്തിപ്പിനു വേണ്ടി പ്രാർത്ഥിക്കുകയും ചെയ്തു. അനന്തരം ഈ വിവരം തെയോഫിലോസ് തിരുമേനിയെ അറിയിച്ചു. തിരുമേനി അതിനോട് പരിപൂർണ്ണമായി യോജിച്ചു.

## ധീരമായ തീരുമാനവും വീരോചിതമായ പരിത്യാഗവും

**1930 ആഗസ്റ്റ് 19-ാം തിയതി വൈകിട്ട് ധ്യാനവും സന്ധ്യാനമസ്കാരവും നടത്തിക്കഴിഞ്ഞ് സമൂഹാദ്ധ്യക്ഷനായ മാർ ഈവാനിയോസ് പിതാവ് ഒരു ലഘു പ്രസംഗത്തിലൂടെ സുധീരമായ തൻെറ തീരുമാനം സമൂഹാംഗങ്ങളെ അറിയിച്ചു. "ഈ ബഥനി മലയിൽ നിന്നും നാളെ രാവിലെ ഇറങ്ങുവാൻ നാമും, തെയോഫിലോസ് മെത്രാച്ചനും കൂടി തീരുമാനിച്ചു കഴിഞ്ഞു എന്ന വിവരം നിങ്ങളെ അറിയിക്കുന്നു. ഞങ്ങളോടു കൂടെ ഇവിടെ നിന്നിറങ്ങി കത്തോലിക്കാ സഭയോടു പുനരൈക്യപ്പെടുന്നതിനു സന്നദ്ധതയുള്ളവർ വിവരം രാത്രി പന്ത്രണ്ടു മണിക്ക് മുമ്പ് നമ്മെ അറിയിക്കണം. ഞങ്ങളോടു കൂടെ വരുന്നതിനോ, വരാതിരിക്കുന്നതിവോ പരിപൂർണ്ണ സ്വാതന്ത്ര്യം ആശ്രമസ്ഥരായ നിങ്ങൾക്കോരോരുത്തർക്കും ആശ്രമാദ്ധ്യക്ഷനായ നാം നൽകുന്നു. രാത്രി പന്ത്രണ്ടു മണിവരെ നാം ഈ ചാപ്പലിൽ ഉണ്ടായിരിക്കുന്നതാണ്".**

www.malankaralibrary.com

പിതാവ് ചാപ്പലിൽ ദിവ്യകാരുണ്യ സന്നിധിയിൽ പ്രാർത്ഥിച്ചു കൊണ്ട് ഓരോരുത്തരെയും കാത്തിരുന്നു. പിതാവിൻെറ ക്ലാസ്സുകളിൽ സംബന്ധിക്കാതിരുന്ന നാലു പേരും, സംബന്ധിച്ചിരുന്നവരിൽ ഒരാളും ഒഴികെ ബാക്കി എല്ലാവരും പതിനൊന്നര മണിക്കു മുമ്പു തന്നെ ചാപ്പലിലെത്തി പിതാവിനെ വിവരം അറിയിച്ചു. പിതാവു പ്രതീക്ഷിച്ചിരുന്ന അലക്സാണ്ടർ ശെമ്മാശ്ശൻ വരാഞ്ഞതിൽ പിതാവ് ദു:ഖിതനായി. ശെമ്മാശ്ശനു വേണ്ടിയും മനം ഉരുകി പ്രാർത്ഥിച്ചു. പന്ത്രണ്ടിന് ഏതാനും മിനിറ്റു മാത്രമുള്ളപ്പോൾ ശെമ്മാശ്ശൻ ആന്തരിക പ്രചോദനത്താൽ പ്രേരിതനായി ചാപ്പലിൽ പ്രവേശിച്ചു. പിതാവിൻെറ മുമ്പിൽ മുട്ടു കുത്തി പിതാവിനോടൊപ്പം പോരുവാൻ തീരുമാനിച്ചതായി അറിയിച്ചു. അനന്തരം എല്ലാവരും മുറിയിൽ പോയി കാലത്ത് പുറപ്പെടുവാനുള്ള ഒരുക്കം ചെയ്ത ശേഷം കിടന്നുറങ്ങി.

## ബഥാനിയരുടെ പുനരൈക്യത്തിനായുള്ള പുറപ്പാട്

ബഥനി ആരംഭിച്ചിട്ട് പന്ത്രണ്ടാം വയസ്സിലേക്കു പ്രവേശിച്ചിരുന്നു. 1930 ആഗസ്റ്റ് 20ം തിയതി ബുധനാഴ്ച പ്രഭാതമായതോടെ എല്ലാവരും എഴുന്നേറ്റ് അവരവരുടേതായ അത്യാവശ്യസാധനങ്ങൾ മാത്രം എടുത്തു കൊണ്ടു പുറത്തിറങ്ങി..എല്ലാരും ചാപ്പലിൽ പോയി പ്രാർത്ഥിച്ചു. അനന്തരം പുനരൈക്യത്തിനെതിരായിരുന്ന ഫാ. അലക്സിയൂസിനെ കണ്ടു യാത്ര പറഞ്ഞു. അദ്ദേഹം പനി ബാധിച്ചു കിടപ്പായിരുന്നു. ഞങ്ങൾ പോകുന്നു എന്നു പറഞ്ഞു യാത്രയായി. പിതാക്കന്മാരും ആശ്രമസ്ഥരും മുണ്ടൻ മലയിൽ നിന്നും നടന്നിറങ്ങി അടിവാരത്തുള്ള വഴിയിലെത്തി. "പിതാവേ എങ്ങോട്ടാണു പോകുന്നത്" മുമ്പിൽ നടന്ന ഒരു സാധു പിതാവിനോടു ചോദിച്ചു. പിതാവ് കണ്ണുകൾ സ്വർഗ്ഗത്തിലേക്കുയർത്തിയിട്ട് "മകനേ ദൈവം നോക്കിക്കൊള്ളും" എന്നു പറഞ്ഞു. എല്ലാവരും അടുത്തുള്ള ആറ്റുകടവിലെത്തി. മൂന്നു ചെറുവള്ളങ്ങൾ ഏർപ്പാടു ചെയ്തിരുന്നു. എല്ലാവരും അതിൽ കയറി വടശ്ശേരിക്കരയിലെത്തി. വെണ്ണിക്കുളത്തു നിന്നും വന്നിരുന്ന രണ്ട് അതിഥികൾ ഉൾപ്പെടെ ഇരുപത്തഞ്ചു പേരുണ്ടായിരുന്നു.

വടശ്ശേരിക്കരയിൽ ബഥനിയുടെ അഭ്യുദയകാംക്ഷിയായിരുന്ന പനച്ചിമൂട്ടിൽ മാണിയുടെ സൽക്കാരം സ്വീകരിച്ച ശേഷം അദ്ദേഹം ഏർപ്പാടു ചെയ്തിരുന്ന ഒരു വലിയ വള്ളത്തിൽ എല്ലാവരും കൂടി കയറി തിരുവല്ലായ്ക്കു പുറപ്പെട്ടു. തിരുവല്ലയിൽ ഒരു വാടക വീട് ഏർപ്പാട് ചെയ്തിരുന്നു. യാത്രാ മദ്ധ്യേ തിരുവല്ലയിൽ എല്ലാവർക്കും താമസ്സിക്കാൻ സൗകര്യപ്പെടുകയില്ലെന്നും. വെണ്ണിക്കുളത്ത് ബഥനി പള്ളികൾ ഉണ്ടായിരുന്നതു കൊണ്ട് അങ്ങോട്ടു പോകയാണു നല്ലതെന്നും അവർ അഭിപ്രായപ്പെട്ടു. പിതാവ് അതിനോട് യോജിച്ചു. അങ്ങനെ റാന്നിയിലെത്തിയപ്പോൾ വള്ളം അവിടെ കടവിൽ അടുപ്പിച്ചു. എല്ലാവരും വള്ളത്തിൽ നിന്നിറങ്ങി ബസ്സു കാത്തു നിന്നു. തുടർന്ന് ബസ്സു വന്നപ്പോൾ എല്ലാവരും ബസ്സിൽ കയറി വെണ്ണിക്കുളത്തെത്തി. അന്നു രാത്രി അവിടെയുള്ള സ്കൂളിൽ അന്തിയുറങ്ങി.

## ബഥാനിയരുടെ പ്രവാസ കാലം

പിറ്റേ ദിവസം ബഥനി പള്ളിയ്ക്കടുത്തുള്ള ഒരു വീട് (കാഞ്ഞിരത്തിങ്കൽ വീട്) ഉടമസ്ഥൻ വിട്ടു തന്നു. ആശ്രമസ്ഥരെല്ലാം അവിടെ താമസിച്ചു. ആശ്രമത്തിനു വേണ്ടി വസ്തു അന്വേഷിക്കുവാൻ മേടയിൽ പാപ്പച്ചനെ പറഞ്ഞേല്പിച്ചിട്ടു പിതാക്കന്മാർ തിരുമൂലആശ്രമത്തിലേക്കു പോയി. ഒരു ഹൈന്ദവ സുഹൃത്ത് (വരിഞ്ഞാവര നാരായണ വൈദ്യർ) ബഥനിയ്ക്കടുത്തുള്ള വസ്തു തരാമെന്നു സമ്മതിച്ചു. പ്രസ്തുത വസ്തുവും അതിനോടു ചേർന്നുള്ള സ്ഥലവുമുൾപ്പെടെ അഞ്ചേക്കർ സ്ഥലം വിലയ്ക്കു വാങ്ങി. ആ സ്ഥലത്ത് മേടയിൽ പാപ്പിയുടെ പരിശ്രമഫലമായി ആശ്രമവും, അതിഥിമന്ദിരവും, ചാപ്പലും എല്ലാം തന്നെ മൂന്നു മാസം കൊണ്ടു നിർമ്മിച്ചു. മുണ്ടൻ മലയിലേതുപോലെ ലളിതമായ രീതിയിലായിരുന്നു കെട്ടിടങ്ങളെല്ലാം. ആശ്രമസ്ഥർ അവിടെ താമസമാക്കിയപ്പോൾ ആശ്രമജീവിത നിഷ്ഠകളെല്ലാം പൂർണ്ണമായി പാലിച്ചിരുന്നു.

## കൊല്ലം മെത്രാസന മന്ദിരത്തിൽ

പിതാക്കന്മാരെ കത്തോലിക്കാസഭയിൽ സ്വീകരിക്കാൻ കൊല്ലം മെത്രാനായിരുന്ന ബെൻസിഗർ തിരുമേനിയെയാണ് റോമിൽ നിന്നും ചുമതല

www.malankaralibrary.com

പ്പെടുത്തിയിരുന്നത്. ആഗസ്റ്റ് 23-ാം തിയതി ശനിയാഴ്ച അതിരാവിലെ മാർ ഈവാനിയോസ് തിരുമേനി തിരുവനന്തപുരത്തിനു പോയി ഈ.ജെ.ജോൺ വക്കീലിനെ കണ്ടു. അദ്ദേഹം ആശ്രമത്തിനു നൽകിയിരുന്ന 100 ഏക്കർ വസ്തുവിൻെറ കാര്യ ങ്ങളെല്ലാം പറഞ്ഞേല്പിച്ചു. അനന്തരം കൊല്ലം അരമനയിൽ പോയി ബെൻസിഗർ തിരുമേനിയെ കണ്ടു.തൻെറ ജന്മ ദിനമായ സെപ്റ്റംബർ 21-ാം തിയതി കത്തോലിക്കാ തിരു സഭയിൽ പ്രഥമ ദിവ്യ ബലി അർപ്പിക്കുന്നതിന് ആഗ്രഹിക്കുന്നതിനാൽ തലേദിവസം പുനരൈക്യപ്പെടുവാൻ ഒരുക്കമാണെ ന്നറിയിച്ചു. അതിനു വേണ്ടി ഒരുങ്ങുവാൻ 18-ാം തിയതി തെയോഫിലോസ് തിരുമേനിയുമൊരുമിച്ചു അവിടെ ചെല്ലുമെന്ന് അറിയിക്കുകയും ചെയ്തു. അനന്തരം തിരുമൂല പുരം ആശ്രമത്തിലെത്തിയപ്പോൾ രാത്രി എട്ടു മണി ആയി.

## വട്ടശ്ശേരിൽ തിരുമേനിയുമായുള്ള കൂടിക്കാഴ്ച

ബഥനി ആശ്രമസ്ഥരെല്ലാം പെരുനാട്ടിൽ നിന്നും ഇറങ്ങി പോന്ന വിവരം അറിഞ്ഞ് മലങ്കര മെത്രാപ്പോലീത്ത വട്ടശ്ശേരിൽ മാർ ദിവന്നാസിയോസ് തിരുമേനി 23-ാം തിയതി ശനിയാഴ്ച ഉച്ചയ്ക്കു മുമ്പ് തിരുമൂലപുരം ആശ്രമത്തിലെത്തി. പുലിക്കോട്ടിൽ ജോസഫ് റമ്പാനും പിതാവിൻെറ ശുശ്രൂഷകനായ ചാക്കോയും മാത്രമേ അവിടെ ഉണ്ടായിരുന്നുള്ള. ഈവാനിയോസ് പിതാവ് തിരുവനന്തപുരത്തു പോയിരിക്കുന്നതറിഞ്ഞ് അദ്ദേഹം വന്നു കണ്ട ശേഷമേ പോകുന്നുള്ളൂ എന്നു പറഞ്ഞ് അവിടെ താമസിച്ചു. തിരുമൂല ആശ്രമത്തിലെത്തിയ പിതാവ് വട്ടശ്ശേരിൽ തിരുമേനി അവിടെ വന്നിട്ടുണ്ടെന്നറിഞ്ഞ് നേരെ ചാപ്പലിലേക്കു പോയി പ്രാർത്ഥിച്ചു. അല്പ സമയം കഴിഞ്ഞ് ആശ്രമമുറിക്കുള്ളിൽ പ്രവേശിച്ച് തൻെറ ഗുരുവായ വട്ടശ്ശേരിൽ തിരുമേനിയുടെ അടുത്തെത്തി മുട്ടുകുത്തി എന്നെ അനുഗ്രഹിക്കണം എന്നപേക്ഷിച്ചു. എഴുന്നേല്ക്കാൻ നിർദ്ദേശിച്ചെങ്കിലും അനുഗ്രഹിച്ചിട്ടല്ലാതെ എഴുന്നേൽക്കില്ല എന്നു പറഞ്ഞു. പെരുനാട്ടിൽ നിന്നും ഇറങ്ങി പോന്ന തെന്തിന്? റോമാ സഭയുമായി ചേരാൻ നിശ്ചയിച്ചോ? എന്നുള്ള വട്ടശ്ശേരി തിരുമേനിയുടെ ചോദ്യത്തിനു മറുപടിയായി തൻെറ മന:സാക്ഷിയുടെ പ്രചോദനമനു സരിച്ചുള്ള തീരുമാനമാണിതെന്ന് ഈവാനിയോസ് തിരുമേനി പറഞ്ഞു. അതു പോലെ കാത്തോലിക്കാ സഭാ ഐക്യം കൂടാതെ ശാശ്വതമായ സമാധാനം സാദ്ധ്യമല്ലെന്നും ഈ പുനരൈക്യത്തിന് നേതൃത്വം നൽകേണ്ടത് വട്ടശ്ശേരിൽ തിരുമേനി ആയിരുന്നു എന്നും അദ്ദേഹം പറഞ്ഞു. വട്ടശ്ശേരിൽ തിരുമേനി തൻെറ ശിഷ്യനെ പുനരൈക്യത്തിൽ നിന്നും പിന്തിരിപ്പിക്കാനുള്ള ശ്രമത്തിൽ നിന്നും പിന്മാറുകയും മൗനമവലംബിക്കുകയും ചെയ്തു. അദ്ദേഹം അന്ന് അവിടെ രാത്രി ഉറങ്ങിയശേഷം പിറ്റേ ദിവസം പരുമലയ്ക്കു പോയി. ഗുരുവിൻെറയും ശിഷ്യൻെറയും അവസാന കൂടിക്കാഴ്ചയായിരുന്നു അത്.

## ബഥനിയുടെ വ്യക്തിത്വം

ഒരു സ്വതന്ത്ര സ്ഥാപനമായി ഓർത്തഡോക്സ്സഭ യുടെ കൂട്ടായ്മയിൽ കഴിഞ്ഞിരുന്ന ബഥനി 1930 ആഗസ്റ്റ് 20-ാം തിയതി എല്ലാം ഉപേക്ഷിച്ചിറങ്ങി പോന്നപ്പോൾ ആ കൂട്ടായ്മ ഉപേഷിച്ചു. മെത്രാ പ്പോലീത്ത, മെത്രാൻ, വൈദികർ, ശെമ്മാശ്ശന്മാർ, സന്യാസികൾ, കന്യാസ്ത്രീകൾ വിശ്വാസികൾ, ആശ്ര മങ്ങൾ, പള്ളികൾ എല്ലാമായി ഒരു മെത്രാപ്പൊലീത്തൻ വ്യക്തിഗത സഭയായി ബഥനി പരിണമിച്ചിരുന്നു. ഇപ്രകാരം സ്വതന്ത്ര സഭയായി കഴിയാനല്ല കത്തോലിക്കാ സഭയുടെ കൂട്ടായ്മയിൽ പ്രവേശിക്കാനായിരുന്നു. അതിനു വേണ്ടിയുള്ള അഭ്യർത്ഥനയുടെയും പരിശ്രമ ങ്ങളുടെയും അന്തിമതീരുമാനങ്ങളും, വ്യവസ്ഥകളും അടങ്ങിയ റോമിൻെറ അംഗീകാര പത്രം 1930 ആഗസ്റ്റ് 20ാം തീയതി ബാംഗ്ലൂരിൽ നിന്നും അപ്പസ്തോലിക് ഡലിഗേറ്റ് മോൺ. എഡ്വേർഡ് മൂണി തിരുമനസ്സു കൊണ്ട് അയച്ചിരുന്നത് ഈ ദിവസങ്ങളിലാണ് പിതാവിനു ലഭിച്ചത്. അതനുസരിച്ച് ഡോ. ബൻസിഗർ തിരുമേനിയെ കണ്ട് പുനരൈക്യത്തിനുള്ള ദിവസം നിശ്ചയിച്ചിരുന്നു.

## പുനരൈക്യ സംഭവം നടന്ന സ്ഥലവും സമയവും

ബഥനിയുടെ മെത്രാപ്പോലീത്തായെയും മെത്രാനേയും സ്വീകരിക്കുന്നതിന് അധികാരപ്പെടു ത്തിയിരുന്നത് കൊല്ലം ലത്തീൻ രൂപതാദ്ധ്യക്ഷനായിരുന്ന അഭിവന്ദ്യ അലോഷ്യസ് ബൻസിഗർ തിരുമേനിയെ ആയിരുന്നു. തിരുമേനിയെ മുൻകൂട്ടി അറിയിച്ചിരു

www.malankaralibrary.com

ന്നതനുസരിച്ച് സെപ്റ്റംബർ 18-ാം തിയതി വ്യാഴാഴ്ച കൊല്ലത്തിനു പോകുവാൻ പിതാക്കന്മാർ നിശ്ചയിച്ചിരുന്നു. അന്നു രാവിലെ വെണ്ണിക്കുളത്തു നിന്നും ബ. ജോണച്ചനും, അലക്സാണ്ടർ ശെമ്മാശനും തിരുമൂലപുരം ആശ്രമത്തിൽ വന്നിരുന്നു. മേൽപ്പട്ടക്കാർ യാത്രയാകുമ്പോൾ ഒരു വൈദികനെയോ ശെമ്മാശ്ശനെയോ കൂടെ കൊണ്ടുപോവുക പതിവുണ്ടായിരുന്നു. അതനുസരിച്ച് അച്ചനും ശെമ്മാശ്ശനും കൂടി പോരുവാൻ പിതാവ് കല്പിച്ചു. ഉച്ചയ്ക്കു ശേഷം പുറപ്പെടുവാൻ സമയമായപ്പോൾ പിതാവിൻെറ ഒരു ചാർച്ചക്കാരനായ കിളീലേത്തു ശ്രീമാൻ കെ.ജി. ചാക്കോ അവിടെയെത്തി. പിതാവിൻെറ കൂടെ പോകുവാൻ അദ്ദേഹം ആഗ്രഹം അറിയിച്ചതനുസരിച്ച് അദ്ദേഹത്തെയും കൂടെ കൊണ്ടുപോയി. അന്നു സന്ധ്യയോടു കൂടി കൊല്ലം മെത്രാസന മന്ദിരത്തിലെത്തിയ പിതാക്കന്മാരെ സബഹുമാനം സ്വീകരിച്ചു. അന്നു സൂത്താറമുതൽ ധ്യാനം ആരംഭിച്ചു. വെള്ളിയാഴ്ചയും ശനിയാഴ്ചയും ധ്യാനം നടത്തി. 1930 സെപ്റ്റംബർ 20-ാം തീയതി ശനിയഴ്ച ഒൻപതാം മണിയുടെ നമസ്കാരശേഷം (3 p.m) അഭിവന്ദ്യ ബൻസിഗർ തിരുമേനി മാർ ഈവാനിയോസ് മെത്രാപ്പൊലീത്തായെയും മാർ തെയോഫിലോസ് എപ്പിസ്കോപ്പായെയും തിരുസഭയിൽ സ്വീകരിച്ചു. ഏതാനും ചോദ്യങ്ങൾ ചോദിച്ച ശേഷമാണു സ്വീകരണം നടത്തിയത്. അനന്തരം എല്ലാവരും ചായ കുടിച്ച ശേഷം കടൽപ്പുറത്തു പോയി.

## ദൈവ നിവേശിത ചിന്ത

കടൽപുറത്തു കാറ്റു കൊണ്ടു നടക്കുമ്പോൾ മാർ ഈവാനിയോസ് പിതാവിന് ദൈവനിവേശിതം എന്നതു പോലെ ഒരു ചിന്ത ലഭിച്ചു. മെത്രാപ്പോലീത്തായും മെത്രാനും പുനരൈക്യം പ്രാപിച്ചു കഴിഞ്ഞു. വൈദികനും, ശെമ്മാശ്ശനും അൽമേനിയും കൂടെയുണ്ടല്ലോ. അവരെ കൂടി ചേർത്താൽ ഒരു സഭാപ്രാതിനിധ്യം ആകും. ഉടനെ ഈ ചിന്ത ബൻസിഗർ തിരുമേനിയെ അറിയിച്ചു. ബെൻസിഗർ തിരുമേനി തന്നെ അവരെയും സ്വീകരിക്കണമെന്ന് ഈവാനിയോസ് പിതാവഭ്യർത്ഥിച്ചു. അപ്പോൾ തന്നെ അവർ അരമനയിലെത്തി ചാപ്പലിൽ പ്രവേശിച്ചു. മാർ ഈവാനിയോസ് തിരുമേനി പുനരൈക്യപ്പെടുന്നവർക്കു വേണ്ടി തയ്യാറാക്കിയ ഒരു ഫോർമുല ബൻസിഗർ തിരുമേനി അംഗീകരിക്കുകയും അതനുസരിച്ച് ബ. ജോണച്ചനേയും, അലക്സാണ്ടർ ശെമ്മാശ്ശനേയും, ചാക്കോച്ചനെയും വിശ്വാസ സത്യം ചൊല്ലിച്ച് സഭയിൽ ചേർക്കുകയും ചെയ്തു. അങ്ങനെ മെത്രാപ്പോലീത്ത, മെത്രാൻ, വൈദികൻ, ശെമ്മാശ്ശൻ, വിശ്വാസി എന്നീ നിലകളിലുള്ളവരുടെ പ്രാതിനിധ്യം അഞ്ചു പേരിലൂടെ പൂർണ്ണമായി. ഇതു ദൈവ നിവേശിത ചിന്തയായിരുന്നു.

## പ്രഥമ ദിവ്യബലി അർപ്പണം കത്തോലിക്കാ കൂട്ടായ്മയിൽ

1930 സെപ്റ്റംബർ 21-ാം തിയതി ഞായറാഴ്ച മാർ ഈവാനിയോസ് പിതാവിൻെര നാല്പത്തിയെട്ടാം ജന്മദിന മായിരുന്നു. മുൻ നിശ്ചയമനുസരിച്ച് അന്നു രാവിലെ ഏഴര മണിക്ക് കൊല്ലം അരമന ചാപ്പലിൽ മാർ ഈവാനിയോസ് പിതാവ് ദിവ്യ ബലി അർപ്പിച്ചു. ഈ ചരിത്ര സംഭവത്തിനു സാക്ഷ്യമായി ചാപ്പലിൻെറ ഭിത്തിയിൽ മുദ്രണം ചെയ്ത ഒരു ശില സ്ഥാപിച്ചിട്ടുണ്ട്. കുർബ്ബാനാനന്തരം പ്രഭാത ഭക്ഷണവും കഴിച്ച് ബൻസിഗർ തിരുമേനിക്കും അരമനയിലെ അന്തേവാസികൾക്കും കൃതജ്ഞത അറിയിച്ച് യാത്ര പറഞ്ഞു പുറപ്പെടുകയും ചെയ്തു. മാവേലിക്കര വഴിയായിരുന്നു യാത്ര. ഉച്ചയോടുകൂടി ഈവാനിയോസ് പിതാവിൻെറ വീട്ടിലെത്തി ഉച്ച ഭക്ഷണം അവിടെ കഴിച്ചു. പിതാവിൻെറ മാതാപിതാക്കളെയും കുടുംബാംഗങ്ങളെയും കത്തോലിക്കാ സഭയിൽ ചേർത്തു. പുനരൈക്യത്തിനു ശേഷം പുനരൈക്യ പ്രേഷിതത്വം പ്രാവർത്തികമാക്കിയത് സ്വന്ത കുടുംബത്തിൽ തന്നെയായിരുന്നു. അവിടെ നിന്നും പുറപ്പെട്ട് തിരുമൂലപുരം ബഥനി ആശ്രമത്തിലെത്തിയപ്പോൾ സന്ധ്യകഴിഞ്ഞിരുന്നു.

പിറ്റേ ദിവസം (സെപ്റ്റംബർ 22) തിങ്കളാഴ്ച രാവിലെ ഈവാനിയോസ് പിതാവ് തിരുമൂലപുരം ബഥനി മഠത്തിൽ പോയി സിസ്റ്റേഴ്സിനോട് പുനരൈക്യ സംഭവം പറഞ്ഞു കത്തോലിക്കാ സഭൈക്യത്തിൻെറ ആവശ്യത്തെക്കുറിച്ച് കൂടുതലായ ഉപദേശം നൽകി. മഠത്തിലുള്ള എല്ലാവർക്കും പൂർണ്ണ സ്വാതന്ത്ര്യം നൽകുന്നതായി അറിയിച്ചു. കത്തോലിക്കാ സഭയിൽ ചേരുകയോ ചേരാതിരിക്കുകയോ ചെയ്യാം. അവർ ഒന്നൊഴിയാതെ ഓരോരുത്തരും ഒരേ മനസ്സോടെ

www.malankaralibrary.com

വിശ്വാസ സത്യം ഏറ്റു പറഞ്ഞു പുനരൈക്യപ്പെട്ടു. അനന്തരം പിതാവ് ദിവ്യബലി അർപ്പിച്ചു. അതിനു ശേഷം തിരുമൂലപുരം ആശ്രമത്തിലേക്കു പോയി. പുലിക്കോട്ടിൽ ജോസഫ് റമ്പാനെയും ചേപ്പാട്ടു ഫീലിപ്പോസ് റമ്പാനേയും കത്തോലിക്കാ സഭയിൽ ചേർത്തു. അന്നു നാലു മണിയോടു കൂടി ചങ്ങനാശ്ശേരി ബിഷപ്പ് മാർ ജയിംസ് കാളാശ്ശേരിയും, കോട്ടയം ബിഷപ്പ് മാർ അലക്സാണ്ടർ ചൂളപറമ്പിൽ തിരമേനിയും തിരമൂല ആശ്രമത്തിൽ വന്ന് പിതാക്കന്മാരെ അനുമോദിക്കുകയും ഉപഹാരം നൽകുകയും ചെയ്തു. അനന്തരം വൈകിട്ട് പിതാവ് വെണ്ണിക്കുളത്തെത്തി ബഥനി പള്ളിയിൽ താമസിച്ചു. പിറ്റേ ദിവസം രോഗത്താൽ ശയ്യാവലംബിയായിരുന്ന ഫാ. സ്തേഫാനോസ്സിനെ കത്തോലിക്കാ സഭയിൽ ചേർത്തു. അനന്തരം ആശ്രമസ്ഥർ ഓരോരുത്തരേയും വിശ്വാസ സത്യം ചൊല്ലിച്ച് സഭയിൽ ചേർത്തു. പിതാവ് മൂന്നു നാലു ദിവസം അവിടെ താമസ്സിച്ചു. ആശ്രമത്തിനു വേണ്ടി ലഭിക്കുമെന്നു പറഞ്ഞിരുന്ന വസ്തു വാങ്ങിപ്പിക്കുകയും അവിടെ ആശ്രമ മന്ദിരങ്ങൾ നിർമ്മിക്കാൻ ഏർപ്പാടു ചെയ്യുകയും ചെയ്തിട്ട് തിരുമൂലപുരത്തേക്കു പോകയും ചെയ്തു. പിന്നീടു പിതാക്കന്മാർ എറണാകുളം ആർച്ചു ബിഷപ്പ് മാർ അഗസ്റ്റിൻ കണ്ടത്തിൽ തിരുമേനിയെയും മറ്റുകത്തോലിക്കാ മെത്രാന്മാരെയും കാണാൻ പോയിരുന്നു.

1926-ൽ ആരംഭിച്ച പുനരൈക്യ പരിശ്രമം ദൈവ നടത്തിപ്പിൽക്കൂടെ നിറവേറി. അഞ്ചു വർഷത്തോളം നടത്തിയ എഴുത്തുകുത്തുകളും വിവേദന സമർപ്പണവും സ്വീകരിക്കപ്പെട്ടു. പുനരൈക്യം നിറവേറി. മെത്രാപ്പോലീത്താ, മെത്രാൻ, വൈദികൻ, ശെമ്മാശ്ശൻ, അത്മായൻ എന്നിങ്ങനെ അഞ്ചു പേരോടുകൂടെ മലങ്കര സുറിയാനി കത്തോലിക്കാസഭ ജന്മമെടുത്തു. സഭൈക്യത്തിനു വേണ്ടി എന്നെ ബലിയായി അർപ്പിക്കുന്നതിനു ദൈവത്തിൻെറ അരൂപി ശക്തിമത്തായി ഹേമിച്ചു കൊണ്ടിരുന്നെന്നുള്ള ആന്തരിക പ്രചോദനം പുറമേ പറഞ്ഞിരുന്ന പിതാവിൻെറ അരൂപിയോട് ആശ്രമസ്ഥരും യോജിക്കുകയും, അതിനു വേണ്ടി നിരന്തരം പ്രാർത്ഥനയും, പ്രായശ്ചിത്തവും പരിത്യാഗവും അനുഷ്ഠിക്കുകയും ചെയ്തു. പുനരൈക്യത്തിൻെറ വളർച്ചയ്ക്കും പൂർണ്ണതക്കും ഇവ തുടർന്നും ആവശ്യമാണ്.

## പ്രാരംഭകാല പുനരൈക്യ പ്രവർത്തനങ്ങൾ

ബഥനിയുടെ മേല്പട്ടക്കാർ ഒന്നായി പ്രവർത്തിച്ചിരുന്ന പ്രകാരം കുറേ നാൾ ഒന്നായിട്ടു തന്നെ പുനരൈക്യ പ്രവർത്തനം നടത്തട്ടെയെന്ന് മാർപാപ്പായുടെ പ്രതിനിധി ഡലിഗേറ്റ് അപ്പസ്തോലിക്കാ മോൺ. എഡ്വേർഡ് മൂണി തിരുമനസ്സു കൊണ്ട് നിർദ്ദേശിച്ചു. അതനുസരിച്ച് ഒന്നായിത്തന്നെ പുനരൈക്യ പ്രേഷിതത്വം നടത്തിയിരുന്നു. ബഥനി ആശ്രമസ്ഥരും പിതാക്കന്മാരോട് ചേർന്ന് പുനരൈക്യത്തിൻെറ പുരോഗതിക്കു വേണ്ടി അവിശ്രമം പരിശ്രമിച്ചു. വളരെയേറെ പ്രതിഷേധങ്ങളും പ്രതിബന്ധങ്ങളും നേരിടേണ്ടി വന്നു. എവിടെയെല്ലാം എതിർപ്പുണ്ടായോ അവിടെയെല്ലാം അഭിവൃദ്ധിയാണു ണ്ടായിട്ടുള്ളത്, തിരുസഭയുടെ ആരംഭത്തിലെ അനുഭവം തന്നെയായിരുന്നു പുനരൈക്യപ്പെട്ടവരുടെ അനുഭവവും. പുനരൈക്യപ്പെട്ടവർ അതീവ തീക്ഷ്ണതയോടെ അന്യോന്യം സഹകരിച്ചുമിരുന്നു. ബഥനി മെത്രാന്മാരുടെയും ബഥനി ആശ്രമസ്ഥരുടെയും പ്രവർത്തനമായിരുന്നതുകൊണ്ട് ബഥനി പ്രസ്ഥാനമെന്നും അവരാൽ സ്ഥാപിതമായ പള്ളികൾ ബഥനിപ്പള്ളികളെന്നും അക്കാലത്ത് അറിയപ്പെട്ടിരുന്നു. പ്രതീക്ഷിച്ചിരുന്നതു പോലെ ചുരുങ്ങിയ കാലത്തെ പ്രവർത്തനം കൊണ്ട്, സഭാസമാധാനം ആഗ്രഹിച്ചിരുന്ന അനേകായിരങ്ങൾ പുനരൈക്യപ്പെട്ടു. പുനരൈക്യ പ്രസ്ഥാനത്തിൻെറ ഈ വളർച്ചയെപ്പറ്റിയറിഞ്ഞപ്പോൾ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുവാൻ പിതാക്കന്മാർ പ്രത്യേകം പ്രത്യേകം പ്രവർത്തിക്കട്ടെയെന്നു നിശ്ചയിക്കുകയും "മാഗനും നോബിസ്" എന്ന അപ്പസ്തോലിക ലേഖനം വഴി പരി. പതിനൊന്നാം പിയുസ്മാർപ്പാപ്പാ 1932 ഫെബ്രുവരി 13-ാം തിയതി പമ്പാനദിയുടെ തെക്കും വടക്കുമായി രണ്ടു രൂപതകൾ അനുവദിക്കുകയും ചെയ്തു. ഈ താല്ക്കാലിക വിഭജനം പുനരൈക്യ പ്രവർത്തനങ്ങൾക്ക് സഹായകമായിരുന്നു.


## മലങ്കര സുറിയാനി കത്തോലിക്കാഹയരാർക്കി സ്ഥാപനം

മലങ്കരസഭയിൽ ചരിത്ര പ്രാധാന്യമുള്ള സംഭവങ്ങളായി മാർ ഈവാനിയോസ് പിതാവിൻെറ ചിന്തയിൽ ഉടലെടുത്ത നാലാമത്തെ സംഭവമാണിത്. 1932 ഏപ്രിലിൽ റോമിൽ പ. പിതാവ് പീയൂസ്

www.malankaralibrary.com

പതിനൊന്നാമനെ സന്ദർശിക്കുവാൻ ഈവാനിയോസ് പിതാവ് പോയി. റോമിലെത്തി, ഏപ്രിൽ 26-ാം തീയതി മാർപാപ്പായെ ആദ്യമായി സന്ദർശിച്ചു. മാർപാപ്പാ ഈവാനിയോസ് തിരുമേനിയെ സ്നേഹപൂർവം സ്വീകരിച്ച് ആലിംഗനം ചെയ്തു. സംഭാഷണം വളരെ ഹൃദ്യമായിരുന്നു. പുനരൈക്യ സംഭവങ്ങളും അതിൻെറ വളർച്ചയുമെല്ലാം അറിയിക്കുകയും പുനരൈക്യത്തിൻെറ പുരോഗതിക്കുവേണ്ടി പല ആനുകൂല്യങ്ങളും അപേക്ഷിക്കുകയും ചെയ്തു. ആവശ്യമായിട്ടുള്ളതെല്ലാം എഴുതികൊടുക്കുവാൻ മാർപാപ്പാ കല്പിച്ചു. അതനുസരിച്ച് പിതാവ് പല കാര്യങ്ങളും എഴുതിയതിൽ ഹയരാർക്കി സ്ഥാപനമായിരുന്നു പ്രധാനപ്പെട്ടത്. രണ്ടാം പ്രാവശ്യം മാർപാപ്പായെ കണ്ട് സംഭാഷിക്കുകയും എഴുതിക്കൊണ്ടു പോയ അഭ്യർത്ഥന സമർപ്പിക്കുകയും ചെയ്തു. മാർപാപ്പാ വായിച്ചു നോക്കി. അനുവദിച്ചിരിക്കുന്നുവെന്നു കല്പിച്ചു. ഈ അനുവാദം ഏവരെയും അത്ഭുതപ്പെടുത്തി. പിന്നീട് 1932 ജൂൺ 11-ാം തിയതി, മുൻ നിശ്ചയിച്ചുരുന്ന താല്ക്കാലിക രൂപതകളെ നിർത്തൽ ചെയ്തുകൊണ്ട് "ക്രിസ്തോ പാസ്തോരും പ്രിൻചിപ്പി" എന്ന അപ്പസ്തോലിക ലേഖന പ്രകാരം മലങ്കര സുറിയാനി കത്തോലിക്കാ സഭയ്ക്ക് തിരവനന്തപുരം ആസ്ഥാനമാക്കി അതിരൂപതയും തിരുവല്ലാ ആസ്ഥാനമാക്കി രൂപതയും ഉൾപ്പെടുന്ന ഹയരാർക്കി-വൈദിക സംസ്ഥാനം സ്ഥാപിച്ചു. പ്രസ്തുത അപ്പസ്തോലിക ഘടന 1933 മാർച്ച് മാസം 12-ാം തിയതി ഞായറാഴ്ച തിരുവനന്തപുരം പാളയത്ത് സ്ഥാപിതമായ കന്യമറിയാമിൻെറ നാമത്തിലുള്ള പ്രോ-കത്തീഡ്രലിൽ വച്ച് ഉത്ഘാടനം ചെയ്യുകയും ചെയ്തു. ഇതിൻെറ ഉത്ഘാടനം നിർവ്വഹിച്ചത് സ്ഥാനമൊഴിഞ്ഞ് പാങ്ങോട്ട് കർമ്മിലിത്താ ആശ്രമത്തിൽ വിശ്രമജീവിതം നയിച്ചിരുന്ന മുൻ കൊല്ലം രൂപതാദ്ധ്യക്ഷൻ മരിയ അലോഷ്യസ് ബൻസിഗർ മെത്രാപ്പോലീത്തായായിരുന്നു. പുനരൈക്യ പ്രസ്ഥാനത്തിൻെറ പൂർണതയ്ക്ക് ആവശ്യമായ ഹയരാർക്കി സ്ഥാപനവും മാർ ഈവാനിയോസിൻെറ പ്രവർത്തന ഫലമായുണ്ടായി. സഭൈക്യത്തിൻെറ പാതയിൽ ഈ ഹയരാർക്കി സ്ഥാപനം എന്നും നിലനില്ക്കും. സഭൈക്യം പൂർവോപരി വിജയിക്കട്ടെ.

www.malankaralibrary.com



ഫാ. ജേക്കബ് പെരുമ്പ്രാൽ, ഒ.ഐ.സി.

# ബഥനി സന്യാസി സമൂഹം സാർവത്രിക സഭയുടെ കൂട്ടായ്മയിൽ

മലങ്കര സുറിയാനി സഭയിൽ സന്യാസ പ്രസ്ഥാനത്തിനു തുടക്കം കുറിച്ച മഹാനും പുണ്യാത്മാവുമാണ് ആർച്ചു ബിഷപ്പ് മാർ ഈവാനിയോസ്. പരിശുദ്ധാത്മാവ് അദ്ദേഹത്തെ അതിന് ഉപകരണമാക്കി. 1919 ആഗസ്റ്റ് 15-ാം തിയതി ഔദ്യോഗികമായി റാന്നി-പെരുനാട് മുണ്ടൻ മലയിൽ അദ്ദേഹം ബഥനി സന്യാസിസമൂഹം ആരംഭിച്ചു. പ്രാർത്ഥനയിലും തപസ്സിലും ലളിത ജീവിതത്തിലും സമൂഹാംഗങ്ങൾ കൂടുതൽ ശ്രദ്ധ ചെലുത്തി. അതുവഴി സഭയിലാകമാനം ആദ്ധ്യാത്മിക ഉണർവുണ്ടായി. എന്നാൽ, ദൈവത്തിന്റെ അനന്ത പരിപാലനയിൽ സമൂഹാംഗങ്ങൾ മാർ ഈവാനിയോസ് തിരുമേനിയുടെ നേതൃത്വത്തിൽ സാർവത്രിക സഭയായ കത്തോലിക്കാ സഭയുമായി പുനരൈക്യപ്പെട്ടു.

പുനരൈക്യത്തിനുശേഷം ബഥനി സന്യാസി സമൂഹം (order of the imitation of Christ), പൊന്തിഫിക്കൽ പദവിയിലെത്തിയതുവരെയുള്ള ചുരുങ്ങിയ ഒരു ചരിത്രം ഇവിടെ അവതരിപ്പിച്ചു കൊള്ളട്ടെ. ചരിത്രപ്രസിദ്ധമായ പുനരൈക്യം നടന്നത് 1930 സെപ്റ്റംബർ 20-ാം തിയതിയാണ്. അന്ന് അഞ്ചു പേരാണ് ചേർന്നത്. അവരിൽ ഒരാൾ ബഥനി മൂന്നാം സഭയിലെ ആദ്യംഗമായ ബഥനി ചാക്കോച്ചൻ-കിളിയിലേത്ത്-ആയിരുന്നു. അതിനടുത്ത ദിവസങ്ങളിൽ പതിനഞ്ചു സമൂഹാംഗങ്ങൾ കൂടി സാർവത്രിക സഭയിൽ ചേരുകയുണ്ടായി. 1930 സെപ്റ്റംബർ 22ന് മാർ ഈവാനിയോസ് തിരുമേനി തിരുമൂലപുരം ബഥനി മഠത്തിലെ പത്തു സന്യാസിനികളെ കത്തോലിക്കാ സഭയിൽ സ്വീകരിച്ചു. അങ്ങനെ ദൈവാനുഗ്രഹത്താൽ ബഥനി സന്യാസിനീ സന്യാസികൾക്ക് മലങ്കര കത്തോലിക്കാ സഭയിലെ ആദ്യാംഗങ്ങളാകാൻ ഭാഗ്യം ലഭിച്ചു.

മലങ്കര സഭ അതിന്റെ തനിമ നഷ്ടപ്പെടുത്താതെ സാർവത്രിക സഭയായ കത്തോലിക്കാ സഭയുമായി പുനരൈക്യപ്പെട്ടപ്പോൾ, അനന്യ സാധാരണമായ ശക്തിയും തേജസും വളർച്ചയുമാണ് അതിനു കൈവന്നത്. എന്നാൽ, പുനരൈക്യത്തിന്റെ ആദ്യഘട്ടങ്ങളിൽ യാക്കോബായ - ഓർത്തഡോക്സ് സഭാംഗങ്ങളുടെ ശക്തിയായ എതിർപ്പുണ്ടായി. ബഥനി സന്യാസികൾക്ക് അന്ന് അനുഭവിക്കേണ്ടി വന്ന പ്രതിസന്ധികളും പ്രയാസങ്ങളും ദുരിതങ്ങളും അവാച്യമായിരുന്നു. തപസ്സിന്റെയും സഹന ത്തിന്റെയും അരൂപിയിൽ അവർ അവയെല്ലാം തരണം ചെയ്തു മുന്നേറുകയാണുണ്ടായത്.

www.malankaralibrary.com

## ബഥനിയുടെ ആദ്യത്തെ ആശ്രമം

പുനരൈക്യശേഷം ആശ്രമാംഗങ്ങൾ വെണ്ണിക്കുളത്ത് താമസമാക്കി. ആദ്യാശ്രമം സ്ഥാപിക്കാൻ അവിടെ സ്ഥലം നല്കിയത് ഒരു പ്രമുഖ ഹിന്ദു നേതാവായ വരിക്കണ്ണാമല നാരായണൻ വൈദ്യനാണ്. ആ സ്ഥലത്ത്, ചെറ്റപ്പുരകളും കൊട്ടിലും നിർമിച്ചു. അവിടെത്തന്നെയായിരുന്നു, അരമനയും, ചാപ്പലും, ആശ്രമവും, നൊവിഷ്യേറ്റുമെല്ലാം. 1930 നവംബർ 6-ാം തിയതിയാണ് ആശ്രമാംഗങ്ങൾ അവിടെ താമസമാക്കിയത്. അവിടെ വച്ച് നവശിഷ്യപരിശീലനം നടത്തിയവരാണ്, പിന്നീട് വൈദികരായ ബ. സെറാഫിയോൻ, ബ. പക്കോമിയോസ്, ബ. റഫായേൽ എന്നിവർ. സമൂഹാംഗങ്ങൾ അവിടെ പ്രാർത്ഥനയും തപസ്സും ദൈവജനത്തിനിടയിലുള്ള ആദ്ധ്യാത്മിക പ്രവർത്തനങ്ങളും തുടർന്നു കൊണ്ടിരുന്നു. തത്ഫലമായി വെണ്ണിക്കുളത്തെ യാക്കോബായ ഓർത്തഡോക്സ് സഭയിലെ ഏതാനും പ്രമുഖ കുടുംബങ്ങൾ കത്തോലിക്കാസഭയെ ആശ്ലേഷിക്കുകയുണ്ടായി. വെണ്ണിക്കുളത്തുവച്ചാണ് പട്ടികജാതിക്കാരുടെ ഇടയിലുള്ള പ്രവർത്തനം ഊർജ്ജിതപ്പെടുത്തിയത്. അവരെ ആദ്ധ്യാത്മികമായും സാമ്പത്തികമായും സഹായിച്ചുയർത്തുവാൻ സമൂഹാംഗങ്ങൾ താല്പര്യം കാണിച്ചു.

1931 ഫെബ്രുവരി 14-ാം തിയതി വെണ്ണിക്കുളം ആശ്രമത്തിൽ വച്ച് ആശ്രമാംഗമായിരുന്ന ഫാ. സ്തേഫാനോസ്, ഒ.ഐ.സി. ദിവംഗതനായി. ആശ്രമ ചാപ്പലിനു സമീപം അദ്ദേഹത്തിന്റെ മൃതശരീരം ബഥനി പിതാക്കന്മാരുടെ കാർമ്മികത്വത്തിൽ സംസ്കരിക്കുകയുണ്ടായി.

## ബഥനി, രൂപതാ സമൂഹമായി

1932 ഡിസംബർ 14-ാം തിയതി തിരുവനന്തപുരത്ത് നാലാഞ്ചിറയിൽ ബഥനി ആശ്രമത്തിനുവേണ്ടി ഏതാനും ഏക്കർ സ്ഥലം വാങ്ങിച്ചു. ഇതിനകം കത്തോലിക്കാ സഭയുടെ പരമാദ്ധ്യക്ഷനായ പതിനൊന്നാം പീയൂസ് മാർപാപ്പായെ അഭിവന്ദ്യ മാർ ഈവാനിയോസ് റോമിൽ പോയി സന്ദർശിക്കുകയുണ്ടായി. മലങ്കര സഭയെ സാർവത്രിക സഭയിലേക്കു സ്വീകരിച്ചത് മഹാനായ പതിനൊന്നാം പീയൂസ് മാർപാപ്പായാണ്. പതിനൊന്നാം പീയൂസ് മാർപാപ്പായും മാർ ഈവാനിയോസും തമ്മിലുള്ള കൂടിക്കാഴ്ച ചരിത്ര പ്രസിദ്ധമായ വലിയ സംഭവമായിരുന്നു. വേണ്ടത്ര വിശ്വാസികളും, പള്ളികളും, വൈദികരും, മെത്രാന്മാരും ഇല്ലാതിരുന്ന വേളയിൽ മലങ്കര കത്തോലിക്കാ സഭയിൽ ഒരു ഹൈരാർക്കി സ്ഥാപിക്കാൻ മാർപാപ്പ മാർ ഈവാനിയോസിന് അനുവാദം നല്കി. അത്യുന്നത കർദിനാളന്മാരെപ്പോലും അദ്ഭുതപ്പെടുത്തിയ സംഭവമായിരുന്നു അത്.

തിരുവിതാംകൂറിന്റെ തലസ്ഥാനമായ തിരുവനന്തപുരത്ത് ഹൈരാർക്കി സ്ഥാപിക്കാൻ ബുദ്ധിമാനായ മാർ ഈവാനിയോസ് തീരുമാനിച്ചു. അന്ന് അവിടെ മലങ്കരകത്തോലിക്കാസഭാംഗമായി ഒരു വ്യക്തി പോലുമില്ലായിരുന്നു. 1933 മാർച്ച് 12-ാം തിയിതി ഞായറാഴ്ച മാർ ഈവാനിയോസ്, തിരുവനന്തപുരം ആർച്ച് ബിഷപ്പായും മലങ്കര ഹൈരാർക്കിയുടെ തലവനായും ഉയർത്തപ്പെട്ടു.

മാർ ഈവാനിയോസ് തിരുമേനിയുടെ നിർദ്ദേശപ്രകാരം 1933 മേയിൽ വെണ്ണിക്കുളത്തു നിന്ന് ആശ്രമാംഗങ്ങൾ നാലാഞ്ചിറയിൽ സ്ഥാപിതമായ ആശ്രമത്തിലേക്കു താമസ്സം മാറ്റി. ആ ആശ്രമത്തിലെ ആദ്യത്തെ സന്യാസാർത്ഥിയാണ് ഈ വർഷം പൗരോഹിത്യ സുവർണ ജൂബിലി ആഘോഷിക്കുന്ന ലോക വന്ദ്യനും ബഹുമുഖ പ്രതിഭയുമായ ആർച്ചു ബിഷപ്പ് ബനഡിക്ട് മാർ ഗ്രിഗോറിയോസ്, ഒ.ഐ.സി.

മാർ ഈവാനിയോസ് തിരുമേനിയോടൊപ്പം കത്തോലിക്കാ സഭയിലേക്കു പുനരൈക്യപ്പെട്ട ബഥനിയിലെ മാർ തിയോഫീലോസ് തിരുമേനി 1933 നവംബർ 6-ാം തീയതി തിരുവല്ലാ രൂപതയുടെ മെത്രാനായി അവരോധിക്കപ്പെട്ടു. മാർ തിയോഫീലോസ് തിരുമേനിയുടെ അഭ്യർത്ഥനപ്രകാരം നാലാഞ്ചിറ ആശ്രമത്തിൽ നിന്ന് മാർ ഈവാനിയോസ് തിരുമേനി ഏതാനും ആശ്രമാംഗങ്ങളെ തിരുവല്ലായിലേക്കയച്ചു. അവർ തിരുമൂലപുരത്തുള്ള ഒരു ചെറിയ കെട്ടിടത്തിൽ 1935 ജൂണിൽ താമസമാക്കി. തത്ഫലമായി ബഥനി സന്യാസി സമൂഹം രണ്ടു

www.malankaralibrary.com

രൂപതാദ്ധ്യക്ഷന്മാരുടെ അധീനതയിൽ രണ്ടായി വേർപെടുത്തപ്പെട്ടു. രണ്ടു സുപ്പീരിയേഴ്സ് ഭരിക്കുന്ന രണ്ടു സമൂഹം. അങ്ങനെ ബഥനി സന്യാസി സമൂഹം രൂപതാ സമൂഹമായിത്തീരാൻ ഇടയായി. സമൂഹാംഗങ്ങളെ വേദനിപ്പിച്ച ഒരു സംഭവമായിരുന്നു അത്.

ആദ്യം പുനരൈക്യപ്പെട്ടവരിൽ ഒരാളായ ബ. സെറാഫിയോൻ ശെമ്മാശ്ശൻ 1933 ഡിസംബർ 23-ന് വൈദിക പദവിയിലേക്കുയർത്തപ്പെട്ടു.

തിരുവല്ലാ തോലശ്ശേരിയിൽ 1935 ആഗസ്റ്റ് 12ന് ബഥനി ആശ്രമത്തിനു വേണ്ടി ഏതാനും ഏക്കർ സ്ഥലം വാങ്ങി. അവിടെ പുതിയ ആശ്രമത്തിന്റെ പണി ആരംഭിച്ചു. പണി പൂർത്തിയായശേഷം 1936 ഏപ്രിൽ 12-ാം തിയിതി തിരുമൂലപുരത്തു നിന്ന് ആശ്രമവാസികൾ തിരുവല്ലാ തോലശ്ശേരി ആശ്രമത്തിലേക്കു താമസം മാറ്റി.

1936 ഏപ്രിൽ 25 ന് ബ. യൗനാൻ, ഒ.ഐ.സി.യും 1936 ആഗസ്റ്റ് 23-ന് ബ. കോശി, ഒ.ഐ.സി.യും, 1936 സെപ്റ്റംബർ 20-ന് ബ. അപ്രേം, ഒ.ഐ.സി-യും, 1937 ജൂലൈ 25-ന് ബ. പക്കോമിയോസ്, ഒ.ഐ.സി.യും, ബ. റഫായേൽ, ഒ.ഐ.സി.യും വൈദിക പദവിയിലേക്കുയർത്തപ്പെട്ടു.

പുനരൈക്യത്തിന്റെ ആദ്യഘട്ടമായിരുന്നതു കൊണ്ട്, പുനരൈക്യപ്രവർത്തനത്തിനു വേണ്ടി, പ്രയത്നിക്കുവാൻ മറ്റാരും ഉണ്ടായിരുന്നില്ല. അതിനാൽ സമൂഹാംഗങ്ങൾ വിവിധ സ്ഥലങ്ങളിൽ താമസിച്ചു കൊണ്ട് മലങ്കര കത്തോലിക്കാ സഭയുടെ വളർച്ചയ്ക്കു വേണ്ടി അക്ഷീണയത്നം ചെയ്യേണ്ടി വന്നു. തന്മൂലം സന്യാസികൾ ഒന്നിച്ചുള്ള കൂട്ട ജീവിതത്തിനു സൗകര്യം ലഭിച്ചില്ല. അതുപോലെതന്നെ സന്യാസാർത്ഥികളെ സ്വീകരിച്ച് പരിശീലിപ്പിക്കാനുള്ള അവസരവും ലഭിക്കാതെ പോയി. ഏതാനും വർഷം ഇപ്രകാരം മുമ്പോട്ടു പോകേണ്ടിവന്നു. സന്യാസി സമൂഹത്തിന്റെ വളർച്ചയെ സാരമായി അതു ബാധിക്കുകയുണ്ടായി.

തിരുവല്ലാ ആശ്രമത്തിന്റെ ആദ്യകാലങ്ങളിൽ അതിന്റെ സുപ്പീരിയറായും നവശിഷ്യ ഗുരുവായും കർമലീത്താ വൈദികരായ ബ. T.O.C.D അച്ചന്മാരാണ് സേവനം അനുഷ്ഠിച്ചിരുന്നത്. നാലാഞ്ചിറ ആശ്രമത്തിലും അവർ സഹായിച്ചിട്ടുണ്ട്. അവരുടെ സേവനം ഞങ്ങൾ നന്ദിയോടുകൂടി ഇപ്പോൾ സ്മരിക്കുന്നു. അതിനു ശേഷം ബഥനിയിലെ ബ. വൈദികരാണ് സുപ്പീരിയറായും അർത്ഥിനാഥനായും നവശിഷ്യ ഗുരുവായും തിരുവനന്തപുരത്തും തിരുവല്ലായിലും നേതൃത്വം നല്കിയിരുന്നത്.


തിരുവനന്തപുരം അതിരൂപതയിൽ കറ്റാനം എന്ന സ്ഥലത്ത് 1947 മെയ്-ൽ മാർ ഈവാനിയോസ് തിരുമേനിയുടെ നിർദ്ദേശപ്രകാരം ഒരു ബഥനി ആശ്രമം സ്ഥാപിച്ചു. അതിനു സമീപം pope pius XI High School ഉം, Middle School ഉം, Primary School- ഉം മാർ ഈവാനിയോസ് തിരുമേനി അല്പം നേരത്തെ ആരംഭിച്ചിരുന്നു. ബഥനി സന്യാസിസമൂഹത്തിന്റെ വിദ്യാഭ്യാസ പ്രവർത്തനത്തിനും വളർച്ചയ്ക്കുമായി ആ സ്കൂളുകൾ അദ്ദേഹം ഔദ്യോഗികമായി രേഖാമൂലം ബഥനി സമൂഹത്തിന് 1947 മെയ് 19-ാം തിയതി നല്കി. പക്ഷേ, പേരിനു മാത്രമേ അവയുടെ ചുമതലയും അധികാരവും ആ രംഗത്തെ അധികാരികൾ ബഥനി സമൂഹത്തിനു നല്കിയിരുന്നുള്ളു. ആ നിലപാട് ഇപ്പോഴും തുടരുകയാണ്. എന്നാൽ,മാർ ഈവാനിയോസ് തിരുമേനിയുടെ അഭിലാഷം പൂവണിയുമെന്നാണ് ബഥനി സമൂഹം പ്രതീക്ഷിക്കുന്നത്.

ബഥനി സമൂഹത്തോടുള്ള താല്പര്യം കൊണ്ട് മാർ ഈവാനിയോസ് പിതാവ് ചുനക്കരയുള്ള കുറെ സ്ഥലം ബഥനിയുടെ ഒരു ശാഖാ മന്ദിരം ആരംഭിക്കാൻ 1947 മെയ് 24-ാം തിയതി നല്കുകയുണ്ടായി. അവിടെ ഇപ്പോൾ ഒരു ഇംഗ്ലീഷ് മീഡിയം സ്കൂളും ബോർഡിംഗും ബഥനി സമൂഹം പ്രശസ്തമായി നടത്തി വരുന്നു.

## ബഥനി, ഇൻറർ ഡയോസിസൻ സമൂഹം

രണ്ട് അധികാരികളുടെ കീഴിൽ ബഥനി സമൂഹം മുമ്പോട്ടു പോകുന്നതിൽ സമൂഹാംഗങ്ങൾക്ക് ഒട്ടും താല്പര്യമില്ലായിരുന്നു. അതിനാൽ ബഥനി സമൂഹത്തെ ഒരു സുപ്പീരിയറിന്റെ ഭരണസീമയിൽ ആക്കുന്നതിനു

www.malankaralibrary.com



ഇന്റർ ഡയോസിസൻ ഭരണത്തിൻകീഴിൽ

വേണ്ടി സമൂഹാംഗങ്ങൾ അഭിവന്ദ്യ രൂപാതാദ്ധ്യക്ഷന്മാർക്ക് അപേക്ഷ സമർപ്പിക്കുകയുണ്ടായി. ദൈവ പരിപാലനയാൽ അഭിവന്ദ്യ പിതാക്കന്മാർ അതു പരിഗണിച്ച് 1948 സെപ്റ്റംബർ 12-ാം തിയതി ബഥനി സമൂഹത്തെ ഇൻറർഡയോസിസൻ സമൂഹമായി ഉയർത്തി. 1948 സെപ്റ്റംബർ 21-ാം തിയതി തിരുവല്ലാ ബഥനി ആശ്രമത്തിൽ സമ്മേളിച്ച ജനറൽ ചാപ്റ്റർ റവ. ഫാ. ജോൺ കുഴിമേപ്പുറത്ത് ഒ.ഐ.സി.-യെ ഇൻറർ ഡയോസിസൻ സമൂഹത്തിൻെറ ആദ്യത്തെ സുപ്പിരിയർ ജനറലായി തിരഞ്ഞെടുത്തു. ചെങ്ങന്നൂരിൽ St. Thomas Mission House-ൽ 1948 നവംബർ 3-ാം തിയതി ആദ്യത്തെ ജനറലേറ്റു മന്ദിരം ആരംഭിച്ചു.

ഒരു വർഷം കഴിഞ്ഞപ്പോൾ ബ. ജോൺ കുഴിമേപ്പുറത്തച്ചൻ സുപ്പീരിയർ ജനറലായി തുടരാൻ താല്പര്യം കാണിച്ചില്ല. അതിൻെറ ഫലമായി 1949 സെപ്റ്റംബർ 29ന് നാലാഞ്ചിറ ആശ്രമത്തിൽ സമ്മേളിച്ച ജനറൽ ചാപ്റ്റർ റവ. ഫാ. ജോഷ്വാ താവളത്തിൽ ഒ.ഐ.സി-യെ സുപ്പീരിയർ ജനറലായി തിരഞ്ഞെടുത്തു. അഭിവന്ദ്യ തിരുമേനിമാരുടെ നിർദ്ദേശപ്രകാരം 1949 നവംബർ 25 ന് സമൂഹ നിയമം ക്രോഡീകരിച്ചതിൻെറ ഒരു നക്കൽ അംഗീകാരത്തിനു വേണ്ടി അവർക്കു സമർപ്പിച്ചു. എന്നാൽ അത് രൂപതാദ്ധ്യക്ഷന്മാർക്ക് സ്വീകാര്യമായി തോന്നിയില്ല. അവർ ഒരു പുതിയ നിയമം രൂപീകരിച്ചു. ബഥനി ആശ്രമം എന്നറിയപ്പെടുന്ന ഇൻറർ ഡയോസിസൻ സമൂഹത്തിൻെറ വിശുദ്ധനിയമം എന്ന പേരിൽ 1951 ഏപ്രിൽ 15-ാം തിയതി അത് അവർ സമൂഹത്തിനു നല്കി. ബഥനി സമൂഹത്തിൻെറ ചൈതന്യത്തിനോ വളർച്ചയ്ക്കോ പറ്റിയതല്ലായിരുന്നു ആ വിശുദ്ധ നിയമം. തന്മൂലം 1951 ഏപ്രിൽ 30-ാം തിയതി സമൂഹത്തിൻെറ ഭരണാധികാരികളെല്ലാം ഒന്നിച്ച് രാജി വയ്ക്കേണ്ടതായി വന്നു. അപ്പോൾ അഭിവന്ദ്യ രൂപതാദ്ധ്യക്ഷന്മാർ Rev. Fr. Francis Sales, T.O.C.D-യെ ബഥനി സന്യാസി സമൂഹത്തിൻെറ കാനോനിക്കൽ വിസിറ്ററായും സുപ്പീരിയർ ജനറലായും 1951 മേയ് 19-ാം തിയതി നിയമിക്കുകയുണ്ടായി.

## ബഥനിയുടെ വളർച്ച

ഈ കാലയളവിലാണ് (1952 -1953) നാലാഞ്ചിറ ആശ്രമത്തിൽ പത്ത് സന്യാസികൾ പരിശീലനം നടത്തിക്കൊണ്ടിരുന്നത്. അവരുടെ ഗുരുവായിരുന്നു ഈ ലേഖകൻ.

1952-ൽ സമൂഹ സ്ഥാപകനായ മാർ ഈവാനിയോസ് രോഗബാധിതനായി. പുണ്യാത്മാവായ അദ്ദേഹം രോഗികളുടെ തൈലാഭിഷേകം (കന്തീലാ ശുശ്രൂഷ) അദ്ദേഹത്തിനു നല്കണമെന്നാവശ്യപ്പെട്ടു. 1952 സെപ്റ്റംബർ 2-ന് നാലാഞ്ചിറ ബഥനി ആശ്രമച്ചാപ്പലിൽ വച്ച് ആ ശുശ്രൂഷ അദ്ദേഹത്തിനു സാഘോഷം നല്കി. അതിനുശേഷം 1952 ഡിസംബർ 27 -ന് Rev.Fr. Benedict, O.I.C യെ അഭിവന്ദ്യ മാർ ഈവാനിയോസ്, റമ്പാൻ പദവിയിലേക്കുയർത്തി.

ഈ അവസരത്തിൽ ബഥനി സമൂഹത്തിൻെറ സ്ഥിതിഗതികൾ റോമിൽ പരിശുദ്ധ സിംഹാസനം (Holy See) മനസ്സിലാക്കിക്കൊണ്ടിരുന്നു. അതിൻെറ

www.malankaralibrary.com

വെളിച്ചത്തിൽ 1953 ജനുവരി 27 ന് Rev. Fr. Augusto Lombardi -യെ പരിശുദ്ധ സിംഹാസനം ബഥനി സമൂഹത്തിന്റെ Apostolic Visitor -ആയി നിയമിക്കയുണ്ടായി.

ദൈവത്തിന്റെ അനന്തമായ പരിപാലനയാൽ 1953 ജാനുവരി 29-ാം തിയതി മാർ ഈവാനിയോസ് തിരുമേനി, പട്ടം സെന്റ്മേരീസ് കത്തീഡ്രലിൽ വച്ച് അഭിവന്ദ്യറമ്പാൻ ബനഡിക്റ്റ് ഒ.ഐ.സി-യെ മെത്രാനായി അഭിഷേകം ചെയ്തു.

അപ്പസ്തോലിക് വിസിറ്റർ ആയ റവ. ഫാ. ലൊംബാർഡി സമൂഹാംഗങ്ങളെയും സമൂഹത്തെയും കുറിച്ചു പഠിച്ചതിന്റെ ഫലമായി അദ്ദേഹം ബഥനി സമൂഹത്തിന്റെ സുപ്പീരിയർ ജനറലായി റവ. ഫാ. പീറ്റർ കോഴിമണ്ണിൽ ഒ. ഐ. സി-യെ 1953 ജൂൺ 29-ന് നിയമിച്ചു. കൂടാതെ, 1953 ജൂലൈ 4-ന് ചെങ്ങന്നൂരിൽ നിന്ന് ജനറലേറ്റു മന്ദിരം നാലാഞ്ചിറ ആശ്രമത്തിലേക്ക് മാറ്റുകയുമുണ്ടായി.

1953 ജൂലൈ 15-ാം തിയതി ബഥനി സന്യാസിനീ സന്യാസിസമൂഹസ്ഥാപകനായ മാർ ഈവാനിയോസ് തിരുമേനി പട്ടം അരമനയിൽ വച്ച് ദിവംഗതനായി.

യുടെ നേതൃത്വത്തിൽ പൂനായിലെത്തി. ആദ്യം അവർ പേപ്പൽ സെമിനാരി-യ്ക്കു സമീപമുള്ള ഫ്രാൻസേലിയൻ സെമിനാരിയിൽ 1954 ജൂൺ 6 നു താമസിച്ചു പഠനം ആരംഭിച്ചു. 1955 ഏപ്രിൽ 30 ന് പൂനാ 'രാംവാടി'യിൽ ഒരു ഭവനം വിലയ്ക്കു വാങ്ങി, വൈദിക വിദ്യാർത്ഥികൾ അവിടെ താമസിക്കാൻ തുടങ്ങി.

ഈ കാലഘട്ടത്തിലാണ് തിരുവല്ലാ, മെത്രാൻ അഭിവന്ദ്യമാർ സെവേറിയോസ് തിരുമേനി, മലബാർ പ്രദേശത്ത് മലങ്കര കത്തോലിക്കാ സഭയെ വളർത്തിയെടുക്കാൻ എത്രമാത്രം സാദ്ധ്യതയുണ്ടെന്ന് അന്വേഷിച്ചറിയാൻ റവ. ഫാ. മൈക്കിൾ മഞ്ഞനാംകുഴി ഒ.ഐ.സി യെ നിയോഗിച്ചത്. മലങ്കര കത്തോലിക്കാ സഭയിലെ ആദ്യത്തെ 'മലബാർ മിഷനറി' ആയിരുന്നു റവ. ഫാ. മൈക്കിൾ ഒ.ഐ.സി.

1959 ജൂൺ 26 നു നടന്ന ജനറൽ ചാപ്റ്ററിൽ ആദ്ധ്യക്ഷം വഹിക്കാൻ പരിശുദ്ധസിംഹാസനം റവ. ഫാ. വിക്ടർ ഒ.സി.ഡി-യെ നിയോഗിക്കുകയുണ്ടായി. നാലാഞ്ചിറ ആശ്രമത്തിൽ വച്ചു നടന്ന ആ ചാപ്റ്ററിൽ റവ. ഫാ. ജോഷ്വാ ഒ.ഐ.സി 1959 ജൂൺ 30 ന് സുപ്പീരിയർ ജനറലായി തിരഞ്ഞെടുക്കപ്പെട്ടു.



അപ്പസ്തോലിക് വിസിറ്റർ ഫാ. ലൊംബാർഡി ബഥനിയരോടൊപ്പം

നവസന്യാസ പരിശീലനം കഴിഞ്ഞ വൈദിക വിദ്യാർത്ഥികളെ പൂനാ പേപ്പൽ സെമിനാരിയിൽ പഠിപ്പിക്കണമെന്നു നിശ്ചയിച്ചു. ആദ്യത്തെ ബാച്ച്, റവ. ഫാ. ഗബ്രിയേൽ തൈക്കടവിൽ ഒ. ഐ. സി.-

തദനന്തരം ബഥനിയുടെ വളർച്ചയ്ക്കും സഭാദ്ധ്യക്ഷന്മാരുമായുള്ള ബന്ധം ശക്തിപ്പെടുന്നതിനും റവ. ഫാ. ജോസഫ് ഇടമരം എസ്. ജെ യെ ബഥനി സമൂഹത്തിന്റെ Religious Assistant ആയി

www.malankaralibrary.com

പരിശുദ്ധ സിംഹാസനം 1961 ജൂൺ 29 ന് നിയമിക്കയുണ്ടായി. അദ്ദേഹം ബഥനി സന്യാസി സമൂഹത്തെക്കുറിച്ച് നന്നായി പഠിച്ചു. സമൂഹാംഗങ്ങൾക്ക് ഉത്തേജനം നല്കി. ഈ കാലയളവിലാണ് അഞ്ചേരി, വെങ്ങോല, കുമ്പഴ, മീനങ്ങാടി എന്നി സ്ഥലങ്ങളിൽ ബഥനിയുടെ ശാഖാ മന്ദിരങ്ങൾ സമാരംഭിച്ചത്.

## ബഥനി, പൊന്തിഫിക്കൽ പദവിയിൽ

ഒരു സന്യാസ സമൂഹം പൊന്തിഫിക്കൽ പദവിയിലേക്കുയർത്തപ്പെടണമെങ്കിൽ സമൂഹാംഗങ്ങൾ സേവനം അനുഷ്ഠിക്കുന്ന രൂപതകളിലെ രൂപതാദ്ധ്യക്ഷന്മാരുടെ ക്രിയാത്മകമായ ശുപാർശക്കത്തുകൾ റോമിലെ പരിശുദ്ധ സിംഹാസനത്തിന് അയച്ചിരിക്കേണ്ടതുണ്ട്.

**പൊന്തിഫിക്കൽ പദവിയിലുയർത്തപ്പെട്ടാൽ സന്യാസിസമൂഹം മാർപാപ്പായുടെ നേരിട്ടുള്ള അധികാരത്തിൻ കീഴിൽ വരുന്നു. ലോകത്തിലെ വിടെയും ഏതു രൂപതയിലും പ്രേഷിത വേല ചെയ്യാനുള്ള അവകാശവും അർഹതയും അവർക്കു ലഭിക്കുന്നു. ഏതു രൂപതയിൽ സേവനം അനുഷ്ഠിക്കുന്നുവോ അവിടത്തെ രൂപതാദ്ധ്യക്ഷനു വിധേയപ്പെട്ട് സഭയെ പടുത്തുയർത്തുവാനുള്ള ധർമ്മവും അവർക്കുണ്ട്. സമൂഹത്തിൻെറ വളർച്ചയുടെ ഒരു സുപ്രധാനമായ ഭാഗവും ഭാഗ്യവുമാണ് ഈ പദവി.**

1965 ജൂലൈയിൽ നാലാഞ്ചിറ ബഥനി ആശ്രമത്തിൽ വച്ച് റവ. ഫാ. ജോസഫ് ഇടമരം. എസ്. ജെ യുടെ സാന്നിദ്ധ്യത്തിൽ സമ്മേളിച്ച ജനറൽ ചാപ്റ്ററിൽ ഫാ. ജേക്കബ് പെരുമ്പ്രാൽ ഒ.ഐ.സി സുപ്പീരിയർ ജനറലായി തിരഞ്ഞെടുക്കപ്പെട്ടു. ജനറൽ ചാപ്റ്റർ കഴിഞ്ഞ് സുപ്പീരിയർ ജനറലും കൗൺസിലേഴ്സും പട്ടം അരമനയിൽ ചെന്ന് ആർച്ചുബിഷപ്പ് ബനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനിയെ കണ്ടു. അദ്ദേഹം സന്തോഷത്തോടെ ജനറൽ ബോഡി അംഗങ്ങളെ അനുമോദിച്ചു സംസാരിച്ചു. അന്ന് അവർ അഭിവന്ദ്യ പിതാവിൻെറ സന്നിധിയിൽ സമർപ്പിച്ച ആദ്യത്തെ അഭ്യർത്ഥന, സമൂഹത്തെ പൊന്തിഫിക്കൽ പദവിയിലേക്കുയർത്താനുള്ള ശുപാർശക്കത്ത് നല്കണമെന്നായിരുന്നു. ദൈവാനുഗ്രഹത്താൽ അഭിവന്ദ്യ പിതാവ് പ്രസാദിച്ച് ആ കത്ത് തരാമെന്നു സമ്മതിച്ചു.

പിന്നീട് ജനറൽ ബോഡിയിലെ അംഗങ്ങൾ തിരുവല്ലായിൽ എത്തി, തിരുവല്ലാ മെത്രാൻ അഭിവന്ദ്യ മാർ അത്തനാസിയോസ് തിരുമേനിയെ സന്ദർശിച്ചു. അദ്ദേഹവും അവരെ ഹാർദ്ദമായി സ്വീകരിച്ചനുമോദിക്കയുണ്ടായി. അദ്ദേഹത്തോടും അവർ അഭ്യർത്ഥിച്ചത് പൊന്തിഫിക്കൽ പദവിയിലേക്കുയർത്തപ്പെടാനുള്ള ശുപാർശക്കത്താണ്. അപ്പോൾ അദ്ദേഹം പറഞ്ഞു. "നിങ്ങളുടെ ഭരണവും പ്രവർത്തനവുമൊക്കെ ഞാനൊന്നു കാണട്ടെ അതിനു ശേഷം ശുപാർശക്കത്ത് റോമിലേക്കയക്കാം."

രണ്ടാം വത്തിക്കാൻ സുന്നഹദോസ് റോമിൽ നടന്നു കൊണ്ടിരുന്ന സമയമായിരുന്നു അത്.



നോബർട്ട് നോക്സ് തിരുമേനി മലങ്കര സഭാദ്ധ്യക്ഷനോടും, ബഥനി സമൂഹാദ്ധ്യക്ഷനോടുമൊപ്പം. ബഥനി പൊന്തിഫിക്കൽ പദവിയിലേക്കുയർത്തപ്പെടുന്നു


www.malankaralibrary.com

തിരുവല്ലാമെത്രാൻ മാർ അത്തനാസിയോസ് തിരുമേനി അതിൽ പങ്കുകൊണ്ടിരുന്നു. ദൈവത്തിന്റെ സ്നേഹ പരിപാലനയാൽ, പ്രാർത്ഥനയുടെ ശക്തികൊണ്ട്, അഭിവന്ദ്യ മാർ അത്തനാസിയോസ് തിരുമേനി, ഫാ. ജേക്കബ് പെരുമ്പ്രാൽ, ഒ.ഐ.സി.യ്ക്ക് റോമിൽ നിന്ന് ഒരു കത്തയച്ചു. അതിൽ അദ്ദേഹം കുറിച്ചിരുന്നു. "ബഥനി സമൂഹത്തെ പൊന്തിഫിക്കൽ പദവിയിലേക്കുയർത്താൻ ഞാനും ശുപാർശക്കത്ത് പരിശുദ്ധ സിംഹാസനത്തിനു നല്കുന്നു" എന്ന്. സമൂഹാംഗങ്ങളെല്ലാം വളരെ സന്തോഷിച്ച ഒരു സംഭവമായിരുന്നു അത്.

പൊന്തിഫിക്കൽ പദവിയിലേക്ക് സന്യാസി സമൂഹത്തെ ഉയർത്താനുള്ള അപേക്ഷക്കത്ത് ലത്തീൻ ഭാഷയിൽ ക്രോഡീകരിക്കാൻ സഹായിച്ചത് റവ. ഫാ. ജോസഫ് ഇടമരം എസ്. ജെ- ആണ്. ആ കത്തോടുകൂടി അഭിവന്ദ്യ മാർ ഗ്രിഗോറിയോസ് തിരുമേനിയുടെ ശുപാർശക്കത്തും ഒന്നിച്ച് റോമിൽ പരിശുദ്ധ സിംഹാസനത്തിന് അയച്ചു.

രണ്ടു രൂപതാദ്ധ്യക്ഷന്മാരുടെ ശുപാർശക്കത്തുകൾ പരിശുദ്ധസിംഹാസനം താമസിയാതെ അനുകമ്പാ പൂർവം പരിഗണിക്കയാണുണ്ടായത്. രണ്ടു രൂപതകളിൽ മാത്രമായിരുന്നു സമൂഹാംഗങ്ങൾ ആ കാലയളവിൽ സേവനം അനുഷ്ഠിച്ചിരുന്നത്. ദൈവാനുഗ്രഹത്താൽ, 1966 ഏപ്രിൽ 14-ാം തിയതി ബഥനി സന്യാസിസമൂഹത്തെ പൊന്തിഫിക്കൽ പദവിയിലേക്ക് ഉയർത്തിയതായി പരിശുദ്ധ സിംഹാസനം പ്രഖ്യാപിക്കയുണ്ടായി. പദവി ദാനപത്രം നല്കാനും സമൂഹാംഗങ്ങളെ അനുമോദിക്കാനുമായി അന്നത്തെ പ്രൊനുൺഷിയോ, ആർച്ചു ബിഷപ്പ് റൈറ്റ്. റവ. ആർ. നോക്സ് തിരുമേനി നാലാഞ്ചിറ ആശ്രമത്തിൽ ആഗതനായി. 1966 മെയ് 31-ാം തിയതി പരിശുദ്ധ ദൈവമാതാവിന്റെ രാജ്ഞീ പദത്തിരുനാളിൽ, നാലാഞ്ചിറ ആശ്രമച്ചാപ്പലിൽ വച്ച് വിശുദ്ധ കുർബാന വേളയിൽ അഭിവന്ദ്യ മാർ നോക്സ് തിരുമേനി, തിരുവനന്തപുരം ആർച്ചുബിഷപ്പ് മാർ ഗ്രിഗോറിയോസ് തിരുമേനിയുടെ സാന്നിദ്ധ്യത്തിൽ പൊന്തിഫിക്കൽ പദവി ദാന പത്രം, സമൂഹത്തിന്റെ സുപ്പീരിയർ ജനറൽ ഫാ. ജേക്കബ് പെരുമ്പ്രാൽ ഒ.ഐ.സി യ്ക്കു നല്കി. ബഥനി സന്യാസി സമൂഹത്തിന്റെ ചരിത്രത്തിലെ സുപ്രധാനമായ ഒരു സംഭവമായിരുന്നു അത്. അതിനുശേഷം ദൈവ മഹത്ത്വത്തിനും ദൈവജനത്തിന്റെ നന്മയ്ക്കുമായി കൂടുതൽ ഊർജസ്വലമായി പ്രവർത്തിക്കാനും വളരുവാനും സമൂഹത്തിന് സാധിച്ചു കൊണ്ടിരിക്കുന്നു എന്നത് കൃതജ്ഞതാ പൂർവ്വം അനുസ്മരിക്കുകയാണ്.

www.malankaralibrary.com



ഫാ. എബ്രഹാം പ്രസാദ്. ഒ.ഐ.സി.

# ആധുനിക ചരിത്രം

ബഥനിയുടെ ചരിത്രത്തിലെ സുപ്രധാനമായൊരു സംഭവമായിരുന്നു പൊന്തിഫിക്കൽ പദവി ലഭിച്ചത്. ബഥനിയുടെ വളർച്ചയിൽത്തന്നെ ഒരു കുതിപ്പായിരുന്നു ഈ സംഭവം എന്നു പറയുന്നതിൽ തെറ്റില്ല. ഒന്നാമതായി ഇതൊരംഗീകാരമാണ്. ചരിത്ര പ്രസിദ്ധമായ വത്തിക്കാൻ കൗൺസിലിൻെറ നൂതനാശയങ്ങൾ സഭയുടെ വിവിധ രംഗങ്ങളിൽ പ്രയോഗത്തിൽ വരുത്തിക്കൊണ്ടിരുന്ന കാല ഘട്ടമാണത്. സന്യാസജീവിതത്തിലും കൗൺസി ലിൻെറ നവീകരണാഹ്വാനം കടന്നു ചെന്നു. ദേശീയമായ രീതിയിൽ സന്യാസ ജീവിതശൈലി അനുരൂപപ്പെടുത്തുവാനുള്ള ശക്തമായ ആഹ്വാനം സമൂഹങ്ങൾ ചെവിക്കൊണ്ടിരുന്ന കാലഘട്ടം. ബഥനിയുടെ ചൈതന്യം അതു തന്നെയാണ് എന്നു മനസ്സിലാക്കിയ പ.സിംഹാസനം അങ്ങനെയൊരു തീരുമാനം സ്വീകരിച്ചു. പൊന്തിഫിക്കൽ പദവി ഒരു പക്ഷേ ഇതിനെക്കാൾ അംഗസംഖ്യയിലും സ്ഥാപനങ്ങളുടെ എണ്ണത്തിലും വളരെക്കൂടുതലുള്ള പല സമൂഹാംഗങ്ങൾക്കും ലഭിക്കാത്ത സാഹചര്യത്തിലാണ് ബഥനി ഇത്തരമൊരു സ്ഥാനത്തിനർഹയായത്. രണ്ടാമതായി ബഥനിയുടെ വളർച്ചക്കുള്ള പുതിയ മാർഗ്ഗങ്ങൾ തേടുന്നതിനുള്ള വാതിലുകൾ ഇതു വഴി തുറന്നു തരികയായിരുന്നു. ഭാരതമാസകലം മാർത്തോമ്മാ ശ്ലീഹായിൽ നിന്നു ലഭിച്ച വിശ്വാസ ദീപത്തിൻെറ പ്രകാശം പരത്തുവാനാണ് ബഥനി സ്ഥാപിതമായത്. ഇതിനുള്ള വേദികൾ തുറന്നു കിട്ടുക എന്നുള്ളതും സമൂഹത്തെ സംബന്ധിച്ചിടത്തോളം വളരെ ആവശ്യമായിരുന്നു. മലങ്കര സഭയുടെ വളർച്ചക്കും വികസനത്തിനും ബഥനിയുടെ കേരളത്തിനു പുറത്തേക്കുള്ള വളർച്ച ആവശ്യമായിരുന്നു. ഇതെല്ലാം മനസ്സിലാക്കിയാണ് ചെറിയ സമൂഹമായിരുന്നെങ്കിലും വലിയൊരു പദവി ബഥനിക്കു ലഭിച്ചത്. ഒരു പദവി എന്നതിനെക്കാൾ വലിയൊരു ഉത്തരവാദിത്വമായി ഈ സംഭവം കാണേണ്ടതാണ്.

പൊന്തിഫിക്കൽ പദവി ലഭിച്ചശേഷമുള്ള കാലയളവിന് Period of Consolidation എന്നു പറയാം. സമൂഹത്തിൻെറ പരാധീനതകൾ എന്തെല്ലാം എന്നു മനസ്സിലാക്കി ആ രംഗങ്ങളെ ശക്തിപ്പെടുത്തു വാനായിരുന്നു ആദ്യശ്രമങ്ങൾ. സന്യാസാർത്ഥികൾക്കു വേണ്ടി ഒരു മന്ദിരം പണിയുവാൻ ആലുവയിൽ അശോകപുരത്ത് 1967 ൽ കുറെ സ്ഥലം വാങ്ങുകയും കർദിനാൾ മാക്സ് മില്യൻ ഫ്യൂസ്റ്റൻ ബർഗ് അടിസ്ഥാനശില ആശീർവദിച്ചിടുകയും ചെയ്തു.

1968 ൽ സുപ്രധാനമായൊരു പൊതുസംഘം കൂടി

www.malankaralibrary.com

ഫാ. ജേക്കബ്, ഒ.ഐ.സി യെ സുപ്പീരിയർ ജനറലായി വീണ്ടും തിരഞ്ഞെടുത്തു. വത്തിക്കാൻ കൗൺസിലിൻെറ ആഹ്വാനമനുസരിച്ച് വി. നിയമം ഒരു കാലയളവിലേക്ക് പരീക്ഷണാർത്ഥം നവീകരിക്കുകയുണ്ടായി. ഉറവിടങ്ങളിലേക്ക് തിരിച്ചുചെന്ന് നഷ്ടപ്പെട്ടതെല്ലാം വീണ്ടെടുക്കുവാനും നവീകരിക്കേണ്ടവ നവീകരിക്കുവാനുമുള്ള ശ്രമമാണ് അന്നു നടന്നത്. ആദ്യകാല ചൈതന്യത്തെ കുറേക്കൂടി വ്യക്തമാക്കുന്നൊരു നിയമ പരിഷ്കരണമാണ് അന്നു നടന്നത്. പ്രത്യേകിച്ചും സമൂഹത്തിൻെറ ലക്ഷ്യവും സ്വഭാവവും കുറേക്കൂടി വ്യക്തമാക്കാൻ പരിശ്രമിച്ചു. നിയമ പരിഷ്കരണത്തോടൊപ്പം സമൂഹത്തിൻെറ ആചാരങ്ങളും നവീകരിക്കയുണ്ടായി.

സമൂഹത്തിൻെറ പ്രവർത്തനങ്ങൾ തെക്കൻ മിഷനുകളിലേക്കു വ്യാപിപ്പിക്കാനുള്ള പരിശ്രമങ്ങൾ ഈ കാലയളവിൽ ആരംഭിച്ചു. 1968 ൽ കന്യാകുമാരി ജില്ലയിലെ മുക്കംപാലയിൽ ഒരു മിഷൻ മന്ദിരം ആരംഭിച്ചു. അവിടെയുള്ള ചെറിയ എസ്റ്റേറ്റിൻെറ കാര്യങ്ങൾ വേണ്ടരീതിയിൽ നോക്കുവാനും അതിനടുത്ത പള്ളികളുടെ ചുമതല ഏറ്റെടുക്കുവാനും ഈ മന്ദിരവും അതിലെ അംഗങ്ങളും ആദി മുതൽ പരിശ്രമിക്കുന്നു. കറ്റാനം ബ്ഥനി ബോർഡിംഗ് ഈ കാലഘട്ടത്തിൻെറ സംഭാവനയാണ്. വളരെക്കുറച്ചു കുട്ടികളുമായി ഏറ്റംപരിമിതമായ സാഹചര്യങ്ങളിലാരംഭിച്ച ആ സ്ഥാപനം ഇന്ന് കേരളത്തിലെ ഏറ്റം പ്രശസ്തമായ ഒരു ബോർഡിംഗാണ്. സമൂഹത്തിൻെറ ആദ്യത്തെ ബോർഡിംഗ് കൂടിയാണത്.

1969-ൽ സമൂഹത്തിൻെറ സുവർണ്ണ ജൂബിലി ആഘോഷിക്കുമ്പോൾ സമൂഹാംഗങ്ങളായി 45 വൈദികരും 38 ശെമ്മാശ്ശന്മാരും 12 സഹോദരന്മാരും 13 നവസന്യാസികളും 7 അർത്ഥികളുമാണ് സമൂഹത്തിനുണ്ടായിരുന്നത്. 12 മന്ദിരങ്ങളും ഉണ്ടായിരുന്നു. 50 വർഷങ്ങളിലെ നേട്ടത്തിൻെറ വലിയ പട്ടിക നിരത്തി വയ്ക്കുവാനില്ലെങ്കിലും പഴയ ചരിത്രം നോക്കിയാൽ അഭൂതപൂർവ്വമായ ഒരു വളർച്ച ദർശിക്കുവാനാവും.

1970-ൽ ചുനക്കരയിൽ ഒരു മന്ദിരം സ്ഥാപിച്ചു 1971 ലാണ് ബഥനി ജനറലേറ്റ് ഹൗസ് നാലഞ്ചിറയിൽ നിന്ന് കോട്ടയത്ത് കളത്തിപ്പടിയിലേക്ക് മാറ്റിസ്ഥാപിച്ചത്. സമൂഹത്തിൻെറ വളർച്ചയുടെ ആവശ്യമായിരുന്നു അത്.

1972-ൽ ചേർന്ന പൊതുസംഘം സമൂഹത്തിൻെറ വി.നിയമവും ആചാരങ്ങളും നവീകരിച്ച് പ്രസിദ്ധീകരിച്ചു. 1974 വരെ പരിഷ്കരിക്കപ്പെട്ട വി.നിയമം പരീക്ഷണ വിധേയമായിരുന്നു. 1974 ൽ കൂടിയ ജനറൽ ചാപ്റ്റർ, വി. നിയമം. പരിഷ്കരിച്ച് അന്തിമരൂപം നല്കി അംഗീകാരത്തിനായി പ. സിംഹാസനത്തിനയച്ചു കൊടുത്തു. ഇതേ ചാപ്റ്ററിൽത്തന്നെ പെ.ബ. സിറിൽ മലഞ്ചരുവിൽ ഒ.ഐ.സി അച്ചനെ സുപ്പീരിയർ ജനറലായി തിരഞ്ഞെടുത്തു. സമൂഹത്തിൻെറ ആദർശങ്ങളും ലക്ഷ്യങ്ങളും കുറേക്കൂടി വ്യക്തമാക്കുന്നതിനും പ്രവർത്തന മേഖലകളുടെ പ്രാമുഖ്യം നിർണ്ണയിക്കുന്നതിനും അതിനനുസരണമായി സമൂഹാംഗങ്ങളെ ഒരുക്കുന്നതിനുമുള്ള പരിശ്രമങ്ങൾ കൂടുതലായി നടന്നു.

1974-ൽ നെടുമങ്ങാട്ട് 'തൃപ്പാദം' ബ.ഗബ്രിയേലച്ചൻെറ നേതൃത്വത്തിൽ ആരംഭിച്ചു. സമൂഹത്തിൻെറ ആദ്യകാല ചൈതന്യത്തിലേക്ക് മടങ്ങിപ്പോയി ആ പശ്ചാത്തലത്തിൽ ചില സാമൂഹ്യസേവനവും അപ്പസ്തോലിക പ്രവർത്തനങ്ങളും ചെയ്യുക എന്ന ഉദ്ദേശത്തോടെയാണ് തൃപ്പാദം ആരംഭിച്ചത്. അതിൻെറ തണലിൽ അദ്ധ്വാനിക്കയും വിശ്രമിക്കയും ചെയ്യുന്ന ധാരാളമാളുകൾ ഉണ്ട്. 1975-ൽ തെക്കും മല എന്ന സ്ഥലത്ത് ബ. വിൻസൻറച്ചൻെറ നേതൃത്വത്തിൽ മിഷൻ പ്രവർത്തനമാരംഭിച്ചു. 1975-ൽ ഗിരിദീപം സ്കൂളിനു തുടക്കം കുറിച്ചു. എളിയതോതിലാരംഭിച്ച ആ സ്കൂൾ കോട്ടയത്തെ ഏറ്റവും പ്രശസ്തമായ ഇംഗ്ലീഷ് മീഡിയം സ്കൂളായി തീർന്നിട്ടുണ്ട്.

1976-ൽ നാലാഞ്ചിറയിൽ പ്രകൃതി ചികിത്സാ കേന്ദ്രം ആരംഭിച്ചു. ആതുര സേവനരംഗത്ത് പുതിയൊരു ആഭിമുഖ്യം നല്കാൻ ഈ സ്ഥാപനം സഹായിച്ചു. ഈ കേന്ദ്രവും വളരെയധികം അഭിവൃദ്ധിപ്പെട്ടു. കേരളത്തിലെ പ്രകൃതി ചികിത്സാ കേന്ദ്രങ്ങളിൽ ഏറ്റം പ്രധാനപ്പെട്ട ഒന്നായിമാറിയിരി

www.malankaralibrary.com

ക്കയാണ്. ഇതുപോലെ പെരുമ്പാവൂരിനടുത്തു വെങ്ങോലയിലുള്ള ആശ്രമത്തോടു ചേർന്ന് ഒരു അനാഥശാലയും ആരംഭിച്ചു. പെട്ടെന്നു വളർന്നു വന്ന ആസ്ഥാപനം ചില പ്രത്യേക കാരണങ്ങളാൽ നിർത്തലാക്കേണ്ടിവന്നു. എന്നാൽ ദൈവ പരിപാലന എന്നു പറയട്ടെ, പ്ലാറ്റിനം ജൂബിലി വർഷം തന്നെ ചിറയ്ക്കൽ ആശ്രമത്തോടു ചേർന്ന് ഒരു അനാഥ മന്ദിരം ആരംഭിക്കുന്നതിനു സാധിച്ചു. റാന്നി. ചെറുകുളഞ്ഞി സ്കൂൾ വാങ്ങിയതും അതേ വർഷമാണ്. മലയാളം മീഡിയത്തിലുള്ള പ്രസ്തുത സ്കൂളിന്റെ സാരഥ്യം ബഥനി ആശ്രമം ഏറ്റെടുത്തശേഷം സ്കൂളിന്റെ സമഗ്രമായ വളർച്ച ദ്രുതഗതിയിലായിരുന്നു അതുവഴിയായി ആ നാട്ടിലെ കുട്ടികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം ലഭിക്കുന്നതിനു സാധിച്ചു. 1977ൽ മൈലപ്രയിൽ മൗണ്ട് ബഥനി ഇംഗ്ലീഷ് മീഡിയം സ്കൂൾ സ്ഥാപിച്ചു. പത്തനംതിട്ട ജില്ല ആസ്ഥാനമാക്കിയുള്ള മൗണ്ട് ബഥനി സ്കൂൾ ആശ്രമാംഗങ്ങളുടെ മേൽനോട്ടത്തിൽ വളരെ വേഗം വളർന്നു. ബഥനിയുടെ സാന്നിദ്ധ്യവും സേവനങ്ങളും ഈ സ്ഥാപനം വഴി ആ പ്രദേശങ്ങളിൽ കുടുതലായി ലഭിച്ചുകൊണ്ടിരിക്കുന്നു. 1977-ൽ തന്നെ ആലുവയിലെ പരിശീലന കേന്ദ്രത്തിന്റെ പണികൾ മിക്കവാറും പൂർത്തിയാക്കി നവസന്യാസം വരെയുള്ള ആദ്യകാല പരിശീലനം അവിടേക്കു മാറ്റി. പിന്നീട് ആദ്യവർഷങ്ങളിലെ പരിശീലനം തിരുവല്ല, നാലാഞ്ചിറ ആശ്രമങ്ങളിലേക്കു മാറ്റിയെങ്കിലും പ്രീനോവിഷ്യേറ്റ് നൊവിഷ്യേറ്റ് പരിശീലനകാലം ആലുവയിൽ തന്നെയാണ് തുടരുന്നത്. അവിടത്തെ ശാന്തവും ഏകാന്തവുമായ തപോവനാന്തരീക്ഷം പ്രാർത്ഥനയ്ക്കും ധ്യാനത്തിനും പഠനത്തിനും ഏകാഗ്രമായ വിചിന്തനത്തിനുമെല്ലാം സഹായകമാണ്.

1978-ൽ ബഥനിയിൽ നിന്ന് മറ്റൊരു മെത്രാപ്പോലീത്താ കൂടി സഭയിലേക്കു വിളിക്കപ്പെട്ടു. ബഥനിയുടെ സുപ്പീരിയർ ജനറലായിരുന്ന പെ. ബ. സിറിൻ മലഞ്ചരുവിൽ ഒ.ഐ.സി അച്ചൻ പുതുതായി രൂപം കൊണ്ട ബത്തേരി രൂപതയുടെ മെത്രാനായി നിയമിതനായി. ഈ ചരിത്രവസ്തുതകളും ബഥനിക്ക് വലിയൊരു അംഗീകാരമായും അഭിമാനമായും കണക്കാക്കാം. അദ്ദേഹത്തിന്റെ സ്ഥാനത്ത് പെ. ബ. ജേക്കബ് പെരുമ്പ്രാലിൽ ഒ.ഐ.സി. അച്ചൻ സുപ്പീരിയർ ജനറലായി വീണ്ടും തിരഞ്ഞെടുക്കപ്പെട്ടു. 1979-ൽ ബഥനി മറ്റൊരു സ്കൂൾ കൂടി ആരംഭിച്ചു. മാവേലിക്കരക്കടുത്ത് ചുനക്കര എന്ന സ്ഥലത്ത് ചെറുപുഷ്പ ഇംഗ്ലീഷ് മീഡിയം സ്കൂൾ ആണത്. ഗ്രാമ പ്രദേശത്ത് സ്ഥാപിതമായ ചെറിയ സ്കൂൾ ഇന്ന് ധാരാളം കുട്ടികളും ബോർഡിംഗും ഒക്കെയായി വികസനത്തിന്റെ പാതയിലാണ്.

1979-ൽബഥനിയുടെ മിഷൻ രംഗത്തു വലിയൊരു കാൽ വയ്പായിരുന്നു കർണ്ണാടകയിലെ സൗത്ത്കാനറ മിഷൻ. ബത്തേരിരൂപതയുടെ ഭാഗമായി ദക്ഷിണ കാനറ പ്രദേശം ബഥനിയുടെ പ്രവർത്തനങ്ങൾക്ക് രൂപതാദ്ധ്യക്ഷൻ വിട്ടു തന്നു. നൂജിബാൽത്തില കടബാ, നെല്ലിയാടി എന്നീ കേന്ദ്രങ്ങളിൽ പ്രവർത്തിച്ചു പോന്ന വൈദികർ അജപാലനരംഗത്തും, വിദ്യാഭ്യാസ, സാമൂഹിക സേവന രംഗത്തുമെല്ലാം ധാരാളം പ്രവർത്തനങ്ങൾ നടത്തുന്നു.

1980-ൽ കൂടിയ ജനറൽ ചാപ്റ്റർ പെ. ബ. ബർക്കുമാൻസ് അച്ചനെ സമൂഹാദ്ധ്യക്ഷനായി തിരഞ്ഞെടുത്തു. ഈ പൊതു സംഘം വി. നിയമങ്ങൾക്ക് അന്തിമ രൂപം നല്കി അംഗീകാരത്തിനായി പ. സിംഹാസനത്തിനു സമർപ്പിച്ചു. 1981-ൽ പ. സിംഹാസനം വി. നിയമം അംഗീകരിച്ചു സ്ഥിരപ്പെടുത്തി.



മലങ്കര സഭാദ്ധ്യക്ഷൻ പുതിയ - ഭരണസാരഥി ഫാ. ബർക്കുമാൻസിനോടും ജനറൽ ചാപ്റ്ററംഗങ്ങളോടുമൊപ്പം

www.malankaralibrary.com

പ്രസ്തുത നിയമസംഹിതയാണ് ഇപ്പോഴും നിലവിലുള്ളത്. സമൂഹജീവിതത്തിൻെറ ആന്തരിക സത്തയിലേക്ക് ആഴത്തിൽ ഇറങ്ങിച്ചെന്ന് നിയമാനുഷ്ഠാനം, കൂട്ട ജീവിതം, പ്രാർത്ഥനാജീവിതം മുതലായ അടിസ്ഥാനകാര്യങ്ങൾ കൂടുതൽ ശക്തവും അർത്ഥവത്തുമാക്കുന്നതിനുള്ള പ്രായോഗിക പദ്ധതികളായിരുന്നു ഈ കാലയളവിലെ മുഖ്യ ആഭിമുഖ്യം.പ്രേഷിത പ്രവർത്തനങ്ങൾക്കിടയിലും ഈ അടിസ്ഥാനാഭിമുഖ്യം കാത്തു സൂക്ഷിക്കുവാനുള്ള ആഗ്രഹം വളരെ പ്രകടമായിരുന്നു. ഇപ്രകാരമുള്ള അടിസ്ഥാനാഭിമുഖ്യങ്ങളുടെ നടപ്പാക്കൽ കൂടുതൽ എളുപ്പമാക്കാൻ ഒരു 'സ്റ്റാൻഡിംഗ് കമ്മറ്റി'ക്കു രൂപം കൊടുത്തിരുന്നു. ഈ കാലമായപ്പൊഴെക്കും സമൂഹത്തെ പ്രോവിൻസുകളായോ റീജൻസുകളായോ തിരിക്കണം എന്ന ആശയവും ഉരുത്തിരിഞ്ഞിട്ടുണ്ട്.

1982-ൽ ബോംബെ മിഷൻ ആരംഭിച്ചു. അന്തേരിയിൽ ഒരു വാടകക്കെട്ടിടത്തിൽ മിഷൻ മന്ദിരം തുടങ്ങിക്കൊണ്ട് നാട്ടിൽ നിന്നും അവിടെയെത്തി ജോലി ചെയ്യുന്ന ആയിരക്കണക്കിനു മലങ്കരമക്കളുടെ ആദ്ധ്യാത്മികവും ലൗകികവുമായ ആവശ്യങ്ങൾ ശ്രദ്ധിക്കുന്നതിനും അവരെയും അവരുടെ തലമുറയേയും മലങ്കര പാരമ്പര്യത്തിൽ ഉറപ്പിച്ചു നിർത്തുന്നതിനും ഈ മിഷൻ കേന്ദ്രത്തിലൂടെ ബഥനി ആശ്രമസ്ഥർ തീവ്രമായി പരിശ്രമിക്കുന്നു. ഇപ്പോൾ ബോംബെ മിഷൻ ഏറ്റം സജീവമായി വരികയാണ്.

പ്രസിദ്ധീകരണ രംഗത്തിൻെറ പ്രാധാന്യം മനസ്സിലാക്കി ബഥനി 1982- ൽ ഈ രംഗത്തേക്കു കടന്നു ചെന്നു. തിരുവല്ലയിൽ ആരംഭിച്ച ബഥനി ബുക്ക് സെൻറർ ആയിരുന്നു തുടക്കം. അതിൻെറ ശാഖകൾ ഇന്ന് കേരളത്തിൻെറ വിവിധ ഭാഗങ്ങളിലുണ്ടെന്നു മാത്രമല്ല വളരെയധികം നല്ല പുസ്തകങ്ങളും, പ്രസിദ്ധീകരണങ്ങളും അവ വഴിയായി ജനങ്ങളുടെ കൈകളിൽ എത്തിക്കുവാൻ പരിശ്രമിക്കുകയും ചെയ്യുന്നു.

1982-ൽ ബഥനിയുടെ സ്ഥാപകനും മലങ്കരയുടെ പിതാവുമായ മാർ ഈവാനിയോസ് പിതാവിൻെറ ജന്മശദാബ്ദി സമുചിതമായി കൊണ്ടാടി. അദ്ദേഹത്തിൻെറ ദർശനങ്ങളേയും ആദ്ധ്യാത്മിക ചിന്തകളേയും ആഴത്തിൽ പഠിക്കുവാൻ ശതാബ്ദി ആചരണം സഹായിച്ചു.

ബഥനി സമൂഹത്തെ പ്രോവിൻസായി തിരിച്ച് പുന:സംവിധാനം നടത്തുന്ന കാര്യത്തെക്കുറിച്ച് പര്യാലോചിക്കുന്നതിനും തീരുമാനങ്ങൾ കൈക്കൊള്ളുന്നതിനുമായി ഒരു അസാധാരണ ജനറൽ ചാപ്റ്റർ 1983-ൽ കൂടുകയുണ്ടായി. സമൂഹത്തെ പൗരസ്ത്യ പാരമ്പര്യത്തിലുള്ള ദയറാകളായി അംഗീകരിച്ച് പുനഃസംവിധാനം ചെയ്യണമെന്നുള്ള തീരുമാനം അംഗീകാരത്തിനു നല്കി. 1984 ൽ പ. സിംഹാസനം അതിനു നല്കിയ മറുപടി നിയാമക വിഭജനത്തിനോ പുനഃസംവിധാനത്തിനോ മുൻപ് ബഥനി സമൂഹം സാമാന്യ ഡെലിഗേഷൻസിനു രൂപം കൊടുക്കുവാനുള്ള നിർദ്ദേശമായിരുന്നു. 1985-ൽ പ. സിംഹാസനത്തിൽ നിന്നും ലഭിച്ച മറ്റൊരു കത്തിൽ ഡലഗേഷനുകളെ യൂണിറ്റുകളായി തിരിക്കുന്നതിനുള്ള തീരുമാനവും വളരെ പ്രാധാന്യമേറിയതായതിനാൽ ഓരോ കമ്മ്യൂണിറ്റിയും ശാന്തമായും വസ്തുനിഷ്ഠമായും അവധാനപൂർവ്വം ചർച്ച ചെയ്യണം എന്ന നിർദ്ദേശവും നല്കി. ഏകീകൃതമായ ഒരു അഭിപ്രായ രൂപീകരണത്തിൻെറ ആവശ്യകത പ്രകടമാക്കി. 1986 ൽക്കൂടിയ ജനറൽ ചാപ്റ്റർ ഈ നിർദ്ദേശം അംഗീകരിച്ചു നടപ്പാക്കുന്നതിന് ജനറൽ കൗൺസിലിനെ ചുമതലപ്പെടുത്തി. അതിനുള്ള പ്രായോഗിക നടപടികൾ സ്വീകരിച്ചു. 1992 ൽ കൂടിയ ജനറൽ ചാപ്റ്ററിൽ ഡെലഗേഷന് അധികാരത്തോടു കൂടിയ ആ പുന: സംവിധാനത്തോട് ഭൂരിപക്ഷവും യോജിക്കാത്തതിനാൽ യൂണിറ്റുകളുടെ പുനഃസംവിധാനം എന്ന ആശയം തല്ക്കാലത്തേക്ക് മാറ്റി വച്ചു.

ബഥനിയുടെ 13-ാമതു സംഘമാണ് 1986 ൽ കുടിയത്. ഫാ. ലൂയിസ് മൂലവീട്ടിൽ ഒ.ഐ.സി. യെ സമൂഹാദ്ധ്യക്ഷനായി തിരഞ്ഞെടുത്തു. സമൂഹത്തിൻെറ പരിശീലന പദ്ധതികൾ പുന:സംഘടിപ്പിക്കുന്നതിനും കുറേക്കൂടി കാര്യക്ഷമമാക്കുന്നതിനുമുള്ള പല പദ്ധതികളും ആവിഷ്ക്കരിക്കുകയുണ്ടായി. നിലവിലുള്ള പഠന പദ്ധതികളെല്ലാം ക്രോഡീകരിച്ച് സമ്യക്കായ പാഠ്യ പദ്ധതി ഉണ്ടാക്കുന്നതിനുള്ള സംവിധാനങ്ങൾ ചെയ്തു. നിലവിലുണ്ടായിരുന്ന

www.malankaralibrary.com

സമിതിയെ കൂടാതെ ഒരു അക്കാദമിക് കൗൺസിലും രൂപീകരിച്ചു. നമ്മുടെ വിദ്യാഭ്യാസ പ്രവർത്തനമണ്ഡലം വിസ്തൃതമാകുന്നതിനാൽ അതിനാവശ്യമുള്ള ആളുകളെ ഒരുക്കുവാനുള്ള ആഹ്വാനവും ശക്തമായി ഉണ്ടായി. പ്രവർത്തനമണ്ഡലങ്ങൾ വർദ്ധിച്ചു വരുന്നതിനാൽ അംഗങ്ങളുടെ വർദ്ധനവും ആനുപാതികമായി ആവശ്യമാണ്. ദൈവവിളി പ്രോത്സാഹനം ഒരു പ്രധാന വിഷയമായിത്തീർന്നു. T.O.C (Teens Orientation Course) പോലുള്ള പല പ്രായോഗിക പദ്ധതികളും ഈ കാലയളവിൽ നടപ്പിലാക്കിയിരുന്നു.

1989-ൽ ഇടുക്കി ജില്ലയിലെ കല്ലാറിൽ ബഥനിയുടെ ഒരു മന്ദിരം സ്ഥാപിച്ചു കൊണ്ട് സമൂഹത്തിൻെറ പ്രവർത്തനം ആ സ്ഥലങ്ങളിലേക്ക് വ്യാപിപ്പിച്ചു. അതൊരു പ്രാർത്ഥനാ മന്ദിരമായിട്ടാണ് വിഭാവന ചെയ്തിരിക്കുന്നത്. ആളുകൾക്ക് അവിടെ വരുന്നതിനും അവിടുത്തെ ആദ്ധ്യാത്മിക അന്തരീക്ഷത്തിൽ പ്രാർത്ഥനയിലും ധ്യാനത്തിലും സമയം ചെലവിടുന്നതിനും ആ മന്ദിരം സഹായകമാണ്. കൊട്ടാരക്കരക്കടുത്തുള്ള കലയപുരവും ഈ വർഷം തന്നെ ബഥനിയുടെ മിഷൻ കേന്ദ്രമായി. പള്ളികൾ നടത്തുന്ന ചുമതല ഏറ്റ് നടത്തുകയായിരുന്നു ആദ്യമവിടെ. നാട്ടുകാരുടെ ആവശ്യവും അഭ്യർത്ഥനയും മനസിലാക്കി പുതിയൊരു ഹൈസ്കൂൾ ആരംഭിക്കുന്നതിനുള്ള പരിശ്രമത്തിലാണ്.

പൂനാ ബോസരിയിൽ നടത്തിക്കൊണ്ടിരുന്ന മിഷൻ പ്രവർത്തനങ്ങളെ ശക്തിപ്പെടുത്താൻ 1990-ൽ ഒരു മിഷൻ മന്ദിരം സ്ഥാപിച്ചു. അച്ചന്മാർ അവിടേക്കു താമസം മാറ്റി. പൂനാ ബഥനി ആശ്രമത്തിൻെറ ആവിർഭാവത്തോടെ പുനായിലെ മലങ്കര കത്തോലിക്കർക്കുവേണ്ടി ബഥനി ആശ്രമസ്ഥർ പ്രവർത്തിക്കുന്നു. കേരളത്തിനു പുറത്തു ബഥനിയുടെ ആദ്യ മിഷൻ കേന്ദ്രമാണത്. പൂനാ പഠന ഗൃഹത്തിൻെറ ഭാഗമായിട്ടാണ് പ്രവർത്തനങ്ങൾ നടന്നു പോന്നത്. എന്നാൽ ക്രമേണ മിഷൻ പ്രവർത്തനങ്ങൾക്കായി മാത്രം ഒരാൾ നിയമിതനാകുകയും അദ്ദേഹത്തിൻെറ തീക്ഷ്ണമായ പരിശ്രമം കൊണ്ട് മിഷൻ കുറേക്കൂടി വ്യവസ്ഥാപിതമാകുകയും പുതിയ കേന്ദ്രങ്ങൾ ആരംഭിക്കുകയും ചെയ്തു. അപ്പോൾ കൂടുതൽ വൈദികർ അവിടെ ആവശ്യമായി വന്നു. ബഥനിയുടെ പൂനാ മിഷൻ ഇന്ന് വളരെ സജീവമാണ്, സുശക്തമാണ്. അഭിവൃദ്ധിയുടെ പാതയിലാണ്.


ഈ വർഷം തന്നെ ബത്തേരിയിൽ എക്യുമേനിക്കൽ മന്ദിരം സ്ഥാപിച്ചു. ഇനിയും ആ മേഖലയിലേക്ക് സമൂഹത്തിൻെറ ശ്രദ്ധ സംഘാതമായി തിരിയേണ്ടിയിരിക്കുന്നു. അതിനോടു ചേർന്ന് പുതിയൊരു ബോർഡിംഗ് ഇപ്പോൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

ബഥനിയുടെ പ്രവർത്തനം 1991-ൽ കൽക്കത്തയിലേക്കു വ്യാപിച്ചു. മാർ ഈവാനിയോസ് സന്യാസ ദർശനത്തിനു ജന്മം നല്കിയ കൽക്കത്തയുടെ പ്രാന്ത പ്രദേശങ്ങളിൽ ഒരു ആശ്രമവും അതിനോടു ചേർന്നുള്ള പ്രവർത്തനങ്ങളും ഉണ്ടായിരിക്കുക ചരിത്ര യാഥാർത്ഥ്യത്തിന് ജീവൻ നല്കാൻ സഹായകമാണ്. ഈ ലക്ഷ്യം കണക്കിലെടുത്തും അവിടുത്തെ മലങ്കരകത്തോലിക്കരുടെ ആവശ്യം പരിഗണിച്ചുമാണ് ആശ്രമം തുടങ്ങിയത്. 1992 ൽ ഭിലായിലെ ബോർസി എന്ന സ്ഥലത്ത് ആശ്രമം സ്ഥാപിച്ചു. അവിടെയുള്ള മലങ്കര കത്തോലിക്കരുടെ ഇടയിൽ പ്രവർത്തനമാരംഭിച്ചു. അങ്ങനെ ഭാരതമാസകലം എന്ന ബഥനിയുടെ ലക്ഷ്യത്തിൽ ഒരു പടികൂടികന്നു ചെല്ലാൻ ഈ മന്ദിരങ്ങളിലൂടെ ബഥനി പരിശ്രമിക്കുന്നു.

1991 സെപ്റ്റംബർ 17 നായിരുന്നു ദാരുണമായ രീതിയിൽ കൊള്ളക്കാരുടെ വെടിയേറ്റു നാഗപ്പൂരിൽ ബഥനി സൂപ്പീരിയർ ജനറലായിരുന്ന ലൂയിസ് മൂലേവീട്ടിൽ ഒ.ഐ.സി മൃതിയടഞ്ഞത്. ഭിലായിൽ പുതിയ മിഷൻ സന്ദർശിച്ച് മടങ്ങും വഴിയാണ് ഈ സംഭവം. സമൂഹത്തെ സംബന്ധിച്ചിടത്തോളം വലിയൊരു നഷ്ടവും വലിയൊരു വേദനയും ആ സംഭവം ഉളവാക്കി. അന്നത്തെ ഒന്നാം കൗൺസിലറായിരുന്ന ഫാ. ഡൊമിക്ക് ഒടാലിൽ ഒ.ഐ.സി. തുടർന്നുള്ള കാലം വികാർ ജനറലായി സമൂഹ ഭരണം നടത്തി.

1992-ൽ 14-ാം ജനറൽ ചാപ്റ്റർ സമ്മേളിച്ചു. സമൂഹാദ്ധ്യക്ഷനാ.യി ഫാ. ജറോം പീടികപ്പറമ്പിൽ ഒ.ഐ.സിയെ തിരഞ്ഞെടുത്തു. പുതിയ 'പൗരസ്ത്യ' നിയമ സംഹിതയുടെ ചുവടു പിടിച്ച് സമൂഹനിയമങ്ങൾ പരിഷ്കരിക്കുവാൻ തിരുമാനിച്ചു. അതിനുള്ള

www.malankaralibrary.com



പുനരൈക്യ ജൂബിലി കോട്ടയം
കാർഡിനൽ റൂബിൻ തിരുമേനി മലങ്കര പിതാക്കന്മാരോടും ബഥാനിയരോടുമൊപ്പം

കമ്മറ്റികൾ ആ ജോലിയിൽ വ്യാപൃതരാണ്.

സമൂഹത്തിൻെറ പ്രേഷിത പ്രവർത്തനങ്ങൾ സുശക്തവും സമൂഹചൈതന്യത്താൽ പൂരിതവുമാക്കാൻ ഒരു 'മിഷൻബോർഡ്' രൂപീകരിച്ചിട്ടുണ്ട്. സാമൂഹ്യ സേവന പ്രവർത്തനങ്ങളെ ഏകോപ്പിക്കുന്നതിനായി ബഥനി സോഷ്യൽ സർവ്വീസ് സൊസൈറ്റി സ്ഥാപിച്ചു പ്രവർത്തനം ആരംഭിച്ചു. വിദ്യാഭ്യാസ മണ്ഡലം ബഥനിയുടെ പ്രവർത്തനത്തിൻെറ വലിയൊരു ഭാഗം സ്വന്തമാക്കിയിട്ടുണ്ട്. അവയുടെ നടത്തിപ്പിലും ഭരണ സമ്പ്രദായത്തിലും ഏകീകരണം ഉണ്ടാക്കുകയും ഒരു ബഥാനിയൻ ജീവിത ശൈലിക്കു രൂപം കൊടുക്കുന്ന വിദ്യാഭ്യാസ നയം സ്വരൂപിക്കുന്നതിനുമായി 'എഡ്യുക്കേഷൻ ബോർഡ്' സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്.


കൂട്ടജീവിതം സുശക്തമാക്കുന്നതിനും ബഥനിയുടെ ലാളിത്യവും പ്രാർത്ഥനാ ചൈതന്യവും നിലനിർത്തുന്നതിനുമായി പ്രത്യേക സംവിധാനങ്ങൾ ഉണ്ടാക്കി. അതുപോലെ പരിശീലന പദ്ധതി പ്രായോഗികമാക്കാനാവശ്യമായ നിർദ്ദേശങ്ങളും കൈക്കൊണ്ടു. അധികാര വികേന്ദ്രീകരണം എന്ന ആശയത്തെ മുൻ നിർത്തി ഭരണ സമതിയംഗങ്ങളെ മുകളിൽ പറഞ്ഞ വിവിധ കാര്യങ്ങളുടെ ചുമതലക്കാരാക്കി.

പുതിയവ കൂടുതലായി ആരംഭിക്കുക എന്നതിനേക്കാൾ ഉള്ളവയെ കുറേക്കൂടി വളർത്തുകയും പൂർണ്ണമാക്കുകയും ചെയ്യുക എന്ന ആശയമാണ് ഈ കാലഘട്ടത്തിൽ പ്രബലപ്പെട്ടു നില്ക്കുന്നത്. അതിൻെറ ഭാഗമായി 'ഇൻേറണൽ ഓഡിറ്റേഴ്സിനെ' നിശ്ചയിച്ച് വിവിധ മന്ദിരങ്ങളുടെ കണക്കുകൾ പരിശോധിക്കുകയും അവിടുത്തെ പ്രവർത്തനങ്ങളെപ്പറ്റി വ്യക്തമായൊരു ചിത്രം രൂപീകരിക്കയും ചെയ്യുന്നു. അതോടൊപ്പം അവസരങ്ങൾ നഷ്ടപ്പെടുത്താതെ പുതിയ മേഖലകളിലേക്ക് കടന്നു വരികയും ചെയ്യുന്നു.


പ്ലാറ്റിനം ജൂബിലി ആഘോഷിക്കുന്ന ഈ വേളയിൽ ബഥനി രണ്ടായിരമാണ്ടിലേക്കുള്ള ഒരു കുതിപ്പിൻെറ പാതയിലാണ്. പ്രവർത്തനങ്ങൾ ചൈതന്യവത്താക്കുന്നതിനും ചൈതന്യം പ്രവർത്തനോന്മുഖമാക്കുന്നതിനും പരിശ്രമിക്കാം.

www.malankaralibrary.com

# മുൻ സമൂഹാദ്ധ്യക്ഷൻമാർ



ഫാ. ജോൺ കുഴിമേപ്പുറത്ത് ഒ.ഐ.സി.
1948-1949




ഫാ. ജോഷ്വാ താവളത്തിൽ ഒ.ഐ.സി.
1949-1951, 1959-1965



ഫാ. പി. റ്റി. ഗീവറുഗീസ്
(മാർ ഈവാനിയോസ്)
1919-1948




ഫാ. ലൊംബാർഡി (അപ്പസ്തോലിക് വിസിറ്റർ)
1951-1953




ഫാ. പീറ്റർ കോഴിമണ്ണിൽ ഒ.ഐ.സി.
1953-1959


www.malankaralibrary.com




ഫാ. ജേക്കബ് പെരുമ്പ്രാൽ ഒ.ഐ.സി.
1965-1974
1978-1980 (വികാരി ജനറൽ)




ഫാ. സിറിൽ മലഞ്ചരുവിൽ ഒ.ഐ.സി.
(മാർ ബസേലിയോസ്)
1974-1978



ഫാ. ലൂയിസ് മൂലവീട്ടിൽ ഒ.ഐ.സി.
1986-1991




ഫാ. ജോൺ ബർക്കുമാൻസ് ഒ.ഐ.സി.
1980-1986



ഫാ. ഡോമിനിക് ഒടാലിൽ ഒ.ഐ.സി.
1991-1992 (വികാരി ജനറൽ)

www.malankaralibrary.com



ജോൺമാത്യു പുഞ്ചക്കാലാ, സലാല, ഒമാൻ

# ബഥനിയുടെ സംഗീതം

ഏഴുപതിറ്റാണ്ടുകൾക്കുമിപ്പുറത്തെത്തിയീപൊൻ ബഥനിനൗക,
എഴുപതുമഞ്ചും കടവുകൾ പിന്നിലാക്കിയിതത്യത്ഭുതം നിനക്കുകിൽ
ഏഴാംകടലിനുമപ്പുറത്തേക്കാണിനിയും യാത്ര, മുത്തുകൾ കോരുവാൻ
എഴുന്നുയർന്നു കരണം മറിയും കടലലകളാണുമുന്നിലെങ്കിലും.

മാവേലിക്കരയിൽ മൊട്ടിട്ട മലങ്കരമാമുനി, മാർ ഈവാനിയോസ് പണ്ടു,
മലങ്കരവാടിയിൽ നട്ടുനനച്ച ബഥനിയാം സൗഗന്ധിക പൂച്ചെടി,
മലയും മാമലയും കടന്നു പടർന്നു പന്തലിച്ചെങ്ങുമിതിൻ ശാഖകൾ
പുതിയ നറുമണവും ഫലവും വിതറി വിരിഞ്ഞു നില്പൂ.

മുണ്ടൻ മലതന്നേകാന്തതയിൽ നിന്നൂറിയതാണീ ശുദ്ധ ഗംഗാപ്രവാഹം,
മുക്തിക്കായ് കേഴുമനേകർ തൻ ഹൃദയാന്തരംഗം നനയ്ക്കുവാൻ,
മുരളീഗാനമലതല്ലുമാർഷഭാരതജനതയിൻ മാനസാന്തരത്തിനായും,
മാനവമൈത്രിതൻ പൂമരനിരകൾക്കു കുളിരൊളിപകർന്നേകുവാനും

പരിവർത്തനത്തിൻ പടഹധ്വനി മലങ്കരയിൽ മുഴക്കുവാൻ മുദാ,
പാപാന്ധകാരം പേറും മർത്ത്യഹൃത്തിലൊരൊളിയായ് പടർന്നാളുവാൻ
പത്മതീർത്ഥക്കരയിൽ പർണാശ്രമങ്ങളുയർത്തി ക്രിസ്തുസാക്ഷ്യമേകാൻ,
പണിക്കർകുടുംബത്തിലൊരാൺതരിയെയൊരുക്കിയ ദൈവമേ! സ്വസ്തി!

ആയിരത്തിത്തൊള്ളായിരത്തിപത്തൊമ്പതാഗസ്റ്റിൻ പതിനഞ്ചിൽ,
ആമോദം പകർന്നുരുവായി ബഥനിശിശു മലങ്കരയോർത്തഡോക്സ് സഭയിൽ,
ആത്മത്യാഗ വ്രതത്രയത്താൽ ജീവിതം ഹോമിക്കും ബഥാന്യരെ വളർത്താൻ,
ആത്മസമർപ്പണവേദിയിലവരാളിക്കത്തിയെരിഞ്ഞില്ലാതെയാകുവാൻ

പലതും നേടുവാനോടുമ്പോൾ ചിലതെല്ലാം ത്യജിക്കണം നാം പിന്നിൽ,
പണ്ടു പൂർവ്വികരോതി, അടർത്തിക്കളയേണം കുറേ സ്വാർത്ഥചിന്തകൾ.
പാഴ്കിനാവുകൾ വെടിയേണ, മദ്ധ്യാനശീലരാകേണം, നന്മകൾ കൊയ്യാൻ,
പാഴ്മണ്ണിൽകിടന്നഴിയേണം വൻനിദ്രവിട്ടുണരേണ, മുയരണമെങ്കിൽ!!


മലങ്കരസഭതൻ നിറമാറിലൊരുതിരിയൊരിക്കൽ കൊളുത്തിമാറീവാനിയോസ്,
മാല്യങ്കരയുടെ മക്കളെ സത്യപാതയിലൂടാനയിച്ചനന്തശാന്തിതീരത്തണയ്ക്കാൻ,
മലയുടെ നാട്ടിലൊരു നൽ 'തിരുത്തൽവാദി'യായ് മാറി, മലങ്കരയുടെ സിംഹം,
മന്ത്രാക്ഷരം ചൊല്ലും സന്ധ്യാ നിലാവുകളെ മൂടുമാദ്ധ്യാത്മികാന്ധകാരം നീക്കുവാൻ

ഭാരതാംബികതൻ ഭാവശുദ്ധി നിഴൽവിശും ചെറുഗ്രാമ വക്ഷസ്സുകളിൽ,
ഭാരതമാനസാന്തരം സ്വപ്നം കണ്ടുണർന്നുഭാരതന്യുമാനീവാനിയോസ്,
ഭാവതീവ്രതമുറ്റും സന്യാസവ്രതത്രയം, ജീവിതമുദ്രകളായുള്ളിലേറ്റി
ഭയപ്പെടാതെയോടിയാകർമ്മശാലികാഷായവസ്ത്രധാരിയായ് മന്നിൽ

**മഞ്ഞുതുള്ളിതൻ പരിശുദ്ധി ജീവിതവയലേലകളിൽ ചാർത്തിയും,**
**മന്ദ്രസംഗീത രാഗസുധാരസാമൃതം സന്യാസമുരളിയിൽ മീട്ടിയും,**
**മനുഷ്യനെ സ്നേഹിച്ചും സേവിച്ചും മർത്ത്യമനസ്സിലമൃതധാരപൊഴിച്ചും**
**മലങ്കര സഭയിൽ ഗർഭഗൃത്തിലാത്മാപ്പർണംചെയ്തുവാഴും ബഥന്യരേ, നന്ദി!!**

നീട്ടുന്നിതാ കൈക്കുമ്പിളിൽ നറുമണ പൂച്ചെണ്ടുകൾ ബഥനിമക്കളേ,
നീളെ വിതറുന്നിതാ നിങ്ങൾ നടക്കും പാതയോരങ്ങളിൽ പുതു പുഷ്പദളങ്ങൾ,
നീർപ്പോളകൾ പോൽ മാഞ്ഞടിയുന്നതാണു ജീവിതമെങ്കിലും സന്യസ്തകുലമേ,
നിങ്ങളുയർത്തിടും സമരകാഹളമലതല്ലുമീ ബഥനിപൂങ്കാവനത്തിലെന്നെന്നും!!!

www.malankaralibrary.com



ഫാ. പ്രേമാനന്ദ് പുരയ്ക്കൽ, ഒ.ഐ.സി

# അറിയപ്പെടാത്ത മാർ ഇവാനിയോസ്

ഞാൻ ജനിക്കുന്നതിനു മുമ്പു തന്നെ മാർ ഇവാനിയോസ് പിതാവു കാലം ചെയ്തു. ആ മഹത് ജീവിതത്തെ നേരിട്ടനുഭവിക്കാനുള്ള ഭാഗ്യം ലഭിച്ചില്ലെങ്കിലും, പുസ്തകങ്ങളിലൂടെയും, പിതാവുമായി ബന്ധപ്പെട്ട ചില വ്യക്തികളിലൂടെയും ആ ധന്യജീവിതത്തെ കൂടുതൽ അടുത്തറിയാനിടയായി. മിഴിവുറ്റ ആ വ്യക്തിത്വത്തെ നാം വേണ്ടവിധം മനസ്സിലാക്കിയിട്ടില്ല. പിതാവിനെ നാം കൂടുതൽ അറിയുന്തോറും, അവിടുത്തെ കൂടുതൽ ആദരിക്കുവാൻ നാം പ്രേരിതരാകും. പിതാവിനെ അടുത്തറിഞ്ഞവർ തങ്ങളുടെ ഊഷ്മളാനുഭവങ്ങൾ അടുത്തതലമുറയ്ക്കു പങ്കുവയ്ക്കേണ്ടിയിരിക്കുന്നു. ഏതാനും പേരെങ്കിലും അതിനു മുതിരുമെന്ന പ്രതീക്ഷയാണു ഈ രചനയ്ക്കു പിന്നിൽ.

സിസ്റ്റർ ഹെംസ എസ്. ഐ. സി യ്ക്ക് പഴയതുപോലെ ഓർമ്മയില്ല. വയസ്സ് എൺപത്തിമൂന്നായി. "വല്യപിതാവിനെപ്പറ്റി എത്ര പറഞ്ഞാലും തീരില്ല. അത്രയ്ക്കും അധികം കാര്യങ്ങൾ പറയാനുണ്ട്. പക്ഷേ, പെട്ടെന്ന് എല്ലാം പറയാൻ പ്രായം സമ്മതിക്കുന്നില്ല". തന്റെ നിസ്സഹായാവസ്ഥ സിസ്റ്റർ പറഞ്ഞെങ്കിലും ആവേശത്തോടെ ചില അനുഭവങ്ങൾ പങ്കുവച്ചു.

മാർ ഇവാനിയോസ് പിതാവിനെ കത്തോലിക്കാസഭയിലേക്കു സ്വീകരിച്ച ബെൻസിഗർ പിതാവിന്റെ ആസ്ഥാനമായ കൊല്ലം രൂപതയിൽ നിന്നും ആദ്യമായി മഠത്തിൽ ചേർന്ന പെൺകുട്ടിയാണ് പിന്നീട് സിസ്റ്റർ ഹെംസ ആയത്. ആ പെൺകുട്ടി നാലാഞ്ചിറ ബഥനിമഠത്തിൽ അർത്ഥിനിയായി ചേർന്ന ശേഷം അരമനയിൽ ചെന്ന് പിതാവിന്റെ അനുഗ്രഹം വാങ്ങി നാലാഞ്ചിറയിൽ മടങ്ങിയെത്തി. ലത്തീൻ ആരാധനക്രമം പരിശീലിച്ച ആ കുട്ടിക്ക് മലങ്കരരീതികളൊക്കെ ഇഷ്ടപ്പെടുമോ? അവൾക്ക് എന്തെങ്കിലും അസൗകര്യമുണ്ടോ? ഇതൊക്കെ അന്വേഷിച്ചറിയുവാൻ പിതാവു നാല്പതു ദിവസം തുടർച്ചയായി നാലാഞ്ചിറ മഠത്തിൽ എത്തിയിരുന്നു. എല്ലാദിവസവും പട്ടം അരമനയിൽ നിന്നും നടന്നാണ് പിതാവ് എത്തിയിരുന്നത്. അന്ന്, വന്യമൃഗങ്ങളിറങ്ങുന്ന പാതയിലൂടെയായിരുന്നു പിതാവിന്റെ യാത്രയെന്നോർക്കുക.

പാളയം സെയിൻറ് റോക്ക്സിൽ സിസ്റ്റർ ആഗ്നസിനോടൊപ്പം പഠനത്തിനു പോയ സിസ്റ്റർ ഹെംസ അനുസ്മരിക്കുന്നു. "എന്തെങ്കിലും വിഷമമുണ്ടെങ്കിൽ അരമനയിൽ വന്നു തന്നെ കാണണമെന്നു പിതാവു പറയുമായിരുന്നു. ഞങ്ങൾ പിതാവിനെക്കാണാൻ ചെന്നില്ലെങ്കിലും പിതാവു ഞങ്ങളെ തേടിയെത്തും. അതു കാണുന്ന ഹോസ്റ്റൽ അധികൃതർ പറയും സിസ്റ്റേഴ്സിനെ ഇത്രമാത്രം

www.malankaralibrary.com

സ്നേഹിക്കുന്ന ഒരു പിതാവിനെ ഞങ്ങൾ കണ്ടിട്ടില്ല എന്ന്.

അരമനയിലും മഠത്തിലും അര പട്ടിണിയുടെയും മുഴു പട്ടിണിയുടെയും ദിനങ്ങൾ. ഞാൻ പട്ടിണി കിടക്കാം; പക്ഷെ തൻെറ കുഞ്ഞുങ്ങൾ പട്ടിണി കിടക്കുന്നത് ആ പിതാവിനു സഹിക്കുക പ്രയാസം. നലാഞ്ചിറ മഠത്തിലെത്തുന്ന പിതാവ് ആരുമറിയാതെ അടുക്കളയിലേക്കു പ്രവേശിക്കും. ശബ്ദം കേൾക്കാതിരിക്കാൻ ചെരുപ്പൂരിവച്ചിട്ടാണു പ്രവേശനം. അവിടെ ഭക്ഷിക്കുവാൻ ഒന്നുമില്ലെന്നു കണ്ടാൽ, തൻെറ ഇല്ലായ്മയിൽ നിന്ന് എന്തെങ്കിലും പിതാവ് മഠത്തിൽ എത്തിച്ചിരിക്കും. നിരണത്തു തൈക്കടവിൽ വീട്ടിൽ കോശിയുടെയും സാറാമ്മയുടെയും മകൻ ഏബ്രഹാം എന്ന മാമോദീസാ നാമമുള്ള ശിശു. ജ്ഞാനസ്നാനകാർമ്മികൻ ഫാ. ഗീവറുഗീസ്. ഗീവറുഗീസച്ചൻ, കുഞ്ഞിൻെറ മാതാപിതാക്കളോടു പറഞ്ഞു: "ഈ കുഞ്ഞിനെ എനിയ്ക്കു തരണം". "അതിനെന്താ" കുട്ടിയുടെ മാതാപിതാക്കളുടെ മറുപടി "അവിടുന്നാഗ്രഹിക്കുന്നതുപോലെ". ആ കുട്ടി വളർന്ന് ആശ്രമസ്ഥനായി ഫാ. ഗബ്രിയേൽ ഒ.ഐ.സി. ആയി. ഗീവറുഗീസ് ഒ.ഐ.സി. മാർ ഈവാനിയോസ് ആയി. ഗബ്രിയേലച്ചൻ തൃശ്ശിനാപ്പള്ളിയിൽ വൈദിക വിദ്യാർത്ഥി ആയിരിക്കുന്ന കാലം. സെമിനാരിയുടെ വാർഷികപ്പതിപ്പിൽ (Annual) പ്രസിദ്ധീകരിക്കാൻ ഒരു ലേഖനം വേണമെന്ന് ഫാ. ബ്യൂർഗ് ആവശ്യപ്പെട്ടു. ലേഖനമെഴുത്തിൻെറ ഭാഗമായി വി.മത്തായി അഞ്ചാം അദ്ധ്യായം മുപ്പത്തി ഒന്നും മുപ്പത്തിരണ്ടും വാക്യങ്ങളുടെ ശരിയായ വ്യാഖ്യാനത്തെ സുറിയാനി വേദപുസ്തകത്തിൻെറ അടിസ്ഥാനത്തിൽ മനസ്സിലാക്കണമെന്ന ആഗ്രഹത്തോടെ ഗെബ്രിയേൽ ശെമ്മാശൻ മാർ ഈവാനിയോസിനെ സമീപിച്ചു. അന്നൊരു തിരക്കുള്ള ദിവസമായിരുന്നതിനാൽ കുറച്ചു സമയത്തേക്കുമാത്രമെ സംസാരിക്കാൻ പിതാവിനു കഴിഞ്ഞുള്ളു. വെറും രണ്ടുമണിക്കുർ! പിന്നീടൊരിക്കൽ ഒരുമണിക്കൂറും.

സന്യാസീ സന്യാസിനികൾ ജ്ഞാനികളും വിജ്ഞാനികളുമായിരിക്കണമെന്നത് പിതാവിൻെറ തീവ്രമായ ആഗ്രഹമായിരുന്നുവെന്ന് ഗബ്രിയേലച്ചനും ഹെംസ സിസ്റ്ററും ഒരുപോലെ പറയുന്നു. കൽക്കട്ടയിലും ത്രിശ്ശിനാപ്പള്ളിയിലുമൊക്കെ ആളുകളെ വിട്ടു പഠിപ്പിക്കുവാൻ പിതാവു സ്വന്തം കൈയിൽ നിന്നു പണം മുടക്കിയിരുന്നു. സിസ്റ്റേഴ്സിനെ ഈരണ്ടു പേരെയാണ് അയച്ചതെന്ന് സിസ്റ്റർ ഹെംസ ഓർക്കുന്നു. മറ്റൊന്നിനുമല്ല, സുഖ ദു:ഖങ്ങൾ പരസ്പരം പങ്കുവയ്ക്കാൻ. സെമിനാരി വിദ്യാർത്ഥികളെ പഠിപ്പിച്ചിരുന്ന പിതാവ് ഓരോ വിദ്യാർത്ഥിയുടെയും നോട്ടുബുക്കുകൾ പരിശോധിച്ചു തിരുത്തിക്കൊടുക്കുമായിരുന്നു.

അണികളെ തല്ലുകൊള്ളാൻ വിട്ടിട്ട് അധികാരക്കസേരയിൽ അമർന്നിരിക്കുന്ന നേതാക്കളെ കണ്ടുശീലിച്ച നമുക്ക് മാർ ഈവാനിയോസ് ഒരത്ഭുതമാകുന്നു. പുനരൈക്യപ്രസ്ഥാനത്തിൻെറ ആരംഭകാലത്തു പള്ളി പണിയാനും മറ്റും കടുത്ത പ്രതിബന്ധം നേരിടേണ്ടി വന്നു. എവിടെയെങ്കിലും പ്രശ്നമുണ്ടെന്നറിഞ്ഞാൽ പിതാവ് അവിടെ ഓടിയെത്തും. പ്രശ്നസ്ഥലത്തു വി. കർബ്ബാന അർപ്പിച്ച ശേഷമേ പിതാവു മടങ്ങുകയുള്ളു.

വേളകോട് എന്ന സ്ഥലത്ത് പള്ളി പണിയാൻസ്ഥാപിച്ച ഷെഡ് ആരോ പൊളിച്ചു കളഞ്ഞു. ഇതറിഞ്ഞ തിരുമേനി അവിടെ ചെന്നു വിശുദ്ധ കുർബ്ബാന അർപ്പിക്കുകയും ദൈവത്തിൻെറ കരുണയെക്കുറിച്ച് ദീർഘ സമയം പ്രസംഗിക്കുകയും ചെയ്തു. ഷെഡു പൊളിച്ചുമാറ്റുവാൻ നേതൃത്വം നൽകിയവർ തന്നെ പിന്നീടു പിതാവിനെക്കണ്ട് മാപ്പു ചോദിച്ചുവത്രെ.

ഏതു വമ്പനെയും വീഴ്ത്താനുള്ള ബ്രഹ്മാസ്ത്രം വല്യപിതാവിനുണ്ടായിരുന്നു. ഇന്ന് ബഥനിക്കുന്നെന്നറിയപ്പെടുന്ന സ്ഥലത്തിൻെറ ഉടമസ്ഥൻ, കോട്ടും സ്യൂട്ടു മണിഞ്ഞ നാട്ടുകോട്ടച്ചെട്ടിയാർ എന്ന തമിഴനായിരുന്നു. ഇരുന്നൂർ ഏക്കറിലധികം വരുന്ന ആ സ്ഥലം വാങ്ങണമെന്ന് പിതാവിന് ആഗ്രഹം. പണത്തിനു നന്നേ ക്ലേശിച്ചിരുന്ന അക്കാലത്ത് ആ സ്ഥലം വാങ്ങുന്നത് 'മലർപ്പൊടിക്കാരൻെറ സ്വപ്നം പോലെ' ആയിരുന്നു. കാറിൽ വന്നിറങ്ങിയ ചെട്ടിയാരോട് പിതാവ് 'മണിമണിയായി' ഇംഗ്ലീഷിൽ എന്തൊക്കെയോ പറഞ്ഞെന്നും പകുതി വിലയ്ക്ക്-അതായത് സെൻററിന് അഞ്ചു രൂപാ വച്ച് ചെട്ടിയാർ സ്ഥലം കൊടുത്തെന്നുമുള്ളതു ശേഷഭാഗം. അനന്തപുരിയുടെ അഭിമാനമായ മാർ ഈവാനിയോസ്

www.malankaralibrary.com

കോളേജ്, മാർതെയോഫിലോസ് ട്രെയിനിംഗ് കോളേജ്, സർവ്വോദയ സ്കൂൾ, സെൻറ് ജോൺസ് ഹൈസ്കൂൾ, സെൻറ്തോമസ് ഹോസ്റ്റൽ, എന്നിവയും പണി പൂർത്തിയായിക്കൊണ്ടിരിക്കുന്ന സെൻറ്മേരീസ് മലങ്കര മേജർ സെമിനാരിയും നില കൊള്ളുന്നത് അന്നത്തെ ആ വനപ്രദേശത്താണ്.

പിതാവ് അമേരിക്കൻ ഐക്യനാടുകൾ സന്ദർശിച്ച അവസരത്തിൽ പരിചയപ്പെട്ട ഒരു വ്യക്തി തൻെറ വ്യാപാരശാലയിൽ നിന്ന് സൗജന്യമായി നൽകി കപ്പലിൽ കൊടുത്തുവിട്ടതാണ് മാർ ഇവാനിയോസ് കോളേജിൻെറ ശീലാന്തികളും മറ്റും.

മലങ്കര കത്തോലിക്കർ വിരലിലെണ്ണാൻ പോലും ഇല്ലാതിരുന്ന നാലഞ്ചിറയിൽ കോളേജു സ്ഥാപിച്ചപ്പോഴും നങ്ങ്യാർകുളങ്ങരയിൽ സ്കൂൾ തുടങ്ങിയപ്പോഴും പിതാവിൻെറ 'ഭോഷത്തത്തെ' പലരും പഴിച്ചു. ഇന്നു മലങ്കരകത്തോലിക്കാ സഭയുടെ വത്തിക്കാനാണ് നാലാഞ്ചിറ. നങ്ങ്യാർകുളങ്ങര സ്കൂളിൽ കുട്ടികളുടെ എണ്ണം കവിഞ്ഞതുകൊണ്ട് കെട്ടിടം പുതുക്കിപ്പണിയേണ്ടിവന്നു. സമീപ പ്രദേശത്തെ സ്കൂൾ അധികൃതർ തന്നെ പിതാവിനെ സമീപിച്ചു പറഞ്ഞു.' "ഇനി നിങ്ങളുടെ സ്കൂളിൽ കുട്ടികളെ എടുക്കരുതേ. ഞങ്ങളുടെ സ്കൂൾ അടച്ചിടേണ്ടിവരും".

നാലാഞ്ചിറ സെൻറ് ഗൊരേത്തി ഹൈസ്കൂൾ ഹെഡ്മാസ്റ്ററായിരുന്നു, പുഷ്പപുരം സി. ജോസഫ് സാർ. സ്കൂളിലെ സാധനങ്ങൾ ആർക്കു വേണമെങ്കിലും നൽകാൻ അധികാരമുള്ള പിതാവ്, ജോസഫ്സാറിൻെറ അനുവാദത്തോടും സമ്മതത്തോടുംകൂടിയല്ലാതെ സ്കൂൾ സാധനങ്ങൾ ആർക്കും നൽകിയിരുന്നില്ല. ജോസഫ്സാറിൻെറ മകൾ ഇന്ന് സിസ്റ്റർ ഫെലിസിറ്റ എസ്.ഐ.സി. കൊച്ചുകുട്ടി ആയിരിക്കുമ്പോൾ ഒരു ദിവസം പിതാവിൻെറ പ്രസംഗം കേട്ട് കണ്ണുപറിക്കാതെ പിതാവിനെത്തന്നെ നോക്കിയിരുന്നു പോയിട്ടുണ്ടത്രെ. പ്രസംഗം കഴിഞ്ഞ് കാറിൽ യാത്രയാകുന്നതിനുമുമ്പ് "ഇവളെ മഠത്തിൽ അയക്കണമെന്നു" പിതാവു നിർദ്ദേശിച്ചു.

സന്ന്യാസ വൈദിക ജീവിതാഭിമുഖ്യമുള്ളവരെ ഒറ്റ നോട്ടത്തിൽ തന്നെ തിരിച്ചറിയാനുള്ള സിദ്ധിവിശേഷം പിതാവിനുണ്ടായിരുന്നു എന്നാണ് സിസ്റ്റർ ഫെലിസിറ്റയുടെ പക്ഷം. "ഇവനെ (ഇവളെ) എനിക്കു തരണം" എന്നു ചില കുട്ടികളെ ചൂണ്ടിക്കാട്ടി പിതാവ് അവരുടെ മാതാപിതാക്കന്മാരോട് ആവശ്യപ്പെട്ടിട്ടുണ്ട്. അങ്ങനെ പിതാവിൻെറ 'നോട്ടപ്പുള്ളികളായ' ധാരാളം പേർ വൈദികരായും സിസ്റ്റേഴ്സായും ഇന്നു സേവനമനുഷ്ഠിക്കുന്നു.

എട്ടാം വയസ്സിൽ പിതാവിനെക്കണ്ടുമുട്ടിയ എൻ.ജി.ഫിലിപ്പു സാറിന് തിരുമേനിയുമായി അടുത്തിടപെടാൻ ഒട്ടേറെ അവസരങ്ങൾ ലഭിച്ചു. പിതാവിൻെറ നിശ്ചയദാർഢ്യത്തിനും കഠിനാദ്ധ്വാനത്തിനും ഫിലിപ്പ് സാർ സാക്ഷി.

നമ്മുടെ ആരാധനാക്രമ പരിഷ്കരണത്തിനായി പിതാവ് ദിവസവും നാലു മണി മുതൽ ഒൻപതുമണിവരെ ആഴ്ചയിൽ അഞ്ചു ദിവസം വീതം അഞ്ചുമാസം തുടർച്ചയായി ജോലിചെയ്തു. ജോലിയുടെ പൂർണ്ണതയ്ക്കായി സുറിയാനി, ഇംഗ്ലീഷ്, മലയാളം ബൈബിളുകൾ, നിഘണ്ടുക്കൾ, ആധികാരിക ഗ്രന്ഥങ്ങൾ എല്ലാം പിതാവു പരിശോധിച്ചിരുന്നു.

വി. കർബ്ബാന കാണുക എന്ന ജനങ്ങളുടെ ശീലം മാർ ഈവാനിയോസ് മാറ്റിയെടുത്തു. പകരം തിരുമേനി ജനങ്ങളെ വി. കർബ്ബാനയിൽ സജീവമായി പങ്കെടുപ്പിച്ചു. സംസ്കൃതപണ്ഢിതനായിരുന്നതു കൊണ്ടാവാം, അദ്ദേഹത്തിൻെറ ഓരോ അക്ഷരവും സ്ഫുടമായിരുന്നു. ആശയവ്യക്തതയോടു കൂടി പിതാവർപ്പിച്ചിരുന്ന വി.കുർബ്ബാന ഒരു സ്വർഗ്ഗീയാനുഭവം തന്നെയായിരുന്നു. കൊച്ചു കുർബ്ബാനയോടു വിപ്രതിപത്തി കാട്ടിയ പിതാവിൻെറ കർബ്ബാന, മൈക്ക് അധികം പ്രചാരത്തിലാകാത്ത അക്കാലത്ത് ഏറ്റം പിറകിൽ നിൽക്കുന്നവർക്കു പോലും കേൾക്കത്തക്കവിധം വ്യക്തവും ഉച്ചത്തിലുള്ളതുമായിരുന്നു. തിരുശരീരരക്തങ്ങൾ ഇരു സാദൃശ്യത്തിലുമാണ് പിതാവു നൽകിയിരുന്നത്.

പിതാവിൽ വിളങ്ങിയിരുന്ന വിശിഷ്ടമായ ഒരു ഗുണമായിരുന്നു സമദർശിത്വം. തന്നെ ദർശിക്കാനെത്തുന്ന ഡിപ്പാർട്ടുമെൻറൽ മേധാവികളോടും മിഷ്യൻ പ്രദേശങ്ങളിലെ ഉപദേശിമാരോടും ഒരു പോലെ പിതാവു പെരുമാറിയിരുന്നു.

www.malankaralibrary.com

# മാർ ഈവാനിയോസ് മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ട് യാക്കോബായ സഭയിൽ




ശെമ്മാശ്ശൻ



വൈദികൻ
എം.ഡി. സെമിനാരി പ്രിൻസിപ്പാൾ



സെറാംപൂർ കോളേജ് പ്രൊഫസർ



ബഥനി ആശ്രമാദ്ധ്യക്ഷൻ
(ഇരുവശത്തും ഇരിക്കുന്നതു തിരുമനസ്സിലെ പരേതരായ മാതാപിതാക്കന്മാരും പുറകിൽ നിൽക്കുന്നത് സഹോദരനും സഹോദരിയുമാണ്)

www.malankaralibrary.com



ബഥനി മെത്രാപ്പോലീത്താ (യാക്കോബായ)



കൂനൻ കുരിശ്



1930 സെപ്തംബർ 20-ാം തിയതി
കൊല്ലത്തുവച്ചു നടന്ന പുനരൈക്യം



കത്തോലിക്കാ മെത്രാപ്പോലീത്താ

www.malankaralibrary.com

പിതാവിനെക്കാണാൻ ഒരു വ്യക്തിക്കും ആരുടെയും അനുവാദത്തിനായി കാത്തുനിൽക്കേണ്ടിയിരുന്നില്ല. അതിഥി സൽക്കാരപ്രിയനായിരുന്ന ആർച്ച് ബിഷപ്പ് വചന സൽക്കാരപ്രിയൻ കൂടിയായിരുന്നു. ഒരിക്കൽ പിതാവിൻെറ ആതിഥ്യം അനുഭവിച്ചവർ അതൊരിക്കലും മറക്കില്ല.

എല്ലാവരും ഉയർന്നുവരണമെന്നാഗ്രഹിച്ച തിരുമേനി, ഓരോരുത്തർക്കും വേണ്ട പ്രോത്സാഹനം നൽകിയിരുന്നു. വിവാഹിതരായ ദൈവദികരുടെ കുടുംബകാര്യങ്ങൾ തിരുമേനി പ്രത്യേകമായി ശ്രദ്ധിച്ചിരുന്നു. അരമനയിൽ ക്ലർക്കുമാരായും മറ്റും ജോലിയിൽ കയറിയ പലരെയും പിതാവു തൻെറ സ്വാധീനമുപയോഗിച്ച് ഗവൺമെൻറ് തലത്തിൽ ഉയർന്ന ഉദ്യോഗത്തിൽ ആക്കിയിട്ടുണ്ട്. വൈദികർ വിരളമായിരുന്ന അക്കാലത്ത് ധാരാളം വൈദികരെ ഉപരി പഠനത്തിനായി റോമിലേക്ക് അയച്ചിട്ടുണ്ട്.

പഴയ ഫയലുകളിൽ മാർ ഈവാനിയോസ് പിതാവിൻെറ തിളങ്ങുന്ന മുഖം കണ്ടകഥയാണ് ഫാ. സെബാസ്റ്റ്യൻ കുറ്റിക്കാട്ടിൽ ഒ.ഐ.സി. യ്ക്കു പറയുവാനുള്ളത്. ബഥനി ആശ്രമത്തിൻെറ സെക്രട്ടറി ജനറലായിരുന്ന കാലയളവിൽ ചില ഫയലുകൾ പരിശോധിച്ചപ്പോൾ അക്കൂട്ടത്തിൽ പിതാവെഴുതിയ ചില കത്തുകളും കാണാനിടയായി. ചില തർക്കവിഷയങ്ങളെക്കുറിച്ച് പിതാവെഴുതിയ കത്തുകൾ അക്കൂട്ടത്തിലുണ്ട്. കഠിനമായ അഭിപ്രായ വ്യത്യാസമുള്ളപ്പോഴും സൗമ്യമായും, ആരെയും നോവിക്കാതെയും തനിക്കുപറയാനുള്ളതു പറയുന്ന പിതാവിനെ ആ കത്തുകളിൽ കാണാം.

പിതാവിൻെറ കണ്ണുകളെക്കുറിച്ച് പലരും പറഞ്ഞുകേട്ടിട്ടുണ്ട്. ഹൃദയത്തിലേക്കു ചൂഴ്ന്നിറങ്ങുന്നതായിരുന്നു ആ ദൃഷ്ടികൾ. 'മറിയം ദീലേത്തോക്ക്' ചൊല്ലി ധൂപക്കുറ്റിയുമായി പിതാവു പടിഞ്ഞാറു വശത്തേയ്ക്കു തിരിയുമ്പോൾ ആ കണ്ണുകളിലേക്കുനോക്കാൻ തനിക്കു ഭയമായിരുന്നെന്ന് ജേക്കബ് ജോണച്ചൻ (ക്ലെർജിഹോം, തിരുവനന്തപുരം) പറയുന്നു. ആർച്ചു ബിഷപ്പുമായി നീരസത്തിലായിരുന്ന കൊലകൊമ്പൻ സർ. സി. പി. പോലും പിതാവിൻെറ മുഖത്തുനോക്കി എതിർക്കാൻ ധൈര്യപ്പെട്ടിരുന്നില്ല.

മത്തായിസാറിൻെറ (ശാസ്ത്തമംഗലത്തു താമസം) തോളിൽ കയ്യിട്ടു കൊണ്ട് മാർ ഈവാനിയോസ് കോളേജിൻെറ വരാന്തയിൽകൂടി തിരുമേനി എത്രയോ പ്രാവശ്യം നടന്നിരിക്കുന്നു. എന്തെന്തു കാര്യങ്ങൾ പറഞ്ഞിരിക്കുന്നു. മാർ ഈവാനിയോസ് പിതാവിനെപ്പോലൊരു വ്യക്തിയെ എൺപത്തിനാലു വർഷത്തെ ജീവിതത്തിനിടയിൽ തനിക്കു കാണാൻ കഴിഞ്ഞിട്ടില്ലെന്നാണു സാറിൻെറ സാക്ഷ്യം.

സന്യാസി ശ്രേഷ്ഠന്മാർക്ക് അഷ്ടവിധാനത്വം (ഒരേ സമയം എട്ടു കാര്യങ്ങൾ ചെയ്യാനുള്ള കഴിവ്) ഉണ്ടെന്നു കേട്ടിട്ടുണ്ട്. ഏറ്റം കുറഞ്ഞത് ത്രയാവിധാനത്വ (ഒരേ സമയം മൂന്നു കാര്യങ്ങൾ ശ്രദ്ധയോടെ ചെയ്യാനുള്ള കഴിവ്) മെങ്കിലും മാർ ഈവാനിയോസ് തിരുമേനിയിലുണ്ടെന്നതിന് മത്തായി സാറിൻെറ അനുഭവസാക്ഷ്യമിതാ: "എനിക്കെഴുതാനുള്ള കാര്യങ്ങൾ പിതാവ് പറഞ്ഞു തരും. പിതാവിൻെറ എഴുത്തും വായനയും അതോടൊപ്പം നടക്കും. ആരെങ്കിലും അതിഥികൾ വന്നാൽ അവരോട് സംസാരിക്കും. പകർത്തിയെഴുതാനുള്ളവ വീണ്ടും പറഞ്ഞു തരുമ്പോൾ ആശയത്തിനോ, ക്രമത്തിനോ വള്ളിക്കോ പുള്ളിക്കോ പോലും വ്യത്യാസം വരികയില്ല".

പരഹൃദയ ജ്ഞാനം (Telepathic knowledge) പിതാവിനുണ്ടായിരുന്നു. ഇന്നയാളെ ശ്രദ്ധിച്ചു കൊള്ളണം. അയാൾ ഇന്നകാര്യംചെയ്യാൻ സാദ്ധ്യതയുണ്ട്, എന്നു പിതാവ് ചിലരെപ്പറ്റി പറയാറുണ്ടായിരുന്നു. അവയൊക്കെ അതുപോലെ സംഭവിച്ചുട്ടുണ്ടെന്നാണ് മത്തായി സാറിൻെറ അനുഭവം.

Monopolising the talk എന്ന പ്രയോഗം പിതാവിനെ സംബന്ധിച്ചിടത്തോളം തികച്ചും വാസ്തവമാണ്. കണ്ണടച്ചു സുവിശേഷ പ്രസംഗം നടത്തുന്ന തിരുമേനിയെ ശ്രോതാക്കൾ കണ്ണിമയ്ക്കാതെ നോക്കി നിന്നു പോകും. തൻെറ വാഗ്വിലാസം കൊണ്ടു ജനത്തെ കെട്ടിയിടാൻ പിതാവിനു കഴിഞ്ഞിരുന്നു. സ്വകാര്യ സംഭാഷണങ്ങളിലും ആ വിജ്ഞാനസാഗരത്തിലെ മണി മുത്തുകൾ പുറത്തുവരും. ഏതു വിഷയത്തെപ്പറ്റിയും അനായാസമായി പിതാവു സംസാരിക്കും. ഏതു വാദമുഖങ്ങളെയും

www.malankaralibrary.com

ഖണ്ഡിക്കാനുള്ള ശക്തി ആ നാവിലുണ്ടാകും. തിരിച്ചു മറുപടി പറയാൻ കഴിയാത്തവിധം താർക്കികരെ നേരിടാൻ അസാധാരണമായ കഴിവു തിരുമേനിയ്ക്കുണ്ടായിരുന്നു.

സഭാജീവിതത്തിൽ ഒരു നൂതന വിപ്ലവത്തിനു നടുനായകത്വം വഹിച്ചു മാർഇവാനിയോസ് തിരുമേനി. മലങ്കരയിലെ ബഥനി പ്രസ്ഥാനം അതിൻെറ ശംഖൊലി ആയിരുന്നു. പൗരസ്ത്യ സഭയുടെ ശക്തി ആരാധനാ ജീവിത്തിലാണെന്നു കണ്ടെത്തിയ തിരുമനസ്സ്, സംപുഷ്ടമായ നമ്മുടെ ആരാധനാക്രമത്തെ 'ഏട്ടിലെ പശുവാക്കി' മാറ്റാതെ ജനങ്ങളുടെ ആത്മദാഹവും വിശപ്പുമകറ്റുന്ന ഭക്ഷ്യപേയങ്ങളാക്കി പകർത്തിയെടുത്തു. അങ്ങനെ മുണ്ടൻമല ആരാധനസമൂഹത്തിൻെറ തീർത്ഥാടനകേന്ദ്രമായി മാറി.

സാംസ്കാരികാനുരൂപണത്തിൻെറ പേരിൽ കാവി വസ്ത്രം ഇന്നു ചിലർക്കെങ്കിലും ഒരു ഫാഷനാണ്. പഠനമനനങ്ങൾക്കുശേഷം, കാവി വസ്ത്രധാരികളുടെ ഒരു സന്യാസസമൂഹത്തിനു രൂപം നൽകിയ ആദ്യ വ്യക്തി മാർ ഈവാനിയോസ് പിതാവായിരിക്കണം.

രണ്ടാം വത്തിക്കാൻ സൂന്നഹദോസിനുമുമ്പ്, കത്തോലിക്കാ സഭയിലെ വി.കുർബ്ബാനാർപ്പണം. ഗ്രീക്ക്, ലത്തീൻ,അറമായിക്ക് തുടങ്ങിയ മൃതഭാഷയിലായിരുന്നു. എന്തിനേറെ, സാർവ്വത്രികഭാഷയായ ഇംഗ്ലീഷിൽപ്പോലും വി. കുർബ്ബാന അർപ്പിച്ചിരുന്നില്ല. പുനരൈക്യാനന്തരം മാർ ഈവാനിയോസ് പിതാവ്, വളരെ ചെറിയൊരു വിഭാഗത്തിൻെറ മാത്രം മാതൃഭാഷയായ മലയാളത്തിൽ വി. കുർബ്ബാനയർപ്പിച്ച് സകലെരെയും 'ഞെട്ടിച്ചു'. (ഇതെക്കുറിച്ച് റോമിൽ പരാതി ചെല്ലുകയുണ്ടായെങ്കിലും, റോം പിതാവിൻെറ താല്പര്യം തന്നെ അനുവദിച്ചു കൊടുക്കുകയാണുണ്ടായത്).

തെറ്റു ചെയ്ത സഹോദരൻെറ പക്കലേക്കു കടന്നു ചെന്നു ക്ഷമിക്കുവാൻ കല്പിച്ച ക്രിസ്തുവിൻെറ കല്പന (മത്തായി 5:23-24) അക്ഷരശ്ശ: അനുസരിച്ച ക്ഷമയുടെ മാതൃകാ രൂപമായിരുന്നു മാർ ഈവാനിയോസ് പിതാവ്. തിരുമേനി കത്തോലിക്കാസഭയിൽ ചേർന്നതോടെ യാക്കോബായസഭയിൽ പലർക്കും പിതാവിനോട് കടുത്ത അമർഷം തോന്നി. അവരുടെ വലിയ പ്രതീക്ഷാ കേന്ദ്രമായിരുന്നല്ലോ പിതാവ്. വട്ടിപ്പണക്കേസു ജയിച്ചതോടെ, മുമ്പു നടത്തിയ പുനരൈക്യ ശ്രമങ്ങളെ വിസ്മരിച്ചവർ മാർ ഈവാനിയോസിനെ 'മാതൃ സഭയെ വഞ്ചിച്ചവൻ' എന്നു മുദ്ര കുത്തി; പിതാവിൻെറ ജീവനെ അപഹരിക്കുവാൻ ആളുകളെ നിയമിച്ചു; പിതാവു സ്ഥാപിച്ച ചില സ്കൂളുകൾ തീവച്ചു നശിപ്പിച്ചു; സിവിലായും ക്രിമിനലായും പിതാവിനെതിരെ കേസു കൊടുത്തു. പക്ഷേ തൻെറ രോഗശയ്യ 'ധ്യാനശയ്യയാക്കിയ ആ മഹാനുഭവൻ തന്നെ ദ്രോഹിച്ച പലരെയും ടെലഫോൺ ചെയ്തും, കത്തുകളയച്ചും മറ്റും അരമനയിലേക്കു വരുത്തുകയും അവരുടെ കാലിൽ പിടിച്ചു മാപ്പ് ചോദിക്കുകയും ചെയ്തു.

"കത്തിജ്വലിക്കുന്ന ഒരു വിളക്കായിരുന്നു അവൻ" (യോഹ.5.35) മാർ ഈവാനിയോസ് പിതാവിനെ സംബന്ധിച്ചിടത്തോളം ഏറ്റം വാസ്തവമായ ഒരു പ്രസ്താവമാണിത്. ആ ചിരാതിൻെറ പ്രകാശം നമ്മെ നയിക്കട്ടെ.

www.malankaralibrary.com



പീറ്റർ കീയ്യാലിൽ

# പരിശുദ്ധിയുടെ പരിമളം പരത്തിയ ബഥനിയുടെ മാർ തെയോഫിലോസ്

മലങ്കര പുനരൈക്യ പ്രസ്ഥാനത്തിന് ഊടും പാവും നെയ്തെടുത്ത ബഥനിയുടെ മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ വലംകൈ ആയിരുന്നുകൊണ്ട്, അദ്ദേഹത്തിനു ശക്തിയും ഉറച്ച പിന്തുണയും നൽകിക്കൊണ്ട്, ആ പ്രസ്ഥാനത്തെ വിജയ വീഥിയിലേക്കാനയിച്ച പുണ്യ പുരുഷനായിരുന്നു, ബഥനിയുടെ തപോധനൻ എന്നറിയപ്പെട്ടിരുന്ന അദിവന്ദ്യ മാർ തെയോഫിലോസ് തിരുമേനി. ആകമാന മലങ്കരസഭയിൽ ഇദം പ്രഥമമായി സംജാതമായ സന്യാസ സന്യാസിനീ സമൂഹങ്ങളുടെ സ്ഥാപനത്തിലും, സത്യസഭയിലേക്കു കൂട്ടമായി പുനരൈക്യപ്പെടുന്നതിനുള്ള ആദ്യത്തെയത്നത്തിലും, മാർത്തോമാക്രിസ്ത്യാനികളുടെ തനതായ പാരമ്പര്യങ്ങളും പൈതൃകങ്ങളും അന്ത്യോഖ്യൻ ആരാധന ക്രമവും ആചാരാനുഷ്ഠാനങ്ങളും അതേപടി തുടർന്ന് ആഗോള അപ്പസ്തോലിക സഭയുമായുള്ള കൂട്ടായ്മയിലേക്ക് എത്തിക്കുന്ന പ്രക്രിയകളിലുമെല്ലാം, മാർ ഈവാനിയോസ് പിതാവിന്റെ കൂട്ടാളിയും സഹകാരിയും ഉൾബലവുമായിരുന്നു മാർ തെയോഫിലോസ് തിരുമേനി. മലങ്കര സുറിയാനി ഓർത്തഡോക്സു സഭയിൽ നവീകരണ ചൈതന്യത്തിനായി തപസനുഷ്ഠിക്കുകയും അതിന്റെ പരമകാഷ്ഠയിൽ സത്യത്തിന്റെ ബോധജ്ഞാന സമ്പാദനത്താൽ കത്തോലിക്കാ സഭയുമായുള്ള മലങ്കരസഭയുടെ പുനരൈക്യത്തിനു വഴിതെളിക്കുകയും തുടർന്ന് തിരുവല്ലാ രൂപതയുടെ സ്ഥാപനത്തിനും അതിന്റെ നവനിർമ്മിതിക്കും പുരോഗതിക്കും ബുദ്ധിമാനായ ഭൃത്യനെപ്പോലെ ആരംഭമിടുകയും ചെയ്തത് അഭിവന്ദ്യ മാർ തെയോഫിലോസ് തിരുമേനിയാണ്. തെയോഫിലോസ്, എന്ന പേരിന്റെ, നാനാർത്ഥങ്ങളായ 'ദൈവപുത്രൻ', 'ദൈവദാസൻ', 'ദൈവഭക്തൻ' എന്നീ വിശേഷണപദങ്ങളെയൊക്കെ അന്വർത്ഥമാക്കിക്കൊണ്ടുള്ള ഒരു മഹത്തായ ജീവിതമാണ് അദ്ദേഹം നയിച്ചിരുന്നത്. അദ്ദേഹത്തിന്റെ തപോനിഷ്ഠയിൽ ഉരുകിത്തെളിഞ്ഞ ജീവിത വിശുദ്ധിയും അഗാധമായ പ്രാർത്ഥനാ ചൈതന്യവും സന്യാസാരൂപിയും പരിത്യാഗമനോഭാവവുമെല്ലാം തന്നെ അദ്ദേഹം ഒരു വിശുദ്ധനെന്നു കരുതുവാൻ പ്രേരിപ്പിച്ചു.

ബഥനി സന്യാസ സമൂഹത്തിന്റെ ആരംഭഘട്ടത്തിൽ മാർ ഈവാനിയോസ് തിരുമേനിയോടൊപ്പം അതിനെ വളർത്തുകയും ലാളിക്കുകയും ചെയ്ത പുണ്യദേഹമാണ് അഭിവന്ദ്യതെയോഫിലോസ് തിരുമേനി. മലങ്കരയിലെ അന്തഃഛിദ്രത്തിന്റെയും

www.malankaralibrary.com

ആത്മീയ പാപ്പരത്തത്തിന്റെയും കാലഘട്ടമായിരുന്ന ഇരുപതുകളിൽ ആദ്ധ്യാത്മിക നവോത്ഥാനത്തിന്റെ ശംഖനാദമുയർത്തിക്കൊണ്ട് ബഥനി പ്രസ്ഥാനത്തിന് തുടക്കമിടുവാൻ മാർ ഈവാനിയോസ് തിരുമേനി തീരുമാനിച്ചു. സന്യാസജീവിതത്തിൽ താല്പര്യമുള്ള ശെമ്മാശ്ശന്മാരെ ചേർത്ത് സന്യാസ ജീവിത ചര്യകൾക്ക് തുടക്കമിട്ടപ്പോൾ അവരിൽ മുൻപന്തിയിൽ നിന്നിരുന്നത്, ബഹു. യാക്കോബുശെമ്മാശൻ (മാർ തെയോഫിലോസ്) ആയിരുന്നു. പെരുനാട്ടിൽ മുണ്ടൻമലയിൽ ബഥനി ആശ്രമം സ്ഥാപിക്കുവാനുള്ള ഒരുക്കങ്ങൾ പൂർത്തിയാക്കിയപ്പോൾ, ബഹു. യാക്കോബുശെമ്മാശ്ശൻ, ഉന്നത ബിരുദം നേടുവാനുള്ള തന്റെ ആഗ്രഹം ഉപേക്ഷിച്ച്, സ്വഗുരുവായ ഫാ.പി.റ്റി. ഗീവറുഗീസിനോടൊപ്പം (മാർ ഈവാനിയോസ്) സെറാമ്പൂരിൽ നിന്ന് സ്വദേശത്തേക്കു യാത്രതിരിക്കുകയും 1919-ൽ പെരുനാട്ടിൽ ആശ്രമസ്ഥാപനത്തിനായി ഒത്തൊരുമിച്ചു പ്രയത്നിക്കുകയും ചെയ്തു. 1924-ൽ വൈദികനായി അഭിഷിക്തനായ അദ്ദേഹത്തെ സന്യാസാർത്ഥികളുടെ ഗുരുവായി മാർ ഈവാനിയോസ് നിയമിച്ചു. ബഥനി ആശ്രമത്തെ സംബന്ധിച്ചിടത്തോളം അതിന്റെ പ്രാരംഭദശയിൽ ഉത്തമനും ഉത്കൃഷ്ടനുമായ ഒരു ഗുരുവിന്റെ സാന്നിദ്ധ്യം അത്യന്താപേക്ഷിതമായിരുന്നു. അതിനിർണായകമായ ഈ സ്ഥാനത്തേക്ക് അറിവും അനുഭവജ്ഞാനവുമുള്ള, ഉത്തരവാദിത്വമുള്ള, വിശ്വസ്തതയുള്ള, ധിഷണാ വൈഭവവും അന്യാദൃശമായ കഴിവുമുള്ള ബഹു. യാക്കോബച്ചനെ, ക്രാന്തദർശിയായ ബഥനിയുടെ മാർ ഈവാനിയോസ് പിതാവ് തെരഞ്ഞെടുത്തത് യാദൃശ്ചികമായിരുന്നില്ല. ആശ്രമത്തിലെ ക്ലിഷ്ടമായ വ്രതാനുഷ്ഠാനങ്ങളിലും, ക്ലിപ്തമായ നിയമാചരണങ്ങളിലും കഠിനമായ ധ്യാനത്തിലും കൃത്യനിഷ്ഠമായ ദിവ്യകർമ്മാനുഷ്ഠാനങ്ങളിലും, ഇതര ഭക്തകൃത്യങ്ങളിലും ഗുരുവച്ചൻ ആശ്രമ വാസികൾക്കെല്ലാം ഒരു മാതൃകാപുരുഷനായിരുന്നു. ബഹു. യാക്കോബച്ചൻ ആരാധനാനുഷ്ഠാനത്തിന് ശക്തമായ നേതൃത്വം നൽകി. മാർ ഈവാനിയോസ് പിതാവിന്റെ വാക്ചാതുര്യത്തോടുകൂടിയ ധ്യാനപ്രസംഗങ്ങളിൽ ആകൃഷ്ടരായി അനേകം ആളുകൾ മുണ്ടൻ മലചവുട്ടിക്കയറിയപ്പോൾ അവർക്ക് ആരാധനാ ജീവതത്തിന് മാതൃകയായി പരിലസിച്ചത്, സമൂഹാംഗങ്ങളെ അതിനു രൂപപ്പെടുത്തിയത്, ബഥനിയുടെ ഗുരുവച്ചനായിരുന്നു. അദ്ദേഹത്തിൻെറ ജീവിതപരിശുദ്ധിയുടെ പരിമളം സമൂഹത്തിൽ മാത്രമല്ല സഭയിലും വീശിയിരുന്നു. ഗുരുവച്ചന്റെ ഇമ്പകരമായ സ്വരമാധുര്യം അദ്ദേഹം അർപ്പിക്കുന്ന വിശുദ്ധ കുർബാനയും മറ്റു ഭക്താനുഷ്ഠാനങ്ങളും അതിൽ സംബന്ധിക്കുന്ന എല്ലാ വിശ്വാസികൾക്കും എത്രയും ആസ്വാദ്യകരവും ആത്മീയാനുഭൂതി നൽകുന്നവയുമായിരുന്നു.

ബഥനി സന്യാസത്തിന്റെ അരൂപിയിലും ആദർശങ്ങളിലും വാർത്തെടുത്ത ഒരു ജീവിത ശൈലിയായിരുന്നു ബഹു. യക്കോബച്ചന്റേത്. വാക്കുകളെക്കാളേറെ ജീവിതമാകുകയിലൂടെയാണ് അദ്ദേഹം ബഥനി സന്യാസത്തിന്റെ അന്തഃസത്ത ശിഷ്യന്മാർക്ക് പങ്കുവച്ചത്. എല്ലാ നല്ല കാര്യങ്ങൾക്കും യാക്കോബച്ചൻ ജീവിക്കുന്ന ഒരു മാതൃകയായിരുന്നു. അനുകമ്പ, ലാളിത്യം, വിനയം, സൗമ്യത, പ്രാർത്ഥനാശീലം തുടങ്ങിയ വിശിഷ്ട ഗുണങ്ങൾ നോക്കിക്കാണുവാൻ ശിഷ്യന്മാർക്ക് ഗുരുവിന്റെ ജീവിതമാകുന്ന തുറന്ന പുസ്തകം മുന്നിലുണ്ടായിരുന്നു.

1927-ൽ ബ. യാക്കോബച്ചൻ റമ്പാൻ വ്രതം സ്വീകരിക്കുകയും 1929-ൽ യാക്കോബ് റമ്പാനെ ബഥനിയുടെ എപ്പിസ്കോപ്പയായി വാഴിക്കുകയും ചെയ്തു. തുടർന്ന് ബഥനി മെത്രാപ്പോലീത്തായായിരുന്ന മാർ ഈവാനിയോസ് തിരുമേനി ബഥനി പള്ളികളുടെ ഭരണം മാർതെയോഫിലോസ് തിരുമേനിയെ ഏല്പിച്ചു. തിരുവല്ലായിലെ ബഥനി പള്ളിയോടനുബന്ധിച്ചുള്ള ആശ്രമത്തിൽ താമസിച്ചുകൊണ്ട് ബഥനി പള്ളികൾ സന്ദർശിക്കുകയും ഞായറാഴ്ച ദിവസങ്ങളിലും വിശേഷദിവസങ്ങളിലും ആരാധന മുടങ്ങാതെ നടത്തുകയും ചെയ്തു. വിശ്വാസികളിൽ ആത്മീയ ഉണർവ് സംജാതമാക്കുന്നതിൽ കൊച്ചു തിരുമേനി പ്രത്യേകം ശ്രദ്ധപതിപ്പിച്ചിരുന്നു. പാണ്ഡിത്യവും പരിശുദ്ധിയും നിറഞ്ഞ അദ്ദേഹം തന്നോട് അടുത്തിടപെടുന്ന എല്ലാവരിലും ആദരവും ദൈവഭക്തിയും ജനിപ്പിക്കുന്ന പെരുമാറ്റവും, സൗമ്യത നിറഞ്ഞ ദർശനവും നൽകിയിരുന്നു. അദ്ദേഹത്തിന്റെ


www.malankaralibrary.com

വശ്യതയാർന്ന പെരുമാറ്റരീതികളും ഭക്തിസാന്ദ്രമായ വിശുദ്ധജീവിതവും ഭക്തിദ്യോതകങ്ങളായ പ്രാർത്ഥനകളും എളിമ നിറഞ്ഞ ജീവിതവും കർമ്മ ശേഷിയും ആരേയും ആകർഷിക്കാൻ ഉതകുന്നവ യായിരുന്നു. ദൈവാലയത്തിലെ ആരാധനകളിലും ഭക്താനുഷ്ഠാനങ്ങളിലും അദ്ദേഹത്തോടൊപ്പം പങ്കുചേരുമ്പോൾ ജനസമൂഹം സ്വർഗ്ഗീയാനന്ദത്തിൽ മുഴുകുമായിരുന്നു. വന്ദ്യപിതാവിന്റെ ഇമ്പകരമായ സ്വരമാധുരിയും ഗാനപാടവവും കേഴ്ക്കാൻ സാധിച്ചിട്ടുള്ള ഭാഗ്യവാന്മാർ, അവർ അനുഭവിച്ച സ്വർഗ്ഗീയാനുഭൂതിയെക്കുറിച്ച് വിവരിക്കാറുണ്ട്. മറ്റുള്ളവരോടുള്ള സ്നേഹവായ്പിലും രോഗികളോടുള്ള അനുകമ്പയിലും അദ്ദേഹത്തിന്റെ ശാലീനതയും ദിവ്യത്വവും പ്രകടമായിരുന്നു. വസ്ത്രധാരണത്തിലുള്ള എളിമയും പ്രാർത്ഥനാനുഷ്ഠാനങ്ങളിലുള്ള കൃത്യനിഷ്ഠയും ഏകാഗ്രതയും ഏവർക്കും അനുകരണീയമായിരുന്നു. അന്ത്യംവരെ ഈവക കാര്യങ്ങളിലുള്ള ശ്രദ്ധയും വിശുദ്ധിയുടെ പരിവേഷവും ദിവ്യചൈതന്യത്തിന്റെ പ്രകാശവും വന്ദ്യപിതാവിൽ ആർക്കും കാണാമായിരുന്നു.

വിശ്വാസികളെ ദൈവമാതൃഭക്തിയിൽ വളർത്തുന്നതിന് അദ്ദേഹം പ്രത്യേകം പരിശ്രമിച്ചിരുന്നു. പരി. ദൈവമാതാവിന്റെ സ്വർഗ്ഗാരോപണ പെരുന്നാളിന്നൊരുക്കമായുള്ള പതിനഞ്ചുനോമ്പിൽ ജനങ്ങൾക്കു വേണ്ടി പ്രത്യേകം ധ്യാനങ്ങളും പ്രാർത്ഥനകളും നടത്തുമായിരുന്നു. സ്ത്രീകൾക്കുവേണ്ടി മർത്തമറിയം സംഘം എന്നൊരു ഭക്തസംഘടനയും സ്ഥാപിച്ചിരുന്നു. ആൺകുട്ടികളെയും പെൺകുട്ടിക ളെയും സംഘടിപ്പിച്ച് ആരാധന ഗീതങ്ങൾ പഠിപ്പിക്കുകയും ആരാധന ആകർഷകമാക്കുന്നതിന് ഗായകസംഘം രൂപീകരിക്കുകയും ചെയ്തു. സുറിയാനി ഭാഷയിലുള്ള ആരാധന ഗീതങ്ങൾ പ്രത്യേകിച്ചും കഷ്ടാനുഭവ ആഴ്ചയിലെ കൗമ്മാകളും മറ്റുഗീതങ്ങളും പരിഭാഷപ്പെടുത്തി സുറിയാനി ഈണത്തിൽ തന്നെ മലയാളത്തിൽ പാടിയിരുന്നു.

അഭിവന്ദ്യതെയോഫിലോസ് തിരുമേനി മലങ്കരയിൽ പരുമല തിരുമേനി കഴിഞ്ഞാൽ വിശുദ്ധിയിൽ ഒന്നാമനായി ഗണിക്കപ്പെട്ടിരുന്നു. അദ്ദേഹത്തിന്റെ ജീവിത വിശുദ്ധി മലങ്കര ആരാധനയുമായി ഇഴുകിചേർന്ന ഒന്നായിരുന്നു.

സത്യത്തിന്റെ പാത കത്തോലിക്കാസഭയുമായുള്ള കൂട്ടായ്മയാണെന്ന് മാർ ഈവാനിയോസ് പിതാവിനോടൊപ്പം അദ്ദേഹം ഗ്രഹിച്ചപ്പോൾ സധൈര്യം ആ പാത തന്റെ ആത്മീയ ഗുരുവിനോടൊപ്പം തെരഞ്ഞെടുത്തു. മാർ തെയോഫിലോസ് തിരുമേനി



മാർ തെയോഫിലോസ് പിതാവും ബഥനിയിലെ പിൻഗാമികളും


www.malankaralibrary.com

അല്പം പോലും ശങ്കിക്കാതെ മാർ ഈവാനിയോസ് തിരുമേനിയോട് പൂർണ്ണമായി സഹകരിക്കുകയും ത്യാഗപൂർവ്വം സഭൈക്യത്തിന് തയ്യാറാവുകയുമാണ് ചെയ്തത്. 1930 സെപ്റ്റംബർ മാസം 18-ാം തീയതി മാർ ഈവാനിയോസ് തിരുമേനിയുമൊത്ത് മാർ തെയോഫിലോസ് തിരുമേനിയും കൊല്ലം മെത്രാസന മന്ദിരത്തിൽ പോകുകയും അവിടെ താമസിച്ചു പ്രാർത്ഥനയിലും ധ്യാനത്തിലും മുഴുകി കൂടുതൽ ശക്തിസംഭരിച്ച് 20-ാം തിയതി ശനിയാഴ്ച കത്തോലിക്കാസഭയുടെ ഐക്യത്തിൽ പ്രവേശിക്കുകയും ചെയ്തു.

തിരുവല്ലാ രൂപതയുടെ പ്രഥമമെത്രാനായി രണ്ടര ദശാബ്ദത്തോളം രൂപതയുടെ ആദ്ധ്യാത്മികവും ഭൗതികവുമായ വളർച്ചയ്ക്ക് മാർ തെയോഫിലോസ് തിരുമേനി നേതൃത്വം നൽകി. ഈ രംഗങ്ങളിലെല്ലാം അദ്ദേഹത്തിന്റെ ജീവിതവും പ്രവർത്തനങ്ങളും ബഥനി സന്യാസദർശനത്തിന്റെ ആവിഷ്ക്കരണമായിരുന്നു. പുനരൈക്യ പ്രസ്ഥാനത്തിന്റെ ശൈശവദശയിൽ എല്ലാ തലങ്ങളിലും വളരെയധികം ക്ലേശങ്ങളും തടസ്സങ്ങളും പരീക്ഷണങ്ങളും വന്ദ്യപിതാവിന്റെ പ്രവർത്തനങ്ങളെ വഴി മുട്ടിക്കാൻ ശ്രമിച്ചുവെങ്കിലും അവയോരോന്നും അദ്ദേഹത്തിന്റെ ആദ്ധ്യാത്മികവും വിശുദ്ധവുമായ ജീവിതത്തിനുമുമ്പിൽ നിഷ്പ്രഭങ്ങളായി മാറി.

"ദൈവത്തിനു മഹത്വം, മനുഷ്യർക്കു സമാധാനം" ഇതായിരുന്നു രൂപതാദ്ധ്യക്ഷൻ എന്ന നിലയിൽ അഭിവന്ദ്യപിതാവിന്റെ ആപ്തവാക്യം. രൂപതയ്ക്കുവേണ്ടി ചെയ്ത സകലവും ഈ ലക്ഷ്യപ്രാപ്തിക്കായിട്ടാണ് തിരുമേനി നിർവഹിച്ചിരുന്നത്. വന്ദ്യതിരുമേനിയുടെ ഇടയലേഖനം, ഇടവക സന്ദർശനം, ആത്മീയോപദേശം ഇവ വഴിയായി വിശ്വാസികളിൽ വർദ്ധിച്ച ആത്മീയചൈതന്യം രൂപതയൊട്ടാകെ അനുഭവപ്പെടുകയും ചെയ്തിരുന്നു. ആ താപസശ്രേഷ്ഠന്റെ ആത്മീയോപദേശങ്ങളും അനുഗ്രഹാശിസുകളും തേടി, ജീവിത പ്രശ്നങ്ങൾക്ക് പ്രതിവിധി കാണുവാൻ, ഉദ്ദിഷ്ടകാര്യസാദ്ധ്യങ്ങൾക്കായി പ്രാർത്ഥനയാചിക്കാൻ ജനങ്ങൾ തിങ്ങികൂടുമായിരുന്നു. വന്ദ്യ തിരുമേനിയുടെ മുഖദർശനം, സാമിപ്യം, കൈവയ്പ് ഇവയെല്ലാം അവർക്ക് അനുഗ്രഹദായകവും സായൂജ്യം അടയുന്നതിനു തുല്യവുമായിരുന്നു. അദ്ദേഹത്തിന്റെ ജന്മസിദ്ധമായ വിനയവും ശാന്തതയും പ്രസന്നതയും സർവോപരി സ്നേഹമസൃണമായ സമീപനവും സംഭാഷണങ്ങളും ഉപദേശങ്ങളും അനേകം അകത്തോലിക്കാ സഹോദരങ്ങളെ കത്തോലിക്കാ സഭൈക്യത്തിലേക്ക് ആകർഷിക്കുവാൻ പര്യാപ്തമായിരുന്നു. ആ പുണ്യവാന്റെ ധന്യ ജീവിതം ബഥനി സന്യാസ സമൂഹത്തിനും, തിരുവല്ലാ രൂപതയ്ക്കും തദ്വാരാ മലങ്കരസഭയ്ക്കും എന്നെന്നും അഭിമാനകരവും മാതൃകായോഗ്യവുമാകുന്നു. അഭിവന്ദ്യപിതാവിന്റെ പ്രാർത്ഥന നമുക്ക് കോട്ടയായിരിക്കട്ടെ.

www.malankaralibrary.com



ഫാ. ജോർജ്ജ് തോമസ് കല്ലുങ്കൽ ഒ.ഐ.സി.

# ബഥനി ആശ്രമം - ഉത്ഭവവും വളർച്ചയും

സന്യാസ സമൂഹങ്ങളുടെ ചരിത്ര പശ്ചാത്തലം പരിശോധിച്ചാൽ വ്യക്തമാകുന്ന ചില യാഥാർത്ഥ്യങ്ങളുണ്ട്. സഭയിലെയോ സമൂഹത്തിലെയോ പ്രത്യേക പ്രതിസന്ധിഘട്ടമോ ആവശ്യങ്ങളോ ആണ് മിക്ക സന്യാസ സമൂഹങ്ങളുടെയും സ്ഥാപനത്തിന്റെ ഏറ്റം അടുത്തപശ്ചാത്തലം. ഈ സവിശേഷ സാഹചര്യങ്ങളോട് പ്രതികരിച്ച് പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുവാൻ ദൈവനിവേശിതരായ ഏതാനും വ്യക്തികളോ അല്ലെങ്കിൽ ഒരുവ്യക്തിയോ മുൻപോട്ടുവരും. സുവിശേഷത്തിൽ ചുവടുറപ്പിച്ച് ഈ വ്യക്തികൾ/ വ്യക്തി ചില നൂതനാശയങ്ങളും അവയ്ക്കുതകുന്ന പ്രായോഗിക പദ്ധതികളും മുൻപോട്ടു വയ്ക്കുന്നു. ഗതകാല ചരിത്രത്തെയും അനുഭവങ്ങളെയും കൈപ്പിടിയി ലൊതുക്കി നിലവിലുള്ള സാഹചര്യങ്ങളെ വിമർശന വിധേയമാക്കി സുവിശേഷാടിസ്ഥാനത്തിൽ വരുംകാലത്തിന് രൂപം നൽകുന്ന വ്യക്തവും പ്രേരക ശക്തിയുള്ളതുമായ പ്രവർത്തന പദ്ധതികളും അവയ്ക്കു അനുയോജ്യമായ ഒരു ജീവിത ശൈലിയുമാണത്. സഭ അതിനെ ഔദ്യോഗികമായി അംഗീകരിക്കുന്നു. സഭയിലെ വിവിധ സന്യാസ സമൂഹങ്ങളുടെ സ്ഥാപകചരിത്രം ഇപ്രകാരമാണ്.

ബഥനി ആശ്രമത്തിന്റെ ചരിത്രവും ഇതിൽനിന്നും വ്യത്യസ്ഥമല്ല, മലങ്കര സുറിയാനി സഭയുടെ ചരിത്രവുമായി അത് ഇഴുകിചേർന്ന് കിടക്കുന്നു. മലങ്കര സഭാചരിത്രത്തിലെ ഒരു പ്രത്യേക കാലഘട്ടത്തിന്റെ സൃഷ്ടിയാണത്.

## സഭയിലെ പ്രതിസന്ധിഘട്ടം

അപ്പസ്തോലനായ വി. തോമ്മാ ശ്ലീഹായിൽ നിന്നും വിശ്വാസം സ്വീകരിച്ച, മാർത്തോമ്മാ ക്രിസ്ത്യാനികളെന്ന് അറിയപ്പെട്ടിരുന്ന കേരളത്തിലെ ക്രൈസ്തവസമൂഹത്തിന്റെ ചരിത്ര ഗതിയിലെ ദു:ഖകരമായ സംഭവമാണ് കൂനൻ കുരിശു സത്യവും അതിനെ തുടർന്നുള്ള സഭയിലെ പിളർപ്പും. അതുവരെ ഒന്നായിരുന്നവർ പഴയകൂറ്റുകാരും, പുത്തൻകൂറ്റുകാരുമായി. അന്ത്യോക്യൻ സുറിയാനി ആരാധനക്രമവും പാരമ്പര്യങ്ങളും സ്വീകരിച്ച പുത്തൻകൂറ്റുകാർ പിന്നീട് മലങ്കര യാക്കോബായ സുറുയാനി സഭയായിത്തീർന്നു. പുനരൈക്യ പരിശ്രമങ്ങളും സഭയുടെ സ്വാതന്ത്രത നിലനിറുത്താനുള്ള പോരാട്ടങ്ങളും തത്ഫലമായ പിളർപ്പുകളും യാക്കോബായ സഭയുടെ ചരിത്രത്തിലെ പ്രധാന സംഭവങ്ങളാണ്. പ്രസ്തുത സഭാവിഭാഗം അഭിമുഖീകരിച്ച ഏറ്റവും വലിയ പ്രതിസന്ധി 1911 ൽ അന്ത്യോക്യാ പാത്രിയാർക്കീസ്, മലങ്കരമെത്രാപ്പോലിത്തായായിരുന്ന വട്ടശ്ശേരി മാർ ദിവന്യാസ്യോസിനെ മുടക്കുന്നതും അതേത്തുടർന്നുള്ള വിഭജനവുമാണ്.

www.malankaralibrary.com

പാത്രിയാർക്കീസുകക്ഷിയും മെത്രാൻ കക്ഷിയുമായി രണ്ടുവിഭാഗമായിത്തീർന്ന മലങ്കരയാക്കോബായ സഭയിലെ പിളർപ്പിൻെറ ആഴം വളരെ വലുതായിരുന്നു. അതിൻെറ ആഘാതം സഭാ ജീവിതത്തിൻെറ എല്ലാ തലങ്ങളെയും ദോഷകരമായി ബാധിച്ചു. പ്രത്യേകിച്ചും സഭയുടെ ആധ്യാത്മിക ജീവിതത്തെ. ചരിത്രകാരൻമാർ സാക്ഷിക്കുന്നതു പോലെ ഒരു ആധ്യാത്മിക പാപ്പരത്തം സഭയിലുളവായി.

## സമുദായ സ്നേഹിയായ ഗീവർഗീസ് കത്തനാർ

സഭയുടെ ഈ പ്രതിസന്ധിഘട്ടത്തിൽ മെത്രാൻ കക്ഷിയുടെ നേതാവും മലങ്കര മെത്രാപ്പോലിത്തയുമായിരുന്ന വട്ടശ്ശേരിയിൽ മാർ ദിവന്യാസ്യോസിൻെറ അരുമശിഷ്യനും വലം കൈയുമായി പ്രവർത്തിച്ച വ്യക്തിയാണ് പണിക്കരുവീട്ടിൽ ഗീവർഗീസ് കത്തനാർ. പുരാതനമായ ക്രൈസ്തവ കുടുംബ പശ്ചാത്തലത്തിൽ ജനിച്ചുവളർന്ന് ചെറുപ്പത്തിൽതന്നെ സഭാസേവനത്തിനായി സ്വയം സമർപ്പിച്ച ഫാ. പി. റ്റി. ഗീവർഗീസ് വൈദികജീവിതത്തിൽ പ്രവേശിക്കുകയും 1908-ൽ വൈദികനാകുകയും ചെയ്തു. അന്നത്തെ മലങ്കരസുറിയാനി വൈദികരുടെയിടയിൽ വിദ്യാഭ്യാസത്തിൽ സമുന്നത സ്ഥാനം പുലർത്തിയിരുന്ന ഗീവറുഗീസ് കത്തനാർ "എം.എ. അച്ചൻ" എന്നറിയപ്പെട്ടിരുന്നു. ശെമ്മാശനായിരിക്കുമ്പോൾ തന്നെ മദ്രാസിൽനിന്നും എം.എ. ബിരുദം നേടിമടങ്ങി വന്ന പി. റ്റി. ഗീവർഗീസിനെ യാക്കോബായ സമുദായത്തിൻെറ ശ്രദ്ധാകേന്ദ്രമായ എം.ഡി. സെമിനാരി പ്രിൻസിപ്പലായി നിയമിച്ചു.

ഈ കാലഘട്ടത്തിലാണ് മലങ്കര സുറിയാനി സഭാചരിത്രത്തിലെ ഏറ്റവും സങ്കടകരമായ പല സംഭവങ്ങളും നടക്കുന്നത്. എം.ഡി. സെമിനാരിയും പരിസരങ്ങളും അതിനു സാക്ഷ്യം വഹിക്കുന്നതും. സെമിനാരി പ്രിൻസിപ്പലായിരുന്ന പി. റ്റി. ഗീവർഗീസ് കത്തനാർക്ക് അവയെല്ലാം നേരിട്ടറിയുന്നതിനും അനുഭവിക്കുന്നതിനും ഇടയായതും. അവയുടെയെല്ലാം നടുവിൽ അദ്ദേഹം ഉണ്ടായിരുന്നു. പരിഹാരമാർഗ്ഗങ്ങൾ പലതും നിർദ്ദേശിക്കുവാനും ആസൂത്രണം ചെയ്യുവാനും അദ്ദേഹം മുൻപന്തിയിൽ നിന്നു. പക്ഷേ അവയ്ക്കൊന്നും സഭയിൽ യഥാർത്ഥ ഐക്യവും ശാന്തിയും കൈവരുത്തുവാൻ വേണ്ടതുപോലെ കഴിഞ്ഞില്ല. രണ്ടുപക്ഷങ്ങളായി പിളർന്ന സഭയിൽ കലാപവും കേസുകളും അടിക്കടി വർദ്ധിച്ചു വന്നതേയുള്ളു. പരിണിതഫലമോ ആദ്ധ്യാത്മിക ജീവിതത്തിൻെറ തളർച്ചയും ശോഷണവും.

## വേദനിപ്പിക്കുന്ന അനുഭവങ്ങൾ

താൻ ഏറ്റവുമധികം സ്നേഹിച്ച സഭയുടെ ഈ ദുഃസ്ഥിതി ആ സഭാസ്നേഹിയുടെ ഹൃദയത്തെ ഭാരപ്പെടുത്തി. മനസ്സാക്ഷിയെ ഇളക്കി. മലങ്കര സുറിയാനി സഭ വർദ്ധിച്ചുവരുന്ന കലഹങ്ങളുടെയും മത്സരങ്ങളുടെയും ദ്വന്ദയുദ്ധങ്ങളുടെയും കേളീരംഗമായിക്കൊണ്ടിരുന്ന കാഴ്ച്ച അദ്ദേഹത്തിൽ ദുസ്സഹമായ മനോവേദനയുണ്ടാക്കി. മലങ്കര സഭയുടെ സ്ഥാപനോദ്ദേശത്തെതന്നെ തകിടംമറിക്കാൻ പര്യാപ്തമായ ഈ അവസ്ഥാവിശേഷം സഭയുടെ ഭാവിയെപ്പറ്റി ഉത്കണ്ഠയും ആശങ്കയും അദ്ദേഹത്തിൽ ഉളവാക്കി. (ഗിരിദീപം. പേജ് 76).

തിക്തമായ പ്രസ്തുതാനുഭവങ്ങളാണ് ബഥനി ആശ്രമ സ്ഥാപനത്തിന് വഴിതെളിച്ചതെന്ന് 'ഗിരിദീപത്തിൽ' വിവരിക്കുന്നുണ്ട്. സന്യാസ ജീവിതത്തോട് ചെറുപ്പംമുതലേ താല്പര്യമുണ്ടായിരുന്നെങ്കിലും ഒരു സന്യാസ സമൂഹം രൂപീകരിക്കുവാൻ പ്രേരകമായത് മലങ്കര സുറിയാനി സമുദായത്തിലെ ഫാ. പി. റ്റി. ഗീവർഗീസിൻെറ വ്യക്തിപരമായ അനുഭവങ്ങളാണ്. അനുഭവങ്ങളെ ദൈവാനുഗ്രഹത്താൽ തനിക്കുലഭിച്ച ഒരു സോപാനമായിട്ടാണ് പിന്നീട് അദ്ദേഹം ചിത്രീകരിക്കുന്നത്. (ഗിരിദീപം. പേജ് 5).

## പ്രതിവിധികൾ തേടി

സ്വസമുദായാനുഭവങ്ങളുടെഅടിത്തട്ടിലേക്കാഴ്ന്നിറങ്ങിയപ്പോൾ ഫാ. പി. റ്റി. ഗീവർഗീസിന് ചിലകാര്യങ്ങൾ സുവ്യക്തമായി. അതായത് സഭയുടെ ആദ്ധ്യാത്മിക ശക്തിയുടെ ശിഥിലതയും ആദ്ധ്യാത്മിക ജീവിതത്തിൻെറ അഭാവവുമാണ് ഈ പ്രശ്നങ്ങളുടെയെല്ലാം അടിസ്ഥാനകാരണം. സഭയാകമാനമുള്ള ഒരു

www.malankaralibrary.com

ആദ്ധ്യാത്മിക നവീകരണത്തിലൂടെ നഷ്ടപ്പെട്ടുപോയ ആദ്ധ്യാത്മികശക്തി വീണ്ടെടുക്കുക എന്നതുമാത്രമാണ് കരണീയമായ പ്രതിവിധി. ഇതുവഴിമാത്രമേ നിലവിലുള്ള പ്രതിസന്ധിഘട്ടത്തിനു ശാശ്വതമായ പരിഹാരം കണ്ടെത്താനാവൂ. അതിലൂടെമാത്രമേ സഭയിൽ യഥാർത്ഥമായ ശാന്തിയും സമാധാനവും കൈവരുത്താനാവൂ. അതുകൊണ്ട് മലങ്കര സഭയുടെ ആദ്ധ്യാത്മിക പരിപോഷണത്തിനുള്ള ഭാവി പരിപാടികളെക്കുറിച്ച് ചിന്തിക്കുവാനും അതിനായി പ്രാർത്ഥിക്കുവാനും ആദ്ദേഹം ആരംഭിച്ചു.

## കൽക്കത്തയിലേക്ക്

ഈയവസരത്തിൽ പ്രോട്ടസ്റ്റൻറ് മിഷനറിമാർ നടത്തുന്ന കൽക്കത്തയിലുള്ള സെറാംപൂർ കോളേജിൽ പ്രൊഫസറായി ജോലിചെയ്യുവാനുള്ള ക്ഷണം ലഭിച്ചു. വൈമനസ്യത്തോടെയാണെങ്കിലും സഭയുടെ ഉന്നമനത്തിനായി പലവിധത്തിൽ ഈ അവസരം പ്രയോജനപ്പെടുത്താം എന്നുള്ള ആഗ്രഹത്തോടും തീരുമാനത്തോടും കൂടെ 1912-ൽ ഫാ. പി. റ്റി. ഗീവർഗീസ് കൽക്കത്തയിലേക്കുപോയി. തൻെറ ജീവിതത്തിലെ അവിസ്മരണീയമായ കാലഘട്ടമായിത്തീർന്നു സെറാമ്പൂർ വാസകാലം, കാരണം ഇക്കാലത്താണ് ഒരു സന്യാസ സമൂഹം രൂപീകരിക്കുക എന്ന ചിന്ത തൻെറ മനസ്സിനെ ആഞ്ഞുവലിക്കാൻ തുടങ്ങിയതെന്ന് അദ്ദേഹം പ്രസ്താവിക്കുന്നു.

കൽക്കത്തയിലേക്ക് താമസംമാറ്റിയ ഫാ. പി. റ്റി. ഗീവർഗീസ് ചില ശെമ്മാശ്ശൻമാരെയും മറ്റു യുവാക്കൻമാരെയും അവിടെ വരുത്തി ഉന്നത വിദ്യാഭ്യാസം നല്കുവാനുള്ള ക്രമീകരണം ചെയ്തു. മലങ്കരയിൽ നിന്നും ഏതാനും വനിതകളെയും കൊണ്ടുപോയി കിഴക്കൻ ബംഗാളിലെ ഡയോസിസൻ കോളേജിലും ബാരിസോളിലെ ആംഗ്ലിക്കൻ ഹൈചർച്ചുകാരായ കന്യാസ്ത്രീകളുടെ മഠത്തിലും പ്രവേശനം വാങ്ങിക്കൊടുത്തു. ഇതു വഴിയായി സ്ത്രീകൾക്കും ഉത്കൃഷ്ടമായ വിദ്യാഭ്യാസവും സംസ്കാരവും പരിശീലനവും ലഭിക്കുന്നതിനുള്ള സൗകര്യം സൃഷ്ടിച്ചു. വിദ്യാഭ്യാസ പ്രവർത്തനങ്ങളിലൂടെ മലങ്കര സമുദായത്തിന് ഉന്നമനവും അതുവഴിയായി പ്രശ്നങ്ങൾക്കെല്ലാം കുറെയൊക്കെ പരിഹാരവും കണ്ടെത്താം എന്ന ഉദ്ദേശ്യത്തോടെയാണ് ഇവരെയെല്ലാം കൽക്കത്തയിലേക്ക് കൊണ്ടുപോയി മേൽ നടപടികൾ സ്വീകരിച്ചത്.

## ഉന്നതവിദ്യാഭ്യാസ പദ്ധതി

ഉന്നത വിദ്യാഭ്യാസം നേടിയ യുവതീ യുവാക്കൻമാർ മലങ്കരയിൽ മടങ്ങിവന്ന് വിവിധ വിദ്യാഭ്യാസ മണ്ഡലങ്ങളിൽ പ്രവർത്തിക്കുകയും അതുവഴിയായി സമുദായത്തിലാകമാനം ചില പരിവർത്തനങ്ങൾ സൃഷ്ടിക്കയും ചെയ്യുമെന്ന് അദ്ദേഹം പ്രത്യാശിച്ചു. എം.ഡി. സെമിനാരിയോടുചേർന്ന് നല്ലരീതിയിൽ പോകുന്ന ഒരു വൈദിക കോളേജ് ഫാ. പി. റ്റി. ഗീവർഗീസിൻെറ ചിരകാല സ്വപ്നമായിരുന്നു. കാരണം, "വൈദികരുടെ ഉയർച്ചയാണ് സമുദായത്തിൻെറ ഉയർച്ചയെന്നും അവരുടെ വിജ്ഞാനമാണ് സമുദായത്തിൻെറ മൂലധനമെന്നും" അദ്ദേഹം ഉറച്ചു വിശ്വസിച്ചു. തന്നോടൊപ്പമുള്ള ശെമ്മാശൻമാർ ഉന്നത ബിരുദധാരികളായി തിരികെ വരുമ്പോൾ അവരെ ഈ ലക്ഷ്യപ്രാപ്തിക്കായി വിനിയോഗിക്കാം എന്നു വിചാരിച്ചു.

പ്രസ്തുത ആശയ സാഫല്യത്തിനായി നിരവധി ശെമ്മാശന്മാരെ ആദ്ദേഹം കൽക്കത്തയിൽ കൊണ്ടുവന്ന് തന്നോടൊപ്പം ഒരു വാടക വീട്ടിൽ താമസിപ്പിച്ച് കോളജ് പഠനവും മറ്റു പരിശീലനങ്ങളും നല്കി. പെൺകുട്ടികൾ ബാരിസോളിൽ മദർ ഈഡിത്തിൻെറ പ്രത്യേക മേൽനോട്ടത്തിൽ പരിശീലനം നേടി. ഇവരുടെയെല്ലാം ചെലവിലേക്കാവശ്യമായ ഭീമമായ തുക സ്വന്തം പരിശ്രമങ്ങളിലൂടെ അദ്ദേഹം കണ്ടെത്തി. "പട്ടിണിയെങ്കിൽ പട്ടിണി; സമൃദ്ധിയെങ്കിൽ സമൃദ്ധി. നമുക്കുണ്ടെങ്കിൽ നിങ്ങൾക്ക്, നിങ്ങൾക്കുണ്ടെങ്കിൽ നമുക്ക്" (ഗിരിദീപം പേജ്.50) എന്ന തുറന്ന മനോഭാവത്തോടെ അവരുടെ ആവശ്യങ്ങളെല്ലാം നിറവേറ്റികൊടുത്തു. ഇതുവഴിയായി ഇവരെല്ലാം മലങ്കരസഭയുടെ പ്രേമസന്താനങ്ങളും സമുദായോന്നമനത്തിൻെറ പണിക്കാരും സംരക്ഷകരും ആയിത്തീരണം എന്നു മാത്രം അദ്ദേഹം ആഗ്രഹിച്ചു.

www.malankaralibrary.com

## ആശയഗതിയിൽ പരിവർത്തനം

വിദ്യാഭ്യാസ പദ്ധതി ആശയതലത്തിലും പ്രായോഗിക തലത്തിലും,ശക്തമായി മുന്നോട്ടു പോകുമ്പോൾ പ്രൊ. പി. റ്റി. ഗീവർഗീസിൻെറ ചിന്താധാരയിൽ ചില പരിവർത്തനങ്ങൾ ഉണ്ടാകുന്നുണ്ട്. പ്രൊ. പി: റ്റി: ഗീവർഗീസ് എന്ന വ്യക്തിയിലുണ്ടാകുന്ന മാറ്റത്തിൻെറ പരിണിതഫലമാണിതെന്നു വ്യക്തം. ഏതോ സമുന്നതമായ കാര്യത്തിനുവേണ്ടി ദൈവം ആ വ്യക്തിത്വത്തെ മാറ്റിയെടുക്കുന്നതിൻെറ സൂചനയാണിത്. എല്ലാ സന്യാസ സമൂഹ സ്ഥാപകരും ദൈവകരങ്ങളിൽ ഇത്തരമൊരു രൂപാന്തരീകരണ പ്രക്രിയക്കു വിധേയരാകുന്നതായി കാണാം. പ്രസ്തുത പരിണാമപ്രക്രിയയിൽ നിന്നുടലെടുക്കുന്നതാണ് പുതിയ ദർശനങ്ങൾ. ഫാ. പി. റ്റി. ഗീവർഗീസിൻെറ വ്യക്തിത്വത്തിലും ആശയഗതിയിലും ഈ പരിവർത്തനം വളരെ പ്രകടമാണ്, പ്രത്യേകിച്ചും ഇനിയുള്ള കാലയളവിൽ. അദ്ദേഹം ഇതു വളരെ വിശദമായി ബഥനിയുടെ സ്ഥാപക ചരിത്രം എന്നു വിശേഷിപ്പിക്കുന്ന "ഗിരിദീപത്തിൽ" പ്രതിപാദിക്കുന്നുണ്ട്.

സെറാമ്പൂർ വാസത്തിൻെറ മദ്ധ്യഘട്ടത്തോടെ താൻ വിഭാവനം ചെയ്തു നടപ്പാക്കിയിരുന്ന വിദ്യാഭ്യാസപദ്ധതിയുടെ മലങ്കരസമുദായത്തിലുള്ള പ്രായോഗികസാദ്ധ്യതകളെ പറ്റി അദ്ദേഹത്തിനു വലിയ സന്ദേഹമുണ്ടായി. പ്രായോഗികപടുവായ അദ്ദേഹം സ്വയം ചോദിച്ചു: "നമ്മുടെ ആദർശാനുസാരം പള്ളിക്കൂടം ഉയർത്തുക, വൈദിക വിദ്യാലയം സ്ഥാപിക്കുക എന്നിവ ഇപ്പോഴത്തെ നിലയിൽ സാദ്ധ്യമാണോ? സാധിച്ചാൽ തന്നെയും അതു നിലനില്ക്കുമോ? നിലനിന്നാൽ അതുകൊണ്ടുമാത്രം സമുദായോന്നമനം കൈവരുമോ? സമുദായത്തിൻെറ യഥാർത്ഥ ഐശ്വര്യം ഇവയിൽ മാത്രം നിക്ഷിപ്തമോ? നമ്മോടൊപ്പമുള്ള വൈദികവിദ്യാർത്ഥികളെ പള്ളിക്കൂടങ്ങളെക്കാൾ ഗുരുതരവും ദൈവത്തിനു പൂർവാധികം ഹിതകരവും സമുദായോന്ന മനദൃഷ്ട്യാ പ്രയോജനകരവുമായ മറ്റ് ഏർപ്പാടുകളിലേക്കു ഉപയോഗപ്പെടുത്തുകയല്ലയോ അവശ്യം വേണ്ടിയിരിക്കുന്നത്?" (ഗിരിദീപം പേജ് 58)

ഇങ്ങനെ ചിന്തിക്കുവാൻ മറ്റൊരുകാരണവും അദ്ദേഹത്തെ പ്രേരിപ്പിച്ചു. ശെമ്മാശന്മാരെല്ലാവരും ഒരേ അഭിരുചിക്കാരല്ല. എല്ലാവർക്കും അദ്ധ്യാപകവൃത്തി അനുയോജ്യവുമല്ല. അദ്ധ്യാപനത്തിൽ താൽപര്യ മില്ലാത്തവർക്ക് സമുദായത്തിന് പ്രയോജനം വരുത്താവുന്ന മറ്റു മാർഗങ്ങൾ നിർദ്ദേശിക്കേണ്ടതായുണ്ട്.

## സുവിശേഷ പ്രചരണം സഭയുടെ ജീവൻ

ഇപ്രകാരമുള്ള ചിന്തകളിൽ വ്യാപൃതനായിരിക്കുമ്പോൾ സഭയുടെ യഥാർത്ഥമായ ദൗത്യത്തെക്കുറിച്ചുള്ള സുവിശേഷ പശ്ചാത്തലത്തിലേക്കു കടന്നു ചെല്ലുവാൻ അദ്ദേഹം പ്രേരിതനായി. അതിൻെറ വെളിച്ചത്തിൽ മലങ്കരസുറിയാനി സമുദായത്തിൻെറ അന്നത്തെ സ്ഥിതി വിശകലനവിധേയമാക്കിയപ്പോൾ അമ്പരിപ്പിക്കുന്ന ചില യാഥാർത്ഥ്യങ്ങളിലേക്ക് ഫാ. പി. റ്റി. ഗീവർഗീസിൻെറ കണ്ണുകൾ തുറക്കപ്പെട്ടു.

**ക്രൈസ്തവ സഭയുടെ സർവപ്രധാനമായ ചുമതല സുവിശേഷ പ്രചരണമാണെന്നും രക്ഷകനായ മിശിഹായെ മററുള്ളവർക്കു കാണിച്ചു കൊടുക്കുക എന്നുള്ളതാണ് അതിൻെറ മുദ്രാവാക്യമെന്നുമുള്ള അവബോധം അദ്ദേഹത്തിൽ ശക്തിപ്പെട്ടു. തദ്വിഷയത്തിൽ, മാർത്തോമ്മാ ശ്ലീഹായാൽ സ്ഥാപിതമെന്നഭിമാനിക്കുന്ന മലങ്കര സുറിയാനി സമുദായം ഗണ്യമായി യാതൊന്നും ചെയ്തിട്ടില്ല. "ക്രിസ്താബ്ദം 52-ാം ആണ്ടിൽ രക്ഷകനായ മിശിഹാ തമ്പുരാൻെറ നിർദ്ദേശപ്രകാരം കൊളുത്തി വയ്ക്കപ്പെട്ട ആ മഹാ പ്രദീപം ഇന്നും അതേ നിലയിൽ തന്നെ ഇരിക്കുന്നതല്ലാതെ അതുകൊണ്ട് നിഷ്പ്രഭങ്ങളായ പരിസരങ്ങൾക്ക് പ്രകാശവും പ്രസരിപ്പും ലഭിക്കുവാൻ ഇടയായിട്ടില്ലന്നുള്ളത് സമ്മതിച്ചേ മതിയാകയുള്ളൂ." (ഗിരിദീപം പേജ് 55)**

www.malankaralibrary.com

## സുറിയാനി സമുദായത്തിൻെറ ഉദാസീനത

അന്യ രാജ്യങ്ങളിൽ നിന്നു പോലും ധാരാളം പേർ ഇവിടെ എത്തി ആരോഗ്യവും ധനവും ഒന്നും പരിഗണിക്കാതെ സുവിശേഷപ്രചരണം ചെയ്യുന്നതുകണ്ടിട്ടും തങ്ങളുടെ അടിസ്ഥാനപരമായ കടമ നിർവഹണത്തിൽ വേണ്ടതു ചെയ്യുവാൻ ശ്രദ്ധിക്കാതെയുള്ള സുറിയാനിസമുദായത്തിൻെറ ഉദാസീനമായ ഇന്നത്തെ സ്ഥിതി അത്യന്തം ലജ്ജാകരവും കുറ്റകരവുമായി അദ്ദേഹത്തിന നുഭവപ്പെട്ടു. നിശ്ചയമായും ഭാരതഭൂമിയുടെ അവിശ്വാസത്തിനും അതിൻെറ ആത്മീയമായ അജ്ഞാനത്തിനും ഒരു കാലത്ത് മലങ്കരസുറിയാനി സമുദായം സമാധാനം പറയേണ്ടതായി വന്നു കൂടും. കർത്തവ്യബോധത്തോടുകൂടി പ്രവർത്തിച്ചിരുന്നു വെങ്കിൽ ഇൻഡ്യാ സമ്രാജ്യത്തിനാകവേ ഉണ്ടാകാമായിരുന്ന ആത്മീയാഭിവൃദ്ധിയെ നഷ്ടപ്പെടുത്തിയതിന് തക്കതായ ഒരു കാരണവും നമുക്കു പറയുവാൻ ഉണ്ടാകയില്ല. (ഗിരിദീപം, പേ. 56)

## സുവിശേഷപ്രചരണം അപരിഹരണീയം

കഴിഞ്ഞകാലങ്ങളിൽ ഈ വിഷയത്തിലുണ്ടായി ട്ടുള്ള അശ്രദ്ധയും ആലസ്യവും കണക്കിലെടുക്കാതെ അവകൂടി പരിഹരിക്കതക്കരീതിയിൽ മലങ്കരസുറിയാനി സമുദായം ഉണർന്നു പ്രവർത്തിക്കണമെന്നദ്ദേഹം ആഗ്രഹിച്ചു. സ്കൂളുകളുടെ അഭാവം സുവിശേഷ പ്രചരണത്തിന് പ്രതിബന്ധമല്ല. എം. ഡി. സെമിനാരിയോ വൈദികവിദ്യാലയമോ ഉണ്ടായാലും സുവിശേഷപ്രചരണം അപരിഹാര്യമാണ്. സ്ഥാപനങ്ങളും അവയുടെ വളർച്ചയും വികസനവും കാലാനുസൃതമായി നടന്നുകൊള്ളും. അതിനുള്ള ആളുകളും സൗകര്യങ്ങളും വേറെയുമുണ്ട്. അതുകൊണ്ട് തൻെറ സെറമ്പൂർ വാസം സുവിശേഷ പ്രചരണത്തിനുള്ള ആളുകളെ ഒരുക്കുവാൻ വിനിയോഗിക്കണമെന്ന് ഫാ. പി. റ്റി. ഗീവറുഗീസ് തീരുമാനിച്ചു. സുവിശേഷാഭിവൃദ്ധിക്കുവേണ്ടി തനിക്കു നിർവഹിക്കാനുള്ള ഏറ്റം വലിയ ധർമ്മം ഇതാണെന്നദ്ദേഹം ഉറച്ചു വിശ്വസിച്ചു.

## മിഷനറി സമൂഹം അടിയന്തരാവശ്യം

സുവിശേഷവേലക്കായി സ്വയം സമർപ്പിക്കുന്ന ഈ ആളുകളെ ഇടവകകൾ തോറും സഞ്ചരിച്ച് പ്രസംഗങ്ങൾ നടത്തുവാനും അവിടങ്ങളിലെ പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാക്കുവാനും മതപഠനത്തിലൂടെ ബാലികാബാലന്മാരിൽ ആത്മീയബോധം കൈവരുത്താനും വിജാതീയരുടെ ഇടയിൽ സുവിശേഷം പ്രസംഗിച്ച് അവരെ വിശ്വാസത്തിലേക്കു തിരിപ്പിക്കാനും വിനിയോഗിക്കാം എന്നദ്ദേഹം വിഭാവന ചെയ്തു. സംഘമായി പ്രവർത്തിക്കാൻ തയ്യാറുള്ള ദൈവികമായ പ്രബോധന മുള്ളവരും പ്രതിഫലേച്ഛയില്ലാത്തവരുമായിരിക്കണം മിഷനറിമാർ. അവൻ ബോധിച്ചപോലെ ബോധിച്ച വഴിക്കു നടക്കുന്നവരായിരിക്കരുത്. പ്രത്യേകമായ ആദർശങ്ങളും അതിനനുസരണമായ ഭരണഘടനയും അവർക്കുണ്ടായിരിക്കണം. ആദർശത്തിൽ ഐക രൂപ്യവും സഹോദരബന്ധത്താൽ സുഘടിതവു മായിരിക്കണം അവരുടെ ജീവിതം. ഇപ്രകാരമുള്ള മിഷനറിമാരെകൊണ്ട് രൂപീകരിക്കപ്പെടുന്ന ഒരു മിഷനറി സംഘം ആണ് മലങ്കരസഭക്കാവശ്യം എന്നും അവരാണ് സഭയുടെ ഭാവി ഐശ്വര്യങ്ങളുടെ നിദാനമെന്നുമുള്ള ബോധ്യം ഫാ. പി. റ്റി. ഗീവറുഗീസിൽ ശക്തി പ്പെട്ടുകൊണ്ടിരുന്നു.

തന്നോടൊപ്പം സെറാമ്പൂരിൽ വിദ്യാർത്ഥികളായി കഴിയുന്ന ശെമ്മാന്മാരെ അവരുടെ പഠനാവസാനം ഇത്തരമൊരു മിഷനറിസംഘം രൂപീകരിക്കാൻ പ്രോത്സാഹിപ്പിക്കാമെന്നും ചിന്തിച്ചു. മലങ്കര സഭക്കു പുറത്തുപോയി സുവിശേഷവേല ചെയ്യുവാൻ കഴിയുന്നവർക്ക് അപ്രകാരം ചെയ്യാം. സഭക്കുള്ളിൽ വേല ചെയ്യണമെന്നുള്ളവർക്കു അതിനുള്ള അവസരം ലഭിക്കും. വിദ്യാഭ്യാസ വിഷയത്തിൽ താൽപര്യമുള്ളവരെ ആ മേഖലയിലേക്കു തിരിച്ചു വിടാം. ഇപ്രകാരമുള്ള ചിന്തകൾ അദ്ദേഹത്തിൻെറ ഹൃദയത്തിൽ സ്ഥാനം പിടിച്ചു. കൂടെയുള്ളവരെ സാവകാശം ഈ ചിന്തകളിലേക്കാകർഷിക്കാനും ക്രമേണ അവ അഭ്യസിപ്പിക്കാനും തുടങ്ങി. സമുദായാഭിവൃദ്ധിയെപറ്റിയുള്ള ചിന്തകളാണ് തൻെറ മനോഗതിയിൽ ഇത്തരമൊരു മാററം സംഭവിച്ചതിൻെറ പിന്നിലെ പ്രേരകശക്തി എന്നദ്ദേഹം തുറന്നു സമ്മതിക്കുകയും ചെയ്യുന്നു.

മിഷനറി സമൂഹമെന്ന ചിന്ത ഊണിലും ഉറക്കത്തിലും തൻറ ഏകാഗ്രചിന്തക്ക് വിഷയീഭൂത

www.malankaralibrary.com

മായിരുന്നെന്നും തന്നെ ഉന്മേഷഭരിതനാക്കിയിരുന്നെന്നും ഫാ. പി. റ്റി. ഗീവറുഗീസ് സാക്ഷിക്കുന്നു. തീവ്രമായ വ്രതങ്ങളിലൂടെയും നിഷ്ഠകളിലൂടെയും മിഷനറി സമൂഹത്തെ പറ്റിയുള്ള ദൈവഹിതം വ്യക്തമാക്കുവാൻ അദ്ദേഹം കാത്തിരുന്നു. അദൃശ്യമായ ഒരു പരാശക്തി മിഷനറി സമൂഹചിന്തയാകുന്ന വഴിയിലൂടെ തന്റെ മനസ്സിനെ വലിച്ചിഴച്ചു കൊണ്ടുപോകുന്നതുപോലെ അദ്ദേഹിനു തോന്നി. അപ്പോൾ ബലം പ്രയോഗിച്ച് മനസ്സിനെ ഒരിടത്തു പിടിച്ചു നിർത്താതെ യഥേഷ്ടം അയച്ചു വിട്ടുകൊടുത്ത് അതെവിടെച്ചെന്നുറക്കുന്നുവെന്നു പ്രർത്ഥനയോടുകൂടി സസൂഷ്മം വീക്ഷിച്ചു വന്നു. (ഗിരിദീപം പേ. 58 59 )

## പുണ്യജീവിതമുള്ള മിഷനറിമാർ

മിഷനറി സമൂഹത്തിന്റെ പ്രായോഗിക വശങ്ങളിലേക്കു ദൈവനടത്തിപ്പോടെ കടന്നു ചെന്നു യാഥാർത്ഥ്യങ്ങളെ അഭിമുഖീകരിച്ചപ്പോൾ ഫാ. പി. റ്റി. ഗീവറുഗീസിന്റെ ചിന്തകൾക്ക് വീണ്ടും ചിറകുമുളച്ചു. ആത്മീയ ദൃഷ്ട്യാ സമുദായോന്നമനത്തിന് മിഷനറി സമൂഹം അത്യന്താപേക്ഷിതമാണ്. എന്നാൽ അതിന്റെ പ്രായോഗിക തലത്തിലേക്കു കടക്കുമ്പോൾ അതിലെ അംഗങ്ങളുടെ ഹൃദയത്തിൽ സ്വാർത്ഥതാൽ പര്യങ്ങൾക്കും പൊതുജനാഭിമാനത്തിനും ഇടം ലഭിച്ചു കഴിഞ്ഞാൽ പ്രാപഞ്ചിക തിരമാലകൾ അവരുടെ കണ്ണുകളെ മഞ്ഞളിപ്പിച്ചാൽ ഒരു ജഡവും അതിലെ അംഗങ്ങളുമായി പ്രവർത്തിക്കേണ്ടവരിൽ തെറ്റിദ്ധാരണകളും മത്സരങ്ങളും ദുരഭിമാനവും കടന്നുകൂടിയാൽ അവർ കുടുംബ ജീവിതത്തിന്റെ ഭാരവും വ്യഗ്രതയും പേറുന്നവരായാൽ സംഘടിത മല്ലാതെ സ്വാഭീഷ്ടപ്രകാരം പ്രവർത്തിക്കുന്നവരായാൽ മിഷനറി സമൂഹത്തിന്റെ അധോഗതി ആരംഭിക്കുകയായി. അത്തരമൊരു സമൂഹത്തിൽ നിന്നു കാര്യമായ യാതൊരു ഫലവുമുണ്ടാകയില്ല. ദോഷമേ പുറപ്പെടുവിക്കൂ. (ഗിരിദീപം പേജ് 59).

അതേസമയം മിഷനറി സമൂഹത്തിലെ അംഗങ്ങൾ ആദർശത്തിൽ ഐക്യമുള്ളവരും ജീവിതചര്യയിൽ ശുഷ്കാന്തിയുള്ളവരും ദൈവസേവനത്തെ ജീവിത പ്രമാണമാക്കിയവരും ദൈവഭക്തിയിൽ പരിപോഷിപ്പിക്കപ്പെടുന്നവരുമായിരുന്നാൽ അവരുടെ സുവിശേഷ പ്രചരണവേലകൾ ഫലപ്രാപ്തിയുള്ളതായി ത്തീരും. അവർ വഴി സുറിയാനി സമുദായത്തിന് യഥാർത്ഥമായ അഭ്യുദയം കൈവരുത്തുവാനും സാധിക്കും.

ഫാ. പി. റ്റി. ഗീവറുഗീസിന്റെ ഈ വഴിയിലൂടെയുള്ള ചിന്തകൾ ഒരു പടി കൂടി ഉയരുകയാണ്. സുവിശേഷപ്രചരണം വെറും അധര വ്യായാമമല്ല, അതു വാക്കുകളാലോ വാക്യങ്ങളാലോ മാത്രം നടത്തപ്പെടുന്ന ഒന്നല്ല, സുകൃതജീവിതം കൊണ്ടും സുകൃതപ്രവൃത്തികൾകൊണ്ടും പരോപകാരാർത്ഥ മായ സ്നേഹവ്യാപാരങ്ങളാലും നിർവഹിക്കപ്പെടേണ്ടതാണത്. ആദ്ധ്യാത്മീകാനുഭൂതിയുടെ ഉത്തുംഗശൃംഗങ്ങളിലേക്കുയർന്ന് അദ്ദേഹം ചിന്തിക്കുന്നു. "ഉയരത്തിൽ നിൽക്കുന്നവനു മാത്രമെ കുഴിയിൽ കിടക്കുന്നവനെ രക്ഷപ്പെടുത്താനാവൂ. (ഗിരിദീപം പേജ് 59).

"സുകൃതജീവിതം കൊണ്ട് ധന്യരായ മിഷനറിമാരാണ് ഇന്ന് മലങ്കര സുറിയാനി സമുദായത്തിനാവശ്യം. കൊമ്പുകളും ഇലകളും ഉള്ള വൃക്ഷത്തിന്റെ തണലിൽ വെയിലേറ്റു പൊരിയുന്നവരെല്ലാവരും സ്വയമേവ വന്നുചേർന്നുകൊള്ളുമല്ലോ. ഫലം കായ്ക്കുന്ന വൃക്ഷത്തിൽ നിന്ന് പാർത്ഥന്മാരായവർ പഴങ്ങൾ പറിച്ചുകൊള്ളുകയും ചെയ്യും. സുകൃതങ്ങൾ സുകൃതരിൽ നിന്നു മാത്രമേ സംജാതമാകയുള്ളു. പുണ്യപ്രവൃത്തികളേക്കാൾ പ്രാധാന്യം പുണ്യജീവിതത്തിനാണ്. (ഗിരിദീപം പേജ് 60). പുണ്യജീവിതമുള്ള,ദൈവഭക്തിയും ദൈവ സ്നേഹവും നിറഞ്ഞ മിഷനറിമാർക്കേ ലോകരെ ദൈവതതിലേക്കു തിരിക്കാൻ സാധിക്കൂ.

## രൂപാന്തരപ്പെടുന്ന സ്ഥാപക വ്യക്തിത്വം

തനിക്കു ലഭിച്ച സമുന്നതമായ ഈ ആത്മീയ ദർശനത്തിന്റെ വെളിച്ചത്തിൽ ഫാ. പി. റ്റി. ഗീവറുഗീസ് മിഷനറി സമൂഹമെന്ന ആശയത്തെ വിലയിരുത്തുവാൻ ശ്രമിച്ചു. ഒരു സാധാരണ മിഷനറി സമൂഹംകൊണ്ട് പരിപൂർണ്ണമായ ആശയ്ക്കു വകയുണ്ടോ എന്നു സ്വയം ചോദിച്ചു. ഈ വിഷയത്തിൽ ദൈവത്തിനു

www.malankaralibrary.com

തന്നെത്തന്നെ സ്വയം സമർപ്പിച്ച് അവിടുത്തെയിഷ്ടം അറിയാനായി കാത്തിരുന്നു. പ്രാർത്ഥനയിലും ധ്യാനത്തിലും വി. കുർബാനയിലും ആ വിഷയത്തിനു പ്രാമുഖ്യം നല്കി. ദൈവഹിതാനുസാരം പ്രവർത്തിച്ച് അവിടുത്തെ മഹത്വപ്പെടുത്തുവാൻ എന്തു ത്യാഗവും സഹിക്കാൻ തന്നെയും ശിഷ്യരെയും സന്നദ്ധരാക്കണമെന്ന് തീവ്രമായി അപേക്ഷിച്ചു.

പലമാസങ്ങൾ ഈ നിലയിൽ അദ്ദേഹം പിന്നിട്ടു. ഈ കാലയളവിൽ പലപരീക്ഷകളെയും അതിജീവിക്കേണ്ടതായി വന്നിട്ടുണ്ട്. ശാരീരികവും മാനസികവുമായ വളരെയധികം പ്രയാസങ്ങളും നേരിട്ടു. പ്രത്യേകിച്ചും സ്വയത്തെ, സ്വന്തയിഷ്ടങ്ങളെയും താല്പര്യങ്ങളെയും പരിത്യജിക്കുന്നതിൽ. ഒരു സമൂഹ സ്ഥാപകനിലുണ്ടാകുന്ന ആന്തരിക പരിവർത്തനത്തിന്റെയും അതുളവാക്കുന്ന സംഘർഷത്തിന്റെയും ദൈവികനടത്തിപ്പിലൂടെ പുതിയൊരു ദർശനം ഉരുവാകുന്നതിന്റേയും നൊമ്പരങ്ങളാണ് ഈ അനുഭവങ്ങളിലൂടെ പ്രകടമാക്കുന്നത്. ക്രമേണ ദൈവത്തിന്റെ തിരുമുമ്പിൽ കളിമണ്ണിനെയെന്നപോലെ കുഴച്ചു വയ്ക്കപ്പെട്ടിരുന്ന തന്റെ ഹൃദയത്തിന് ആദർശമാകുന്ന ആകൃതിയും ആശയമാകുന്ന ഭംഗിയും ഉണ്ടായി വരുന്നതായി അദ്ദേഹത്തിനനുഭവപ്പെട്ടു തുടങ്ങി. നിശ്ചയമായും അവിടുന്നതിന് പൂർണ്ണരൂപം കൊടുക്കും എന്നുറച്ചു വിശ്വസിച്ച് ക്ഷമയോടെ കാത്തിരുന്നു.

## ദൈവ സമ്പാദനം ഏറ്റം മഹത്തരം

കാത്തിരിപ്പിന്റെ അവസാനം സുവിശേഷാധിഷ്ഠിതമായ ഒരു മഹദ് ദർശനം ഫാ. പി. റ്റി. ഗീവറുഗീസിനുണ്ടായി. 'ദൈവസേവനത്തേക്കാൾ അത്യുത്തമമാണ് ദൈവസമ്പാദനം' എന്ന പരമസത്യം. യാഥാർത്ഥമായി ദൈവസേവനം ചെയ്യുന്നവർ ദൈവസമ്പാദനാർത്ഥം തന്റെ ആയുസ്സിനെ വിനിയോഗിക്കണം. ദൈവസമ്പാദനത്തേക്കാൾ മറ്റൊന്നും ചിതലുകളുടെ സങ്കേതമായ ഈ ലോകത്തിൽ നിന്ന് ലഭിക്കുവാൻ ഇടയില്ല എന്ന് ക്രിസ്തീയ ജീവിതം വ്യക്തമാക്കുന്നു. ദൈവസമ്പാദനത്തിന്റെയും ദൈവസാമീപ്യത്തിന്റെയുമെല്ലാം മാർഗദർശി ത്യാഗമാണ്. ത്യാഗം കൊണ്ടല്ലാതെ അനന്യസാധാരണമായ ദൈവസാമിപ്യം ലഭിക്കയില്ല. ദൈവത്തെ സമീപിക്കേണ്ടവർ ദൈവവുമായി വളരെയടുത്തു നില്കണമെന്നുള്ളവർ യേശുമിശിഹായെത്തന്നെയടുത്തനുകരിച്ചേ മതിയാവൂ.

## സ്വയ പരിത്യാഗം ഏകമാർഗ്ഗം

"ഗാഗുൽത്താ മലമേൽ കാണപ്പെടുന്ന സ്വയപരിത്യാഗത്തിന്റെ അച്ചരസ്പടികമായ മാതൃക അവന്റെയുള്ളിൽ പ്രതിഫലിക്കണം. സ്വകുടുംബത്തെയെന്നല്ല സ്വന്തരാജ്യത്തെയെന്നല്ല ലോകത്തെ തന്നെയവൻ ഉപേക്ഷിക്കണം. അവനെപ്പോലും പരിത്യജിക്കണം. ലോകത്തിനു മരിക്കയെന്നുള്ളതും സ്വയപരിത്യാഗമെന്നുള്ളതും ഒന്നു തന്നെയാണ്. (ഗിരിദീപം പേജ് 61).

ദൈവസമ്പാദനം ത്യാഗപൂർണ്ണമായ മിശിഹാനുകരണത്തിലേക്കും മിശിഹാനുകരണം സ്വയപരിത്യാഗത്തിലേക്കും വഴി തെളിക്കുന്നു.

യേശുവിന്റെ ശ്ലീഹന്മാർ സ്വയപരിത്യാഗത്തിന്റെ ഉത്തമ ദൃഷ്ടാന്തങ്ങളായിരുന്നു. "സകലവും ഉപേക്ഷിച്ചുകൊണ്ട് ഞങ്ങൾ നിന്റെ പിന്നാലെ വന്നിരിക്കുന്നു" എന്നു പറയുവാൻ തക്കമന:ശക്തിയും ദൈവാനുഗ്രഹവും ലഭിച്ചവർ. അവർ യഥാർത്ഥത്തിൽ ദൈവത്തെ സമ്പാദിച്ചവരാണ്. അവരായിരുന്നു യഥാർത്ഥ സുവിശേഷകർ. അവർ വഴിയാണ് യേശുമിശിഹായെ ലോകത്തിന് അറിയാൻ കഴിഞ്ഞത്.

## സന്യാസപദം...അമൂല്യനിധി..

തന്നിൽ രൂപപ്പെട്ട സുവിശേഷ ദർശനത്തിന്റെ പൂർണ്ണമായ പ്രയോഗികാവിഷ്കാരമാണ് സന്യാസജീവിതാവസ്ഥ എന്നു മനസ്സിലാക്കുവാൻ ഫാ. പി. റ്റി. ഗീവറുഗീസിന് അധികസമയം വേണ്ടി വന്നില്ല. പരിത്യാഗത്തിന്റെ പര്യായമായി 'സന്യാസപദം' ഒരാൾക്ക് സാധിക്കാവുന്നതാണ് എന്നദ്ദേഹം ഉദ്ഘോഷിച്ചു. "പരിത്യാഗത്തെ അതിന്റെ അക്ഷരപ്രകാരം ആഭ്യന്തരമായും ബാഹ്യമായും നിവൃത്തിയാക്കുവാൻ അയാൾക്കു മാത്രമെ

www.malankaralibrary.com

കഴിവുണ്ടാകയുള്ളു. ഒരു സന്യാസിക്കു ധനം ബഹുമതി, പൊതുജനസമ്മതം എന്നീ പദങ്ങൾ അപമാനം, ദാരിദ്ര്യം, ദുഷ്കീർത്തി എന്നിയുടെ പര്യായങ്ങൾ മാത്രമത്രെ. ലോകദൃഷ്ടിയിൽ ബുദ്ധി ഹീനനും ഭ്രാന്തനുമായിത്തീരുമ്പോൾ ഒരു സന്യാസി പരമാനന്ദം അനുഭവിക്കുന്നു. എല്ലാം ഉപേക്ഷിച്ച് യേശുവിനായി ജീവിക്കുവാനും മരിക്കുവാനും തയ്യാറാകുന്നവർക്ക് ത്യാഗവും ദാരിദ്ര്യവും കണ്ഠാഭരണങ്ങളാണ്". (ഗിരിദീപം പേജ് 62)

സന്യാസജീവിതത്തിലേക്കാണ് താൻ വിളിക്കപ്പെട്ടിരിക്കുന്നതെന്നും സ്വയമേവ തങ്ങളെത്തന്നെ ദൈവത്തിനു പ്രതിഷ്ഠിച്ച സന്യാസികളടങ്ങിയ ഒരു സമൂഹം തന്നെയാണ് വേണ്ടതെന്നും ദൈവതിരുവിഷ്ടം അതാണെന്നും അതാണ് തന്റെ ജീവിതാദർശമായിരിക്കേണ്ടതെന്നും അതിനായി വേണം ശിഷ്ടായുസിനെ വിനിയോഗിപ്പാനെന്നും ദൈവകൃപയിലാശ്രയിച്ചു കൊണ്ട് അദ്ദേഹം നിശ്ചയിച്ചു. അനേകനാളത്തെ തപസ്, പ്രാർത്ഥന, പരിചിന്തനം ഇവയുടെയെല്ലാം ഫലമായി ദൈവത്തിൽ നിന്നും ലഭിച്ച മഹത്തായ ഈ ആദർശത്തെ അമൂല്യമായൊരു നിധിയായി അദ്ദേഹം വിലമതിച്ചു. സുവിശേഷത്തിലെ നിധി കണ്ടെത്തിയ ഭാഗ്യവാനായ മനുഷ്യനെ പോലെ അതു വ്യാപാരം ചെയ്തു സ്വന്തമാക്കാനുള്ള പരിശ്രമമാണ് പിന്നീടുള്ളത്.

## അറിവു തേടി

സംഘാതമായ സന്യാസജീവിതം മലങ്കരസഭയിൽ അന്നു നിലവിലുണ്ടായിരുന്നില്ല. തന്മൂലം തനിക്കു ലഭിച്ച സന്യാസമെന്ന ഉത്കൃഷ്ടമായ ആദർശത്തെ സാക്ഷാത്കരിക്കുന്നതിനാവശ്യമായ പരിചയവും പരിജ്ഞാനവും സമ്പാദിക്കുവാനുള്ള പരിശ്രമം ആരംഭിച്ചു. ഇതിലേക്കായി ഉത്തരേന്ത്യയിലെ ക്രൈസ്തവരുടേതും ഹൈന്ദവരുടേതുമായ പല സന്യാസഭവനങ്ങളും അദ്ദേഹം സന്ദർശിച്ചു. ഇവയിൽ എടുത്തുപറയേണ്ടവയാണ് ആംഗ്ലിക്കൻ ഹൈ ചർച്ച് മിഷനറീസിന്റെ സന്യാസ സമൂഹങ്ങളായ Brothers & Sisters of Epiphany യുടെ ഭവനങ്ങൾ, ഈശോ സഭാ വൈദികരുടെ സന്യാസഭവനങ്ങൾ, ഹൈന്ദവ സന്യാസാശ്രമങ്ങൾ, വിശേഷിച്ചും ടാഗോറിന്റെ ശാന്തിനികേതൻ, ഗാന്ധിജിയുടെ ആശ്രമങ്ങൾ, രാമകൃഷ്ണമിഷന്റെ ആശ്രമങ്ങൾ മുതലായവ. ഈ സ്ഥലങ്ങൾ സന്ദർശിക്കുകയും അവിടുത്തെ അന്തേവാസികളുമായി ഈ വിഷയത്തെ പറ്റി സംസാരിക്കുകയും ചർച്ച നടത്തുകയും ചെയ്തു. സന്യാസജീവിതത്തെയും അതിന്റെ നിബന്ധനകളെയും പറ്റി പ്രതിപാദിക്കുന്ന ധാരാളം പുസ്തകങ്ങൾ അദ്ദേഹം വായിക്കുകയും പഠിക്കുകയും ചെയ്യുക പതിവായിരുന്നു. ആദിമ ക്രൈസ്തവ സന്യാസത്തെ പ്രദിപാദിക്കുന്ന പുസ്തകങ്ങളും വി. ബസേലിയോസ്, വി. ഫ്രാൻസിസ് അസ്സീസ്സി, വി. ബനഡിക്ട്, വി. ഇഗ്നേഷ്യസ് ലയോള, വി. ഫ്രാൻസിസ് സാലസ് എന്നീ സന്യാസ പിതാക്കന്മാരുടെ പുസ്തകങ്ങളും അവയിലുൾപ്പെടുന്നു.

## ശൈശവാശ്രമത്തിൽ

സന്യാസജീവിതരീതികളെപറ്റി ഏതാണ്ടൊരു പരിജ്ഞാനം ലഭിച്ചു കഴിഞ്ഞപ്പോൾ വലിയ തിരുമേനിയുടെ അനുവാദത്തോടും ആശിർവാദത്തോടും സന്യാസാശ്രമത്തിലെ പ്രാരംഭ നിയമങ്ങളും നിഷ്ഠാവ്രതങ്ങളും പാലിച്ചുകൊണ്ട് സെറാംപൂരിൽ തന്നെ പ്രഥമ പരിശീലനം ആരംഭിച്ചു. ശെമ്മാശ്ശന്മാരെയും ഇതിലേക്ക് പ്രോത്സാഹിപ്പിച്ചു. അങ്ങനെ ഒരു ശൈശവാശ്രമത്തിന് സെറാംപൂരിൽ തന്നെ തുടക്കം കുറിച്ചു. അവർ ലഘുതരങ്ങളായ ചില വ്രതങ്ങളും അനുഷ്ഠാനങ്ങളും പാലിക്കാൻ തുടങ്ങി. കൃത്യ സമയത്ത് ഒന്നിച്ചുള്ള നമസ്കാരം, ധ്യാനം, ജീവിത ശോധന, മൗനം ഇവയെല്ലാം ആ ശൈശവാശ്രമത്തിലെ ജീവിതപരിപാടിയുടെ ഭാഗമായി മാറി. പൗരസ്ത്യ സന്യാസപിതാവായ വി. ബസേലിയോസിന്റെ സന്യാസനിയമങ്ങളുടെ ഒരു ഭാഷ്യം ഗ്രീക്കു ഭാഷയിൽ നിന്നു അവരുടെ ആവശ്യത്തിലേക്കായി Epiphany Sisters ൽ പ്രമുഖയായ മദർ ഈഡിത്ത് ഇംഗ്ലീഷിലേക്കു വിവർത്തനം ചെയ്തത് അവർ ഉപയോഗിച്ചു പോന്നു.

www.malankaralibrary.com

## ക്രൈസ്തവ സന്യാസം ദേശീയ രീതിയിൽ പ്രത്യേക സ്വഭാവം

മലങ്കര സുറിയാനി സമുദായത്തിൻെറ ആദ്ധ്യാത്മിക ഉന്നതിക്കായി സ്ഥാപിക്കാൻ പോകുന്ന സന്യാസ സമൂഹത്തിൻെറ പ്രത്യേക സ്വഭാവത്തെപറ്റിയും ഫാ. പി. റ്റി. ഗീവറുഗീസ് ചിന്തിക്കുവാൻ തുടങ്ങി. പൗരസ്ത്യസഭയിൽ സ്ഥാപിതമാകുന്ന സന്യാസജീവിതം പാശ്ചാത്യ സന്യാസത്തിൻെറ അന്ധമായ അനുകരണമാകരുതെന്ന് അദ്ദേഹത്തിനു നിർബന്ധമുണ്ടായിരുന്നു. ക്രിസ്തീയ സന്യാസത്തിൻെറ ഈററില്ലമായ പൗരസ്ത്യ സന്യാസത്തിലധിഷ്ഠിതമായ ഒരു സന്യാസ ജീവിത പദ്ധതിയാണദ്ദേഹം വിഭാവനം ചെയ്തത്. ഈ ആശയത്തിൻെറ ചുവടുപിടിച്ചാണ് പൗരസ്ത്യ സന്യാസ പിതാവായി കണക്കാക്കപെടുന്ന വി ബസേലിയോസിൻെറ തന്നെ സന്യാസനിയമങ്ങൾ ചെറിയതോതിൽ പ്രാബല്യത്തിൽ വരുത്താൻ ശ്രമിച്ചത്. പൗരസ്ത്യ ആരാധന ക്രമവും പാരമ്പര്യങ്ങളും പുലർത്തിക്കൊണ്ടുപോകുന്ന മലങ്കര സുറിയാനി സഭയിലാരംഭിക്കുന്ന സന്യാസ സമൂഹത്തിൻെറ ആദർശങ്ങളും ജീവിതരീതിയും പൗരസ്ത്യമായിരിക്കണമെന്നു തീരുമാനിച്ചത് തികച്ചും സ്വാഭാവികം തന്നെ.

ഫാ. പി. ററി. ഗീവറുഗീസ് വിഭാവനം ചെയ്യുന്ന സന്യാസ സമൂഹത്തിന് ദേശീയതയുടെ പരിവേഷം ഉണ്ടായിരിക്കണമെന്നു അദ്ദേഹത്തിനു നിർബന്ധമുണ്ടായിരുന്നു. ആർഷഭാരതത്തിൽ സന്യാസത്തിന് അതിപുരാതനമായൊരു പാരമ്പര്യം ഉണ്ട്. സന്യാസം ഭാരതീയ സംസ്കാരത്തിൻെറ തന്നെ അവിഭാജ്യഘടകമാണ്. ഭാരതത്തിൽ സുവിശേഷ പ്രചരണത്തിനായി സ്ഥാപിക്കുന്ന സന്യാസ സമൂഹവും ആർഷഭാരത സന്യാസത്തിൻെറ ആഴങ്ങളിലേക്കിറങ്ങിച്ചെന്നു അതിൽനിന്ന് ഉൾക്കൊള്ളാവുന്നവ എല്ലാം ഉൾക്കൊണ്ടുകൊണ്ടുള്ള ഒരു ജീവിത ശൈലി സ്വീകരിക്കണമെന്നുറച്ചു. അതേപ്പററി പിന്നീടദ്ദേഹം വിശദീകരിക്കുന്നതിപ്രകാരമാണ്. "സന്യാസജീവിതം സംബന്ധിച്ചാണെങ്കിൽ ഭാരതത്തിനു പുരാതനമായ ഒരു പാരമ്പര്യമുണ്ട്. ക്രിസ്തുമതം അതിനെ നശിപ്പിക്കയല്ല, പ്രത്യുത വിശ്വാസത്തിനും സന്മാർഗത്തിനും വിപരീതമല്ലാത്തിടത്തോളം അതിൽ നന്മയമായിട്ടുള്ളതിനെ സ്വീകരിച്ച് ക്രിസ്തീയമാക്കി സംസ്കരിക്കയും, അപ്രകാരം ഇന്നു ചിലർ പറയുന്നതു പോലെ ക്രിസ്തുമതം പാശ്ചാത്യമല്ലെന്നും സങ്കുചിതമായ ദേശീയ ചിന്തകൾക്ക് അത് ഉപരിസ്ഥമാണെന്നും തെളിയിക്കയും ചെയ്യണം. ബഥനിയുടെ ആദർശത്തെ രൂപീകരിക്കുന്നതിൽ ഈ ചിന്ത നമ്മെ പ്രത്യേകം പ്രേരിപ്പിച്ചിട്ടുണ്ട്. തോമ്മാ ശ്ലീഹായിൽ നിന്നു നമുക്കു ലഭിച്ച വിശ്വാസ നിക്ഷേപത്തെ രാജ്യത്തിനു മുഴുവനും കഴിവതും ദേശീയമായ രീതിയിൽ പ്രദാനം ചെയ്യുകയും ദേശീയമായരീതിയിൽ വളർത്തുകയും ചെയ്യുന്നതാണ് ബഥനിയുടെ ആദർശം".

ഇവിടെ ക്രൈസ്തവ ഹൈന്ദവ സന്യാസങ്ങളുടെ സമഞ്ജസമായ സമ്മേളനവും അതിൽനിന്നുളവാകുന്ന ദേശീയതയുടെ പരിവേഷവുമാണ് ഫാ. പി. ററി.ഗീവറുഗീസ് മുന്നിൽ കണ്ടത്. ആ കാലഘട്ടത്തിലെ ഭാരതസ്വാതന്ത്ര്യ ചരിത്രവുമായി ബന്ധപ്പെട്ട ദേശീയ പ്രസ്ഥാനങ്ങളും ക്രൈസ്തവ മിഷനറിമാരുടെ ഭാരതീയ ക്രൈസ്തവസന്യാസത്തിൻെറ ആശയങ്ങളും യുവവൈദികൻെറ ആശയരൂപീകരണത്തെ ശക്തമായി സ്വാധീനിച്ചിട്ടുണ്ട്. അപ്രകാരം ക്രൈസ്തവ സന്യാസത്തിൽ ചുവടുറപ്പിച്ച് ഭാരതീയ സന്യാസത്തിൽനിന്ന് ഉൾകൊള്ളാവുന്നവയെല്ലാം ഉൾക്കൊണ്ട് ദേശീയസ്വഭാവം നിലനിർത്താനുതകുന്ന നൂതന ജീവിതശൈലിയാണ് ഫാ. പി. ററി.ഗീവറുഗീസ് മനസ്സിൽ വിചാരിച്ചത്.

## അർത്ഥവത്തായ നാമവും വേഷവും

പ്രസതുതാദർശത്തിനു യോജിച്ച നാമധേയം നല്കുന്നതിനെ പ്പററി ചിന്തിച്ചപ്പോൾ വേദപുസ്തക നിഘണ്ടുവിൻെറ സഹായത്തോടെ ലഭിച്ച "ബഥനി" എന്ന നാമം അനുയോജ്യമായിത്തോന്നി. ബഥനിയിലെ മേരിയും മാർത്തയും ലാസറും ത്രിവിധങ്ങളിലായി യേശുവിനെ പരിചരിച്ചിരുന്നതിനെപ്പറ്റിയും ചിന്തിച്ചു. ഉയർപ്പിൻെറ സാക്ഷിയായ ലാസറും പാദാന്തികത്തിലിരുന്ന് യേശുവിനെ ശ്രവിച്ച മേരിയും യേശുവിനു വേണ്ടി ഉപചാരവിധികളിൽ ഏർപ്പെട്ട മാർത്തയും പുതിയ സമൂഹത്തിൻെറ ധ്യാനാത്മക

www.malankaralibrary.com

ജീവിതത്തിൻെറയും പ്രേഷിത പ്രവർത്തനങ്ങളുടെയും സജീവ പ്രതീകങ്ങളാണ്. ഭാരതീയ സന്യാസികളുടെ വാസസ്ഥലങ്ങൾ ആശ്രമം എന്നാണറിയപ്പെടുന്നത്. പ്രാർത്ഥനയിലൂടെയും തപസിലൂടെയും ദൈവാനുഭവത്തിനായി പ്രയത്നിക്കുന്ന സ്ഥലമാണത്. പുതിയ സമൂഹത്തിന് 'ബഥനി ആശ്രമം' എന്നു പേരുനല്കാൻ തീരുമാനിച്ചു. ബഥനി ആശ്രമം എന്ന നാമധേയത്തിൽ തന്നെ ക്രൈസ്തവ - ഭാരതീയ സന്യാസദർശനങ്ങളുടെ ഒരു ഒത്തുചേരൽ ദൃശ്യമാണ്. കാലക്രമേണ ബഥനി ആശ്രമത്തിന് "മിശിഹാനുകരണ സന്യാസി സമൂഹം" (Orders of the Imitation of Christ - OIC) എന്ന ഔദ്യോഗിക നാമവും നല്കി.

സമൂഹാംഗങ്ങളുടെ വേഷവും ചിന്താ വിഷയമായി. ആദർശത്തിനു യോജ്യമായൊരു വേഷവും അതിനാവശ്യമാണ്. ഭാരതത്തിലെ ജനങ്ങളുടെ ഇടയിൽ ജീവിച്ച് സുവിശേഷം പ്രചരിപ്പിക്കേണ്ട സന്യാസികൾ വിദേശീയരല്ല എന്ന അവബോധം ജനിപ്പിക്കുവാൻ പര്യാപ്തമാകുന്ന ഒരു വേഷവിധാനമാണ് ചിന്താവിഷയമായത്. കാവിവസ്ത്രം ഹൈന്ദവ സന്യാസത്തിൻെറ അതുല്യമായ അടയാളമാണ്. ബഥനി ആശ്രമസ്ഥരും കാഷായവസ്ത്രം സ്വീകരിക്കുവാൻ തീരുമാനിച്ചു. കാവിനിറത്തിലുള്ള കുപ്പായവും ഇടക്കെട്ടും ഷോളും ഔദ്യോഗിക വസ്ത്രമായി സ്വീകരിച്ചു. ക്രൈസ്തവ സന്യാസികളുടെ പ്രത്യേക അടയാളമായി ഒരുചെറിയ കുരിശ് ചരടിൽ ബന്ധിച്ച് കഴുത്തിൽ ധരിക്കാനും തീരുമാനിച്ചു. ഇവയ്ക്കെല്ലാം ആവശ്യമായ അനുവാദവും അംഗീകാരവും മലങ്കര മെത്രാപ്പോലിത്തായിൽനിന്ന് വാങ്ങുകയും ചെയ്തു.

## മുണ്ടൻമലയിലേക്ക്

ഒരുവർഷത്തോളമായി സെറാമ്പൂരിലാരംഭിച്ച "ശൈശവാശ്രമം" മലങ്കര സുറിയാനി സമുദായത്തിൻെറ മദ്ധ്യത്തിലേക്ക് പറിച്ചുനടേണ്ടത് ആശ്രമത്തിൻെറ വളർച്ചക്കും തൻെറ സന്യാസദർശനത്തിൻെറ പൂർണ്ണമായ ആവിഷ്കാരത്തിനും അതോടൊപ്പം സമുദായത്തിൻെറ അഭ്യുന്നതിക്കും അത്യന്താപേക്ഷിതമാണെന്ന് ഫാ. പി.റ്റി.ഗീവറുഗീസിന് തോന്നി. കേരളത്തിലെവിടെയാണ് ആശ്രമം സ്ഥാപിക്കേണ്ടത് എന്നതിനെപ്പറ്റി അദ്ദേഹം നേരത്തെതന്നെ ചിന്തിക്കുകയും പലരുമായി ആലോചിക്കുകയും ചെയ്തു. നിശബ്ദതയും ഏകാന്തതയുമത്രേ സന്യാസ ജീവിതത്തിനാവശ്യം. ദൈവപകൃപയെ ഒഴിച്ചാൽ ഇവയ്ക്കുതന്നെയാണ് പ്രാമുഖ്യം നല്കേണ്ടതും അതിനാൽ ജനങ്ങളാൽ നിബിഡീകൃതങ്ങളായ പട്ടണങ്ങളോ നഗരങ്ങളോ ഈചെടിയുടെ വളർച്ചക്ക് ഉപയുക്തമായിരിക്കുകയില്ല. അതിനാൽ ജനവാസമില്ലാത്തതായി പ്രാപഞ്ചികത്തിര മാലകളുടെ ശബ്ദം പോലും കേൾക്കപ്പെടാൻ ഇടയില്ലാത്തതായി ഒരുഭൂവിഭാഗംഎവിടെ ഉണ്ടാകും എന്ന് നാം അന്വേഷിക്കുവാൻ തുടങ്ങി".

ഇപ്രകാരമുള്ള ചിന്തകളുടെയും അന്വേഷണത്തിൻെറയും ഫലമായി റാന്നി വടശ്ശേരിക്കടുത്ത് പെരുന്നാട് എന്ന സ്ഥലത്തുള്ള വളരെ വിജനമായ ഒരു മലമ്പ്രദേശം പലരുടേയും സഹായത്തോടെ ആശ്രമസ്ഥാപനാവശ്യത്തിലേക്കായി സമാഹരിച്ചു. ഈസ്ഥലവിഭാഗം 'മുണ്ടൻമല' എന്ന പേരിലാണ് അറിയപ്പെടുന്നത്.

ആശ്രമത്തിനു വേണ്ടി തിരഞ്ഞെടുത്ത സ്ഥലത്ത് കാടുവെട്ടിത്തെളിച്ച് ആവശ്യമായ കെട്ടിടങ്ങൾ പണിയുവാൻ അലക്സിയോസച്ചനെ ഫാ.പി.റ്റി. ഗീവറുഗീസ് അവിടേക്കയച്ചു. മുണ്ടൻമലയുടെ പടിഞ്ഞാറെ താഴ്‌വാരത്തിൽ നിർമ്മിച്ച താല്കാലികസത്രത്തിൽ താമസിച്ചുകൊണ്ട് അലക്സിയോസച്ചനും സഹായികളും മുണ്ടൻ മലയിൽ ആശ്രമകെട്ടിടങ്ങൾ പണിയുവാൻ ആരംഭിച്ചു. ഏതാനും നാളത്തെ കഠിനാദ്ധ്വാനത്തിനു ശേഷം പ്രസ്തുത സ്ഥലത്ത് അവർ ആശ്രമം കെട്ടിയുണ്ടാക്കി. കാട്ടിലെ മുളയും തടിയും വൃക്ഷക്കൊമ്പുകളും കൊണ്ടു നിർമിച്ച് പുല്ലുമേഞ്ഞ കുടിലുകളായിരുന്നു ആശ്രമസ്ഥർക്കുള്ള കെട്ടിടവും ചാപ്പലും ഭോജനശാലയും കുശിനിയുമെല്ലാം. ബഥനിയുടെ സന്യാസദർശനത്തിനനുയോജ്യമായ നിർദ്ദേശങ്ങൾ ഇക്കാര്യത്തിൽ ഫാ. പി. റ്റി. ഗീവറുഗീസ് നല്കി കൊണ്ടിരുന്നു.

www.malankaralibrary.com

## ആശ്രമ സ്ഥാപനം

ആശ്രമ സ്ഥാപനം സംബന്ധിച്ച കാര്യങ്ങളെല്ലാം പൂർത്തിയായെന്നറിഞ്ഞപ്പോൾ ഫാ.പി.റ്റി.ഗീവറുഗീസ് സെറാമ്പൂരിലെ തന്റെ പ്രൊഫസർ പദവി രാജിവച്ച് സന്യാസത്തിന് തന്നെത്തന്നെ പൂർണ്ണമായി സമർപ്പിച്ചു. 1919 ആഗസ്റ്റ് 19 -ാം തിയതി ബഥനി ആശ്രമത്തിന്റെ ഉദ്ഘാടനം നടത്തി. ഫാ.പി.റ്റി.ഗീവറുഗീസിനോടൊപ്പം തദവസരത്തിൽ ഫാ.അലക്സിയോസ്, ഡീക്കൻ ജേക്കബ്, ഡീക്കൻകോശി എന്നിവരുണ്ടായിരുന്നു. 1919 ആഗസ്റ്റ് 23-ാം തിയതി ഇവർ നാലുപേരും ഒത്തുചേർന്ന് ആദ്യത്തെ ഭരണഘടന ഉണ്ടാക്കി അംഗീകരിക്കുകയും ഫാ.പി.റ്റി.ഗീവറുഗീസിനെ പ്രഥമ സുപ്പീര്യറായി തെരഞ്ഞെടുക്കുകയും ചെയ്തു. 1920 മാർച്ച് 9 -ാം തീയതി ഈ ഭരണഘടന അൾത്താരയിൽ പ്രതിഷ്ഠിച്ചതായും രേഖപ്പെടുത്തിയിട്ടുണ്ട്. ഈയവസരത്തിൽ അവർ ബഥനി ആശ്രമത്തിന്റെ അടിസ്ഥാനപരമായ നിയമങ്ങളായി സ്വീകരിച്ചത് പൗരസ്ത്യസന്യാസത്തിന്റെ പിതാവായ വി. ബസേലിയോസിന്റെ സന്യാസനിയമങ്ങളാണ്.

## ആദ്യ വ്രതാനുഷ്ഠാനം

1920ലെ പെന്തക്കുസ്താ ദിനത്തിലായിരുന്നു ബഥനിയിലെ ആദ്യവ്രതാനുഷ്ഠാനകർമ്മം നടത്തിയത്. ഏതാനും ദിവസങ്ങളിലെ പ്രാർത്ഥനയിലൂടെയും ധ്യാനത്തിലൂടെയും തങ്ങളെതന്നെ ഒരുക്കിയ ശേഷം ഫാ.പി.റ്റി.ഗീവറുഗീസും, ഫാ. അലക്സിയോസും യാക്കോബ് ശെമ്മാശനും ആദ്യവ്രതാനുഷ്ഠാനം നടത്തി. തദവസരത്തിൽ ആശ്രമാദ്ധ്യക്ഷൻ നടത്തിയ ശ്രദ്ധേയമായ പ്രസംഗത്തിൽ സന്യാസജീവിതത്തെ ഒരു ഹോമയാഗത്തോടും സന്യാസിയെ യാഗപീഠത്തിൽ ഹോമിക്കപ്പെടുന്ന യാഗപശുവിനോടും ഉപമിച്ചു സംസാരിച്ചു.

ആദ്യ വ്രതാനുഷ്ഠാനത്തിനു ശേഷം ബഥനി ആശ്രമം മലങ്കര സുറിയാനി ഓർത്തഡോക്സ് സഭയിലെ ആദ്യസന്യാസ സമൂഹമായി ഔദ്യോഗികമായി അംഗീകരിക്കപ്പെട്ടു. ഇക്കാലമായപ്പോഴേക്കും ബഥനിയിൽ വ്രതസ്ഥർ, ധർമ്മശിഷ്യർ, അർത്ഥികൾ എന്നിങ്ങനെ വിവിധ സന്യാസ പരിശീലനഘട്ടത്തിലുള്ളവരായി പലരുണ്ടായി. ബഥനിയെ പററി മലങ്കര സഭയിൽ അറിയപ്പെടാൻ തുടങ്ങിയതോടെ പലരും വന്നു ചേർന്നു കൊണ്ടിരുന്നു. ഇവരുടെ സന്യാസപരിശീലന ചുമതല യാക്കോബ് ശെമ്മാശനാണ് നിർവഹിച്ചിരുന്നത്.

## ക്രിസ്തു കേന്ദ്രീകൃത ജീവിതം

ബഥനിയുടെ ജീവിതാദർശങ്ങൾ പൂർണ്ണമായും തങ്ങളുടെ ജീവിതത്തിലന്വർത്ഥമാക്കാൻ ആദ്യ സന്യാസികൾ ആത്മാർത്ഥമായി പരിശ്രമിച്ചു. മിശിഹാനുകരണ സന്യാസികളായ അവരുടെ ജീവിതം തികച്ചും ക്രിസ്തു കേന്ദ്രീകൃതമായിരുന്നു. തങ്ങൾ പിൻചെല്ലുന്ന ക്രിസ്തുവായിരുന്നു അവരുടെ സ്വാമിൻ, അവിടുന്നവരുടെ സർവസ്വമായിരുന്നു. ആഴമേറിയ പ്രാർത്ഥനാ ജീവിതം പടുത്തുയർത്തുവാൻ അവർ സർവ്വാത്മനാ പരിശ്രമിച്ചു. ആദ്യകാല അംഗങ്ങളിലൊരാളായ ബ. ജോഷ്വാച്ചൻ സാക്ഷ്യപ്പെടുത്തുന്നതുപോലെ അവരുടെ ജീവിതം തന്നെ പ്രാർത്ഥനയായിരുന്നു. ആരാധനാധിഷ്ഠിതമായ പ്രാർത്ഥനാ ജീവിതത്തിൽ വി.കുർബാന, യാമ പ്രാർത്ഥന, ധ്യാനം ആത്മശോധന, വി. കുർബാന സന്ദർശനം, ആദ്ധ്യാത്മിക ഗ്രന്ഥപാരായണം വി.ഗ്രന്ഥപഠനം ഇവയ്ക്കെല്ലാം പ്രാധാന്യം നല്കിയിരുന്നു. ഏകാന്തതയും മൗനവും ഈ പ്രാർത്ഥനാ ജീവിതത്തെ പരിപോഷിപ്പിച്ചു. ദൃഢമൗനവും ഭജനവും ശാന്തിദിനങ്ങളുമെല്ലാം വളരെ കൃത്യമായി അനുഷ്ഠിച്ചുപോന്നു.

## പരസ്പര ഐക്യത്തിൽ സമ്പന്നർ

സഹോദര ഐക്യത്താൽ സമൃദ്ധമായിരുന്ന ആദ്യകാല ആശ്രമസ്ഥരുടെ ജീവിതം. ആബോ ഗീവറുഗീസായ ഫാ. പി.ററി. ഗീവറുഗീസ് അവരുടെ ഗുരുവായിരുന്നു. പിതാവിനടുത്ത സ്നേഹവാൽസല്യത്തോടെ അദ്ദേഹം അവരെ ബഥനിയുടെ ആദർശങ്ങളിൽ രൂപപ്പെടുത്തി. പുത്രസഹജമായ വികാരവായ്പുകളോടെ അവർ ആബോക്കു ചുററും കൂടി, അവർക്കു കാണിച്ചു കൊടുത്ത മാർഗങ്ങളിലൂടെ സഞ്ചരിക്കുവാൻ ശ്രമിച്ചു. പരസ്പര സ്നേഹവും

www.malankaralibrary.com

ഐക്യവും കരുതലും അവരെ സന്തോഷവാന്മാരും സംതൃപ്തരുമാക്കി. മറ്റൊരു ആദ്യകാലാംഗമായ ബ. ഏബ്രഹാമച്ചൻ രേഖപ്പെടുത്തിയതുപോലെ ജീവിത സൗകര്യങ്ങൾ അന്നു പരിമിതമായിരുന്നെങ്കിലും പരസ്നേഹത്തിലും ഐക്യത്തിലും അവർ സമ്പന്നരായിരുന്നു.

## കഠിനാദ്ധ്വാനവും ലളിതജീവിതവും

കഠിനാദ്ധ്വാനം അവരുടെ ജീവിതത്തിൻെറ ഭാഗമായിരുന്നു. കാടുകൾ വെട്ടിത്തെളിച്ച് കൃഷി ചെയ്ത് ഉപജീവനം നടത്തി. താമസ സൗകര്യങ്ങൾ ഉണ്ടാക്കി. ആശ്രമത്തിലെ ഗൃഹജോലികളെല്ലാം ചെയ്തു. അദ്ധ്വാനത്തെ ആത്മനാ സ്നേഹിച്ചു കൊണ്ടാണ് ഇവയെല്ലാം ചെയ്തത്.

ലാളിത്യം ബഥനിയുടെ മുഖമുദ്രയായിരുന്നു. ലളിതവും ദരിദ്രവുമായിരുന്ന ജീവിതം അവരുടെ പ്രത്യേകതയാണ്. ജീവിതസൗകര്യങ്ങൾ ഒന്നുമുണ്ടായിരുന്നില്ല. നിത്യോപയോഗവസ്തുക്കൾ തുലോം പരിമിതവും അനാഡംബരവുമായിരുന്നു. ദാരിദ്ര്യത്തിൻെറയും ലളിതജീവിതത്തിൻെറയും ഭാഗമായി ഹൈന്ദവസന്യാസികളെപ്പോലെ ആബോ ഗീവറുഗീസും അനുചരന്മാരും ആദ്യകാലങ്ങളിൽ ഭിക്ഷാടനം നടത്തിയിരുന്നു. ദൈവപരിപാലനയിൽ അക്ഷരം പ്രതി ആശ്രയിച്ചുകൊണ്ട് അടുത്തനേരത്തേക്കു ഒന്നും കാണാതെ കഴിയേണ്ടി വന്ന അവസരങ്ങൾ ബഥനി ആശ്രമത്തിൽ വിരളമല്ലായിരുന്നു. നിലത്തിരുന്നു മൺചട്ടിയിൽ ഭക്ഷണം കഴിക്കുന്ന പതിവും ആദ്യസന്യാസികൾ പുലർത്തിയിരുന്നു. ലാളിത്യത്തിൻെറ ബാഹ്യാ നുഷ്ഠാനങ്ങൾ അവരുടെ ആന്തരിക ഭാവത്തെയും ലളിതമാക്കി. ലളിതമനസ്കരും വിനയഹൃദയ മുള്ളവരുമായ ആശ്രമസ്ഥരെ 'സാധു' എന്നാണ് മററുള്ളവർ വിളിച്ചിരുന്നത്.

## ഭാരതീയ സന്യാസ ജീവിതശൈലി

ഭാരതീയ സന്യാസ ജീവിതശൈലി അനുകരിക്കുന്നതിൽ താത്വികമായും പ്രായോഗികമായും ബഥനി ആശ്രമസ്ഥർ ആദിമുതലെ ശ്രദ്ധാലുക്കളായിരുന്നു. ഭാരതീയ സന്യാസത്തിൻെറ ബാഹ്യാനുഷ്ഠാനങ്ങളുടെ അന്ധമായ അനുകരണം എന്നതിനേക്കാൾ അതിൻെറ ആന്തരിക സത്തയിലേക്കിറങ്ങി ചെന്നു വേണ്ടതെല്ലാം സ്വീകരിക്കാനാണദ്ദേഹം പരിശ്രമിച്ചത്. ക്രൈസ്തവ സന്യാസത്തെ അതുവഴിയായി ഭാരതത്തിലെ കോടിക്കണക്കിനാളുകൾക്ക് വേഗം മനസ്സിലാകത്തക്ക വണ്ണം അവതരിപ്പാക്കാനാണ് ആബോഗീവറുഗീസും കൂട്ടരും ശ്രമിച്ചത്. കാഷായവസ്ത്രം ഇതിനൊരുദാഹരണം മാത്രം. അന്നു കാവി വസ്ത്രം ക്രൈസ്തവ സന്യാസത്തിൽ വിപ്ലവാത്മകമായ ചുവടുവയ്പായിരുന്നു. ഒരു ബാഹ്യാചാരം എന്നതിനേക്കാൾ വലിയൊരു ദർശനത്തിൻെറ പ്രതിബിംബമായിരുന്നു കാഷായ വേഷം. സസ്യാഹാരവും പ്രാർത്ഥനക്കും ധ്യാനത്തിനും സ്വീകരിച്ച ചില ഭാരതീയ രീതികളും ഭാരതീയ സന്യാസശൈലിയെ ഉന്നം വച്ചുകൊണ്ടുള്ള പ്രായോഗികനടപടികളായിരുന്നു. മെത്രാനായശേഷവും ബഥനിമെത്രാനു സമുചിതമായവാസസ്ഥലം ബഥനിയാശ്രമത്തിലെ കുടിലാണെന്നും മരംകൊണ്ടുള്ള അംശവടിയും മരക്കുരിശും അനുയോജ്യമാണെന്നും ഭക്ഷണം കഴിക്കുന്ന മൺപാത്രം മാറ്റേണ്ടതില്ലെന്നും ഉറക്കെ പ്രഘോഷിച്ചുകൊണ്ട് വാനപ്രസ്ഥരായ ഹൈന്ദവ മഹർഷിമാരുടെ ജീവിതരീതി തുടരുവാൻ ആഗ്രഹിക്കുന്നുവെന്ന് ബഥനി ആശ്രമാദ്ധ്യക്ഷൻ വെളിപ്പെടുത്തി.

## ആശ്രമസ്ഥർ സഭയുടെ കർമ്മഭൂവിൽ

ആശ്രമജിവിതപരിശീലനം പൂർത്തിയാക്കിയ സന്യാസികൾ ക്രമേണ സഭയുടെ വിവിധങ്ങളായ പ്രേഷിത പ്രവർത്തനങ്ങളിലേക്കിറങ്ങിച്ചെന്നു. ആശ്രമത്തോടു ചേർന്നു നിർമ്മിച്ച അനാഥാലയത്തിൽ വിവിധമതസ്ഥരായ അനാഥക്കുട്ടികളെ എടുത്തു വളർത്തിയിരുന്നു. സാമ്പത്തികമായി വളരെ ഞെരുക്കം അനുഭവിച്ചുകൊണ്ടാണ് ആശ്രമസ്ഥർ അശരണരായ ഈ കുഞ്ഞുങ്ങളെ പരിപാലിച്ചത്. ആശ്രമത്തിൽ വന്നു താമസിച്ച് അവിടുത്തെ ആരാധനകളിലും ധ്യാനത്തിലും പങ്കെടുക്കണമെന്നാഗ്രഹി ക്കുന്നവർക്കുവേണ്ടി ഒരു അതിഥി മന്ദിരവും ഉണ്ടാക്കി നടത്തിപ്പോന്നു. രോഗികൾക്കു ചെറിയതോതിലുള്ള

www.malankaralibrary.com

വൈദ്യ സഹായം നൽകുന്നതിന് ഒരു ആതുര ശാലയും പ്രവർത്തിച്ചുപോന്നു. കാലക്രമേണ ആശ്രമസ്ഥരുടെ മേൽനോട്ടത്തിൽ തിരുവല്ലയിൽ ഒരു അച്ചടിശാലസ്ഥാപിച്ച് ആദ്ധ്യാത്മിക ഗ്രന്ഥങ്ങൾ, വേദോപദേശ പാഠാവലികൾ, നമസ്കാര ക്രമങ്ങൾ മുതലായവ മുദ്രണം ചെയത് അവിടെ നിന്നും പ്രസിദ്ധീകരിച്ച് ജനങ്ങൾക്കു സുലഭമാക്കി.

മലങ്കര സുറിയാനി ഓർത്തഡോക്സ് സഭയുടെ ഇടവക പള്ളികളിലേക്കും ബഥനിആശ്രമാംഗംങ്ങളുടെ സാന്നിദ്ധ്യവും പ്രവർത്തനവും വ്യാപിപ്പിച്ചു. ആബോ ഗീവറുഗീസും സന്യാസികളും പലസ്ഥലങ്ങളിലും സഞ്ചരിച്ച് മതപരങ്ങളായ വിഷയങ്ങളെപററി പ്രസംഗിച്ച് ജനങ്ങളെ പ്രബുദ്ധരും ചൈതന്യമുള്ള വരുമാക്കി. ക്രൈസ്തവരിൽ വലിയൊരു ആത്മീയ ഉണർവ്വ് സൃഷ്ഠിക്കുന്നതിനും ക്രൈസ്തവ തത്വങ്ങൾ അക്രൈസ്തവരെ പഠിപ്പിക്കുന്നതിനും വിജ്ഞാന പ്രദങ്ങളും ആത്മീയ ചൈതന്യം തുളുമ്പുന്നതുമായ മതബോധന ക്ലാസ്സുകൾ അവിടവിടെ നടത്തിയിരുന്നു. ആരാധന രീതികൾ ആകർഷകവും അന്തരിക ചൈതന്യം നിറഞ്ഞതുമാക്കാനും ആബോയുടെ നേതൃത്വത്തിൽ ബഥനി ആശ്രമസ്ഥർ പരിശ്രമിച്ചു. ഈ വഴി ജനങ്ങളുടെ ഇടയിൽ ആരാധനക്രമങ്ങളോടു കൂടുതൽ ആഭിമുഖ്യമുണ്ടായി.

ഇടവകകളുടെ ഭരണം ബഥനി വൈദികർ ക്രമേണ ഏറ്റെടുത്തു. ഇവരുടെ കീഴിലുള്ള പള്ളികൾ ആദ്ധ്യാത്മിക ചൈതന്യത്തിൻെറയും ജീവിത നവീകരണത്തിൻറയും തിളങ്ങുന്ന മാതൃകകളായി. ധാരാളം പേർ ഇവിടേക്കാകർഷിക്കപ്പെട്ടു. ബഥനി സന്യാസികൾ കൂടുതൽ പള്ളികൾ ഏറ്റെടുക്കുവാൻ ക്ഷണിക്കപ്പെട്ടു. പുലയർ, പറയർ മുതലായ വർഗ്ഗക്കാരുടെ ഇടയിൽ സുവിശേഷം പ്രസംഗിച്ചു കൊണ്ട് അവർ "വിജാതീയ മിഷൻ" ആരംഭിച്ചു. അന്നു നിലവിലുണ്ടായിരുന്ന "പുലയപ്പള്ളി" സമ്പ്രദായം നിർത്തലാക്കാൻ മുൻകൈ എടുത്തത് ബഥനി സന്യാസികളാണെന്ന് ബ. ഏബ്രഹാമച്ചൻ രേഖപ്പെടുത്തിയിട്ടുണ്ട്. ക്രൈസ്തവകുടുംബങ്ങളിൽ പ്രേഷിത ചൈതന്യം നിലനിർത്തുന്നതിന് ബഥനിയുടെ "തൃതീയാശ്രമം" സ്ഥാപിച്ച് ധാരാളം പേരെ അംഗങ്ങളാക്കി. വിദ്യാഭ്യാസമേഖലയിൽ പ്രവർത്തിക്കാൻ ബഥനി സിസ്റ്റേഴ്സിൻെറ സമൂഹം സ്ഥാപിച്ച് അവരെ ചുമതലപ്പെടുത്തി.

## ബഥനിയിലൂടൊരു സാമൂഹിക കോളിളക്കം

മുകളിൽ വിവരിച്ച പ്രവർത്തനങ്ങളുടെയെല്ലാം പിന്നിലെ പ്രേരകശക്തി ആശ്രമജീവിതത്തിൽ നിന്നാർജ്ജിച്ച ആദ്ധ്യാത്മിക ശക്തിയാണ്. ആഴമേറിയ അവരുടെ ആദ്ധ്യാത്മിക ചെതന്യമാണ് ആ പ്രവർത്തനങ്ങളുടെ ഫലദായകത്വത്തിൻെറ നിദാനവും. ബഥനി സന്യാസ തീക്ഷ്ണത മലങ്കര സഭയുടെ പ്രവർത്തന മണ്ഡലങ്ങളിലേക്കു കടന്നു ചെന്നപ്പോൾ സഭയിലാകമാനം ഒരു സാമൂഹിക വിപ്ലവത്തിനു നാന്ദികുറിച്ചു. മുണ്ടൻ മലയിലെ ബഥനി ആശ്രമം സഭാ സ്നേഹികളുടെ ശ്രദ്ധാകേന്ദ്രമായി. ആരാധനാ ജീവിതം കൊണ്ടും ആദ്ധ്യാത്മിക ചൈതന്യം കൊണ്ടും പരോപകാരപ്രവർത്തനങ്ങൾ കൊണ്ടും ബഥനി ആശ്രമം മുണ്ടൻ മലയിൽ വിളങ്ങിശോഭിച്ചു. അതിൻെറ പ്രകാശകിരണങ്ങൾ ചുറ്റുപാടുകളിലേക്കു പ്രസരിച്ചു. ആത്മദാഹം പൂണ്ട ആയിരക്കണക്കിനാളുകൾ ബഥനി ആശ്രമത്തിലേക്കോടിക്കൂടി. ബഥനി അവർക്കൊരു തീർത്ഥാടന കേന്ദ്രമായി. ആശ്രമസ്ഥരുടെ ലളിതവും താപസികവുമായ ജീവിതം അനേകരെ അവരിലേക്കാകർഷിച്ചു. സന്യാസികളുടെ ആത്മീയ ശക്തിയാലാകൃഷ്ടരായ ജനങ്ങൾ തങ്ങളുടെ ജീവിത പ്രശ്നങ്ങൾ അവരുമായി പങ്കുവച്ച് ആശ്വാസവും പരിഹാരവും തേടി. ബഥനിയിലെ നോമ്പുകാല ധ്യാനത്തിലും പ്രാർത്ഥനകളിലും ശുശ്രൂഷകളിലും വർഷം തോറും ആയിരക്കണക്കിനാളുകൾ പങ്കു കൊണ്ട് ആത്മനിർവൃതി നേടിയിരുന്നു.

## ബഥനിയൊരു തീർത്ഥാടന കേന്ദ്രം

ബഥനി ആശ്രമം ഇളക്കിവിട്ട ആദ്ധ്യാത്മിക ചൈതന്യത്തിൻെറയും പരിവർത്തനത്തിൻെറയും അലകൾ സഭയിലാകമാനം ആഞ്ഞടിച്ചു. മലങ്കര സുറിയാനി സഭയുടെ ഹൃദയമായി മാറിയ ബഥനി ആശ്രമം ആദ്ധ്യാത്മിക വരൾച്ച പൂണ്ട സമുദായത്തിലേക്കു പുതുരക്തം പ്രവഹിപ്പിച്ചു. പുതു ചൈതന്യവും

www.malankaralibrary.com

പ്രത്യാശയും ഉളവാക്കി. സമുദായക്കേസും മത്സരങ്ങളും ഒത്തുപ്പാടുകളും കുറെ കാലത്തേക്ക് സമുദായ ജീവിതത്തിൽ രണ്ടാം സ്ഥാനത്തായി. ശ്രീ. മാമ്മൻ മാപ്പിള പ്രസ്താവിച്ചതുപോലെഃ ക്രൈസ്തവ ലോക ത്തിൻെറയെന്നല്ല ഇതര മത വിഭാഗങ്ങളുടെയും, സവിശേഷ ശ്രദ്ധയേയും ആദരവിനേയും ആകർഷിച്ച ബഥനി പ്രസ്ഥാനം ഒരു സാമൂഹിക കോളിളക്കം തന്നെയുണ്ടാക്കിയതാണ്.....എം.എ. അച്ചൻ കാവി വസ്ത്രവും മൺചട്ടിയുമായി മഹാകവി ടാഗോറിൻെറ വിശ്വഭാരതിയേയും മഹാത്മാഗാന്ധിയുടെ സബർമതി ആശ്രമത്തേയും അനുസ്മരിപ്പിക്കുന്ന റാന്നിയിലെ ബഥനിക്കുന്നിൽ ആസ്ഥാനമുറപ്പിച്ചപ്പോൾ സമുദായ ഭക്തന്മാർക്ക് അതൊരു തീർത്ഥാടനകേന്ദ്രമായിരുന്നു.

## ബഥനിയുടെ മെത്രാന്മാർ

ബഥനി ആശ്രമം സ്ഥാപിച്ചു വർഷങ്ങൾക്കു ശേഷം അതായത് 1925 മെയ് 1-ാം തിയതി ആബോഗീവറുഗീസിനെ ബഥനിയുടെ മെത്രാനായി വാഴിച്ചു. അദ്ദേഹം മാർ ഈവാനിയോസ് എന്ന പുതിയ നാമമാണ് മെത്രാഭിഷേക സമയത്തു സ്വീകരിച്ചത്. ആബോഗീവറുഗീസിൻെറ വ്യക്തി പ്രഭാവത്തിൻെറയും ബഥനി ആശ്രമത്തിൻെറ സഭയിലുള്ള സ്വാധീനത്തിൻെറയും അംഗീകാര മായിട്ടാണ് ഈ സ്ഥാനം നല്കിയത്. അതോടൊപ്പം, ആബോഗീവറുഗീസിനെ ബഥനിയുടെ മെത്രാനായി വാഴിച്ചതുമൂലം ബഥനി ആശ്രമത്തിൻെറ മലങ്കര സുറിയാനി സമുദായത്തിലുള്ള "സ്വതന്ത്രസ്ഥിതി" നിലനിർത്തുക എന്നൊരു ലക്ഷ്യം കൂടി ഉണ്ടായിരുന്നു.

മെത്രാഭിഷേകത്തിനു ശേഷം ബഥനിയിൽ പല വൈദികരുണ്ടായി. ആശ്രമസ്ഥരുടെ അധികാരത്തിന് കീഴിൽ കൂടുതൽ ബഥനിപ്പള്ളികളും മിഷൻ കേന്ദ്രങ്ങളും വിവിധ സ്ഥലങ്ങളിൽ സ്ഥാപിതമായി. 1912 ഫെബ്രുവരി 13 ന് ബഥനി മെത്രാനായ മാർ ഈവാനിയോസിനെ ബഥനിയുടെ മെത്രാപ്പൊലീത്ത യാക്കി. അന്നുതന്നെ ബഥനിയുടെ "ഗുരുവച്ചനായ" ഫാ. ജേക്കബ് ഒ.ഐ.സിയെ മെത്രാനായും വാഴിച്ചു. അദ്ദേഹം മാർ തെയോഫിലോസ് എന്ന നാമം സ്വീകരിച്ചു.

## ബഥനി പുനരൈക്യത്തിൻെറ ന്യൂക്ലിയസ്

മെത്രാപ്പോലീത്ത സ്ഥാനത്തേക്കുയർത്തപ്പെട്ട സമൂഹാദ്ധ്യക്ഷൻ ഇതിനകം കത്തോലിക്കാ സഭയു മായുള്ള ഐക്യത്തെക്കുറിച്ചുള്ള ചിന്തകൾ സഭയിലെ മറ്റു മെത്രാന്മാരുമായി പങ്കുവയ്ക്കുകയും അതിനുള്ള പരിശ്രമങ്ങൾക്കുനേതൃത്വം കൊടുക്കുവാൻ മാർ ഈവാനിയോസിനെ നിയോഗിക്കുകയും ചെയ്തു. ബഥനി ആശ്രമത്തിലെ സന്യാസ ജീവിതാന്തരീക്ഷ ത്തിൽ സഭയുമായുള്ള ഐക്യം എന്ന ആശയവും അതിൻെറ ആവശ്യകതയെക്കുറിച്ചുള്ള ഉറച്ച ബോദ്ധ്യവും മാർ ഈവാനിയോസിലും ആശ്രമസ്ഥരിലും രൂഢമൂലമായി.

പ. പിതാവ് ജോൺപോൾ രണ്ടാമൻ മാർപാപ്പ പ്രഖ്യാപിച്ചതുപോലെ, പുനരൈക്യ പ്രസ്ഥാനത്തെ യാതൊരു സാമൂഹിക തത്വശാസ്ത്രത്തിൻെറയോ പ്രവർത്തനപദ്ധതിയുടെയോ മാനദണ്ഡങ്ങളാൽ അപഗ്രഥിക്കുവാൻ സാദ്ധ്യമല്ല. അതു തികച്ചും ആദ്ധ്യാത്മികമായ ഒരു സംഭവമാണ്. ബഥനിയിലെ അസാധാരണമായ തപസ്സിൻെറ അന്തരീക്ഷത്തിൽ പരിശുദ്ധാത്മാവിൻെറ നടത്തിപ്പിനും നവീകരണ പ്രക്രിയക്കും തങ്ങളെത്തന്നെ പൂർണ്ണമായി സമർപ്പിച്ച തിൻെറയും വിട്ടുകൊടുത്തതിൻെറയും ഫലമായിട്ടാണ് ഇതുപോലൊരു സംരംഭത്തിന് പിന്നീട് നേതൃത്വം കൊടുക്കുവാൻ മാർ ഈവാനിയോസിനും മാർ തെയോഫിലോസിനും സാധിച്ചത്.

സന്യാസ ജീവിതത്തിൽ സ്വയം പരിശീലിപ്പിക്കാൻ ഒരുങ്ങിയതോടെയാണ് "പുനരൈക്യം" എന്ന ആശയം തന്നിൽ ആഴത്തിൽ വേരൂന്നിയതെന്നും അതൊരു ബോദ്ധ്യമായി വളർന്നതെന്നും മാർ ഈവാനിയോസ് എപ്പോഴും സമ്മതിക്കുന്നുണ്ട്. ഈ ബോദ്ധ്യം ശക്തമായപ്പോൾ ഭിന്നിപ്പു ക്രിസ്തുവിൻെറ ഭൗതികശരീരത്തിലേല്പിക്കുന്ന മുറിവാണെന്നും അതു വലിയ അപരാധമാണെന്നും ഭിന്നത തീർക്കാൻ ഏതു ത്യാഗവും സഹിക്കുവാൻ, തൻെറ ശരീരം പല കഷണങ്ങളായി വെട്ടിനുറുക്കപ്പെടുവാൻ പോലും, തയ്യാറാണെന്നും മാർ ഈവാനിയോസ് ആശ്രമാംഗങ്ങളെ ധരിപ്പിച്ചിട്ടുണ്ട്.

www.malankaralibrary.com

ആശ്രമപിതാവിൻെറ വ്യക്തിപരമായ ഈ ബോദ്ധ്യം ആശ്രമാംഗങ്ങളിലേക്കു പടർന്നുപിടിച്ചു ശക്തിയാർജ്ജിച്ചു. ബ. ഏബ്രഹാമച്ചൻ അനുസ്മരിക്കുന്നതുപോലെ, "കത്തോലിക്കാ സഭയുമായുള്ള ഐക്യം എന്ന ആശയം സ്നേഹത്തിൽ ഒന്നായി കഴിഞ്ഞ ആശ്രമക്കൂട്ടായ്മയുടെ പൊതുവായ ആശയും അനുഭവവുമായി മാറി. റോമുമായുള്ള എഴുത്തുകുത്തുകൾ നടക്കുമ്പോൾ ഈ ഐക്യത്തിലേക്ക് ഞങ്ങളെല്ലാവരും വലിച്ചടുപ്പിക്കപ്പെട്ടു. ലോകത്തിലുള്ള എല്ലാ സന്യാസികളുമായി ഐക്യപ്പെടുവാൻ ഞങ്ങളാഗ്രഹിച്ചു. അതിനായി നിരന്തരം പ്രാർത്ഥിച്ചു".

ഈയവസ്ഥയിൽ പുനരൈക്യം എന്ന ആശയം എത്രയും വേഗം യാഥാർത്ഥീകരിക്കുവാൻ മറ്റുള്ളവർ മാർ ഈവാനിയോസിനെ ശക്തിപ്പെടുത്തി. ബഥനി ആശ്രമവും മഠവും പുനരൈക്യത്തിനുവേണ്ടി പ്രാർത്ഥിക്കുന്ന, പഠിക്കുന്ന, ചർച്ചകൾ നടത്തുന്ന കേന്ദ്രങ്ങളായി. അങ്ങനെ ബഥനി ആശ്രമം പുനരൈക്യത്തിന്റെ 'ന്യൂക്ലിയസ്' (Nucleus) ആയി എന്നു പറയാം.

## സഹനത്തിന്റെ മൂശയിൽ

ചരിത്രഗതിയിൽ പുനരൈക്യത്തെപ്പറ്റിയുള്ള മലങ്കര സുറിയാനി സഭയുടെ ആദ്യത്തെ നിലപാടിൽ നിന്ന് പ്രതികൂലമായൊരു വ്യതിചലനമുണ്ടായി. അനുകൂലിച്ച നേതാക്കന്മാർ പലരും പിന്മാറി എന്നു മാത്രമല്ല ഈ ബോദ്ധ്യത്തിൽ ബഹുദൂരം മുൻപോട്ടുപോയ ബഥനി മെത്രാന്മാരും ആശ്രമസ്ഥരും വലിയ എതിർപ്പിനും ശത്രുതയ്ക്കും പാത്രീഭൂതരായി. മാർ ഈവാനിയോസ് ത്യാഗപൂർണ്ണമായ അവരുടെ അനുഭവത്തെ വിവരിക്കുന്നതിപ്രകാരമാണ്. "കുറെ നാളായി ദൈവം ബഥനി ആശ്രമത്തെ മൂശയിലിട്ടു വറക്കാൻ തുടങ്ങിയിരിക്കയാണെന്നു നമുക്കു തോന്നുന്നുണ്ട്. അനുഭവം അതാണ് നമ്മെ മനസ്സിലാക്കുന്നതും". ഇതൊരു ശുദ്ധീകരണ പ്രക്രിയയായി അദ്ദേഹം വ്യാഖ്യാനിക്കയാണ്. കണ്ണുനീരിൽ മുക്കിക്കൊണ്ടാണ് ദൈവം മനുഷ്യനെ സ്വന്തം ചെയ്തെടുക്കുന്നത് എന്നദ്ദേഹം ആശ്വസിച്ചു. ബഥനി ആരുടേതോ അവിടുന്നതിനെ നോക്കിക്കൊള്ളും എന്നു പ്രത്യാശിച്ചു. (ഗിരി ദീപം. p. 159)

## ബഥനി മലയോടു വിട

അനുഭവങ്ങളുടെ ഈ തീച്ചൂളയിൽ നിന്നുകൊണ്ടുതന്നെ, റോമിൽ നിന്ന് പുനരൈക്യത്തിനുള്ള അനുകൂലമായ മറുപടി വരുന്നതിനുമുൻപ് മുണ്ടൻ മലയോടു യാത്ര പറഞ്ഞിറങ്ങുവാനുള്ള തീരുമാനം മാർ ഈവാനിയോസ് കൈക്കൊണ്ടു. 1930 ആഗസ്റ്റ് 19-ാം തിയതി ആശ്രമാദ്ധ്യക്ഷൻ തൻെറ തീരുമാനം ആശ്രമാംഗങ്ങളെ അറിയിക്കുകയും തന്നോടൊപ്പം ഇറങ്ങിപ്പോരാൻ ആഗ്രഹിക്കുന്നവർ അവരുടെ സ്വതന്ത്രമായ തീരുമാനം തന്നെ അറിയിക്കാൻ ആവശ്യപ്പെടുകയും ചെയ്തു. അങ്ങനെ 1930 ആഗസ്റ്റ് 20-ാം തിയതി മാർ ഈവാനിയോസും മാർ തെയോഫിലോസും ഉൾപ്പെടെ 20 ബഥനി ആശ്രമസ്ഥരും ഏതാനും അനാഥക്കുഞ്ഞുങ്ങളും 'ബഥനി മലയേ സമാധാനത്തോടെ വസിക്കുക' എന്നു പ്രാർത്ഥിച്ചു വിടചൊല്ലി. ഏറ്റം അത്യാവശ്യമായ വ്യക്തിഗത സാധനങ്ങൾ മാത്രം എടുത്തു ബാക്കിയുള്ളവ അപ്പാടേ ഉപേക്ഷിച്ച് മലവിട്ടിറങ്ങി. മൂശയുടെ നേതൃത്വത്തിൽ ഇസ്രായേൽ ജനം മരുഭൂമിയിലൂടെ നയിക്കപ്പെട്ട അനുഭവമായിരുന്നു അവരുടേത്.

ഇത്രയുംകാലം തങ്ങൾക്കെല്ലാമായിരുന്ന ബഥനിമലയോടു വിടപറഞ്ഞതിൻെറ വിഷമവും ഭാവിയെപ്പറ്റിയുള്ള അനിശ്ചിതത്വവും മാനസിക സംഘർഷം അവരിൽ ഉളവാക്കിയെങ്കിലും ദൈവനടത്തിപ്പിലുള്ള ശക്തമായ വിശ്വാസം, തിരിഞ്ഞു നില്ക്കാതെ മുൻപോട്ടുതന്നെ പോകുവാൻ അവർക്കു ശക്തിപകർന്നു. മലയിൽ നിന്നിറങ്ങി ഒരു വഞ്ചിയിൽ കയറി യാത്ര ആരംഭിച്ച അവർ വെണ്ണിക്കുളത്തുള്ള ഒരു സ്കൂൾ കെട്ടിടത്തിൽ ചെന്നു താമസിച്ചു. പിറ്റേദിവസം കാഞ്ഞിരത്തിങ്കൽ കുടുംബാംഗമായ ഒരു സഭാ സ്നേഹിതൻെറ ഭവനം ബഥനിയിലെ സാധുക്കളുടെ ഉപയോഗാർത്ഥം വിട്ടുകൊടുത്തു. അവർ അവിടേക്കു താമസം മാറ്റി.

www.malankaralibrary.com

## പുനരൈക്യപ്പെട്ട ബഥനി


1930 സെപ്റ്റംബർ 20-ാം തിയതി ആയിരുന്നു ചരിത്രപ്രസിദ്ധമായ കത്തോലിക്കാ പുനരൈക്യം. മാർ ഈവാനിയോസും മാർ തെയോഫിലോസും ബഥനിയിലെ ഫാ. ജോൺ ഒ.ഐ.സിയും, അലക്സാണ്ടർ ശെമ്മാശ്ശനും(പിന്നീട് ഫാ. സെറാഫിയോൻ ഒ.ഐ.സി), കിളീലേത്തു ചാക്കോച്ചനും ആദ്യദിവസം പുനരൈക്യപ്പെട്ടു. തുർന്നുള്ള ദിവസങ്ങളിൽ വെണ്ണിക്കുളത്ത് ആസ്ഥാനമുറപ്പിച്ച ബഥന്യാശ്രമസ്ഥരെ ആശ്രമാദ്ധ്യക്ഷൻ സഭയിലേക്കു സ്വീകരിച്ചു. അതേതുടർന്ന് ബഥനി ആശ്രമസ്ഥർ ഒരു ഹിന്ദു സ്നേഹിതന്റെ സഹായത്തോടെ വാങ്ങിയ സ്ഥലത്ത് കുടിലുകൾ നിർമ്മിച്ച് അവിടേക്കു താമസം മാറ്റി.

പുനരൈക്യപ്പെട്ട ബഥനി പുനരൈക്യ പ്രസ്ഥാനത്തിന്റെ ഈറ്റില്ലമായിത്തീരുന്ന ചരിത്രമാണ് പിന്നീടുള്ളത്. അത് അന്യത്ര പ്രതിപാദിക്കുന്നതിനാൽ ഈ ലേഖനത്തിലുൾപ്പെടുത്തുന്നില്ല.

## 75 വർഷം പിന്നിടുമ്പോൾ

ബഥനി ആശ്രമം മാർ ഈവാനിയോസിന്റെ സന്യാസ ദർശനമാണ്. ആ ദർശനത്തിന്റെ തനിമയും പ്രശസ്തിയും നാൾക്കുനാൾ വർദ്ധിച്ചു വരികയാണ്. എക്യുമെനിസത്തിന് ഊന്നൽ നല്കുകയും സുവിശേഷ പ്രഘോഷണത്തിൽ ദേശീയ മൂല്യങ്ങളും സംസ്കാരവും ആദ്ധ്യാത്മികതയുമെല്ലാം വിലമതിക്കപ്പെടണമെന്നും ക്രിസ്തുവിൽ പൂർണ മാക്കപ്പെടണമെന്നും തുറന്നു പഠിപ്പിക്കുകയും ചെയ്ത രണ്ടാം വത്തിക്കാൻ സൂന്നഹദോസ് ബഥനിയുടെ സന്യാസ ദർശനത്തിന്റെ മാറ്റു വർദ്ധിപ്പിക്കുന്നു. 75 വർഷം പിന്നിട്ട ബഥനി തന്റെ ചരിത്രനിയോഗം ഇന്നും തുടർന്നുകൊണ്ട് മലങ്കര സഭയുടെ ശക്തിയായി നിലകൊള്ളുന്നു. ബഥനിയുടെ ചൈതന്യം ഭാരതത്തിന്റെ വിവിധ ഭാഗങ്ങളിലേക്കും പ്രവഹിച്ചു കൊണ്ടിരിക്കയാണ്. തന്റെ ദൗത്യ നിർവ്വഹണത്തിൽ ഇതിലുമേറെ മുൻപോട്ടു പോകാനുണ്ടെന്ന എളിയ ബോദ്ധ്യത്തിൽ ബഥനി അവളുടെ തീർത്ഥാടനം തുടരുകയാണ്.

www.malankaralibrary.com



ഫാ. വറുഗീസ്സ് തൈക്കൂട്ടത്തിൽ ഒ.ഐ.സി

# ബഥനി സമൂഹ രൂപീകരണത്തിൽ ആർഷഭാരതത്തിൻെറ സ്വാധീനം

## ആമുഖം

പരിശുദ്ധാത്മ പ്രചോദിതമായ ഒരു മാനുഷികസംഭവമാണ് ബഥനി. മാൽസര്യത്തിലും വഴക്കിലും മുങ്ങിമറിഞ്ഞ് ക്രൈസ്തവ ജീവൻ ശിഥിലമായിക്കൊണ്ടിരുന്ന സഭയ്ക്ക് മോചനവും, അതിനെ ഗ്രസിച്ചുകൊണ്ടിരുന്ന ശാപത്തിൽ നിന്നുള്ള മോക്ഷവും ചരിത്രത്തിൻെറ ഒരാവശ്യമായിരുന്നു. "പരസ്പരം കലഹിച്ചു കൊണ്ടിരുന്ന സഭയിൽ ക്രൈസ്തവാദർശങ്ങളും ജീവിത രീതിയും സഭാംഗങ്ങൾക്കുപകർന്നുകൊടുക്കുവാൻ എന്തുചെയ്യണമെന്നുള്ള" ചിന്തയുടെ മാംസരൂപമാണ് ഏം.ഏ.അച്ചനിലൂടെ (ഫാ: പി: റ്റി: ഗീവർഗീസ്) സാത്മീകരിക്കപ്പെട്ടത്. നിരന്തരമായ പ്രാർത്ഥനയ്ക്കും പരിചിന്തനത്തിനും ശേഷം അദ്ദേഹത്തിനുലഭിച്ച ഉൾക്കാഴ്ച ക്രമേണ അതിൻെറ വിശദാംശങ്ങൾ വ്യക്തമാക്കികൊണ്ട് അതിവേഗം ഒരുസമൂഹമായി രൂപംകൊണ്ടു. അങ്ങനെ 1919 ഓഗസ്റ്റ് 15-ാം തിയതി ബഥനി സന്യാസി സമൂഹം രൂപം കൊണ്ടു. ഇത് സിദ്ധിബദ്ധമായ ഒരു സ്നേഹസമൂഹമായിരുന്നു. ക്രിസ്തുവിനെ ആധാരമാക്കിയുള്ള സ്നേഹമായിരുന്നു ഈ സമൂഹത്തിൻെറ ഉൾക്കാമ്പ്. ഭാരത സന്യാസത്തിൻെറ അന്തസത്തയെ ക്രിസ്തുവിൽ പൂർത്തീകരിക്കാനുള്ള സിദ്ധിയായിരുന്നു ബഥനിയുടേത്. അതനുസരിച്ച് "സർവസംഗ പരിത്യാഗികളായ ഭാരതീയ സന്യാസികളെപ്പോലെ ഈശ്വരപ്രാപ്തി മാത്രം ലക്ഷ്യമാക്കി ജീവിതം നയിക്കുന്ന മുനിമാരെ പോലെ ആബോഗീവറുഗീസ് പെരുന്നാട് മുണ്ടൻമലയിൽ സ്വാർത്ഥത വെടിഞ്ഞ് ലോകായതികത്വത്തിൽ നിന്നും വിട്ടുമാറി സന്യാസജീവിതമുറകൾ അഭ്യസിച്ച് ജീവിതം ആരംഭിച്ചു".*

മലങ്കര യാക്കോബായ സഭയിൽ ഒരു പ്രത്യേക ലക്ഷ്യത്തോടും ദൗത്യത്തോടുംകൂടി കടന്നു വന്ന ബഥനി അവളുടെ കടമ നിറവേറ്റിയത് ദേശത്തിൻെറ മണവും ഗുണവമുള്ള ആർഷഭാരത ആദ്ധ്യാത്മീക മലർവാടിയിൽ വിരാജിച്ചുകൊണ്ടാണ്. ആദ്ധ്യാത്മികതയുടെ നാടാണ് ആർഷഭാരതമെന്നു നമുക്കറിയാം. ഈ ആദ്ധ്യാത്മികത ഒന്നു മാത്രമാണ് ലോക രാഷ്ട്രങ്ങളുടെ പട്ടികയിൽ അവൾക്ക് സമുന്നതമായ സ്ഥാനം ഉണ്ടാക്കിക്കൊടുത്തത്. ഈ ആദ്ധ്യാത്മികതയുടെ കാവൽക്കാരായി ദൈവിക മനുഷ്യരായ സന്യാസിമാർ ഇന്നും നിലകൊള്ളുന്നുണ്ട്. നമ്മുടെ

* ബഥനിയും മാർ ഈവാനിയോസും: ഫാ. ഏബ്രഹാം ഒ.ഐ.സി, ക്രൈസ്തവകാഹളം 1974 പേജ് 12

www.malankaralibrary.com

വേദങ്ങളും ഉപനിഷത്തുകളുമൊക്കെ ഈ ആദ്ധ്യാത്മികതയുടെ ഉറവിടമാണ്. ലോകവസ്തുക്കളുടെ ക്ഷണികത മനസ്സിലാക്കി ബ്രഹ്മനിൽ ഒന്നായിത്തീർന്ന് പ്രകാശവും, സത്യവും, അമർത്ത്യതയും സ്വായത്ത മാക്കിയവനാണ് ഭാരതീയ സന്യാസി. ദൈവത്തെ മുഴു ഹൃദയത്തോടും ഏകാഗ്രതയോടും കൂടി അന്വേഷിച്ച് അനുഭവിച്ച് പ്രാപിച്ചവനാണ് ഭാരതീയ സന്യാസി. അയാൾ 'ജീവൻ മുക്തൻ' ആണ്, 'ജീവൻമുക്തൻ' ആയിരിക്കേണ്ടവനാണ്. എങ്കിൽ മാത്രമേ മറ്റുള്ളവരെ മോചിപ്പിക്കുവാനും ദൈവത്തിങ്കലാനയിക്കാനും അയാൾക്കു കഴിയുക യുള്ളു. ചുരുക്കത്തിൽ സന്യാസി, തന്നെയും തനിക്കുള്ളതിനേയും പൂർണമായി ദൈവത്തിനും മനുഷ്യനും വേണ്ടി ത്യജിച്ചവനാണ്.

ആമുഖമായി ബഥനി സന്യാസി സമൂഹത്തേയും ആർഷഭാരത സന്യാസ ദർശനത്തേയും അവതരിപ്പിച്ചുകൊണ്ട് "ബഥനി സന്യാസി സമൂഹ രൂപീകരണത്തിൽ ആർഷഭാരതത്തിന്റെ സ്വാധീനം" എടുത്തു കാട്ടാനുള്ള ഒരു ശ്രമമാണിവിടെ. വിഷയത്തിന്റെ ഉൾക്കാമ്പിലേക്കു കടക്കാൻ നാലു തലങ്ങൾ ഉണ്ട്. ഒന്നാമതായി പി.റ്റി. ഗീവറുഗീസിനെ സ്വാധീനിച്ച ആർഷഭാരത സന്യാസ ദർശനങ്ങൾ, രണ്ടാമതായി ആർഷഭാരതത്തിൽനിന്നും അദ്ദേഹം സ്വീകരിച്ച ബാഹ്യാചാരാനുഷ്ഠാനങ്ങൾ. ഇന്നത്തെ ബഥനിയുടെ സ്ഥിതിയേയും നാളത്തെ ബഥനിയുടെ ആർഷഭാരതീയാഭിമുഖ്യങ്ങളെപറ്റിയും അവലോകനം ചെയ്യാനുള്ള പരിശ്രമമാണ് മൂന്നും നാലും ഭാഗങ്ങളിലുള്ളത്.

## പി. റ്റി. ഗീവറുഗീസിനെ സ്വാധീനിച്ച ആർഷഭാരത ദർശനങ്ങൾ

ആദ്യമായി മലങ്കര സഭയിൽ എം. എ. പാസ്സായ വൈദികൻ പി. റ്റി. ഗീവറുഗീസാണ്. തന്റെ യോഗ്യതയുടെ അംഗീകാരമെന്നനിലയിൽ അദ്ദേഹം സെറാംപൂർ കോളജിലെ പ്രൊഫസർ നിയമനം സ്വീകരിക്കുന്നു. ഈ അവസരത്തിൽ തന്റെ പ്രൊഫസർ ജോലിയുടെ ഇടയിൽ ഹൈന്ദവസമൂഹ ങ്ങളുമായി പരിചയപ്പെടുകയും അവരുടെ ദൈവ, തത്വശാസ്ത്രങ്ങളെപറ്റിയുള്ള വസ്തുനിഷ്ഠമായ ആശയങ്ങൾ സ്വയം മനസ്സിലാക്കുകയും ചെയ്തു. ഈ ആദിബീജങ്ങളാണ് കാലക്രമേണ വളർന്നു വികസിച്ച് സ്വയം ശാന്തിയും, മറ്റുള്ളവർക്കു സമാധാനവും പകർന്നു കൊടുക്കുന്ന ഒരു സന്യാസി സമൂഹത്തിന് ജന്മം കൊടുക്കുവാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചത്. ഇപ്രകാരം അദ്ദേഹത്തെ സ്വാധീനിച്ച ആർഷഭാരത ദർശനങ്ങൾ പ്രധാനമായും താഴെ പറയുന്നവയാണ്.

ഒന്നാമതായി ഭാരതത്തിന്റെ ആത്മാവ് അധ്യാത്മികതയിൽ അടിയുറച്ചതാണെന്ന് അദ്ദേഹം മനസ്സിലാക്കി. പി. റ്റി. ഗീവർഗീസിനെ സംബന്ധിച്ചിട ത്തോളം "ആദ്ധ്യാത്മികം" എന്നു പറഞ്ഞാൽ ഒരു ജീവിത മാർഗം മാത്രമല്ല, അടിസ്ഥാനപരമായി ഒരു ജീവിതാനുഭവം കൂടിയാണ്; തനതായ ഒരു ജീവിതാവസ്ഥ അതിന്റെ മുഖമുദ്രയാണ്. ഭാരത ദർശനത്തിൽ നാം കാണുന്ന 'സാക്ഷാത്കാരാ വസ്ഥ'യാണിത്. ഞാനും എന്റെ ദൈവവും ഒന്നു തന്നെയാണ്, എന്ന അനുഭവം ആണ് സാക്ഷാത്കാരാ വസ്ഥയുടെ മുഖ്യധാര. ഇതാണ് ഭാരതീയ ആദ്ധ്യാത്മികതയെ മറ്റ് ആദ്ധ്യാത്മിക ദർശനങ്ങളിൽ നിന്നു വ്യത്യസ്ഥമാക്കുതെന്ന് പി. റ്റി. ഗീവർഗീസ് മനസ്സിലാക്കി. ഈ ആശയം തന്റെ സന്യാസ സമൂഹ രൂപീകരണത്തിൽ അദ്ദേഹം സ്വീകരിച്ചു. എന്നാൽ ഈ ആദ്ധ്യാത്മീക ദർശനത്തിന് ക്രൈസ്തവ രൂപം നൽകുന്നതിൽ അദ്ദേഹം ശ്രദ്ധ കേന്ദ്രീകരിച്ചു. അതനുസരിച്ച് പി. റ്റി. ഗീവർഗീസിന് "സാക്ഷാത്കാരം" ആധികാരികമായി, ക്രിസ്താനുഭവമായി, ക്രിസ്തുവായി. സന്യാസ ജീവതം സുവിശേഷാധാഷ്ഠിതമായ ജീവിതമായി. തന്റെ സന്യാസി സമൂഹരൂപീകരണ ത്തിൽ ക്രിസ്തുവിന് മാത്രം പ്രാധാന്യം കൊടുക്കുന്ന ഒരു രീതി അദ്ദേഹം കൈകൊണ്ടു.

രണ്ടാമതായി ആർഷഭാരത ജീവിതത്തിൽ നിന്നു ഭാരതമുനിമാരുടെ ജീവിതപ്രമാണമായിരുന്ന 'നിഷ്കാമകർമ്മദർശനം' പി.റ്റി. ഗീവർഗീസ് തന്റെ സന്യാസി സമൂഹരൂപീകരണത്തിൽ സ്വീകരിച്ചു. ഫലത്തിലാശവയ്ക്കാതെ കർമം ചെയ്യുന്നവർക്കു മാത്രമേ ഈശ്വരനെ പ്രാപിക്കുവാൻ സാധിക്കുക യുള്ളു. ഇത് തന്റെ 'അധിനാഥൻ' ആയ ക്രിസ്തു വിന്റെ ജീവിതത്തിന്റെ ആകെ തുകയാണെന്ന്

www.malankaralibrary.com

പി. റ്റി. ഗീവർഗീസ് വിശ്വസിക്കുന്നു. അതനുസരിച്ച് ഗിരിദീപത്തിൽ അദ്ദേഹം ഇപ്രകാരം എഴുതി "കൃഷി സംബന്ധമായോ, അല്ലാതെയോ ലൗകികമായ ഏതു കാര്യത്തിലും ഏർപ്പെടുമ്പോൾ അതിലനുഭവിക്കാവുന്ന പ്രതിഫലത്തേക്കുറിച്ചു യാതൊന്നും ഗൗനിക്കേണ്ടതില്ലെന്നും ആ വിധത്തിൽ പ്രതിഫലേച്ഛയെ നിശേഷം ഹനിച്ചു കളയണമെന്നും ആശ്രമാദ്ധ്യക്ഷൻ പ്രത്യേകം ഉപദേശിക്കുന്നു.* ഈ ജീവിതത്തിൻെറ വ്യക്തമായ തെളിവാണ് താനും തൻെറ അനുയായികളും കത്തോലിക്കാ സഭയുമായി പുനരൈക്യപ്പെട്ടപ്പോൾ അത്രയും നാൾ തങ്ങൾ സമ്പാദിച്ച സകലവസ്തുവകകളും ഉപേക്ഷിച്ച് മുണ്ടൻമലയോടു യാത്രപറഞ്ഞത്.

ഹിന്ദു മതത്തിൽ സന്യാസത്തിനുള്ള സ്ഥാനം വലുതാണ്. ജീവിതത്തിൻെറ ഒരു ഭാഗമായും ഒരു പ്രത്യേക ജീവിതാവസ്ഥയായും അവർ സന്യാസത്തെ വീക്ഷിക്കുന്നു. ഒരു സന്യാസിക്ക് ആദ്ധ്യാത്മികമായോ ഭൗതികമായോ മറ്റുള്ളവർക്ക് എന്തു ചെയ്യാൻ കഴിയും എന്നുള്ളത് ഹൈന്ദവമതത്തിൽ വലിയ പ്രാധാന്യമുള്ള ഒരു ചോദ്യം ആണ്. ഈ ആശയം ഗ്രഹിച്ചുകൊണ്ട് പി. റ്റി. ഗീവർഗീസ് ഇപ്രകാരം പ്രസ്താവിച്ചു "മനുഷ്യസേവനത്തിൽ നിന്നും അകന്നു നിന്നു കൊണ്ടുള്ള ഒരു ജീവിതത്തിന് പ്രാമാണ്യമോ ഭാസുരത്വമോയില്ല". സഹജീവികളിൽ ദൈവത്തെ ദർശിച്ചുകൊണ്ട് ഈശ്വരസായൂജ്യം പ്രാപിക്കുന്ന ഒരു ജീവിതാദർശം ആയിരിക്കണം താൻ സ്ഥാപിക്കുന്ന സന്യാസി സമൂഹത്തിൻേറത് എന്ന് അദ്ദേഹം വിശ്വസിച്ചു. അതനുസരിച്ച് പ്രർത്ഥനയും പ്രവർത്തനവും ജീവിതത്തിൽ ഒരുപോലെ കോർത്തിണക്കിക്കൊണ്ടു പോകുവാൻ തൻെറ അനുയായികളെ ഉപദേശിച്ചു. "സന്യാസ ജീവിതാനുഷ്ഠാനങ്ങളിലൂടെ നമ്മുടെ കർത്താവീശോമിശിഹായെ അവിടുത്തെ പ്രാർത്ഥനാപരവും കർമ്മോദ്യുക്തവുമായ ജീവിതത്തിൽ അനുകരിക്കുക എന്നത് സമൂഹത്തിൻെറ ലക്ഷ്യമാക്കിതീർത്തു.

ഭാരതീയ ദർശനത്തിൽ ഗുരുശിഷ്യ ബന്ധത്തിന് അതുല്യമായ സ്ഥാനമാണുള്ളത്. കാരണം പരിപൂർണ്ണതയുടെ മാർഗം ശിഷ്യനുപദേശിച്ചു കൊടുക്കുന്നത് ഗുരുവാണ്. ഭാരതീയ സന്യാസത്തിലെ ഈ ഗുരു ശിഷ്യബന്ധം സമൂഹരൂപീകരണത്തിനു മുമ്പു തന്നെ പി. റ്റി. ഗീവർഗീസും തൻെറ സഹപാഠികളും സെറാംപൂരിൽ അരക്കിട്ടുറപ്പിച്ചിരുന്നു. ചരിത്രം വളരെ വ്യക്തമായി സാക്ഷിക്കുന്ന ഒരു ആശയമാണിത്. മാത്രമല്ല പെരുന്നാട്ടിൽ തൻെറ ആദ്യ അംഗങ്ങളുമായി അദ്ദേഹത്തിനുണ്ടായിരുന്ന ബന്ധവും അതു തന്നെയായിരുന്നു. നിയമങ്ങൾ ഉപദേശിച്ചു കൊടുക്കുന്ന ഒരുപദേഷ്ടാവ് എന്നതിനേക്കാൾ സ്വഗുരു തൻെറ ശിഷ്യർക്കു 'സാധന' ഉപദേശിച്ചു കൊടുക്കുന്ന രീതിയായിരുന്നു പെരുന്നാട് ബഥനിയിൽ നിലവിലിരുന്നത്. ഇത് പി. റ്റി. ഗീവർഗീസ് ആർഷഭാരതസ്വാധീനത്തിൽ നിന്നും രൂപപ്പെടുത്തിയെടുത്തതാണ്.

പൂർണ്ണതക്കു വേണ്ടി ഹൈന്ദവ സന്യാസം ആഹ്വാനം ചെയ്യുന്ന മൂന്നു മാർഗ്ഗങ്ങളെയും (കർമ്മ മാർഗം, ഭക്തി മാർഗം, ജ്ഞാന മാർഗം) പി. റ്റി. ഗീവർഗീസ് സ്വീകരിക്കുകയും അതിന് ക്രൈസ്തവമായ നിറം നല്കുകയും ചെയ്തു. അതനുസരിച്ച് കർമ്മ മാർഗത്തിലൂടെ ദൈവിക പ്രേരണകളോടു സഹകരിച്ച് കർമ്മം ചെയ്ത ക്രിസ്തുവിനോടു ചേർന്നു കർമ്മം ചെയ്യുവാനും, ദൈവത്തെക്കുറിച്ചുള്ള സ്ഥിരമായ അനുസ്മരണയിലൂടെ, ഭക്തിയുടെ അനുഭവത്തിലൂടെ ജ്ഞാനത്തിൽ വളർന്ന് പൂർണ്ണത പ്രാപിക്കാൻ ഹൈന്ദവദർശനത്തിലേതുപോലെ ധ്യാനവും, പഠനവും, ജോലിയും ഒന്നിച്ചുചേർത്തുകൊണ്ടുപോകുന്ന ഒരു ജീവിതരീതി സ്വീകരിക്കുവാനും അദ്ദേഹം തൻെറസന്യാസികളെ ഉദ്ബോധിപ്പിച്ചു.

അദ്ദേഹത്തെസ്വാധീനിച്ച മറ്റൊരു പ്രധാനപ്പെട്ട ആശയമാണ് സന്യാസ സ്വാതന്ത്ര്യം. അതായത് തൻെറ ശിഷ്യൻ ആദ്ധ്യാത്മികതയിൽ പൂർണ്ണനായി എന്നു ഗുരുവിനു മനസിലായാൽ ശിഷ്യനെ സ്വതന്ത്രനായി സേവനത്തിനു വിടുന്ന രീതി പി.റ്റി.ഗീവറുഗീസ് സ്വീകരിച്ചു. അതനുസരിച്ച് സന്യാസപരിശീലനത്തിനു ശേഷം ശിഷ്യരെ സഭാസേവനത്തിനുവേണ്ടി പറഞ്ഞുവിട്ടിരുന്നതായി ചരിത്രം സാക്ഷിക്കുന്നു.

ബഥനിരൂപീകരണത്തിൽ പി. റ്റി. ഗീവർഗീസിനെ സ്വാധീനിച്ച സത്താപരമായ ദർശനങ്ങൾ ആണിവ.

* ഗിരിദീപം: മാർ ഈവാനിയോസ്; quoted from the book "Spritual Life of Mar Ivanios" by Fr. Louis Moolavitil O.I.C

www.malankaralibrary.com

ഇവയുടെവെളിച്ചത്തിലാണ് ബഥനിയുടെ രൂപീകരണവും വളർച്ചയും. അതുകൊണ്ട് ബഥനി ദേശീയ സംസ്കാരത്തിന്റെ അന്തസത്തയായ ഋഷിപരതയും, മലങ്കരസഭയുടെ സമ്പന്നമായ ആദ്ധ്യാത്മികതയും കൂടി സംഗമിച്ചുണ്ടായ ആദിജാതയാണ്. മലങ്കരസഭയ്ക്ക് ഉയർത്തെഴുന്നേറ്റ ക്രിസ്തുവിനെ ബഥനി സംഭാവനചെയ്തു. ഇതിനായി ബഥനിസ്വീകരിച്ച സ്വഭാവമാണ് "പ്രാർത്ഥനയിൽ പിതാവായ ദൈവത്തോട് ഐക്യപ്പെട്ട് എല്ലാവർക്കും നന്മചെയ്ത് ജീവിച്ച നമ്മുടെ കർത്താവിന്റെ ലളിതജീവിതം ഭാരതീയ സന്യാസത്തിന്റെ വിരക്തിയോടും ലാളിത്യത്തോടുംകൂടി അനുകരിക്കയെന്നത്."*

## പി. റ്റി. ഗീവർഗീസ് ആർഷഭാരത്തിൽ നിന്നും സ്വീകരിച്ച ബാഹ്യാചാരാനുഷ്ഠാനങ്ങൾ

ക്രൈസ്തവ സന്യാസി വിശ്വാസ വിഷയത്തിൽ ക്രിസ്തുവിന്റെ പ്രബോധനങ്ങളെ മുറുകെ പിടിക്കുന്നവൻ ആയിരിക്കണം. എന്നാൽ അയാൾ ഭാരതത്തിൽ ജീവിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നവനാകയാൽ ഭാരതീയനായിരിക്കണം എന്ന ഉൾക്കാഴ്ച്ച പി. റ്റി. ഗീവർഗീസിന്റെ സംഭാവനയാണ്. അതനുസരിച്ച് അദ്ദേഹം ഭാരതത്തിൽ നിന്നും സ്വീകരിച്ച ബാഹ്യമായ ഘടകങ്ങൾ താഴെപറയുന്നവയാണ്.

### 1. സന്യാസിമാരുടെ വേഷമായകാവിവസ്ത്രം

കാവിവസ്ത്രം ഭാരതീയരീതിയിലുള്ളതും, ചെലവുകുറഞ്ഞതും ആയിരുന്നു. ഭാരതത്തിലെ സന്യാസിമാരെപോലെ കാവിമുക്കി ഉപയോഗിക്കുന്ന രീതിയായിരുന്നു ആദ്യം സ്വീകരിച്ചിരുന്നത്. കാവി വസ്ത്രം സ്വീകരിക്കുന്നതിൽ അദ്ദേഹത്തെനയിച്ചചിന്ത ഇതായിരുന്നു. "ഭാരതത്തിലെ ഹൈന്ദവരുടെ ഇടയിൽ സുവിശേഷം ഘോഷിക്കേണ്ടവരായ കൈസ്തവ സന്യാസികൾ തനി ദേശീയരെന്നുള്ള ബോധം ജനിപ്പിക്കുന്നതിനും തദ്വാരാ, അവരുടെമാനസാന്തരം സുഗമമാക്കിതീർക്കുന്നതിനും പ്രസ്തുത വേഷവിതാനം പറ്റിയതാണെന്നുള്ള ബോധ്യമായിരുന്നു".**

### 2. സന്യാസിമാരുടെപ്രാർത്ഥനരീതി

നിലത്തിരുന്ന് പ്രാർത്ഥിക്കുക, അതുപോലെതന്നെ ഭാരതീയരീതിയിലുള്ള പ്രാർത്ഥനകൾ ക്രൈസ്തവമായ രീതിയിൽ ഉപയോഗിക്കുക. സദാനേരവും ദൈവസാന്നിദ്ധ്യ സ്മരണയിൽ കഴിയുക.

### 3. സന്യാസിമാരുടെ വൈരാഗ്യത്തിന്റെ അടയാളമായ താടിവളർത്തൽ

സന്യാസിക്കു ലോകവുമായി യാതൊരുബന്ധവുമില്ല. ലോകത്തിൽ നിന്നുള്ള പരിപൂർണ സ്വാതന്ത്ര്യത്തിന്റെ പ്രകടനമായിരുന്നു താടിവളർത്തൽ.

### 4. ഭക്ഷണവും ഭക്ഷണരീതികളും

സസ്യഭക്ഷണരീതി (സംപൂർണമായും) നിലത്തിരുന്ന് കഴിക്കുക. കിട്ടുന്നത് പിറുപിറുപ്പുകൂടാതെ മൺചട്ടിയിൽ കഴിക്കുക. ജീവൻ നിലനിറുത്താൻ വേണ്ടിമാത്രം കഴിക്കുക.

### 5. ഭാരതീയ സന്യാസത്തിലെ ലളിതജീവിതം

ഹിന്ദു സന്യാസത്തിലെപ്പോലെ പൂർണ്ണമായ ലാളിത്യമല്ല, മറിച്ച് ഉപയോഗത്തിനുവേണ്ടി ഉപയോഗിക്കുക; സരളമായ ഹൃദയത്തിന്റെ ഉടമയായിരിക്കുക. അത്യാവശ്യമായതുകൊണ്ട് തൃപ്തിയടയുക. ക്രിസ്തുവിൽ ക്രിസ്തുവിനുവേണ്ടി എല്ലാം ത്യജിക്കുക. ഇതാണ് ബഥനിയുടെ ലാളിത്യം.

### 6. ശുചിത്വം

ഇന്ത്യൻ സന്യാസത്തിൻ ശുചിത്വത്തിന് പ്രത്യേക സ്ഥാനമുണ്ട്. രാവിലെ എഴുന്നേറ്റ് കുളിച്ച് വെടിപ്പായതിനുശേഷം ഈശ്വരനെ നമസ്ക്കരിക്കുന്ന രീതി; ശുചിത്വം എന്നത് ആന്തരികശുചിത്വത്തിന്റെ

---

* മിശിഹാനുകരണ സന്യാസി സമൂഹത്തിന്റെ നിയമങ്ങൾ അദ്ധ്യായം 1 No: 6 Page.3

** ആർച്ചു ബിഷപ്പ് മാർ ഈവാനിയോസ്, ഫാ. ഇഞ്ചയ്ക്കലോടി, p.150

www.malankaralibrary.com

ബാഹ്യപ്രകടനമാണ്. സ്വയം ശുദ്ധിയാക്കുന്നതു മാത്രമല്ല, ഭവനം, പരിസരം എന്നിവകൂടി വൃത്തിയായും മനോഹരമായും സൂക്ഷിക്കുവാൻ പരിശ്രമിക്കുന്നരീതി അദ്ദേഹം ഭാരതസന്യാസിമാരിൽ നിന്നും സ്വീകരിച്ച് നിയമമാക്കി അനുയായികൾക്ക് പകർന്നുകൊടുത്തു.

### 7. ഹൈന്ദവശാസ്ത്ര പഠനം

താൻ സെറാംപൂരിലായിരുന്നപ്പോൾ ഹൈന്ദവ ഗ്രന്ഥങ്ങൾ പലതും വായിക്കുകയും പഠിക്കുകയും ചെയ്തിരുന്നു. മാത്രമല്ല, ആശ്രമ സ്ഥാപനത്തിനു ശേഷവും ഈരീതി തന്റെ സമൂഹത്തിൽ തുടർന്നു.

### 8. യോഗാഭ്യാസം

ഭാരത സന്യാസിമാരിൽ നിന്നും തന്റെ ജീവിതത്തിലും തന്റെ അനുയായികൾക്കും നിഷ്കർഷിച്ചു കൊടുത്തതാണിത്. ഇതിലൂടെ ശരീരത്തിന്റെ ശാരിരികമായ വളർച്ചയും സ്വാഭാവിക പ്രവണതകളെ നിയന്ത്രിച്ച് മനസ്സിനെ കീഴ്പെടുത്താനുള്ള കഴിവും കൈമുതലാക്കാമെന്ന് അദ്ദേഹം വിശ്വസിച്ചിരുന്നു.

### 9. മരക്കുരിശ്

മരക്കുരിശ് കഴുത്തിൽ ഒരുകറുത്തചരടിൽ ബന്ധിച്ച് ധരിക്കുക. ഇതിലൂടെ ഭാരതത്തിൽ സേവനംചെയ്യുന്ന ബഥനിസന്യാസി താൻ ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിന്റെ പ്രതിഛായയായിമാറുന്നു. കുരിശ് വിജയത്തിന്റെ അടയാളമാണ്. അതുധരിക്കുന്ന സന്യാസിയും ലോകത്തിന്മേൽ വിജയം നേടിയവനാണ്.

### 10. നിഷ്പാദുകരായി നടക്കുക

ഭാരതസന്യാസിമാരിൽനിന്നും കണ്ടു പഠിച്ചതും അദ്ദേഹംജീവിതത്തിൽ സ്വീകരിച്ചതുമാണ്.

### 11. അദ്ധ്വാന ജീവിതം

ഓരോരുത്തരും അവരവരുടെ ആവശ്യത്തിനുള്ള വകയ്ക്കുവേണ്ടി അദ്ധ്വാനിക്കുക. ആദ്യകാലങ്ങളിൽ ബഥനിയിലെ അംഗങ്ങൾ ഭാരത മുനിമാരെപോലെ ക്രിസ്തീയ ഭവനങ്ങൾ തോറും കയറിയിറങ്ങി അരിപിരിച്ച് ഉപജീവനം നടത്തുന്ന പതിവുണ്ടായിരുന്നു. കായികാദ്ധ്വാനത്തിന് ബഥനിയിൽ അന്നും ഇന്നും വലിയ പ്രാധാന്യം കൽപ്പിക്കുന്നു.

മുകളിൽപ്രസതാവിച്ചകാര്യങ്ങൾ പി. റ്റി. ഗീവർഗീസ് ഭാരത സംസ്കാരത്തിൽ നിന്നും സ്വാംശീകരിച്ചെടുത്ത ഘടകങ്ങളാണ്. അദ്ദേഹത്തിന്റെ ഈ ബാഹ്യമായ ഭാരതസംസ്കാര സ്വാംശീകരണം ആന്തരികമായ ഒരുജീവിതത്തിന്റെ ആഴവത്തായ ആവിഷ്ക്കാരമായിരുന്നു.

## ഇന്നത്തെ ബഥനി

ബഥനി സ്ഥാപകനായിരുന്ന ആബോഗീവറുഗീസ് തന്റെ സമൂഹസ്ഥാപനത്തിനുമുമ്പ് നിരന്തരമായ ധ്യാനത്തിനും വിചിന്തനത്തിനും ശേഷം ആർഷഭാരതസംസ്കാരത്തിന്റെ ഉൾക്കാമ്പിനെ നുകർന്നുകൊണ്ട് അവയ്ക്ക് ക്രൈസതവമായ രൂപവും ഭാവവും നല്കി, സമൂഹസ്ഥാപനത്തിനുശേഷം അവ നടപ്പിലാക്കി. ഇപ്രകാരം നടപ്പിലാക്കപ്പെട്ട ഒരു നിയമാവലിയും ആചാരക്രമങ്ങളും അദ്ദേഹംതന്നെ ബഥനിക്കു പ്രദാനം ചെയ്തു. അതനുസരിച്ചുള്ള ജീവിതത്തിന് ബഥനിമക്കളെ അദ്ദേഹം ആഹ്വാനം ചെയ്തു. ഈ ആഹ്വാനം ശ്രവിച്ചുകൊണ്ട് ബഥനിയിലേക്ക് കടന്നുവന്ന വ്യക്തികളുടെ ജീവിതമാണ് ഇന്നത്തെ ബഥനി. അവരുടെ പ്രവർത്തനമാണ് ബഥനിയുടെ ഇന്നത്തെ പ്രവർത്തനങ്ങൾ. അവരുടെ സാക്ഷ്യം ആണ് യഥാർത്ഥത്തിൽ ഇന്ന് ബഥനി ഭാരതത്തിന് നൽകുന്നത്. ബഥനിയുടെ വിശുദ്ധ നിയമത്തിൽ ആർഷ ഭാരതത്തെ പറ്റി ഇപ്രകാരം പറയുന്നു "ആർഷ ഭാരതത്തിന്റെ മഹത്തായ സംസ്കാരവും ദൈവൈക്യോന്മുഖമായ ഭാരതീയ സന്യാസവും ക്രിസ്തുവിൻ പരിപൂർണ്ണമാക്കപ്പെടുന്നതിനുവേണ്ടി ഭാരതീയ സന്യാസത്തിന്റെ അന്തരാത്മാവിനെയും ജീവിത മുറകളെയും കാലഭേദങ്ങൾക്കനുസരണമായി ഔചിത്യപൂർവ്വം പരിരക്ഷിക്കുകയും സംപൂർണ്ണമാക്കുകയും ചെയ്യണം".* ഇതിൽനിന്നും വളരെ വ്യക്തമായി നമുക്ക്

www.malankaralibrary.com

മനസിലാക്കാൻകഴിയുന്നത് ഭാരതീയദർശനങ്ങളിൽ അടിയുറച്ചുകൊണ്ടുള്ള ഒരു ജീവിതരീതിക്കുമാത്രമേ ദേശീയരീതിയിലുള്ള മിശിഹാനുകരണത്തിനുമാത്രമേ ബഥനിയിൽ സ്ഥാനമുള്ളൂ എന്നാണ്.

എന്നാൽ ഇന്നത്തെ ബഥനിയുടെ ജീവിത രീതിയും പ്രവർത്തനങ്ങളും വസ്തുനിഷ്ഠമായി അവലോകനം ചെയ്താൽ ഒരുകാര്യം സമ്മതിക്കാതെ തരമില്ല. ബഥനിയുടെ വിശുദ്ധ നിയമം പ്രഖ്യാപിക്കുന്ന ആദ്ധ്യാത്മിക ദർശനം ബഥനിക്കില്ല. പലകാരണങ്ങൾ ഇതിനു ചൂണ്ടിക്കാട്ടാവുന്നതാണ്. ഒന്നാമതായി പെരുന്നാട്ടിൽ സ്ഥാപിതമായ ബഥനിയും 1930ൽ കത്തോലിക്കാ സഭയുമായി പുനരൈക്യപ്പെട്ടതിനുശേഷമുള്ള ബഥനിയും തമ്മിലുള്ള പൊരുത്തമില്ലായ്മ. പെരുന്നാട് മുണ്ടൻ മലയിൽ മലങ്കര യാക്കോബായ സഭയിൽ ഒരു പുതിയ ഉണർവ് പ്രദാനം ചെയ്യുക എന്ന ആത്യന്തിക ലക്ഷ്യത്തോടു കൂടിയാണ് ബഥനി സ്ഥാപിതമായത്. ഈ ലക്ഷ്യം അതിൻെറ പൂർണ്ണതയിൽ തന്നെ നിറവേറ്റുവാൻ ശ്രമിക്കുകയായിരുന്നു ബഥനിയുടെ ലക്ഷ്യം. ഈ ലക്ഷ്യപ്രാപ്തിയിൽ ചുരുങ്ങിയ കാലം കൊണ്ട് വളരെയധികം പുരോഗമിക്കുവാൻ പെരുന്നാട്ടിലെ ബഥനിക്കു സാധിച്ചു. അതുകൊണ്ടു തന്നെയാണ് മാൽസര്യത്തിലും കലഹത്തിലും കഴിഞ്ഞിരുന്ന യാക്കോബായ സഹോദരങ്ങൾ അവരുടെ ആദ്ധ്യാത്മിക ജീവിത നവീകരണത്തിനു വേണ്ടി ബഥനിയിലേക്ക് ആദ്യകാലങ്ങളിൽ കൂട്ടംകൂട്ടമായി വന്നിരുന്നത്. ചരിത്രം സാക്ഷിക്കുന്ന വസ്തുതയാണിത്. എന്നാൽ 1930 നു ശേഷം കത്തോലിക്കാസഭയുമായി പുനരൈക്യപ്പെട്ടപ്പോൾ പഴയരീതിയിലുള്ള 'പുതുജീവൻ ജനങ്ങൾക്കു വാഗ്ദാനം ചെയ്യുന്ന ഒരു സിരാകേന്ദ്രമാണ് എന്ന രീതിയിലല്ല ബഥനിയുടെ പ്രവർത്തനം. കാരണം പുനരൈക്യത്തിൻെറ ആദ്യകാലങ്ങളിൽ മലങ്കര കത്തോലിക്കാസഭയുടെ മാതാവായ ബഥനിക്ക് തൻെറ ഏകമകളെ പാലൂട്ടി വളർത്തേണ്ട ഉത്തരവാദിത്വം ഉണ്ടായിരുന്നു. ഒരു സന്യാസി സമൂഹം എന്നതിനേക്കാൾ സഭയുടെ വികസനത്തിനുവേണ്ടി സഭാപ്രവർത്തനങ്ങളിൽ പൂർണ്ണമായും സഹകരിക്കേണ്ടിവന്നു. ഇപ്രകാരമുള്ള പ്രവർത്തനങ്ങളുടെ ഇടയിൽ ആർഷഭാരത ദർശനങ്ങളോടുള്ള ക്രിയാത്മകമായ സമീപനം സ്വീകരിക്കാൻ ബഥനിക്ക് കഴിയാതെപോയി. ഇന്നും ഈരീതിയിൽ നിന്നും ബഥനി വിമോചിതയല്ല.

രണ്ടാമതായി ഇന്നത്തെ ബഥനിയെ വിലയിരുത്തുമ്പോൾ ഒരു സത്യം വളരെവ്യക്തമാണ്. ഭാരതീയ ദർശനങ്ങളിൽ അറിവും അനുഭവവുമുള്ള വ്യക്തികൾ വളരെചുരുക്കമാണ്. കാരണം, "പാശ്ചാത്യവല്ക്കരിക്കപ്പെട്ട ഭാരതീയ സംസ്കാരാസ്വാദകരായിട്ടാണ് നാമിന്ന് വളർന്നുവരുന്നത്. നമ്മുടെചിന്തയും പഠനവുമെല്ലാം പാശ്ചാത്യരീതിയിൽ ആണ്"*. കാലത്തിൻെറ വികസനത്തിനൊത്തുയരാൻ ബഥനിക്കു കഴിഞ്ഞിട്ടില്ല. പലകാരണങ്ങൾ ഇതിനു ചൂണ്ടിക്കാണിക്കാവുന്നതാണ്.

## നാളത്തെ ബഥനിയുടെ ആർഷഭാരത വീക്ഷണങ്ങൾ

നാളത്തെ ബഥനിയുടെ ആർഷഭാരത സ്വാംശീകരണത്തെപ്പറ്റി പൂർണ്ണമായി പ്രവചിക്കുവാൻ പ്രയാസമാണ്. എങ്കിലും കൂടുതൽ ആഴത്തിലുള്ള ആർഷഭാരത ദർശനം സ്വാംശീകരിച്ചെടുക്കുവാനുള്ള ചില നിർദ്ദേശങ്ങൾ മാത്രം ചൂണ്ടികാണിക്കാം. ഒന്നാമതായി ആർഷ ഭാരതത്തിൻെറ അന്ത:സത്തയായ "സാക്ഷാത്കാരം" നാം സ്വന്തമാക്കിയതിനുശേഷം പ്രവർത്തന മണ്ഡലങ്ങളിലേക്കിറങ്ങിചെല്ലണം. സാധാരണ സംഭവിക്കാറുള്ളത് തിരിച്ചാണ്. പൂർണ്ണമായ ഒരു ദർശനമില്ലാതെ, ജീവിതത്തിൻെറ അധിനാഥനായ ക്രിസ്തുവിനെ സ്വീകരിക്കാതെ പ്രവർത്തനങ്ങളിൽ മുഴുകുന്ന രീതിയിൽനിന്നു നാം പിൻതിരിയേണ്ട സമയം വൈകിപ്പോയി. ആദ്യമായി "ദൈവത്തിൻെറ രാജ്യവും നീതിയും സ്വന്തമാക്കുക". അപ്പോൾ നാം ലോകത്തിൻെറ ബന്ധങ്ങളിൽനിന്നും വിമോചിതരായ വ്യക്തികളായിമാറും.

---

* ബഥനി സന്യാസി സമൂഹത്തിൻെറ വി. നിയമം. അ: 1 No. 4 [iii]

www.malankaralibrary.com

ഭാരതത്തിൽ ക്രസ്തുവിനു സാക്ഷ്യം വഹിക്കാൻ ഭാരതീയരുടെ വിചാരവികാരങ്ങൾ ഉൾക്കൊണ്ടു കൊണ്ട് ക്രിസ്തുവിൻെറ ദീപം ജീവിതത്തിലൂടെ പ്രകാശിപ്പിക്കുവാൻ വിളിക്കപ്പെട്ടവരാണ് നമ്മൾ. നമ്മുടെ ചിന്തയും ജീവിതവും, പ്രാർഥനയും, സാധനയും ഒക്കെ ഭാരതത്തിലെ നമ്മുടെ സാധാരണ ക്കാരായ സഹോദരങ്ങൾക്ക് ആസ്വാദ്യകരമാണോ എന്നു വിശകലനം ചെയ്തുനോക്കണം. അല്ലെങ്കിൽ എവിടെയാണ് നമുക്ക് തെറ്റുപറ്റിയിരിക്കുന്നത് എന്ന് കണ്ടുപിടിക്കണം.

എന്താണ് ആർഷഭാരത സംസ്കാരം എന്നും, ആദിയിൽ ബഥനി സ്വാംശീകരിച്ചെടുത്തവ എന്തൊക്കെ ആണെന്നും ഇന്ന് അവ എപ്രകാരം നമ്മുടെ ജീവിതത്തിന് ഉതകുമെന്നും നാം വിശകലനം ചെയ്യണം. ഇവിടെ പ്രധാനമായും നമുക്കു ചെയ്യാവുന്നത് ഭാരതീയ ദർശനങ്ങളെപറ്റിയും നമ്മുടെ സമൂഹത്തിൻെറ ആദ്യകാല ജീവിതരീതികളെ പറ്റിയുമുള്ള ബൗദ്ധികമായ അറിവാണ്. ഈഅറിവ് നേടിയെടുക്കാൻ വ്യക്തികളെ ഒരുക്കണം.

പെരുന്നാട് ബഥനിയെയും ഇന്നത്തെ നമ്മുടെ ആശ്രമങ്ങളെയും പഠിച്ചാൽ ഒരുകാര്യം വ്യക്തമാണ്. അന്നത്തെ ബഥനി ഭാരതീയ സന്യാസിമാരുടെ വനാന്തരങ്ങളിലെ ചെറിയ കുടിലുകളെ ദ്യോതിപ്പി ക്കുന്ന ഒന്നായിരുന്നു. ഏകാന്തതയിൽ ലളിതമായി കെട്ടിയുണ്ടാക്കിയ ഒരു ചെറിയ കുടിൽ. നമ്മുടെ ഇന്നത്തെ ഭവനങ്ങളോ? നമ്മൾ പണിതുയർത്തുന്ന ഭവനങ്ങൾ മണിമാളികകളാകാതെ ലളിതമായ രീതിയിൽ പണിയുവാൻ നമ്മുക്കു കഴിയുകയില്ലേ? തപസ്സിൻെറയും ഏകാന്തതയുടേതുമായ ഒരന്തരീക്ഷം ആ ഭവനങ്ങളിൽ സംജാതമാക്കാൻ നമുക്കു കഴിയുകയില്ലേ?

ദൈവശാസ്ത്രതലത്തിലുള്ള ഒന്നുചേരൽ നമുക്കാവശ്യമായിട്ടുണ്ട്. ഭാരതത്തിൻെറ ആദ്ധ്യാത്മിക സമ്പത്തും ക്രൈസ്തവ മൂല്യങ്ങളുമായി എങ്ങനെ ഒന്നു ചേർന്നുകൊണ്ട് ഭാരതീയ ക്രൈസ്തവ ദൈവശാസ്ത്രത്തിന് രൂപം കൊടുക്കാം. ഈ കാലഘട്ടത്തിൻെറ മുറവിളിയാണിത്. ഈ വെല്ലുവിളി സ്വീകരിക്കാനുള്ള ആദ്യത്തെ കടമ ബഥനിയുടേതാണ്. കാരണം ഭാരതത്തിൽ, ഭാരതീയനാൽ, ഭാരതത്തിനു വേണ്ടി സ്ഥാപിക്കപ്പെട്ട സമൂഹമാണവൾ. വാക്കുകളിലൂടെ ആ സംരംഭത്തിനുത്തരം നല്കാൻ നമുക്കു കഴിയുകയില്ല. ഇതിന് തുറന്നമനോഭാവവും അറിവും അനുഭവവും ഉള്ള വ്യക്തികളെയാണാവശ്യം. ഇന്നത്തെ ബഥനിയുടെ ഏറ്റവും അടിസ്ഥാനപരമായ ആവശ്യവും ഇതു തന്നെയാണ്. ഇതിന് ബഥനി മക്കൾ മുൻകൈ എടുക്കണം. ഒരു വെല്ലുവിളിയായി ഇതിനെ സ്വീകരിക്കണം. സമൂഹാംഗങ്ങളുടെ ഉത്തരവാദിത്വമായി ഇതുമാറണം.

---

*** ആബോഗീവർഗീസ്; ബഥനി ഭാരത സഭയിൽ - തൈക്കൂട്ടത്തിൽ p.180**

www.malankaralibrary.com



ഫാ. വി. കിളിച്ചിമല

# സന്യാസാഭിമുഖ്യവും മലങ്കരയുടെ പ്രതികരണവും

"വിവാഹജീവിതം അപകർഷമാണോ?"

"ഒരിക്കലുമല്ല. വിവാഹം വിശുദ്ധകൂദാശയാണ്"

"വൈദികനു വിവാഹജീവിതം ആകാമോ?"

"ആകാം. പക്ഷേ ഇടവകയുടെ വളർച്ചയ്ക്ക് ബ്രഹ്മചാരിയായ പുരോഹിതനാണ് അഭികാമ്യം"

"വിവാഹിതനായ പുരോഹിതനും ബ്രഹ്മചാരിയായ പുരോഹിതനും തമ്മിൽ അന്തരമെന്ത്?"

"വിവാഹിതനു പുരോഹിതനാകാം. എന്നാൽ ബലി വസ്തുവായിത്തീരുക എളുപ്പമല്ല."

ഒരേസമയം ബലിയർപ്പകനും ബലിവസ്തുവുമാകുന്ന പുരോഹിതന്മാർ വേണമെന്നാണ് മാർ ഈവാനിയോസ് അഭിലഷിച്ചത്. അത്തരം മാറ്റം മലങ്കരയിൽ വരുത്തുന്നതിനാണ് തത്രപ്പെട്ടത്. അതിനു വേണ്ടി പ്രാർത്ഥിച്ചു. വിചാരധാരയിൽ മുഴുകി പ്രവർത്തിച്ചു.

## അദ്ദേഹം പ്രാർത്ഥിച്ചു

"മിശിഹാകർത്താവേ, ലോകത്തെപരിത്യജിച്ചു അവിടുത്തെ അനുഗമിക്കുവാൻ ഒരുമ്പെടുന്നവരെ അനുകമ്പയോടുകൂടി കടാക്ഷിക്കേണമേ. ജീവിത രണത്തിൽ അഭിമുഖീകരിക്കുന്ന ക്ലേശങ്ങളിൽ നിന്നു അവരെ മോചിപ്പിക്കുവാൻ തിരുമനസ്സുണ്ടാകേണമേ. സന്യാസത്വത്തിലേക്കായി അവിടുന്നു പ്രേമപൂർവ്വം തിരഞ്ഞെടുത്തവരെ സകലവിധമായ അന്ധതകളിൽ നിന്നും തടസ്സങ്ങളിൽ നിന്നും സ്വതന്ത്രരാക്കണമേ. സംഭാഷണത്താലും സംസർഗ്ഗത്താലും അവിടുത്തെ സ്നേഹമാകുന്ന പരിമളത്തെ ലോകമെങ്ങും വ്യാപിപ്പിക്കുന്നതിനായി അവരെ നിയോഗിക്കേണമേ. ത്യാഗത്തെ വ്രതമായും, ദാരിദ്ര്യത്തെ ശിരോലങ്കാരമായും സ്വീകരിക്കത്തക്ക സൽബുദ്ധി അവരിൽ ഉറപ്പിക്കേണമേ. അവരുടെ ഹൃദയങ്ങളിൽ അവിടുത്തെ പ്രതിച്ഛായ പ്രതിഫലിപ്പിക്കുമാറാകണമേ. (ഗിരിദീപം ബഥനി പ്രസിദ്ധീകരണം).

## വിചാരധാര

സെറാമ്പൂർവാസകാലത്താണ് ഈ വിചാരധാര അദ്ദേഹത്തിൽ മുളച്ചു വളർന്നത്.

### a) അഭ്യുദയത്തിനു വേണ്ടകാര്യം

ദൈവസേവനത്തെ ജീവിത പ്രമാണമാക്കിയവരും ദൈവഭക്തിയിൽ പരിപോഷിപ്പിക്കപ്പെടുന്നവരും ആയ കുറെപ്പേരെ തിരഞ്ഞെടുത്തു രൂപീകരിക്കപ്പെടുന്ന ഒരു സ്ഥാപനം കൊണ്ടു മാത്രമേ സുറിയാനി സമുദായത്തിനു യഥാർത്ഥമായ

www.malankaralibrary.com

അഭ്യുദയവും സുവിശേഷപ്രചാരണ വേലയ്ക്ക് വാസ്തവമായ ഫലപ്രാപ്തിയും ഉണ്ടാവുകയുള്ളു (Ibid P. 59).

## b) എന്തും ത്യജിക്കുന്നവരുടെ സമൂഹം

"ദൈവഹിതം എന്തുതന്നെയായിരുന്നാലും അതിനായി സ്വരാജ്യത്തേയോ സ്വജനങ്ങളേയോ ഉപക്ഷിക്കേണ്ടിവന്നാൽ പോലും അവയ്ക്കൊക്കെ സന്നദ്ധമായി, സുവിശേഷപ്രചരണാർത്ഥം വരാവുന്ന ക്ലേശങ്ങളെല്ലാം അവഗണിച്ചു ദൈവത്തെമഹത്വപ്പെടു ത്തിക്കൊണ്ടു ജീവിപ്പാൻ നമ്മെയും ശിഷ്യന്മാരെയും പ്രാപ്തരാക്കണമേ എന്നായിരുന്നു നാം അപേക്ഷിച്ചു വന്നത്" (Ibid. P.60)

## c) ലോകത്തിനുമരിക്കയും സ്വയം പരിത്യജിക്കയും.

ത്യാഗം കൊണ്ടല്ലാതെ അനന്യസാധാരണ മായ ദൈവസാമിപ്യം ലഭിക്കാവതല്ല. ഗോഗുൽത്താമല മേൽ കാണപ്പെടുന്ന സ്വയപരിത്യാഗത്തിന്റെ അച്ഛസ്പടികമായ മാതൃക അവന്റെ ഉള്ളിൽ പ്രതിഫലി ക്കണം. സ്വകുടുംബത്തെയെന്നല്ല, സ്വരാജ്യത്തെ യെന്നല്ല, ലോകത്തെത്തന്നെ അവൻ ഉപേക്ഷിക്കണം. ലോകത്തിനു മരിക്കയെന്നുള്ളതും സ്വയപരിത്യാഗ മെന്നുള്ളതും ഒന്നുതന്നെയാണ്. സകലതും ഉപേക്ഷിച്ച് ഞങ്ങൾ നിന്റെ പിന്നാലെ വന്നിരിക്കുന്നു എന്നു പറയാൻ തക്കവണ്ണം മനഃശക്തിയും ദൈവാനുഗ്രഹവും ലഭിച്ചവരത്രേ ദൈവത്തെ സമ്പാദിച്ചവർ. അവരാലത്രേ ലോകത്തിനു യേശുമിശിഹായെ അറിയാൻ കഴിഞ്ഞിട്ടുള്ളത്". (Ibid. 62)

## d) സന്യാസിയുടെ പരമാനന്ദം

"പരിത്യാഗത്തെ അതിന്റെ അക്ഷരപ്രകാരം ആഭ്യന്തരമായും ബാഹ്യമായും നിവർത്തിക്കുവാൻ അയാൾക്കുമാത്രമേ കഴിവുണ്ടാകയുള്ളു. ഒരു സന്യാസിക്കു ധനം, ബഹുമതി, പൊതുജനസമ്മതം എന്നീ പദങ്ങൾ അപമാനം, ദാരിദ്ര്യം, ദുഷ്കീർത്തി എന്നിവയുടെ പര്യായങ്ങൾ മാത്രമത്രേ. ലോക ദൃഷ്ടിയിൽ ബുദ്ധിഹീനനും ഭ്രാന്തനുമായിത്തീരുമ്പോൾ ഒരു സന്യാസി പരമാനന്ദം അനുഭവിക്കുന്നു." (Ibid. P. 62)

## e) അരക്കിട്ടുറപ്പിച്ച തീരുമാനം

"സ്വയമേവ തങ്ങളെത്തന്നെ ദൈവത്തിനായി പ്രതിഷ്ഠിക്കപ്പെട്ടിട്ടുള്ള സന്യാസികളടങ്ങിയ ഒരു സമൂഹം തന്നെയാണ് വേണ്ടതെന്നും ദൈവതിരുവിഷ്ടം അതാണെന്നും അതിനാൽ **അതാണ് ജീവിതാദർശ മായിരിക്കേണ്ടതെന്നും അതിനായിട്ടുവേണം** ശിഷ്ടായുസ്സിനെ വിനിയോഗിപ്പാനെന്നും നാം ദൈവകൃപയെ അവലംബിച്ചുകൊണ്ടു നിശ്ചയിച്ചു". (Ibid. P.62)

## f) അനർഘനിധിയുടെ ലബ്ധി

"ഒട്ടധികം ദിവസങ്ങളിലെയും മാസങ്ങളിലെയും പര്യവേക്ഷണങ്ങളുടെയും പര്യാലോചനകളുടെയും പ്രാർത്ഥന, വി. കുർബ്ബാന എന്നിവയുടെയും ഫലമായി ദൈവത്തിൽ നിന്നു ലഭിച്ച പ്രസ്തുത ആദർശത്തെ ഒരു അമൂല്യ നിധിയെന്ന വണ്ണം വിലമതിക്കയും അതിനെ വ്യാപാരം ചെയ്യാനുള്ള പരിജ്ഞാനത്തെ തേടുവാൻ ഉദ്യമിക്കയും ചെയ്തു". (Ibid. P.62)

## ലക്ഷ്യാധിഷ്ഠിതപ്രവർത്തനം

## a) ആശയരൂപീകരണം

"ആശ്രമ സ്ഥാപനപ്രതിഷ്ഠയ്ക്കു പരിചയം വേണം, പരിജ്ഞാനം സമ്പാദിക്കണം. അതിനു വേണ്ടിയായിരുന്നു ശ്രമം. ഉത്തരേന്ത്യയിൽ കത്തോലി ക്കരുടെയും ഹൈച്ചർച്ചുകാരുടെയും ആശ്രമങ്ങൾ പലതുണ്ട്. അവ സന്ദർശിച്ച് അദ്ധ്യക്ഷന്മാരുമായി അലോചിച്ചു. സന്യാസജീവിതത്തേയും സന്യാസാശ്രമ നിബന്ധനകളേയും പ്രതിപാദിക്കുന്ന പുസ്തകങ്ങൾ വരുത്തി വായിച്ചു". (Ibid. P.67)

## b) മാർ ദിവന്യാസോസിന്റെ അനുവാദം.

"ഇതിലേക്കു വലിയ തിരുമേനിയുടെ അനുവാദവും ആശീർവാദവും അപരിഹാര്യമാണെന്നു നമുക്കുതോന്നിയതിനാൽ ലഘുതരങ്ങളായ ചില

www.malankaralibrary.com

സന്യാസ പരിശീലനചര്യകൾ തിരുമനസ്സിലേക്കു നാം എഴുതി അയയ്ക്കുകയും അവ അനുഷ്ഠിപ്പാൻ അനുവാദം അപേക്ഷിക്കുകയും ചെയ്തു. തിരുമനസ്സുകൊണ്ടു അനുഗ്രഹപൂർവ്വം നമ്മുടെ അപേക്ഷയെ അനുവദിക്കുകയും ചെയ്തു". (Ibid)

## c) ബഥനി നാമധേയം

പറ്റിയ പേരു സന്യാസപ്രസ്ഥാനത്തിനു വേണമെന്നായി. സ്ഥാപകപുരുഷൻ പറയുന്നു. "ഒരു ദിവസം ഇതിനെക്കുറിച്ചു ചിന്തിച്ചുകൊണ്ടിരിക്കവേ വേദപുസ്തക നിഘണ്ടു എടുത്തു നോക്കേണ്ടതായി വന്നുകൂടി. അപ്പോൾ നമ്മുടെ ദൃഷ്ടിയിൽപെട്ടത് ബഥനി എന്ന പദമായിരുന്നു. ബഥനി എന്നത് നമ്മുടെ ആശ്രമത്തിന് അനുയോജ്യമായതും അർത്ഥവത്തായതുമായ നാമധേയമാണെന്നും നമുക്കു ബോധ്യം വന്നു". (Ibid. P.75)

## d) കുത്തഴിഞ്ഞിടത്തു കുത്തൊഴുക്ക് ഏശാത്തസ്ഥിതി

മിശിഹാതമ്പുരാനെ അനുകരിക്കുന്നവനാണ് ആശ്രമസ്ഥൻ. സമുദായത്തിന്റെ വഴക്കിലോ വിപ്ലവത്തിലോ അവൻ പ്രവേശിച്ചിട്ടു കാര്യമില്ല. സമുദായത്തിന്റെ ഏതൽക്കാലനിലയിൽ സാരവത്തായ പലതും അവ്യക്തവും പരാധീനവുമായി കിടക്കുന്ന അവസ്ഥയിൽ ബഥനിസ്ഥാപനം സ്വതന്ത്രമായി രൂപപ്പെടുത്തി. ദൈവത്തിന്റെ മഹത്വത്തിനും പരോപകാരാർത്ഥങ്ങളായ സുകൃതങ്ങൾക്കും സർവോപരി സുവിശേഷപ്രചാരണത്തിനും വേണ്ടി യത്നിക്കുക അവശ്യം ആവശ്യമാകയാലും ആവിധത്തിൽ പരിശ്രമിക്കുക തന്നെയാണ് വേണ്ടതെന്നു നാം തീരുമാനിച്ചു" (Ibid 176/7)

## ബഥനി പ്രശംസിക്കപ്പെടുന്നു

മുണ്ടൻ മലയിലെ ബഥനി ഉയർത്തിയ ആകർഷകത്വം ശ്രീ. കെ. സി. മാമ്മൻ മാപ്പിള വെളിപ്പെടുത്തുന്നു. "ക്രൈസ്തവലോകത്തിന്റെയെന്നല്ല, ഇതരമത വിഭാഗങ്ങളുടെയും സവിശേഷമായ ശ്രദ്ധയേയും ആദരവിനേയും ആകർഷിച്ച ബഥനി പ്രസ്ഥാനം ഒരു സാമൂഹിക കോളിളക്കം തന്നെ ഉണ്ടാക്കിയതാണ്. എം.എ.അച്ചൻ കാവി വസ്ത്രവും മൺചട്ടിയുമായി മഹാകവി ടാഗോറിന്റെ വിശ്വഭാരതിയേയും മഹാത്മാ ഗാന്ധിയുടെ സബർമതി ആശ്രമത്തെയും അനുസ്മരിപ്പിക്കുന്ന റാന്നിയിലെ ബഥനിക്കുന്നിൽ ആസ്ഥാന മുറപ്പിച്ചപ്പോൾ സമുദായ ഭക്തന്മാർക്ക് അതൊരു തീർത്ഥാടനകേന്ദ്രമായിത്തീർന്നു. എന്തു വന്നാലും മടിശീലകൾ അഴിക്കാത്ത ഭൂതം കാക്കുന്ന നിധി പോലെ ദ്രവ്യം സൂക്ഷിക്കുന്ന പിശുക്കന്മാർപോലും ആബോ ഗീവറുഗീസിന്റെ ജീവിതരീതിയിലും വാഗ്വൈഭവത്തിലും അകപ്പെട്ടു പണം വാരിക്കോരി സംഭാവന ചെയ്യുന്നു". (മലയാള മനോരമ, 1953 ജൂലൈ 17)

## മലങ്കര റീത്തു അംഗീകരിപ്പിക്കുമ്പോഴും സന്യസ്തതയ്ക്കു മുൻ തൂക്കം

പൗരസ്ത്യ സഭകളിൽ വൈദികർക്കു വിവാഹജീവിതം അനുവദിക്കുന്നുണ്ട്. വിവാഹിത പുരോഹിതന്മാരാണ് മലങ്കരയിലുണ്ടായിരുന്നത്. മാർ ഈവാനിയോസ് ആഗ്രഹിച്ചിരുന്നെങ്കിൽ പട്ടക്കാർക്കു വിവാഹജീവിതം അനുവദനീയമാകുന്ന മലങ്കര റീത്തു ലഭ്യമാകുമായിരുന്നു, പലരും അതിനുകൂടുതൽ താല്പര്യം കാണിക്കുമായിരുന്നു. എന്നാൽ മാർ ഈവാനിയോസിന്റെ സന്യാസപ്രതിബദ്ധതയാണ് വൈദിക ബ്രഹ്മചര്യംഈറീത്തിൽ നിർബന്ധിതമാക്കിയത്.

സന്യാസികളെപ്പോലെ യാമപ്രാർത്ഥന, നോമ്പ്, വർജ്ജന, ഉപവാസം എന്നിവയുടെ അനുഷ്ഠാനം പ്രായശ്ചിത്താരൂപിയോടെ കുമ്പിടൽ, മെത്രാൻ ധരിക്കുന്ന മസ്നപ്സാ (ശിരോവസ്ത്രം) ഞായറാഴ്ചകളിലും പെരുനാളുകളിലും കൂട്ടം ചേർന്നുള്ള കാനോനികപ്രാർത്ഥന, എല്ലാം സന്യാസബന്ധിതമായ ആധ്യാത്മികതയാണ് സൂചിപ്പിക്കുന്നത്. സന്യാസവും വൈദിക ബ്രഹ്മചര്യവും ഇവിടെ പ്രോത്സാഹിപ്പിക്കപ്പെടണമെന്നുള്ള ആ സഭാസ്നേഹിയുടെ തീരുമാനത്തിനു നിദാനമിതാണ്.

www.malankaralibrary.com

## അടുത്തറിഞ്ഞവരും അല്ലാത്തവരും

മാർഈവാനിയോസിന്റെ സന്യാസാഭിമുഖ്യം അടുത്തറിഞ്ഞവരുണ്ട്. ആസന്യാസപ്രകാശം മലങ്കരയ്ക്ക് നഷ്ടമായതിൽ അവർ വേദനിച്ചു. അങ്ങനെ വിങ്ങിപ്പൊട്ടിയവരിൽ ഒരുവനാണ് സമുദായഭക്തനായ റിട്ട.ജഡ്ജി. ശ്രീ. എ. പിലിപ്പോസ്. ബഥനി ജനയിതാവിന്റെ സന്യാസതീവ്രത മനസ്സിലാക്കാഞ്ഞവർ അദ്ദേഹത്തെ ഭത്സിച്ചു.

## a) അസ്തംഗത പ്രബുദ്ധത

ബഥനി സമൂഹത്തിന്റെ വേർപിരിയൽ മലങ്കരയിൽ ഉളവാക്കിയ മാന്ദ്യം ഏറെയാണ്. ശ്രീ. പിലിപ്പോസ് ജഡ്ജി വട്ടശ്ശേരി തിരുമേനിക്കു എഴുതിയ കത്തിൽ വിലപിക്കുന്നു. "ഈ സഭയിൽ ചൈതന്യത്തിന്റെ ഒരു വലിയ ദീപം അദ്ദേഹം (മാർഈവാനിയോസ്) പോയതോടുകൂടി കെട്ടിരിക്കുന്നു. വി. കൂദാശകൾ വഴി ദൈവത്തിന്റെ കൃപയെ ആസ്വദിക്കുന്നതിന് അദ്ദേഹം ഈ സഭയിൽ പലരേയും വഴി കാണിച്ചിട്ടുണ്ട്. അങ്ങനെ അദ്ദേഹത്തിനു വഴികാണിക്കാൻ സാധിച്ചത് പല സ്ഥലങ്ങളിലും ബഥനിപ്പള്ളികൾ സ്ഥാപിച്ചു, സന്യാസിപ്പട്ടക്കാരെ കർമ്മാനുഷ്ഠാനങ്ങൾക്കു നിയമിച്ചു, ഭക്തിയോടും ക്രമമായും വി. കൂദാശകൾ നടത്തിക്കൊടുക്കുന്നതിന് മാർഗ്ഗമുണ്ടാക്കിയതു കൊണ്ടാകുന്നു. ആമാർഗ്ഗം തിരുമേനി അടച്ചു കളഞ്ഞത് അദ്ദേഹത്തിനു തന്നെത്താൻ ചിന്തിക്കുന്നതിനും കാതോലിക ഐക്യത്തിലല്ലാതെ ഈ സഭയ്ക്കു നന്മയുണ്ടാകാൻ കഴിയില്ലെന്നുള്ള ബോധത്തെ വെളിവായി അദ്ദേഹത്തിനു കാണിക്കുന്നതിനും സഹായിച്ചിട്ടുണ്ട്" (എ. പിലിപ്പോസ്, കാതൊലിക പുനരൈക്യചിന്തകൾ, പേജ് 149)

**ദൈവത്തിന്റെ വിളിയോ തിരുമേനിയുടെ വിളിയോ ഏതിനെയാണ് അനുകരിക്കേണ്ടത് എന്നുള്ള ഘട്ടം വന്നപ്പോൾ ദൈവത്തിന്റെ വിളിയെയാണ് അനുകരിക്കേണ്ടത് എന്ന് അദ്ദേഹം തീർച്ചപ്പെടുത്തിയതു വഞ്ചനയാണെങ്കിൽ ആപേരിനു അദ്ദേഹം അർഹനാണ്**

## b) ദീപയഷ്ടി കെട്ടു.

സന്യാസിപ്രസ്ഥാനം കിളർത്തിയ ദീപയഷ്ടി കെട്ടു പോയെന്നു ആ ചിന്തകൻ തുടർന്ന് എഴുതുന്നു. വി. കൂദാശകൾ ദൈവത്തിന്റെ കൃപാമാർഗ്ഗങ്ങളാണെന്നു തെളിച്ചുകാണിക്കുന്ന ദീപയഷ്ടി അദ്ദേഹത്തിന്റെ (മാർ ഈവാനിയോസിന്റെ) വേർപാടോടുകൂടി അണഞ്ഞിരിക്കുന്നതിനെ ഇനിയും ആരു തന്നെ ഈ സഭയിൽ കത്തിച്ചാലും അതു കാതോലിക ഐക്യത്തിലേക്കു വഴിനടത്തുകയേയുള്ളു".(Ibid P.149)

## c) സ്വയം മറന്നുദൈവമഹത്വപ്രവർത്തനം

അനുഭവൈകവേദ്യതയുടെ പാഠം വട്ടശ്ശേരിത്തിരുമേനിയുമായി പങ്കുവക്കാൻ ശ്രീ. പീലിലോസ് മടിക്കുന്നില്ല. "അടിയൻ ഏകദേശം ഒരു മുപ്പതു വർഷക്കാലം അദ്ദേഹത്തെ (ബഥനിത്തിരുമേനിയെ) പലവിധത്തിൽ അടുത്തറിയും. അതുകൊണ്ടു അടിയനുതന്നെ അദ്ദേഹത്തെക്കുറിച്ചു സ്വന്തമായൊരഭിപ്രായം ഉണ്ടാകാൻ മാർഗ്ഗമുണ്ടായിട്ടുണ്ട്. നന്മയ്ക്കും ദൈവമഹത്വത്തിനുമായി തന്നെത്താൻ മറന്നു പ്രവർത്തിക്കാനും ദൈവത്തിന്റെ തൃക്കൈകളിൽ ഉപയോഗിക്കപ്പെടാൻ തന്നെത്തന്നെ പരിപൂർണ്ണമായി വിട്ടുകൊടുപ്പാനുമുള്ള സന്നദ്ധത അദ്ദേഹത്തിന്റെ പ്രധാനലക്ഷണമാണ്". (Ibid p.147)

## d) ഗുരുസ്നേഹവും ദൈവസ്നേഹവും ആന്തരികസംഘർഷം.

മാർ ഈവാനിയോസിന്റെ മേൽ വഞ്ചനക്കുറ്റം വട്ടശ്ശേരിത്തിരുമേനി ഉയർത്തിയിട്ടുണ്ട്. ശിഷ്യന്റെ സന്യസ്ത ഹൃദയം ധരിക്കാതെയുള്ള ഗുരുവിന്റെ

www.malankaralibrary.com

നിശിത വിധി! അതിന്റെ അർത്ഥമില്ലായ്മയും ക്രൂരതയും ശ്രീ. പീലിപ്പോസ് ജഡ്ജി വെളിപ്പെടുത്തുന്നു. "തിരുമേനിയെ (വട്ടശ്ശേരിത്തിരുമേനിയെ) പലർ സ്നേഹിച്ചിട്ടുണ്ട്. ഇത്ര നിഷ്കളങ്കമായി തിരുമേനിയെ സ്നേഹിച്ച ഒരാളിനെ അടിയൻ കണ്ടിട്ടില്ല. എന്നാൽ ദൈവത്തെ ഉപേക്ഷിച്ചിട്ടു അദ്ദേഹം തിരുമേനിയെ സ്നേഹിച്ചില്ല. ദൈവത്തിന്റെ വിളിയോ തിരുമേനിയുടെ വിളിയോ ഏതിനെയാണ് അനുകരിക്കേണ്ടത് എന്നുള്ള ഘട്ടം വന്നപ്പോൾ ദൈവത്തിന്റെ വിളിയെയാണ് അനുകരിക്കേണ്ടത് എന്നദ്ദേഹം തീർച്ചപ്പെടുത്തിയതു വഞ്ചനയാണെങ്കിൽ ആപേരിന് അദ്ദേഹം അർഹനാണ്. ഇത്ര കഠിനമായ ഒരു പദം തിരുമനസ്സു കൊണ്ട് അദ്ദേഹത്തെ സംബന്ധിച്ച് ഉപയോഗിക്കാൻ നിർബ്ബന്ധിക്കപ്പെട്ടുപോയതിൽ അടിയനു വളരെ ഖേദമുണ്ട്" (Ibid. P. 147,148)

## e) ലൗകിക മോഹമോ ആത്മീയദാഹമോ?

സന്യാസാരൂപി മനസ്സിലാക്കാതെ മാർ ഈവാനിയോസിന്റെ മേൽ തൊടുത്തുവിട്ട ആരോപണങ്ങൾ വേറെയുമുണ്ട്. "സ്വയം മതിപ്പും" "ലൗകികമോഹവുമാണ്" രണ്ടെണ്ണം. ഇതും മാർ ദിവന്യാസ്യോസിന്റെ കല്പനയിലുണ്ട്. ഇതിനെക്കുറിച്ച് ശ്രീ. പിലിപ്പോസ് എഴുതുന്നു. "ഇതു വെറും മിഥ്യാബോധമാണ്. തന്നെത്താനുള്ള മതിപ്പ് ഇക്കാര്യത്തിൽ അദ്ദേഹത്തെ അശേഷം പ്രേരിപ്പിച്ചിട്ടില്ല. കാതോലിക സഭയിലുള്ള മതിപ്പ് എന്ന പദം തിരുമനസ്സു കൊണ്ട് ഉപയോഗിച്ചിരുന്നെങ്കിൽ ശരിയായിരുന്നേനേ. ലൗകികമായ ആശയും ഈ സംഗതിയിൽ അദ്ദേഹത്തെ അശേഷം പ്രേരിപ്പിച്ചിട്ടില്ല. ആത്മീയബോധത്തിന്റെ പരിപൂർണ്ണത എന്നപദം അതിനുപകരം തിരുമേനി ഉപയോഗിച്ചിരുന്നെങ്കിൽ അതുശരിയായിരുന്നേനേ" (Ibid 149,150)

**പാത്രിയർക്കീസ് കാതോലിക്കായുടെ പട്ടം നിഷേധിച്ചപ്പോൾ മലങ്കരറീത്തിലൂടെ മാർപ്പാപ്പ ആ പട്ടം അംഗീകരിച്ചതാണ് കാതോലിയ്ക്കായ്ക്ക് അനുകൂലമായ കോടതി വിധി ലഭ്യമാക്കിയത്. സന്യാസപ്രസ്ഥാനത്തിന്റെ കാര്യമോ? അതിനെ വളർത്തുന്നതിനു വളക്കൂറുള്ള മണ്ണ് മലങ്കര സഭ നല്കിയില്ല. തന്മൂലമത്രേ മാർഈവാനിയോസിനെ പൂർണ്ണമായി ഉൾക്കൊള്ളാൻ മലങ്കരയ്ക്കു കഴിയാതെ പോയത്**

## മാർ ഈവാനിയോസ് മലങ്കരസഭയ്ക്കു ചെയ്ത സേവനങ്ങൾ

കാതോലിക്കാസിംഹാസനസ്ഥാപനം, മലങ്കരറീത്ത്, സന്യാസപ്രസ്ഥാനം എന്നീ മൂന്നാണ് മലങ്കരസഭയ്ക്ക് മാർ ഈവാനിയോസു ചെയ്ത മഹത്തായ സേവനങ്ങൾ. ഇവയിൽ പരമപ്രധാനം സന്യാസപ്രസ്ഥാനം തന്നെ. ഓരോന്നിനോടും മലങ്കരസഭ പ്രതികരിച്ച വിധം അറിയേണ്ടതാണ്.

1. കാതോലിക്കാസിംഹാസനത്തെ ഇരുകൈകളും നീട്ടി സ്വീകരിച്ചു.
2. മലങ്കരറീത്തിനെ പ്രത്യക്ഷമായി നിരാകരിച്ചു, പരോക്ഷമായി അതിന്റെ മധുരഫലം ആസ്വദിച്ചു.

(പരോക്ഷമായി മലങ്കരറീത്തിന്റെ മധുരഫലം ആസ്വദിച്ചു എന്നു പറയുന്നതു എങ്ങനെയാണ്?.

പാത്രിയർക്കീസ് കാതോലിക്കായുടെ പട്ടം നിഷേധിച്ചപ്പോൾ മലങ്കരറീത്തിലൂടെ മാർപ്പാപ്പ ആ പട്ടം അംഗീകരിച്ചതാണ് കാതോലിയ്ക്കായ്ക്ക് അനുകൂലമായ കോടതി വിധി ലഭ്യമാക്കിയത്)

3. സന്യാസപ്രസ്ഥാനത്തിന്റെ കാര്യമോ?

അതിനെ വളർത്തുന്നതിനു വളക്കൂറുള്ള മണ്ണ് മലങ്കര സഭ നല്കിയില്ല. തന്മൂലമത്രേ മാർഈവാനിയോസിനെ പൂർണ്ണമായി ഉൾക്കൊള്ളാൻ മലങ്കരയ്ക്കു കഴിയാതെ പോയത്.

www.malankaralibrary.com

വിവാഹിത പുരോഹിതഗണവും അവർ നടത്തുന്ന സഭാസമൂഹവും പോരേ?

ബിഷപ്പു ഷീനോടു ബന്ധപ്പെടുത്തി ഒരു സരസഫലിതമുണ്ട്. ഒരു എപ്പിസ്കോപ്പേലിയൻ വൈദികനുമായി അദ്ദേഹം സംഭാഷണം നടത്തുകയായിരുന്നു. ആംഗ്ലിക്കൻ സഭയിലെ പൗരോഹിത്യത്തിന്റെ സാധുതയെക്കുറിച്ചായിരുന്നു ചർച്ച. വിധിതീർപ്പ് എന്ന നിലയിൽ വൈദികൻ പറഞ്ഞു നിർത്തി. "നിങ്ങൾക്കു ചെയ്യാവുന്നതെന്തും എനിക്കും ചെയ്യുവാൻ കഴിയുമെന്നു ഷീൻ മെത്രാനേ, അങ്ങു സ്മരിക്കണം" മറുപടിക്കു താമസം നേരിട്ടില്ല. ഇല്ല. എല്ലാം അങ്ങേക്കു സാധിക്കയില്ല. എനിക്കു അങ്ങയുടെ ഭാര്യയെ ചുംബിക്കാൻ കഴിയും, എന്നാൽ എന്റെ ഭാര്യയെ ചുംബിക്കാൻ അങ്ങേക്കു സാധിക്കയില്ല". താൻ ബ്രഹ്മചാരിയെന്നകാര്യം ഷീൻ ഭംഗ്യന്തരേണ വ്യഞ്ജിപ്പിക്കുകയായിരുന്നു ഫലിതത്തിലൂടെ.

വൈദികവൃത്തിക്കു വിവാഹം വിലക്കപ്പെട്ടതല്ല. ജീവിത ഭദ്രത കൂറേക്കൂടി ഒരു പക്ഷേ വിവാഹിതനുകാണും. പറയത്തക്കവെല്ലുവിളിയുമവിടെയില്ല. എന്നാൽ, പള്ളിയുടെ വളർച്ചയ്ക്ക് ഏറെ പ്രയോജനം സഭാര്യനായ പുരോഹിതനല്ല, വിഭാര്യനായ പുരോഹിതനത്രേ. വൈദിക ബ്രഹ്മചര്യത്തിന്റെ പ്രയോജനം മലങ്കരയ്ക്ക് ലഭിക്കണമെന്നത്രേ മാർഈവാനിയോസ് ആഗ്രഹിച്ചത്. അദ്ദേഹം പറയുന്നു. "വിവാഹിതർക്ക് ഊർജ്ജിതമായി സുവിശേഷപ്രചാരണം നടത്തുവാൻ സാധിക്കുന്നതല്ല. വിളവിന്റെ തോതനുസരിച്ചു കൊയ്യുവാൻ കഴിയാത്തവരായി സ്വതന്ത്രന്മാരായ കുറെപ്പേരെ ഉണ്ടാക്കുന്നതുകൊണ്ടു കാര്യമായ ഫലം ലഭിക്കുമോ എന്നു സംശയിക്കേണ്ടതത്രേ "(ഗിരിദീപം 59)".

## ബ്രഹ്മചാരിവൈദികരുടെ സേവനം ലഭ്യമാകാത്ത പള്ളികളുടെ തളർച്ച

### a) ആത്മീയമേലന്വേഷണത്തിന്റെ അഭാവം

ഞായറാഴ്ചക്കുർബ്ബാനയ്ക്കു പള്ളിയിലെത്തുക, കർമ്മം തികച്ചാൽ വീട്ടിൽ പോകുക ഈ ക്രമം തുടരുന്ന വൈദികരുള്ളിടത്തു ഇടവകാംഗങ്ങളുടെ ആത്മീയമേലന്വേഷണം നഷ്ടമാകും. ഇതിന്റെ തിക്തഫലത്തെക്കുറിച്ചു ശ്രീ. പിലിപ്പോസ് ജഡ്ജി മലങ്കര സഭാഭാസുരന് എഴുതി. ആണ്ടു കുമ്പസാരവും കുർബാനയുമെങ്കിലും കഴിക്കാത്തവർ ഉണ്ടോ എന്ന് അന്വേഷിച്ചു അവരെ വികാരിമാരോ പിതാക്കന്മാരോ ഗുണദോഷിക്കുന്നുണ്ടോ? വാത്സല്യമുള്ള ഒരു പിതാവു കുഞ്ഞുങ്ങളെ എങ്ങനെ ശിക്ഷിക്കാതിരിക്കും?

ശിക്ഷിക്കാതിരിക്കുന്നത്, എങ്ങനെയെങ്കിലും ആയിക്കൊള്ളട്ടെ എന്നുള്ള ബോധത്തിൽ നിന്നും ആകുന്നു. ആത്മീയകാര്യങ്ങളിൽ വേണ്ടപോലെ മേലന്വേഷണം ഇല്ലാത്തതുകൊണ്ടു നമ്മുടെ കുഞ്ഞുങ്ങൾ, വരുവാനിരിക്കുന്ന നമ്മുടെ തലമുറ, ഭയങ്കരമായ അവിശ്വാസത്തിലും അഭക്തിയിലും വളർന്നു വരുന്നു (കാതോലിക പുനരൈക്യ ചിന്തകൾ 150,151)

### b) ഉറക്കം തൂങ്ങിപ്പള്ളി

മുഖവാരവും മണിഗോപുരവും പെരുനാളും കർമ്മാനുഷ്ഠാനവും ആവശ്യം തന്നെ. എന്നാൽ ഒരേസമയം ബലിയർപ്പകനും ബലിവസ്തുവുമായിത്തീരുന്ന ഒരു പുരോഹിതനു പകരംവെക്കാൻ പള്ളിയിൽ വേറൊന്നുമില്ല. അത്തരം പട്ടക്കാർ ആത്മീയസേവനം നടത്താൻ പള്ളിയിൽ സർവ്വദാ ഉണ്ടായിരിക്കണം. അവർ പള്ളിയിൽ താമസിക്കണം. അല്ലാഞ്ഞാലുള്ള ദോഷം ചെറുതല്ല. ഇക്കാര്യം ശ്രീ പിലിപ്പോസിനെ ചിന്താകുലനാക്കുന്നു. "പട്ടക്കാർ തിരുസഭയുടെ പട്ടാളക്കാരാകുന്നു". സഭയുടെ നന്മയെന്നുള്ളതല്ലാതെ വേറെ യാതൊരുലൗകിക മോഹങ്ങളും അവർക്കുണ്ടായികൂടാത്തതാകുന്നു. അവർ പള്ളിയിൽ താമസിച്ചു ദിവസവും വി.കുർബ്ബാന അർപ്പിക്കുന്നവരായിരിക്കണം. വിവാഹം ചെയ്തു കുടുംബ ജീവിതം നയിക്കാൻ അവരെ അനുവദിക്കുന്നതു കൊണ്ട് പട്ടത്വത്തിന്നടുത്ത ചുമതലകൾ അവരെക്കൊണ്ടു നിർവഹിക്കുവാൻ സാധിക്കുന്നില്ല. പാപബോധം വന്നിട്ടുള്ള ഒരാത്മാവു ഏതു സമയത്തെങ്കിലും കുമ്പസാരിക്കാനായി പള്ളിയിൽ ചെന്നാൽ പട്ടക്കാർ അവിടെ ഉണ്ടായിരിക്കണം. പട്ടക്കാർ പള്ളിയിൽ താമസിക്കാത്തതുകൊണ്ടു ആ ആത്മാവു കുമ്പസാരം

www.malankaralibrary.com

കഴിക്കാതെ പെട്ടെന്നു മരിച്ചു പോകുന്നതിനിടയായാൽ ആ ആത്മാവിന് ഉത്തരം പറയുന്നതാരാണ്?" (Ibid 151,152)

## c) കത്തി കൂടാതെ ക്ഷൗരമോ?

ആയുധമില്ലാതെ ആയോധനംവയ്യാ. വേദപുസ്തകം, സഭാചരിത്രം, ദൈവശാസ്ത്രം, കാനൻനിയമം സന്മാർഗ്ഗശാസ്ത്രം, മനോവിജ്ഞാനീയം തുടങ്ങിയവ യെല്ലാം വൈദികൻ വശമാക്കിയിരിക്കണം. കർമ്മാനുഷ്ഠാനപരിശീലനം കൊണ്ടു മാത്രം ഇതിനു കഴിവു ലഭിക്കയില്ല. കുടുംബഭാരത്തിന്റെ ബഹുകാര്യ വ്യഗ്രതയുള്ളവനു ആവശ്യാനുസരണം ഇവയെല്ലാം ആർജ്ജിക്കുവാൻ അവസരം കുറയും. ഇക്കാര്യം സഭാചിന്തകനായ പീലിപ്പോസു ജഡ്ജി ചൂണ്ടിക്കാട്ടുന്നു. "കാതോലിക സഭയിൽ ഒരു പട്ടക്കാരൻ എട്ടും ഒൻപതും വർഷമൊക്കെയാണ് പഠിക്കുന്നത്. മേൽ പറഞ്ഞ എല്ലാ വിഷയങ്ങളും അവർ പഠിക്കുന്നുമുണ്ട്. മേൽ പറഞ്ഞ എല്ലാ വിഷയങ്ങളും എട്ടും ഒൻപതും കൊല്ലം വീതം പഠിപ്പിക്കുന്നതിനുവേണ്ടി പുസ്തകങ്ങൾ, മല്പാന്മാർ, കെട്ടിടങ്ങൾ ഇവയെല്ലാം നമുക്കിപ്പോൾ ഇല്ലെന്നു മാത്രമല്ല ക്ഷയിച്ചും പിളർന്നും വരുന്ന നമ്മുടെ സഭയിൽ മേലിൽ ഇതെല്ലാം ശരിയാക്കാൻ സാധിക്കയുമില്ല. പിന്നീടു നടക്കുന്നതു സെറാമ്പൂർ, അമേരിക്കാ തുടങ്ങിയ സ്ഥലങ്ങളിലുള്ള പ്രോട്ടസ്റ്റൻറു വിദ്യാശാലകളിൽ പഠിച്ചു പകുതി പ്രോട്ടസ്റ്റൻറുമതവും പകുതി കാതോലിക മതവുമായി തിരിച്ചു വരികയാണ്". (Ibid. P.152)

## സന്യാസാശ്രമങ്ങളുടെ ആലക്തിക ശക്തികേന്ദ്രം


പള്ളിക്കു ശക്തിപകർന്നു കൊണ്ടു സന്യാസ മന്ദിരങ്ങൾ വേണം. സന്യാസത്വം പുഷ്ടിപ്രാപിച്ചിടത്തേ ഇതുണ്ടാകു. ഇക്കാര്യത്തിലും കരയുന്നതിനെ വഴിയുള്ളെന്നാണ് ശ്രീ. പിലിപ്പോസിന്റെ പരിഭവം. "എന്നെപ്പോലെയായിരിക്കുന്നതു നല്ലതാകുന്നു". എന്നുള്ള പൗലോസ് ശ്ലീഹായുടെ ഉപദേശത്തെ അനുസരിച്ചു ആയുസ്സു മുഴുവൻ പ്രാർത്ഥനയിലും ധ്യാനത്തിലും കഴിച്ചുകൊണ്ടു വിവാഹം കൂടാതെ ജീവിക്കണമെന്ന് ആഗ്രഹിക്കുന്ന സന്യാസികൾക്കും കന്യകകൾക്കും ജീവിക്കുന്നതിനു സൗകര്യം കൊടുക്കുന്ന കൊവേന്തകളോ കന്യകാമഠങ്ങളോ നമുക്കുണ്ടോ? കാതോലിക സഭയിൽ ഇങ്ങനെയുള്ള എത്രയോ സ്ഥാപനങ്ങൾ പരിശുദ്ധിയിൽ വിലസി ശോഭിക്കുന്നു. അങ്ങനെയുള്ള സ്ഥാപനങ്ങൾ വഴി എത്ര പരിശുദ്ധന്മാരും ശുദ്ധിമതികളും ഉണ്ടായി ആ സഭയെ അലങ്കരിച്ചിട്ടുണ്ട്". (Ibid. 153,154)

## സഭയുടെ ശക്തിഹീനതയും സന്യാസത്തിന്റെ അഭാവവും - ഒരു ദൂഷിതവലയം

ബഥനിത്തിരുമേനി കന്യകാമഠസ്ഥാപനത്തിന് അനുവാദം അഭ്യർത്ഥിക്കവേ മാർ ദിവന്ന്യാസിയോസ് കല്പിച്ച ഒരു കാര്യം ശ്രീ. പിലിപ്പോസ് ഉദ്ധരിക്കുന്നുണ്ട്. "നമ്മുടെ സഭ ശക്തിയുള്ള സഭയല്ല. ഇങ്ങനെയുള്ള സ്ഥാപനങ്ങൾ ശക്തിയുള്ള സഭകളിലേ സാധിക്കയുള്ളു. നമുക്കും ഇതൊക്കെ മുൻപുണ്ടായിരുന്നു. ദുഷിച്ചുപോയതുകൊണ്ടു പിതാക്കന്മാർ വേണ്ടെന്നു വെച്ചതാണ്". (Ibid P.154)

സന്യാസസ്ഥാപനങ്ങളെ വളർത്താനുള്ള ശക്തി മലങ്കരയ്ക്കില്ലത്രേ. തന്മൂലം മാർഈവാനിയോസിനെ ഉൾക്കൊള്ളാൻ കഴിയാതെ പോയി. സഭയുടെ ശക്തിഹീനത സന്യാസത്തിനു തടസ്സം സൃഷ്ടിക്കുകയാണോ, സന്യാസത്തിന്റെ അഭാവം സഭയെ ശക്തിഹീനമാക്കുകയാണോ എന്നതാണു ചിന്തനീയം. ഈദൂഷിത വലയത്തെ എങ്ങനെ മറികടക്കും? മാർഈവാനിയോസ് ഉയർത്തിയ ആധ്യാത്മിക, ആലക്തിക കേന്ദ്രത്തിനു വേണ്ടിയുള്ള മുറവിളി മലങ്കരയിൽ ഉയരുന്നു.

www.malankaralibrary.com



ഫാ. സാമുവൽ കാട്ടുകല്ലിൽ

# ബഥനി ഒരു പുതിയ താബോർ

ജറുസലേമിൽ നിന്നും മൂന്നു കിലോമീറ്റർ അകലെ സ്ഥിതി ചെയ്യുന്ന ഗ്രാമമാണ് ബഥനി. യേശുവിന് ഏറ്റം പ്രിയപ്പെട്ട ലാസറും, മറിയവും, മാർത്തയും താമസിച്ചിരുന്നത് ആ ഗ്രാമത്തിലാണ്. ഈ മൂന്നു വ്യക്തികളും പ്രതീകങ്ങളായി മാറുന്നു. മരിച്ച് ഉയർപ്പിക്കപ്പെട്ട ലാസർ പുനരുത്ഥാനത്തിന്റെയും, യേശുവിന്റെ പാദത്തിങ്കൽ സായൂജ്യം കണ്ടെത്തുന്ന മറിയം പ്രാർത്ഥനാ ജീവിതത്തിന്റെയും, വ്യഗ്രതയിൽ ഓടി നടക്കുന്ന മാർത്ത സ്നേഹ ശുശ്രൂഷയുടെയും ആൾ രൂപങ്ങൾ. ദീർഘ നാളത്തെ ചിന്തയുടെയും പ്രാർത്ഥനയുടെയും ഫലമായി എം.എ. അച്ചൻ ആരംഭിച്ച മിശിഹാനുകരണ സന്യാസാശ്രമത്തിന് ബഥനി എന്ന പേരു ദൈവ നിയോഗം പോലെ ലഭിച്ചു. പേരിൽത്തന്നെ ലക്ഷ്യങ്ങളും ഉൾച്ചേർന്നിരുന്നു.

## പരിഹാരം തേടി

കേരള സഭയിലെ പുത്തൻകൂർ വിഭാഗം പ്രത്യേകിച്ചും യാക്കോബായ സഭാവിഭാഗം ജീർണ്ണമായിക്കൊണ്ടിരുന്ന ഒരു കാലഘട്ടം. രണ്ടു കക്ഷിയായി തിരിഞ്ഞ് എല്ലാം മറന്ന് മത്സരത്തിലേർപ്പെട്ടു. ആദ്ധ്യാത്മികതയുടെ മേൽ ഭൗതികത വിജയം നേടി. സഭാധികാരം സേവനത്തിനെന്ന ധാരണ മിഥ്യയായി മാറി. സഭയുടെ എല്ലാത്തലങ്ങളിലും ജീർണ്ണത ബാധിച്ചു. കൂട്ടായ്മാ ജീവിതം മുതൽ ആരാധന വരെ ആദ്ധ്യാത്മിക ചൈതന്യം ചോർന്നു വിറങ്ങലിച്ചു നില്ക്കുന്ന തന്റെ സഭാമാതാവിന്റെ രൂപം ഫാ. പി.റ്റി. ഗീവറുഗീസിനെ വേദനിപ്പിച്ചു. പരിഹാരം തേടിയ അദ്ദേഹം തന്റെ സഭ അദ്ധ്യാത്മികതയിലേക്ക് മടങ്ങുകയാണു മാർഗ്ഗമെന്നറിഞ്ഞു. എങ്ങനെ സാധിക്കും?

പച്ച പിടിച്ചു നില്കുന്ന കത്തോലിക്കാ സഭയുടെ സ്രോതസ്സ് തേടിയ ഫാ. പി.റ്റി. ഗിവറുഗീസ് സന്യാസ സഭകളിലെത്തി. യാക്കോബായ സഭയുടെ ഉത്ഥാനവും സന്യാസ സഭാസ്ഥാപനത്തിലൂടെയെന്നുറച്ചു.

## ആശ്രമസ്ഥാപനം

സെറാമ്പൂരിൽ പ്രൊഫസ്സറായിരിക്കുമ്പോൾ (1913 - 1919) ആശ്രമസ്ഥാപനം പ്രാർത്ഥനയുടെയും ചിന്തയുടെയും മുഖ്യ വിഷയമായി. ഉറച്ച തീരുമാനത്തിലെത്തി, സ്ഥലവും നിശ്ചയിച്ചു. 1919-ൽ സന്യാസത്തിന്റെ സമ്പൂർണ്ണത തേടി മുണ്ടൻ മലയിലെത്തി. 1920-ലെ പെന്തക്കോസ്തി ദിനത്തിൽ ആശ്രമശ്രേഷ്ഠനുൾപ്പെടെയുള്ളവർ വ്രതവാഗ്ദാനം നടത്തി. സഭയിൽ പുതിയൊരു പെന്തക്കുസ്തിയുടെ

www.malankaralibrary.com

തുടക്കം. സന്യാസത്തിൻെറ ശക്തി മലങ്കര സഭയ്ക്കൊരു നവീന ചൈതന്യം പകർന്നു. പർണ്ണശാലയിലൂടെ ആർജിച്ച ആദ്ധ്യാത്മികതയുടെ കരുത്തുമായി ആശ്രമാദ്ധ്യക്ഷനും ആശ്രമസ്ഥരും മലയിറങ്ങി. ഇടവക സമൂഹങ്ങളിലെത്തി. ലളിത ജീവിത മാതൃകയിലൂടെ, ധ്യാന പ്രസംഗങ്ങളിലൂടെ, ആരാധന അർത്ഥപൂർണമാക്കാനുള്ള പരിശ്രമത്തിലൂടെ വിശ്വാസികളിൽ പുതിയ ഉണർവ് പകർന്നു. ബഥനിപ്പള്ളികൾ നവീകരണാനുഭവത്തിൻെറ പ്രതീകങ്ങളായി; ബഥനി വൈദികർ നവീകരണാനുഭവത്തിൻെറ വക്താക്കളും. സമ്പന്നവും ആകർഷകവുമായ ആരാധനക്രമം അനാകർഷകമായി ആന്തരിക ചൈതന്യം നഷ്ടപ്പെടുത്തിയാണ് ഉപയോഗിച്ചിരുന്നത്. ഇത് സജീവവും അർത്ഥപൂർണവുമാക്കുവാൻ അവർശ്രമിച്ചു.ആരാധനയിൽ ഐകരൂപ്യം വരുത്തുക, ഗീതാലാപം മനോഹരമാക്കുക,ദേവാലയം ആരാധനയ്ക്കനുയോജ്യമായി ക്രമീകരിക്കുക, നോമ്പുകാല പ്രാർത്ഥനകൾ ക്രമമായി നടത്തുക ഇവയിലെല്ലാം ബഥനി കാര്യമായ സംഭാവന നല്കി. ബഥനിയിൽ നടത്തിയിരുന്ന കഷ്ടാനുഭവ ആഴ്ചയിലെ പ്രാർത്ഥനകളിലും ഇതര കർമ്മങ്ങളിലും ആയിരക്കണക്കിനു വിശ്വാസികൾ പങ്കുകൊണ്ടിരുന്നു. പീഢാനുഭവ ആഴ്ചയിലെ മാർ ഈവാനിയോസിൻെറ പ്രസംഗങ്ങൾ പ്രസിദ്ധമായിരുന്നു. അനേകർ കഷ്ടാനുഭവ ആഴ്ചയിൽ ബഥനിയിലെത്തി പ്രസംഗം, നമസ്കാരം, ഉപവാസം, കുമ്പസാരം മുതലായവയിൽ ഭാഗഭാക്കായി നവീകരണാനുഭവവുമായി മടങ്ങിപ്പോയിരുന്നു. ബഥനി ഉണർത്തിവിട്ട നവ ചൈതന്യം മലങ്കര സഭയിൽ ആകമാനം പ്രവഹിച്ചു.

**സന്യാസത്തിൻെറ ശക്തി മലങ്കര സഭയ്ക്കൊരു നവീന ചൈതന്യം പകർന്നു. പർണശാലയിലൂടെ ആർജിച്ച ആദ്ധ്യാത്മികതയുടെ കരുത്തുമായി ആശ്രമാദ്ധ്യക്ഷനും ആശ്രമസ്ഥരും മലയിറങ്ങി. ഇടവക സമൂഹങ്ങളിലെത്തി. ലളിത ജീവിത മാതൃകയിലൂടെ, ധ്യാന പ്രസംഗങ്ങളിലൂടെ, ആരാധന അർത്ഥപൂർണമാക്കാനുള്ള പരിശ്രമത്തിലൂടെ വിശ്വാസികളിൽ പുതിയ ഉണർവ് പകർന്നു. ബഥനിപ്പള്ളികൾ നവീകരണാനുഭവത്തിൻെറ പ്രതീകങ്ങളായി; ബഥനി വൈദികർ നവീകരണാനുഭവത്തിൻെറ വക്താക്കളും.**

## അക്രൈസ്തവരുടെ മാനസാന്തരം

ക്രിസ്തുവിൻെറ ഭൗതിക ശരീരമായ സഭ സ്വഭാവത്താലെ പ്രേഷിതയാണ്. കെട്ടി നില്ക്കുന്ന ജലം മലിനമാകും. വിശ്വാസം മറ്റുള്ളവരിലേക്ക് ഒഴുക്കിക്കൊടുക്കുമ്പോഴാണ് കൂടുതൽ തെളിയുന്നത്. മലങ്കരയിലെ ജീർണ്ണതയ്ക്ക് ഒരു മുഖ്യകാരണം പ്രേഷിത പ്രവർത്തനത്തിൻെറ അഭാവമാണെന്ന് ഫാ. പി.റ്റി. ഗീവറുഗീസ് മനസ്സിലാക്കി. വിവാഹിതരായ വൈദികർക്ക് മിഷനറി പ്രവർത്തനത്തിന് അനിവാര്യമായ സമ്പൂർണ്ണ സമർപ്പണം അസാദ്ധ്യമാണെന്നു ബോദ്ധ്യമായ അദ്ദേഹത്തിൻെറ മുഖ്യ ലക്ഷ്യമായിരുന്നു മിഷനറി ദൗത്യം പുലർത്തുന്ന സന്യാസസമൂഹത്തിൻെറ സമാരംഭം. വ്യക്തിഗതമായ മിഷനറി പ്രവർത്തനത്തേക്കാൾ സുസംഘടിതമായ മിഷനറി സമൂഹം വഴിയുള്ള പ്രവർത്തനം ഫലദായകമാകുമെന്ന് മാർ ഈവാനിയോസിന് ബോധ്യപ്പെട്ടിരുന്നു. അങ്ങനെ പുത്തൻകൂർ സഭാവിഭാഗത്തിൽ നൂറ്റാണ്ടുകൾക്കു ശേഷം ഒരു മിഷനറി സംരംഭം പിറന്നു വീഴുന്നു. അങ്ങനെ മാർ ഈവാനിയോസിൻെറ വൈദിക മിഷനറി സംഘടന എന്ന ആശയം പൂർണ്ണ വളർച്ചയിലെത്തി.

ഇന്ത്യയുടെ മാനസാന്തരമായിരുന്നു മുഖ്യ ലക്ഷ്യം. മിഷൻ പ്രവർത്തനം മുന്നിൽ കണ്ടുകൊണ്ടാരംഭിച്ച സന്യാസസമൂഹത്തിൻെറ വേഷം തെരഞ്ഞെടുക്കുന്നതിൽപ്പോലും ഈ മിഷനറി ദൗത്യം ലക്ഷ്യം വച്ചു. കാവി വേഷം തെരഞ്ഞെടുക്കുന്നതിനുള്ള കാരണങ്ങൾ ഫാ. പി.റ്റി. ഗീവറുഗീസ്, വട്ടശ്ശേരിൽ മാർ ദിവന്ന്യാസിയോസിന് സെറാമ്പൂരിൽ നിന്ന് എഴുതിയ കത്തിൽ വ്യക്തമാക്കുന്നുണ്ട്. "വേഷം

www.malankaralibrary.com

എത്രയും ചെലവു കുറഞ്ഞതായിരിക്കണം, ഇന്ത്യയുടെ ഏതു ഭാഗത്തും ചേരുന്നതായിരിക്കണം; പരദേശികളുടേതെന്ന ആരോപണത്തിനു വകനല്കാത്തതായിരിക്കണം; ദൈവവേലക്കാരുടെ വേഷമെന്ന് എല്ലാ ജാതിക്കാർക്കും മുൻ വിധികൂടാതെ ബോധ്യപ്പെടുന്നതായിരിക്കണം; വേഷം കാണുമ്പോൾ തന്നെ ഇതരർക്ക് വെറുപ്പു തോന്നാതെ അവർ വചനം കേൾക്കുന്നതിന് അടുത്തുവരുവാൻ പ്രേരണനല്കുന്നതായിരിക്കണം; തിരുവിതാംകൂർ-കൊച്ചി രാജ്യങ്ങളെക്കാൾ അനേകമടങ്ങ് വലിപ്പമുള്ള ഒരു രാജ്യത്തെ സുവിശേഷവേലയ്ക്കു നാം ചുമതലക്കാരാണെന്നും, ലോകമെന്നാൽ മലയാള രാജ്യം മാത്രമല്ലെന്നും നമ്മുടെ ആളുകൾക്ക് ബോധ്യം നല്കുന്നതായിരിക്കണം". ബഥനി സന്യാസ വേഷത്തെപ്പറ്റി ഫാ. പി.റ്റി. ഗീവറുഗീസിൻെറ പ്രതീക്ഷ ഇപ്രകാരമായിരുന്നു. ഈ പ്രതീക്ഷകൾക്കുചിതമായ വേഷം 'കാവി' എന്നദ്ദേഹം കണ്ടെത്തി. ഭാരതത്തിലെ പ്രേഷിത പ്രവർത്തനത്തിന് ഏറ്റവും പറ്റിയ വേഷം തിരഞ്ഞെടുത്തു എന്നർത്ഥം.

ആശ്രമാദ്ധ്യക്ഷ്യൻെറ നേതൃത്വത്തിൽ അക്രൈസ്തവരുടെയിടയിൽ മിഷൻ വേല നടന്നു. പുലയർ, പറയർ, ആദിയായവരുടെ ഇടയിലെ പ്രവർത്തനം വഴിയായി തിരുമൂലപുരം, വെണ്ണിക്കുളം, തുമ്പമൺ, വടശ്ശേരിക്കര, പെരുനാട് തുടങ്ങിയ സ്ഥലങ്ങളിൽ വിജാതീയ മിഷനുകൾ ഉണ്ടായി. അങ്ങനെ അയിത്ത വിഭാഗത്തിൽപ്പെട്ടവരെ ക്രിസ്തുമതത്തിൻെറ മുഖ്യധാരയിലേക്കു കൊണ്ടുവരുവാൻ കഴിഞ്ഞു.

## ജീവകാരുണ്യ പ്രവർത്തനങ്ങൾ

വിശ്വാസം പ്രകടമാക്കേണ്ടത് പ്രവർത്തനങ്ങളിലൂടെയാണല്ലോ. സ്നേഹത്തിൽ അടിത്തറയിട്ടിരിക്കുന്ന സഭയ്ക്കു പാവങ്ങളെ അവഗണിച്ചു കൊണ്ടു പുരോഗമിക്കുക സാദ്ധ്യമല്ല. അതുകൊണ്ടു തന്നെ ജീവകാരുണ്യപ്രവർത്തനങ്ങൾ സഭയുടെ ഭാഗമാകേണ്ടതുണ്ട്. കത്തോലിക്കാ സഭയുടെ സംഘടിതമായ ജീവകാരണ്യ പ്രവർത്തനങ്ങളിൽ ഫാ. പി. റ്റി. ഗീവറുഗീസിൻെറ സവിശേഷശ്രദ്ധ പതിഞ്ഞിരുന്നു; പ്രത്യേകിച്ചു സന്യാസ സമൂഹങ്ങളുടെ നേതൃത്വത്തിൽ നടക്കുന്ന പ്രവർത്തനങ്ങൾ. അനാഥശാല, ആശുപത്രി, അച്ചടിശാല, വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഇവയൊക്കെ അദ്ദേഹത്തിൻെറ പദ്ധതിയിലുണ്ടായിരുന്നു. മുണ്ടൻ മലയിൽ സന്യാസാശ്രമത്തോടൊപ്പം അനാഥശാലയും ഫാ. പി.റ്റി. ഗീവറുഗീസ് ആരംഭിച്ചു എന്നോർക്കണം. മറ്റു പദ്ധതികളുമായി മുന്നോട്ടു പോകുവാൻ ഓർത്തഡോക്സ് സഭയിലെ അന്തരീക്ഷവും സാമ്പത്തിക ഞെരുക്കവും തടസ്സമായിരുന്നു.

മാർ ഈവാനിയോസിൻെറ ബഥനി മലയിലെ പത്തുവർഷത്തെ ആശ്രമജീവിതം യേശുവിൻെറ ജീവിതത്തിലെ താബോർ അനുഭവം പോലെയായിരുന്നു. മാർ ഈവാനിയോസിന് പുതിയ വെളിപാടുകളും ഉൾക്കരുത്തും ലഭിച്ച കാലഘട്ടം. ഉയരങ്ങളിൽ നിന്ന് കേരള സഭയെ, പ്രത്യേകിച്ച് തൻെറ സഭയെ വീക്ഷിക്കാനും വിലയിരുത്താനും കഴിഞ്ഞ അവസരം; അവിടെ നിന്നു സാർവത്രിക സഭയുടെ വിശാലതയും മഹത്വവും അദ്ദേഹം ആനന്ദത്തോടെ കണ്ടു. പുതിയ ഉൾക്കാഴ്ചകളുമായി ഉറച്ച അടിവയ്പ്പുകളോടെ മലയിറങ്ങി. ഒരു തീർത്ഥയാത്രയുടെ ആരംഭം.

## ബഥനിയുടെ ദൗത്യം കത്തോലിക്കാ സഭയിൽ

യാക്കോബായ സഭയിൽ സ്ഥാപിച്ച ബഥനി വഴി നവീകരണത്തിൻെറ പാതയിൽ ചരിച്ച മാർ ഈവാനിയോസും ആശ്രമസ്ഥരും കത്തോലിക്കാ പുനരൈക്യത്തിലെത്തി. അത് ബഥനിയോടു വിശ്വസ്തത പുലർത്തുന്നവർ എത്തിച്ചേരേണ്ട അനിവാര്യതയായിരുന്നു. കത്തോലിക്കാ സഭയിലെത്തിയതോടെ ബഥനിയുടെ മുഖ്യദൗത്യം പുനരൈക്യ പ്രവർത്തനങ്ങളായി. സഭകളുടെ ഭിന്നിപ്പ് യേശുവിൻെറ ശരീരത്തിലെ മുറിവുകളായി കണ്ട് ആ വേദന സ്വന്തമാക്കാൻ ബഥനി സന്യാസികൾ തയ്യാറായി. അതുകൊണ്ടാണ് ആവേശത്തോടെ പുനരൈക്യ പരിശ്രമങ്ങളിൽ പങ്കു ചേരാൻ വ്യക്തികളായും സമൂഹമായും അവർ മുന്നിട്ടിറങ്ങിയത്. പുനരൈക്യപ്രസ്ഥാനത്തിൻെറ പ്രാരംഭത്തിൽ ഈ സന്യാസ സമൂഹം വഹിച്ച പങ്ക് നിസ്തുലമാണ്. 1946-ൽ മാർ ഈവാനിയോസ് എഴുതിയ ഇടയ

www.malankaralibrary.com

ലേഖനത്തിൽ ഇതെടുത്തു പറഞ്ഞിട്ടുമുണ്ട്. അദ്ദേഹം എഴുതി "---ദൈവാനുഗ്രഹത്താൽ ഇന്ന് ഇത്രയും വളരാൻ ഇടയായ പുനരൈക്യ പ്രസ്ഥാനത്തിന്റെ പിള്ളത്തൊട്ടിലായിരുന്നത് ബഥനി ആശ്രമമായിരുന്നു എന്നുള്ളത് നാമേവരും കൃതജ്ഞതാപൂർവം സ്മരിക്കേണ്ടതാണ്. ഈ പ്രസ്ഥാനത്തിനു വേണ്ടി ആശ്രമാംഗങ്ങൾ നമ്മോടു കൂടെ നിസ്വാർത്ഥമായും പരിത്യാഗ ബുദ്ധിയോടും തീക്ഷ്ണതാപൂർവം സഹകരിച്ചിട്ടുണ്ട്. പുനരൈക്യ പ്രസ്ഥാനത്തിന്റെ പ്രാരംഭ ദശയിലെ പ്രത്യേക സാഹചര്യങ്ങളിലും ആവശ്യങ്ങളിലും നമുക്കും ആശ്രമസ്ഥർക്കും നേരിടേണ്ടി വന്ന പ്രയാസങ്ങൾ മൂലം ആശ്രമത്തിലെ ജീവിതക്രമം മുമ്പിലത്തെപ്പോലെ ഏകാഗ്രതയോടുകൂടെ പരിപാലിച്ചു കൊണ്ടു പോകുന്നതിനും പുതുതായി സന്യാസികളെ സ്വീകരിച്ച് പരിശീലിപ്പിക്കുന്നതിനും അവസരം ലഭിച്ചില്ല". പുനരൈക്യ പ്രവർത്തനങ്ങളിൽ ബഥനിയാശ്രമാംഗങ്ങൾ എത്രമാത്രം മുഴുകിയിരുന്നു എന്ന് ഇതിൽ നിന്ന് വ്യക്തമാകുന്നു. ഇന്ന് ബഥനി സന്യാസസമൂഹം എല്ലാ നിലയിലും എത്രമാത്രം വളർന്നിരിക്കുന്നു. പുനരൈക്യ പ്രവർത്തനങ്ങൾ ഇന്നും ബഥനി സന്യാസസമൂഹത്തിന്റെ ഒരു പ്രധാന ലക്ഷ്യം തന്നെ.

## നിരന്തര നവീകരണത്തിന്റെ സ്രോതസ്സ്

മലങ്കര കത്തോലിക്കാ സഭയിൽ നിരന്തര നവീകരണത്തിന്റെ ശക്തിയായി വർത്തിക്കാനുള്ള സവിശേഷ ദൗത്യം ബഥനിക്കുണ്ട്. സന്യാസ സമൂഹം സഭയുടെ ശക്തി സ്രോതസ്സാണല്ലോ; മലങ്കര കത്തോലിക്കാ സഭയുടേത് പ്രധാനമായും ബഥനിയും. ബഥനിയിൽ ധ്യാന മന്ദിരങ്ങളും, ധ്യാന ഗുരുക്കന്മാരും നിരവധി ഉണ്ടാകണം. ആരാധന സജീവവും അർത്ഥപൂർണ്ണവുമായി നിലനിർത്താൻ ബഥനിക്കു പ്രത്യേക ദൗത്യമുണ്ട്. മലങ്കര സഭയുടെ ദൈവശാസ്ത്രം വളർത്തിയെടുക്കാനും പഠനങ്ങൾ രൂപപ്പെടുത്താനും ബഥനിക്കു കഴിയും. സർവോപരി മലങ്കര കത്തോലിക്കാസഭയെ ഉറവിടങ്ങളിൽ ഉറപ്പിച്ചു നിർത്തുന്ന ശക്തിയായി വർത്തിക്കാനുള്ള ദൗത്യം ഇന്ന് ബഥനിയാശ്രമത്തിനുണ്ട്.

## മിഷൻ പ്രവർത്തനം

സുറിയാനി ക്രൈസ്തവരുടെയിടയിൽ കൈമോശം വന്നു പോയ മിഷ്യൻ ചൈതന്യം വീണ്ടെടുക്കാൻ മലങ്കര കത്തോലിക്കാ സഭയ്ക്ക് കഴിഞ്ഞു. മലങ്കര കത്തോലിക്കാ ഹയരാർക്കിയുടെ ആസ്ഥാനമായ തിരുവനന്തപുരം തെരഞ്ഞെടുത്തത് അക്രൈസ്തവരുടെയിടയിലുള്ള പ്രവർത്തനം ലക്ഷ്യം വച്ചുകൊണ്ടാണ്. ദ്വിമുഖ ലക്ഷ്യമായിരുന്നു മലങ്കര കത്തോലിക്കാ സഭയ്ക്കുണ്ടായിരുന്നത്. പുനരൈക്യവും, മിഷൻ പ്രവർത്തനവും. തെക്കൻ കേരളത്തിലും തമിഴ്നാട്ടിലും മലങ്കര കത്തോലിക്കാ സഭയുടെ നേതൃത്വത്തിൽ നടന്ന മിഷൻ പ്രവർത്തനം കേരള സുറിയാനി സഭയെ മുഴുവൻ ഉണർത്തി; പ്രേഷിത ചൈതന്യത്താൽ നിറച്ചു. ഇന്നും മിഷൻ പ്രവർത്തനത്തിൽ ബഥനിയാശ്രമാംഗങ്ങൾ സജീവമായി മുഴുകുന്നു. ബാഹ്യകേരള മിഷനുകൾ ഏറ്റെടുത്തു നടത്താനും മിശിഹാനുകരണ സന്യാസ സമൂഹം തയ്യാറായിരിക്കുന്നു. മലങ്കര കത്തോലിക്കാസഭയുടെ സർവതോമുഖ പ്രവർത്തനങ്ങളിലും സജീവമായി പങ്കുചേരുക ബഥനിയുടെ ദൗത്യമായി സ്വീകരിച്ചിരിക്കുകയാണ്.

മലങ്കര കത്തോലിക്കാ സഭയെയും ബഥനി ആശ്രമത്തെയും രണ്ടു ഘടകങ്ങളായി വേർതിരിച്ചു കാണുക ദുഷ്കരമാണ്. അവ പരസ്പരം അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. മലങ്കര കത്തോലിക്കാ സഭയുടെ ശക്തി സ്രോതസ്സായിരിക്കട്ടെ ബഥനി.....എന്നും.

www.malankaralibrary.com



എം.വി. തോമസ്

# ഭാരതീയ പാരമ്പര്യം ബഥനിയിൽ

ആർഷഭാരതം എന്ന പേരിൽ അറിയപ്പെടുന്ന നമ്മുടെ രാജ്യം ഋഷിമാരുടെ നാടാണ്. വേദമന്ത്രങ്ങളുടെ സ്രഷ്ടാക്കളാണ് ഋഷി എന്ന പേരിൽ അറയപ്പെട്ടിരുന്നത്. ആദ്യകാലത്ത് പ്രമുഖരായ ഏഴ് മഹർഷിമാർ (സപ്തർഷികൾ) ഉണ്ടായിരുന്നു. മഹാഭാരത പ്രകാരം മാരീചി, അത്രി, അംഗിരസ്, പുലഹൻ, ക്രതു, പുലസ്ത്യൻ, വസിഷ്ഠൻ എന്നിവരാണ് ആ ഏഴുപേർ. വാല്മീകി, വ്യാസൻ, കണ്വൻ, വിശ്വാമിത്രൻ, മനു, ദുർവാസാവ് മുതലായവരും പുരാണ പ്രസിദ്ധരായ മഹർഷിമാരാണ്. ഭാരതീയ പുരാണേതിഹാസങ്ങളിൽ നാല്പത്തി എണ്ണായിരത്തോളം ഋഷിമാരെപ്പറ്റി പരാമർശിച്ചിട്ടുണ്ട്. ഗുരു,സ്വാമി, യോഗി, മുനി, സന്യാസി എന്നീ പേരുകളും പിൽക്കാലത്ത് പ്രചാരത്തിൽ വന്നു.

ഋഷിമാർ കാടുകളിൽ ആശ്രമം കെട്ടിയാണ് താമസിച്ചിരുന്നത്. ശിഷ്യന്മാരെ ഒപ്പം താമസിപ്പിച്ച് വിദ്യ അഭ്യസിപ്പിച്ചിരുന്നതിനാൽ ഇവ പ്രാചീന ഭാരതത്തിലെ വിദ്യാഭ്യാസ കേന്ദ്രങ്ങൾകൂടി ആയിത്തീർന്നു. പതിനായിരം ശിഷ്യന്മാർക്ക് ആഹാരം മുതലായവ കൊടുത്ത് വിദ്യാഭ്യാസം ചെയ്യിക്കുന്ന ഋഷിയാണ് കുലപതി. വിശ്വാമിത്രൻ, കണ്വൻ, ദുർവാസാവ് മുതലായവർ കുലപതികളായിരുന്നു. ഓരോ ഋഷിയും തങ്ങളുടെ ആശ്രമത്തിന്റെ നടത്തിപ്പിനും ശിഷ്യന്മാരുടെ ക്ഷേമത്തിനും വേണ്ടി പ്രമാണങ്ങൾ (നിയമാവലികൾ) അഥവാ സ്മൃതികൾ ഉണ്ടാക്കി. മനുസ്മൃതി, പരാശരസ്മൃതി, ശൗനകസ്മൃതി, യാജ്ഞവല്ക്യസ്മൃതി തുടങ്ങി അനേകം സ്മൃതികൾ പ്രചാരത്തിലുണ്ട്. എല്ലാ വർഗ്ഗങ്ങളിൽ നിന്നും സമുദായങ്ങളിൽ നിന്നും ഋഷിമാർ ജന്മമെടുത്തിട്ടുണ്ട്. പക്ഷേ ഒരു ഋഷി ഏതു സമുദായത്തിൽപ്പെട്ടതാണെന്ന് ചോദിക്കുകയോ ചോദിക്കാൻ അനുവദിക്കുകയോ ചെയ്തുകൂടാ.

ജീവിതം ധർമ്മാധിഷ്ഠിതമാകണമെന്ന് ഉറച്ചു വിശ്വസിക്കുകയും അതിനു വേണ്ടി മനസാവാചാ കർമണാ യത്നിക്കുകയും ചെയ്തിരുന്നുവെങ്കിലും ഋഷിമാരെല്ലാം സർവസംഗപരിത്യാഗികളായിരുന്നില്ല. ആ അവസ്ഥയിലെത്തുന്നത് സന്യാസത്തിലാണ്. മനുസ്മൃതി അനുസരിച്ച് ബ്രഹ്മചര്യം, ഗാർഹസ്ഥ്യം, വാനപ്രസ്ഥം, സന്യാസം എന്നിങ്ങനെ മനുഷ്യന് നാലു ജീവിതാവസ്ഥകളാണുള്ളത്. സാധാരണക്കാർ ആദ്യത്തെ മൂന്നവസ്ഥകളും പിന്നിട്ടശേഷമേ സന്യാസത്തിൽ എത്തിച്ചേരുകയുള്ളു. മിക്കവരും അത്രത്തോളം എത്തിച്ചേരാറില്ല. ചതുരാശ്രമങ്ങളിൽ ഓരോന്നും പിന്നിട്ട് മോക്ഷപ്രാപ്തിക്കുള്ള മാർഗമായി

www.malankaralibrary.com


സന്യാസത്തിൽ എത്തുന്നത് 'ക്രമസന്യാസ'മാണ്. ഇതിലും മഹത്തായ ഒന്നുണ്ട് - വിദ്വത് സന്യാസം. ഇവിടെ ദൈവിക ഇടപെടലിന് കീഴടങ്ങി ഒരാൾ തന്നെത്തന്നെ ഈശ്വരന് സമർപ്പിക്കുന്നു. നിത്യ ബ്രഹ്മചര്യമാണ് ഇത്തരം സന്യാസിമാരുടെ മുഖ്യ സവിശേഷത.

ഹൈന്ദവ സങ്കല്പത്തിലെ സന്യാസി ഊരും പേരും ഇല്ലാത്തവനും ചുറ്റി സഞ്ചരിക്കുന്നവനുമാണ്. സഖിത്വത്തിന്റെ സുഖമോ വേർപാടിന്റെ ദുഃഖമോ അനുഭവിക്കാത്ത അയാൾ ജീവന്മുക്തനാണ്. ഭിക്ഷാപാത്രം, ഏകാകിത, സമതാഭാവം, ശത്രുമിത്രഅഭാവം എന്നിവയാണ് ജീവന്മുക്തി പ്രാപിച്ച സന്യാസിയുടെ ലക്ഷണങ്ങൾ. ബുദ്ധമതത്തിലാണ് സന്യാസം ഒരു വലിയ പ്രസ്ഥാനമായി വളർന്നുവന്നത്. നൈൽ നദീതടങ്ങളിലെ ബൗദ്ധ സന്യാസിമാരുടെ സംഘങ്ങളെ അനുകരിച്ചാണ് മൂന്നാം നൂറ്റാണ്ടിൽ ക്രൈസ്തവ സന്യാസത്തിന്റെ ആദ്യരൂപങ്ങൾ ഉരുത്തിരിഞ്ഞതെന്ന് പറയപ്പെടുന്നു. അതെന്തായാലും സന്യാസത്തിന്റെ ജന്മഭൂമി ഭാരതമാണെന്നകാര്യത്തിൽ ആർക്കും തർക്കമില്ല.

ആർഷ ഭാരതത്തിന്റെ ഔന്നത്യത്തെ പ്രകീർത്തിച്ചുകൊണ്ട് പോപ്പ് പോൾ ആറാമൻ 1964-ൽ ഇന്ത്യ സന്ദർശിച്ചപ്പോൾ ഇപ്രകാരം പറഞ്ഞു. "നിങ്ങളുടെ രാജ്യം ഒരു വലിയ സംസ്കാരം ഉൾക്കൊള്ളുന്നു. അത് ലോക മതങ്ങളുടെ പിള്ളത്തൊട്ടിലാണ്. അഗാധ ധ്യാനത്തിലും നിശബ്ദതയിലും ഭക്തിനിർഭരമായ കീർത്തനങ്ങളിലും വലിയ ആവേശത്തോടെ ദൈവത്തെ അന്വേഷിച്ചവരുടെ നികേതനമാണിത്". നിർഭാഗ്യവശാൽ ഈ വസ്തുത ഭാരതത്തിലെ ക്രിസ്ത്യാനികൾ ഇന്നും വേണ്ടത്ര മനസിലാക്കിയിട്ടുണ്ടോ എന്നു സംശയമാണ്. സുദീർഘമായ പാരമ്പര്യമുള്ള ഭാരത ക്രൈസ്തവ സഭയ്ക്ക് ഈ രാഷ്ട്രത്തെ സുവിശേഷവത്കരിക്കാൻ കഴിയാതെ പോയതിന്റെ മുഖ്യകാരണം തദ്ദേശീയ സംസ്കാരത്തോടുള്ള അവഗണനയും വൈദേശീയാഭിമുഖ്യവുമാണെന്ന് മാർഈവാനിയോസ് തിരുമേനി മനസ്സിലാക്കിയിരുന്നു. അദ്ദേഹം 'ഗിരിദീപം' എന്ന ഗ്രന്ഥത്തിൽ ഇപ്രകാരം എഴുതി: "പുണ്യശ്ലോകനായ മാർത്തോമ്മാ ശ്ലീഹായാൽ സംസ്ഥാപിതമെന്നും, പത്തിരുപത് നൂറ്റാണ്ടോളം പഴക്കമുള്ളതെന്നും അഭിമാനിച്ചുവരുന്ന മലങ്കര സുറിയാനി സമുദായം ഇക്കാലത്തിനകം അതിന്റെ കർത്തവ്യധർമ്മമേതോ ആ കാര്യത്തിൽ ഇതഃപര്യന്തം യാതൊന്നും ചെയ്തിട്ടില്ലെന്നുള്ളത് വലിയൊരു അപരാധമായിത്തന്നെ കണക്കാക്കേണ്ടതാണ്. ഭാരത ഭൂമിയുടെ അവിശ്വാസത്തിനും ആത്മീയമായ അതിന്റെ അജ്ഞാനത്തിനും ഒരു കാലത്ത് മലങ്കര സുറിയാനി സമുദായം സമാധാനം പറയേണ്ടതായിത്തന്നെ വന്നുകൂടും". (ഗിരിദീപം, 1929, പുറം 75-76)

ഉത്കടമായ ഈ ചിന്തയാണ് ബഥനിസന്യാസ സമൂഹത്തിന്റെയും സന്യാസിനീസമൂഹത്തിന്റെയും സ്ഥാപനത്തിന് മാർ ഈവാനിയോസ് തിരുമേനിയെ പ്രേരിപ്പിച്ചത്. പുരാണ പ്രഥിതരായ മാമുനിമാരെപ്പോലെ കൊടിയ വനപ്രദേശമാണ് ആശ്രമ സ്ഥാപനത്തിന് അദ്ദേഹം തിരഞ്ഞെടുത്തത്. പത്തനംതിട്ട ജില്ലയിൽ വടശ്ശേരിക്കരയ്ക്കുസമീപമുള്ള പെരുനാട്ടിലെ മുണ്ടൻ മലയായിരുന്നു ആ പുണ്യഭൂമി. ആശ്രമസ്ഥർ ധരിച്ചിരുന്നത് തനി ഭാരതീയ ശൈലിയിലുള്ള കാഷായ വസ്ത്രമായിരുന്നു. 1919 ആഗസ്റ്റ് ഒന്നാം തീയതി ആശ്രമം ഉദ്ഘാടനം ചെയ്യപ്പെട്ടു. അതിന്റെ പൂർവ്വ മാതൃകകൾ മഹാകവി ടാഗോറിന്റെ വിശ്വഭാരതിയും മഹാത്മാഗാന്ധിയുടെ സബർമതി ആശ്രമവുമായിരുന്നു. തിരുമനസ്സുകൊണ്ട് പ്രസ്തുത ആശ്രമങ്ങൾ സന്ദർശിച്ച് സ്ഥിതിഗതികൾ നേരിട്ടു മനസ്സിലാക്കി. ആശ്രമസ്ഥർക്ക് കാഷായ വേഷം അനുവദിച്ചുകിട്ടുന്നതിനുവേണ്ടി വട്ടശ്ശേരിൽ മാർദിവന്നാസ്യോസ് തിരുമേനിക്ക് എഴുതിയ കത്തിൽനിന്ന് ഒരുഭാഗം നോക്കുക. "ഇന്ത്യയിൽ ഏതുഭാഗത്തും ചേരുന്ന വേഷമായിരിക്കണം ഈ നാട്ടിന് ചേരുന്നതായിരിക്കണം. പരദേശികളുടെതെന്ന് ആരും കുറ്റം പറയാത്തതായിരിക്കണം". ഭാരതീയ സങ്കല്പവും പാരമ്പര്യവും അനുസരിച്ചുള്ള ഒരു സന്യാസ സമൂഹമെന്ന നിലയിലാണ് മാർ ഈവാനിയോസ് തിരുമേനി ബഥനിക്ക് രൂപം നൽകിയത്. ബഥനി എക്കാലവും അങ്ങനെതന്നെ ആയിരിക്കുകയും വേണം.

www.malankaralibrary.com



Dr. Ramachandran Nair
Supt. Medical College

# "JAGADADHEESA"

*Oh Lord of the Universe this night with its
Fantastic Firmament of Heaven hung firmly
As a canopy in the sky,
With its moon, and the stars;*

*The day with its dawn, the rising sun and the coloured clouds,
The singing birds, the humming bees
The crawling insects, the roaming beasts
The blowing winds, and the blooming blossoms
With their fragrance in the air,
All proclaim loudly the splendour of Your Majesty.*

*What a wonder is the sky, what splendour in the seas
How wonderful the variety of living things,
And what a wonderful phenomenon is life!
When we ponder over it all and realise
You are the creator of all these we know
You are the Almighty Lord
And our heads bow down in adoration at your feet.*

*Lord make my mind kindly inclined to those who are afflicted
Make me melt away in tears of compassion.
Make my mind spotlessly clean and pure.*

www.malankaralibrary.com

*Make me crave only for the diligent performance of my duties.*
*And make me contented in all circumstances of life.*

*Let not griefs which dim the brightness of the joy of life*
*Cast their shadows on the lives of my fellow beings.*
*My parents, my brothers and sisters and myself.*

*Let not anger, envy, avarice, lust or laziness*
*Take possession of my mind.*
*Whether I am privileged to live in a mansion*
*Or destined to dwell in a hut*
*Keep my mind away from the thought of unlawful gains*
*And fill the mind with the radiance of Thy presence.*

*With every passing moment a portion of my life ebbs away*
*But I have to do a lot of good to lot of people in this world.*
*So help me discharge all my duties diligently*
*With punctuality and discipline and let not*
*Even an iota of error creep into the performance of my actions.*

*Let me be a source of happiness and instrument of harmony*
*In my house, in my country and the whole world*
*And let me multiply the virtues in this world several thousand fold.*
*Bring me in touch with the seekers after Truth all over the world*
*And sustain us in our Faith.*

*Oh, Lord, Ruler of the world end of the Devotees' heart*
*This is my behest. Grant us this request.*

www.malankaralibrary.com




ഫാ. ഇഗ്നേഷ്യസ് കടിയംകുന്നിൽ ഒ.ഐ.സി.

# ഇനി ഞാനുറങ്ങട്ടെ

## (ബഹു. ജോണച്ചനുമായുള്ള ഒരു അഭിമുഖം)

സഫലമായൊരു ജീവിതയാത്രയുടെ അവസാനം പരിക്ഷീണിതനായ ഒരു പഥികനെപ്പോലെ, അഭിമുഖം അവസാനിച്ചപ്പോൾ ജോണച്ചൻ പറഞ്ഞുനിറുത്തി. 'ഇനി ഞാൻ ഉറങ്ങട്ടെ'. ധന്യമായൊരു ജീവിത സായാഹ്നത്തിൽ എത്തിനിൽക്കുകയാണ് തൊണ്ണൂറ്റി ഒന്നു കഴിഞ്ഞ ബ. ജോണച്ചൻ. നടന്ന വഴികളും, നേരിട്ട പ്രതിബന്ധങ്ങളും, വഴിയോര സത്രത്തിലെങ്ങോ ഇരുന്നു ചികഞ്ഞു പെറുക്കി അദ്ദേഹം വാചാലനായി. മലങ്കരസഭയുടെ ചരിത്രം തിരുത്തിക്കുറിച്ച രണ്ടു മഹാസംഭവങ്ങളുണ്ടായി; ബഥനി സ്ഥാപനവും പുനരൈക്യവും. ബഥനി വലിയൊരാദർശമായിരുന്നു. പുനരൈക്യം ആദർശ പൂർത്തീകരണവും. ജീവിച്ചിരിക്കുന്ന ബഥാനിയരിൽ പ്രായത്തിലും സുകൃതത്തിലും സമസ്കന്ദരായി ജോണച്ചന് മറ്റാരുമില്ല. പുനരൈക്യമെന്ന മഹാസംഭവത്തിന്റെ ഏടുകളിൽ നിന്ന് പെറുക്കിയെടുക്കുവാൻ മറ്റാരുമില്ല. ഓർമ്മകളിൽ തെളിയുന്നവ സഹജമായ നർമ്മരസത്തോടെ ജോണച്ചൻ അനാവരണം ചെയ്തു. തന്റെ കുട്ടിക്കാലത്തെക്കുറിച്ച് ജോണച്ചൻ അനുസ്മരിക്കുന്നത് ഇപ്രകാരണ്. "അന്ന് ഓമല്ലൂർ സ്കൂൾ ഇല്ലായിരുന്നു. പത്തനംതിട്ട ഗവ. സ്കൂളിൽ അന്നു മൂന്നു ക്ലാസ്സുവരെ മാത്രമേ ഉണ്ടായിരുന്നുള്ളൂ. പത്തനംതിട്ട സ്കൂളിൽ പോയിരുന്നത് കാൽനടയായിട്ടായിരുന്നു. സ്കൂൾ വിദ്യാഭ്യാസത്തോടൊപ്പം വൈദ്യവും പഠിച്ചിരുന്നു. എന്നെ ഒരു വൈദ്യനാക്കണമെന്നായിരുന്നു അപ്പച്ചന്റെ ഉദ്ദേശം. അക്കാലത്ത് പത്തനംതിട്ട സ്കൂളിൽ ഉയർന്ന ക്ലാസ്സുകൾ ആരംഭിച്ചു. എന്റെ വിദ്യാഭ്യാസവും തുടർന്നു. ഞാൻ തേർഡ് ഫോറത്തിൽ എത്തി. അന്നെനിക്ക് പതിമൂന്നു വയസ്സായിരുന്നു. സ്കൂൾ വിദ്യാഭ്യാസത്തിനു തടസ്സമാകുമെന്നു കരുതി, വൈദ്യവും സംസ്കൃതവും നിറുത്തി. ഫോർത്ത് ഫോറത്തിൽ എത്തിയപ്പോൾ എനിക്കൊരു സൈക്കിൾ വേണമെന്നു ഞാൻ ജേഷ്ഠനോടു



റവ. ഫാ. ജോൺ ഒ.ഐ.സി.

www.malankaralibrary.com

പറഞ്ഞു. ഉത്സാഹിച്ചു പഠിച്ചാൽ സൈക്കിൾ വാങ്ങിത്തരാമെന്നായി ജേഷ്ഠൻ. പിറ്റേവർഷം സ്കോളർഷിപ്പോടുകൂടി പാസ്സായി; ഫിഫ്ത്ത് ഫോറത്തിൽ എത്തി; ജേഷ്ഠൻ വാക്കു പാലിച്ചു. അന്നുമുതൽ എഴുപതുവർഷത്തോളം സൈക്കിളായിരുന്നു എന്റെ വാഹനം. ഇടയ്ക്കൊരു ഭാഗ്യദോഷവും സംഭവിച്ചു. സിക്സ്ത്തു ഫോറത്തിൽ ഞാൻ തോറ്റു. അക്കാരണത്താൽ കോട്ടയം എം.ഡി. സെമിനാരിയിൽ ചേർന്നു പഠനം തുടർന്നു".

ഞാൻ മാർ ബസ്സേലിയോസ് തിരുമേനിയെ അറിയിച്ചു. അതിനെന്താ, വീട്ടിൽ പോയി നിന്നു പഠിച്ചു മിടുക്കനായി വരൂ എന്നായി തിരുമേനി. ഞാനാകട്ടെ ഓമല്ലൂർക്കു പോയില്ല. എന്റെ ജേഷ്ഠ സഹോദരൻ അക്കാലത്തു പാലായിൽ താമസിച്ചിരുന്നു. ഞാൻ ജേഷ്ഠന്റെ കൂടെ താമസിച്ച് പാലാ സെൻറ് തോമസ് ഹൈസ്കൂളിൽ ചേർന്നു. അവിടെയാണ് എന്റെ ഹൈസ്ക്കൂൾ പഠനം പൂർത്തിയായത്". വിദ്യാലയകാലഘട്ടത്തെ അനുഭവങ്ങൾ ഓർമ്മകളുടെ

**പത്തനംതിട്ട ജില്ലയിൽ ഓമല്ലൂർ കുഴിമേപ്പുറത്ത് ഈപ്പന്റെയും കൊച്ചിത്തയുടെയും മകനായി കൊല്ലവർഷം 1078 മിഥുനം 23ന് യൂഹാനോൻ ജനിച്ചു. പ്രാഥമിക വിദ്യാഭ്യാസം പത്തനംതിട്ടയിൽ നടത്തി. തുടർന്ന് കോട്ടയം എം.ഡി. സെമിനാരിയിലും പാലാ സെൻറ് തോമസ് സ്കൂളിലും പഠിച്ചു. 1919-ൽ മാർ ബസ്സേലിയോസ് കാതോലിക്കാബാവായിൽ നിന്നും ശെമ്മാശപട്ടം സ്വീകരിച്ചു. തുടർന്ന് എം.ഡി. സെമിനാരിയിൽ മൂന്നുവർഷം പഠനം തുടർന്നു. 1927-ൽ റാന്നി പെരുനാട് ബഥനി ആശ്രമത്തിൽ സന്യാസാർത്ഥിയായി ചേർന്നു. 1929-ൽ പ്രഥമവ്രതവാഗ്ദാനം നടത്തി. അതേവർഷം മാർ ഈവാനിയോസ് തിരുമേനിയിൽ നിന്നും വൈദിക പട്ടം സ്വീകരിച്ചു. 1930-ൽ മാർ ഈവാനിയോസ്സ് തിരുമേനിയോടൊപ്പം വെണ്ണിക്കുളത്തു താമസമാക്കി. അതേവർഷം സെപ്റ്റംബർ 20ന് മാർ ഈവാനിയോസ്സ്, മാർ തെയോഫിലോസ്, അലക്സാണ്ടർ ശെമ്മാശൻ, ഫാ. സെറാഫിയോൻ, മി. കിളിലേത്തുചാക്കോ എന്നിവരോടൊപ്പം പരിശുദ്ധ കത്തോലിക്കാസഭയുമായി പുനരൈക്യപ്പെട്ടു.**

**ബഥനി സന്യാസസമൂഹത്തിന്റെ സുപ്പീരിയർ ജനറൽ, നോവിസ് മാസ്റ്റർ, ജനറൽ കൗൺസിലർ എന്നീ നിലകളിലും സേവനമനുഷ്ഠിച്ചിട്ടുണ്ട്.**

കോട്ടയം എം.ഡി. സെമിനാരിയിൽ വച്ച് ശെമ്മാശപട്ടം സ്വീകരിച്ചത് (1919) ജീവിതത്തിലെ ഒരു വഴിത്തിരിവായിരുന്നു. പിന്നീടു മൂന്നു വർഷം വേദശാസ്ത്രം, കൂദാശകൾ, സുറിയാനി എന്നിവ അഭ്യസിച്ചു. തുടർന്നുള്ള പഠനകാലം ജോണച്ചൻ ഇപ്രകാരം വിശദീകരിച്ചു. "എനിക്കു പഠിക്കുവാൻ വലിയ താല്പര്യമായിരുന്നു. അതിനാൽ അക്കാര്യം

ചെപ്പുകുടത്തിൽ നിന്നും തുറന്നെടുത്തു ജോണച്ചൻ പറഞ്ഞു. "ഞാൻ പ്രസംഗിക്കുവാൻ മിടുക്കനായിരുന്നു. അന്നൊരിക്കൽ ചങ്ങനാശ്ശേരി മെത്രാപ്പോലീത്താ കാളാശ്ശേരി തിരുമേനി സ്കൂൾ സന്ദർശിക്കാൻ വന്നു. വിദ്യാർത്ഥികളെ പ്രതിനിധീകരിച്ചു ഞാനാണ് പ്രസംഗിച്ചത്. തിരുമേനിക്കു വളരെ സന്തോഷമായി. എന്നെ അരികിൽ വിളിച്ച്

www.malankaralibrary.com

അനുമോദിച്ചു പറഞ്ഞു. ശെമ്മാശൻ ഭാവിയിൽ ഒരു കത്തോലിക്കാ വൈദികനാകും. തിരുമേനിയുടെ പ്രവചനം നിറവേറിയെന്ന് പറയേണ്ടല്ലോ".

ജോണച്ചനോട് ഒരു കുസൃതി ചോദ്യം ചോദിക്കാമെന്നു കരുതി. ഉപരിപഠനത്തിനു പോകാൻ ജോണച്ചൻ താല്പര്യപ്പെട്ടിരുന്നോ? അധികാരികളെ സമീപിച്ചിരുന്നോ?. തൊണ്ണൂറുകളിലും തന്റെയുള്ളിൽ മറച്ചുവക്കാനൊന്നുമില്ല എന്ന മുഖമുരയോടെ ജോണച്ചൻ പറഞ്ഞു. "എനിക്കു പഠനവും വിദേശ യാത്രയും ഒക്കെ ഇഷ്ടമായിരുന്നു. പക്ഷേ അടിയന്തിരാവശ്യം മിഷൻ പ്രവർത്തനമായിരുന്നു. പിന്നെ വിദേശത്തു പോയി പഠിക്കുക വളരെ വിരളമായ സംഭവവുമായിരുന്നു. അതിനാൽ പിന്നീടൊരിക്കലും അങ്ങനെയൊരുകാര്യം ചിന്തിച്ചിട്ടില്ല".

## വൈദ്യനും വൈദികനും

"മുറിവുണക്കുവാനുള്ള കഴിവ് വൈദ്യനുണ്ട്. മനസ്സിന്റെ മുറിവുണക്കാൻ വൈദികനേ കഴിയൂ. ആത്മാവിന്റെ മുറിവുണക്കുന്ന ഒരു വൈദ്യനാകുവാൻ ഞാൻ തീരുമാനിച്ചു.

എന്റെ ജീവിതത്തിലെ രണ്ടാമത്തെ വഴിത്തിരിവിനെക്കുറിച്ചു പറയാം. ഒരനാഥബാലനെ മാർ ഈവാനിയോസ് തിരുമേനി മടിയിലിരുത്തി ശുശ്രൂഷിക്കുന്നതു കാണുവാൻ എനിക്കിടയായി. അവൻ തീർത്തും അവശനായിരുന്നു. തിരുമേനിയുടെ മസൃണമായ വാക്കുകളും സ്നേഹപൂർവകമായ പെരുമാറ്റവും ഞാൻ കണ്ടു. ഒരു ബാലന്റെ മുഖത്തു വിരിഞ്ഞ പ്രത്യാശയുടെ കിരണങ്ങളും. പിന്നെ ഞാനൊട്ടും വൈകിയില്ല. പിതാവിനെപ്പോലെയാകണം എന്നു ഞാനുറച്ചു. ശെമ്മാശനായിരുന്ന കാലത്ത് മുണ്ടൻ മലയിൽ ബഥനി ആശ്രമം കാണുവാൻ പോയ അവസരത്തിലാണ് ഈ കാഴ്ച ഞാൻ കണ്ടത്. വേറൊന്നും ചിന്തിക്കേണ്ടിയിരുന്നില്ല. ഞാൻ ബഥനി ആശ്രമത്തിൽ ചേർന്നു". ജീവിതനിഷ്ഠ അദ്ദേഹം സന്യാസനിഷ്ഠയിൽ നിന്ന് ആർജ്ജിച്ചതാണ്. ഭക്ഷണം, ജോലി, വിശ്രമം എന്നീ കാര്യങ്ങളിലൊക്കെ സന്യാസനിഷ്ഠയാണ് പ്രധാനം. കുടുംബബന്ധത്തെപ്പോലും പരിത്യജിക്കുവാൻ തന്നെ പ്രേരിപ്പിച്ച വസ്തുത എന്തായിരുന്നെന്ന് അദ്ദേഹം തുറന്നു പറയുന്നു. "കുടുംബകാര്യങ്ങൾ ശ്രദ്ധിച്ചാൽ സേവനം ചെയ്യാൻ പറ്റുകയില്ല. ദൈവസേവനം ചെയ്യുവാൻ സന്യാസനിഷ്ഠാപരമായ ഒരു ജീവിതമാണുത്തമം"

ബഥനി ആശ്രമത്തിൽ ചേർന്ന ജോണച്ചൻ 1929-ൽ പ്രഥമ വ്രതവാഗ്ദാനം നടത്തി. അതേവർഷം തന്നെ തിരുമേനിയിൽ നിന്നും വൈദികപട്ടം സ്വീകരിച്ചു. മുണ്ടൻ മലയിലെ ജീവിതത്തെക്കുറിച്ചു പല രസകരമായ സംഭങ്ങളും ജോണച്ചൻ തേച്ചുമിനുക്കിയെടുത്തു. "ജോൺ വക്കീൽ ദാനം ചെയ്ത നൂറേക്കറും, ഗവൺമെൻറു ഭൂമി പതിപ്പിച്ചെടുത്ത മുന്നൂറേക്കറും കൂടി ഒരു മല മുഴുവൻ. ഞങ്ങളുടേതായിരുന്നു. കൃഷിയായിരുന്നു പ്രധാന തൊഴിൽ. കാട്ടുമൃഗങ്ങൾ ധാരാളം. കുറുക്കൻ, ചെന്നായ്, കൂരൻ, മുള്ളൻപന്നി എന്നിവയും പലതരം വിഷപ്പാമ്പുകളും, മലമ്പാമ്പുകളും. ഇവയെ വല്ലപ്പോഴും കാണുന്നതും, ചിലപ്പോൾ ഉപദ്രവകാരികളെ കൊല്ലുന്നതും വലിയ ആനന്ദമായിരുന്നു. എന്നാൽ ആശ്രമത്തിൽ ഒരിക്കലും ഇവയുടെ മാംസം ഭക്ഷിച്ചിരുന്നില്ല".

ആഴ്ചയിൽ ധാരാളം പേർ ആശ്രമത്തിൽ താമസിച്ചു ശുശ്രൂഷകളിൽ സംബന്ധിച്ചിരുന്ന കാര്യം അച്ചൻ അനുസ്മരിച്ചു. അവർക്കെല്ലാം ആശ്രമത്തിൽ നിന്നു തന്നെയായിരുന്നു ഭക്ഷണം. സസ്യാഹാരം, കാവിവസ്ത്രം, ലളിതജീവിതം എന്നിവ ഭാരതീയ ജീവിതസങ്കല്പങ്ങളാണെന്നും അച്ചൻ അനുസ്മരിക്കുന്നു. അനാഥകുട്ടികൾക്ക് കാട്ടുമൃഗങ്ങളുടെ മാംസം ഭക്ഷണത്തിനു നൽകിയിരുന്നുപോലും.




യേശുവിന്റെ പഠിപ്പിക്കലിൽ
പങ്കുചേർന്ന ജോണച്ചൻ

www.malankaralibrary.com

തന്റെ പുനരൈക്യത്തെക്കുറിച്ച് ജോണച്ചന് ഇന്നും ഒളിമങ്ങാത്ത ഓർമ്മകൾ. അദ്ദേഹം വെണ്ണിക്കുളം ആശ്രമത്തിൽ താമസിച്ചിരുന്നപ്പോഴാണ് ചരിത്ര പ്രസിദ്ധമായ പുനരൈക്യം നടന്നത്. ആ സുദിനത്തിന്റെ ഓർമ്മക്കുറിപ്പുകൾ ഇപ്രകാരമാണ്. "അന്നുരാവിലെ തന്നെ ഞങ്ങൾ അഞ്ചുപേരും കൊല്ലത്ത് ബെൻസിഗർ തിരുമേനിയുടെ അരമനയിലെത്തി. തലേദിവസം ഞങ്ങൾ കൊല്ലത്ത് എത്തിയിരുന്നു. പ്രാർത്ഥനയും കുർബാനയും കഴിഞ്ഞു. ബൻസിഗർ തിരുമേനി ഞങ്ങളെ കത്തോലിക്കാ സഭയിലേക്കു സ്വീകരിച്ചു. പിന്നീട് തിരുവല്ലായിൽ തിരുമൂല താമസിച്ചുകൊണ്ട് തിരുമേനിയെ മിഷൻ ജോലികളിൽ സഹായിച്ചു".

തന്റെ മിഷൻ പ്രവർത്തനങ്ങൾ സംഭവബഹുലമായിരുന്നു എന്ന് ജോണച്ചൻ അനുസ്മരിക്കുന്നു. "ആദ്യം തിരുവല്ലായിലും പിന്നീട് തെക്കൻ മിഷനിലും ഞാൻ പ്രവർത്തിച്ചിട്ടുണ്ട്. തിരുവല്ലായിൽ കല്ലുങ്കൽ, ചെങ്ങരൂർ, പാണ്ടനാട്, കല്ലൂപ്പാറ, ചെങ്ങന്നൂർ തുടങ്ങിയ ഇടവകകളിൽ ദീർഘകാലം പ്രവർത്തിച്ചിട്ടുണ്ട്. തിരുവല്ലായിൽ ഒന്നു രണ്ടു പുതിയ മിഷനും ഞാൻ തുടങ്ങി വച്ചു. ഇപ്പോൾ അവയുടെ പേരു ഞാൻ ഓർക്കുന്നില്ല". ഫലിതപ്രിയനായ ജോണച്ചൻ അക്കാലത്തെ ഒരു സംഭവം ഇപ്രകാരം അനുസ്മരിക്കുന്നു. "സഭയ്ക്കെതിരായും പുനരൈക്യത്തിനെതിരായും അന്നു പലരും പ്രസംഗിച്ചു നടന്നിരുന്നു". അക്കൂട്ടത്തിൽ ഒരുപദേശിയുടെ കഥ രസകരമാണ്. തുമ്പമൺ വന്ന് പ്രസംഗിക്കുവാൻ ഉപദേശി യാത്ര തിരിക്കുന്നു. വെൺമണി വഴിയാണ് യാത്ര. കൂടെ വേറെ രണ്ടുപേരും ഉണ്ട്; സന്ധ്യാസമയം. കാവിനടുത്തെത്തിയപ്പോൾ ആരോ കൂവി വിളിക്കുന്ന ശബ്ദം. തന്നെ കളിയാക്കുകയാണെന്ന് ഉപദേശിക്കൊരു തോന്നൽ. താൻ വരുന്നില്ലെന്നു പറഞ്ഞു തിരിഞ്ഞു നടക്കാൻ ഉപദേശി ഒരുങ്ങുന്നു. അപ്പോഴതാ പലർ ചേർന്നു കൂവുന്ന ശബ്ദം. തന്നെ പതിയിരുന്ന് ആക്ഷേപിക്കുന്നവരാണെന്നായി ഉപദേശിയുടെ തോന്നൽ. കാവു സ്ഥിതിചെയ്യുന്ന സ്ഥലമായതിനാൽ കാടാണെന്നും, കുറുക്കൻ കൂവുന്നതാണെന്നും കൂടെയുള്ളവർ ഉപദേശിച്ചിട്ടും ഉപദേശി തിരിഞ്ഞു നടന്നു. സഭയെ അവഹേളിക്കുന്നതിൽ നിന്നും കുറുക്കന്മാർ ഉപദേശിയെ പിൻതിരിപ്പിച്ചു.

തിരുവനന്തപുരത്താണ് ജോണച്ചന്റെ ജീവിതത്തിന്റെ ഉത്തരാർദ്ധം ചെലവിട്ടത്. തീക്ഷ്ണമതിയായ ഒരു മിഷനറി, സാമൂഹ്യ പ്രവർത്തകൻ, രോഗീശുശ്രൂഷകൻ, ആദ്ധ്യാത്മിക പിതാവ് എന്നീ നിലകളിൽ പതിനായിരങ്ങൾക്ക് അദ്ദേഹം ആശ്വാസം പകർന്നു; വിശ്വാസദീപം



ഈ ജനത്തോട് എനിയ്ക്കനുകമ്പ തോന്നുന്നു

തെളിച്ചുകൊടുത്തു. പാറശാല, അമ്പിളികോണം, വെറ്റിനാട്, ചിറമുക്ക്, വെമ്പായം പോങ്ങുംമൂട്, പുലയനാർകോട്ട എന്നിവിടങ്ങളിൽ അദ്ദേഹം ദീർഘകാലം സേവനം ചെയ്തു.


രോഗീശുശ്രൂഷയിലും രോഗീസന്ദർശനത്തിലും ആനന്ദം കണ്ടെത്തിയിരുന്ന ജോണച്ചൻ ദിവസവും മെഡിക്കൽ കോളേജു സന്ദർശിച്ച് രോഗികളെ ആശ്വസിപ്പിച്ചിരുന്നു. അദ്ദേഹത്തിന്റെ സാന്ത്വന വാക്കുകൾ കേട്ട് വേദനയും ഏകാന്തതയും ക്ഷമാപൂർവ്വം സ്വീകരിച്ച രോഗികൾ അനവധിയാണ്. പുലയനാർകോട്ട ക്ഷയരോഗാശുപത്രിയോടു ചേർന്നുള്ള പുനരധിവാസകേന്ദ്രം ജോണച്ചന്റെ സ്വപ്നസാക്ഷാത്കാരമാണ്. ബഥനി ആശ്രമ വൈദികർ അദ്ദേഹം തുടങ്ങിവച്ച നിസ്വാർത്ഥ സേവനം ഇന്നും തുടർന്നുപോകുന്നു.

തെക്കൻമിഷനിലെ സുവിശേഷ പ്രവർത്തനകാലത്തുണ്ടായ മറ്റൊരു രസകരമായ സംഭവം കൂടി ജോണച്ചൻ ഓർക്കുന്നു. "ഒരിക്കൽ തിരുവനന്തപുരത്തിനടുത്ത് മതിലും ഭാഗത്തു പ്രസംഗിക്കുവാനായി കൊച്ചുകുഞ്ഞ് ഉപദേശി വന്നു. പ്രസംഗസ്ഥലത്തു ധാരാളം ആളുകൾ തടിച്ചു

www.malankaralibrary.com

കൂടിയിരുന്നു. പ്രസംഗത്തിൽ കത്തോലിക്കാ സഭയേയും പുനരൈക്യത്തേയും ആക്ഷേപിച്ചു സംസാരിക്കാൻ തുടങ്ങി. അപ്പോൾ പ്രസംഗവേദിക്ക് അടുത്തുനിന്നിരുന്ന തെങ്ങിൽനിന്നും ഒരു പഴുത്ത ഓലമടൽ ഉപദേശിയുടെ തലയിൽ വീണു. മടൽ വീണപ്പോഴത്തെ വേദനയും ജനങ്ങളുടെ ബഹളവും കാരണം പിന്നീടു പ്രസംഗിക്കാനാവാതെ ഉപദേശി സ്ഥലം വിട്ടു".


ആതുരസേവനം, മിഷൻ പ്രവർത്തനം, സാമൂഹ്യ പ്രവർത്തനം തുടങ്ങിയ വിവിധ പ്രവർത്തനങ്ങൾക്ക് ഇൻഡ്യയ്ക്കകത്തും പുറത്തും നിന്ന് ധാരാളം ധനസഹായം അച്ചനു ലഭിച്ചിട്ടുണ്ട്. അതെല്ലാം മറ്റുള്ളവരുടെ ഉന്നതിക്കായി അദ്ദേഹം വിനിയോഗിച്ചു. പുലയനാർകോട്ടയിലെ ക്ഷയരോഗ പുനരധിവാസ കേന്ദ്രം ഇക്കൂട്ടത്തിൽപ്പെടുന്നു. ഇപ്പോൾ 91-ാം വയസ്സിലെത്തിയിരിക്കുന്ന ജോണച്ചൻ തിരുവനന്തപുരം നാലാഞ്ചിറ ബഥനി ആശ്രമത്തിൽ വിശ്രമജീവിതം നയിക്കുന്നു. വാർദ്ധക്യക്ലേശങ്ങൾ ഉണ്ടെങ്കിലും സന്യാസനിഷ്ഠയിൽ യാതൊരു മാറ്റവും വരുത്തിയിട്ടില്ല. അദ്ദേഹത്തിന്റെ ജീവിതം ആശ്രമവാസികൾക്ക് മാതൃകയാണ്. ഈ പുണ്യ പുരുഷന്റെകൂടെ വസിക്കുന്നതിനും, അദ്ദേഹത്തെ അല്പമായിട്ടെങ്കിലും പരിചരിക്കുന്നതിനും, അദ്ദേഹത്തിന്റെ പ്രവർത്തനരംഗങ്ങളായിരുന്ന പുലയനാർകോട്ട, പോങ്ങുംമൂട്, പുനരധിവാസകേന്ദ്രം എന്നിവിടങ്ങളിൽ സേവനം ചെയ്യുന്നതിനും ഈ ലേഖകനു ലഭിച്ച അവസരം ഒരു ഭാഗ്യമായി ഞാൻ കരുതുന്നു.



മിഷനറിയായ ജോണച്ചൻ സഭാധികാരികളോടും ദൈവജനത്തോടുമൊപ്പം

ജീവിതസായാഹ്നത്തിൽ വിശ്രമജീവിതം നയിക്കുന്ന ജോണച്ചനോട് പുതിയ തലമുറയ്ക്കു നൽകുവാനുള്ള സന്ദേശമെന്താണെന്നു ഞാൻ ചോദിച്ചു. ഉടനടി അദ്ദേഹം മറുപടി പറഞ്ഞു. "ഞാൻ നല്ല ഓട്ടം ഓടി. വിശ്വാസം കാത്തുസൂക്ഷിച്ചു. ഇനി പ്രതിഫലത്തിനായി കാത്തിരിക്കുന്നു". അതെ, വിജയകിരീടമണിയുവാൻ അദ്ദേഹം ഒരുങ്ങി യിരിക്കുന്നു. ഞങ്ങളുടെ സംഭാഷണം അവിടെ അവസാനിച്ചു. അദ്ദേഹം പറഞ്ഞു. "ഇനി ഞാൻ ഉറങ്ങട്ടെ"!

www.malankaralibrary.com



ഫാ. നൈനാൻ ചെറുപുഴത്തോട്ടത്തിൽ ഒ.ഐ.സി

# സദാ പുഞ്ചിരി തൂകുന്ന മാർ ഗ്രീഗോറിയോസ്

പ്രഗത്ഭരും പ്രതിഭാധനരുമായ അനേകർക്കു ജന്മം നൽകിയ അമ്മയാണു ബഥനി. ആ അമ്മയുടെ അഭിമാനഭാജനങ്ങളിൽ ഒരാളാണ് അഭിവന്ദ്യ ബെനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനി.

ഓരോ കാല ഘട്ടത്തെയും നയിക്കുവാൻ ശക്തരായ നേതാക്കന്മാരെ ദൈവം നൽകാറുണ്ട്. മഹാനായ മാർ ഈവാനിയോസിനുശേഷം മലങ്കര കത്തോലിക്കാ സഭയുടെ സാരഥ്യം ഏറ്റുവാങ്ങിയ കൈകൾ അതിനു സർവ്വദാ യോഗ്യമായവയാണ്. കല്ലൂപ്പാറയെന്ന കൊച്ചു ഗ്രാമത്തിൽ നിന്ന് ലോകത്തോളം തിരുമേനി ഉയർന്നു. അതുവഴി ബഥനിയും മലങ്കരസഭയും ഉയർന്നു.

'മുളയിലെ അറിയാം മുളക്കരുത്ത്' എന്ന പഴഞ്ചൊല്ലിൻെറ സാക്ഷ്യപത്രമാണ് പിതാവിൻെറ ജീവിതം. കേവലം ഒരു ബാലനായിരിക്കുമ്പോൾ സത്യാന്വേഷിയായി ഇറങ്ങിത്തിരിക്കുക......അറിഞ്ഞ സത്യത്തെ മുറുകെപ്പിടിക്കുക..... കുടുംബ ബന്ധങ്ങളും ലഭിക്കാമായിരുന്ന ഉദ്യോഗവും അതിനുവേണ്ടി പരിത്യജിക്കുക.... പുൽകിയ സത്യത്തിനു വേണ്ടി ആത്മാർപ്പണം ചെയ്യുക. കുഞ്ഞുകുട്ടിയിൽ നിന്ന് അഭിവന്ദ്യ ആർച്ച് ബിഷപ്പ് ബെനഡിക്ട് മാർ ഗ്രിഗോറിയോസിൻെറ വളർച്ച ഇങ്ങനെയാണ്.

സുദീർഘമായ അൻപതു വർഷത്തെ പൗരോഹിത്യജിവിതത്തിലൂടെയും നാല്പതു വർഷത്തെ മേൽപ്പട്ട ശുശ്രൂഷയിലൂടെയും, പിതാവിലൂടെ സഭയ്ക്കു ലഭിച്ച അനുഗ്രഹങ്ങൾ നിരവധിയാണ്.ഒരു മെത്രാനെന്ന നിലയിൽ സഭാപരമായ കാര്യങ്ങളിൽ ബദ്ധ ശ്രദ്ധനായ പിതാവ് ആകമാനസഭയുടെ ദൈവശാസ്ത്ര പഠനങ്ങൾക്ക് തൻെറതായ സംഭാവനകൾ നൽകി. രോഗാതുരനായി കിടപ്പിലായിരുന്നപ്പോഴും മെത്രാൻ സൂന്നഹദോസിനുള്ള ഒരുക്കം നടത്തുന്നുണ്ടായിരുന്നു തിരുമേനി. അതേ സമയം തന്നെ തൻെറ അജഗണങ്ങളുടെ ആദ്ധ്യാത്മികവും ഭൗതികവുമായ വളർച്ചക്കു വേണ്ടി പിതാവ് നിസ്തന്ദ്രം പ്രവർത്തിക്കുകയും ചെയ്തു. "with you I am a christian; for you I am a bishop" എന്നു വി. അഗസ്റ്റിൻ പറഞ്ഞതുപോലെയുള്ള ഒരു ജീവിതമായിരുന്നു അഭിവന്ദ്യ പിതാവിൻേറത്.

പിതാവിൻെറ വ്യക്തിത്വമാണോ, പ്രവർത്തന ശൈലിയാണോ ജനങ്ങൾക്ക് ഏറ്റം പ്രിയംകരമെന്നു വ്യവച്ഛേദിച്ചു പറയുക പ്രയാസമാണ്. തേജസ്സും പ്രസാദാത്മകത്വവും നിറഞ്ഞ മുഖവും, വിടർന്ന മിഴികളും, നീണ്ടശ്മശ്രുക്കളും, വശ്യഭാഷണവും, സുസ്മിതവും, സാത്വിക ഭാവവുമെല്ലാം ആരെയും ആകർഷിക്കുവാൻ പര്യാപ്തം തന്നെ. പിതാവിൻെറ ലളിതവും ആശയ ഗംഭീരവുമായ പ്രഭാഷണങ്ങൾ

www.malankaralibrary.com

ശ്രോതാക്കൾക്ക് നിർവൃതി പകരുന്നവയാണ്.

മതാചാര്യന്മാർ അവരവരുടെ മതത്തിൻെറ വേലിക്കെട്ടുകൾക്കുള്ളിൽ ഒതുങ്ങുകയോ, ഒതുക്കപ്പെടുകയോ ചെയ്യുന്ന പരിതസ്ഥിതിയിലാണ് നാമിന്ന്. എന്നാൽ മത സങ്കുചിതത്വത്തിൻെറ കോട്ടകളെ ഭേദിച്ച്, 'ക്രൈസ്തവാചാര്യ ശ്രേഷ്ഠൻ' എന്നതിനേക്കാൾ 'ജനകീയാചാര്യശ്രേഷ്ഠൻ' എന്ന നിലയിലാണ് മാർ ഗ്രിഗോറിയോസ് പിതാവ് പരിഗണിക്കപ്പെടുന്നത്.

കർത്താവിൻെറ മുന്തിരിത്തോപ്പിലേക്കു മാത്രമല്ല ആ കൃഷി വിദഗ്ധൻെറ കണ്ണുകൾ പായുന്നത്. സാധാരണക്കാരൻെറ കൃഷിയിടങ്ങളിലേക്കും അവ ചെന്നെത്തുന്നു. കേരളത്തിൻെറ കാർഷിക വികസനത്തിനു കാർഷിക കേരളം പിതാവിനോടു വളരെ കടപ്പെട്ടിരിക്കുന്നു. മാറിമാറി വരുന്ന സർക്കാരുകളുടെ ആസൂത്രണവൈദഗ്ധ്യം, പദ്ധതികൾ തുടങ്ങുന്നതിലും തുടങ്ങുന്നിടത്തു തന്നെ അവസാനിപ്പിക്കുന്നതിലുമാണ്. ഗ്രാമങ്ങളിൽ ഭാരതത്തിൻെറ ആത്മാവിനെ കണ്ട മഹാത്മജിയെപ്പോലെ, ആടു വളർത്തൽ, കൂൺ കൃഷി, ഓർക്കിഡ് കൃഷി എന്നിങ്ങനെയുള്ള പ്രായോഗികവും, ലാഭകരവും, ഗ്രാമീണ ജനങ്ങളുടെ വികസനത്തിന് ഉതകുന്നവയുമായ കാര്യങ്ങൾ പ്രചരിപ്പിക്കുവാൻ പിതാവു കാട്ടുന്ന ഔത്സുക്യം പ്രശംസനീയമാണ്. സാമ്പത്തിക ശാസ്ത്രത്തിൽ ഒന്നാം റാങ്കോടെ പാസ്സായ തിരുമേനിക്ക് ഏതൊരു കൃഷിശാസ്ത്രജ്ഞനെപ്പോലെയും, ആസൂത്രണ വിദഗ്ധനെപ്പോലെയും ആധികാരികമായി സംസാരിക്കാൻ കഴിയും. അരമനവളപ്പ് ഒരു മാതൃകാകൃഷിത്തോട്ടമാണ്. അവിടെ വളർത്തുന്ന നാടനും പരദേശിയുമായ വൃക്ഷങ്ങളും 'അവിശ്വാസികളുടെ' കണ്ണു തുറപ്പിക്കുന്നു.

**ഗ്രാമങ്ങളിൽ ഭാരതത്തിൻെറ ആത്മാവിനെ കണ്ട മഹാത്മജിയെപ്പോലെ, ആടു വളർത്തൽ, കൂൺകൃഷി, ഓർക്കിഡ് കൃഷി എന്നിങ്ങനെയുള്ള പ്രായോഗികവും, ലാഭകരവും, ഗ്രാമീണ ജനങ്ങളുടെ വികസനത്തിന് ഉതകുന്നവയുമായ കാര്യങ്ങൾ പ്രചരിപ്പിക്കുവാൻ പിതാവു കാട്ടുന്ന ഔത്സുക്യം പ്രശംസനീയമാണ്. സാമ്പത്തിക ശാസ്ത്രത്തിൽ ഒന്നാം റാങ്കോടെ പാസ്സായ തിരുമേനിക്ക് ഏതൊരു കൃഷിശാസ്ത്രജ്ഞനെപ്പോലെയും, ആസൂത്രണ വിദഗ്ധനെപ്പോലെയും ആധികാരികമായി സംസാരിക്കാൻ കഴിയും. അരമനവളപ്പ് ഒരു മാതൃകാകൃഷിത്തോട്ടമാണ്. അവിടെ വളർത്തുന്ന നാടനും പരദേശിയുമായ വൃക്ഷങ്ങളും 'അവിശ്വാസികളുടെ' കണ്ണു തുറപ്പിക്കുന്നു.**

വെറും ഗവേഷണകൗതുകമല്ല, നൂതന സംരംഭങ്ങൾക്കു പിതാവിനെ പ്രേരിപ്പിക്കുന്നത്. ഇൻഡ്യയിലെ 40% ആളുകളുടെ ദാരുണമായ ദാരിദ്ര്യം ആ ഹൃദയത്തെ നൊമ്പരപ്പെടുത്തുന്നു. ആ ദാരിദ്ര്യത്തെ ഇല്ലായ്മ ചെയ്യാൻ തന്നാൽ കഴിയും വിധം ചെയ്യണമെന്നുള്ള ഉറച്ച ബോദ്ധ്യമാണ് തിരുമേനിയെ നയിക്കുന്നത്. "ഈ ജനക്കൂട്ടത്തോട് എനിക്ക് അനുകമ്പ തോന്നുന്നു" (മർ. 8/2) എന്നു പറഞ്ഞ യേശുവിൻെറ മനോഭാവത്തോടെ എഴുതിയും, പ്രസംഗിച്ചും, മാതൃക കാട്ടിയും പിതാവു ജീവിക്കുന്നു.

ഭാരതീയ സന്യാസിമാരുടെ ലാളിത്യവും നിസ്സംഗതയും ഗ്രിഗോറിയോസു തിരുമേനി സ്വന്തമാക്കിയിരുന്നു. ആളുകളോടുള്ള പെരുമാറ്റത്തിൽ പിതാവ് 'പഴയ കല്ലൂപ്പാറക്കാരൻ' തന്നെയായിരുന്നു. ഭക്ഷണത്തിലുള്ള മിതത്വം, പ്രാർത്ഥനാ ജീവിതത്തിലുള്ള ശുഷ്കാന്തി ഇവയെല്ലാം ഏവർക്കും അനുകരണീയമായ മാതൃകയാണ്. വൈദികനായിരുന്നപ്പോൾ അദ്ദേഹം തീക്ഷ്ണനായ ഒരു മിഷനറിയായി വേല ചെയ്തു. കോളേജു പ്രിൻസിപ്പലും, ഹോസ്റ്റൽ വാർഡനും ആയിരുന്നപ്പോഴും സന്യാസാരൂപിയോടെതന്നെ കായികമായി അദ്ധ്വാനിച്ചു ജീവിച്ചു. "അദ്ധ്വാനിക്കാത്തവർ ഭക്ഷിക്കാതിരിക്കട്ടെ" (2 തെസ 3/10)


www.malankaralibrary.com

എന്ന വി. പൗലോസു ശ്ലീഹായുടെ ആജ്ഞാനുസരണം ജീവിച്ച ആശ്രമസ്ഥനായിരുന്നു തിരുമേനി.

രോഗമായി കിടപ്പിലാകുംവരെ യുവാക്കളെ അതിശയിപ്പിക്കുന്ന ചുറുചുറുക്കോടെ ബനെഡിക്ട് പിതാവ് പ്രവർത്തന നിരതനായി. സാമൂഹിക രംഗത്തു വേണ്ട ധൈഷണിക നേതൃത്വം നൽകി; ധാർമ്മികമായ വിഷയങ്ങളിൽ വിട്ടു വീഴ്ചയില്ലാത്ത ഉറച്ച നിലപാടുകൾ കൈക്കൊണ്ടു; ജനോപകാരപ്രദമായ കാര്യങ്ങൾക്ക് മുൻപന്തിയിൽ നിന്നു. ശാസ്ത്ര സാങ്കേതിക,വിദ്യാഭ്യാസ വിഷയങ്ങളിൽ വേണ്ട ഉപദേശങ്ങൾ നൽകി. ചുരുക്കത്തിൽ, അദ്ധ്വാനം വിശ്രമമാക്കി 'എല്ലാവർക്കും എല്ലാം ആയി' നല്ല ഇടയനെപ്പോലെ അജഗണങ്ങളെ പരിപാലിച്ചു.

"A really great man is known by three signs: generosity in the design, humanity in the execution, moderation in success" (Bismark) ഈ ഗുണവിശേഷമെല്ലാം പിതാവിൽ സമന്വയിച്ചിരിക്കുന്നു.

www.malankaralibrary.com



ബ്ര. ജോസഫ് ജോർജ്ജ് ആടുകുഴിയിൽ ഒ.ഐ.സി.

# ബഥനിയുടെ സിറിൽ മാർ ബസേലിയോസ് തിരുമേനി

ആയിരത്തി തൊള്ളായിരത്തി മുപ്പത്തിയഞ്ച് ആഗസ്റ്റ് 16-ാം തീയതി പന്തളത്തിനടുത്ത് ഉള്ളന്നൂരിൽ മലഞ്ചരുവിൽ മത്തായിയുടെയും ഏലിയാമ്മയുടെയും മകനായ ജയിംസ് ജനിച്ചു. തേർഡ് ഫോറത്തിൽ പഠിക്കുന്ന കാലത്തു തന്നെ ബഥനി ആശ്രമത്തിൽ ചേരുവാനുള്ള ആഗ്രഹവുമായി അഭിവന്ദ്യ ഈവാനിയോസ് പിതാവിനെ സമീപിച്ചു. എന്നാൽ ഈവാനിയോസ് പിതാവ് തുടർന്ന് പഠിക്കുവാനാണ് ബാലനായ ജയിംസിനോട് കല്പിച്ചത്. തന്റെ ആഗ്രഹം സാധിക്കുന്നതിനായി ദിവസവും സ്കൂളിൽ നിന്നു വന്നതിനു ശേഷം ബാലനായ ജെയിംസ് പരിശുദ്ധ ദൈവമാതാവിനോട് പ്രത്യേകം പ്രാർത്ഥിക്കുമായിരുന്നു. പഠനത്തിനിടയിൽ തന്നെ ബഥനി ആശ്രമത്തിന്റെ നിയമാവലി വായിക്കുകയും അതിൽ കൂടുതൽ താല്പര്യം പ്രകടിപ്പിക്കുകയും ചെയ്തിരുന്നു. 1951-ൽ ജെയിംസ് S.S.L.C പാസ്സായി. പിന്നീട് തിരുവനന്തപുരത്ത് അഭിവന്ദ്യ ഈവാനിയോസ് തിരുമേനിയുടെ അനുഗ്രഹാശിസുകളോടെ ബഥനി ആശ്രമത്തിൽ ചേർന്നു.

> രണ്ടു സഭാപിതാക്കന്മാരെ സംഭാവന ചെയ്യാൻ ബഥനിയ്ക്കു കഴിഞ്ഞു. മലങ്കരഹയരാർക്കിയുടെ പരമാദ്ധ്യക്ഷനായ അഭിവന്ദ്യ മാർ ഗ്രീഗോറിയോസും ബത്തേരി രൂപതയുടെ അദ്ധ്യക്ഷൻ അഭിവന്ദ്യ സിറിൽ മാർ ബസ്സേലിയോസ് മെത്രാപ്പോലീത്തായും ബഥനിയുടെ സന്താനങ്ങളാണ്. പ്രതിഭാധനൻ, ധിക്ഷണാശാലി, പണ്ഡിതൻ, ഭരണനിപുണൻ എന്നീ വിശേഷണങ്ങൾക്ക് സർവദാ അർഹനാണ് ബസ്സേലിയോസ് തിരുമേനി. ബഥനിയുടെ ലാളിത്യവും,ചൈതന്യവും പേറി അദ്ദേഹം വയനാടിന്റെ അജപാലകനായി വിരാജിക്കുന്നു.

സന്ന്യാസശിക്ഷണത്തിന്റെ ആദ്യ പാഠങ്ങൾ ബഹുമാനപ്പെട്ട ജോഷ്വാ അച്ചന്റെ നിരീക്ഷണത്തിൽ ചെങ്ങന്നൂർ ബഥനി ജനറലേറ്റ് ഭവനത്തിൽ ആരംഭിച്ചു. നവസന്യാസ പരിശീലനം നാലാഞ്ചിറയിലുള്ള ബഥനി ആശ്രമത്തിൽ വച്ചായിരുന്നു. വൈദിക പഠനത്തിനായി പൂനാ ബഥനി ആശ്രമത്തിലേക്ക് അയയ്ക്കപ്പെടുകയും അവിടെ താമസിച്ചുകൊണ്ട് പൂനാ പേപ്പൽ സെമിനാരിയിൽ പഠനം ആരംഭിക്കുകയും ചെയ്തു. പേപ്പൽ സെമിനാരിയിൽ നിന്ന് പ്രശസ്തമായ നിലയിൽ


www.malankaralibrary.com

എൽ.പി.എച്ച്, എൽ.ഡി ബിരുദങ്ങൾ കരസ്ഥമാക്കി. 1960 ഒക്ടോബർ 4-ാം തീയതി കർദ്ദിനാൾ അഗാതിയാനിയാൽ നിന്ന് പുരോഹിതനായി അഭിഷിക്തനായി, പ്രഥമ ദിവ്യബലി അർപ്പിച്ചു.

പൂനായിൽ നിന്ന് നാട്ടിൽ തിരിച്ചെത്തിയ ഫാദർ സിറിൽ തിരുവനന്തപുരം ആശ്രമാംഗമായി നിയമിതനായി. തിരുവനന്തപുരത്ത് താമസിച്ചുകൊണ്ട് തിരുവനന്തപുരത്തും പരിസരപ്രദേശത്തുമുള്ള പല മിഷൻ കേന്ദ്രങ്ങളിലും പ്രവർത്തിച്ചു. ഈ അവസരത്തിലാണ് ഫാദർ സിറിലിനെ ഉന്നത പഠനത്തിനായി സമൂഹം റോമിലെ ഗ്രിഗോറിയൻ സർവകലാശാലയിലേക്ക് അയച്ചത്. കാനൻ നിയമ പഠനം 1961-ൽ ആരംഭിച്ചു. 1965-ൽ കാനൻ നിയമത്തിൽ ഡോക്ടറേറ്റു സമ്പാദിച്ചു. റോമിൽ പഠിച്ചു കൊണ്ടിരുന്ന അവസരത്തിൽ അവധി ക്കാലങ്ങളിൽ തൻെറ പാണ്ഢിത്യം വർദ്ധിപ്പി ക്കുന്നതിന് വിവിധ ഭാഷകൾ പഠിയ്ക്കുന്നതിൽ സിറിൽ ബദ്ധശ്രദ്ധനായിരുന്നു.

കാനൻ നിയമത്തിൽ ഉന്നതവിജയം കരസ്ഥമാക്കി കേരളത്തിൽ തിരിച്ചെത്തിയ ഫാദർ സിറിൽ 1966ൽ വടവാതൂർ സെമിനാരിയിൽ ദൈവശാസ്ത്ര അദ്ധ്യാപകനായി നിയമിതനായി. 1966-മുതൽ ബഥനി സന്യാസി സമൂഹത്തിൻെറ ജനറൽ കൗൺസിൽ അംഗമായി സേവനം അനുഷ്ഠിച്ചു. 1970-ൽ വീണ്ടും പഠനത്തിനായി അമേരിക്കയിലേക്ക് പോയി. ന്യൂയോർക്കിലെ സെൻറ് ജോൺസ് സർവകലാ ശാലയിൽ നിന്ന് മന:ശാസ്ത്രത്തിൽ റാങ്കോടുകൂടി എം.എ. ബിരുദം നേടി.

1974-ബഥനിയെ സംബന്ധിച്ചിടത്തോളം ഒരു പുതിയ യുഗത്തിൻെറ തുടക്കം ആയിരുന്നു. 1974-ൽ സിറിൽ അച്ചൻ ബഥനിയുടെ ഭരണസാരഥ്യം ഏറ്റെടുത്തു. ബഥനി സുപ്പീരിയർ ജനറൽ എന്ന പദവിയോടൊപ്പം കേരള കാത്തലിക് മിഷ്യൻ സുപ്പീരിയേഴ്സിൻെറ പ്രസിഡൻറായും സേവനം അനുഷ്ഠിച്ചു. 1973-മുതൽ പൗരസ്ത്യകാനൻ നിയമസംഹിത ക്രോഡീകരണകമ്മീഷനിൽ അംഗമായി പ്രവർത്തിച്ചു. സിറിൽ അച്ചൻെറ നേതൃത്വത്തിലും മേൽനോട്ടത്തിലും ആശ്രമനിയമങ്ങൾ പരിഷ്കരിച്ചു.



സമൂഹാദ്ധ്യക്ഷൻ ഫാ. സിറിൽ മലഞ്ചരുവിൽ ജനറൽ ചാപ്റ്ററംഗങ്ങളോടൊപ്പം

'ജനറൽ' എന്ന നിലയിൽ ബഥനിയുടെ നാനാവിധ വളർച്ചക്ക് അടിത്തറ പാകി. വത്തിക്കാൻ സുനഹദോസ് മുന്നിൽ കണ്ടിരുന്ന നവീകരണാശയങ്ങൾ പ്രവർത്തിതലത്തിലും ജീവിതത്തിലും ഉയർത്തുവാൻ ഉതകുന്ന പരിഷ്കാരങ്ങൾക്കാണ് അച്ചൻ നേതൃത്വം കൊടുത്തത്. ആശ്രമങ്ങളെ സ്വയം പര്യാപ്തമാക്കുവാൻ ശ്രമം ആരംഭിച്ചു. ആലുവായിലെ 'തപോവനം' സിറിൽ അച്ചൻെറ നിത്യസ്മാരകമായി എന്നും നിലനിൽക്കും.

ബഥനി സമൂഹം വിദ്യാഭ്യാസ മേഖലയിൽ കാലു കുത്തുന്നത് സിറിലച്ചൻെറ കാലത്തായിരുന്നു. റാന്നി യു.പി.സ്കൂൾ, ഗിരിദീപം സ്കൂൾ, മൈലപ്രാ ഇംഗ്ലീഷ് മീഡിയം സ്കൂൾ എന്നിവ അതിൻെറ ഉദാഹരണങ്ങൾ മാത്രം.

തൻെറ തിരക്കേറിയ ജീവിതത്തിനിടയിലും സമൂഹത്തിലെ അംഗങ്ങളെ എല്ലാവരെയും യാതൊരു മുൻവിധിയും കൂടാതെ സന്ദർശിക്കുവാനും, അംഗങ്ങളുടെ വ്യക്തിപരവും സഭാപരവുമായ വളർച്ചക്ക് ഉതകുന്ന എല്ലാ ഒത്താശകളും ചെയ്തു കൊടുക്കുവാനും പ്രത്യേകം ശ്രദ്ധിച്ചിരുന്നു. ജനറാൾ ആയിരുന്ന കാലയളവിൽ കേരളത്തിനകത്തും പുറത്തും ധാരാളം ധ്യാന പ്രസംഗങ്ങൾ വൈദി കർക്കായി നടത്തിയിട്ടുണ്ട്.

1978-ൽ ബഥനി സമൂഹത്തിൻെറ സുപ്പീരിയർ ജനറൽ ആയി സേവനം അനുഷ്ഠിച്ചു കൊണ്ടിരുന്നപ്പോൾ പുതുതായി രൂപം കൊണ്ട ബത്തേരി രൂപതയുടെ മെത്രാനായി നിയമിതനായി.

www.malankaralibrary.com


അന്നു മുതൽ ബത്തേരി രൂപത അതിവേഗം പുരോഗമിച്ചു കൊണ്ടിരിക്കുന്നു. രണ്ടാം വത്തിക്കാൻ സൂനഹദോസ് വിഭാവനം ചെയ്ത വ്യക്തിഗത സഭയുടെ തനിമ (identity) കാത്തു സൂക്ഷിച്ചു സഭയെ മുൻപോട്ടു നയിക്കുന്നതിനുള്ള വെല്ലു വിളിയാണ് പിതാവ് ഏറ്റെടുത്തിരിക്കുന്നത്.

മലങ്കരസഭയുടെ തിരുവനന്തപുരത്തെ "മേജർ സെമിനാരിയുടെ" രൂപീകരണത്തിലും, സ്ഥാപനത്തിലും അതിൻെറ വളർച്ചയിലും പിതാവിൻെറ നേതൃത്വം പ്രധാന ഹേതുവാണ്. മലങ്കര സഭയുടെ പ്രതിനിധിയായി ആഗോള സഭയിൽ ബനഡിക്ട് പിതാവിനോടൊപ്പം സജീവമായി ബന്ധമുള്ള സിറിൽ പിതാവിൻെറ കാര്യശേഷി ശ്ലാഘനീയമാണ്.

രൂപതയുടെ ഭരണം ഏറ്റെടുത്ത നാൾ മുതൽ രൂപതയുടെ പുരോഗതിക്കുള്ള കർമ്മ പരിപാടികൾ തയ്യാറാക്കുന്നതിൽ ജാഗ്രത പുലർത്തി മുൻപോട്ടു പോകുന്നു. 1978 - നു ശേഷമുള്ള ബത്തേരിയുടെ വികസനം അത്ഭുതാവഹമാണ്. എല്ലാ രംഗങ്ങളിലും ബത്തേരി രൂപത പിതാവിൻെറ നേതൃത്വത്തിൽ കേരളത്തിൽ ഇതര രൂപതകളോട് ഒപ്പം നിൽക്കുന്നു.

പ്രാർത്ഥനയിൽ അചഞ്ചലമായ വിശ്വാസവും, ബഥനിയുടെ ലാളിത്യവും മാത്രമാണ് പിതാവിൻെറ ജീവിതവിജയത്തിൻെറ രഹസ്യം. മെത്രാനായി അദ്യം തൻെറ സഭാമക്കൾക്കു നൽകിയ സന്ദേശത്തിൽ അദ്ദേഹം ഇപ്രകാരം എഴുതി. "ദൈവദത്തമായ ഈ ദൗത്യം ഒറ്റക്കുനിന്ന് നിർവഹിക്കണമെന്നോ നിർവഹിക്കാമെന്നോ ഞാൻ കരുതുന്നില്ല. ദൗത്യം സംഘാതമായ പ്രവർത്തനത്തിലൂടെയും കലവറയില്ലാത്ത ആത്മാർപ്പണത്തിലൂടെയും മാത്രമേ സാഫല്യമണിയൂ. ദൈവമക്കളുടെ സ്നേഹവും ഐക്യവും ആണ് സഭയുടെ ശക്തിയും ചേതനയും". ഇതാണ് സിറിൽ പിതാവിൻെറ ജീവിതം. ഇതാണ് അദ്ദേഹത്തിൻെറ പ്രവർത്തനം. ഇതു തന്നെയാണ് അദ്ദേഹത്തിൻെറ ജീവിത വിജയ രഹസ്യവും. ബഥനി അവളുടെ പ്ലാറ്റിനം ജൂബിലി അനുസ്മരിക്കുന്ന അവസരത്തിൽ ബഥനിയുടെ മകൻെറ വളർച്ചയിൽ അഭിമാനം കൊള്ളുകയും ഭാവുകങ്ങൾ നേരുകയും ചെയ്യുന്നു.

www.malankaralibrary.com



ഫാ. മത്തായി കടവിൽ ഒ.ഐ.സി

# പൂവണിഞ്ഞ മിഷൻ സങ്കല്പം

ബഥനി സന്യാസി സമൂഹം ആരംഭിക്കുന്നതിനു മുമ്പുള്ള മാനസിക സംഘർഷം വളരെ ഹൃദയസ്പൃക്കായി മാർ ഈവാനിയോസ് പിതാവ് തന്റെ ആത്മകഥയിൽ (ഗിരിദീപം p. 49-63) വിവരിച്ചിട്ടുണ്ട്. സഭയിൽ തുടർന്നുവന്ന കലഹങ്ങൾ കണ്ടു മനം നൊന്ത സഭാസ്നേഹിയായ മാർ ഈവാനിയോസ് പിതാവ് സഭയെ വളർത്തുന്നതിനായി എന്തു ചെയ്യണം എന്നു ചിന്തിക്കുകയും ഉചിതമായ തീരുമാനങ്ങൾക്കായി ദൈവത്തിലാശ്രയിക്കുകയും ചെയ്ത സംഭവമാണ് അവിടെ വിവരിച്ചിരിക്കുന്നത്.

പണ്ഡിതനും വിദ്യാഭ്യാസ വിചക്ഷണനുമായിരുന്ന പിതാവ് എം.ഡി. ഹൈസ്കൂളിന്റെ പ്രിൻസിപ്പാൾ പദവി വിട്ട് സെറാംപൂർ കോളേജിൽ പ്രൊഫസർ പദവി സ്വീകരിച്ചപ്പോൾ തന്റെ സഹോദര വൈദികർക്ക് ഉന്നത വിദ്യാഭ്യാസം നല്കുന്നതിനുള്ള സുവർണ്ണ സാഹചര്യമായിട്ടാണ് പുതിയ പദവിയെ കണ്ടത്. മാത്രവുമല്ല, വളരെപേരെ സെറാംപൂരിലും മറ്റു സർവകലാശാലകളിലുമായി പഠിപ്പിക്കുന്നതിനുള്ള സംവിധാനം അദ്ദേഹം ഏർപ്പെടുത്തി. എന്നാൽ വിവിധ സഭകളെക്കുറിച്ചു നടത്തിയ പഠനത്തിൽ നിന്ന് അദ്ദേഹം തന്റെ ആത്മകഥയിൽ എഴുതിയിരിക്കുന്നു; "ക്രൈസ്തവ സഭയുടെ സർവപ്രധാനമായ ചുമതല സുവിശേഷ പ്രചരണമത്രേ. രക്ഷകനായ മിശിഹാ തമ്പുരാനെ ഏവർക്കും കാണിച്ചു കൊടുക്കുക എന്നുള്ളതാണ് അതിന്റെ മുദ്രാവാക്യം. സമുദായികാഭിവൃദ്ധിയെയാണ് അത് ഗൗനിക്കേണ്ടിയിരിക്കുന്നത്. സുവിശേഷ പ്രചരണത്തിന് സ്കൂളുകളുടെ അഭാവം വലിയ പ്രതിബന്ധങ്ങളായിരിക്കുന്നില്ല. എം.ഡി. സെമ്മിനാരിയോ, വൈദിക വിദ്യാലയമോ, എന്തെല്ലാം ഉണ്ടായാലും ശരി സുവിശേഷ പ്രചരണം ദൈവനാമം മഹത്വപ്പെടുന്നതിലേക്ക് അപരിഹാര്യമാണ്. സമുദായത്തിന്റെ കാലോചിതമായ അലങ്കാരത്തിനും സാമൂഹികമായ അതിന്റെ ഉന്നമനത്തിനും സഹായിക്കുമാറുള്ള സ്ഥാപനങ്ങളും പരിശ്രമങ്ങളും മറ്റൊരു വഴിയായി നടന്നു കൊള്ളുമെന്നു വിശ്വസിക്കാം. അതിനായി ആളുകളുണ്ട്. സൗകര്യങ്ങളും ഉണ്ട്. നമ്മുടെ സെറാമ്പൂർ വാസത്തെ, സുവിശേഷ പ്രചരണത്തെ ലാക്കാക്കി വേലക്കാരെ ഒരുക്കുന്നതിനുവേണ്ടി വിനിയോഗിക്കുകയാണു വേണ്ടത്". (ഗിരിദീപം പേജ്. 56-57)

ഇതിനായി ഒരുമിഷനറി സമൂഹം മലങ്കരയിൽ ആരംഭിക്കുവാൻ അദ്ദേഹം ആഗ്രഹിച്ചു. എന്നാൽ മിഷൻ പ്രവർത്തനത്തിനായി ഇറങ്ങി പുറപ്പെടുന്നവരിൽ ഉണ്ടായേക്കാവുന്ന സ്വാർത്ഥത അദ്ദേഹത്തിന്റെ തന്നെവാക്കുകളിൽ, "മിഷനറി സമൂഹാംഗങ്ങളുടെ ഹൃദയങ്ങളിൽ സ്വാർത്ഥതല്പരതയ്ക്കും പൊതുജനാഭിനന്ദനത്തിനും എപ്പോൾ

www.malankaralibrary.com

ഇടം ലഭിക്കുന്നുവോ, അപ്പോൾ മുതൽ മിഷനറി സമൂഹത്തിൻെറ അധോഗതി ആരംഭിച്ചു പോയി എന്നു നിർണ്ണയിക്കാവുന്നതത്രെ.....

ആദർശത്തിൽ ഐകരൂപ്യം ഉണ്ടായിരിക്കേണ്ടതുപോലെ ജീവിതചര്യയിൽ ദൃഢപ്രതിജ്ഞയും ഉള്ള ആളുകളെ കിട്ടിയില്ലെങ്കിൽ സമൂഹം രൂപീകരിച്ചതുകൊണ്ടും സംഘം സ്ഥാപിച്ചതുകൊണ്ടും സംതൃപ്തിയടയുവാൻ പാടുള്ളതല്ല. ദൈവ സേവനത്തെ ജീവിത പ്രമാണമാക്കിയവരായി ദൈവഭക്തിയിൽ പരിപോഷിപ്പിക്കപ്പെടുന്നവരെ തെരഞ്ഞെടുത്ത് രൂപീകരിക്കപ്പെടുന്ന ഒരു സ്ഥാപനം കൊണ്ടു മാത്രമേ സുറിയാനി സമുദായത്തിന് യഥാർത്ഥമായ അഭ്യുദയവും സുവിശേഷ പ്രചരണവേലയ്ക്ക് വാസ്തവമായ ഫലപ്രാപ്തിയും ഉണ്ടാകയുള്ളു." (ഗിരിദീപം Page 59).

ബഥനിയുടെ ആദർശലക്ഷ്യത്തേക്കുറിച്ചദ്ദേഹം 1946 നവംബർ മാസം പുറപ്പെടുവിച്ച ഒരു ഇടയലേഖനത്തിലെഴുതി. "മിശിഹാ തമ്പുരാൻ തൻെറ വത്സല ശിഷ്യനായ തോമാശ്ലീഹാ വഴി നമുക്കു നല്കിയ വിശ്വാസമാകുന്ന നിക്ഷേപത്തെ നമ്മുടെ രാജ്യത്തിനു മുഴുവൻ പ്രദാനം ചെയ്യുകയും അത് കഴിയുന്നതും ദേശീയമായ രീതിയിൽ വളർത്തുകയും ചെയ്യുന്നതത്രെ ബഥനിയുടെ ആദർശവും ലക്ഷ്യവും". ബഥനി സന്യാസി സമൂഹത്തിൻെറ വിശുദ്ധ നിയമത്തിൻെറ ആരംഭത്തിൽത്തന്നെ ഇതു വ്യക്തമാക്കിയിരിക്കുന്നു. "മലങ്കര സഭയെ ആദ്ധ്യാത്മികമായി സമുദ്ധരിച്ചു കൊണ്ട് ഭാരതമാസകലം ക്രിസ്തുവിൻെറ സുവിശേഷം പ്രഘോഷിക്കണമെന്നുള്ള പരിശുദ്ധാരൂപിയുടെ പ്രചോദനത്താൽ പ്രേരിതനായി ഫാദർ ഗീവർഗ്ഗീസ് പണിക്കരുവീട്ടിൽ ഈ സന്യാസ സമൂഹത്തെ സ്ഥാപിച്ചു. (വിശുദ്ധ നിയമം നമ്പർ. 2) ഭാരതമാസകലം സുവിശേഷം പ്രചരിപ്പിക്കുന്നതിനുള്ള ഒരു ഉപകരണമായിട്ടാണ് അദ്ദേഹം ബഥനി സന്യാസി സമൂഹത്തെ വിഭാവനം ചെയ്തത്. അതിന് പ്രാരംഭമായി മലങ്കര സഭയെ ആത്മീയമായി സമുദ്ധരിക്കുവാനുള്ള ശ്രമങ്ങളും അദ്ദേഹം ചെയ്തു.

> പുനരൈക്യത്തോടെ ആത്മീയ പുരോഗതിക്കും സുവിശേഷ പ്രചാരണത്തിനും വേണ്ടി നിലകൊണ്ടവർ അകത്തോലിക്കാ സഹോദരങ്ങളെ കത്തോലിക്കാ വിശ്വാസത്തിലേക്ക് കൂട്ടിക്കൊണ്ടുവരുന്ന ദൗത്യം പ്രധാനമായി കരുതി പ്രവർത്തിച്ചു വന്നു. പുനരൈക്യ ശുശ്രൂഷയിൽ തീഷ്ണതയോടെ മുഴുകിയിരുന്ന ബഥനി സമൂഹം മലങ്കര സഭയുടെ സർവതോന്മുഖമായ അഭിവൃദ്ധിക്കായി വളരെയധികം പ്രവർത്തിച്ചു. ഈ തീഷ്ണത അതിൻെറ പ്രാരംഭ ചൈതന്യത്തിൽ നിന്നും വിട്ടു നില്ക്കുന്നതിന് ഒരു പരിധിവരെ കാരണമായി. എന്നാൽ കാലാന്തരത്തിൽ ആ ചൈതന്യം വീണ്ടെടുക്കുന്നതിനും മലങ്കര സഭയുടെ മുഴുവൻ പുളിമാവായി വർത്തിക്കത്തക്ക വിധം ബഥനിയുടെ ആദർശം സംരക്ഷിക്കുന്നതിനും ബഥനിയുടെ പ്രാരംഭ പിതാക്കന്മാർക്ക് കഴിഞ്ഞു.

## ബഥനി ഒരു സ്വതന്ത്ര പ്രസ്ഥാനം:

ബഥനി ഒരു സ്വതന്ത്ര പ്രസ്ഥാനമായിട്ടാണ് സ്ഥാപിക്കപ്പെട്ടത്. കക്ഷി വഴക്കുകളിൽ നിന്നകന്ന് സഭയെ ആത്മീയമായി സമുദ്ധരിച്ചുകൊണ്ട്, വിജാതീയരെ സുവിശേഷം അറിയിച്ചുകൊണ്ട്, അനേകരുടെ ആശാകേന്ദ്രവും പ്രതീക്ഷയുമായി ബഥനി വളർന്നുവന്നു. വളർച്ചയുടെ ഈ നാളുകളിൽ നടത്തിയ അന്വേഷണത്തിൻെറയും കണ്ടെത്തലിൻെറയും ഫലമായി സത്യ സഭയായ കത്തോലിക്കാ സഭയെ ആശ്ലേഷിക്കുന്നതിന് അഭിവന്ദ്യ പിതാവ് തീരുമാനിച്ചു. ഈ തീരുമാനത്തെ തൻെറ സഹോദര മെത്രാൻമാർ സർവ്വാത്മനാ സ്വാഗതം ചെയ്യുകയും സത്യ സഭയെ ആശ്ലേഷിക്കുന്നതിനു തീരുമാനിക്കുകയും ചെയ്തു. എന്നാൽ ചില സ്വാർത്ഥ താത്പര്യങ്ങൾ നിമിത്തം പലരും പിൻവാങ്ങി എങ്കിലും മാർ

www.malankaralibrary.com

ഈവാനിയോസ് പിതാവും ബഥനി പ്രസ്ഥാനവും കത്തോലിക്കാ സഭയിൽ ചേർന്നു. ഈ പുനരൈക്യത്തോടെ സമാരംഭിച്ച മലങ്കര കത്തോലിക്കാ സഭയുടെ ദൗത്യം ബഥനിയുടെ ദൗത്യം തന്നെയായിരുന്നു.

## ബഥനി പുനരൈക്യശേഷം

പുനരൈക്യത്തോടെ ആത്മീയ പുരോഗതിക്കും സുവിശേഷ പ്രചാരണത്തിനും വേണ്ടി നിലകൊണ്ടവർ അകത്തോലിക്കാ സഹോദരങ്ങളെ കത്തോലിക്കാ വിശ്വാസത്തിലേക്ക് കൂട്ടിക്കൊണ്ടുവരുന്ന ദൗത്യം പ്രധാനമായി കരുതി പ്രവർത്തിച്ചു വന്നു. പുനരൈക്യ ശുശ്രൂഷയിൽ തീഷ്ണതയോടെ മുഴുകിയിരുന്ന ബഥനി സമൂഹം മലങ്കര സഭയുടെ സർവ്വതോന്മുഖമായ അഭിവൃദ്ധിക്കായി വളരെയധികം പ്രവർത്തിച്ചു. ഈ തീഷ്ണത അതിന്റെ പ്രാരംഭ ചൈതന്യത്തിൽ നിന്നും വിട്ടു നില്ക്കുന്നതിന് ഒരു പരിധിവരെ കാരണമായി. എന്നാൽ കാലാന്തരത്തിൽ ആ ചൈതന്യം വീണ്ടെടുക്കുന്നതിനും മലങ്കര സഭയുടെ മുഴുവൻ പുളിമാവായി വർത്തിക്കത്തക്ക വിധം ബഥനിയുടെ ആദർശം സംരക്ഷിക്കുന്നതിനും ബഥനിയുടെ പ്രാരംഭ പിതാക്കന്മാർക്ക് കഴിഞ്ഞു.

മലങ്കര സഭയുടെ മിഷൻ ചൈതന്യവും ബഥനിയുടെ മിഷൻ ചൈതന്യവും രണ്ടല്ല. എന്നാൽ സന്യാസസമർപ്പണം വഴി മലങ്കര സഭയുടെ മിഷൻ ചൈതന്യത്തെ അതിന്റെ ആഴത്തിൽ പ്രാവർത്തികമാക്കാൻ ബഥനിക്ക് കടമയും ഉത്തരവാദിത്വവും ഉണ്ട്. ഇതനുസരിച്ചുള്ള പ്രവർത്തനപരിപാടികളാണ് ബഥനി സന്യാസിസമൂഹം ഏറ്റെടുത്തു നടത്തുന്നത്. ബഥനിയുടെ മിഷൻ പ്രവർത്തനത്തിന് മൂന്നു മാനങ്ങളാണുള്ളത്.

### 1. അജപാലന ശുശ്രൂഷ

സഭാമക്കൾക്ക് ഇടവകകൾ വഴി നല്കപ്പെടേണ്ട ശുശ്രൂഷയാണിത്. മൂന്നു രൂപതകളിലായി 92 ഇടവകകൾ ബഥനി ആശ്രമ വൈദികരുടെ നേതൃത്വത്തിൽ നടത്തപ്പെടുന്നു. ആശ്രമത്തോടനുബന്ധിച്ചുള്ള ഇടവകകളും കൂടുതൽ പരിഗണന ലഭിക്കേണ്ട മിഷൻ പ്രദേശങ്ങളിലുമാണ് ആശ്രമ വൈദികർ പ്രധാനമായും ശുശ്രൂഷ ചെയ്യുന്നത്. അടുത്ത കാലത്ത് രൂപതാതിർത്തികൾക്കു പുറത്തു താമസിക്കുന്ന മലങ്കര മക്കളുടെ അജപാലന ശുശ്രൂഷയിൽ പ്രത്യേക പരിഗണന നല്കി വരുന്നു. ബഥനി സമൂഹം വളരെ ഗൗരവത്തോടെയാണ് ഇക്കാര്യത്തിൽ ശ്രദ്ധപതിപ്പിച്ചിരിക്കുന്നത്. പൂനാ, ബോംബെ പ്രദേശങ്ങളിൽ ഇതിനു തുടക്കം കുറിച്ചതും ബഥനി സമൂഹമാണ്. ഇന്നു ഭാരതത്തിലുള്ള എട്ടു മിഷൻ കേന്ദ്രങ്ങളിൽ അഞ്ചെണ്ണവും ബഥനി ആശ്രമത്തിന്റെ മേൽനോട്ടത്തിലാണ് നടക്കുന്നത്. നാസിക്ക്, ഹൈദ്രബാദ് - സെക്കൻട്രാബാദ് എന്നിവിടങ്ങളിൽ മലങ്കരമക്കളെ സംഘടിപ്പിക്കുന്നതിനുള്ള ശ്രമം ആരംഭിച്ചു കഴിഞ്ഞു. ഭാരതത്തിനു പുറത്ത് അമേരിക്കയിൽ രണ്ടു ബഥനി ആശ്രമ വൈദികർ മലങ്കര മക്കളുടെ ശുശ്രൂഷയിൽ ഏർപ്പെട്ടിരിക്കുന്നു.

മലങ്കര സഭയിലെ വിവിധ ഇടവകകൾ സന്ദർശിച്ച് ധ്യാനത്തിനും സുവിശേഷ പ്രസംഗത്തിനും സമൂഹം നേതൃത്വം നല്കിവരുന്നു. അംഗങ്ങളുടെ പരിമിതിയും പ്രവർത്തന ബാഹുല്യവും ഇന്നു സമൂഹത്തെ ഏറെ അലട്ടുന്നുണ്ട്. ഈ സാഹചര്യത്തിൽ അത്മായരെയും, യുവജനങ്ങളെയും കുട്ടികളെയും മിഷൻ ചൈതന്യമുള്ളവരാക്കി വളർത്തുന്നതിന് ആവശ്യമായ നേതൃത്വം നല്കണമെന്ന ചിന്ത പ്രബലപ്പെട്ടു വരുന്നു.

### 2. പുനരൈക്യ ശുശ്രൂഷ

പുനരൈക്യത്തിന്റെ ആദ്യ നാളുകളിൽ ആരംഭിച്ച ഒട്ടു മിക്ക ദേവാലയങ്ങളും ബഥനി ആശ്രമ വൈദികരുടെ ശ്രമഫലമായിരുന്നു. കാലക്രമത്തിൽ ഇടവക ശുശ്രൂഷകൾക്കായി രൂപതാ വൈദികർ കടന്നു വന്നതോടെ ബഥനി ആത്മീയ പ്രവർത്തനങ്ങളിലൊതുങ്ങി. തുടർന്ന് ബഥനി വൈദികരാൽ നടത്തപ്പെട്ട ഇടവകകളോടു ചേർന്നും സമീപ പ്രദേശങ്ങളിലും പുനരൈക്യ പ്രവർത്തനങ്ങൾ നടത്തിവന്നു. വിവിധ സഭകളുമായി അടുത്തിടപെടുകയും സൗഹാർദ്ദമായ അന്തരീക്ഷം വളർത്തുകയും ചെയ്യുന്നതിൽ ബഥനി സമൂഹം വളരെയധികം ശ്രദ്ധിക്കുന്നുണ്ട്. പല ആശ്രമങ്ങളോടും ചേർന്ന് എക്യുമേനിക്കൽ സംരംഭങ്ങൾക്ക് നേതൃത്വം നല്കിവരുന്നു.

www.malankaralibrary.com

## 3. വിജാതിയരുടെ ഇടയിലുള്ള സുവിശേഷ പ്രഘോഷണം


സമൂഹ സ്ഥാപകൻെറ വലിയ സ്വപ്നമാണ് ഭാരതമെങ്ങും സുവിശേഷം അറിയിക്കുക എന്നത്. ബഥനിയുടെ ആരംഭം മുതൽ ഇതിൽ ശ്രദ്ധിച്ചിരുന്നു. പുനരൈക്യത്തിനു മുൻപു തന്നെ വിജാതീയ മിഷനുകൾ എന്ന പേരിൽ അക്രൈസ്തവരുടെ ഇടയിൽ സ്ഥാപിച്ച വളരെയധികം ആരാധനാലയങ്ങൾ ഉണ്ടായിരുന്നു. പുനരൈക്യശേഷം തെക്കൻ തിരുവിതാംകൂറിലും മറ്റും പ്രവർത്തനം വ്യാപിപ്പിച്ചത് ഈ ഉദ്ദേശത്തോടെയായിരുന്നു.

കൽക്കട്ട മിഷനു നേതൃത്വം നല്കിയിരുന്ന മരിയദാസച്ചനും, ഭിലായ് മിഷനു നേതൃത്വം നല്കിവരുന്ന സാമുവേൽ കിടങ്ങിലച്ചനും തങ്ങളുടെ പ്രവർത്തനങ്ങൾ അക്രൈസ്തവരുടെ ഇടയിൽ വ്യാപിപ്പിക്കുന്നതിനും വിജാതീയ മിഷൻ പ്രവർത്തനത്തിന് പുതിയ മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും ശ്രമിക്കുന്നു. പൂനാ വേദവിജ്ഞാന പീഠം മലങ്കരസഭയുടെ തനിമയ്ക്ക് ഊന്നൽ നല്കുന്നതോടൊപ്പം വിജാതീയരുടെ ഇടയിലുള്ള സുവിശേഷ പ്രഘോഷണത്തിന് വൈദികവിദ്യാർത്ഥികളെ ഒരുക്കുകയും ചെയ്യുന്നു.

## ഉപസംഹാരം

മനുഷ്യാവതാരത്തിൻെറ രണ്ടാം സഹസ്രാബ്ദം അനുസ്മരിക്കുവാൻ സഭ ഒരുങ്ങുന്ന ഈ കാലയളവിൽ അപ്പസ്തോലിക ചൈതന്യം വീണ്ടെടുക്കുവാൻ സഭ നമ്മോടാവശ്യപ്പെടുന്നു. ബഥനി സന്യാസി സമൂഹം സപ്തതി (1989) മുതൽ പ്ലാറ്റിനം (1944) ജൂബിലി ആഘോഷിക്കുന്നതുവരെയുള്ള അഞ്ചു വർഷം നവീകരണ വർഷമായി ആചരിച്ചു. സമൂഹത്തിൻെറ പ്രാരംഭ ചൈതന്യം ശക്തമായി അവതരിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ നടന്നുവരുന്നു. ഈ പശ്ചാത്തലത്തിൽ പ്ലാറ്റിനം ജൂബിലി വർഷത്തിൽ സമൂഹം ഒരുമിഷൻ ബോർഡിന് രൂപം നല്കുകയുണ്ടായി. സുവിശേഷവൽക്കരണത്തിൽ ബഥനിമുന്നേറുകയും ഭാരതമാനസാന്തരം യാഥാർത്ഥ്യമായിത്തീരുകയും ചെയ്യട്ടെ.

www.malankaralibrary.com



ഫാ. ജയിംസ് മാമ്മൂട്ടിൽ ഒ.ഐ.സി
ബോംബെ

# ഭൂമിയുടെ അറ്റത്തോളം

## ഭൂവിലശേഷം

"നിങ്ങൾ ലോകമെങ്ങുംപോയി എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ" (Mk. 16:15) "ആകയാൽ നിങ്ങൾ പോയി എല്ലാ ജനതകളെയും ശിഷ്യപ്പെടുത്തുവിൻ" (Mt.28:19) "പാപ മോചനത്തിനുള്ള അനുതാപം അവന്റെ നാമത്തിൽ ജറുസലേമിൽ ആരംഭിച്ച് എല്ലാ ജനതകളോടും പ്രഘോഷിക്കപ്പെടേണ്ടിയിരിക്കുന്നു." (Lk. 24:47) "പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയയ്ക്കുന്നു" (Jn.20:21) "ജറുസലേമിലും യൂദയാ മുഴുവനിലും സമരിയായിലും ഭൂമിയുടെ അതിർത്തികൾവരെയും നിങ്ങൾ എനിക്ക് സാക്ഷികളായിരിക്കും" (Acts. 1:8) എന്നീ തിരുവചനങ്ങൾ ക്രിസ്തു ശിഷ്യർ അഥവാ ക്രൈസ്തവരുടെ സാർവ്വ ലൗകിക സുവിശേഷ ദൗത്യം വ്യക്തമാക്കുന്നു. കേരളത്തിൽ ജനിച്ച് ഭാരത സുവിശേഷീകരണം ലക്ഷ്യമാക്കിപ്രവർത്തിച്ച മാർ ഈവാനിയോസ് വലിയ മെത്രാപ്പോലീത്ത ബഥനി ആശ്രമസ്ഥാപനത്തിന്റെ ലക്ഷ്യമായി കണ്ടതും ഭാരത സുവിശേഷീകരണമാണ്. ബഥനിയും മലങ്കരസഭയും ഈ ദൗത്യത്തോട് ആഭിമുഖ്യം പ്രദർശിപ്പിക്കുന്നത് എങ്ങനെയാണ്, എങ്ങനെയാവണം തുടങ്ങിയവ ശ്രദ്ധയേറിയ പഠനം അർഹിക്കുന്നു.

## മിഷനറി തീക്ഷ്ണത

വി. തോമാശ്ലീഹായിൽ നിന്ന് ആദ്യനൂറ്റാണ്ടിൽ തന്നെ ഭാരതത്തിനു ലഭിച്ച വിശ്വാസമാകുന്ന വെളിച്ചം ഭാരതത്തിനു മുഴുവനും നൽകാതിരുന്നത് മാർത്തോമാ മക്കളുടെ വലിയ പരാജയമായിപ്പോയി എന്നു വിശ്വസിക്കുകയും പലപ്പോഴും പ്രസ്താവിക്കുകയും ചെയ്ത മാർ ഈവാനിയോസ് പിതാവ് തന്റേതായ പരിശ്രമങ്ങൾ ഈ വഴിക്കു നടത്തിയത് ശ്രദ്ധേയമാണ്. കൽക്കട്ടായിലെ സെറാംപൂർ കോളജിൽ പ്രൊഫസറായിരിക്കെ ധാരാളമായി ഭാരതമിഷൻ പരിചയപ്പെട്ട അദ്ദേഹം വിവിധ തരത്തിൽ ഭാരത മിഷനായി പ്രവർത്തിക്കയും മറ്റുള്ളവരെ അതിനായി ഒരുക്കുകയും ചെയ്തു.

ബഥനി ആശ്രമം (1919 ആഗസ്റ്റ് 15) സ്ഥാപിച്ചപ്പോഴും ഭാരതം മുഴുവൻ പ്രവർത്തിക്കാനായിട്ടാണ് ലക്ഷ്യം വച്ചത്. ഭാരതത്തിനു പുറത്തും സിംഗപ്പൂരിലും മറ്റും ശ്രദ്ധ കേന്ദ്രീകരിക്കുവാൻ അഭിവന്ദ്യ മാർ ഈവാനിയോസ് പിതാവ് പരിശ്രമിച്ചു. കേരളത്തിലെ ദളിതുകളുടെ ഇടയിൽ പ്രവർത്തനമാരംഭിച്ചതും പഠനാർഹമായ ഒരു വിഷയമാണ്. വിശ്വാസികളെ വിശ്വാസ ജീവിതത്തിൽ ഉറപ്പിക്കുന്നതിനു സ്വീകരിച്ച പദ്ധതികൾ അനവധിയാണ്.

www.malankaralibrary.com

പ്രസംഗങ്ങൾ, പഠനക്ലാസ്സുകൾ, പരിശീലന പദ്ധതികൾ എല്ലാം ശ്രദ്ധേയമാണ്. ഗ്രന്ഥ പ്രസിദ്ധീകരണരംഗത്തും സുവിശേഷീകരണം ആയിരുന്നു പ്രധാന പ്രചോദനം. പുനരൈക്യത്തിലേക്കു നയിച്ച പഠനവും സ്വയ സുവിശേഷീകരണത്തിന്റെ പന്ഥാവായി മാത്രമേ അഭിവീക്ഷിക്കാനാവൂ.

## വിലയിരുത്തൽ ആശയപരമായി

ചുരുക്കത്തിൽ മിഷനറി ദൗത്യം ഒരു പ്രഖ്യാപിത നയമായി സ്വീകരിച്ചിരുന്നെങ്കിലും ബഥനി സന്യാസസഭയോ മലങ്കര കത്തോലിക്കാ സഭയോ, ഇതര സഹോദരി സഭകളെക്കാൾ മെച്ചപ്പെട്ടതെന്ന് പറയാവുന്ന ഒരു പ്രവർത്തനം കാഴ്ചവച്ചു എന്ന് കരുതാനാവില്ല. സ്വന്തം രൂപതാതിർത്തികൾക്കു പുറത്ത് നേരിയ രീതിയിലേ എത്തിയിട്ടുള്ളു. കത്തോലിക്കാ സഭയുടെതുതന്നെയായ (ലാറ്റിനും മറ്റും) ദൈവാലയങ്ങൾ ക്രൈസ്തവ കേന്ദ്രങ്ങളിലെല്ലാം ഉണ്ടായിരിക്കുന്ന സ്ഥിതിക്ക് മലങ്കര കത്തോലിക്കാ പ്രവർത്തനത്തിന്റെ ആവശ്യകത അനുഭവപ്പെട്ടില്ല എന്നതാകാം ഒരു പ്രധാനകാരണം. മറ്റു മതക്കാരെ ക്രൈസ്തവരാക്കുന്ന മിഷനറി പ്രവർത്തനം അല്ല, മറ്റുമതക്കാർ ക്രൈസ്തവരാകുന്ന മിഷനറി പ്രവർത്തനമാണ് അഭികാമ്യം എന്ന മിഷനറി വീക്ഷണം സ്വന്തമാക്കാനായതാണ് മറ്റൊരു കാരണം എന്നു പറയാമെങ്കിൽ അതും ഒരു കാരണമാണ്. യാക്കോബായ മാർത്തോമ്മാ ഓർത്തഡോക്സ് വിഭാഗങ്ങളുടെ പ്രവർത്തനം നേരിയ തോതിൽ മാത്രമേ സ്വസഭേതരരെ ലക്ഷ്യം വയ്ക്കുന്നുള്ളു എന്ന "തറവാട്ടു സ്വഭാവം" മലങ്കര കത്തോലിക്കർക്കും ലഭ്യമായി എന്നു പറയുന്നതിലും അഭംഗിയില്ല. വി.തോമാശ്ലീഹായുടെ സഭ ഒന്നാംനൂറ്റാണ്ടു മുതൽ ഇന്നുവരെയും നിലനില്ക്കുന്നു എന്നതാണ്, മറ്റു പ്രേരണകളിൽ തകർന്നില്ല എന്നതാണ് ഏറ്റം വലിയ മിഷനറി വിജയം എന്ന മിഷനറി ദൈവ ശാസ്ത്രം (missiology) അർഹിക്കുന്ന അർത്ഥത്തിൽ കണ്ടെത്താനാവണം.

പുനരൈക്യശേഷം തമിഴ്നാട്ടിലേക്കും മറ്റും വ്യാപിച്ചു സുവിശേഷീകരണ പരിശ്രമം ധാരാളമായ ഫലം പുറപ്പെടുത്തിയിട്ടുണ്ട്. അഭിവന്ദ്യ പിതാവിന്റെ കാലശേഷം ബഥനി സന്യാസസഭയ്ക്ക് എന്തു ചെയ്യുവാനായി എന്നതായിരിക്കാം അനുവാചകർക്ക് ചോദിക്കാനുണ്ടാവുക.

## ബാഹ്യകേരളത്തിലേക്ക്

തിരുവനന്തപുരം മുതൽ തെക്കോട്ടുള്ള സ്ഥലങ്ങളിൽ ബഥനി വൈദികർ എക്കാലവും പ്രവർത്തിച്ചിട്ടുണ്ട്. പൂനായിൽ (മഹാരാഷ്ട്ര) (1955) പഠനഗൃഹം തുടങ്ങിയപ്പോഴും മലബാറിൽ പ്രവർത്തനം ആരംഭിച്ചപ്പോഴും [ഫാ. മൈക്കിൾ മഞ്ഞനാംകുഴി ഒ.ഐ.സി] പ്രേഷിതരംഗത്തെ ബഥനിയുടെ കുതിപ്പുകളായി ഒരർത്ഥത്തിൽ അവ. പൂനായിലെ മലങ്കര മക്കളുടെ സമ്മേളനകേന്ദ്രമായി പൂനായിലെ ബഥനി ആശ്രമം. ഫാ. ഗബ്രിയേൽ തൈക്കടവിൽ ഒ.ഐ.സി ആദ്യത്തെ പൂനാ ആശ്രമാദ്ധ്യക്ഷനും. ഏതാണ്ട് അന്നു മുതൽ തന്നെ ചിലപ്പോഴൊക്കെ ബോംബെയിലും ഭാഗികമായി ബഥനിയുടെ, മലങ്കരയുടെ ശ്രദ്ധ പതിഞ്ഞിരുന്നു എന്നു പറയാം. ആയിരത്തിത്തൊള്ളായിരത്തി നാല്പതുകളിൽ ബോംബെയിലും, ഏതാണ്ടു അൻപതുകളുടെ ആരംഭത്തിൽ തന്നെ പൂനായിലും യാക്കോബായ സഭയുടെ പ്രവർത്തകരുണ്ടായിരുന്നു. ഫാ. തോമസ് മൂത്തേടം (പിന്നീട് തോമസ് മാർ തെയോഫിലോസ് കല്ലുപ്പാറ) പൂനായിലുണ്ടായിരുന്നത് 1952 മുതലായിരുന്നു എന്നു കാണാം. മലബാർ കത്തോലിക്കാ സഭയും ലാറ്റിൻ രൂപതകളിൽ ചേർന്നു പ്രവർത്തിക്കാൻ അംഗങ്ങളെ പ്രോത്സാഹിപ്പിച്ചു.

ബഥനി സന്യാസ സഭയുടെയും മലങ്കര കത്തോലിക്കാ സഭയുടെയും വിവിധ സ്ഥലങ്ങളിലെ പ്രവർത്തനങ്ങൾ പരിശോധിക്കുമ്പോൾ വിജയ പരാജയങ്ങളുടെ സ്വഭാവം നമുക്കു കണ്ടെത്താനാവുമെന്നു കരുതുന്നു. ഓരോ സ്ഥലത്തെ പറ്റിയും ലേഖനമുള്ളതു കൊണ്ട് പൊതുവായി മാത്രം പറഞ്ഞ് ബോംബെ പ്രവർത്തനം പ്രത്യേകമായെടുക്കാം.

### 1. കേരളത്തിനു വടക്കും തെക്കും

ബ. വലിയ കോശിയച്ചനും (റവ. ഫാ. കാക്കനാട് കോശി ഒ.ഐ.സി) ബ. യൗനാൻ കീപ്പള്ളിൽ ഒ.ഐ.സി യും തെക്കൻ കേരളത്തെപ്പറ്റി ആവേശം

www.malankaralibrary.com

കൊണ്ടിരുന്ന ആദ്യകാല ബഥനി മിഷനറിമാരാണ്. നെല്ലിക്കാക്കുഴി ആശ്രമവും അവിടുത്തെ വിവിധ കാലങ്ങളിലെ ആശ്രമസ്ഥരും മുക്കംപാലയിലെ പ്രവർത്തനങ്ങളും നെടുമങ്ങാട്ടെ പ്രവർത്തനങ്ങളും തെല്ല് മിഷനറി സ്വഭാവം ഉളളവയാണ്. പിൻകുളത്ത് ആരംഭിച്ചിരിക്കുന്ന മിഷൻ മന്ദിരംവരെ ശ്ലാഘനീയമായ ഒരു പ്രവർത്തനം ബഥനി സന്യാസസഭ നടത്തി തെക്കൻ കേരളത്തിൽ എന്നു പറയാം. മലങ്കര കത്തോലിക്കാ സഭയുടെ പ്രവർത്തനങ്ങളും തെക്ക് സാമാന്യം ആവേശകരമായിരുന്നു എന്ന് അഭിമാനിക്കാം. ബ. വലിയ ജോണച്ചനും ബ. ഗബ്രി യേലച്ചനും ബ. ആൻഡ്രൂസച്ചനും ഇന്ന് വരെയുള്ള പിൻഗാമികളുടെ പ്രവർത്തകരും അവിടങ്ങളിലെ പ്രവർത്തനങ്ങളുടെ യശസ്സ് അർഹിക്കുന്നു.

വടക്കൻ കേരളത്തിൽ മലബാറിലേക്ക് അനേകം യുവ വൈദികരെ അയയ്ക്കുവാൻ തിരുവല്ലാ രൂപതയിൽ നിന്ന് ശ്രദ്ധിച്ചു. ബഥനി ആശ്രമത്തിൽ നിന്ന് പ്രഗത്ഭനായ ഫാ. മൈക്കിൾമഞ്ഞനാംകുഴി ഒ.ഐ.സി മലബാറിലേക്ക് അയയ്ക്കപ്പെട്ടത് ഏതാണ്ട് അറുപതുകളുടെ ആരംഭത്തിലാണ്. പഞ്ചായത്ത് പ്രസിഡണ്ടായും ബഹുജന സേവകനായും മികച്ച സേവനം, അസൂയയുണർത്തിയ സേവനം കാഴ്ചവച്ച ബിരുദാനന്തരബിരുദധാരിയായിരുന്ന ഫാ. മൈക്കിൾ ആകസ്മികമായി ചരമമടഞ്ഞത് ബഥനി പ്രവർത്തനങ്ങളുടെ ശക്തിയെ തളർത്തിയിട്ടുണ്ടാവാ മെങ്കിലും തുടർന്നും മലബാറിലേക്ക് പലേ ആശ്രമസ്ഥരും അയയ്ക്കപ്പെട്ടു. ഫാ. മാത്യു തുരുത്തേൽ ഒ.ഐ.സി മുതൽ മറ്റനേകർ ആ നിരയിൽപ്പെടുന്നു. ബഥനി സന്യാസ സഭാ സുപ്പീരിയർ ജനറലായിരുന്ന (1974-1978) റവ. ഡോ. സിറിൽ മലഞ്ചരുവിൽ സുൽത്താൻബത്തേരി രൂപതയുടെ പ്രഥമാദ്ധ്യക്ഷനായി നിയോഗിക്കപ്പെട്ടത് ദൈവ പരിപാലനയുടെ സവിശേഷതയായി ബഥനിക്ക് ഓർമ്മിക്കാവുന്നതാണ്, അഭിമാനിക്കാവുന്നതാണ്.

## 2. സൗത്ത് കാനറാ

തിരുവല്ലാ രൂപതയിൽ നിന്ന് ഏതാനും വൈദികർ തുടക്കമിട്ട പ്രവർത്തനം ബത്തേരി രൂപതാ സ്ഥാപനത്തിനു ശേഷം തുടർന്നു കൊണ്ടുപോകുവാൻ ബഥനി ആശ്രമസ്ഥർ നിയോഗിക്കപ്പെട്ടു.

ധാരാളം കാര്യങ്ങൾ സൗത്ത് കാനറായിൽ ചെയ്യുവാൻ ബഥനിക്കു കഴിഞ്ഞു. കൂടുതൽ ശക്തമായ നേതൃത്വവും പ്രവർത്തന പദ്ധതികളും വേണ്ടിയിരുന്നു സൗത്ത് കാനറായിൽ എന്നു ചിന്തിക്കുന്നവരാണ് അധികം. ബ. ജേക്കബ് പെരുമ്പ്രാലച്ചനും ബ. ജോൺ ബർക്കുമാൻസച്ചനും ബ. ജോസ് വാളക്കുഴി അച്ചനും ബ. സഖറിയാ നന്തിയാട്ടച്ചനും ബ. ആത്മാ ന്ദച്ചനും ബ. സന്തോഷച്ചനും മറ്റ് പലേ ആശ്രമസ്ഥരും സൗത്ത് കാനറായിലെ പ്രവർത്തനങ്ങളുടെ പ്രയോക്താക്കളായി നിറഞ്ഞു നില്ക്കുന്നു. എല്ലാവരും അഭിനന്ദനമർഹിക്കുന്നു.

## 3. ബോംബെ

പൂനായിൽ നിന്ന് 1955 മുതൽ ബോംബെയിലേക്ക് ബഥനി ആശ്രമവൈദികർ വിവിധാവസരങ്ങളിലായി എത്തിയിരുന്നു. ബോംബെയിലൂടെ യാത്ര ചെയ്തു പോയിരുന്ന പിതാക്കന്മാരും വൈദികരും ബോംബെയിൽ വി. കുർബ്ബാന അർപ്പിക്കുകയും മറ്റു കർമ്മങ്ങൾ നടത്തുകയും ഉണ്ടായിട്ടുണ്ട്. നാടകത്തിൽ ഉപരിപഠനത്തിനും മറ്റുമായി ബോംബെയിലേക്ക് അയയ്ക്കപ്പെട്ട ഫാ. പൊസ്സേന്തി താന്നിയ്ക്കാകുഴി ഒ.ഐ.സി യെ ബോംബെയിലെ മലങ്കരക്കാർക്കുവേണ്ടി വി.കുർബ്ബാന അർപ്പിക്കുവാൻ നിയമിച്ചതാണ് ഔപചാരികമായ ആദ്യത്തെ മലങ്കര പ്രവർത്തനം. വെ. റവ. ഫാ. സിറിൽ മലഞ്ചരുവിൽ (പിന്നീട് മാർ ബസ്സേലിയോസ്) ബഥനി സന്യാസസമൂഹത്തിൻെറ സുപ്പീരിയർ ജനറലായിരിക്കുമ്പോഴാണ് ഈ നിയമനം. അന്നത്തെ അത്മായ നേതാവ് ശ്രീ. മാമ്മൻ ആയിരുന്നു. തുടർന്ന് പൂനായിൽ നിന്ന് ഫാ. ലൂയിസ് മൂലേവീട്ടിൽ ശനിയാഴ്ച തോറും ബോംബെയിലെത്തി ഞായറാഴ്ച വി. കുർബ്ബാന അർപ്പിച്ചു. വഡാല ഡോൺ ബോസ്ക്കോ ഹൈസ്കൂൾ ഹോളിലായിരുന്നു വി. കുർബ്ബാന അർപ്പിക്കപ്പെട്ടിരുന്നത്. തുടർന്ന് 1982-ൽ ഫാ. ജയിംസ് മാമ്മൂട്ടിൽ പൂനായിൽ നിന്ന് ബോംബെയിലെത്തി വി. കുർബ്ബാന അർപ്പിച്ചു. അക്കാലത്താണ് അന്ധേരിയിൽ ആദ്യമായി മലങ്കര കത്തോലിക്കാ സഭയ്ക്ക് ഒരു ഭവനം ആരംഭിച്ചത്. അന്ന് സുപ്പീര്യർ ജനറലായിരുന്ന ഫാ. ബർക്കുമാൻസ്, മലങ്കര അസ്സോസ്സിയേഷൻ ചെയർമാൻ അഡ്വ. റ്റി. കെ. ആൻറണി എന്നിവരുടെ ആവേശകരമായ നേതൃത്വം ഇക്കാര്യത്തിൽ ഉണ്ടായി. അതോടൊപ്പം

www.malankaralibrary.com

ആൻേറാപ് ഹിൽ സെൻറ് സാവിയോ ദൈവാലയത്തിൽ എല്ലാ ഞായറാഴ്ചയും ബോറിവ്‌ലി ഫ്രാൻസിസ്ക്കൻ മോണസ്റ്ററി ചർച്ചിൽ മാസത്തിൽ ഒരു ഞായറാഴ്ചയും വി. കുർബ്ബാന അർപ്പിക്കപ്പെട്ടു തുടങ്ങി. തുടർന്ന് ഫാ. ഡാനിയേൽ കടകംപള്ളി ഫാ. ഇഗ്നേഷ്യസ് കടിയംകുന്നിൽ ഫാ. പീറ്റർ ജോൺ, ഫാ. ഇഗ്നേഷ്യസ് തങ്ങളത്തിൽ, ഫാ. സജീവ് തെക്കേച്ചരുവിൽ, ഫാ. ബർക്കുമാൻസ്, ഫാ. കുരുവിള ചെറുതോൺ, ഫാ. വർഗീസ് പാലവിളയിൽ ഫാ. ജയിംസ് മാമൂട്ടിൽ തുടങ്ങിയ വൈദികർ ബോംബെയിൽ സേവനം ചെയ്തു. 1992 നവംബർ ഒന്നു മുതൽ മൂന്ന് പ്രത്യേക ഇടവകകളായി പ്രഖ്യാപിച്ചു കൊണ്ട് ഫാ. ഇഗ്നേഷ്യസ് തങ്ങളത്തിൽ (സാക്കിനാക്കാ) ഫാ. ജയിംസ് മാമ്മൂട്ടിൽ (ഉല്ലാസ് നഗർ), ഫാ. ഗീവറുഗീസ് പാലവിളയിൽ (ബൊറിവ്‌ലി) എന്നിവർ പൂർണ്ണാധികാരമുള്ള വികാരിമാരായി പതിനാറു കേന്ദ്രങ്ങളിൽ പ്രവർത്തിക്കുന്നു.


ഡൽഹിയിൽ മലങ്കരക്കാരെ സംഘടിപ്പിക്കുവാൻ ഫാ. ബർക്കുമൻസ് പരിശ്രമിച്ചിട്ടുള്ളത് പ്രത്യേകം പരാമർശിക്കേണ്ടതാണ്. ബോംബെയിൽ നിന്ന് നാസിക്കിലെത്തി പ്രവർത്തനം ആരംഭിക്കുവാൻ ഫാ. ജയിംസ് മാമ്മൂട്ടിൽ മുൻ കൈയെടുത്തു. ജർമ്മനിയിലും യൂറോപ്പിലാകെയും ഗൾഫ് രാജ്യങ്ങളിലും മലങ്കര കത്തോലിക്കാ പ്രവർത്തനം നടത്തേണ്ടതായിട്ടുണ്ട്. ഇന്ത്യയിൽത്തന്നെ വിവിധ സംസ്ഥാനങ്ങളിൽ പ്രവർത്തനം ആരംഭിക്കേണ്ടതായിട്ടുണ്ട്. ആന്ധ്രയിലും ഗുജറാത്തിലും മറ്റനേകം സംസ്ഥാനങ്ങളിലും നമുക്ക് എത്തിച്ചേരാനുണ്ട്.



യുവവൈദികൻ ഫാ. ഗീവറുഗ്ഗീസ് പാലവിളയിൽ നേതൃത്വം കൊടുക്കുന്ന യുവജനനിര

കേരളത്തിൽ തന്നെ നമ്മുടെ ശ്രദ്ധ പതിഞ്ഞിട്ടില്ലാത്ത മേഖലകളുണ്ട്. പാരീസിലായിരുന്നപ്പോൾ ജർമ്മനിയിൽ എത്തി മലങ്കരക്കാരെ സംഘടിപ്പിക്കുവാൻ ഈ ലേഖകനു സാധിച്ചിട്ടുണ്ട്.

ഹിന്ദിയിലും ഇംഗ്ലീഷിലും മറ്റു ഭാഷകളിലും വി. കുർബ്ബാന അർപ്പിക്കാനും വേദപാഠം പഠിപ്പിക്കാനും പ്രസംഗിക്കാനും കൂടുതൽ ഒരുക്കം നടക്കണം. യുവജനങ്ങളെ സംഘടിപ്പിക്കാൻ ബോംബെയിൽ പ്രത്യേകം പരിശ്രമം നടക്കുന്നു. ഇപ്പോൾ ഫാ. ഗീവറുഗിസ് പാലവിളയുടെ നേതൃത്വത്തിൽ ബോംബെയിലെ യുവജന പ്രസ്ഥാനം വിജയകരമായി



ബോംബെ മിഷൻ സുപ്പീരിയർ ഫാ. ഇഗ്നേഷ്യസ് രൂപതാദ്ധ്യക്ഷരോടും സമൂഹാദ്ധ്യക്ഷനോടുമൊപ്പം ബാഹ്യകേരള കൺവൻഷനിൽ

പ്രവർത്തിക്കുന്നു. ബ. ഇഗ്നേഷ്യസ് തങ്ങളത്തിലിൻെറ നേതൃത്വത്തിൽ ആരംഭിച്ച ബാഹ്യകേരള മലങ്കര കൺവെൻഷൻ പ്രത്യേകമായ ഒരു യാഥാർത്ഥ്യമായി ബാഹ്യ കേരള പ്രവർത്തനങ്ങളെ കാണുവാൻ മലങ്കര സഭാ നേതൃത്വത്തെ നിർബന്ധിക്കുന്ന വലുപ്പം ആർജ്ജിച്ചിട്ടുണ്ട്. മലങ്കരശബ്ദമെന്ന പ്രസിദ്ധീകരണവും ശ്രദ്ധയാകർഷിക്കുന്നു. പുനരൈക്യ പ്രസ്ഥാനത്തിൻെറ ചുവടു പിടിച്ചു തന്നെ മലങ്കര സഭകൾ പരസ്പരസഹകരണത്തിൻെറയും ഐക്യ സംഭാഷണങ്ങളുടെയും വഴിയിൽ മുന്നേറുന്നത് വെറും യാദൃശ്ചികതയല്ല എന്നതും പ്രസ്താവ്യമാണ്.

ഇന്ന് ബോംബെയിലും, പൂനായിലും ഭിലായിയിലും നാസിക്കിലും കൽക്കട്ടായിലും ചിക്കാഗോയിലും മറ്റും പ്രവർത്തിക്കുന്ന ബഥനി, മലങ്കരയുടെ ബാഹ്യ കേരള പ്രവർത്തനത്തിൻെറ മുന്നണിയിലുണ്ടാവണം എന്നത് ബഥനിയുടെ സ്ഥാപനോദ്ദേശ്യ നിർവ്വഹണം


www.malankaralibrary.com

തന്നെയാണ്: കടമയാണ്. എന്നാൽ ബാഹ്യകേരളത്തെ മുഴുവൻ ലക്ഷ്യം വച്ച് ഒരു രൂപതയോ മറ്റ് സംവിധാനങ്ങളോ ഉണ്ടാവേണ്ടത് വളർച്ചയ്ക്ക് അനിവാര്യമാണ്, അത്യന്താപേക്ഷിതമാണ്. റോബർട്ട് ഫ്രോസ്റ്റിന്റെ ഈരടികൾ നമുക്കോർക്കാം.

Miles to go before I sleep
And miles to go before I sleep.

ബഥനിയെ ഓർത്ത് ദൈവത്തെ സ്തുതിക്കാം. പ്ലാറ്റിനം ജൂബിലി ആചരിക്കുന്ന ബഥനി വിജയിക്കട്ടെ. ഓരോ ആശ്രമസ്ഥനും അവകാശപ്പെട്ടതാണ് ആ അഭിമാനം. മലങ്കര മക്കൾക്ക് അവകാശപ്പെട്ടതാണ് ആ സന്തോഷം. ബ. ബർക്കുമാൻസ് അച്ചന്റെ നേതൃത്വത്തിലുള്ള ബഥനി വേദ വിജ്ഞാന പീഠത്തിന്റെ (പൂനാ) സേവനങ്ങളും ഫാ. ലോറൻസ് തുരുത്തിയിലിന്റെ ഹിന്ദി തക്സായും ഇംഗ്ലീഷിലുള്ള കുർബ്ബാന ക്രമവും മറ്റ് പ്രസിദ്ധീകരണങ്ങളും നമ്മുടെ ബാഹ്യകേരള പ്രവർത്തനത്തിന് ധാരാളമായ ശക്തി പകർന്നിട്ടുണ്ട്. കൂടുതലായി പ്രവർത്തിക്കുവാൻ ബഥനിക്ക് കഴിയട്ടെ എന്നു പ്രാർത്ഥിക്കുന്നു. ബോംബെ, പൂനാമിഷൻ സുപ്പീരിയറായ ഫാ. ഇഗ്നേഷ്യസ് തങ്ങളത്തിലും പ്രത്യേകം പ്രശംസ അർഹിക്കുന്നു. ഇനിയും ധാരാളം ചെയ്യാനുണ്ട് എന്നത് നമുക്കു മറക്കാതിരിക്കാം. ചെറുതും വലുതുമായ ഓരോ സേവനത്തിനും വലിയ പ്രസക്തിയുണ്ട്.

www.malankaralibrary.com



ഫാ. ഫിലിപ്പ് വൈശ്യനേത്ത് ഒ.ഐ.സി

# ബഥനി സുവിശേഷ സംഘം

തിരുവചന ശുശ്രൂഷയ്ക്ക് കൂടുതൽ ഊന്നൽ കൊടുക്കുന്ന ഒരു കാലഘട്ടമാണല്ലോ 20-ാം നൂറ്റാണ്ട്. രണ്ടായിരമാണ്ടാകുന്നതോടുകൂടി ലോകത്തിൽ ഒരാൾ പോലും യേശുക്രിസ്തുവിനെ അറിയാത്തവനായി ഉണ്ടായിരിക്കരുതെന്നു തിരുസഭ നിഷ്ക്കർഷിക്കുന്നു. ഇന്ന് കരിസ്മാറ്റിക് പ്രസ്ഥാനത്തിലൂടെ അനേകായിരങ്ങൾ യേശുവിലേക്കു തിരിയുന്നു എന്ന സത്യം തുറന്നു പറയാൻ മടിക്കേണ്ടതില്ലല്ലോ. ഈ കാലഘട്ടത്തിലാണ് ബഥനി സുവിശേഷ സംഘം രൂപം കൊണ്ടിരിക്കുന്നത്.

ബഥനി സന്യാസി സമൂഹത്തിന്റെ അപ്പോസ്തോലിക പ്രവർത്തനങ്ങളിൽ പ്രഥമവും പ്രധാനവുമായ ഒന്നാണ് സുവിശേഷ പ്രഘോഷണവും ധ്യാനയോഗങ്ങളും (വി. നിയമം നമ്പർ 162). സന്യാസ ജീവിതത്തിന്റെ അന്ത:സത്തയും ചൈതന്യവും പ്രകാശിക്കുന്ന ഈ പ്രവർത്തനം വ്യക്തിഗതമായി നടക്കുകയായിരുന്നു. ഇത് സമൂഹത്തിന്റെ സംഘാതമായ ഒരു പ്രവർത്തനമായിത്തീരണം എന്ന ആശയം പലപ്പോഴായി ഉരുത്തിരിഞ്ഞു വന്നിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ സുവിശേഷ പ്രഘോഷണത്തിൽ തല്പരരായ സമൂഹാംഗങ്ങൾ ഒന്നിച്ചു കൂടി രൂപപ്പെടുത്തിയ ഈ ആശയം പെ. ബ. സുപ്പീരിയർ ജനറാളച്ചൻ തന്റെ ഔദ്യോഗികകത്തിലൂടെ സമൂഹാംഗങ്ങളെ അറിയിക്കുകയുണ്ടായി (SGL.5, Oct. 20/1992) തൽഫലമായി ബഥനി സുവിശേഷ സംഘമെന്ന പേരിൽ ഒരു സുവിശേഷ പ്രഘോഷണ സംഘം രൂപീകരിക്കപ്പെട്ടു.

നൂറിൽപരം സ്ഥലങ്ങൾ കേന്ദ്രമാക്കി സുവിശേഷ യോഗങ്ങൾ നടന്നു കഴിഞ്ഞു. മൂന്നു ദിവസമായിട്ടാണ് സുവിശേഷസംഘത്തിന്റെ പരിപാടികൾ ക്രമീകരിച്ചിരിക്കുന്നത്. മൂന്നു ദിവസങ്ങളും കുടുംബ നവീകരണാർത്ഥം അവിടെ ഒരു മണിക്കൂറെങ്കിലും ജാഗരണ പ്രാർത്ഥന നടക്കുന്നു. ഒരുമണിക്കൂറെങ്കിലും ഉണർന്നിരുന്നു പ്രാർത്ഥിക്കാനുള്ള യേശുനാഥന്റെ ആഹ്വാനമാണിതിനാധാരം. വൈകിട്ടു മാത്രമാണെങ്കിൽ അരമണിക്കൂർ ഗാന ശുശ്രൂഷയും തുടർന്ന് രണ്ടു മണിക്കൂറോളം നീണ്ടു നില്ക്കുന്ന വചന പ്രഘോഷണവുമുണ്ടായിരിക്കും. ദിവസം മുഴുവനുള്ള പരിപാടികൾ ഓരോ പ്രദേശത്തെ ആവശ്യമനുസരിച്ചാണ് നടത്തുന്നത്. അവസാനദിവസത്തിൽ വി. കുർബ്ബാനയുടെ സന്നിധിയിൽ രോഗശാന്തി ശുശ്രൂഷയും നടത്തപ്പെടുന്നു. നല്ല ഒരുക്കത്തോടും പ്രാർത്ഥനയോടും കൂടി നടത്തപ്പെട്ട എല്ലാ ധ്യാനങ്ങളിലും അനേകർക്ക് ആത്മികാനുഭവം ലഭിക്കുകയുണ്ടായി; ഇപ്പോഴും ലഭിക്കുന്നു.

സുവിശേഷ സംഘത്തിന് ശക്തിയും ചൈതന്യവും പകരുന്നത് ഇതിനു പിന്നിൽ പ്രവർത്തിക്കുന്ന പ്രാർത്ഥനാ ഗ്രൂപ്പാണ്. തിരുവല്ലാ ആശ്രമം കേന്ദ്രമാക്കി

www.malankaralibrary.com


അല്മായരുടെ ഒരു പ്രാർത്ഥനാഗ്രൂപ്പ് ബ. ജെയ്ക്കബച്ചൻെറ നേതൃത്വത്തിൽ നടക്കുന്നുണ്ട്. സുവിശേഷ സംഘത്തിന് ഈ പ്രാർത്ഥനാ ഗ്രൂപ്പ് മുതൽക്കൂട്ടാണ്.

സംഘാതമായി നടത്തുന്ന സുവിശേഷ പ്രഘോഷണം തനിയേ നടത്തുന്ന വചന പ്രഘോഷണത്തേക്കാൾ ഫലദായകമാണെന്നത് തർക്കമറ്റ വസ്തുതയാണ്. തിരുവല്ലാ കേന്ദ്രമാക്കി ബ. ജേയ്ക്കബച്ചൻെറ നേതൃത്വത്തിലും, ബത്തേരി കേന്ദ്രമാക്കി ബ. പ്ലാസിഡച്ചൻെറയും ബ. പീറ്റർ ജോണച്ചൻെറയും നേതൃത്വത്തിലും ഹൈറേഞ്ച് കേന്ദ്രമാക്കി ബ. ആത്മാനന്ദച്ചൻെറ നേതൃത്വത്തിലും സുവിശേഷ പ്രഘോഷണം നടക്കുന്നു.

സുവിശേഷ സംഘത്തിൻെറ സാധ്യതകൾ (scope) പലതാണ്. തെരുവു പ്രസംഗങ്ങൾ മുതൽ അഞ്ചു പൂർണ്ണ ദിവസം നീണ്ടു നില്ക്കുന്ന സുവിശേഷ കൺവൻഷൻ വരെ നടത്താൻ കഴിയുന്ന വ്യക്തികൾ സമൂഹത്തിലുണ്ട്. ഗാനശുശ്രൂഷക്കു നേതൃത്വം കൊടുക്കുവാൻ സംഗീതാഭിരുചിയുള്ളവരും ഉണ്ട്. പ്രസംഗപാടവമോ സംഗീതാഭിരുചിയോ ഇല്ലാത്തവർക്കും അവരുടെ പ്രാർത്ഥനയിലൂടെ ഈ സുവിശേഷസംഘത്തിൻെറ അംഗങ്ങളാകാൻ കഴിയും.

ഇപ്പോൾ എവിടെയും ഒരേ തരത്തിലുള്ള (pattern) കൺവൻഷനുകളും ധ്യാനയോഗങ്ങളുമാണ് നടക്കുന്നത്. എന്നാൽ ബഥനി സുവിശേഷ സംഘത്തിന് പ്രത്യേകമായുള്ള (unique) ഒരു വചന പ്രഘോഷണ രീതി വികസിപ്പിച്ചെടുക്കാൻ കഴിയും. ഭാരതീയവും ലളിതവും എന്നാൽ മലങ്കര പാരമ്പര്യത്തിൽ ഉറച്ചതുമായ ഒരു ധ്യാന മുറയിലൂടെ അനേകരെ യേശുവിന്റെ സുവിശേഷത്തിലേക്ക് ആനയിക്കുന്നതിനു സാധിക്കും. ഇപ്പോൾ ബഥനി സുവിശേഷ സംഘത്തിൻെറ ചുക്കാൻ പിടിക്കുന്നത് ബ. ജോൺ ബോസ്കോ അച്ചനും ബ. ഫിലിപ്പ് വൈശ്യനേത്തച്ചനുമാണ്.

www.malankaralibrary.com



ഫാ. ജോൺ പാലവിളയിൽ ഒ.ഐ.സി.

# ഉത്തിഷ്ഠത! ജാഗ്രത!

## സൗത്ത് കാനറ മിഷനും ബഥനിയും

ഭൂമിശാസ്ത്രപരമായി കർണ്ണാടക സംസ്ഥാനത്തിന്റെ തെക്കേ അറ്റത്തുള്ള ജില്ലയാണ് സൗത്ത് കാനറ. കേരളാതിർത്തിയോടു തൊട്ടുരുമ്മിക്കിടക്കുന്ന ശാദ്വലഭൂമി. ജില്ലയുടെ ആസ്ഥാനം മംഗലാപുരം. മനോഹരമായ പട്ടണം, തുറമുഖം, വിമാനത്താവളം, എന്നിവയെല്ലാം ജില്ലാ തലസ്ഥാനത്തിനുമാറ്റു കൂട്ടുന്നു. അനേകം കലാലയങ്ങൾ, മെഡിക്കൽ കോളേജ് ഉൾപ്പെടെയുള്ള വിദ്യാഭ്യാസസ്ഥാപനങ്ങൾ, മനോഹരമായ ക്രൈസ്തവ ദേവാലയങ്ങൾ എന്നിവയും മംഗലാപുരത്തിനു മോടികൂട്ടുന്നു. വിവിധ കത്തോലിക്കാ രൂപതകളുടെ ഭരണസീമയിൽ വരുന്ന പ്രദേശമാണ് സൗത്ത് കാനറ. ബത്തേരി, തലശ്ശേരി, മാനന്തവാടി, രൂപതകളുടെ അധികാരപരിധി സൗത്ത് കാനറയിലേക്കും വ്യാപിക്കുന്നു.

വിവിധ സംസ്ക്കാരങ്ങളുടെയും ഭാഷകളുടെയും നാടാണ് സൗത്ത് കാനറ. കൊങ്കൺ (ഗോവൻ), മലയാളി, സിംഹള, തമിഴ് സംസ്ക്കാരങ്ങൾ ഈ വന്യഭൂമിയെ വർണ്ണോജ്വലമാക്കുന്നു. കന്നട, തമിഴ്, മലയാളം, തുളു എന്നീ ഭാഷകൾ ഇവിടുത്തെ ജനങ്ങൾ സംസാരിക്കുന്നു. കാർഷികവൃത്തിയും, കച്ചവടവും, സർക്കാരുദ്യോഗവും ഉപജീവനമാർഗ്ഗമാണ്. പൊതുവിൽ സമാധാനതല്പരരായ ജനങ്ങൾ തിങ്ങിപ്പാർക്കുന്ന, സൗത്ത് കാനറാ ജില്ലയിൽ ക്രൈസ്തവ സാക്ഷ്യത്തിന്റെ ചരിത്രം പരിശോധിച്ചു നോക്കാം.

ഇന്നാട്ടിലെ ജനങ്ങളിൽ ക്രൈസ്തവ വിശ്വാസം പകർന്നവർ മിഷനറിമാരായിരുന്നു. ഗോവയിൽ നിന്നു കുടിയേറിപ്പാർത്തവർ കൊങ്കൺ സംസ്ക്കാരവും ക്രൈസ്തവ വിശ്വാസവും നാട്ടുകാരുമായി പങ്കുവച്ചു. സൗത്ത് കാനറയിൽ ശക്തമായ കൊങ്കൺ ക്രൈസ്തവസമൂഹം നിലനില്ക്കുന്നു. പുരാതനമായ ക്രൈസ്തവദേവാലയങ്ങളും വിശ്വാസത്തിൽ അടിയുറച്ച കത്തോലിക്കാ കുടുംബങ്ങളും, സ്കൂളുകളും സ്ഥാപനങ്ങളും സൗത്തുകാനറായിൽ പലയിടത്തും കാണാവുന്നതാണ്. മംഗലാപുരം നഗരത്തിൽ, കേരളത്തിലേതുപോലെ തലയുയർത്തി നില്ക്കുന്ന ക്രൈസ്തവദേവാലയങ്ങളും വിദ്യാഭ്യാസസ്ഥാപനങ്ങളും എങ്ങും ദൃശ്യമാണ്.

## ആദിമകുടിയേറ്റക്കാർ

ജീവസന്ധാരണത്തിന് മാർഗ്ഗം തേടി നാടുവിട്ട മനുഷ്യർ വയനാടൻ ചുരങ്ങൾ ചവിട്ടിക്കയറി പലയിടങ്ങളിലായി താമസമുറപ്പിച്ചു. പലർക്കുമതു

വേരുറപ്പിക്കാൻ സാധിക്കാതെ പോയ ഭാഗ്യാന്വേഷി കളുടെ രണ്ടാം കുടിയേറ്റം അവിടെയാരംഭിച്ചു. അതു കർണ്ണാടക, തമിഴ്നാടു സംസ്ഥാനങ്ങളിലെക്കു വ്യാപിച്ചു. ഇവരോടു ചേരുവാൻ ധാരാളമാളുകൾ നാട്ടിൽ നിന്നു വീണ്ടുമെത്തി. ഇവരിൽ വളരെപ്പേർ കുടിയേറിപ്പാർത്ത സ്ഥലമാണ് സൗത്ത് കാനറ. തമിഴ്നാട്ടിൽ നിന്നും ശ്രീലങ്കയിൽ നിന്നുമുള്ള ഭാഗ്യാന്വേഷികൾ കൂടി ഈ യാത്രയിൽ പങ്കു ചേർന്നപ്പോൾ അതു വിവിധ സംസ്ക്കാരങ്ങളുടെ സംഗമഭൂമിയായി.

കേരളം പോലെ ഫലഭൂയിഷ്ഠമായ മണ്ണ്, നല്ല വൃഷ്ടിപ്രദേശം, വിശാലമായ വനഭൂമി. കാടും മേടും നിറഞ്ഞ വനഭൂമിയെ വിളഭൂമിയാക്കിയ കഥയാണ് സൗത്ത് കാനറക്കാരുടെ കഥ. കദന കഥകൾ വേറെ യും. കുടിക്കാൻ വെള്ളവും, കഴിക്കാൻ ആഹാരവും ഉടുക്കാൻ വസ്ത്രവും, കിടക്കാൻ പാർപ്പിടവും അത്യദ്ധ്വാനത്തിലൂടെ നേടിയെടുത്തു. അതോടൊപ്പം അവരുടെ ഹൃദയങ്ങളിൽ എന്തിൻെറയോ കുറവ് അനുഭവപ്പെട്ടു. മറ്റൊന്നുമായിരുന്നില്ല. ഈശ്വരാനു ഭവത്തിനുവേണ്ടിയുള്ള ദാഹം.

കുടിയേറ്റക്കാരുടെ ഇടയിൽ മലങ്കരകത്തോലിക്കർ ന്യൂനപക്ഷമായിരുന്നു. എങ്കിലും സ്വന്തമായ ഒരാരാധനാ സ്ഥലം ഒരു സ്വപ്നം പോലെ അവർ മനസ്സിൽ ഒതുക്കിവച്ചു. അദ്യ കാലങ്ങളിൽ ഇതരറീത്തുകളിലുള്ള ആരാധനകളിൽ പങ്കുചേർന്നു. സ്വന്തമായ ആരാധ നയും പാരമ്പര്യവും കാത്തു സൂക്ഷിക്കുവാനുള്ള ആഗ്രഹം അപ്പോഴും ജ്വലിച്ചുനിന്നു. നിരന്തരം നിവേദനങ്ങളും, അപേക്ഷകളും സമർപ്പിക്കപ്പെട്ടു. അവസാനം അവരുടെ ആഗ്രഹം പൂവണിഞ്ഞു. 1963ൽ തിരുവല്ലാ രൂപതയുടെ അഭിവന്ദ്യ മാർ അത്തനാസിയോസ് തിരുമേനി ബ. നേര്യം പറമ്പിലച്ചനെയും, സൈമൺ പുളിയൻകീഴിലച്ചനെയും കർണ്ണാടകത്തിലേക്കയച്ചു. സ്ഥലങ്ങൾ കണ്ടും കാര്യങ്ങൾഗ്രഹിച്ചും അവർ മടങ്ങിപ്പോയി. സൈമൺ അച്ചന് ആ അവസരത്തിലുണ്ടായ അപകടവും വൈദികരുടെ കുറവും കർണ്ണാടകയിലെ മിഷൻ എന്ന വലിയ സ്വപ്നത്തെ തകർത്തു. കർണ്ണാടകയിലെ ഘട്ടം ഇവിടെ തീരുന്നു.

മൂന്നു വർഷങ്ങൾക്കു ശേഷം കുടിയേറ്റപ്രദേശ ങ്ങളെ എന്നും മനസ്സിൽ താലോലിച്ചിരുന്ന ബ.ഐസക്ക് കൂട്ടപ്ളാക്കലച്ചനും (ഐസക് മാർ യൂഹാനോൻ മെത്രാപ്പോലിത്ത) ബ. ചെറിയാൻ രാമനാലച്ചനും സൗത്ത് കാനറയിലെത്തി. അവർ നൂജിബാൽത്തില എന്ന സ്ഥലത്ത് തിരുവല്ലാ രൂപതയക്കു വേണ്ടി രണ്ടേക്കർ സ്ഥലം വാങ്ങുകയും ഒരു താത്ക്കാലിക ഷെഡ്ഡു കെട്ടി ദേവാലയം തീർക്കുകയും ചെയ്തു. സൗത്ത് കാനറയിലെ മലങ്കരമിഷന്റെ പിറവി ഇവിടെയാണ്. തുടർന്നു നേത്രാവതി പുഴക്കു മറുകരെ ഇച്ചിലംപാടിയിലും പള്ളിതുടങ്ങി. കൂടാതെ പദാവിൽ തലശ്ശേരി രൂപത വകയായുള്ള പള്ളിയിൽ എല്ലാ മാസവും ഒരിക്കൽ കുർബാന അർപ്പിച്ചു പോന്നു. ഐസക്കച്ചന്റെ പിൻഗാമി ഈപ്പൻ നെച്ചിക്കാട്ടിലച്ചനായിരുന്നു. ഏതാനും മാസങ്ങൾക്കുശേഷം അച്ചനും തിരികെ പ്പോയി. അതോടെ സൗത്ത് കാനറാ മിഷന്റെ രണ്ടാം ഘട്ടം അവസാനിച്ചു.

1947 ഏപ്രിൽ 21-ാം തിയതി ഫാ. തോമസ് താന്നിക്കാകുഴി വികാരിയായി നിയമിക്കപ്പെട്ടു. അദ്ദേഹത്തിന്റെ ആഗമനം മൂന്നാം ഘട്ടത്തിന്റെ തുടക്കമായിരുന്നു. അച്ചന്റെ ശ്രമഫലമായി നൂജിബാൾത്തിലയിൽ പുതിയ ദേവാലയം നിർമ്മിച്ചു. ഇച്ചിലംപാടി, പദാവ്, കർമ്മായ്, ഉളുപ്പ് (ജോസ്ഗിരി), കുത്തൂർ എന്നീ മിഷൻ കേന്ദ്രങ്ങൾ സജീവമായി. തലശ്ശേരി രൂപതയിലെ കുട്രപ്പാടി പള്ളിയിൽ താമസിച്ചുകൊണ്ടാണ് ആദ്യകാല മലങ്കരമിഷനറിമാർ ആത്മീയശുശ്രൂഷ നടത്തിയിരുന്നത്. കുട്രപ്പാടിയിൽ ബ. മാത്യൂസ് വില്ലംതാനം അച്ചനായിരുന്നു വികാരി. ബ. തോമസച്ചനെ തുടർന്നു ഫിലിപ്പ് ചക്കാലമുറി, സഖറിയാസ് കോട്ടയിൽ എന്നിവർ മിഷൻ പ്രവർത്തനത്തിനെത്തി. ഇക്കാലഘട്ടത്തിൽ ഡി.എസ്സ്.എസ്സ്. സിസ്റ്റേഴ്സിന്റെ ഒരു മഠവും നൂജിയിൽ ആരംഭിച്ചു. ആതുരരംഗത്തും സാമൂഹികസേവന രംഗത്തും ഇവർ നൽകിയിട്ടുള്ള സംഭാവനകൾ നിസ്തുലമാണ്. കാനറാ മിഷന്റെ അരുമസന്താനങ്ങൾ

www.malankaralibrary.com

രണ്ടുപേർ ഫാ. കോശി കാക്കനാടും, ഫാ. വറുഗീസ് ഒറ്റത്തെങ്ങിലും വൈദികരാകുന്നത് ഈ കാലഘട്ടത്തിലാണ്.

മാർ അത്തനാസ്യോസ് തിരുമേനി കാലം ചെയ്തതും ബത്തേരി രൂപത ഉടലെടുത്തതും സഭാ ചരിത്രത്തിലെ പിൽക്കാല സംഭവങ്ങളാണ്. ബഥനിയുടെ അരുമസുതൻ മാർ ബസേലിയോസ് രൂപതാഭരണം ഏറ്റെടുത്തു. മിഷൻ രംഗങ്ങളിൽ ബഥനിക്ക് സ്വതന്ത്രമായ പദവിയും സ്ഥാനവും അംഗീകരിച്ചു നൽകുന്നതിൽ അതീവ തല്പരനായിരുന്ന മാർബസ്സേലിയോസ് തിരുമേനി സൗത്ത് കാനറാ മിഷൻ ബഥനി സന്യാസ സമൂഹത്തിനു മിഷൻ മേഖലയായി വിട്ടുകൊടുത്തു. ബ. സന്തോഷ്, സഖറിയാസ്, ജോസ് പ്രകാശ് എന്നീ മൂന്നു വൈദികരായിരുന്നു ആദ്യകാല മിഷനറികൾ.

നൂജി, ഇച്ചിലംപാടി, കുത്തൂർ, ഉളുപ്പ്, പതാവ് എന്നീ അഞ്ചു കേന്ദ്രങ്ങൾ മാത്രമേ അന്നു സജീവമായിരുന്നുള്ളൂ. സന്യാസവൈദികരുടെ വരവും ബഥനി ആശ്രമസ്ഥാപനവും മിഷൻ മേഖലയ്ക്കു പുതിയ ഉണർവ് പ്രദാനം ചെയ്തു. മംഗലാപുരം-ബാംഗ്ലൂർ ഹൈവേയ്ക്കു സമീപം മൂന്ന് ഏക്കർ സ്ഥലം വാങ്ങി അവിടെ ബഥനിആശ്രമം തുടങ്ങുവാനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചു. നെല്ലിയാടി ഇന്ന് അതിവേഗം പുരോഗമിച്ചു കൊണ്ടിരിക്കുന്ന ഒരു കൊച്ചു പട്ടണമാണ്. ബഥനിവൈദികരുടെ പരിശ്രമഫലമായി അവിടെ ഒരു ദേവാലയം സ്ഥാപിക്കപ്പെട്ടു. ഇന്നു കാണുന്ന മനോഹരമായ ദേവാലയവും, ആശ്രമത്തോടു ചേർന്നുള്ള ജ്ഞാനോദയ ഇംഗ്ലീഷ് സ്കൂൾ, ബോർഡിംഗ്, പണി പൂർത്തിയായിക്കൊണ്ടിരിക്കുന്ന ഐ.റ്റി.ഐ, ഹോസ്റ്റൽ എന്നിവ ബഥനിയുടെ സാന്നിദ്ധ്യം കൊണ്ട് അതിവേഗം പുരോഗമിച്ചു കൊണ്ടിരിക്കുന്ന സ്ഥാപനങ്ങളാണ്. നെല്ലിയാടി കേന്ദ്രമാക്കി രണ്ടു മിഷൻ കേന്ദ്രങ്ങൾക്കൂടി തുടങ്ങി. അഡോള, ഷിബാജേ. ഇവ രണ്ടും വളരെ സജീവമാണെന്നു പ്രത്യേകം പറയേണ്ടിയിരിക്കുന്നു. സൗത്ത് കാനറാ ഒരു വൈദിക ജില്ലയായി ഉയർത്തപ്പെട്ടതോടുകൂടി ബഥനിവൈദികർ പൂർവാധികം താല്പര്യത്തോടെ മിഷൻ രംഗങ്ങളിലേക്കു കടന്നു വന്നു. ആ കൂട്ടത്തിൽ ബ. ബർക്കുമാൻസ് അച്ചൻ, ജേക്കബ് അച്ചൻ, അത്മാനന്ദ്, വറുഗീസ് തറമുട്ടം, ജോസ് വാളക്കുഴി, സാലസ് അഞ്ചനാട്ട്, ഡാനിയേൽ ചേന്നാത്ത്, വറുഗീസ് ഇലഞ്ഞിയിൽ, തോമസ് വടവന, ഡാമിയൻ, തോമസ് റജി, നൈനാൻ, ജോൺകൃപാനന്ദ്, വറുഗീസ് പാലവിള, ജയാപോൾ, ആന്റണി പടിപ്പുര എന്നീ വൈദികരുടെ നാമങ്ങൾ അനുസ്മരിക്കപ്പെടേണ്ട വയാണ്. ബ്ര. ജോവാക്കിം, മാർട്ടിൻ എന്നിവരും മിഷൻ പ്രവർത്തനത്തിൽ സജീവമായി പങ്കുചേർന്നു. ഇന്ന് 12 ഇടവകകളും, രണ്ട് ആശ്രമങ്ങളും, ഒരു മിഷൻ മന്ദിരവും സമൂഹത്തിനു സൗത്ത് കാനറായിൽ ഉണ്ട്. സൗത്ത് കാനറായിൽ നിന്നുള്ള വൈദിക വിദ്യാർത്ഥികൾക്ക് പരിശീലനം കൊടുക്കുന്നതും അവിടെത്തന്നെയാണ്.



ആരാധന സർവപ്രധാനം
'വീണമീട്ടി കർത്താവിനു സ്തുതി അർപ്പിക്കുവിൻ'

നൂജിബാൽത്തില ഒരവികസിത ഗ്രാമപ്രദേശമാണ്. മഴക്കാലത്ത് ബാഹ്യലോകവുമായുള്ള ബന്ധം വിച്ഛേദിക്കപ്പെട്ട് ഒരുതുരുത്തിലെന്നപോലെ കഴിഞ്ഞു പോന്നഗ്രാമവാസികൾക്ക് ഇന്ന് സഞ്ചാരയോഗ്യമായ റോഡു്, വാഹനസൗകര്യങ്ങൾ, വൈദ്യുതി എന്നിവ എത്തിക്കഴിഞ്ഞു. വിദ്യാഭ്യാസത്തിൽ ഏറ്റവും പിറകിലായിരുന്ന നൂജിബാൽത്തില പ്രദേശത്തെ വിദ്യാർത്ഥികൾ ഇന്ന് മുൻപന്തിയിലാണ്. കാരണം ദീർഘവീക്ഷണത്തോടുകൂടി ബഥനി ആരംഭിച്ച ഹൈസ്ക്കൂളും, ജൂനിയർ കോളേജും തന്നെ. പത്തു മൈൽ നടന്നു പോയി കഡബായിലോ, സുബ്രഹ്മണ്യത്തോ വിദ്യാഭ്യാസം ചെയ്തിരുന്ന കുട്ടികൾക്ക് തങ്ങളുടെ നാട്ടിൽത്തന്നെ ഉന്നത വിദ്യാഭ്യാസത്തിനു

www.malankaralibrary.com

കളമൊരുക്കിയിരിക്കുന്നു ബഥനി.

കഡബായിലുള്ള കൊമേർസിയൽ ഇൻസ്റ്റിറ്റ്യൂട്ടും, നെല്ലിയാടിയിലെ ഇംഗ്ലീഷ് സ്കൂളും, ബോർഡിംഗും, ഐ.റ്റി.ഐ. യും വിദൂരങ്ങളിൽ നിന്നുള്ളവർക്കുപോലും ആശാ കേന്ദ്രങ്ങളാകുന്നു.

## ചിലവെല്ലുവിളികൾ, പ്രത്യാശകൾ

ബഥനി സമൂഹത്തിന് ഏല്പിച്ചു തന്ന ഒരു മിഷൻ മേഖലയാണ് സൗത്ത് കാനറ. യാക്കോബായ സഭയിൽ ബഥനിയ്ക്കു ലഭിച്ചിരുന്ന തനതു വ്യക്തിത്വവും സ്വാതന്ത്ര്യവും ഒരു പക്ഷേ തിരിച്ചു നൽകാനുള്ള ഒരു ചുവടു വയ്പായിരുന്നിരിക്കാം സൗത്തു കാനറ. ബഥനിയുടെ ദൗത്യം പൂർണ്ണമാക്കുന്നത് തനതു ശൈലിയിലും ഉത്തരവാദിത്വത്തിലും സുവിശേഷ ജോലിയിൽ ഏർപ്പെടുമ്പോഴാണ്. പരാധീനതകളും മാറിയ പരിത സ്ഥിതികളും കണക്കിലെടുക്കണം.

ബഥനിസമൂഹം ഈ വെല്ലുവിളി ഗൗരവമായി ഏറ്റെടുത്തിട്ടുണ്ടോ എന്നു സംശയിക്കുന്നു. സൗത്ത് കാനറ മിഷൻ ബഥനിയെ ഏല്പിച്ചിട്ട് രണ്ടു പതിറ്റാണ്ടു തികയുവാൻ പോകുന്നു. രണ്ടോ നാലോ പള്ളികളോ, സ്ഥാപനങ്ങളോ ഉണ്ടാക്കിയതുകൊണ്ട് ഈ ദൗത്യം പൂർണ്ണമാകുന്നില്ല. വിശാലമായ കർണ്ണാടക മിഷനിൽ ബഥനി മുഴുവൻ ശ്രദ്ധയും ചെലുത്തണം. ആളും അർത്ഥവും നൽകി മിഷൻ പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കണം. കർണ്ണാടക മിഷന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാനും, വിലയിരുത്താനും സമൂഹതലത്തിൽ ക്രമീകരണങ്ങൾ ചെയ്യണം. സൗത്ത് കാനറയിൽ ചിതറിക്കിടക്കുന്ന മലങ്കര മക്കളിലും, വിജാതീയരിലും സുവിശേഷചൈതന്യം നിറയ്ക്കുവാൻ കർമ്മശേഷിയും ബുദ്ധികൂർമ്മതയും


സത്യം തേടിയുള്ള യാത്ര
മാർ ഈവാനിയോസ്ദിന പദയാത്ര

ഉള്ള വൈദികരെ തിരഞ്ഞെടുത്ത് അയയ്ക്കണം. ബഥനി ശതാബ്ദിയാഘോഷിക്കുമ്പോൾ ഒരു പുതിയ രൂപതയായി കർണ്ണാടക വളരുവാൻ നാം ഇപ്പോഴേ ഒരുങ്ങുക. ഉത്തിഷ്ഠത! ജാഗ്രത!

www.malankaralibrary.com



ഫാ. സാമുവൽ മാത്യു കിടങ്ങിൽ ഒ.ഐ.സി.

# ഭിലായ് മിഷൻ

ബഥനിയുടെ കഴിഞ്ഞ എഴുപത്തിയഞ്ചു വർഷത്തെ ചരിത്രത്തിൽ ബാഹ്യകേരള മിഷൻ പ്രവർത്തനങ്ങളിൽ പുതു വേദികൾ കണ്ടെത്തി കടന്നുചെല്ലാൻ കഴിയാത്ത ഒരു കേന്ദ്രമാണ് ഭിലായ്-ദുർഗ്ഗ്.

1957 കളിൽ ഭിലായിൽ ഉരുക്കുശാല സ്ഥാപിതമായതോടു കൂടി കേരളത്തിൽ നിന്നും അനേകായിരങ്ങൾ തൊഴിൽ തേടി ഇവിടെയെത്തി; അവരിൽ മലങ്കര കത്തോലിക്ക വിശ്വാസികളും ഉണ്ടായിരുന്നു. നീണ്ട കാലയളവിൽ ഇവിടത്തെ ലാറ്റിൻ പള്ളികളിൽ പോയി ആത്ധ്യാത്മിക ആവശ്യങ്ങൾ നിർവ്വഹിച്ചിരുന്ന അവർ 1981 നോടുകൂടി മലങ്കര കത്തോലിക്കാ അസോസിയേഷൻ എന്നൊരു സംഘടനയ്ക്ക് രൂപം നൽകി. അതേത്തുടർന്ന് ക്രിസ്തുമസ്സ്, ഈസ്റ്റർ തുടങ്ങിയ വേളകളിൽ മലങ്കര ആരാധനകൾ നടത്തികൊടുക്കത്തക്കവിധം തിരുവനന്തപുരം അതിരൂപതാ വൈദികരും, ബഥനി ആശ്രമ വൈദികരും വന്നുകൊണ്ടിരുന്നു. 1985 മുതൽ തിരുവനന്തപുരം അതിരൂപതാ വൈദികനായ ബ.ജോസഫ് കുരുമ്പിലേത്തച്ചൻ ഭോപ്പാലിൽ നിന്നും എല്ലാ മാസത്തിലെയും ആദ്യ ഞായറാഴ്ചകളിൽ ഇവിടെ വന്ന് വി. കുർബാന അർപ്പിക്കുകയും കുടുംബ പ്രാർത്ഥനകൾ സംഘടിപ്പിക്കുകയും ചെയ്തുപോന്നിരുന്നു. തൽഫലമായി ഇവിടത്തെ മലങ്കര കത്തോലിക്കാകൂട്ടായ്മ കൂടുതൽ ശക്തി പ്രാപിച്ചു കൊണ്ടിരുന്നു.

1991 ആഗസ്റ്റ് മാസത്തിൽ ഇവിടെ ബഥനി ആശ്രമം സ്ഥാപിതമായതോടു കൂടി ഇവിടത്തെ മലങ്കര മക്കളുടെ ആത്ധ്യാത്മിക വളർച്ചയ്ക്ക് ഒരു വൈദികൻെറ സേവനം സ്ഥിരമായി ലഭിക്കുകയും ബഥനി സമൂഹത്തിൻെറ കർമ്മ പരിപാടികൾ ആരംഭിക്കുകയും ചെയ്തു.

ഇവിടെ ഒരു ആശ്രമം തുടങ്ങുന്നതിന് പ്രത്യേകമാം വിധം താല്പര്യം എടുക്കുകയും ആയതിലേയ്ക്ക് വേണ്ട നീക്കങ്ങൾ സ്വീകരിക്കുകയും ആശ്രമം സ്ഥാപിതമായി ഒരുമാസം കഴിഞ്ഞ് ഇവിടെ വന്ന് ഇവിടത്തെ മലങ്കര സഭയുടെ ഭാവി പരിപാടികൾക്ക് മാർഗ്ഗ നിർദ്ദേശവും ഉത്തേജനവും നൽകി മടങ്ങിയ വേളയിൽ ആജ്ഞാതരുടെ വെടിയേറ്റു മരിക്കുകയും ചെയ്ത ലൂയിസച്ചനെ ഈ അവസരത്തിൽ പ്രത്യേകമാം വിധം സ്മരിക്കുന്നു. ആ സംഭവത്തിനു മൂന്നു വർഷങ്ങൾ തികയുന്ന ഈ വേളയിൽ ബ. ലൂയിസച്ചൻെറ സ്മരണകൾക്കുമുമ്പിൽ ഇവിടുത്തെ മലങ്കര സഭയുടെ ആദരാജ്ഞലികൾ.

ഇന്ന് ഭിലായ്-ദുർഗ്ഗ് മലങ്കരകത്തോലിക്കരുടെ ആസ്ഥാനം, ബോർസി ബഥനി ആശ്രമമാണ്. ഏതാണ്ട്

www.malankaralibrary.com

നാല്പതു കുടുംബങ്ങൾ സ്ഥിരമായി ഇന്ന് കൂട്ടായ്മയിൽ പങ്കുചേർന്ന് ആരാധനാ ജീവിതം ധന്യമാക്കിപോകുന്നു. ബഥനി ആശ്രമ ചാപ്പലിലും, ഭിലായ് സെക്ടറിലുള്ള കത്തോലിക്കാ പള്ളികളിലുമായി ഇപ്പോൾ ആരാധനകൾ നടത്തിപോകുന്നു. വിവിധ ഭവനങ്ങളിൽവെച്ചുള്ള പ്രാർത്ഥനായോഗങ്ങളിൽ എല്ലാ വിശ്വാസികളും ഏറെ താല്പര്യത്തോടുകൂടി പങ്കുചേരുന്നു. യുവ ജന സംഘടനയുടെ M.C.Y.M യൂണിറ്റ് കാര്യക്ഷമമായ സേവനം പ്രശംസനീയമാം വിധം നിർവ്വഹിക്കുന്നു. നാളെയുടെ നഗര കവാടങ്ങൾ എല്ലാ തലങ്ങളിലും അവരിലൂടെ തുറക്കപ്പെടുമെന്ന് പ്രത്യാശിക്കാം.

പ്രാർത്ഥനാദിനങ്ങളിലും എല്ലാ ചൊവ്വാഴ്ചകളിലുമുള്ള വി.കുർബാന, വി. അന്തോനിയോസ് പുണ്യവാനോടുള്ള നൊവേന എന്നിവകളിലും ജാതി, മത, ഭാഷ വ്യത്യാസം കൂടാതെ അനേകർ വന്ന് സംബന്ധിക്കുന്നു.

ബോർസിയിൽ ഒരു ഐ.റ്റി.ഐ തുടങ്ങുന്നതിൽ ഇതിനോടകമായി ഭിലായി സ്റ്റീൽ പ്ലാന്റിൽ നിന്നും 5 ഏക്കർ സ്ഥലം അനുവദിച്ചുകിട്ടിട്ടുണ്ട്. ഐ.റ്റി.ഐ. തുടങ്ങുന്നതിന് ആവശ്യമായ മറ്റ് ക്രമീകരണങ്ങൾ ചെയ്തുപോരുന്നു. പ്രസ്തുത സ്ഥാപനം ഈ നാടിന് ഒരു മുതൽക്കൂട്ടും ബഥനി സമൂഹത്തിന് ഒരു സാക്ഷ്യവും ആയിരിക്കുമെന്ന് പ്രത്യാശിക്കാം.



പൂവണിയുന്ന സ്വപ്നം ഭിലായ് മലങ്കര കൂട്ടായ്മ

ഇവിടുത്തെ ശുശ്രൂഷയിൽ ബഥനിസന്യാസിനി സമൂഹത്തിന്റെ സേവനം ലഭ്യമാണ്. 1991 മെയ് മാസത്തോടുകൂടി ഒരു ബഥനി മഠം ഇവിടെ സ്ഥാപിതമായി. ഇന്നിപ്പോൾ ശുശ്രൂഷയിലും വിദ്യാഭ്യാസമണ്ഡലത്തിലും ബ. സിസ്റ്റേഴ്സിന്റെ സേവനം തുടരുന്നു. ബോർസിയിൽ ഉന്നത നിലവാരം പുലർത്തുന്ന ഒരു സ്കൂൾ അവരുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്നു.

ബോർസി ബഥനി ആശ്രമം ഇന്ന് ഭിലായി ദുർഗ്ഗ് ഏറിയാകളിലുള്ള മിക്കവാറും എല്ലാ ക്രിസ്തീയ വിശ്വാസികളുടെയും ഹൃദയങ്ങളിൽ സൗഹൃദയ ഭാവത്തെയും ആത്ധ്യാത്മിക ചൈതന്യത്തെയും തൊട്ടുണർത്തുന്ന ഒരു ചെറു ആശ്രമമായി മാറിക്കഴിഞ്ഞിട്ടുണ്ട്. വലിയ നോമ്പ് കാലയളവിൽ സംഘടിപ്പിക്കാറുള്ള 'ഉപാസന', 'ശാന്തിദിനം', എന്നീ

സാമ്പത്തികമായി പിന്നോക്കാവസ്ഥയിൽ കഴിയുന്ന കുടുംബങ്ങളിലെ സമർത്ഥരായ കുട്ടികളെ സഹായിക്കുന്നതി നായി ഒരു പഠന സഹായ പദ്ധതി ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു. ഈ അദ്ധ്യായന വർഷത്തിൽ രണ്ട് വില്ലേജുകളിലെ ഇരുപത്തഞ്ച് കുട്ടികൾക്ക് സ്കൂൾ യൂണിഫോം, നാല്പത്തഞ്ച് കുട്ടികൾക്ക് പാഠ പുസ്തകം, നോട്ടുബുക്ക് എന്നിവ വിതരണം ചെയ്യുന്നതിന് ഇടയായിട്ടുണ്ട്. ചുരുക്കത്തിൽ ആത്ധ്യാത്മികവും, സാമൂഹികവും, വിദ്യാഭ്യാസ പരവുമായ മണ്ഡലങ്ങളിൽ ഈ ചുരുങ്ങിയ കാലയളവിൽ പലതും ചെയ്തു തുടങ്ങുന്നതിന് ബഥനി സമൂഹത്തിനു കഴിഞ്ഞിട്ടുണ്ട്. ബഥനിയുടെ ചൈതന്യം എല്ലാ ചക്രവാളങ്ങളിലേക്കും വ്യാപിപ്പിക്കുവാനും 'അയച്ചവന്റെ' ആഹ്വാനം പൂർണ്ണമാക്കുവാനും ഇടയാകട്ടെ എന്നുമാത്രം ഈ ധന്യ മുഹൂർത്തത്തിൽ പ്രാർത്ഥിക്കുന്നു.

www.malankaralibrary.com




ഫാ. ജോസ് മരിയദാസ്. ഒ.ഐ.സി.

# കല്ക്കട്ട മിഷൻ - ഒരു ഭ്രമണം പൂർത്തിയാക്കുന്നു

മലങ്കര കത്തോലിക്കാസഭയുടെ ബാഹ്യ കേരള മിഷനുകളിൽ ചരിത്രപരമായ പ്രാധാന്യം കൊണ്ടു വേർതിരിച്ചു കാണാവുന്ന ഒരു മിഷനാണ് കല്ക്കട്ട മിഷൻ. മലങ്കര സഭയുടെയും പുനരൈക്യ പ്രസ്ഥാനത്തിൻെറയും, ബഥനിയുടെയും, ആദ്യകാല ചരിത്രം ഉറങ്ങിക്കിടക്കുന്ന മണ്ണാണ് കല്ക്കട്ടായിലേത്. കാരണം ബഥനിയുടെ ബീജാവാപം നടന്നത് സെറാമ്പൂരിലാണല്ലോ."ഗിരിദീപത്തിൻെറ" ഏടുകളിൽ വിശദമായി പ്രതിപാദിച്ചിട്ടുള്ള ആ ചരിത്രത്തിലേക്ക് തിരിയുക ഇവിടെ അനൗചിത്യമായതിനാൽ അതിന് മുതിരുന്നില്ല. ഏതായാലും 80 വർഷങ്ങളോളം മുൻപ് ബീജരൂപത്തിൽ സെറാമ്പൂരിൽ ഉയിർകൊണ്ട ബഥനിയുടെ ഒരു ശാഖ-മിഷൻ മന്ദിരം 1991 മെയ് 3നു വീണ്ടും കല്ക്കട്ടയിൽ ആരംഭിച്ചപ്പോൾ ബഥനിയുടെ ചരിത്രം ഒരു ഭ്രമണം പൂർത്തിയാക്കുകയായിരുന്നു.

## കല്ക്കട്ട ആശ്രമവും മിഷനും

കല്ക്കട്ട നഗരത്തിൻെറ ഹൃദയഭാഗത്തുനിന്ന് കൃത്യം 13 കി.മീ. തെക്കോട്ടു മാറി ഡയമണ്ട് ഹാർബർ റോഡ് എന്ന ഹൈവേയുടെ അരികിലായാണ് ബഥനി ആശ്രമം സ്ഥിതിചെയ്യുന്നത്. കല്ക്കട്ട അതിരൂപതയ്ക്കു തൊട്ടു വെളിയിലായി ബറുയിപ്പൂർ രൂപതയുടെ അധികാര പരിധിയിലാണ് ആശ്രമം. ഏഴു സെൻറ് സ്ഥലത്തിൽ ഉള്ള മനോഹരമായ ഒരു രണ്ടു നില കെട്ടിടം. മുകളിലത്തെ നില ആശ്രമമായും, താഴത്തെ നില ചാപ്പലായും ഉപയോഗിക്കുന്നു. ഈ ചാപ്പലിലാണ് ഇന്ന് കല്ക്കട്ടയുടെ വിവിധ ഭാഗങ്ങളിൽ ചിതറിപ്പാർക്കുന്ന മലങ്കര മക്കൾ വി. കുർബാനയ്ക്കും മറ്റും കൂടുന്നത്.



കിഴക്കൻ തീരത്ത് ബഥനിയുടെ സാന്നിദ്ധ്യം

## മലങ്കര മിഷൻ

സൗത്ത് കൽക്കട്ട, നോർത്ത് കൽക്കട്ട, സെൻട്രൽ കൽക്കട്ട എന്നിവചേരുന്ന കല്ക്കട്ട ഡിസ്ട്രിക്ടിലും സൗത്ത് 24-ാം ഫർഗാനാ, ഹാൽഡിയ, ഹൂഗ്ലി എന്നീ ഡിസ്ട്രിക്ടിലും പരന്നു കിടക്കുന്ന വിശാലമായ ഒരു മിഷൻ പ്രദേശം. മിഷൻ പ്രദേശത്തിൻെറ വിസ്തീർണത്തിന് ആനുപാതികമായി മലങ്കരക്കാരുടെ

www.malankaralibrary.com

എണ്ണം വലുതല്ല. 60 കുടുംബങ്ങളാണ് നമുക്കുള്ളത്. സാധാരണ ഞായറാഴ്ചകളിൽ നൂറ്റമ്പത് ആളുകൾ വി:കുർബാനയിൽ സംബന്ധിക്കുന്നു.

## പ്രധാന പ്രവർത്തനങ്ങൾ

എല്ലാ ഞായറാഴ്ചയും വി:കുർബാനയ്ക്കായി നമ്മുടെ ആളുകൾ ഒന്നിച്ചുകൂടുന്നു. കൂടാതെ എല്ലാ ബുധനാഴ്ച വൈകുന്നേരവും നിത്യസഹായ മാതാവിനോടുള്ള നൊവേനയും അതിനു മുൻപായി വി:കുർബാനയും ഉണ്ട്. ഞായറാഴ്ച മലയാളത്തിലും, ബുധനാഴ്ച ഇംഗ്ലീഷിലുമാണ് വി:കുർബാന. മിഷനെ സൗകര്യാർത്ഥം മൂന്നായി തിരിച്ച് മൂന്നു പ്രാർത്ഥനാ യോഗങ്ങൾ ആരംഭിച്ചിട്ടുണ്ട്. മാസത്തിലെ മൂന്നു ശനിയാഴ്ചകളിൽ വൈകുന്നേരം ഏതെങ്കിലും ഒരു ഇടവകാംഗത്തിന്റെ ഭവനത്തിൽ വച്ച് ഈ പ്രാർത്ഥനാ യോഗം കൂടുന്നു. വളരെ ശക്തമായി പ്രവർത്തിക്കുന്ന ഒരു M.C.Y.M. യൂണിറ്റ് മിഷന്റെ ശക്തികേന്ദ്രമാണ്. M.C.Y.M. അംഗങ്ങൾക്ക് സ്വന്തമായി ഒരു പ്രാർത്ഥനാ യോഗം മാസത്തിലെ എല്ലാ 4-ാം ശനിയാഴ്ചയും ഏതെങ്കിലും ഒരംഗത്തിന്റെ ഭവനത്തിൽ വച്ചു നടത്തുന്നു. കൂടാതെ M.C.Y.M. അംഗങ്ങൾക്കായി രണ്ടുമാസത്തിലൊരിക്കലെങ്കിലും ഒരു ധ്യാനമോ സെമിനാറോ, സ്റ്റഡിക്ലാസ്സോ മുടങ്ങാതെ ആശ്രമത്തിൽ വച്ചു സംഘടിപ്പിക്കുന്നു. എടുത്തു പറയേണ്ട മറ്റൊരു കാര്യം ഈ മിഷനിൽ വളരെ സജീവമായി പ്രവർത്തിക്കുന്ന മാതൃസമാജമാണ്. മിഷന്റെ ആദ്ധ്യാത്മിക ചൈതന്യ ശക്തിയാണ് ഇവിടെയുള്ള മാതൃസമാജം. മിഷന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന ജീവകാരുണ്യ പ്രവർത്തനങ്ങളും ശ്രദ്ധയർഹിക്കുന്നു. പാവപ്പെട്ടവർക്കായി ഇപ്പോൾ രണ്ടു ഹോമിയോ ക്ലിനിക്കുകൾ പ്രവർത്തിക്കുന്നു. കൂടാതെ വലിയ നോമ്പുകാലത്ത് മൂന്നു പ്രാർത്ഥനാ യോഗങ്ങളുടെ സഹകരണവും, അംഗങ്ങളുടെ ശ്രമദാനവും വഴി മൂന്നു പാവപ്പെട്ട ആളുകൾക്ക് മൂന്ന് ഭവനങ്ങൾ പണികഴിപ്പിച്ചുകൊടുത്തു. ഈ പദ്ധതി തുടർന്നുകൊണ്ടു പോകാനാണ് പ്ലാൻ.

## പ്രസിദ്ധീകരണങ്ങൾ

ഇതിനോടകം രണ്ടു സുവനീർ പുറത്തിറക്കി. കൂടാതെ മിഷനിലെ വാർത്തകളും, വീക്ഷണങ്ങളും, പങ്കുവെയ്ക്കാനായി മലങ്കര ദർപ്പൺ എന്നൊരു ദ്വൈമാസിക മുടങ്ങാതെ പ്രസിദ്ധീകരിക്കുന്നുണ്ട്. മിഷനിലും പുറത്തുമുള്ള ആളുകളുടെ ലേഖനങ്ങളും മറ്റും ഉൾപ്പെടുത്തി ഭാവിയിൽ നല്ല നിലവാരം പുലർത്തുന്ന ഒരു മാസികയായി ഇതിനെ ഉയർത്തണം എന്നുദ്ദേശിക്കുന്നു.

## ആശ്രമവും, പ്രവർത്തനങ്ങളും


ബഥനിആശ്രമത്തോടു ചേർന്ന് ഒരു ഹോമിയോ ക്ലിനിക് ബംഗ്ലാദേശിൽ നിന്നും കുടിയേറിപ്പാർത്ത അഭയാർത്ഥികൾക്കായി നടത്തിവരുന്നു. കൂടാതെ ഒരു ചെറിയ നഴ്സറി സ്കൂളും ഇപ്പോൾ ആശ്രമത്തിൽ പ്രവർത്തിക്കുന്നു. സ്കൂളിലും മിഷനിലും സഹായിക്കുന്നത് ബഥനി സന്ന്യാസിനി സമൂഹത്തിന്റെ തിരുവനന്തപുരം പ്രോവിൻസിൽ നിന്നും ഉള്ള സിസ്റ്റേഴ്സ് ആണ്. അവരുടെ സാന്നിധ്യം മിഷനിലെ ജനങ്ങൾക്ക് കൂടുതൽ ആവേശം പകരുന്നു.

## സ്വപ്നങ്ങൾ ഇനിയും ബാക്കി ....

മൂന്ന് വർഷത്തിനുള്ളിൽ ബഥനി ആശ്രമവും, കല്ക്കട്ട മിഷനും കൈവരിച്ചിട്ടുള്ള വളർച്ച സന്തോഷപ്രദമാണ്. എന്നാൽ ഭാവിയിൽ ഈ മിഷന്റെ വളർച്ചയെക്കുറിച്ച് ഗൗരവമായി ചിന്തിക്കേണ്ടിയിരിക്കുന്നു.

കാരണം പശ്ചിമ ബംഗാളിലെ ഇപ്പോഴുള്ള രാഷ്ട്രീയ, സാമ്പത്തിക പരിതസ്ഥിതികൾ വച്ചു നോക്കുമ്പോൾ തൊഴിൽ സാദ്ധ്യതകൾ കുറഞ്ഞുകൊണ്ടാണിരിക്കുന്നത്. അതുകൊണ്ട് ഇനിയുള്ള കാലങ്ങളിൽ തൊഴിൽ തേടി ബോംബെ, പൂന തുടങ്ങിയ സ്ഥലങ്ങൾപോലെ ആളുകൾ ഇവിടേയ്ക്ക് വരുവാൻ സാധ്യത കുറവാണ്. അപ്പോൾ മലയാളികളായ മലങ്കരക്കാരെ മാത്രം ഉന്നംവയ്ക്കുന്ന മലങ്കരമിഷൻ എന്ന കാലഹരണപ്പെട്ട മിഷൻ ദർശനം ഉടച്ചുവാർക്കുവാൻ തയ്യാറാകണം. മാത്രമല്ല അതു കാലഘട്ടത്തിന്റെ ഒരാവശ്യം കൂടിയാണ്. സഭാപരമായ അധികാര പരിധിയുടെ നൂലാമാലകൾപിടിച്ച സങ്കീർണ്ണത കാരണം എന്തെങ്കിലും ചെയ്യാവുന്നത് ബഥനിക്കു മാത്രവും. ഇതാണ് കല്ക്കട്ട, ഭിലായ് തുടങ്ങിയ മിഷനുകൾ ബഥനിക്കു മുമ്പിൽ ഉയർത്തുന്ന നൂതനമായ വെല്ലുവിളി.

www.malankaralibrary.com



ഫാ. ക്രിസ്തുദാസ് ഒ.ഐ.സി

# ഹൈറേഞ്ച് മിഷൻ

മിഷൻ പ്രവർത്തന രംഗത്ത് വളരെയധികം ശ്രദ്ധയും പരിഗണനയും പിടിച്ചു പറ്റിക്കൊണ്ടിരിക്കുന്ന ഒരു പ്രദേശമാണ് ഹൈറേഞ്ച്. തിരുവല്ലാ രൂപത അതിൻെറ ആരംഭദശാബ്ദങ്ങളിൽ ഈ മേഖലയിലേക്കു കടന്നുവരാൻ മടിച്ചിരുന്നെങ്കിലും, ഇന്നത്തെ അനുയോജ്യമായ കാലാവസ്ഥയും മലങ്കരമക്കളെ കണ്ടു പിടിച്ച് അവരെ ക്രൈസ്തവ വിശ്വാസത്തിൽ സ്ഥിരപ്പെടുത്തുക എന്ന ദൗത്യവും ഗൗരവമായിത്തന്നെ കണക്കിലെടുത്തിട്ടുണ്ട്. മിഷൻ രംഗങ്ങളിലും സാമൂഹിക ക്ഷേമ പ്രവർത്തനങ്ങളിലും ദൈവവിളികൾ പരിപോഷിപ്പിക്കുന്നതിലും ഇവിടുത്തെ മിഷനറികൾ ഇന്ന് ബദ്ധശ്രദ്ധരാണ്. വിശ്വാസാധിഷ്ഠിത ജീവിതം കൂദാശാനുഷ്ഠാനങ്ങളിലൂടെയാണല്ലോ സാധിതമാകേണ്ടത്. ഈ അടിസ്ഥാനപരമായ വസ്തുത കണക്കിലെടുത്തുകൊണ്ടാണ് ആരംഭകാല മിഷനറികൾ ഇവിടത്തെ മലങ്കരമക്കളെ രൂപപ്പെടുത്തിയെടുത്തത്.

## ഒരു കുടിയേറ്റപ്രദേശം:

കേരളത്തിൻെറ നാനാ ഭാഗങ്ങളിൽ നിന്നുമുള്ളവർ ഇവിടെ കുടിയേറിപ്പാർത്തുവരുന്നു. കുടിയേറ്റ കാലങ്ങളിൽ ജാതി - മത - വർഗ്ഗ വ്യത്യാസമില്ലാതെ എല്ലാവരുടെയും മനസ്സിൽ ഒരു ലക്ഷ്യമേയുണ്ടായിരുന്നുള്ളു - ജീവിക്കാൻ കുറച്ചു ഭൂമി കൈവശപ്പെടുത്തുക. ഈ ലക്ഷ്യത്തോടുകൂടി മുന്നേറിയതിനാലാകാം മിക്കവാറും എല്ലാകാര്യങ്ങളിലും ഇവർക്ക് ഒരുമയോടെ പ്രവർത്തിക്കാൻ കഴിയുന്നത്. ആദ്യകാലത്തെ കൊടും തണുപ്പും ഭക്ഷ്യവസ്തുക്കളുടെ ദൗർലഭ്യവും ഒരു പ്രശ്നമായി ആർക്കും തോന്നിയില്ല. അന്ന് വന്യമൃഗങ്ങളായിരുന്നു അവരുടെ സന്തത സഹചാരികൾ. അവയെ ഓടിച്ചും കാട് വെട്ടിത്തെളിച്ചും ഭൂമി കൈക്കലാക്കാനുള്ള അവരുടെ ശ്രമം ത്യാഗപൂർണ്ണമായിരുന്നു എന്നതിന് സംശയമില്ല. ഒരു വിധത്തിൽ അതിക്രമിച്ചു കടന്ന ഇവർക്ക് ഗവൺമെൻറുതലത്തിൽ സഹായവും അംഗീകാരവും കിട്ടുന്നത് 1956 - ൽ 5 ഏക്കർ വീതമുള്ള കോളനികൾ വീതിച്ചു കൊടുത്തപ്പോഴാണ്. വാസ്തവത്തിൽ തമിഴരുടെ കുടിയേറ്റത്തെ ചെറുക്കുവാനുള്ള ഗവൺമെൻറിൻെറ ബോധപൂർവമായ ഒരു പദ്ധതിയായിരുന്നു അത്. ഈ പദ്ധതി അന്ന് ആവിഷ്കരിച്ചില്ലായിരുന്നെങ്കിൽ ഇന്നത്തെ നമ്മുടെ ഹൈറേഞ്ചിൻെറ സിംഹഭാഗവും തമിഴരെക്കൊണ്ടു നിറയുമായിരുന്നു.

## ആരംഭം


1950കളുടെ ആരംഭം മുതലാണ് മിഷനറിമാർ ഈ മേഖലയിലേക്കു കടന്നുവരാൻ തുടങ്ങിയത്. കുമളി മുതൽ രാമക്കൽമേട് വരെയുള്ള ഭാഗങ്ങളാണ്

www.malankaralibrary.com

ആദ്യത്തെ മിഷൻ ഏരിയാ. അന്നത്തെ തണുത്തു വിറങ്ങലിക്കുന്ന തണുപ്പും അസഹ്യമായ മഞ്ഞും ചിന്നംപിന്നം പെയ്തിരുന്ന മഴയും ഘോരമായ വനവും വനവാസികളായ വന്യമൃഗങ്ങളും കാട്ടാനകളുടെ അപ്രതീക്ഷിതമായ ആക്രമണവും മിഷൻ ചൈതന്യത്തിൽ നിന്നും ബ. അച്ചന്മാരെ പിന്തിരിപ്പിച്ചില്ല. കുടിയേറ്റക്കാരെപ്പോലെ ബ. അച്ചന്മാരും ഭക്ഷണമില്ലാതെ വളരെയധികം അലഞ്ഞിട്ടുണ്ട്. വൈദിക പരിശീലനകാലത്തെ പരിത്യാഗ പ്രവർത്തികൾ പ്രായോഗികതലത്തിൽ അനുഭവിച്ചത് ഈ അവസരങ്ങളിലാണ്. അന്ന് ഏതു ഭവനത്തിൽ എപ്പോൾ പ്രവേശിച്ചാലും കപ്പ പുഴുങ്ങിയതും കട്ടൻ ചായയും സുലഭമായിരുന്നുവെന്ന് ആദ്യകാല മിഷനറിയും ജൂബിലേറിയനുമായ ബ. തോമസ് നിലംപിലാലിൽ അച്ചൻ പലപ്പോഴും പറയാറുണ്ട്. ബ. അച്ചന്മാരുടെ ദൈവാശ്രയ ബോധവും താൻ ഏറ്റെടുത്തിരിക്കുന്ന ദൗത്യത്തോടുള്ള വിശ്വസ്തതയും മനുഷ്യരോട് അടുക്കുവാനുള്ള ആഭിമുഖ്യവും ആദിമ ഹൈറേഞ്ച് സഭാ സമൂഹങ്ങളെ രൂപപ്പെടുത്തിയെടുക്കുന്നതിൽ നിർണായക പങ്കുവഹിച്ചിട്ടുണ്ട്.

## ഇന്ന്

23 പള്ളികളും 10 വൈദികരുമുള്ള കുമളി മേഖലയാണ് ഹൈറേഞ്ച് മിഷൻ എന്ന പേരിലറിയപ്പെടുന്നത്. അതിൽ നാല് ഇടവകകളാണ് ബഥനി സന്യാസികളുടെ മേൽ നോട്ടത്തിൽ ഇപ്പോഴുള്ളത് - കുട്ടാർ, ബാലഗ്രാം, രാമക്കൽമേട്, കവന്തി - ഇതിൽ കവന്തി മിഷൻെറ ഒരു സബ്സ്റ്റേഷനായി കല്ലാർ മിഷനുമുണ്ട്. 1987ലാണ് ബഥനി ആശ്രമവൈദികർ മിഷൻ പ്രവർത്തനത്തിനായി ഇവിടെ കാലു കുത്തിയത്. ഈ ഇടവകകളിൽ ആദ്യം അരംഭിച്ച കൂട്ടാർ ഇടവകയോടനുബന്ധിച്ചുള്ള വൈദിക മന്ദിരത്തിലാണ് ബ. വിൻസൻറ് സേവ്യർ വിലാസം ഒ.ഐ.സി ബ. അൽഫോൺസ് ലിഗോരി പൗവ്വത്ത് ഒ.ഐ.സി. എന്നീ അച്ചന്മാരും ബ. ബ്രദർ ബർക്കുമെൻസ് ചൂരക്കുഴിയിൽ ഒ.ഐ.സി.യും താമസിച്ച് മിഷൻ പ്രവർത്തനത്തിൽ ഏർപ്പെട്ടിരുന്നത്. അവിടത്തെ അവരുടെ താമസം ബഥനി സന്യാസികളുടെ ആദ്ധ്യാത്മികതയും സ്നേഹവും നമ്മുടെ മലങ്കര മക്കൾക്കും അക്രൈസ്തവർക്കുപോലും അനുഭവിച്ചറിയുവാൻ സഹായകമായിരുന്നു. അവരുടെ സാന്നിദ്ധ്യം അവർക്ക് ആവേശമായിരുന്നു.



ബഥനി ആശ്വാസത്തിന്റെ ഭവനം
സമാധാനം തേടിയെത്തുന്ന അയൽവാസികൾ

ഏകദേശം ഒരു വർഷത്തിനുശേഷം ഒരു ബഥനി ആശ്രമം പണിയാനുള്ള വ്യക്തമായ തീരുമാനം സമൂഹത്തിൻെറ ഭാഗത്തുനിന്നും ഉണ്ടായതിൻെറ ഫലമായി പല സ്ഥലങ്ങളും കാണുകയുണ്ടായി. എങ്കിലും കൂട്ടാറ്റിൽ നിന്നും 16 കിലോമീറ്റർ അകലെയായി കല്ലാറിൽ സ്ഥലം വാങ്ങി ആശ്രമം പണിയാനായിരുന്നു ദൈവനിശ്ചയം. അതിൻെറ പണിയാരംഭിച്ചു കഴിഞ്ഞപ്പോൾ ബ. വിൻസൻറച്ചനും, ബ്രദർ ബർക്കുമൻസും ഇവിടെ നിന്നും സ്ഥലം മാറി. പുതുതായി ബ. മത്തായിയച്ചൻ ബാലഗ്രാം, കൂട്ടാർ ഇടവകകളുടെ പുതിയ വികാരിയായി ചാർജെടുത്തു. പിന്നീട് ബ്രദർ സ്കറിയാ ഊന്നുംപാറയ്ക്കൽ ഒ.ഐ.സി ആശ്രമപണിയിൽ ശ്രദ്ധിക്കുവാനും മിഷൻ പ്രവർത്തനത്തിൽ മത്തായിയച്ചനെ സഹായിക്കുവാനുമായി ഇവിടെ വന്നു. 1991 ഓഗസ്റ്റുമാസം 29-ാം തിയതി പുതിയ ആശ്രമത്തിൻെറ കൂദാശകർമ്മം ബ. സുപ്പീരിയർ ജനറൽ ഫാ. ലൂയിസ് മൂലവീട്ടിൽ ഒ.ഐ.സി നടത്തുകയുണ്ടായി. ഇതിനുശേഷമുള്ള നാഗപ്പൂർ യാത്ര അദ്ദേഹത്തിൻെറ അവസാന യാത്രയാകുമെന്ന് ആരും കരുതിയില്ല.

## ആശ്രമം കേന്ദ്രീകരിച്ചുള്ള പ്രവർത്തനങ്ങൾ:

കല്ലാർ ബഥനി ആശ്രമത്തിലെ ആദ്യാംഗങ്ങൾ ബ. മത്തായിയച്ചനും, അൽഫോൺസച്ചനും, സ്കറിയാ

www.malankaralibrary.com

ബ്രദറുമായിരുന്നു. 1991 ഒക്ടോബറിൽ ബ. മത്തായിയച്ചൻ കോട്ടയത്തേക്കു പോയതിനെത്തുടർന്ന് ബ. ആൻറണി പടിപ്പുരയ്ക്കലച്ചൻ ഇവിടെ നിയമിതനായി. ഇവിടെയുണ്ടായിരുന്ന എല്ലാവർക്കും ഒരു സമൂലമാറ്റമായിരുന്നു അടുത്ത ഏപ്രിലിൽ. 1992 ഏപ്രിൽ മാസം ബ. പ്ലാസിഡ് തോമ്പിലടിമുറിയിൽ ഒ.ഐ.സി ആശ്രമാദ്ധ്യക്ഷനായും ബ. ഫാ. ജോൺ ബോസ്ക്കോ ഒ.ഐ.സി. ബ. ഫാ. തോമസ് മനോജ് ഒടാലിൽ ഒ.ഐ.സി ഫാ. ക്രിസ്തുദാസ് ചാരുംമൂട്ടിൽ ഒ.ഐ.സി എന്നിവർ ആശ്രമാംഗങ്ങളായും ഇവിടെ എത്തിച്ചേർന്നു. ആശ്രമത്തിൻെറ കൂദാശാവേളയിൽ ഇവിടുത്തെ ജനങ്ങൾക്ക് ഇവിടൊരു വിദ്യാഭ്യാസ സ്ഥാപനം വളർന്നുവരുമെന്ന ധാരണ ലഭിക്കുകയുണ്ടായി. പക്ഷേ, ഈ ആശ്രമത്തെ സംബന്ധിക്കുന്നതായ ദൈവഹിതം മറിച്ചായിരുന്നു. ആയതിനാൽ ഞങ്ങളിവിടെ വരുമ്പോൾ ഇതൊരു പ്രാർത്ഥനാമന്ദിരമാണെന്നും, ആശ്രമാംഗങ്ങൾക്കും മറ്റുള്ളവർക്കും പ്രാർത്ഥിക്കുവാനായി അവസരം ഒരുക്കിക്കൊടുക്കണമെന്നമുള്ള ജനറൽ കൗൺസിലിൻെറ തീരുമാനം ആശ്രമാദ്ധ്യക്ഷനെ പെ. ബ. സുപ്പീരിയർ ജനറലച്ചൻ അറിയിക്കുകയും അതിനു വേണ്ടിയുള്ള അത്യാവശ്യ ക്രമീകരണങ്ങൾ ഇവടെ പെട്ടെന്നുതന്നെ എർപ്പെടുത്തുകയും ചെയ്തു.

വാർഷിക ധ്യാനത്തിനായും, മാസധ്യാനത്തിനായും പ്രാർത്ഥനയ്ക്കായും ബ. അച്ചന്മാരും, സിസ്റ്റേഴ്സും, അത്മായ സഹോദരന്മാരുമുൾപ്പെടെ അനേകർ ഇവിടെ ഇപ്പോഴും വരുന്നുണ്ട്. ഇവിടുത്തെ ധ്യാനിക്കാൻ പറ്റിയ ശാന്തമായ അന്തരീക്ഷം എല്ലാവർക്കും പ്രിയങ്കരമായിട്ടുണ്ട്. ഇതിനോടൊപ്പം ബ. പ്ലാസിഡച്ചൻ എല്ലാ വെള്ളിയാഴ്ച വൈകുന്നേരവും ഹൈന്ദവ സഹോദരങ്ങൾക്കായി ഗീതാവ്യാഖ്യാനവും ഹിന്ദുമത പ്രഭാഷണവും, ശനിയാഴ്ച വൈകുന്നേരം ക്രൈസ്തവവിശ്വാസികൾക്കായി സുവിശേഷ പ്രസംഗങ്ങളും നടത്തി വന്നിരുന്നു. ആശ്രമത്തിൽ ധ്യാനയോഗങ്ങൾ ക്രമീകരിച്ചിരുന്നതോടൊപ്പം പുറത്തും മറ്റുള്ളവരെ ധ്യാനിപ്പിക്കുവാനും, പ്രസംഗങ്ങൾക്കുമായി അദ്ദേഹം സമയം ചിലവഴിച്ചു.

1992 നവംബറിൽ സമൂഹ പ്രവർത്തനങ്ങളിൽ കൂടുതൽ സൗകര്യപ്രദമായി ഏർപ്പെടുവാൻ ബ. ബോസ്ക്കോ അച്ചനും, ഉപരിപഠനാർത്ഥം ബ. മനോജ് അച്ചനും ഇവിടെ നിന്നും സ്ഥലംമാറിയതിനെത്തുടർന്ന് ബ. ജയാ പോൾ വിളാത്തിവിളയിൽ ഒ.ഐ.സി കവന്തി, രാമക്കൽമേട് ഇടവകകളുടെ വികാരിയായി നിയമിതനായി. 1994 ജനുവരിയിൽ ആശ്രമാദ്ധ്യക്ഷനായി പ്ലാസിഡച്ചനു പകരം ബ. ആത്മാനന്ദ് പേഴുംമൂട്ടിൽ ഒ.ഐ.സി അച്ചനും എത്തിച്ചേർന്നു. ഇപ്പോഴുമിവിടെ ധ്യാനങ്ങൾക്കായി ചുറ്റുമുള്ള പള്ളികളിൽ പോകുന്നതിനും ബ. അത്മാനന്ദച്ചൻ സമയം കണ്ടെത്തുന്നു. അതിനേക്കാളുപരി വ്യക്തിപരമായ പ്രശ്നങ്ങളുമായി, മാനസിക വ്യഥയോടുകൂടി, തകർന്ന കുടുംബാന്തരീക്ഷത്തിൽ കഴിയുന്ന, ക്രൈസ്തവ വിശ്വാസത്തിൽ നിന്നകന്നു കഴിയുന്ന, പല പ്രശ്നങ്ങളുമായി കടന്നുവരുന്ന വ്യക്തികളെ ബ. അച്ചൻ ദൈവസ്നേഹത്തിലേക്ക് നയിക്കുന്ന പ്രക്രിയ മിഷൻ പ്രവർത്തനത്തിൽ ഏർപ്പെട്ടിരിക്കുന്ന ഞങ്ങൾക്ക് വളരെയധികം സഹായകമായിട്ടുണ്ട്.

## മിഷൻ പ്രവർത്തനങ്ങൾ ഇടവകതലത്തിൽ

കവന്തി, കല്ലാർ, രാമക്കൽമേട്, ബാലഗ്രാം, കൂട്ടാർ എന്നീ ഇടവകകളാണ് മിഷൻ പ്രവർത്തനത്തിനായി നമ്മെ ഭരമേല്പിച്ചിരിക്കുന്നത്. ഇത്രയും പള്ളികളിലായി 260 കുടുംബക്കാർ അംഗങ്ങളായിട്ടുണ്ട്. ഇവരുടെ ആദ്ധ്യാത്മികവും വിശ്വാസപരവും സാന്മാർഗ്ഗികവുമായ കാര്യങ്ങളിൽ ഇവിടുത്തെ വൈദികർ ബദ്ധശ്രദ്ധരായിരിക്കുന്നു. നമ്മുടെ ജനങ്ങളെ ആരാധനാക്രമത്തിൽ കൂടുതൽ താല്പര്യത്തോടെ പങ്കെടുപ്പിക്കുവാൻ പരിശ്രമിച്ചുവരുന്നു. ധ്യാനയോഗങ്ങൾ വഴിയും, ബോധവൽക്കരണ സെമിനാറുകളിലൂടേയും, ക്യാമ്പുകളിലൂടേയും, കരിസ്മാറ്റിക് ധ്യാനം വഴിയും ജനങ്ങളെ ആദ്ധ്യാത്മികമായി നവീകരിക്കുവാൻ പരിശ്രമിച്ചു വരുന്നു. കൂദാശാനുഷ്ഠാനങ്ങളിലുള്ള വിശ്വാസികളുടെ താല്പര്യം വളർത്തിയെടുക്കുവാനും സാധിച്ചു. ബാഹ്യവും ആർഭാടവുമായ കാര്യാദികളിലുള്ള അമിതമായ പ്രാധാന്യവും താല്പര്യവുമാണ് അദ്ധ്യാത്മിക നവോത്ഥാനത്തിനു തടസ്സമായി നില്ക്കുന്നത് എന്ന വസ്തുതയാണ് ഇത്തരം പ്രവർത്തനങ്ങൾ സംഘടിപ്പിക്കുവാൻ ഞങ്ങൾക്ക് പ്രേരണ നല്കിയത്. ബഥനി

www.malankaralibrary.com

യുടെ മിഷൻ ചൈതന്യം ആഘോഷങ്ങളിലല്ലല്ലോ അടങ്ങിയിരിക്കുന്നത്. സണ്ടേസ്കൂൾ വിദ്യാർത്ഥികളിൽ മിഷൻ ചൈതന്യം ജനിപ്പിക്കുവാൻ തിരുബാലസഖ്യവും രൂപീകരിച്ചിട്ടുണ്ട്.

## വിദ്യാഭ്യാസ പ്രവർത്തനങ്ങൾ


വിശ്വാസ സംരക്ഷണ കാര്യങ്ങളിൽ ശ്രദ്ധിക്കുന്നതുപോലെ ഇവിടുത്തെ ജനങ്ങളുടെ വിദ്യാഭ്യാസത്തിലും ഞങ്ങൾ ശ്രദ്ധാലുക്കളാണ്. പല വിധത്തിൽ ഇക്കാര്യത്തിനായി ജനങ്ങളെ സഹായിച്ചു വരുന്നു. സാമ്പത്തിക സഹായം നല്കി നിർദ്ധനരായ വിദ്യാർത്ഥികളെ സഹായിക്കുകയും ചെയ്യുന്നു. ഇതു കൂടാതെ കവന്തി ഇടവക കേന്ദ്രമാക്കി പ്രായമായവർക്കായി ഒരു Non formal education Centre ആരംഭിച്ചിട്ടുണ്ട്. ഇരുപതോളം പേർ ഇവിടെ അദ്ധ്യയനം നടത്തിവരുന്നു. ബാലഗ്രാം ഇടവകയിൽ പ്രാരംഭ വിദ്യാഭ്യാസം കൊച്ചുകുഞ്ഞുങ്ങൾക്കു നല്കുന്നതിനായി ഒരു ഇംഗ്ലീഷ് മീഡിയം നേഴ്സറി സ്കൂളും പ്രവർത്തിച്ചു വരുന്നുണ്ട്. സാമ്പത്തികമായി തീരെ പിന്നോക്കം നില്ക്കുന്ന കുടുംബങ്ങളിലെ കുട്ടികളെ പല ബോർഡിംഗുകളിലും, അനാഥാലയങ്ങളിലും ചേർന്ന് പഠിക്കുവാൻ സഹായിക്കുന്നുണ്ട്. മാതാപിതാക്കളുടെ സാമ്പത്തിക ഭാരം കുറയുകയല്ല, കുട്ടികൾക്ക് നല്ല വിദ്യാഭ്യാസം ലഭിക്കുകയാണ് ഇതുകൊണ്ടുദ്ദേശിക്കുന്നത്.

## സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ

നിർദ്ധനരായ കർഷക സഹോദരങ്ങളുടെ ഭൗതികാവശ്യങ്ങൾ കണക്കിലെടുത്ത് സാമൂഹ്യക്ഷേമപ്രവർത്തനങ്ങൾ നടത്തുവാൻ പരിശ്രമിക്കുന്നുണ്ട്. ഇതിനോടകം നമ്മുടെ ഇടവകകളിലും പുറത്തുമായി ഭവനങ്ങൾ അറ്റകുറ്റപ്പണികൾ നടത്തുന്നതിന് സാമ്പത്തിക സഹായം നല്കുന്നതിനും സംഘടനാശക്തി ഉപയോഗിക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. കൂടാതെ ഈ അടുത്തകാലത്തായി 55 വീടുകൾ പണികഴിപ്പിച്ചുകഴിഞ്ഞു. ഇനിയും 5 വീടുകൾ പണിയാനുള്ള എല്ലാ സഹായ സഹകരണവും പൂർത്തിയാക്കിക്കഴിഞ്ഞു. 40 കുടുംബങ്ങൾക്ക് സാനിറ്ററി സൗകര്യം ഏർപ്പെടുത്തി കൊടുത്തു. ഈ പ്രവർത്തനങ്ങൾക്കായുള്ള സാമ്പത്തിക സഹായങ്ങൾ തിരുവല്ലാ രൂപതാ സാമൂഹ്യക്ഷേമ വകുപ്പിൽ നിന്നും ബഥനി സാമൂഹ്യക്ഷേമ വിഭാഗത്തിൽ നിന്നും ഞങ്ങൾക്കു ലഭിച്ചിട്ടുണ്ട്.

## ദൈവവിളി

ഇപ്പോഴത്തെ സാഹചര്യത്തിൽ ഹൈറേഞ്ച് ദൈവവിളിയുടെ വിളനിലമായി മാറിക്കൊണ്ടിരിക്കുന്നു. എല്ലാ വിഭാഗത്തിലുള്ള സന്യാസിസന്യാസിനികൾ ഇവിടേക്ക് അധികമായി കടന്നുവരുന്നത് മദ്ധ്യവേനൽ അവധിക്കാലത്താണ്. കുട്ടികളുടെ ജീവിതവഴി വിവേചിച്ചറിയാൻ സഹായകമായ മാർഗ്ഗങ്ങൾ അവർ അവലംബിക്കുന്നുമുണ്ട്. നമ്മുടെ സമൂഹത്തിൽ തന്നെ ബ. പ്ലാസിഡച്ചൻ ഹൈറേഞ്ച് സ്വദേശിയും കവന്തി ഇടവകക്കാരനുമാണ്. അതിനുശേഷമാണ് വാസ്തവത്തിൽ പലരും വൈദികവൃത്തിക്കായി ഈ മേഖലയിൽ നിന്നും രൂപതകളിലും സന്യാസഭവനങ്ങളിലുമായി പോയിട്ടുള്ളത്. കോമ്പയാർ ഇടവകയിൽ നിന്നും ഫാ. പോളും, രാമക്കൽമേട് ഇടവകയിൽ നിന്ന് ഫാ. മാത്യു കണ്ടത്തിലും ബത്തേരി രൂപതയിൽ സേവനം അനുഷ്ഠിക്കുന്നു. ഇന്ന് മലങ്കര രൂപതയിൽ ഇവിടെ നിന്നുമുള്ള അനേകം വൈദിക വിദ്യാർത്ഥികൾ പഠിച്ചു വരുന്നു. ബഥനി ആശ്രമത്തിൽ തന്നെ ബ്രദേഴ്സ് കുര്യാക്കോസ് കുളപ്പുറത്ത്, വർഗ്ഗീസ് പ്ലാന്തോട്ടത്തിൽ, കുര്യാക്കോസ് പുളിമൂട്ടിൽ, ജോസഫ്,



ബഥനി ബൈബിൾ സ്റ്റഡീസ്
ആടുകൾ ഇടയരോടൊപ്പം


സോണി ഏബ്രഹാം കുളപ്പുറത്ത് എന്നിവർ ബാലഗ്രാം, രാമക്കൽമേട്, കല്ലാർ, കോമ്പയാർ എന്നീ

www.malankaralibrary.com

ഇടവകകളിൽ നിന്നു വന്ന് സന്യാസവൈദിക പരിശീലനത്തിൽ കഴിയുന്നുണ്ട്. തീർച്ചയായും ദൈവവേല ചെയ്യുന്നതിനായി ഇന്ന് ധാരാളം ചെറുപ്പക്കാർ ഹൈറേഞ്ചിൽ നിന്നും തയ്യാറാകുന്നുണ്ട്. കഞ്ചാവിൻേറയും സുഗന്ധദ്രവ്യങ്ങളുടേയും നാട്ടിൽ നിന്ന് അനേകരെ ദൈവശുശ്രൂഷയ്ക്കായി ഇന്ന് ദൈവം വിളിച്ചുകൊണ്ടിരിക്കുന്നു. വിളഭൂമി ഫലഭൂയിഷ്ഠമാണെന്ന് കൂടുതൽ വ്യക്തമായിക്കൊണ്ടിരിക്കുകയാണിപ്പോൾ. ദൈവവിളിയെ പരിപോഷിപ്പിക്കുവാൻ എല്ലാവർഷവും ബി.ബി.എസ്സ്, ജീസസ് ക്യാമ്പ്, അവധിക്കാല മാർഗ്ഗനിർദ്ദേശ ക്യാമ്പ്, ദൈവവിളി ക്യാമ്പ് എന്നിവ നടത്തിവരുന്നു.

ബഥനി ആശ്രമസ്ഥരുടെ ശുശ്രൂഷ ആവശ്യമെന്ന് ദൈവം ആഗ്രഹിച്ച സന്ദർഭത്തിലാണ് നാമിവിടെ അയയ്ക്കപ്പെട്ടത്. ബഥനിയുടെ ഭാരത മാനസാന്തരവും, മലങ്കര അദ്ധ്യാത്മികതയും, മിഷൻ ചൈതന്യവും, പൗരസ്ത്യ ദൈവശാസ്ത്രവും അന്ത്യോക്യൻ ആരാധനാക്രമവും ഇന്നാട്ടിലെ ജനങ്ങൾക്ക് സുപരിചിതമായിക്കൊണ്ടിരിക്കുന്നു. അതിനേക്കാളുപരി മലങ്കരസഭയിൽ ഇങ്ങനെയൊരു സന്യാസസമൂഹം നിലനില്ക്കുന്നുണ്ടെന്നും അത് ഭാരതീമായ ശൈലിയിൽ ജീവിക്കുന്നവരുടെ സമൂഹമാണെന്നും നമ്മുടെ ഇടവക്കാർക്കെന്നപോലെ മറ്റുള്ളവർക്കും മനസ്സിലാകുന്നുണ്ട്. പ്രാർത്ഥനയുടെ അരൂപിയാണ് ബഥനിയുടെ അന്തസത്ത എന്ന രഹസ്യം ആശ്രമത്തിന് ചുറ്റുമുള്ളവർ ഇതിനോടകം മനസ്സിലാക്കിക്കഴിഞ്ഞു.

www.malankaralibrary.com



ഫാ. തോമസ് വടവന ഒ.ഐ.സി.

# ബഥനി വിജാതിയ മിഷനിൽ

ദൈവസ്നേഹം മനുഷ്യ വംശത്തിനു പകർന്നു കൊടുക്കാൻ യേശുക്രിസ്തുവിനാൽ വിളിക്കപ്പെട്ട വരാണ് സന്യാസികൾ. തന്റെ പരസ്യ ജീവിത കാലത്ത് യേശുക്രിസ്തു ഗ്രാമങ്ങളിലും പട്ടണങ്ങളിലും കടന്നു ചെന്ന് സാന്നിദ്ധ്യത്താലും കരുണയാലും സ്നേഹത്താലും തന്റെ പിതാവിന്റെ മഹത്വം പങ്കുവച്ചതുപോലെ ബഥാനിയരും സ്ഥലകാല പരിമിതികൾ കണക്കിലെടുക്കാതെ പ്രവർത്തിക്കാൻ വിളിക്കപ്പെട്ടവരാണ്. സമൂഹസ്ഥാപകനായ മാർ ഈവാനിയോസിന്റെ ജീവിത ദർശനത്തിന്റെ അനന്യസാധാരണമായ ഒരു വീക്ഷണം വിജാതിയരുടെ മദ്ധ്യത്തിലുള്ള ക്രിസ്തു സന്ദേശ പ്രഖ്യാപനമായിരുന്നു. പെരുനാടു ബഥനി മുതൽ സമൂഹത്തിലെ താഴെക്കിടയിലുള്ളവരെ തന്റെ കൂടെ പാർപ്പിക്കുകയും അവർക്ക് അടിസ്ഥാന വിദ്യാഭ്യാസവും സാമൂഹിക കെട്ടുറപ്പും നൽകുകയും മനുഷ്യോചിതമായ ചുറ്റുപാടിൽ അവരെ വളർത്തുകയും ചെയ്തു. കത്തോലിക്കാ സഭയുമായി പുനരൈക്യപ്പെട്ടതിനു ശേഷം വിജാതിയരുടെ മദ്ധ്യത്തിലേക്ക് പ്രേഷിതരെ അയച്ചതായി ചരിത്രം സാക്ഷിക്കുന്നു. അഭിവന്ദ്യ പിതാവിന്റെ വിജാതിയ മിഷ്യൻ ദർശനത്തിന്റെ പ്രായോഗിക വേദിയാണ് നെടുമങ്ങാടു മിഷ്യൻ.

ക്രിസ്തുരഹസ്യം വിജാതിയരുടെ ഇടയിൽ വിളംബരം ചെയ്യാൻ മലങ്കര സഭയിൽ ബഥനിക്കു ലഭിച്ച അവസരമാണ് നെടുമങ്ങാടു മിഷൻ. ജീവിക്കുന്നവ നായ ക്രിസ്തുവിനെ വിശ്വാസത്തോടും ആത്മാർത്ഥത യോടുംകുടി പങ്കുവയ്ക്കാനുള്ള ദൗത്യമാണത്. "വാക്കാലോ പ്രവൃത്തിയാലോ നിങ്ങൾ ചെയ്യുന്ന തൊക്കെയും യേശുക്രിസ്തുവിന്റെ നാമത്തിൽ അവനിലൂടെ പിതാവായ ദൈവത്തിന് കൃതജ്ഞത അർപ്പിച്ചുകൊണ്ടു ചെയ്യുക" (കൊളോ: 3:17) നെടുമങ്ങാട് മിഷനിൽ ബഥനി നിർവഹിച്ച പങ്ക് ഈ തിരുവചനത്തിന്റെ അടിസ്ഥാനത്തിൽ വ്യാഖ്യാനിക്ക പ്പെടണം.

നെടുമങ്ങാടു മിഷന് പുനരൈക്യ പ്രസ്ഥാന ത്തോളം തന്നെ പഴക്കമുണ്ട്. മാർ ഈവാനിയോസ് പിതാവ് കത്തോലിക്കാ സഭയുമായി പുനരൈക്യപ്പെട്ട് തിരുവനന്തപുരത്തു വന്നു താമസമാക്കിയപ്പോൾ തന്നെ പിതാവിനോടൊപ്പം സഭാസേവനത്തിനായി വന്ന ബഹുമാനപ്പെട്ട ബഥനി വൈദികർ അവരുടെ പ്രവർത്തന മേഖല വിജാതിയരുടെ ഇടയിൽ വ്യാപിപ്പിച്ചു. ബഹുമാനപ്പെട്ട കോശിയച്ചൻ സെറാഫിയോനച്ചൻ, ജോബച്ചൻ, ബെർസ്ലീബാ അച്ചൻ, ജോഷ്വാച്ചൻ, സ്തേഫാനോസച്ചൻ,

www.malankaralibrary.com

എന്നിവരുടെ നിസ്തുലമായ സേവനം നെടുമങ്ങാടു മിഷനു ലഭിച്ചിട്ടുണ്ട്. ഇന്നാട്ടിലെ മുതിർന്ന തലമുറക്കാരുടെ മനസ്സുകളിൽ മായാത്ത മുദ്രയായി ഈ വന്ദ്യ വൈദികരുടെ അനുസ്മരണകൾ സജീവമാണ്.

വിജാതീയരായ ആളുകളെ, പ്രത്യേകിച്ച് സമൂഹത്തിൽ നിന്നു പുറം തള്ളപ്പെട്ടവരെ ക്രിസ്തുവിൽ ജനിപ്പിക്കാൻ മൺമറഞ്ഞ ഈ വൈദികർ ചെയ്ത ത്യാഗവും ജീവിതമാതൃകയുമാണ് നെടമങ്ങാടു മിഷനെ ഒരു സജീവമിഷൻ മേഖലയായി ഉയർത്തിയത്. ബഥനി അവളുടെ പ്ലാറ്റിനം ജൂബിലി അനുസ്മരിക്കുന്ന ഈ കാലയളവിൽ അവരുടെ പാവന സ്മരണയ്ക്കു മുൻപിൽ പ്രാർത്ഥനാ പുഷ്പങ്ങൾ സമർപ്പിക്കട്ടെ.

നെടുമങ്ങാട്, വെള്ളുർക്കോണം, അരശുപറമ്പ് മുണ്ടേല, പരുത്തിക്കുഴി, കുളപ്പട, ആര്യനാട്, കുറ്റിച്ചൽ എന്നീമിഷനുകൾ ആദ്യകാലത്തു സ്ഥാപിക്കപ്പെട്ടതും ക്രിസ്തീയവിശ്വാസത്തിലും ജീവിതത്തിലും ആഴപ്പെട്ടതുമായ മിഷനുകളാണ്. പിൽക്കാലത്ത് പൂവത്തൂർ, കരിപ്പൂർ, ആനാട്, കുറങ്കല്ലൂർ, എന്നീ മിഷൻ കേന്ദ്രങ്ങൾ സ്ഥാപിക്കപ്പെട്ടു.

നെടുമങ്ങാടിനുവടക്കു വെമ്പായം, ചിറമുക്ക്, വേറ്റിനാട് എന്നീ മിഷനുകളും ആദ്യകാലം മുതൽ സജീവമായി.

നെടുമങ്ങാടു മിഷനിൽ ഏകദേശം 10,000 മലങ്കര സഭാ വിശ്വാസികൾ ഉണ്ടെന്നുള്ളത് അഭിമാനാർഹവും. സന്തോഷകരവുമായ സംഗതിയാണ്. ബഥനിവൈദികരുടെയും ഫ്രാൻസിസ്ക്കൻ മിഷനറിമാരുടെയും നിസ്തന്ദ്രശ്രമവും നിസ്വാർത്ഥസേവനവുമാണ് ഈ വിജയത്തിനുകാരണം.

തുടർന്ന് ബഹുമാനപ്പെട്ട സാലസ് അച്ചൻ ബനടിക്റ്റച്ചൻ (അഭിവന്ദ്യ ഗ്രിഗോറിയോസ് പിതാവ്) ബഹുമാനപ്പെട്ട ആൻഡ്രൂസച്ചൻ തുടങ്ങിയവർ നെടുമങ്ങാട്ടു മിഷ്യൻ പ്രവർത്തനം നടത്തിയിട്ടുണ്ട്. നാലാഞ്ചിറ ബഥനി ആശ്രമത്തിൽ താമസിച്ചുകൊണ്ട് സൈക്കിളിൽ യാത്രചെയ്ത് വിവിധ മിഷൻ കേന്ദ്രങ്ങളിൽ സജീവമായി ഇവർ പ്രവർത്തിച്ചിരുന്നു.

മിഷൻ പ്രവർത്തനം കൂടുതൽ ഊർജ്ജിതപ്പെടുത്തുക എന്ന ലക്ഷ്യത്തോടുകൂടി ബഥനി സമൂഹം 1969-ൽ ബഹുമാനപ്പെട്ട ഗബ്രിയേൽ അച്ചന്റെ നേതൃത്വത്തിൽ ഒരു കെട്ടിടം വാടകയ്ക്ക് എടുത്ത് നെടുമങ്ങാട്ടുതന്നെ താമസമാക്കി. അതിനോടൊപ്പം ബഹുമാനപ്പെട്ട സാവിയോഅച്ചനും താമസമാക്കി.

ബഹുമാനപ്പെട്ട ഫിലിപ്പച്ചന്റെ വരവോടുകൂടി 1974-ൽ ബഥനി മിഷ്യന് ഒരു പുതിയ രൂപം കൈവന്നു. 1974-ൽ തന്നെ ഗബ്രിയേൽ അച്ചൻ തൃപ്പാദം എന്ന സ്ഥലത്തേയ്ക്കു മാറി താമസിക്കുകയും ഫിലിപ്പച്ചൻ നെടുമങ്ങാടു മിഷ്യന്റെ നേതൃത്വം ഏറ്റെടുക്കുകയും ചെയ്തു. ഫിലിപ്പച്ചന്റെ ആത്മാർത്ഥവും ത്യാഗപൂർണ്ണവുമായ പ്രവർത്തനഫലമായി വളരെയധികം പുരോഗതി നെടുമങ്ങാടു മിഷ്യനു കൈവന്നു. ഇക്കാലയളവിലാണ് ബഹുമാനപ്പെട്ട വൈദികരായ ഗ്രിഗോറിയോസ്, ക്രിസോസ്റ്റം, ചാൾസ്, ദാനിയേൽ, പീറ്റർ, ചാക്കോ ഫിലിപ്പ്, ജസ്റ്റിൻ, അഗസ്റ്റിൻ കൈലാത്ത്, ബെയ്സിൽ, സെബാസ്റ്റ്യൻ, വില്യം, ദാനിയേൽ കടകംപള്ളി, സിൽവസ്റ്റർ,വിയാനി കുരുവിള, സന്തോഷ് എന്നിവർ നെടുമങ്ങാടു കേന്ദ്രീകരിച്ചു വിവിധ മിഷ്യനുകളിൽ സേവനം അനുഷ്ഠിച്ചത്. ഫിലിപ്പച്ചന്റെ നേതൃത്വത്തിലുള്ള പ്രവർത്തനഫലമായാണ് ഇത്രമാത്രം മിഷ്യൻ പ്രവർത്തനങ്ങൾ കൂടുതൽ വിപുലവും വിശാലവുമായത്.

ഇപ്പോൾ നെടുമങ്ങാടു കേന്ദ്രീകരിച്ചു പള്ളികളും മിഷ്യൻ സ്റ്റേഷനുകളുമായി 26 കേന്ദ്രങ്ങൾ ഉണ്ട്. ഈ കേന്ദ്രങ്ങളിൽ എല്ലാം തന്നെ സജീവമായ ആരാധന നടക്കുന്നു. ആനാട്, ആനപ്പെട്ടി, അരശുപറമ്പ്, അരുവിക്കര, ആര്യനാട്, ചിറമുക്ക്, ഇരുമ്പ, കള്ളിയേൽ, കരകുളം, കരിപ്പൂർ, കാവടിത്തല, കുറ്റിച്ചൽ, കഴക്കുന്നം. കോഴിയോട്, കുളപ്പട, കുറുങ്കള്ളൂർ, കുതിരകുളം, മേമല, മുണ്ടേല, നെടുമങ്ങാട് പരുത്തിക്കുഴി, പൂവത്തൂർ, വെള്ളൂർക്കോണം, വെമ്പായം, വേറ്റിനാട്, വിതുര എന്നിവയാണ് നെടുമങ്ങാടു മിഷ്യൻ സ്റ്റേഷനുകൾ. ഇതിൽ 18-ൽ പരം കേന്ദ്രങ്ങൾ ഇപ്പോഴും ബഥനി വൈദികരുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്നവയാണ്. ബാക്കിയുള്ള സെൻററു

www.malankaralibrary.com


കളിൽ ബഹുമാനപ്പെട്ട ഇടവക വൈദികർ സേവനം അനുഷ്ഠിക്കുന്നു. ഈ മിഷ്യൻ സെന്ററുകളുടെയെല്ലാം സുഗമവും സുരക്ഷിതവുമായ നടത്തിപ്പിന് ആദ്യകാലം മുതൽ ഇന്നുവരെയും ബഹുമാനപ്പെട്ട സിസ്റ്റേഴ്സിന്റെ സേവനം സുലഭമായി ലഭിച്ചു കൊണ്ടാണിരിക്കുന്നത്.

വി.കുർബാനാർപ്പണത്തോടൊപ്പം വിവിധ മിഷ്യനുകളിലുള്ള ഭവനങ്ങൾ സന്ദർശിക്കുക, കുടുംബ പ്രാർത്ഥനകൾ സംഘടിപ്പിക്കുക, വിശ്വാസ ജീവിതത്തിൽ ജനങ്ങളെ ഉറപ്പിക്കാനുതകുന്ന പഠന കളരികൾ സംഘടിപ്പിക്കുക, ജ്ഞാനസ്നാനത്തിനായി ആളുകളെ ഒരുക്കുക, സ്വഭാവശുദ്ധീകരണത്തിനു കർമ്മ പരിപാടികൾ നടപ്പിലാക്കുക, തുടങ്ങിയ പ്രവർത്തനങ്ങൾ പണ്ടെന്നപോലെ ഇന്നും സജീവമായി നടക്കുന്നു. മതപരിവർത്തനം നടത്തി സഭാഗാത്ര ത്തിലെ അംഗങ്ങളായവരാണ് കൂടുതൽ വിശ്വാസി കളും. ക്രിസ്തുവിനെപ്പറ്റിയുള്ള ആഴമായ പഠനവും ക്രിസ്തു രഹസ്യങ്ങളുടെ അനുഭവസാധ്യതകൾ അനാവരണം ചെയ്യുന്ന വിശുദ്ധ കൂദാശകളിലുള്ള സജീവമായ പങ്കു ചേരലുകളും വഴി വിശ്വാസികളെ ഉറപ്പിക്കേണ്ടത് ഏറ്റവും വലിയ വെല്ലുവിളിയാണ്. അതിന് ആത്മാർപണം ചെയ്യാൻ കഴിവും നല്ല മനസ്സും ത്യാഗസന്നദ്ധതയുമുള്ള ബഥനി പ്രേഷിതരുടെ ഒരു സംഘം തന്നെ കർമ്മ രംഗത്തേയ്ക്ക് ഇറങ്ങേണ്ടതുണ്ട്.

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഒരു പ്രദേശമാണ് നെടുമങ്ങാട്. ഇവിടെ വസിക്കുന്നവരിൽ 80% ആളുകളും താണ ജാതിയിൽപ്പെട്ട ഹൈന്ദവരാണ്. അന്നന്നു വേണ്ടുന്ന ആഹാരത്തിനുപോലും നിവൃത്തിയില്ലാത്തവരും സ്ഥിരമായ ജോലിയില്ലാത്ത വരുമാണ് .

ക്രിസ്തു വചനം പങ്കുവയ്ക്കുന്നതോടൊപ്പം സാമ്പത്തികമായി അവരെ ഉയർത്തുന്നതിന് അനേകം സാമൂഹിക പദ്ധതികൾ ആസൂത്രണം ചെയ്യപ്പെടുന്നു. ബഹുമാനപ്പെട്ട ഗബ്രിയേൽ അച്ചന്റെ നേതൃത്വത്തിലാണ് നെടുമങ്ങാടു മേഖലയിൽ ഒരു സാമൂഹിക ക്ഷേമ പരിപാടിക്കു തുടക്കം കുറിച്ചത്. ഇവിടെ മിഷൻ വേല ചെയ്തുകൊണ്ടിരുന്ന വന്ദ്യ വൈദികരുടെ അനുഭവസമ്പത്തും ജനങ്ങളുടെ താണജീവിത നിലവാരത്തെപ്പറ്റിയുള്ള ഉൽകണ്ഠയും മിഷ്യൻ വേലകളോടൊപ്പം സാമൂഹിക പ്രവർത്തനങ്ങൾക്കും നേതൃത്വം കൊടുക്കുവാൻ കാരണമാക്കി.

സാമൂഹിക പ്രവർത്തനത്തിലൂടെ മാത്രമേ മിഷൻ വേല സജീവമാവുകയുള്ളൂ എന്നു മനസ്സിലാക്കി കൊണ്ട് ജാതിയോ മതമോ സാമ്പത്തിക അസമത്വങ്ങളോ കണക്കിലെടുക്കാതെ നെടുമങ്ങാടും



ഉപജീവനമാർഗ്ഗം ഈറ്റനെയ്ത്തിലൂടെ

പരിസരപ്രദേശങ്ങളിലുമുള്ള സാധുസ്ത്രീകളെ സംഘടിപ്പിച്ചുകൊണ്ട് ബഹുമാനപ്പെട്ട ഗബ്രിയേൽ അച്ചൻ ഒരു സ്വയം തൊഴിൽ പദ്ധതിക്കു തുടക്കം ഇട്ടു. ആലിലയിൽ മനോഹരമായ ചിത്രങ്ങൾ പെയിന്റുചെയ്തു വിൽപ്പന നടത്താനുള്ള ഒരു ക്രമീകരണം ആണ് അച്ചൻ നടപ്പാക്കിയത്. അതോടൊപ്പം തന്നെ ഇന്നാട്ടിലെ ഈറ്റതൊഴിലാളികളെ സംഘടിപ്പിച്ച് ജോലി



കല ദൈവത്തിന്റെ ദാനം

സംഘാതമായി ചെയ്യുന്നതിനും ഉള്ള കേന്ദ്രങ്ങൾ ഉണ്ടാക്കി. ഇതിനായി തൃപ്പാദം ആശ്രമത്തിൽ സ്ത്രീകൾക്ക് പ്രത്യേകമായി പരിശീലനം നൽകുന്നു.

www.malankaralibrary.com

പരിശീലനം പൂർത്തിയാക്കിയവർക്ക് തൃപ്പാദത്തിൽ നിന്നു തന്നെ ഇലകൾ നൽകുകയും അത് അവർ ഭവനത്തിൽ കൊണ്ടു പോയി ഭംഗിയായി പെയിന്റുചെയ്തു തിരികെ ഏൽപ്പിക്കുകയും ചെയ്യുന്നു. 500-ൽ പരം സ്ത്രീകൾ ഈ ജോലിയിൽ തന്നെ ഏർപ്പെട്ടിരിക്കുന്നു. ഇതോടൊപ്പം നല്ല രീതിയിൽ പ്രവർത്തിക്കുന്ന സാമ്പ്രാണിത്തിരി ഉൽപാദന കേന്ദ്രവും ലെയ്സ് ഉൽപ്പാദന കേന്ദ്രവും തൃപ്പാദത്തിൽ പ്രവർത്തിക്കുന്നു. ഈ സ്വയം തൊഴിൽ പദ്ധതികളെല്ലാം വിജയകരമായി മുന്നേറുന്നു.

നെടുമങ്ങാടു മിഷ്യനിലെ ഏറ്റവും വലിയ ഒരു പ്രവർത്തന മേഖലയാണ് തൃപ്പാദ സദനം. തിരുവനന്തപുരത്തും പരിസരത്തും അലഞ്ഞു തിരിഞ്ഞു നടക്കുന്ന അശരണരായ ആളുകളെയും പരിചരണം ആവശ്യമുള്ള വൃദ്ധരെയും യാതൊരു ഉപാധിയും കൂടാതെ പരിരക്ഷിക്കുന്ന ഒരു സങ്കേതമാണ് 'തൃപ്പാദ സദനം'. ഇപ്പോൾ ഏതാണ്ട് 30-ൽ പ്പരം അന്തേവാസികൾ ഇവിടെ താമസിക്കുന്നു. ആസ്ട്രേലിയയിൽ നിന്നും വർഷങ്ങൾക്കു മുൻപ് കേരളത്തിൽ വന്നു തൃപ്പാദത്തിൽ താമസിച്ച് സാമൂഹ്യ ക്ഷേമ പ്രവർത്തനങ്ങൾ നടത്തുന്ന ബ്രദർ ടോമിന്റെ സേവനങ്ങൾ നെടുമങ്ങാടു മിഷ്യൻ നന്ദിയോടുകൂടി അനുസ്മരിക്കുന്നു. ടോം ബ്രദറിനോടൊപ്പം തന്നെ തൃപ്പാദത്തിൽ സേവനം ചെയ്യുന്ന ജോയി ബ്രദറിനെയും ഈ അവസരത്തിൽ ഓർക്കട്ടെ.

ആദ്യകാലത്തു തന്നെ ഗബ്രിയേൽ അച്ചന്റെ നേതൃത്വത്തിൽ ഒരു മൊബൈൽ മെഡിക്കൽ യൂണിറ്റ് നെടുമങ്ങാടു മിഷനുകളിൽ പ്രവർത്തിച്ചിരുന്നു. മെഡിക്കൽ കോളെജിൽ നിന്നും ഡോക്ടർമാരെ ക്ഷണിച്ചു പാവപ്പെട്ട മിഷ്യൻ സെന്ററുകളിൽ കൊണ്ടു പോയി സൗജന്യമായി വൈദ്യപരിശോധനയും മരുന്നും



തൃപ്പാദത്തിലെ ആചാര്യൻ
അന്തേവാസികളോടൊപ്പം

നൽകിയിരുന്നു. ഇതിന്റെ തുടർച്ചയായി ഇന്നും നല്ല രീതിയിൽ പ്രവർത്തിക്കുന്ന ഒരു ഡിസ്പെൻസറി തൃപ്പാദത്തിലുണ്ട്. മാനുഷിക പരിഗണനകൾക്കു മാത്രം പ്രാധാന്യം നൽകി സൗജന്യമായി മരുന്ന് ഇവിടെ നിന്നും നൽകിപ്പോരുന്നു. തൃപ്പാദത്തിലുള്ള ബഥനി മിഷ്യന്റെ പ്രവർത്തനങ്ങൾക്ക് ഗബ്രിയേലച്ചനോടൊപ്പം ഈ ലേഖകനും നേതൃത്വം നൽകുന്നു. നെടുമങ്ങാടു മിഷ്യൻ കേന്ദ്രത്തിന്റെ ഭാഗമായി ഒരു പ്രസ്സും കമ്പോസിംഗ് യൂണിറ്റും പ്രവർത്തിക്കുന്നു. 20-ൽ പരം കുട്ടികളെ കമ്പോസിംഗ് യൂണിറ്റിൽ പഠിപ്പിച്ചു കെ.ജി.റ്റി. പരീക്ഷയ്ക്കു വേണ്ടി ഒരുക്കുന്നു. പ്രസ്സിൽ 15 പേർക്കു സ്ഥിരമായി ജോലി നൽകുന്നതിനുള്ള ക്രമീകരണം ഉണ്ട്.


---

**നെടുമങ്ങാടു മിഷന്റെ നീണ്ടനാളത്തെ പ്രവർത്തനങ്ങൾ വഴിയായി ധാരാളം ജനങ്ങളെ ക്രിസ്തീയ വിശ്വാസത്തിൽ ജനിപ്പിക്കുന്നതിനും സാമ്പത്തികമായും സാമൂഹ്യമായും, സാംസ്കാരികമായും ഉയർത്തുന്നതിനും സാധിച്ചിട്ടുണ്ട് എന്നത് തർക്കമറ്റ സംഗതിയാണ്. എന്നാൽ ബഥനി ഏറ്റെടുത്ത സൗത്ത് കാനറ മിഷ്യൻപോലെ ഇതുവരെയും കൂടുതൽ സ്വതന്ത്രമായി മിഷ്യൻ വേല നടത്താനുള്ള സഭാപരമായ അംഗീകാരമോ അനുവാദമോ അതിരൂപതയുടെ ഭാഗത്തു നിന്നു ലഭിച്ചിട്ടില്ല എന്നതും ഈ അവസരത്തിൽ പ്രസ്താവ്യമാണ്.**

---

www.malankaralibrary.com

സ്ത്രീകൾക്കു വേണ്ടി മാത്രം പ്രവർത്തിക്കുന്ന നെടുമങ്ങാടു കേന്ദ്രമായുള്ള ടെയിലറിംഗ് യൂണിറ്റിൽ 100-ൽ പരം കുട്ടികൾ പഠിക്കുകയും 45 സ്ത്രീകൾ ഗാർമെൻറ്റ്സ് യൂണിറ്റിൽ ജോലി ചെയ്യുകയും ചെയ്യുന്നു. എംബ്രോയ്ഡറി പഠിക്കുന്നതിനും ആവശ്യാനുസരണം സ്ഥിരമായി ജോലി ചെയ്തുകൊടുക്കുന്നതിനുമുള്ള ക്രമീകരണമുണ്ട്. നാലാഞ്ചിറയിലുള്ള മാർ ഗ്രിഗോറിയോസ് ഗാർമെൻറ്സിനോട് സഹകരിച്ചാണ് ഇവിടുത്തെ ഗാർമെൻറ്സ് യൂണിറ്റ് പ്രവർത്തിക്കുന്നത്.




നെടുമങ്ങാട് ടെയിലറിംഗ് യൂണിറ്റ്

നെടുമങ്ങാട് മിഷന്റെ നേതൃത്വത്തിൽ 10-ാം ക്ലാസ്സിൽതോറ്റ കുട്ടികളെസൗജന്യമയി പഠിപ്പിക്കുന്നതിനുള്ള ക്രമീകരണം ഉണ്ട്. കേന്ദ്രഗവൺമെന്റിന്റെ അംഗീകാരത്തോടുകൂടി പ്രവർത്തിക്കുന്ന ഒരു സ്ഥാപനമാണ് ബഥനി ഐ.റ്റി.സി. ബഥനി കൊമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ട്, ഇലക്ട്രോണിക്സ് സെൻറർ, കംപ്യൂട്ടർ സെന്റർ എന്നിവയും ബഥനി മിഷ്യന്റെ പ്രവർത്തനത്തിന്റെ പരിധിയ്ക്കുള്ളിൽ ഉണ്ട്. കൊമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ടിൽ 75 കുട്ടികൾ പഠിക്കുന്നുണ്ട്. സ്വയം തൊഴിൽ കണ്ടെത്തുക എന്ന ലക്ഷ്യത്തോടുകൂടി സ്ഥാപിതമായ ഇലക്ട്രോണിക്സ് യൂണിറ്റിൽ റേഡിയോ അസംബ്ലിംഗ്, വയറിംഗ്, ഹോം അപ്ലൈയൻസ് എന്നിവയിൽ പരിശീലനം നൽകുന്നു. നൂതനമായ കംപ്യൂട്ടർ കോഴ്സുകൾ നൽകാൻ തക്ക സജീകരണങ്ങൾ ബഥനി കംപ്യൂട്ടർ സെന്ററിൽ സംലഭ്യമാണ്.

കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടുകൂടി ആര്യനാട്, അരശുപറമ്പ്, കോഴിയോട്, പൂവത്തൂർ, മുണ്ടേല, വെളിയന്നൂർ കഴകുന്നം, വെള്ളൂർകോണം എന്നീ സ്ഥലങ്ങളിൽ പ്രവർത്തിക്കുന്ന ക്രെഷ് യൂണിറ്റുകൾ ബഥനി മിഷ്യൻെറ മേൽനോട്ടത്തിൽ നടത്തപ്പെടുന്നു. 16 സ്ത്രീകൾക്കുള്ള ഉപജീവനമാർഗ്ഗം ഈ പ്രവർത്തനത്തിലൂടെ സ്ഥിരമായി നൽകുന്നു.

നെടുമങ്ങാടു മിഷന്റെ നീണ്ടനാളത്തെ പ്രവർത്തനങ്ങൾ വഴിയായി ധാരാളം ജനങ്ങളെ ക്രിസ്തീയ വിശ്വാസത്തിൽ ജനിപ്പിക്കുന്നതിനും സാമ്പത്തികമായും സാമൂഹ്യമായും, സാംസ്കാരികമായും ഉയർത്തുന്നതിനും സാധിച്ചിട്ടുണ്ട് എന്നത് തർക്കമറ്റ സംഗതിയാണ്. എന്നാൽ ബഥനി ഏറ്റെടുത്ത സൗത്ത് കാനറ മിഷ്യൻപോലെ ഇതുവരെയും കൂടുതൽ സ്വതന്ത്രമായി മിഷ്യൻ വേല നടത്താനുള്ള സഭാപരമായ അംഗീകാരമോ അനുവാദമോ അതിരൂപതയുടെ ഭാഗത്തു നിന്നു ലഭിച്ചിട്ടില്ല എന്നതും ഈ അവസരത്തിൽ പ്രസ്താവ്യമാണ്. വിജാതിയർക്ക് ക്രിസ്തുവിന്റെ വെളിപാടിന്റെ പ്രകാശമായി കടന്നുവന്ന ബഥനി സമൂഹം ജൂബിലി ആഘോഷിക്കുന്ന ഈ അവസരത്തിൽ മിഷ്യൻ പ്രവർത്തനത്തിന്റെ ചൈതന്യശക്തി ആർജ്ജിച്ചെടുക്കുന്നതിൽ എത്രമാത്രം വിജയിച്ചിട്ടുണ്ട് എന്നു വിലയിരുത്തുന്നതിനുള്ള ഒരവസരമാണ്. വേല ചെയ്യുന്നതിനെക്കാൾ ഉപരിയായി വിജാതീയ സമൂഹത്തോടൊപ്പം ജീവിക്കുന്നതിനും പ്രവർത്തിക്കുന്നതിനുമുള്ള ശ്രദ്ധ വിലയിരുത്തുന്നതിനുള്ള സുലഭമായ അവസരമാണിത്. ഇവിടുത്തെ ബഥനിയുടെ മിഷ്യൻ പ്രവർത്തനങ്ങളിലൂടെ സ്വർഗ്ഗസ്ഥനായ പിതാവിനെ മഹത്വപ്പെടുത്തുന്നതിനു ബഥനിയുടെ മിഷ്യൻ ദീപം നെടുമങ്ങാടു മേഖലകളിൽ ഉത്തരോത്തരം പ്രശോഭിക്കട്ടെ എന്ന ആശംസ മാത്രമാണ് ഈ അവസരത്തിൽ

www.malankaralibrary.com



ശ്രീ. പി. പൗലോസ്, കാഞ്ഞിരംകുളം

# ബഥനി നട്ടു വളർത്തിയ കാഞ്ഞിരംകുളം മിഷൻ

1930 സെപ്റ്റംബർ 20 ന്റെ പൊൻപുലരി. സാർവത്രിക സഭയുടെ ഏടുകളിൽ തങ്കലിപികളിൽ രേഖപ്പെടുത്തിയ മഹാ സംഭവത്തിനു നാന്ദികുറിക്കപ്പെടുന്നു. ദൈവ നിയോഗമെന്നപോലെ ഭാരത കത്തോലിക്കാ സഭക്കായി ദൈവം തന്റെ പണിശാലയിൽ കാച്ചിമിനുക്കിയ സുവർണ്ണ ജ്യോതിസ്സ് ബഥനിയുടെ ഭാഗ്യസ്മരണാർഹനായ അഭിവന്ദ്യ മാർ ഈവാനിയോസ് മെത്രാപ്പൊലീത്തായുടെ നേതൃത്വത്തിൽ യാക്കോബായ ഓർത്തഡോക്സ് വിഭാഗത്തിൽ നിന്നും ഒരു സംഘം, ക്രിസ്തുവിന്റെ വികാരിയായ വി. പത്രോസിന്റെ സിംഹാസനത്തിന്റെ ആത്മീയ അധികാരം അംഗീകരിച്ച് കത്തോലിക്കാ സഭയിലേക്കു പുന:പ്രവേശിക്കുന്നു. 17-ാം നൂറ്റാണ്ടിന്റെ മദ്ധ്യം വരെ യാതൊരഭിപ്രായ വ്യത്യാസവുമില്ലാതെ ഏകയോഗക്ഷേമമായി വസിച്ചിരുന്ന തോമാശ്ലീഹായുടെ മക്കൾ 1653-ൽ മട്ടാഞ്ചേരിയിലെ കൂനൻ കുരിശിൽ വച്ച് വേർപിരിയുന്ന രംഗം എന്നും ദു:ഖത്തോടുകൂടി മാത്രമേ സ്മരിക്കാനാവൂ. സഭാമക്കളുടെ, നിരന്തരമായ പ്രാർത്ഥനയുടെ ഫലമായി ദൈവം തെരഞ്ഞെടുത്ത ബഥനിയുടെ മാർ ഈവാനിയോസ് പിതാവ് വഴിയായി എത്ര ലക്ഷങ്ങളാണ് സത്യസഭയെ പുൽകിയത്. പുനരൈക്യം പൂവണിയുന്നതിനും നൂറ്റാണ്ടുകൾക്കു മുൻപു മുതൽ സഭൈക്യത്തിനായി ഒത്തിണങ്ങിയ എത്രയോ അവസരങ്ങൾ ഭൗതികലൗകികാധികാരങ്ങളുടെ ബാഹ്യമോടികളിൽഅതിന്റെ കൂട്ടിക്കിഴിക്കലുകളിൽ തട്ടി ശിഥിലമായിപോയി. സഭൈക്യത്തിന് നേതൃത്വം നൽകാൻ അഭിവന്ദ്യ മാർ ഈവാനിയോസ് പിതാവിനെ ദൈവം തെരെഞ്ഞെടുത്തു

വൈദിക വിദ്യാർത്ഥിയായിരിക്കുമ്പോൾ തുടങ്ങി സെറാംപൂർ സർവകലാശാലാ പ്രൊഫസർ സ്ഥാനമൊഴിഞ്ഞു നാട്ടിലേക്കു മടങ്ങുന്നതുവരെ ഇന്ത്യയുടെ അവസ്ഥയും ആത്മാവും കണ്ടെത്തുകയായിരുന്നു അഭിവന്ദ്യ പിതാവ്. ദൈവ ജനത്തെ നയിക്കേണ്ട പുരോഹിതന്റെ ജീവിതചര്യ എപ്രകാരമായിരിക്കണമെന്ന് വ്യക്തമായ കാഴ്ചപ്പാടുണ്ടായിരുന്നു അദ്ദേഹത്തിന്. ഈ കാലയളവിലെ കണ്ടെത്തലുകളുടെയും പഠനങ്ങളുടെയും ആകെ തുകയാണ് "ബഥനി മിശിഹാനുകരണ സമൂഹസ്ഥാപനം". വിജയമകുടമണിഞ്ഞ പുനരൈക്യത്തിന്റെ -മലങ്കര കത്തോലിക്കാ പ്രസ്ഥാനത്തിന്റെ മൂലക്കല്ലും-തായ് വേരും ബഥനി തന്നെ. ഭാരതത്തിന്റെ ആത്മാവു കണ്ടറിഞ്ഞ പ്രതിഭാ ശാലിയായ അഭിവന്ദ്യ പിതാവിന്റെ അഭിലാഷം ഭാരതം മുഴുവനുമുള്ള മാനസാന്തരമായിരുന്നു. ഭാരതത്തിന്റെ മക്കളെ ഒന്നാകെ മാനസാന്തരപ്പെടുത്തി സഭാ മാതാവിന്റെ മടിയിലേക്കാനയിക്കുക. അതിനുള്ള പ്രവർത്തന

www.malankaralibrary.com

ങ്ങളിലാണ് പുനരൈക്യത്തിന്റെ ആരംഭം മുതലേ പിതാവ് വ്യാപൃതനായിരുന്നത്.

ജാതി ഭേദമന്യേ സമൂഹത്തിന്റെ ഏറ്റം താഴെ തട്ടിലുള്ള ജനവിഭാഗങ്ങളുടെ ഇടയ്ക്കുള്ള പ്രവർത്തനമാണ് പിതാവ് ഇഷ്ടപ്പെട്ടത്. അതിന്റെ ദൃഷ്ടാന്തമാണ് ആരാലും ശ്രദ്ധിക്കപ്പെടാതെ, സാമൂഹിക, സാമ്പത്തിക സാന്മാർഗ്ഗിക രംഗങ്ങളിൽ വരേണ്യവർഗ്ഗത്തിന്റെ ചൂഷണത്തിനിരയായി, നൂറ്റാണ്ടുകളായി അവശതയനുഭവിച്ച ജനവിഭാഗം തിങ്ങി പാർത്തിരുന്ന, കന്യാകുമാരി ജില്ലകൾ ഉൾപ്പെട്ട കേരളത്തിന്റെ തെക്കേയറ്റം അഭിവന്ദ്യപിതാവിന്റെ പ്രവർത്തന മേഖലയായിത്തീർന്നത്. പരമ്പരാഗതമായി ഹൈന്ദവ വിശ്വാസങ്ങളിൽ അടിയുറച്ചവരും പിന്നോക്ക സമുദായത്തിൽപ്പെട്ടവരുമായ ഒരു ജനസമൂഹമാണ് ഇവിടെ പാർത്തിരുന്നത്. മിക്കയിടങ്ങളിലും സൂര്യ നമസ്കാരവും, പൂജ, കൊടുതി ഒക്കെയായി പ്രാകൃത മായ ആചാരനുഷ്ഠാനങ്ങളിൽ വിശ്വസിച്ചിരുന്ന സമൂഹം 1840 നോടടുത്ത് ഈ പ്രദേശത്ത് വന്നെത്തിയ എൽ.എം.എസ് മിഷനറിമാരുടെ പരിശ്രമ ഫലമായി, കുറെപ്പേർ എൽ.എം.എസ് സഭാവിശ്വാസത്തിൽപ്പെട്ട് ക്രിസ്ത്യാനികളായി.

അഭിവന്ദ്യ മാർ ഈവാനിയോസ് പിതാവ് തിരുവനന്തപുരം കേന്ദ്രമാക്കി സഭാ പ്രവർത്തനം ആരംഭിക്കുമ്പോൾ, കാഞ്ഞിരംകുളം ഉൾക്കൊള്ളുന്ന കേരളത്തിന്റെ തെക്കെയറ്റത്തെ സാമൂഹിക പശ്ചാത്തലം ഇതായിരുന്നു. 1934-ൽ തന്നെ കാഞ്ഞിരം കുളം കേന്ദ്രമാക്കി മലങ്കര കത്തോലിക്കാസഭാ പ്രവർത്തനം ആരംഭിച്ചു. 1935 ഫെബ്രുവരി 27-ാം തിയതി ആദ്യത്തെ മാമോദിസ നല്കപ്പെട്ടു.

കാഞ്ഞിരംകുളം ജംഗ്ഷനിൽ നിന്ന് ഏകദേശം ഒന്നര കിലോമീറ്റർ കിഴക്കുമാറി പുറുത്തിവിള എന്ന സ്ഥലത്ത് ഒരു ഷെഡിലാണ് ആദ്യമായി ഈ പ്രദേശത്ത് മിഷൻ പ്രവർത്തനം ആരംഭിക്കുന്നത്. മതപഠനക്ലാസ്സായിരുന്നു ആ ഷെഡിൽ ആദ്യം ആരംഭിച്ചത്. അതിനു ശേഷമാണ് ഇന്ന് കാഞ്ഞിരംകുളം മിഷൻ മന്ദിരവും പള്ളിയും സ്ഥിതി ചെയ്യുന്ന സ്ഥലം ലഭിച്ചത്. ഡോ. സാമുവൽ എന്നയാൾ അതുരശുശ്രൂഷക്കായി ഉപയോഗിച്ചിരുന്ന ആശുപത്രിയും, വസ്തുവും കെട്ടിടവും സ്ഥലവും ലേലം ചെയ്തു. രൂപതയ്ക്കുവേണ്ടി പ്രസ്തുതസ്ഥലം ലേലം കൊണ്ടു. അസ്സീസ്സിവില്ല നെല്ലിക്കാക്കുഴി എന്നായിരുന്നു ഈ സ്ഥാപനത്തിന് നാമകരണം ചെയ്തിരുന്നത്. അന്ന് ബഹു. ആറാഞ്ചേരിയച്ചനാണ് വികാരിയായിരുന്നത്. അദ്ദേഹത്തെ സഹായിച്ചിരുന്നത്, പുനരൈക്യത്തിന്റെ ആദ്യ പഞ്ചശിലകളിൽ ഒരാളായ അലക്സാണ്ടർ ശേമ്മാശനെന്ന് സഭാ രേഖകളിൽ നാം കാണുന്ന ബഹു. സെറാഫിയോനച്ചനായിരുന്നു 27.1.1935-ൽ കാഞ്ഞിരംകുളം ഇടവകയിൽ ആദ്യത്തെ മാമോദീസ നല്കിയതും ബഹു. സെറാഫിയോനച്ചന്റെ കരങ്ങൾ കൊണ്ടായിരുന്നു. 1940 വരെ ബഥനി സമൂഹത്തിലെ തന്നെ ബഹു. ജോണച്ചനും, എബ്രഹാമച്ചനും, കോശിയച്ചനും സേവനമനുഷ്ഠിച്ചിട്ടുണ്ട്. അവരോടൊപ്പം ബ്ര. ജേക്കബ്, ബ്ര. ജറാൾഡ് എന്നീ ഫ്രാൻസിസ്കൻ സഹോദരങ്ങളും പ്രവർത്തിച്ചിരുന്നു. അന്ന് റവ. ഫാ. ഫ്രാൻസിസ് കൊടക്കനാടിയായിരുന്നു വികാരി. ശ്രീ. ദാസൻ, ശ്രീ ജോസഫ് എന്നീ ഉപദേശിമാരും സഭക്കായി ഇവരോടൊത്ത് പ്രവർത്തിച്ചിട്ടുണ്ട്. ഇവരുടെയെല്ലാം അശ്രാന്ത പരിശ്രമത്തിന്റെ ഫലമായി പാമ്പുകാല, പൂവ്വാർ, വെള്ളലുമ്പ്, ചെവ്വര, മുല്ലൂർ, വെണ്ണിയൂർ, ബാലരാമപുരം, എരുത്താവൂർ, വണ്ടനൂർ, തൊഴുക്കൽ (ചെമ്പരത്തിവിള) കൊടങ്ങാവിള, കണ്ണറവിള, മരുതത്തൂർ എന്നീ ഇടവകകളും ഇപ്പോൾ നിലവിലില്ലാത്ത ഓലത്താന്നി, ചൂരിയോട് (മാവിളക്കടവ്) എന്നീ സ്ഥലങ്ങളിൽ മിഷൻ സെൻററുകളുംസ്ഥാപിച്ചു. ഇവയെല്ലാം ഇപ്പോൾ നൂറുകണക്കിനു ഭവനങ്ങളുള്ള സാമാന്യം നല്ല ഇടവകകളായി നില നില്ക്കുകയും ചെയ്യുന്നു.

## ആദ്യകാല പ്രവർത്തനം

ഓരോ മിഷൻ സെൻററുകളിലും, ആശ്രമത്തിലെ രണ്ട് ബ്രദേഴ്സ് സൈക്കിളിൽ ചെല്ലുകയും, അവിടുത്തെ ഉപദേശിയോടൊപ്പം ഓരോ ഭവനവും കയറിയിറങ്ങി സുവിശേഷം പ്രചരിപ്പിക്കുകയും, താല്പര്യമുള്ളവരെ മാമോദീസ നല്കി സഭാംഗ ങ്ങളാക്കുകയും ചെയ്തിരുന്നു. വി.കുർബ്ബാന അർപ്പിക്കാൻ വല്ലപ്പോഴുമേ അവസരം കിട്ടിയിരുന്നുള്ളു. മറ്റു ഞായറാഴ്ചകളിൽ ഇടവകാംഗങ്ങൾ ഒരുമിച്ചു കൂടി. പ്രാർത്ഥിച്ചു പിരിഞ്ഞു പോകുമായിരുന്നു.

www.malankaralibrary.com

ഉപദേശിമാർ എല്ലാ മാസാദ്യ വെള്ളിയാഴ്ചകളിലും കാഞ്ഞിരംകുളം ഇടവകയിൽ ഒരുമിച്ചു കൂടി പ്രവർത്തനങ്ങളെല്ലാം വിലയിരുത്തുമായിരുന്നു. ഇടവകാംഗങ്ങൾക്ക് ഭക്ഷണത്തിനുള്ള അരിയും, വസ്ത്രവും ദാനമായി നല്കുകയും ചെയ്തിരുന്നു. 1940ൽ ബഹു. യൗനാനച്ചനും, കോശിയച്ചനും, കാഞ്ഞിരം കുളത്ത് എത്തിയെങ്കിലും, യൗനാനച്ചന് അസുഖ മായതിനാൽ മടങ്ങി പോവുകയും, കോശിയച്ചൻ നാലാഞ്ചിറയ്ക്ക് മാറി പോവുകയും ചെയ്തു. ഇക്കാലത്ത് ഇവിടെ അസ്സീസ്സി കലാസമിതി എന്ന പേരിൽ ഒരു സംസ്കാരിക സംഘടന പ്രവർത്തിച്ചിരുന്നു. പിൽക്കാലത്ത് വളരെ പ്രസിദ്ധരായിത്തീർന്ന പലരും ഇതിൽ പ്രവർത്തിച്ച് നാടകങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്. സുപ്രസിദ്ധ സിനിമാ നടൻ സത്യനും ഈ കലാ സമിതിയിൽ അംഗമായിരുന്നു.

1942 മുതൽ കർമ്മലീത്ത വിഭാഗക്കാരാണ് പൂർണ്ണമായും മലങ്കര കത്തോലിക്കാസഭക്കായി ഇവിടെ പ്രവർത്തിച്ചത്. ബഹു. അമ്പ്രോസച്ചൻ, ഹെട്രി ജോസഫ്അച്ചൻ, ജലാസിയൂസ് അച്ചൻ, അസറിയാസ് അച്ചൻ, ഫിലത്തെവൂസ് അച്ചൻ, ഗ്ലാഡീസ് അച്ചൻ എന്നിവരാണ് പ്രധാനമായും ഈ കാലഘട്ടത്തിൽ സേവനമനുഷ്ടിച്ച പരോഹിതന്മാർ. തുടർന്ന് ബാലരാമപുരം കേന്ദ്രമാക്കി പ്രവർത്തിക്കാൻ രണ്ടു വൈദികർ അങ്ങോട്ടു മാറി. ബാലരാമപുരം, എരുത്താവൂർ, വണ്ടന്നൂർ, തൊഴുക്കൽ, (ചെമ്പരത്തിവിള) മരുതത്തൂർ, കൊടങ്ങാവിള, വെണ്ണിയൂർ എന്നീ സെൻററുകൾ ബാലരാമ പുരത്തിൻെറ കീഴിലായി. കർമ്മലീത്താ പുരോഹിതന്മാർ ഈ പ്രദേശത്ത് സേവനം ചെയ്യുമ്പോഴാണ് നെല്ലിമൂട് സ്കൂൾ വാങ്ങുന്നത്.

1961 മുതൽ വീണ്ടും ബഥനി സമൂഹാംഗങ്ങൾ ഈ മേഖലയിൽ എത്തി. അവിസ്മരണീയനായ ബഹു യൗനാനച്ചൻ, കോശിയച്ചൻ, സെറാഫിയോനച്ചൻ എന്നിവരുടെ സംയുക്ത പ്രവർത്തനത്തിന് തുടക്കം കുറിച്ചു. ഇവരുടെ സംയുക്ത പ്രവർത്തനത്തിൻെറ പ്രതീകമാണ് ഇന്നത്തെ പള്ളി. ജീവിതാവസാനം വരെയും കാഞ്ഞിരംകുളം തന്നെയായിരുന്നു അവരുടെ പ്രവർത്തനമേഖല. സെറാഫിയോനച്ചനും, യൗനാനച്ചനും ഇവിടെ നിന്നാണ് ചികിത്സക്കായി ആശുപത്രിയിലേക്ക് പോവുന്നതും നിത്യതയിലേക്ക് പ്രവേശിച്ചതും. കോശിയച്ചനും വാർദ്ധക്യം വരെ ഇവിടെത്തന്നെയായിരുന്നു. ഒരു തരത്തിൽ പറഞ്ഞാൽ ഇവരുടെയെല്ലാം അവസാന തുള്ളി രക്തവും വിയർപ്പാക്കി നല്കി പരിപോഷിപ്പിച്ച ഒരു ജന സമൂഹമാണ് ഈ പ്രദേശത്തുള്ളത്. യൗനാനച്ചനു ശേഷം റവ. ഫാ. സെബാസ്റ്റ്യൻ റവ. ഫാ. ജോൺ വിയാനി കൊറ്റിനാട്, റവ. ഫാ. ഡാമിയൻ ഒ.ഐ.സി. റവ. ഫാ. ഫ്രാൻസിസ് ഡി സാലസ് ഒ.ഐ.സി. എന്നിവർ ഈ പ്രദേശത്തെ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുത്തുവരുന്നു. ഇക്കാലയളവിൽ കാഞ്ഞിരംകുളം മിഷൻ മന്ദിരത്തിൽ വന്നു താമസിച്ച് ഈ പ്രദേശത്തെ ദൈവജനത്തെ നയിച്ച മറ്റു പലരുമുണ്ട്. ബഹുമാന്യരായ തോമസ് അക്വിനോസ് ഒ.ഐ.സി. റവ. ഫാ..തോമസ് ഒ.ഐ.സി., റവ. ഫാ. സേവ്യർ ഒ.ഐ.സി., റവ. ഫാ. ഫിലിപ്പ് നേരി ഒ.ഐ.സി., റവ. ഫാ. മൈക്കിൾ ഒ.ഐ.സി., റവ. റഫായേൽ ഒ.ഐ.സി., റവ. ഫാ. റജി തോമസ് ഒ.ഐ.സി., റവ. ഫാ. എബ്രഹാം പ്രസാദ്, ഒ.ഐ.സി റവ. ഫാ. മാത്യൂസ് ഒ.ഐ.സി എന്നിവരാണ്.

മുൻപു സൂചിപ്പിച്ചതു പോലെ സമൂഹത്തിലെ ഏറ്റം ദരിദ്രമായ ഒരു ജനസമൂഹത്തെയാണ് ആദ്യകാലം മുതൽ ഇവിടെ സഭക്കു ലഭിച്ചത്. അടിസ്ഥാന ഭൗതിക സഹായങ്ങൾ വളരെ വേണ്ടിയിരുന്നു അവരെ ഉയർത്തിക്കൊണ്ടു വരുവാൻ. സഭ അത് നൽകുകയും ചെയതു. ആത്മീയ നവോത്ഥാനവും ഉണ്ടായി. അതിന് ഒരു ഉദാഹര ണമാണ് സമൂഹത്തിൽ ഏറ്റം താഴെ തട്ടിലായിരുന്ന ജനസമൂഹത്തിൽ ഒന്നിൽ നിന്ന് മേല്പട്ട സ്ഥാനത്തേക്കു വരെ സാധാരണസഭാംഗത്തെ കൈപിടിച്ചു യർത്തുവാൻ മലങ്കര കത്തോലിക്കാ പ്രസ്ഥാനത്തിനും അതിനെ നയിച്ചിരുന്ന ബഥനി സമൂഹാംഗങ്ങൾക്കും കഴിഞ്ഞത്.

സഭൈക്യ പ്രവാചകനായ അഭിവന്ദ്യ മാർ ഈവാനിയോസ് പിതാവിൻെറ ഭാരത മാനസാ ന്തരമെന്ന അഭിലാഷം ഇനിയും പൂർണ്ണമാവാതെ അവശേഷിക്കുന്നതു പോലെ തന്നെ ഈ പ്രദേശത്തെ സുവിശേഷ വൽക്കരണവും പൂർത്തിയായിട്ടില്ല. 60 വർഷത്തെ സഭാ ജീവിതത്തിനു ശേഷവും വലിയൊരു കുറവ് ഈ മേഖലയിൽ നിലനില്ക്കുന്നു. "വേണ്ടത്ര ദൈവ വിളി" ഇനിയും ഉണ്ടാകേണ്ടിയിരിക്കുന്നു.


www.malankaralibrary.com

അഥവാ ഉണ്ടായിട്ടുണ്ടെങ്കിൽ അത് പരിപോഷിപ്പിക്കാനായിട്ടില്ല. ആ കുറവു പരിഹരിക്കുവാൻ പരിശുദ്ധാത്മ പ്രവർത്തനത്തിനായി എല്ലാവരും ഒത്തൊരുമിച്ച് പ്രാർത്ഥനാ പൂർവ്വം പരിശ്രമിക്കേണ്ടിയിരിക്കുന്നു.

## ഇനിയും ശ്രദ്ധിക്കേണ്ട ഈ നാടിൻെറ ആവശ്യം

60 വർഷത്തെ പ്രവർത്തനത്തിനു ശേഷവും വിദ്യാഭ്യാസ, തൊഴിൽ മേഖലകളിൽ എന്തെങ്കിലും, കിട്ടാൻ സഭയുടെ ഉന്നത മണ്ഡലങ്ങളിലേക്കു നോക്കിയിരിക്കേണ്ട അവസ്ഥ. കാഞ്ഞിരംകുളം, വെള്ളലുമ്പ്, പാമ്പുകാല, പൂവ്വാർ, ചെക്കടി എന്നീ 5 ഇടവകകളിൽ 850 കുടുംബങ്ങളിലായി 6000 ഓളം വരുന്ന അംഗസംഖ്യ ഇന്നും ബഥനി ആശ്രമസ്ഥർ നേതൃത്വം കൊടുക്കുന്ന കാഞ്ഞിരംകുളം സെൻററിൻെറ കീഴിൽ തന്നെയുണ്ട്. അടുത്ത കാലത്ത് ആശ്രമസ്ഥർ ഏറ്റെടുത്ത പിൻകുളം മേഖല വേറെയും. മലങ്കര കത്തോലിക്കാ സമുദായത്തിന് ഏതു ജാതിയിൽപ്പെട്ടതായാലും ഗവൺമെൻറു തലത്തിൽ പോലും സാദ്ധ്യതൾ കുറവായിരിക്കുന്ന സാഹചര്യത്തിൽ, തൊഴിലധിഷ്ഠിത വിദ്യാഭ്യാസ മേഖലയിൽ കൂടുതൽ സാദ്ധ്യതകളുള്ള സംരംഭങ്ങൾ ആശ്രമത്തിൻെറയോ, രൂപതയുടെയോ, രണ്ടിൻെറയുമോ ആഭിമുഖ്യത്തിൽ ആസൂത്രണം ചെയ്തു നടപ്പിലാക്കാൻ കൂട്ടായ പരിശ്രമം വേണം. ഒപ്പം ആത്മീയ നവോത്ഥാനത്തിനുള്ള ശക്തമായ നടപടികളും. അല്ലാഞ്ഞാൽ ഋഷി തുല്യരായ പുരോഹിത ശ്രേഷ്ഠന്മാർ പട്ടിണികിടന്നും, ചോര നീരാക്കിയും പരിപോഷിപ്പിച്ചു കൊണ്ടുവന്ന ഒരു ജന സമൂഹം വളരെ പരിതാപകരമായ അവസ്ഥയിലായി പോകും. കാലാന്തരത്തിൽ വിശുദ്ധ പദവിയിലേക്കുയർത്തപ്പെടേണ്ട സമൂഹസ്ഥാപകൻെറ, തെക്കൻ പ്രദേശത്തെ കുറിച്ചുള്ള സ്വപ്നം സഫലമാകാതെ അവശേഷിക്കുന്നതിലുള്ള ദു:ഖവും..................

www.malankaralibrary.com



ഫാ. ജോർജ്ജ് തോമസ് ഒ.ഐ.സി.
ഡയറക്ടർ, ബഥനി സോഷ്യൽ സർവ്വീസ് സൊസൈറ്റി

# ബഥനി സാമൂഹ്യസേവന രംഗങ്ങളിൽ

## സാമൂഹ്യസേവനം സന്യാസത്തിന്റെ അവിഭാജ്യ ഘടകം

സാമൂഹ്യസേവനം സന്യാസ സമൂഹങ്ങളുടെ ഏറ്റം വലിയ കടമയായി മാറിയിരിക്കയാണ്. പ്രത്യേകിച്ചും അവികസിത രാജ്യങ്ങളിലും പ്രദേശങ്ങളിലും. ഈ കടമയിൽ നിന്നും പിന്മാറിക്കൊണ്ടുള്ള സന്യാസ ജീവിത പദ്ധതിയെപ്പറ്റി ഇന്ന് ചിന്തിക്കാനാവില്ല. പല സന്യാസ സമൂഹങ്ങളുടെയും സ്ഥാപകലക്ഷ്യം സാമൂഹ്യസേവന പ്രവർത്തനങ്ങളാണ്. മറ്റു ചില സന്യാസ സമൂഹങ്ങളുടെ സ്വഭാവം തന്നെ നിശ്ചയിക്കപ്പെടുന്നത് അവരുടെ സാമൂഹ്യസേവന പ്രവർത്തനങ്ങളെ ആശ്രയിച്ചാണ്.

മനുഷ്യന്റെ സമഗ്രമായ വികസനവും വളർച്ചയുമാണ് എല്ലാവരും ലക്ഷ്യമിടുന്നത്. കേവലം ആദ്ധ്യാത്മിക തലത്തിലുള്ള വളർച്ച മാത്രം ഉന്നം വയ്ക്കുന്ന ആശയഗതികൾക്കും പ്രവർത്തനങ്ങൾക്കും സാംഗത്യം കുറഞ്ഞു വരികയാണ്. മനുഷ്യന്റെ ശാരിരികവും മാനസികവും ആദ്ധ്യാത്മികവും ആയ തലങ്ങളുടെ സമഗ്രമായ വളർച്ചയും പൂർണ്ണതയുമാണ് സഭ ആഗ്രഹിക്കുന്നത്. വിശക്കുന്നവന് അപ്പം നല്കികൊണ്ട് അവന്റെ ആത്മീയ രക്ഷക്കുവേണ്ടി പ്രവർത്തിക്കണം.

ദൈവസേവനത്തിനായി സ്വയം പ്രതിഷ്ഠിച്ച് യേശുവിനെ പിൻ ചെല്ലുന്ന സന്യാസികളാണ് മനുഷ്യന്റെ ശാരിരികവും മാനസികവും ആദ്ധ്യാത്മികവുമായ വളർച്ചയ്ക്കുതകുന്ന പ്രവർത്തനങ്ങൾക്കു നേതൃത്വം നല്കേണ്ടത്. സമൂഹം അതു പ്രതീക്ഷിക്കുകയും ചെയ്യുന്നു. എല്ലാം പരിത്യജിച്ചു ദാരിദ്ര്യം ജീവിതവ്രതമാക്കിയ സന്യാസിക്കൾക്ക് ദരിദ്രരോടും അശരണരോടും അവശത അനുഭവിക്കുന്നവരോടും പ്രത്യേക മമതയുണ്ടായിരിക്കണം. അവരുടെ പക്ഷം ചേരണം എന്നും സഭ പഠിപ്പിക്കുന്നു. സന്യാസി അനുഭവിക്കുന്ന ദാരിദ്ര്യവും ലളിത ജീവിതവും സ്വന്തം തീരുമാനത്തിന്റെ പരിണിത ഫലമാണ്. എന്നാൽ അവർക്കു ചുറ്റുപാടും ജീവിക്കുന്ന മനുഷ്യരുടെ ദാരിദ്ര്യം അവരുടെ തന്നെ തീരുമാനത്തിന്റെ ഫലമല്ല . അങ്ങനെയായിത്തീരുവാൻ അവരാരും ആഗ്രഹിച്ചതല്ല. ആ അവസ്ഥ തുടരുവാൻ ആഗ്രഹിക്കുന്നുമില്ല. അത് അവരുടെ മേൽ പലകാരണങ്ങളാൽ വന്നു ചേർന്നിട്ടുള്ളതോ, അടിച്ചേല്പിക്കപ്പെട്ടതോ ആണ്. ഈ ദുസ്ഥിതിയിൽ നിന്ന് അവരെ വിമോചിപ്പിക്കുവാനുള്ള കടമ എല്ലാം പരിത്യജിച്ചവരായ സന്യാസികളിലാണ്.

ഇപ്രകാരമാണ് സാമൂഹ്യസേവനപ്രവർത്തനങ്ങൾ സന്യാസ ജീവിതത്തിന്റെ അവിഭാജ്യഘടകമായി

www.malankaralibrary.com

മാറുന്നത്. അതുകൊണ്ടാണ് "സാധുക്കളോടുള്ള പക്ഷം ചേരൽ" സന്യാസത്തിലെ മുദ്രാവാക്യമായത്, പ്രത്യേകിച്ചും ഇന്ത്യയെപ്പോലുള്ള രാജ്യങ്ങളിൽ. ഇവിടെ ദാരിദ്ര്യരേഖയ്ക്കു താഴെ ജീവിക്കുന്ന വലിയൊരു ശതമാനം ആളുകൾ ഉണ്ട്. ഈ ഉത്തരവാദിത്വത്തിൽ നിന്നും ഒഴിഞ്ഞു നിൽക്കുക ഭാരതത്തിലെ സന്യാസ സമൂഹങ്ങൾക്ക് സാദ്ധ്യമല്ല. സന്യാസ സമൂഹങ്ങൾ സാമൂഹ്യപ്രവർത്തനങ്ങളിൽ ഏർപ്പെടേണ്ടതിന്റെ പ്രസക്തി ഇവിടെ ഏറിവരികയാണ്.

## ആദിമ സന്യാസ പാരമ്പര്യത്തിൽ:

പ്രാചീന സന്യാസത്തിന്റെയും ഉൾവിളിയായിരുന്നു സമൂഹ്യസേവനപ്രവർത്തനങ്ങൾ. താപസ ജീവിതത്തിനും ധ്യാനാത്മക ജീവിതത്തിനും ഉന്നൽ കൊടുത്തിരുന്ന ആദ്യകാല സന്യാസികൾ കൂട്ടജീവിതത്തിന്റെ ആവിർഭാവത്തോടെ സഭയുടെ സാമൂഹ്യസേവനരംഗത്തു കടന്നു വന്നു. അവർക്കുള്ളതിൽ നിന്നു മിച്ചം വച്ചും അവരുടെ അദ്ധ്വാനഫലമായി കൂടുതൽ ഭക്ഷ്യപദാർത്ഥങ്ങൾ ഉല്പാദിപ്പിച്ചും ആവശ്യക്കാരെ സഹായിച്ചിരുന്നു. പ്രകൃതിക്ഷോഭങ്ങൾ കൊണ്ടും വരൾച്ചകൊണ്ടും സാധാരണ ജനങ്ങൾ ബുദ്ധിമുട്ടനുഭവിക്കുമ്പോൾ സന്യാസ ഭവനങ്ങളുടെ തുറന്നിട്ടിരുന്ന വാതിലുകളിലേക്കാണ് ദുരിതമനുഭവിക്കുന്നവർ ഓടിയെത്തിയിരുന്നത്. അവശർക്കും അംഗവൈകല്യം ഭവിച്ചവർക്കും പ്രത്യേകപരിഗണന നല്കിയിരുന്നു. "ഈ ചെറിയവരിൽ ഒരുവനു നൽകിയപ്പോഴെല്ലാം എനിക്കാണ് നൽകിയത് എന്നരുളിച്ചെയ്ത ക്രിസ്തുവിനെത്തന്നെ സന്യാസഭവനങ്ങളുടെ പടികടന്നു വരുന്ന ചെറിയവരിൽ കാണുവാൻ അവർ ശ്രമിച്ചിരുന്നു. ദരിദ്രരെ സഭയുടെ അൾത്താരകളായി കണ്ട സന്യാസികൾ ബലിവേദികളിലർപ്പിക്കുന്ന ബലികളായിട്ടാണ് പരസേവനത്തെ കണ്ടിരുന്നത്. ആവശ്യക്കാർക്കു ഭക്ഷണം, വസ്ത്രം, പാർപ്പിടം ഇവയെല്ലാം സൗജന്യമായി നല്കിയിരുന്നു. സഞ്ചാരികളെ അഗതിമന്ദിരത്തിൽ താമസിപ്പിച്ചു പരിചരിച്ചിരുന്നു. ആശുപത്രികളും വിദ്യാഭ്യാസ സ്ഥാപനങ്ങളും നടത്തി ജനങ്ങളെ സഹായിച്ചു. ദരിദ്രരെ സഹായിക്കാനുള്ള ധനികരുടെ കടമകളെപ്പറ്റി അവരെ ബോധ്യപ്പെടുത്തിയിരുന്നു. സമൂഹത്തിൽ നീതി നിഷേധിക്കപ്പെട്ടവർക്കു നീതി നടപ്പാക്കിക്കൊടുക്കുവാൻ അവരുടെ സ്വാധീനം ഉപയോഗിച്ചു. ഇപ്രകാരം വിവിധരീതിയിൽ ആദിമക്രൈസ്തവ സന്യാസികൾ സാമൂഹ്യസേവനം നടത്തിയിരുന്നു.

അവരുടെ ആഴമേറിയ ആദ്ധ്യാത്മിക ജീവിതമായിരുന്നു ഇത്തരം പ്രവർത്തനങ്ങൾക്കു പ്രചോദനം നല്കിക്കൊണ്ടിരുന്നത്. അവരുടെ ആദ്ധ്യാത്മികാനുഭവങ്ങളുടെ പങ്കുവയ്ക്കലിന്റെ ഭാഗമായിട്ടാണ് സാമൂഹ്യസേവന പ്രവർത്തനങ്ങളിലവർ വ്യാപൃതരായത്. തന്മൂലം നിസ്വാർത്ഥവും ത്യാഗപൂർണ്ണവുമായ രീതിയിൽ ഈ രംഗത്തു പ്രവർത്തിക്കുവാൻ കഴിഞ്ഞു. അതുപോലെ അവരുടെ സേവനം ലഭിച്ചവരിൽ ഈശ്വര ചിന്ത അങ്കുരിപ്പിക്കാനും വളർത്തിയെടുക്കാനും അവരെ ദൈവത്തിലേക്ക് അടുപ്പിക്കാനും സാധിച്ചു.

## ഭാരതീയ സന്യാസ പശ്ചാത്തലത്തിൽ:

ഭാരതീയ സന്യാസ പശ്ചാത്തലത്തിൽ സാമൂഹ്യസേവന പ്രവർത്തനങ്ങളുടെ പ്രാധാന്യം ഏറിവരികയാണ്; പ്രത്യേകിച്ചും നവോത്ഥാന സന്യാസപ്രസ്ഥാനങ്ങളുടെ വരവിനുശേഷം. ഫലത്തെ ലാക്കാക്കാതെ എല്ലാം ഈശ്വരനിൽ സമർപ്പിച്ചുള്ള സേവന പ്രവർത്തനങ്ങൾ ഹൈന്ദവസന്യാസികളും ഏറ്റെടുത്തു തുടങ്ങി. നിഷ്കാമ കർമ്മത്തിന്റെ ഗീതോപദേശമാണ് അവരുടെ പ്രവർത്തനങ്ങളുടെ ആധാരം. സന്യാസത്താൽ ശുദ്ധീകരിക്കപ്പെട്ട സേവനമാണവർ നടത്തുന്നത്.

## ബഥനിയുടെ ആദ്യഘട്ടങ്ങളിൽ:

ക്രൈസ്തവവും ഭാരതീയവുമായ സന്യാസ ദർശനങ്ങളുടെ സമന്വയമായി ബഥനി ആശ്രമം മാർഈവാനിയോസ് തിരുമേനി സ്ഥാപിച്ചപ്പോൾ, "ദൈവസേവനത്തെക്കാൾ അത്യുത്തമമാണ് ദൈവസമ്പാദനം" എന്ന മഹത്തായ ദർശനം ആദ്ദേഹത്തിനുണ്ടായി. ദൈവത്തെ സമ്പാദിച്ചവൻ താൻ സ്വന്തമാക്കിയ ദൈവാനുഭവത്തെ മനുഷ്യസേവനത്തിലൂടെ മറ്റുള്ളവർക്കു പങ്കു വയ്ക്കണം. ഇത് ദൈവസേവനം തന്നെയാണ്. ദൈവൈക്യത്തിൽ നിന്നുകൊണ്ടുള്ള മനുഷ്യസേവനമാണ്, സാമൂഹ്യ

www.malankaralibrary.com

സേവനമെന്നദ്ദേഹം വിഭാവനം ചെയ്തതു ദൈവൈക്യ ത്തിലായിരുന്നുകൊണ്ടു മനുഷ്യനെയും അവന്റെ ചുറ്റുപാടുകളെയും അവന്റെ ദരിദ്രമായ ജീവിത സാഹചര്യങ്ങളെയും കാണുവാനും വിലയിരുത്തു വാനും നിസ്വാർത്ഥവും ത്യാഗോജ്വലവുമായ സേവനങ്ങളിലൂടെ അവനെ ഉയർത്തുവാനും പൂർണ്ണ നാക്കുവാനും ശ്രമിക്കുക. ഇതാണ് ബഥനിയുടെ സാമൂഹ്യസേവനത്തിന്റെ അടിസ്ഥാനം.

1919-ൽ ബഥനി ആശ്രമം റാന്നി പെരുന്നാട്ടിലെ മുണ്ടൻ മലയിൽ സ്ഥാപിച്ച് അധികം കഴിയുന്നതിനു മുൻപു പരോപകാരാർത്ഥമുള്ള വിവിധ പ്രവർത്തന ങ്ങളിൽ ആശ്രമസ്ഥർ ഏർപ്പെട്ടു തുടങ്ങി. ആശ്രമകെട്ടിടം പൂർത്തിയായ ഉടൻ തന്നെ ഒരു അനാഥാലയവും അവിടെ ആരംഭിച്ചു. അനാഥരും അശരണരുമായി നാനാ ജാതി മതത്തിൽപ്പെട്ട കുട്ടികൾക്ക് അവിടെ പ്രവേശനം നല്കി. ഇവരുടെ അക്ഷരാഭ്യാസം സ്വഭാവസംസ്കരണം കലാവിദ്യാ സമ്പാദനം ഇവയിലെല്ലാം ആശ്രമസ്ഥർ ശ്രദ്ധിച്ചിരുന്നു. ഇവരുടെ കാലയാപനം വളരെ ക്ലേശകരമായ ഒന്നായിരുന്നു. അതൊന്നും വകവയ്ക്കാതെ ആശ്രമ ജീവിതത്തിന്റെ "പ്രകാശമായി" അനാഥാലയത്തെ അവർ കാണുകയും അതിലെ അന്തേവാസികളുടെ ഉന്നമനത്തിനായി പ്രവർത്തിക്കയും ചെയ്തുപോന്നു.

കാലക്രമത്തിൽ രോഗികളെ പരിചരിക്കുന്നതിനായി ഒരു ആതുരശാല ഉണ്ടാക്കി അവിടെ വന്നുകൊണ്ടി രുന്ന ദരിദ്രരായ രോഗികൾക്ക് ചെറിയ തോതിലുള്ള വൈദ്യസഹായം നല്കിയിരുന്നു. ആശ്രമത്തിലെ ത്തിയിരുന്ന അതിഥികളെ അതിഥിമന്ദിരത്തിൽ സ്വീകരിച്ചു പരിചരിക്കുന്നതും ആശ്രമത്തിലെ അന്തേ വാസികളുടെ വലിയൊരു സേവനമായിരുന്നു.

ബഥനി ആശ്രമസ്ഥർ ബഥനിപ്പള്ളികളിലും മിഷനിലും പ്രവർത്തിക്കാൻ തുടങ്ങിയപ്പോൾ അവരു മായി ബന്ധപ്പെട്ടു പലരീതിയിലുള്ള സമൂഹ്യസേവന പ്രവർത്തനങ്ങളും ചെയ്തുപോന്നു. പ്രത്യേകിച്ചും വിജാതീയ മിഷനുകളിൽ പ്രവർത്തിച്ചിരുന്ന വൈദികർ. പരോപകാരാർത്ഥമായ നിരവധി കാര്യങ്ങൾ ചെയ്യുവാൻ സമൂഹസ്ഥാപകന് താല്പര്യമുണ്ടായിരുന്നു. ബഥനി വകയായി ഒരാശുപത്രി, വൃദ്ധമന്ദിരം ഇവ യെല്ലാം ആരംഭിക്കണമെന്നാഗ്രഹിച്ചു. അനാഥശാല വിപുലപ്പെടുത്താനും പ്ലാനിട്ടിരുന്നു. എന്നാൽ ബഥനിയുടെ സാമ്പത്തിക നില അതിനൊന്നും വേണ്ടവിധം അനുകൂലമായിരുന്നില്ല. ഇപ്രകാരമുള്ള പ്രവർത്തനങ്ങൾ ബഥനി ആശ്രമത്തിന്റെ സുപ്രധാന കർത്തവ്യമായി ആദ്ദേഹം കണ്ടു.

## പുനരൈക്യപ്പെട്ട ബഥനിയിൽ


പുനരൈ ക്യപ്പെട്ട ബഥനിയിലും ആദ്യകാലങ്ങളിൽ സംഘടിത രീതിയിലുള്ള സാമൂഹ്യസേവന പ്രവർത്തനങ്ങൾ നടത്തിയിരുന്നില്ല. പുനരൈക്യ പ്രവർത്തനങ്ങളിൽ കൂടുതലായി ശ്രദ്ധിക്കേണ്ടി യിരുന്നു. അംഗങ്ങളുടെ കുറവു മറ്റൊരു കാരണമായിരുന്നു. സാമ്പത്തികമായി വലിയ ഞെരുക്കം ഉള്ള കാലമായിരുന്നു അത്. സംഘടിതമായ വൻ പ്രസ്ഥാനങ്ങൾക്ക് രൂപം നൽകുവാനും അവയിൽ പ്രവർത്തിക്കുവാനും ആളും അർത്ഥവും ഇല്ലായിരുന്നു എന്നതാണ് വാസ്തവം. ആശ്രമാംഗങ്ങൾ വ്യക്തികളായി പള്ളികളോടു ചേർന്ന് ചെറിയ തോതിൽ സാമൂഹ്യ പ്രവർത്തനങ്ങൾ നടത്തുക പതിവായിരുന്നു. സാമ്പത്തികമായി ഉന്നതനിലവാരത്തിലുള്ള ഉദാര മതികളായ വ്യക്തികളെ അവർ സമീപിച്ചു സംഭാവനകൾ സ്വീകരിച്ചാണ് ഇപ്രകാരമുള്ള പദ്ധതികൾ നടപ്പാക്കിയിരുന്നത്.

ക്രമേണ ആശ്രമങ്ങളും അംഗങ്ങളും വർദ്ധി ക്കുകയും പൊതുജീവിതം സുശക്തമാവുകയും ചെയ്ത തോടെ സാമൂഹ്യസേവനരംഗത്ത് സംഘാതമായും വ്യക്തിഗതമായും കൂടുതൽ ഊന്നൽ നല്കിയ പ്രവത്തനങ്ങളാരംഭിച്ചു.


## ബഥനിയുടെ മിഷൻ കേന്ദ്രങ്ങളിൽ:

കാഞ്ഞിരംകുളം ആസ്ഥാനമാക്കി ബഥനി വൈദികർ ആതുരസേവനപ്രവർത്തനങ്ങൾ ആരംഭിച്ചു. ചുറ്റുപാടുമുള്ള സാധുക്കളായ ജനങ്ങൾക്ക് പ്രസ്തുതാശ്രമവും ആശ്രമസ്ഥരും അഭയകേന്ദ്ര ങ്ങളായിരുന്നു. ഇന്നും അവിടെ തുടർന്നു കൊണ്ടു പോകുന്ന വിഷചികിത്സയും മരുന്നു വിതരണവും ആദ്യകാലങ്ങളിൽ ആരംഭിച്ചതാണ്. ആയിരക്കണക്കി


www.malankaralibrary.com




യുവാക്കൾ തൊഴിൽ പരിശീലനത്തിൽ




ഇരുപത്തൊന്നാം നൂറ്റാണ്ടിലേക്ക്



ആശംസാകാർഡ് - വനിതകൾക്കൊരു
തൊഴിൽദാനപദ്ധതി



പ്രസിദ്ധീകരണ വിഭാഗം



കരവിരുതിലൂടെ
കൈനിറയെ പണം



വസ്ത്രനിർമ്മാണം - ഒരു
സമ്പാദ്യപദ്ധതി


www.malankaralibrary.com



സോഷ്യൽ സർവീസ്
സൊസൈറ്റി - കർണ്ണാടക


കരകൗശലരംഗം - മറ്റൊരു തൊഴിൽ
പരിശീലന പദ്ധതി


ആശ്വാസം - മരുന്നിലൂടെ


തനിച്ചല്ല! 'തൃപ്പാദസദനം' ഒരു രംഗം


കിടക്കാനൊരിടമായി


എന്തൊരുനേട്ടം ഒരു തൊഴിൽ പഠിച്ചല്ലോ

www.malankaralibrary.com

നാളുകൾക്ക് അതു വഴിയായി സഹായം ലഭിച്ചിട്ടുണ്ട്. മരുന്നിന്റെ ശക്തിയോടൊപ്പം അതു നൽകുന്നവരുടെ ജീവിതവിശുദ്ധിയും പ്രാർത്ഥനാമാദ്ധ്യസ്ഥ ശക്തിയിലും അവിടുത്തെ ആളുകൾ വിശ്വാസമർപ്പിക്കുന്നു.

നെടുമങ്ങാടു മിഷനിലെ സാധാരണ ജനങ്ങളുടെ നാനാവിധമായ വളർച്ചയെ ലാക്കാക്കി അവിടെ പ്രവർത്തിച്ചുകൊണ്ടിരുന്ന ബഥനി ആശ്രമസ്ഥരുടെ നേതൃത്വത്തിൽ ധാരാളം സാമൂഹ്യസേവനപ്രവർത്തനങ്ങൾ നടത്തിയിരുന്നു. ഇന്നും അവ പ്രശസ്തമായ രീതിയിൽ തുടരുന്നുണ്ട്. ഭവനനിർമ്മാണം, വിദ്യാഭ്യാസ സഹായം, സാധു സഹായം തുടങ്ങി വിവിധങ്ങളായ സഹായ പദ്ധതികൾ അവടെ നടപ്പാക്കിക്കൊണ്ടിരിക്കുന്നു. അവിടെ ആശ്രമത്തോടനുബന്ധിച്ച് ആരംഭിച്ചിട്ടുള്ള ഐ.റ്റി.സി, തയ്യൽ പരിശീലനകേന്ദ്രം, പ്രിൻറിംഗ് പ്രസ്, കംപ്യൂട്ടർ സെന്റർ, ട്യൂഷൻ സെന്റർ, കൊമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ട്, റേഡിയോ അസംബ്ലിംഗ് സെന്റർ, എംബ്രോയിഡറി മെയ്ക്കിംഗ് യൂണിറ്റ്, ഇവയിലൂടെ ധാരാളം യുവതിയുവാക്കൾക്ക് വിവിധ തൊഴിലുകളിൽ പരിശീലനവും തൊഴിലവസരവും നല്കി വരുന്നു.

നെടുമങ്ങാട് പഴകുറ്റിയിലുള്ള തൃപ്പാദം, ബഥനിയുടെ മറ്റൊരു സാമൂഹ്യസേവന കേന്ദ്രമാണ്. ഭരതീയ ആശ്രമപശ്ചാത്തലം പൂർണ്ണമായി നിലനിർത്തിക്കൊണ്ട് എക്യുമേനിക്കൽ കാഴ്ചപ്പാടോടുകൂടി അവിടെ നടക്കുന്ന പ്രവർത്തനങ്ങൾ ആകർഷകവും ആദ്ധ്യാത്മികാനുഭൂതി പ്രദാനം ചെയ്യുന്നതും അതോടൊപ്പം പരോപകാരപ്രദവുമാണ്. തൃപ്പാദത്തിൽ പ്രവർത്തിക്കുന്ന സോഷ്യൽ വെൽഫയർ സെന്ററിൽ സാധുക്കളായ ധാരാളം ആളുകൾക്ക് കൈത്തൊഴിലുകൾ അഭ്യസിക്കുന്നതിനും അവിടെത്തന്നെ ജോലികൾ ചെയ്തു ഉപജീവനമാർഗ്ഗം നേടുന്നതിനും സഹായകമാണ്. അവിടത്തന്നെ പ്രവർത്തിക്കുന്ന ഹെൽത്ത് സെന്ററിലൂടെ സൗജന്യമായ വൈദ്യപരിശോധനയും അത്യാവശ്യ മരുന്നുകളുടെ വിതരണവും നടത്തി വരുന്നു. 30 പേർക്ക് താമസിക്കുവാനുള്ള ക്രമീകരണമാണ് ഇപ്പോഴുള്ളത്. തൃപ്പാദത്തിലെ മറ്റൊരു പ്രവർത്തന കേന്ദ്രമാണ് ഹോംഫോർ ദി എജ്ഡ് . നിരാലംബരും രോഗികളും മന്ദബുദ്ധികളുമായ ആളുകൾക്ക്, പ്രത്യേകിച്ചും പ്രായമായ ആളുകൾക്ക്, പരിചരണം നല്കി മരണാസന്നരായവരെ ശുശ്രൂഷിക്കുന്നതിലും അവിടെ പ്രവർത്തിക്കുന്ന ആശ്രമസ്ഥർ വ്യാപൃതരാണ്.

കർണ്ണാടകയിലെ സൗത്ത് കാനറമിഷൻ ബഥനി ഏറ്റെടുത്തതോടെ നെല്ലിയാടി, കടബ, നൂജിബാൽത്തില എന്നീ സ്ഥലങ്ങളിൽ സ്കൂളുകൾ ജൂനിയർ കോളേജ്, നേഴ്സറിസ്കൂളുകൾ, റ്റൈപ്പ് റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ട്. ഐ.റ്റി.സി എന്നിവ ആരംഭിച്ച് അന്നാട്ടിലെ ജനങ്ങൾക്ക് വിദ്യാഭ്യാസവും തൊഴിൽ പരിശീലനവും തൊഴിലവസരങ്ങളും നൽകുന്നുണ്ട്. ആശ്രമാംഗങ്ങളുടെ പരിശ്രമ ഫലമായി ഭവനനിർമ്മാണം , വിദ്യാഭ്യാസസഹായം , വിവാഹ സഹായം, ഇവയെല്ലാം കാലാകാലങ്ങളിൽ നല്കുന്നുണ്ട്. അവിടെ പ്രവർത്തിക്കുന്ന മൊബൈൽ ഹെൽത്ത് യൂണിറ്റും എളിയതോതിലാണങ്കിലും സാധാരണക്കാരായ ആളുകൾക്ക് അത്യാവശ്യ വൈദ്യ പരിചരണം നല്കി വരുന്നു.

ബോംബെ, പൂന മിഷനുകളിൽ ബഥനി ആശ്രമസ്ഥർ വിദ്യാഭ്യാസമേഖലയിലാണ് പ്രധാനമായും ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. മറുനാട്ടിൽ താമസിക്കുന്ന മലയാളികളുടെയുംഅവിടത്തെ നാട്ടുകാരുടെയും കുഞ്ഞുങ്ങൾക്ക് വിദ്യാഭ്യാസം ലഭിക്കുവാനുള്ള സ്കൂളുകൾ ആരംഭിച്ചു പ്രവർത്തനം തുടരുന്നു. ഭിലായ് മിഷനോടുചേർന്നു തുടങ്ങുന്ന ഐ.റ്റി.സിയും കൽക്കത്ത മിഷനോടു ചേർന്നുള്ള നേഴ്സറിയും ഹോമിയോ ക്ലിനിക്കുമെല്ലാം ബഥനി ഏറ്റെടുക്കുന്ന മിഷൻ കേന്ദ്രങ്ങളിൽ സാമൂഹ്യസേവനം നടത്തുവാനുള്ള തീവ്രമായ ആഗ്രഹത്തിന്റെ പ്രതിഫലനങ്ങളാണ്.

## രോഗീപരിചരണം:

രോഗീപരിചരണ രംഗത്തും ബഥനി ആശ്രമം ശ്രദ്ധപതിപ്പിച്ചിട്ടുണ്ട്. രോഗീശുശ്രൂഷകളിലൂടെ ശാരിരികമായ സൗഖ്യവും ആരോഗ്യവുമാണ് ഉന്നം വയ്ക്കുന്നതെങ്കിലും സൗഖ്യദായകനായ യേശുവിലുള്ള വിശ്വാസം വളർത്തുന്നതിനും ഉറപ്പിക്കുന്നതിനും സഹായിക്കുന്നുണ്ട്. പുലയനാർകോട്ടയിലെ റിഹബിലിറ്റേഷൻ സെന്റർ ക്ഷയ രോഗവിമുക്തരായവരെ പുന:രധിവസിപ്പിക്കുന്നതിനുള്ള കേന്ദ്രമാണ്. നാലാഞ്ചിറയിലുള്ള ബഥനി പ്രകൃതിചികിത്സാകേന്ദ്രം പരമ്പരാഗതമായ പ്രകൃതി ചികിത്സയിലൂടെ

www.malankaralibrary.com

മാറാരോഗങ്ങൾക്കുപോലും സൗഖ്യം പ്രദാനം ചെയ്യുന്നകേന്ദ്രമാണ്. പ്രകൃതി ചികിത്സയോടൊപ്പം യോഗധ്യാനം ഇവയെല്ലാം വഴി ആന്തരികസൗഖ്യവും പ്രദാനം ചെയ്യുവാനുള്ള പരിശ്രമമാണവിടെ നടക്കുന്നത്. അങ്ങനെ സമഗ്രമായൊരു സൗഖ്യത്തിന് ഈ സെന്റർ ഉപയുക്തമാണ്.

## അനാഥാലയം:

നേരത്തെ പ്രസ്താവിച്ചതുപോലെ ബഥനിയുടെ ആരംഭംമുതലേ ഒരു അനാഥാലയം നടത്തിപ്പോന്നു. എന്നാൽ പുനരൈക്യത്തിനു ശേഷം അതുതുടർന്നു കൊണ്ടുപോകാൻ സാധിച്ചില്ല. കുറെ കാലങ്ങൾക്കു ശേഷം പെരുമ്പാവൂരിനടുത്ത് വെങ്ങോല എന്ന സ്ഥലത്തുള്ള ആശ്രമത്തോടു ചേർന്ന് ഒരു അനാഥ ശാല ആരംഭിച്ചു. ഏതാനും വർഷങ്ങൾക്കുശേഷം പലകാരണങ്ങളാൽ അതിന്റെ പ്രവർത്തനവും തുടർന്നു കൊണ്ടുപോകാൻ സാധിക്കാതെ വന്നു. ബഥനിയുടെ പ്ലാറ്റിനം ജൂബിലി വർഷത്തിൽ കുന്നംകുളത്തി നടുത്തുള്ള ചിറയ്ക്കൽ ആശ്രമത്തോടുചേർന്നു ബഥനിയുടെ വക ഒരു അനാഥശാല സ്ഥാപിച്ചു പ്രവർത്തനം തുടങ്ങിയിട്ടുണ്ട്. പ്രസ്തുത സേവനരംഗം ബഥനിക്ക് മാറ്റി നിർത്താൻ പാടില്ലാത്ത ഒന്നാണന്നുള്ള ഒരു ഉൾക്കാഴ്ചയാണ് ഈ രംഗത്തേക്കു വീണ്ടും കടന്നു വരാൻ പ്രചോദകമാകുന്നത്.

## മുദ്രണം, പ്രസിദ്ധീകരണങ്ങൾ:

മുദ്രണമേഖലയേയും പ്രസിദ്ധീകരണമേഖലയേയും സാമൂഹിക സേവനോപാധികളായി കണ്ടുകൊണ്ട് അവിടേക്കു കടന്നുചെല്ലുവാൻ ബഥനി പരിശ്രമി ക്കുന്നുണ്ട്. പ്രിന്റിംഗ് പ്രസ്സിനെ (അച്ചടിശാലകളെ) ലാഭകരമായ ഒരു വ്യവസയമായി കാണാതെ ധാരാളമാളുകൾക്ക് തൊലിലഭ്യസനത്തിനും തൊഴിൽ ലഭിക്കുന്നതിനും ഉള്ള ഒരു സ്ഥാപനമായി കണ ക്കാക്കുന്നു. നല്ല പ്രസീദ്ധീകരണങ്ങൾ വിലകുറച്ചു ലഭ്യമാക്കി വായനയെ പ്രോത്സാഹിപ്പിക്കുവാൻ പ്രസിദ്ധീകരണ മേഖലയിലൂടെ ബഥനി പരിശ്രമി ക്കുന്നു. ഈ രണ്ട് പരിപാടികളും ബഥനിയുടെ ആദ്യ ഘട്ടത്തിൽ തന്നെ നിലവിലുണ്ടായിരുന്നു. ഇപ്പോൾ കോട്ടയത്തും നെടുമങ്ങാടുമുള്ള ബഥനി പ്രസ്സുകളും തിരുവല്ലയിലും നാലാഞ്ചിറയും ബത്തേരിയിലുമുള്ള ബുക്ക് സെന്ററുകളും മുകളിൽ പറഞ്ഞ ലക്ഷ്യങ്ങൾ ലാക്കാക്കി പ്രവർത്തിക്കുന്ന സാമൂഹ്യസേവന സ്ഥാപനങ്ങളാണ്.

## ഇടവക കേന്ദ്രങ്ങളിൽ:

ബഥനിയുടെ ശ്രദ്ധേയമായ മറ്റൊരു സാമൂഹ്യസേവനരംഗമാണ് ബഥനി വൈദികരുടെ ചുമതലയിലുള്ള ഇടവക പള്ളികളോടുചേർന്നു നടത്തുന്ന സാമൂഹ്യപ്രവർത്തനങ്ങൾ. ഇവയെല്ലാം പലപ്പോഴും വ്യക്തിഗതമായ പരിപാടികളാണ്. പക്ഷേ ഇവിടെയെല്ലാം ബഹുമുഖങ്ങളായ ധാരാളം സേവനങ്ങൾ ബഥനിവൈദികർ ചെയ്യുന്നുണ്ട്. കിട്ടാവുന്ന സ്ഥലങ്ങളിൽ നിന്നെല്ലാം ധനസഹായം സമാഹരിച്ചുകൊണ്ടാണ് പ്രവർത്തനങ്ങൾ ചെയുന്നത്. സാമ്പത്തികമായി ബുദ്ധിമുട്ടുന്നവരെ സഹായിക്കുക, വീടുവച്ചു കൊടുക്കുക, വിഹാഹ സഹായം നൽകുക, പഠന സഹായം നൽകുക, മുതലായ ധാരാളം പ്രവർത്തനങ്ങൾ അവർ ചെയ്യുന്നുണ്ട്. സംഘടിതമായ സ്വഭാവം അവയ്ക്കി ല്ലാത്തതുകൊണ്ട് പലപ്പോഴുമവ ശ്രദ്ധിക്കപ്പെടു ന്നില്ലെന്നു മാത്രം. അതുപോലെ തന്നെ ഓരോ ആശ്രമങ്ങളോടു ചേർന്നും പല വിധത്തിലുള്ള സാമൂഹ്യസേവനപരിപാടികൾ കാലോചിതമായി ഏറ്റെടുത്തു നടത്തി ബഥനി ആശ്രമം "ആശ്വാസത്തിന്റ ഭവനം" എന്ന പേര് അർത്ഥവ ത്തായി തുടർന്നു കൊണ്ടു പോകാൻ ശ്രമിക്കുന്നുണ്ട്.

## ബഥനിസോഷ്യൽ സർവ്വീസ് സൊസൈറ്റി:

അടുത്ത കാലങ്ങളിൽ നടന്ന ബഥനിയുടെ പൊതുസമ്മേളനങ്ങളിലും (ജനറൽ ചാപ്റ്റർ) കുടുംബ സമ്മേളനങ്ങളിലും സാമൂഹ്യസേവന പ്രവർത്ത നങ്ങളെ കുടുതൽ സംഘാതമാക്കണമെന്നും വിപുലീ കരിച്ചു ശക്തിപ്പെടുത്തണമെന്നുമുള്ള ആശയങ്ങളും അഭിപ്രായങ്ങളും ഉണ്ടായിട്ടുണ്ട്. ഇവയുടെയെല്ലാം ഫലമായി 1991-ൽ ബഥനി സോഷ്യൽ സർവ്വീസ് സൊസൈറ്റി രൂപീകരിച്ചു രജിസ്റ്റർ ചെയ്തു പ്രവർത്തനമാരംഭിച്ചു. ഫണ്ടിംഗ് ഏജൻസികളെ കൂടുതലായി സമീപിക്കാനും അവരുടെ സഹായം സുലഭമാക്കാനും ഈ സൊസൈറ്റി വഴിയുള്ള

www.malankaralibrary.com

പ്രവർത്തനങ്ങൾ കൂടുതൽ സഹായിക്കും

കഴിഞ്ഞ ജനറൽ ചാപ്റ്ററിൽ സമൂഹത്തിലെ ഓരോ മന്ദിരത്തിന്റെയും മൊത്ത വരുമാനത്തിൽ 5% സമൂഹത്തിൻെറ പൊതു ഫണ്ടിലേക്ക് മാറ്റി വച്ച് സാമൂഹ്യസേവന പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തണം എന്നൊരു സുപ്രധാനമായ തീരുമാനം കൈക്കൊണ്ടു. സമൂഹത്തിന്റെ പ്ലാറ്റിനം ജൂബിലിയോടനുബന്ധിച്ചു 75 വീടുകൾ ഭനനരഹിതരായവർക്ക് വച്ചുകൊടുക്കുവാൻ പൊതുവിൽ തീരുമാനിക്കുകയും അതു നടപ്പിലാക്കി വരികയുമാണ്. 75 കുട്ടികൾക്ക് വിദ്യാഭ്യാസസഹായവും ജൂബിലിയോടനുബന്ധിച്ചുള്ള സാമൂഹിക സേവന പരിപാടികളുടെ ഭാഗമായി നല്കി വരുന്നു.


## ഭാവിയിലേക്ക്:

ഈദൃശമായ പ്രവർത്തനപദ്ധതികളിലൂടെ ബഥനി അവളുടെ സാമൂഹ്യസേവനധർമ്മം നിർവ്വഹിച്ചുകൊണ്ടാണിരിക്കുന്നത്. ഇന്നു ലക്ഷങ്ങളും കോടികളും ഒഴുകുന്ന പ്രോജക്റ്റുകളുടെ കാലമാണ്. സമൂഹ്യസേവന ഏജൻസികളെല്ലാം, മത്സരബുദ്ധ്യാ എന്നുതന്നെ പറയാം ഇത്തരം പദ്ധതികളുമായി കടന്നുവരുന്നു. ബഥനി ഇത്തരം സ്രോതസ്സുകളെ കുടുതലായി ഉപയോഗപ്പെടുത്തി, സാമൂഹ്യസേവന രംഗങ്ങളെ പുഷ്ടിപ്പെടുത്തി, ധാരാളം ആളുകളിലേക്ക് വ്യാപിപ്പിക്കേണ്ടിയിരിക്കുന്നു.

"സാധുക്കളോടുപക്ഷം ചേരുക" എന്ന സഭയുടെ ആഹ്വാനത്തിന് ജീവൻ നൽകുവാൻ ബഥനിക്ക് ഇന്ത്യയെപ്പോലൊരു രാജ്യത്ത് ഇനിയുമധികദൂരം സഞ്ചരിക്കുവാനുണ്ട്.

അതേ സമയം പ്രോജക്റ്റുകളുടെ ഊരാക്കുടുക്കുകളിൽപ്പെട്ട് മനുഷ്യവ്യക്തിത്വത്തിന്റെ വികസനത്തിനു പകരം സഹായത്തിന്റെ അടിമകളാകുന്ന പ്രവർത്തനശൈലികൾ ബഥനിക്ക് യോജിച്ചതല്ല. സാമ്പത്തികാടിമത്തത്തിൽ നിന്ന് സ്വതന്ത്രരാകുന്നവർ വ്യക്തിത്വ വികസനത്തിൽ മുരടിച്ചുപോകാനും അനുവദിച്ചുകൂടാ. കൊടുക്കുന്നവനിലും സ്വീകരിക്കുന്നവനിലും മനുഷ്യത്വം മരവിച്ചു പോകുന്ന പ്രവർത്തനശൈലിയും ബഥനിയുടേതല്ല. സാമൂഹ്യ സേവനം ചെയ്യുന്നതോടൊപ്പം ദൈവത്തോടും മനുഷ്യരോടും കൂടുതൽ അടുക്കുവാനുള്ള ശ്രദ്ധയും നമുക്കുണ്ടാവണം. നേരേമറിച്ച് നമ്മുടെ പ്രവർത്തന പദ്ധതികൾ മനുഷ്യനെ ദൈവത്തിൽ നിന്നകറ്റുന്നതായാൽ അതൊരു വലിയ പരാജയം ആണ്. മനുഷ്യന്റെ സമഗ്രവികസനമാണ് ഏതു പ്രവർത്തനങ്ങളുടെയും ആത്യന്തികലക്ഷ്യം.

www.malankaralibrary.com




ഫാ. ഫിലിപ്പ് നേരി ഒ.ഐ.സി

# ആതുര രംഗത്ത് ബഥനി:

ദീർഘ നാളത്തെ പ്രാർത്ഥനയുടെയും പരിചിന്തനത്തിൻെറയും പരിത്യാഗത്തിൻെറയും ഫലമായി, ദൈവ നിവേശനത്താൽ, ആചാര്യ ശ്രേഷ്ഠനായ മാർ ഈവാനിയോസിൻെറ മനസ്സിൽ ജനിച്ച 'ബഥനി' മുണ്ടൻ മലയിൽ ഒരു യാഥാർത്ഥ്യമായിത്തീർന്നു. പട്ടിണിയുടെയും പരിവട്ടത്തിൻെറയും ബാല്യം പിന്നിട്ട ബഥനി പതിനൊന്നാം വയസ്സിൽ വെണ്ണിക്കുളത്തും തിരുവല്ലായിലും എത്തിപ്പെടുകയും പടിപടിയായി വളർന്ന് ഏഴുപത്തിയഞ്ചു വയസ്സു പൂർത്തിയാക്കുകയും ചെയ്തു. ബഥനിയുടെ മക്കൾ ഇന്ന് വിവിധ രംഗങ്ങളിൽ സേവനമനുഷ്ഠിക്കുന്നു. വിദ്യാഭ്യാസം, അജപാലനം,സാങ്കേതിക വിദ്യാഭ്യാസ പരിശീലനം, ആതുര ശുശ്രൂഷ എന്നീ മണ്ഡലങ്ങളിലെല്ലാം ബഥനി കടന്നു ചെന്നിട്ടുണ്ട്. ആതുര ശുശ്രൂഷാ രംഗത്തുള്ള ബഥനിയുടെ പ്രവർത്തനത്തെ നോക്കിക്കാണുകയാണ് ഈ ലേഖനത്തിൽ.

1976-ൽ ആണ് പ്രകൃതി ചികിത്സാ രംഗത്തേക്കു ബഥനി കാലെടുത്തു വയ്ക്കുന്നത്. പ്രകൃതി ചികിത്സാ പദ്ധതി കേരളത്തിൽ വളരെയൊന്നും പ്രചരിച്ചിട്ടില്ലാത്ത ഒരു കാലയളവിലായിരുന്നു ആ കടന്നു വരവ്. ബഥനിക്കുന്നിൽ, ആശ്രമാന്തരീക്ഷത്തിൽ ബഥനി പ്രകൃതി ചികിത്സാലയം ജന്മം കൊണ്ടു. ശാരിരികവും മാനസികവും ആദ്ധ്യാത്മികവുമായ ആരോഗ്യം പ്രദാനം ചെയ്യുക എന്നതായിരുന്നു, പ്രസ്തുത കേന്ദ്രത്തിൻെറ ഉദ്ദേശ്യം. രാഷ്ട്രപിതാവായ മഹാത്മജി പ്രകൃതി ജീവനം കൊണ്ടുദ്ദേശിച്ചത് ആരോഗ്യ സ്വയം പര്യാപ്തതയാണ്. തൻെറ സ്വാതന്ത്ര്യ സങ്കല്പത്തിൽ രോഗത്തിൽ നിന്നും മരുന്നിൽ നിന്നും മാനസികാസ്വസ്ഥതകളിൽ നിന്നും പട്ടിണിയിൽ നിന്നുമുള്ള മോചനം അദ്ദേഹം ആഗ്രഹിച്ചു. അതു സാദ്ധ്യമാകേണ്ടത് ആരോഗ്യ കരമായ ജീവിത രീതികളിലൂടെയാണ്; പ്രകൃതിയുടെ ലാളിത്യമുള്ള ചികിത്സാരീതിയുലൂടെയാണ്.

ഒരു ബഥാനിയൻെറ സവിശേഷത ഭാരതീയ സന്യാസത്തിൻെറ വിരക്തിയും ലളിത ജീവിതവുമാണ്. നമ്മുടെ ആരോഗ്യം നമ്മുടെ കൈകളിലാണ്. ആരോഗ്യകരമായ ജീവിതത്തിന് ആരോഗ്യകരമായ ചിട്ടകളും ജീവിതരീതികളും ആവശ്യമാണ്. ആഹാരക്രമീകരണം, ശുദ്ധജലപാനം, ശുചിത്വപാലനം, സ്ഥിരവ്യായാമം,വിശ്രമം, പുകവലി, മദ്യപാനം, തുടങ്ങിയ ശീലങ്ങൾ ഒഴിവാക്കൽ എന്നിവയൊക്കെയാണ് അവയിൽ പ്രധാനം. ഇങ്ങനെയുള്ള ഒരു ജീവിതരീതിയിലൂടെ നഷ്ടപ്പെട്ട ആരോഗ്യം വീണ്ടെടുക്കുവാൻ സഹായിക്കുക എന്നുള്ളതാണ്, ബഥനി പ്രകൃതി ചികിത്സാ യോഗ കേന്ദ്രത്തിൻെറ ലക്ഷ്യം. വളരെ ചെറിയ തോതിൽ ആരംഭിച്ച ഈ സ്ഥാപനം ഇന്ന് ഇരുപത്തഞ്ചു കിടക്കകളുള്ള ഒരു

www.malankaralibrary.com

ആശുപത്രിയായി വളർന്നു. 1980-ൽ നാലാഞ്ചിറയിൽ നിന്നും മേക്കോണത്തേക്ക് മാറ്റി സ്ഥാപിച്ച പ്രകൃതി ചികിത്സാകേന്ദ്രം ഇതിനോടകം ഇരുപത്തിരണ്ടു യോഗ ചികിത്സാ ക്യാമ്പുകളും, അനേകം സെമിനാറുകളും പഠന ക്ലാസ്സുകളും നടത്തിയിട്ടുണ്ട്. അനേകം ആളുകൾ പ്രകൃതി ചികിത്സാരീതി സ്വാഗതം ചെയ്തു കാണുന്നത് ശുഭോദർക്കമായ സംഗതിയാണ്.

എല്ലാവിധ രോഗങ്ങൾക്കും ഇവിടെ ചികിത്സ ലഭ്യമാണ്. പ്രത്യേകിച്ച് ത്വക്ക് രോഗങ്ങൾ, ഉറക്കമില്ലായ്മ, അമിതവണ്ണം, ഉദരരോഗങ്ങൾ, പ്രമേഹം, രക്തസമ്മർദ്ദം, ആസ്ത്മ, പനി, മദ്യപാനാസക്തി, ക്യാൻസർ എന്നിവയ്ക്ക് ഫലപ്രദമായി ചികിത്സിക്കുന്നു.


## പ്രകൃതി ചികിത്സയുടെ അടിസ്ഥാനതത്വം

അന്യപദാർത്ഥം (foreign matter) ശരീരത്തിൽ അടിഞ്ഞു കൂടുന്നതാണ് രോഗകാരണം. രോഗനിവാരണമാകട്ടെ അതിൻെറ ബഹിഷ്കരണവും. രോഗത്തെ അടിച്ചമർത്തുന്നതിനുപകരം, രോഗകാരണത്തെ ശരീരത്തിൽ നിന്നു നീക്കിക്കളയുകയാണ് പ്രകൃതി ചികിത്സാരീതി. പ്രകൃതിവിരുദ്ധ ജീവിതത്തിലൂടെ ഒരാൾ രോഗിയായി മാറുന്നു. പ്രകൃത്യനുസരണമുള്ള ജീവിതത്തിലൂടെ അയാൾ രോഗവിമുക്തനാകുന്നു. ഒരു വ്യക്തി മുഴുവനായുമാണ് ചികിത്സാവിധേയനാകുന്നത്. പഞ്ചഭൂതങ്ങളായ ഭൂമി, ജലം, ആകാശം, സൂര്യൻ, വായു എന്നിവ ഉപയോഗിച്ചാണ് പ്രകൃതി ചികിത്സ നടത്തുന്നത്.

## ബഥനി പ്രകൃതി ചികിത്സാ യോഗ കേന്ദ്രത്തിലെ ചികിത്സാസൗകര്യങ്ങൾ

മേല്പറഞ്ഞ പഞ്ചഭൂതങ്ങളിലധിഷ്ഠിതമായ ചികിത്സാരീതി ഇവിടെ രോഗികൾക്കു നൽകി വരുന്നു.

**1. ജല ചികിത്സ:** വിട്ടുമാറാത്ത നടുവുവേദന, പുറംവേദന, തലവേദന, ഉദരസംബന്ധമായ രോഗങ്ങൾ, ത്വക്‌രോഗങ്ങൾ, അമിതവണ്ണം എന്നിവയ്ക്ക് മേരുഭണ്ഡസ്നാനം, ഉദരസ്നാനം, ആവിസ്നാനം എന്നിങ്ങനെയുള്ള ജല ചികിത്സകൾ നൽകുന്നു.




ആരോഗ്യം ചെലവേറിയതല്ല - ജലചികിത്സ ഒരു പ്രകൃതി ചികിത്സാരീതി

**2. കളിമണ്ണു ചികിത്സ:** ത്വക്ക് രോഗങ്ങൾ, സന്ധിവാതം എന്നിവയ്ക്കും, ശരീരകാന്തിവർദ്ധിപ്പിക്കുന്നതിനും പ്രത്യേക വിധത്തിൽ തയ്യാറാക്കിയ കളിമണ്ണു കൊണ്ടുള്ള ചികിത്സ നൽകുന്നു.

**3. സൂര്യസ്നാനം:** രോഗിയെ വാഴയിലകൊണ്ടു പൊതിഞ്ഞ് കമ്പിളി കൊണ്ടു മൂടി സൂര്യരശ്മി പതിക്കത്തക്കവിധം കിടത്തിയുള്ള ചികിത്സയാണിത്. രക്ത സംക്രമണം ശരിയായ രീതിയിൽ നടക്കുന്നതിനും ശരീരത്തിൽ വിറ്റാമിൻ ഡിയുടെ സംലഭ്യതയ്ക്കും സൂര്യസ്നാനം നൽകി വരുന്നു.


**4. ഉപവാസം:** ശരിയായ ദഹന പ്രക്രിയയ്ക്കും ശരീര ശുദ്ധീകരണത്തിനും Ether (ആകാശം എന്നുള്ള അത്ര ശരിയായ പരിഭാഷയല്ല) ൻെറ സാന്നിദ്ധ്യം ആവശ്യമാണ്. ഉപവാസത്തിലൂടെ അതു സാദ്ധ്യമാകുന്നു. ശരിയായ ഉപവാസ ചികിത്സയും രോഗശമനത്തിനായി നിർദ്ദേശിക്കുന്നുണ്ട്.



മറ്റൊരു ചികിത്സാവിധി വിവരിച്ചുകൊടുക്കുന്നു

www.malankaralibrary.com

**5. പ്രാണായാമം:** ശരിയായ രീതിയിൽ ശ്വാസോച്ഛ്വാസം ചെയ്യാത്തതു മൂലം പല അസുഖങ്ങളും -വിശേഷിച്ച് ശ്വാസ സംബന്ധമായ രോഗങ്ങൾ- ഉണ്ടാകുന്നു. ശുദ്ധമായ അന്തരീക്ഷത്തിൽ, ശരിയായ വിധത്തിൽ ശ്വാസോച്ഛ്വാസ ക്രമീകരണം നടത്താനുള്ള അഭ്യാസങ്ങൾ ചികിത്സയുടെ ഒരു ഭാഗമാണ്.



യോഗാഭ്യാസം - ആരോഗ്യനിദാനം

ഇവ കൂടാതെ സപ്ത വർണ്ണങ്ങൾ ഉപയോഗിച്ചു കൊണ്ടുള്ള ചികിത്സ, ഔഷധ എണ്ണ ഉപയോഗിച്ചു കൊണ്ടുള്ള പല വിധ തിരുമ്മലുകൾ, കാന്ത ചികിത്സ, വൈദ്യുതി ചികിത്സ എന്നിവയും ഫ്രാങ്കോപായ്ക്ക്, ജർമ്മൻ പായ്ക്ക് എന്നിവയും ഇവിടെ ലഭ്യമാണ്. രോഗികൾക്കും അല്ലാത്തവർക്കുമായി എല്ലാ ദിവസവും യോഗാ പരിശീലനം ഇവിടെ നൽകുന്നു.


## ആഹാരം

ആഹാരനിയമങ്ങൾ പാലിക്കേണ്ടത് ആരോഗ്യ പരിപാലനത്തിന് അത്യാവശ്യമാണ്. എളുപ്പം ദഹിക്കുന്നതും പോഷക ഗുണമുൾക്കൊള്ളുന്നതും, വിഷാംശങ്ങളില്ലാത്തതുമായ ഭക്ഷണമാണ് ശരീരത്തിനാവശ്യം. രോഗികൾക്കായുള്ള സമീകൃതാഹാരം ഇവിടെ നിന്നു തന്നെനൽകുന്നു.

ശാരീരികാരോഗ്യത്തോടൊപ്പം തന്നെ മാനസികാരോഗ്യവും നിലനിർത്തേണ്ടതാണ്. അതിനുതകുന്ന ഉല്ലാസവേളകളും, കളികളും ഇവിടെയുണ്ട്. പ്രാർത്ഥനയിലൂടെയും ധ്യാനത്തിലൂടെയും മനസ്സിനെ ശാന്തമാക്കുവാനുള്ള അവസരവും ഇവിടെ ലഭ്യമാക്കുന്നു.

നഗരത്തിരക്കിൽ നിന്നൊഴിഞ്ഞ് സ്വച്ഛമായ അന്തരീക്ഷത്തിൽ, വിശാലമായ ചുറ്റുപാടുകളിൽ സ്ഥിതിചെയ്യുന്ന ബഥനി പ്രകൃതി ചികിത്സാ യോഗ കേന്ദ്രം കുടുംബ ഭാവനയോടെ എല്ലാവരെയും കാണുന്നു. അനേകരുടെ നിർലോപമായ സ്നേഹവും സഹകരണവുമാണ് ഈ സ്ഥാപനത്തിന്റെ ഏറ്റവും വലിയ സമ്പത്ത്.

www.malankaralibrary.com



ബ്ര. റ്റോം

# തൃപ്പാദം

"തൃപ്പാദം എന്നാളും എന്നഭയം മുപ്പാരിൻ നാഥനാം തമ്പുരാനേ". തൃപ്പാദം നെടുമങ്ങാട്ടും പരിസര പ്രദേശങ്ങളിലും ഉള്ള പാവപ്പെട്ടവരുടെ അഭയകേന്ദ്രം. അശരണിതരുടെ അത്താണി, ഈശ്വരനെ വിളിയ്ക്കാനുള്ള ഒരു അഭയ സ്ഥലം....

"വിയർത്ത് പണിയെടുക്കുന്ന സമൂഹത്തിന്റെ മദ്ധ്യത്തിൽ ഈശ്വരനെ ഞാൻ കണ്ടു" എന്നു പാടിയ മഹാകവി ടാഗോറിന്റെ ഗാനത്തിന്റെ പ്രായോഗികാനുഭവം ഇവിടെ കാണാം. ഈ ചെറിയവരിൽ ഒരാൾക്കു നിങ്ങൾ ചെയ്തപ്പോൾ ഒക്കെയും എനിക്കു തന്നെയാണ് ചെയ്തതെന്ന യേശുദേവന്റെ ദിവ്യ വചനത്തിന്റെ ജീവനുള്ള മാതൃക. പാവങ്ങളോടു പക്ഷം ചേരുക എന്നത് വാക്കിലും പ്രവൃത്തിയിലും അന്വർത്ഥമാക്കുന്നു, തൃപ്പാദത്തിന്റെ ആചാര്യ ശ്രേഷ്ഠൻ ഫാ. ഗബ്രിയേൽ.

സർവ്വജനങ്ങളെയും ജാതിമത വർണ, വർഗ വ്യത്യാസം ഇല്ലാതെ സ്വന്തം ഭവനത്തിലെന്നപോലെ സ്വാഗതം ചെയ്യുന്ന തൃപ്പാദം ഈ നാടിന്റെ അഭിമാനമാണ്; ഒപ്പം ആദർശം പ്രസംഗിക്കുന്ന ഉന്നതസ്ഥാപനങ്ങൾക്ക് ഉൽകൃഷ്ട മാതൃകയും.

തൊഴിൽ തേടി ഗ്രാമങ്ങളിൽ നിന്ന് നഗരങ്ങളിലേക്കു പ്രയാണം ചെയ്യുന്നവരെ പിടിച്ചു നിറുത്താനുള്ള ഒരെളിയ യജ്ഞം. നെടുമങ്ങാട്ടെ ഉണരുന്ന ഉൾപ്രദേശങ്ങളിൽ വസിക്കുന്ന ഗ്രാമീണർക്ക് ജാതിമത പ്രായഭേദമെന്യേ സ്വയം തൊഴിൽ കണ്ടെത്തലിൽ പരിശീലനം നൽകിവരുന്ന തൃപ്പാദം ആശ്രമം കാലത്തിന്റെ വലിയ വെല്ലുവിളിക്ക് ഒരു പരിധിവരെയെങ്കിലും പരിഹാരം തേടുന്നു. ഏതാണ്ട് 700-ൽപരം ആളുകൾക്കു സ്ക്രീൻപ്രിന്റിംഗ്, പെയിന്റിംഗ്, കാർവിംഗ്, എംബ്രോയിഡറി, സാമ്പ്രാണിത്തിരിനിർമ്മാണം എന്നിവയിൽ പരിശീലനവും ജോലിയും നൽകുന്നു തൃപ്പാദം ആശ്രമം.

"ഓരോ ഭവനവും ആരാധനാലയം", "ഓരോ വീടും തൊഴിൽശാല" എന്ന ഉന്നതാദർശം മുൻനിർത്തിയുള്ള പ്രവർത്തനങ്ങൾക്കാണ് തൃപ്പാദം ഊന്നൽ നൽകുന്നത്. ഇവിടത്തെ ഉല്പന്നങ്ങൾ മറ്റേത് മെച്ചപ്പെട്ട ഉൽപ്പന്നങ്ങളോടും കിടപിടിക്കത്തക്കതാണ്.

ഈദൃശസംരംഭത്തിൽ നിന്നും നേടാവുന്ന തുച്ഛമായ ആദായം തന്നെയും സാധുക്കളായ വൃദ്ധന്മാർക്കും നിരാലംബർക്കും അഭയം നൽകുന്ന "തൃപ്പാദസദന"ത്തിന്റെയും അതിലെ മുപ്പതോളം വരുന്ന അന്തേവാസികളുടെയും സംരക്ഷണത്തിന് പ്രയോജനപ്പെടുത്തുന്നു. കൂടാതെ ഭവനനിർമ്മാണം, വിദ്യാഭ്യാസ സഹായ പദ്ധതികൾ, ആതുരശുശ്രൂഷാ

www.malankaralibrary.com

മേഖലകൾ, വൈദ്യസഹായം, തുടങ്ങിയ സാമൂഹ്യ പ്രവർത്തനങ്ങൾ തൃപ്പാദ ആശ്രമത്തിന്റെ നേതൃത്വത്തിൽ സ്തുത്യർഹമായ രീതിയിൽ നടക്കുന്നു.

ബഹുമാനപ്പെട്ട ഗബ്രിയേൽ അച്ചൻ, തോമസ് അച്ചൻ, റ്റോം ബ്രദർ, ജോയി ബ്രദർ എന്നിവരുടെ ആത്മാർത്ഥവും നിരന്തരവുമായ സേവനം ഒന്നു മാത്രമാണ് തൃപ്പാദത്തിന്റെ പ്രവർത്തനത്തിന്റെ സ്രോതസ്സ്.

തൃപ്പാദം ഈ നാട്ടിലെ പാവങ്ങളായ തൊഴിൽ രഹിതരുടെ യജ്ഞമാണ്. ഗ്രാമത്തിന്റെ വൈജയന്തിയാണ്. കാലത്തിന്റെ ആവശ്യമാണ്. ബഥനിയുടെ സാമൂഹ്യസേവനത്തിന്റെ ജീവനുള്ള പ്രതീകമാണ്.


---

**തൃപ്പാദം ഉല്പന്നങ്ങൾ:** തൃപ്പാദം ഗ്രീറ്റിംഗ് കാർഡ്സ്, വൺവേൾഡ് ബ്രേസ്‌ലറ്റ്, തൃപ്പാദം പെർഫ്യൂംഡ് അഗർബത്തി (ഏകലോകാങ്കണം)

കരകൗശലനിർമ്മിതി: നെയ്ത്ത്, കാർപെന്ററി.

MALANKARA
LIBRARY

www.malankaralibrary.com



ഫാ. സന്തോഷ് ഒ.ഐ.സി

# ബഥനിയും വിദ്യാഭ്യാസ പ്രവർത്തനങ്ങളും

ബഥനി ഒരു പ്രസ്ഥാനമാണ്. ഒരു സ്ഥാപനമല്ല. പ്രസ്ഥാനത്തിൻെറ പ്രണേതാവ് മഹാത്മാവായ മാർ ഈവാനിയോസ് തിരുമേനി. ആത്മ സംഘർഷത്തിൽ നിന്നാണ് ബഥനി പ്രസ്ഥാനം ജന്മമെടുത്തത്. മഹാപണ്ഡിതനായിരുന്ന പി.റ്റി. ഗീവറുഗീസ്സ് അച്ചൻെറ ആത്മനൊമ്പരം ബഥനിയുടെ പിറവിക്കും പുനരൈക്യത്തിനും കാരണമായി.

താൻ ജനിച്ചു വളർന്ന സമുദായത്തിൻെറ ദുസ്ഥിതിയാണ് ആത്മ സംഘർഷത്തിനു കാരണമായത്. ആത്മീയ ശുഷ്കതയും അധികാര വടം വലികളുമായിരുന്നു സമുദായത്തെ പ്രതിസന്ധി യിലെത്തിച്ചത്. സമുദായത്തിൻെറ ദു:സ്ഥിതിയിൽ എല്ലാവർക്കും ആത്മ സംഘർഷം ഉണ്ടാകണമെന്നില്ല. എം.എ. അച്ചന് അതുണ്ടായി. കാരണം അദ്ദേഹം സമുദായത്തെ സ്നേഹിച്ചിരുന്നു. ദു:സ്ഥിതിക്കു കാരണം കണ്ടു പിടിക്കാനുള്ള ആർജ്ജിത ജ്ഞാനവും ഉണ്ടായിരുന്നു.

സ്വത്വം നഷ്ടപ്പെട്ട സഭയായിരുന്നു മലങ്കര സഭ. യേശുക്രിസ്തുവിൽ നിന്നകന്നു പോയ അജപാലകർ സഭയുടെ തേരാളികളായി. അഹന്തയും അജ്ഞതയും ബാധിച്ച പൗരോഹിത്യ മേധാവിത്വം ആടുകൾക്കു വഴി തെളിക്കുന്നതിൽ പരാജിതരായി. സ്നേഹ ത്തിൻെറയും കാരുണ്യത്തിൻെറയും ഉറവകൾ വറ്റി. ആരാധന ശുഷ്കമായി. ആചാരപരതയും നിയമ പരതയും തേർ വാഴ്ച നടത്തി. ആത്മീയമൊഴികൾ ചൈതന്യമറ്റഹൃദയങ്ങളിൽ നിന്നൊഴുകിയെത്തിയ അർത്ഥരഹിത വാക്കുകളായി. ആത്മീയാന്ധ്യം ബാധിച്ച സമുദായത്തിൽ ശാന്തി തേടിയലഞ്ഞ ഏകാന്ത പഥികനായി ഫാ. പി.റ്റി.ഗിവറുഗീസ്സ് ആശ്രമജീവിതമെന്ന സ്വപ്നത്തെ പരിഹാരമായി മനസ്സിൽ താലോലിച്ചു. ഒടുവിൽ മനസ്സിനിണങ്ങിയ പേരു നൽകി ഒരാശ്രമം സ്ഥാപിച്ചു - ബഥനി! ബഥനിയുടെ ചരിത്രത്തിൻെറ ഒന്നാമത്തെ ഏട് അവിടെ അവസാനിക്കുന്നു.

എം.എ. അച്ചന് ബിരുദം ഒരലങ്കാര വസ്തു വായിരുന്നില്ല. അറിവിൻെറ ചെപ്പുകുടം തുറന്ന് അദ്ദേഹം ചില നിഗമനങ്ങളിലെത്തി. ആശ്രമ സ്ഥാപനത്തിന് വേറൊരു ലക്ഷ്യം കൂടിയുണ്ട്. സ്വയം വിശുദ്ധരാകുക ഒന്നാമത്തെ ലക്ഷ്യം. രണ്ടാമത്തെ ലക്ഷ്യം ഭാരത മാനസാന്തരമായിരുന്നു. സുസംഘടി തമായ മിഷനറി സമൂഹം മൂലം കൂടുതൽ പ്രയോജനം കൈവരുത്തുവാൻ സാധിക്കും. അദ്ദേഹം തൻെറ സമൂഹാംഗങ്ങൾക്കുള്ള നിയമാവലിയിൽ കുറിച്ചിട്ടു "സുവിശേഷോപദേശങ്ങളായ ബ്രഹ്മചര്യം, ദാരിദ്ര്യം, അനുസരണം എന്നിവയുടെ പൂർണ്ണമായ അനുഷ്ഠാനം വഴി യേശുമിശിഹായെ അനുകരിക്കുകയാണ് ക്രിസ്തീയ സന്യാസത്തിൻെറ ഉദ്ദേശ്യം (വി.നി. 1/3). സ്വയം

www.malankaralibrary.com

വിശുദ്ധീകരിക്കുവാനും പൂർണ്ണരാകുവാനും ഉള്ള ആഹ്വാനം സന്യസികൾക്ക് നൽകുന്നു. രണ്ടാമത്തെ ദൗത്യത്തെ വളരെ സ്പഷ്ടമായി അദ്ദേഹം രേഖപ്പെടുത്തുന്നു" ദൈവ രാജ്യത്തിന്റെ സുവിശേഷം ഭൂമിയിൽ പ്രസംഗിച്ച് മനുഷ്യരാശിയെ പാപത്തിൽ നിന്നും യാതനയിൽ നിന്നും രക്ഷിക്കയും, തന്റെ പിതാവിന്റെ പക്കലേക്ക് ആനയിയ്ക്കയും ചെയ്ത യേശുമിശിഹായെ അനുകരിക്കുകയാകുന്നു അവിടുത്തെ കർമ്മോന്മുഖ ജീവിതത്തെ അനുകരിക്കുകയെന്നത് (വി.നി. 1/3-2). ആത്മ വിശുദ്ധീകരണവും, സുവിശേഷ പ്രഘോഷണത്തിലൂടെയുള്ള പരസ്നേഹ പ്രവൃത്തികളും വഴി യേശുവിനെ അനുകരിക്കുവാൻ സന്യാസികളെ അദ്ദേഹം ഉദ്ബോധിപ്പിക്കുന്നു.

## വിദ്യാഭ്യാസ പ്രവർത്തനങ്ങൾ സമൂഹ സ്ഥാപകന്റെ വീക്ഷണത്തിൽ:

വി. നിയമം ആറാം അദ്ധ്യായം അഞ്ചാം ഉപച്ഛേദത്തിൽ വിദ്യാഭ്യാസ പ്രവർത്തനങ്ങളെക്കുറിച്ചുള്ള മാർഗ്ഗരേഖ കാണാം. അപ്പസ്തോലിക പ്രവർത്തനങ്ങളായ സുവിശേഷ പ്രസംഗങ്ങൾ, ധ്യാനയോഗങ്ങൾ, മതബോധനം, ആദ്ധ്യാത്മോപദേശം, സഭകളുടെ ഐക്യത്തിനും ആദ്ധ്യാത്മിക പ്രബുദ്ധതയ്ക്കുമായുള്ള പ്രവർത്തനങ്ങൾ, മിഷൻ പ്രവർത്തനങ്ങൾ, ഇടവക ജോലികൾ, സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ, എന്നിവയുടെ പട്ടികയിൽ തുല്യപ്രാധാന്യത്തോടെയാണ് വിദ്യാഭ്യാസ പ്രവർത്തനത്തെ പരാമർശിക്കുന്നത്.

## സമൂഹാദ്ധ്യക്ഷന്റെ വീക്ഷണവും മുൻകാലചരിത്രവും:-

ബഥനി സന്യാസികൾ സമൂഹസ്ഥാപനത്തിന്റെ ആദ്യകാലങ്ങളിൽ വിദ്യാഭ്യാസ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടുകാണുന്നില്ല. എങ്കിലും ഉന്നത വിദ്യാഭ്യാസത്തെക്കുറിച്ച് സമൂഹാദ്ധ്യക്ഷനുണ്ടായിരുന്ന വീക്ഷണം സുവിദിതമാണ്. തന്റെ സമൂഹാംഗങ്ങൾ അറിവിലും വിജ്ഞാനത്തിലും അഭിവൃദ്ധിപ്പെട്ടെങ്കിൽ മാത്രമേ സമുദായത്തിനു പുരോഗതിയുണ്ടാകു എന്നദ്ദേഹം വിശ്വസിച്ചിരുന്നു. കോട്ടയം എം.ഡി. സെമിനാരിയെ ഒരുന്നത കലാലയമാക്കി വളർത്താൻ അദ്ദേഹം ആഗ്രഹിച്ചിരുന്നു. സെറാമ്പൂർ കോളജിൽ പ്രൊഫസർ പദവി വാഗ്ദാനം ചെയ്ത് ഡോ. ഹവ്വൽസ് ചരിത്ര പുരുഷന് തുടരെത്തുടരെ കത്തുകളയച്ചിരുന്നു. പ്രൊഫസ്സർ സ്ഥാനം ഏറ്റെടുക്കുന്നതിന് പ്രതിബന്ധമായി കഥാ പുരുഷൻ ചൂണ്ടിക്കാണിച്ച തടസ്സങ്ങളിൽ ഒന്ന്, എം.ഡി. സെമിനാരിയെക്കുറിച്ചുള്ള തന്റെ സങ്കല്പങ്ങൾ സഫലമാകാതെ പോകുമല്ലോ എന്നതായിരുന്നു. മാർ ഈവാനിയോസ്സിന്റെ ജീവചരിത്രത്തിൽ നിന്നുദ്ധരിക്കാം" എം.ഡി. സെമിനാരി പ്രിൻസിപ്പൽ ആയ നിമിഷം മുതൽ അതിനെ അഭിവൃദ്ധിപ്പെടുത്താനുള്ള ആഗ്രഹം കഥാപുരുഷനുണ്ടായിരുന്നു. പ്രസ്തുത സെമിനാരിയെ ഒരു കോളജായി ഉയർത്തുന്നതിനുള്ള പ്ലാനെല്ലാം അദ്ദേഹം രൂപീകരിച്ചു കഴിഞ്ഞിരുന്നു. കോളജ് പ്രൊഫസറന്മാരാക്കുന്നതിനു വേണ്ടിയായിരുന്നു ജോൺ ശെമ്മാശനെയും കോശി ശെമ്മാശനെയും ഉൽകൃഷ്ട ബിരുദം സമ്പാദിക്കുന്നതിനായി തൃശിനാപ്പള്ളി എസ്സ്.പി.ജി. കോളജിലേക്കയച്ചത്. കൂടാതെ എം.ഡി. സെമിനാരിയോടു ചേർത്ത് സകല സജ്ജീകരണങ്ങളോടും കൂടി ഒരു വൈദിക വിദ്യാലയം സ്ഥാപിക്കുന്നതിനും തദ്വാരാ സമുദായോന്നമനം സാധിക്കുന്നതിനും നിശ്ചയിച്ചിരുന്നു. (മാർ ഈവാനിയോസ്. പുറം.127) സമൂഹ സ്ഥാപകന്റെ ദർശനം വ്യക്തമാക്കുന്ന രേഖയാണ് മേലുദ്ധരിച്ചത്. സെറാമ്പൂർ കോളെജിൽ പഠിപ്പിച്ചിരുന്ന കാലത്ത് കേരളത്തിൽ നിന്ന് അനേകം യുവതീയുവാക്കളെ കൽക്കട്ടയിൽ കൊണ്ടു പോയി പഠിപ്പിച്ചതും മറ്റനേകരെ മദ്രാസ്, തൃശ്ശിനാപ്പള്ളി തുടങ്ങിയ സ്ഥലങ്ങളിൽ ഉപരി പഠനത്തിനയച്ചതും വിദ്യകൊണ്ടരിയേണ്ടതിന്റെ മഹത്വം മനസ്സിലാക്കിയതു കൊണ്ടാണ്. സന്യാസികൾക്ക് കല്പിച്ചു കൊടുത്തനിയമത്തിലും, പരി.സിംഹാസനം അംഗീകരിച്ച നിയമസംഹിതയിലും അപ്പസ്തോലിക പ്രവർത്തനങ്ങളിൽ വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്കുള്ള സ്ഥാനം അംഗീകരിച്ചിട്ടുണ്ട്.

## ചില അബദ്ധധാരണകൾ:-

ബഥനിയുടെ പ്രാക്തന ചരിത്രം ഒരു പ്രത്യേക കാലഘട്ടത്തിന്റെ ആവശ്യങ്ങളോട് ബന്ധപ്പെട്ടു കിടക്കുന്നു. കാലിക പ്രാധാന്യം നിഷേധിക്കാനാവില്ല.

www.malankaralibrary.com

എന്നാൽ ഭാഗികമായ വ്യാഖ്യാനം സമൂഹ സ്ഥാപനത്തിൻെറ ഉദ്ദേശലക്ഷ്യങ്ങളെ വികലമാക്കി വിലയിരുത്തുന്നതുകൊണ്ടാണ്. പ്രാക്തനവും ആധുനികവുമായ പ്രവർത്തനങ്ങൾക്കും അവയെ നിശ്ചയിക്കുന്ന നൈയാമിക ഘടകങ്ങൾക്കും നൈരന്തര്യം ഉണ്ടായിരിക്കണം. അങ്ങനെയുള്ള സമീപനം ചില മിഥ്യാധാരണകൾ തിരുത്തി ക്കുറിക്കുവാൻ സഹായകമാകും. മുണ്ടൻമലയും, വെണ്ണിക്കുളവും തിരുമൂലപുരവും ബഥനി പ്രസ്ഥാനത്തിൻെറ ആദ്യകാല പടവുകളായിരുന്നു. അവിടെ ലക്ഷ്യം തീരുന്നില്ലല്ലോ. ഉയരങ്ങളിലേക്ക് ആരോഹണം ചെയ്തു നീങ്ങിയ ബഥനി ആധുനിക ലോകത്തിൻെറ ആവശ്യങ്ങൾ അടുത്തറിയണം. മാറിയമൂല്യങ്ങൾ - രാഷ്ട്രീയ സാഹചര്യം - ഉപഭോഗ സംസ്കാരം, മൂല്യച്യുതി, മതനിർവ്വികാരത, പണത്തിൻെറ സ്വാധീനം, ഇങ്ങനെ വ്യവസ്ഥാപിത മൂല്യങ്ങൾക്കു മാറ്റം വരികയും, ചോദ്യം ചെയ്യപ്പെടുകയും, ശാസ്ത്രജ്ഞാനവും സാങ്കേതിക വൈദഗ്ദ്ധ്യവും അനുപേക്ഷണീയമായിത്തീരുകയും ചെയ്യുന്ന സമകാലീന ചരിത്രത്തിൽ ബഥനി വിദ്യാഭ്യാസരംഗത്ത് പിൻനിരയിലാകാൻ പാടില്ല.

## പുനരൈക്യാനന്തര ബഥനി പ്രവർത്തനങ്ങൾ:-

പുനരൈക്യാനന്തര ബഥനി ഏറ്റെടുത്ത ഒന്നാമത്തെ ഉത്തരവാദിത്വം സഭൈക്യശ്രമങ്ങ ളായിരുന്നു. മലങ്കര സഭയുടെ വളർച്ചയ്ക്കു ബഥനി നിവേദ്യമായി. ബഥനി ഇല്ലാതെ മലങ്കര പ്രസ്ഥാനമില്ലായിരുന്നു. ബഥനിയുടെ സ്ഥാനം രണ്ടാമതല്ല ഒന്നാമതായിരുന്നു. ഭരണപരമായ ഏകീകരണമോ പൊതു ഭരണ സമിതിയോ സമൂഹത്തിനില്ലായിരുന്നു. ആദ്യകാലങ്ങളിൽ പിതാവിൻെറ നേരിട്ടുള്ള ശിക്ഷണത്തിലും പിൽക്കാലത്ത് രൂപതാദ്ധ്യക്ഷന്മാരുടെ നിയന്ത്രണ ത്തിലുംകഴിഞ്ഞ ബഥനിയുടെ വളർച്ച മന്ദഗതി യിലായിരുന്നു. പള്ളികളും മിഷൻ കേന്ദ്രങ്ങളും പണിതുയർത്തിയ ആശ്രമസ്ഥർ 'സ്വഭവനത്തിൻെറ' പുരോഗതിക്ക് രണ്ടാം സ്ഥാനമേ കൊടുത്തുള്ളൂ. പ്രവർത്തനമേഖലകളുടെ പരിമിതി സമൂഹാംഗങ്ങളുടെ വളർച്ചയേയും ബാധിച്ചിട്ടുണ്ട്.

## പിൽക്കാല ചരിത്രം:-

1966ലാണ് ബഥനി സമൂഹം പൊന്തിഫിക്കൻ പദവിലിലേക്കുയർത്തപ്പെട്ടത്. സമൂഹത്തിൻെറ വളർച്ചയെ സഹായിച്ച ഒരു വലിയ സംഭവമായിരുന്നു അത്. സമൂഹത്തിൻെറ പ്രവർത്തനങ്ങൾ സ്വതന്ത്രമായി രൂപപ്പെടുത്താനും, പ്രാമുഖ്യങ്ങൾ നിശ്ചയിക്കാനും, ഓരോ പ്രവർത്തനത്തിനും ആവശ്യമായവരെ പരിശീലിപ്പിച്ചെടുക്കാനും സമൂഹം സുസജ്ജമായി. 1974-ൽ ഫാ. സിറിൽ മലഞ്ചരുവിൽ (മാർ ബസ്സേലിയോസ് മെത്രാപ്പോലീത്ത) സുപ്പിരിയർ ജനറലായതോടു കൂടി സമൂഹത്തിൻെറ 'മിഷൻ' വിമർശനാതീതമായി നിർവ്വചിക്കപ്പെട്ടു. സമൂഹ ത്തിൻെറ 'കാരിസം' എന്തെന്ന ചർച്ചയ്ക്കു വിരാമമായി. വ്യക്തിഗത 'കാരിസത്തി'ൻെറ പ്രകാശനം പ്രോത്സാഹിപ്പിക്കപ്പെട്ടു. വളർച്ചയുടെ പുതിയ കുതിപ്പായിരുന്നു പിന്നീടങ്ങോട്ട്. ഈ കാലയളവിലാണ് ബഥനി വിദ്യഭ്യാസമേഖലയിൽ കാലുറപ്പിക്കാൻ തുടങ്ങിയത്. ആദ്യമായി - സമൂഹസ്ഥാപകനെപ്പോലെ, സമൂഹാംഗങ്ങളെ വിദ്യാസമ്പന്നരാക്കുവാനുള്ള ശ്രമമാരംഭിച്ചു. പഠിക്കുവാൻ താല്പര്യമുള്ള ആർക്കും ഉന്നത വിദ്യാഭ്യാസത്തിന് അവസരം നൽകപ്പെട്ടു.




ഗിരിദീപം ഓഡിറ്റോറിയം

വിദ്യാഭ്യാസ രംഗത്ത് കേരളത്തിനകത്തും പുറത്തും അവഗണിക്കാനാവാത്ത ഒരു ശക്തിയായി ബഥനി വളർന്നു കഴിഞ്ഞു. കോളേജ്, സ്കൂൾ, ഐ.റ്റി.ഐ. ബോർഡിംഗ്, ഹോസ്റ്റൽ എന്നീ വിവിധ മേഖലകളിൽ ബഥനി സേവനം അനുഷ്ഠിക്കുന്നു. കോട്ടയം ഗിരിദീപം, മൈലപ്ര മൗണ്ട് ബഥനി, റാന്നി ബഥനി ഹൈസ്കൂൾ, ചുനക്കര ചെറുപുഷ്പം സ്കൂൾ എന്നിവ പേരെടുത്തു പറയേണ്ട സ്ഥാപനങ്ങളാണ്. ധനാഢ്യരുടെ മക്കളും നഗരവാസികളും ഗിരിദീപം തുടങ്ങിയ സ്കൂളുകളിൽ പ്രവേശനം തേടുമ്പോൾ,

www.malankaralibrary.com

റാന്നി ചെറുകുളഞ്ഞി, ഇട്ടിയപ്പാറ തുടങ്ങിയ ഗ്രാമങ്ങളിലെ നിർദ്ധനരും സാധാരണക്കാരുമായവരുടെ മക്കൾ റാന്നി ബഥനി സ്കൂളിൽ നിന്ന് പ്രശസ്ത



മൗണ്ട് ബഥനി - പത്തനംതിട്ടയിലെ പ്രശസ്തമായ സരസ്വതീനിലയം

വിജയം കരസ്ഥമാക്കുന്നു. നെടുമങ്ങാട് ബഥനി ഐ.റ്റി.ഐ. ബഥനിയുടെ മിഷൻ മേഖലയിലെ പാവപ്പെട്ട കുട്ടികൾക്ക് തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിലൂടെ ജീവിത മാർഗ്ഗം തെളിച്ചു കൊടുക്കുന്നു. കറ്റാനം ബഥനി ബോർഡിംഗ് കേരളത്തിലെ പ്രശസ്തമായ ബോർഡിംഗുകളിൽ ഒന്നാണ്. ബത്തേരി രൂപതാദ്ധ്യക്ഷൻ മാർ ബസ്സേലിയോസ് തിരുമേനിയുടെ വ്യക്തിപരമായ താല്പര്യത്താൽ ബത്തേരി പട്ടണത്തിൽ ബഥനി ആരംഭിച്ചിരിക്കുന്ന ബോർഡിംഗ് വയനാട്ടിൽ ഉന്നത വിദ്യാഭ്യാസം തേടുന്നവർക്ക് ആശ്രയമാണ്. തിരുവനന്തപുരം നാലാഞ്ചിറ ആശ്രമത്തോടനുബന്ധിച്ച് വിജയകരമായി പ്രവർത്തിക്കുന്ന ബഥനി പാരലൽ കോളജ് ബഥനിയുടെ വിദ്യാഭ്യാസ വീക്ഷണത്തെ പ്രകാശിപ്പിക്കുന്നതാണ്. അഞ്ഞൂറിലേറെ വിദ്യാർത്ഥികൾ ഇവിടെ പഠനം നടത്തുന്നു. തീരെ മാർക്കു കുറഞ്ഞവരും, പലകാരണങ്ങളാൽ പഠനത്തിൽ പിന്നോക്കം പോയവരുമായ വിദ്യാർത്ഥികൾക്ക് നല്ല ശിഷണവും ബോധനവും നൽകുന്ന ഈ സ്ഥാപനം നിസ്വാർത്ഥ സേവനത്തിന് ഉദാഹരണമാണ്. നാലഞ്ചിറ ആശ്രമത്തോടനുബന്ധിച്ചുള്ള ബഥനി സ്റ്റുഡൻസ് സെൻറർ (Bethany students centre) കോളേജു വിദ്യാർത്ഥികൾക്കു വേണ്ടിയുള്ള ഹോസ്റ്റലാണ്. പ്രൊഫഷണൽ കോളജുൾപ്പെടെ തിരുവനന്തപുരത്തും പരിസര ത്തുമുള്ള നിരവധി കലാലയങ്ങളിലെ യുവാക്കൾക്ക് താമസിച്ചു പഠിക്കുവാൻ സൗകര്യം ഒരുക്കി ക്കൊടുക്കുന്നു ബഥനി സ്റ്റഡൻസ് സെൻറർ.

1979-ൽ കർണ്ണാടക മിഷൻെറ ചുമതല ബഥനിയെ ഏല്പിച്ചു. ഒരു കുടിയേറ്റപ്രദേശമായ നൂജിബാൽത്തിലായിൽ ഒരു ഹൈസ്കൂൾ തദ്ദേശ വാസികൾക്ക് അചിന്ത്യമായിരുന്നു. പത്തു കിലോമീറ്റർ നടന്ന് കഡബാ ഹൈസ്കൂളിൽ പഠിച്ചിരുന്ന നൂജിബാൽത്തില, കുട്രപ്പാടി, പേരഡുക്ക, കല്ലുഗുഡ, ഇച്ചിലംപാടി തുടങ്ങിയ ഗ്രാമങ്ങളിലെ കുട്ടികൾക്ക് ബഥനി ഹൈസ്കൂളും, ബഥനി ജൂനിയർ കോളേജും സ്വപ്നസാക്ഷാത്കാരമായി ഉയർന്നു നില്ക്കുന്നു. കർണ്ണാടകമിഷനിലെ നെല്ലിയാടി ജ്ഞാനോദയം സ്കൂളും, ഐ.റ്റി.ഐയും ചുരുങ്ങിയ കാലം കൊണ്ട് ബഥനി കൈവരിച്ച വളർച്ചയുടെ പട്ടികയിൽ ചേരുന്നു.

ബോംബെ, പൂനാ, കൽക്കട്ട, ഭിലായ് മിഷനുകളിൽ ബഥനി സ്വന്തമായി സ്കൂളും, ഐ.റ്റി.ഐ.യും തുടങ്ങി. ഭിലായ് സ്റ്റീൽ പ്ലാൻറിൽ നിന്ന് ദാനമായ ബഥനിക്കു ലഭിച്ച സ്ഥലത്ത് ഒരു ഐ.റ്റി.ഐ പ്രവർത്തന ക്ഷമമാകുന്നു.

## ജാഗ്രത:-

വിദ്യാഭ്യാസം ഇന്ന് കച്ചവടമായി മാറിയിരിക്കുന്നു. സ്ഥാപനപരതയും പണമോഹവും, സന്യാസികളെ ബാധിക്കുമ്പോൾ വിദ്യാഭ്യാസപ്രവർത്തനം സന്യാസത്തിൻെറ കടയ്ക്കൽ കോടാലി വയ്ക്കുന്നു. സന്യാസനിഷ്ഠകളെക്കാൾ സ്ഥാപനത്തിൻെറ ശ്രേയസ്സിനും, കാര്യക്ഷമതയ്ക്കും, ഉയർന്ന വിജയ നിരക്കിനും പ്രാധാന്യം കൊടുക്കുന്നവർ സ്ഥാപനപരത എന്ന ആപത്തിൽ വീഴുന്നു. സമൂഹത്തിൽ ഉന്നതസ്ഥാനം, ഉന്നത വ്യക്തികളോടു സംസർഗ്ഗം, ആർഭാടപൂർണ്ണമായ ജീവിതം ഇവയൊക്കെ സന്യാസിയെ ബാധിക്കാവുന്ന തിന്മകളാണ്. പണ സമ്പാദനം, ലാഭക്കൊതി തുടങ്ങിയ ലൗകിക ചിന്തകൾ കടന്നു കൂടുമ്പോൾ സ്ഥാപനങ്ങൾ കച്ചവട സ്ഥലങ്ങളാകുന്നു.

## യേശുക്രിസ്തുവിനു സാക്ഷ്യം:-


വിദ്യാഭ്യാസ പ്രവർത്തനങ്ങളിൽ വ്യാപരിക്കുന്ന

www.malankaralibrary.com

സന്യാസിക്ക് യേശുവിനു സാക്ഷ്യം വഹിക്കുവാൻ ധാരാളം അവസരങ്ങൾ ലഭിക്കുന്നു. തലമുറകളെ വാർത്തെടുക്കുന്ന ഉത്തരവാദിത്വമാണ് അയാൾ ഭരമേല്ക്കുന്നത്. വിജ്ഞാനത്തോടൊപ്പം സ്വഭാവ ശുദ്ധി, ആത്മസംയമനം, ത്യാഗശീലം, പരോപകാര തല്പരത, സഹകരണ മനോഭാവം, സേവനസന്നദ്ധത, കൃത്യനിഷ്ഠ, അച്ചടക്കം, ദേശഭക്തി, ധാർമ്മിക ബോധം, സന്മാർഗ്ഗ നിഷ്ഠ ഇങ്ങനെ വ്യക്തി ജീവിതത്തിനും സാമൂഹ്യജീവിതത്തിനും അടിസ്ഥാന ശിലകളായ കാര്യങ്ങൾ വാക്കിലും പ്രവൃത്തിയിലും അഭ്യസിപ്പിക്കയും സ്വയം അഭ്യസിച്ചുകാണിക്കയും ചെയ്യുവാൻ സന്യാസി കടപ്പെട്ടിരിക്കുന്നു.

ബഥനി ഒരു നിർണ്ണായകഘട്ടത്തിലാണ്. സ്ഥാപനങ്ങൾ അപ്രസക്തങ്ങളാണെന്നു മുറവിളി കൂട്ടുന്നവർ അകത്തും പുറത്തുമുണ്ട്. മുണ്ടൻ മലയിലെ ബഥാനിയരെക്കുറിച്ചുള്ള അതിശയോക്തി കലർന്ന ചിത്രങ്ങൾ പലരുടെയും മനസ്സിലുണ്ട്. വിദ്യാഭ്യാസ പ്രവർത്തനങ്ങൾ ബഥനിക്ക് അന്യമല്ല. ബഥനിസ്ഥാപകൻ ദീർഘവീക്ഷണമുള്ളവനായിരുന്നു. ക്രാന്തദർശിയും. 1949-ൽ മാർഈവാനിയോസ് കോളജ് സ്ഥാപിച്ചപ്പോൾ നാലാഞ്ചിറയിൽ കോളജ് സ്ഥിതിചെയ്യുന്ന അതിവിശാലമായ പ്രദേശത്തിന് ബഥനിക്കുന്ന് എന്നു പേരിട്ടത് അർത്ഥഗർഭമായിരുന്നു. അതിൻെറ ആദ്യ പ്രിൻസിപ്പലായി ഒരു ബഥാനിയനെ നിയമിച്ചത് ആലോചനക്കുറവുകൊണ്ടല്ല. മുണ്ടൻമലയിലെ തപോനിഷ്ഠയിൽ നിന്നുള്ള ഒളിച്ചോട്ടമായിരുന്നില്ലല്ലോ ഇത്. തപ:ശക്തി വരും തലമുറയ്ക്ക് പകർന്നു കൊടുക്കുവാൻ കരുത്തുള്ള കൈകൾ താപസ്സൻേറതെന്ന് തിരുമേനി അറിഞ്ഞിരുന്നു. തപോനിഷ്ഠനായ ബഥനി സന്യാസി വാർഡനായി, പ്രിൻസിപ്പലായി!

കറ്റാനത്തു താൻ സ്ഥാപിച്ച 'പോപ്പ് പയസ്സ് പതിനൊന്നാമൻ' ഇംഗ്ലീഷ് സ്കൂൾ ബഥനി




കറ്റാനം പോപ്പ് പയസ് ഹൈസ്കൂൾ സ്ഥാപകന്റെ സമ്മാനം

സമൂഹത്തിനു നൽകിക്കൊണ്ട് 19 - 5 - 1947-ൽ തിരുമേനി ആശ്രമസുപ്പീരിയർ ഫാ. സെറാഫിയോന് എഴുതിയ കത്തിൽ ഇപ്രകാരം കാണുന്നു.

"നാം സ്ഥാപിച്ചു സംരക്ഷിച്ചു പോരുന്ന 'മിശിഹാനുകരണ സന്യാസസമൂഹമെന്ന്' അപരനാമമുള്ള 'ബഥനി' ആശ്രമത്തിൻെറ വളർച്ചയ്ക്കും അഭിവൃദ്ധിക്കും അപ്പോസ്തലിക വിദ്യാർത്ഥികളുടെ പരിശീലനത്തിനുമായി ഒരു ഇംഗ്ലീഷ് ഹൈസ്കൂൾ നടത്തുവാൻ നിങ്ങളെ ഭരമേല്പിക്കുന്നത് സഹായകമായിരിക്കുമെന്ന് നാം കരുതുന്നതു കൊണ്ട് ഭരണിക്കാവ് പകുതിയിൽ നാം സ്ഥാപിച്ചിട്ടുള്ള പോപ്പ് പയസ്സ് XI ഇംഗ്ലീഷ് ഹൈസ്കൂൾ നടത്തുന്നതിന് നിങ്ങളെ ഈ കല്പനമൂലം ഏല്പിക്കുന്നു." (തിരുമേനിയുടെ കല്പനയിൽ നിന്ന്)

ബഥനി ആശ്രമസ്ഥർ തന്നെപ്പോലെ അറിവുള്ളവരായിരിക്കണമെന്ന് തിരുമേനി ആഗ്രഹിച്ചു. അറിവു പകരുന്നതിൽ ദത്തശ്രദ്ധരായ ബഥാനിയരെ അവിടുന്ന് ദീർഘദർശനം ചെയ്തു. കാലത്തിൻെറ ഗതിവിഗതികളിൽ ബഥനി തളരാതെ മുന്നേറി.

www.malankaralibrary.com



ഫാ. മത്തായി കടവിൽ ഒ.ഐ.സി.

# ബഥനി സമ്പർക്ക മാധ്യമരംഗത്ത്

## പ്രഘോഷണ ദൗത്യം

പഴയ നിയമത്തിൽ ദൈവം തിരഞ്ഞെടുത്തു നിയോഗിച്ച പിതാക്കന്മാരും, ന്യായാധിപന്മാരും രാജാക്കന്മാരും, പ്രവാചകരും നിരന്തരം യഹോവയായ ദൈവത്തിനു സാക്ഷ്യം നല്കിക്കൊണ്ടിരുന്നു. ദൈവിക വെളിപാട് ജനത്തെ അറിയിക്കുക എന്നതായിരുന്നു അവരുടെ ദൗത്യം. ഈ ദൗത്യ നിർവഹണത്തിൽ അപകടകരമായ സാഹചര്യങ്ങൾ പലപ്പോഴുമുണ്ടായിട്ടുണ്ട്. എന്നാൽ ദൈവിക തെരഞ്ഞെടുപ്പ് പ്രയാസങ്ങളെയും പ്രശ്നങ്ങളെയും തരണം ചെയ്യുന്നതിനുള്ള ശക്തി അവർക്ക് നല്കിയിരുന്നു.

പുതിയ നിയമത്തിൽ യേശു വിളിച്ചു വേർതിരിച്ചവരുടെ ജീവിതവും ഇതു തന്നെയായിരുന്നു. യേശുവിൽ നിന്നും ലഭിച്ച ദൈവിക ജ്ഞാനത്തെ ലോകത്തിനു വെളിപ്പെടുത്തികൊടുക്കാൻ നിയോഗിക്കപ്പെട്ടവരായിരുന്നു അപ്പസ്തോലന്മാർ. യേശുവും ഇതു തന്നെയാണ് ചെയ്തിരുന്നത്. "നമുക്ക് അടുത്ത പട്ടണങ്ങളിലേക്ക് പോകാം. അവിടെയും എനിക്ക് പ്രസംഗിക്കേണ്ടിയിരിക്കുന്നു. അതിനാണ് ഞാൻ വന്നിരിക്കുന്നത്". അപ്പസ്തോലന്മാരെ തിരഞ്ഞെടുത്ത പ്പോഴും യേശുവിന്റെ മനസ്സിൽ ഈ ചിന്തയായിരുന്നു ഉണ്ടായിരുന്നത്. തന്നോടു കൂടി ആയിരിക്കുന്നതിനും പിശാചുക്കളെ ബഹിഷ്കരിക്കുന്നതിനും സുവിശേഷം പ്രഘോഷിക്കുന്നതിനുമായി അവൻ അവരെ തെരഞ്ഞെടുത്തു. "അങ്ങ് എന്നെ ലോകത്തിലേ ക്കയച്ചിരിക്കുന്നതു പോലെ ഞാനും അവരെ ലോകത്തിലേക്കയച്ചിരിക്കുന്നു." (യോഹ. 17.18) പുനരുത്ഥാനശേഷം ദൗത്യം നല്കി അപ്പസ്തോലന്മാരെ അയയ്ക്കുമ്പോഴും ഈ ചിന്ത തന്നെയായിരുന്നു. യേശുവിനുണ്ടായിരുന്നത്. "അന്ധകാരത്തിൽ നിന്നും തന്റെ അത്ഭുതകരമായ പ്രകാശത്തിലേയ്ക്ക് നിങ്ങളെ വിളിച്ചവന്റെ നന്മകൾ പ്രകീർത്തിക്കണം" എന്ന പത്രോസിന്റെ ആഹ്വാനവും പൗലോസ് ശ്ലീഹായുടെ ജീവിത സാക്ഷ്യങ്ങളും വചന പ്രഘോഷണത്തിന്റെ പ്രാധാന്യം എടുത്തു കാണിക്കുന്നു.

ഓരോ ക്രിസ്ത്യാനിയുടെയും പരമമായ ദൗത്യവും കടമയുമാണ് സുവിശേഷമറിയിക്കുക എന്നുള്ളത്. ലോകമെമ്പാടും സുവിശേഷമറിയിക്കുകയും യേശുവിൽ ഒന്നായി തീരുകയും വേണം. ഇതിനുള്ള വഴി ഒരുക്കുവാൻ നിയോഗിക്കപ്പെട്ടവരാണ് വൈദികരും സന്യാസികളും. സന്യാസവൈദികർ എന്ന നിലയിൽ ഈ ഉത്തരവാദിത്വത്തിനനുസരിച്ച് പ്രവർത്തിക്കുന്നതിനും ഒഴിവുകഴിവുകളില്ല.

## ബഥനിയുടെ ആരംഭത്തിൽ

ദൈവത്താൽ തെരഞ്ഞെടുക്കപ്പെടുകയും നയിക്കപ്പെടുകയും ചെയ്ത വ്യക്തിയാണ്

www.malankaralibrary.com

മാർഈവാനിയോസ് മെത്രാപ്പോലീത്ത. ജനനം മുതൽ മരണം വരെ ദൈവാനുഗ്രഹം പിതാവിനോടൊത്തുണ്ടായിരുന്നു. സമൃദ്ധമായ ദൈവിക കൃപയാൽ നയിക്കപ്പെട്ട പിതാവിന്റെ ജീവിതത്തിലെ സംഭവങ്ങൾ തികച്ചും യാദൃശ്ചികങ്ങളായിരുന്നില്ല. മറിച്ച് ദൈവ നിയോഗമനുസരിച്ചു നടന്ന സംഭവങ്ങളാണ്. നിരന്തരമായി അനുഭവിച്ചു പോന്ന ദൈവിക കൃപ സഭയെക്കുറിച്ചും തന്റെ ചുറ്റുപാടുമുള്ള സമൂഹത്തെക്കുറിച്ചും ചിന്തിക്കുന്നതിനും പ്രവർത്തിക്കുന്നതിനും അദ്ദേഹത്തെ പ്രേരിപ്പിച്ചു കൊണ്ടിരുന്നു. ഈ പ്രേരണയുടെയും പരിശുദ്ധാത്മാവു വഴി ലഭിച്ച പ്രചോദനത്തിന്റെയും ഫലമായാണ് ബഥനി സന്യാസി സമൂഹം സ്ഥാപിച്ചത്.


ബഥനി സ്ഥാപിതമായതു മുതൽ പ്രകാശത്തിലേക്കുതന്നെ കൈ പിടിച്ചുയർത്തിയവന്റെ നന്മകൾ പ്രകീർത്തിക്കുവാനായി അവിടുന്നു ബഥനിയിലൂടെ ശ്രമിച്ചു വന്നു. ഇടവകകൾ തോറും ചുറ്റി നടന്ന് ആത്മീയ പ്രഭാഷണങ്ങൾ നടത്തുകയും കൂടുതൽ ആളുകളെ ആത്മീയമായി വളർത്തുന്നതിന് വഴി ഒരുക്കുകയും ചെയ്തു. അതിന്റെ ഫലമായി അനേകർ ബഥനിയിലേക്കാകർഷിക്കപ്പെട്ടു. സുവിശേഷ സന്ദേശത്തെ ജന ഹൃദയങ്ങളിലെത്തിക്കുന്നതിനുള്ള വളരെ പ്രധാനപ്പെട്ട മാധ്യമങ്ങളിലൊന്നായി ധ്യാന യോഗങ്ങളും, സുവിശേഷ പ്രഘോഷണങ്ങളും.

കുറച്ചു കൂടി വിപുലമായ വിധത്തിൽ കൂടുതൽ ആളുകളിലേക്ക് കടന്നു ചെല്ലുക എന്ന ലക്ഷ്യത്തോടെ അന്നു കേരളത്തിൽ ഏറ്റവും ആധുനികമെന്നു വിശേഷിപ്പിക്കപ്പെടാവുന്ന അച്ചടി മാധ്യമത്തിലേക്ക് മാർ ഈവാനിയോസ് തിരുമേനിയുടെ ശ്രദ്ധ കടന്നു ചെന്നു.

ബഥനി മാസിക എന്ന പേരിൽ ആരംഭിച്ച ആനുകാലിക പ്രസിദ്ധീകരണവും പിതാവിന്റെ മുപ്പതിൽപ്പരം ഗ്രന്ഥങ്ങളും ബഥനിവഴിയുള്ള ആത്മീയ മുന്നേറ്റത്തിന്റെ കാഹളമായി മാറി. സുറിയാനിയിൽ നിന്നും മലയാളത്തിലേക്കുള്ള വിവർത്തനങ്ങൾ ആരംഭിച്ചതും പ്രചരിപ്പിച്ചതും ഇക്കാലത്തായിരുന്നു. സുറിയാനിയിൽ നിന്നും മലയാളത്തിലേക്കുള്ള ആദ്യ വിവർത്തനം മാർ തെയോഫിലോസ് തിരുമേനിയാണ് നടത്തിയത്. ആരംഭത്തിൽ മറ്റ് പ്രസ്സുകളിലായിരുന്നു അച്ചടി നടന്നിരുന്നത്. സ്വന്തമായി പ്രസ്സു വേണമെന്ന് ആഗ്രഹിച്ച മാർ ഈവാനിയോസ് തിരുമേനി 1928 ൽ തിരുമൂലയിൽ ഒരു പ്രസ്സ് ആരംഭിക്കുന്നതിനു വേണ്ട നേതൃത്വം നല്കി. പുനരൈക്യശേഷം അഭിവന്ദ്യ ഈവാനിയോസ് പിതാവും തെയോഫിലോസ് പിതാവും തങ്ങളുടെ രൂപതാകേന്ദ്രങ്ങളിൽ ഓരോ പ്രസ്സുകൾ സ്ഥാപിച്ച് ശുശ്രൂഷ നടത്തിയിരുന്നു. വിശ്വാസ സംബന്ധവും, ആരാധന സംബന്ധവുമായ ധാരാളം പുസ്തകങ്ങൾ പ്രസിദ്ധീകരിച്ച് കുറഞ്ഞ ചെലവിൽ ആളുകളിലെത്തിക്കുന്നതിന് ഇതു വഴി സാധിച്ചു. പുനരൈക്യ പ്രസ്ഥാനത്തിന്റെ ത്വരിതഗതിയിലുള്ള വളർച്ചയ്ക്ക് ഇതു കാരണമായി. മാധ്യമരംഗം വളരെ ശുഷ്കമായിരുന്ന ഇരുപതുകളിലും മുപ്പതുകളിലും നടന്ന സംഭവമായി വേണം നാമിതിനെ നോക്കികാണേണ്ടത്.

## ബഥനി പബ്ലിക്കേഷൻസ്

പുനരൈക്യശേഷം ബഥനി ആശ്രമസ്ഥർ പുനരൈക്യ പ്രേഷിത രംഗത്ത് വ്യാപൃതരായതോടെ ഇത്തരത്തിലുള്ള പ്രവർത്തനം മന്ദീഭവിക്കുകയുണ്ടായി. എന്നാൽ1966 ൽ ബഥനി സമൂഹം പൊന്തിഫിക്കൽ പദവിയിലേക്കുയർത്തപ്പെടുകയും, രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ നിർദ്ദേശങ്ങളനുസരിച്ച് നിയമ ഭേദഗതി വരുത്തുകയും ചെയ്തത് ഒരു പുതിയ തുടക്കത്തിനു കാരണമായി. സമൂഹ സ്ഥാപകന്റെ ദർശനത്തോടും, ആരംഭ ചൈതന്യത്തോടും നീതി പുലർത്തണമെന്ന രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ ആഹ്വാനം വേരുകൾ തേടുന്നതിന് എല്ലാ സന്യാസ സമൂഹങ്ങളെയും പ്രേരിപ്പിച്ചു




ബഥനി ബുക്ക് സെന്റർ - ഉദ്ഘാടനം (തിരുവല്ല)

www.malankaralibrary.com

വരികയായിരുന്നു. ഈ നിർദ്ദേശം അനുസരിച്ച് ബഥനി സന്യാസി സമൂഹത്തിൻെറ പുതിയ നിയമത്തിൽ അപ്പസ്തോലികപ്രവർത്തനങ്ങളെക്കുറിച്ച് പ്രതിപാദിക്കുന്നിടത്ത് പ്രസ്സും മറ്റ് ആശയ വിനിമയോപകരണങ്ങൾ വഴിയുള്ള പ്രേഷിത പ്രവർത്തനങ്ങളും സമൂഹത്തിൻെറ ആറു പ്രവർത്തനമണ്ഡലങ്ങളിലൊന്നായി നിജപ്പെടുത്തി. ഇക്കാലയളവിൽ ധാരാളം പുസ്തക രചനകളും മറ്റും നടന്നിട്ടുണ്ടെങ്കിലും സംഘാതമായ പ്രവർത്തനം ആരംഭിച്ചത് 1980 ൽ മാത്രമാണ്. 1980 ഒക്ടോബർ 28ന് ബഥനി പ്രസിദ്ധീകരണഫോറം എന്ന പേരിൽ ഒരു സംരംഭത്തിനു തുടക്കം കുറിച്ചു. അന്നത്തെ സുപ്പീരിയർ ജനറലായിരുന്ന ജോൺ ബർക്കുമാൻസ് അച്ചൻ ലൂയിസ് മൂലവീട്ടിലച്ചനെ ഫോറത്തിൻെറ കൺവീനറും ചീഫ് എഡിറ്ററുമായി നിയമിച്ചു. അച്ചൻെറ നേതൃത്വത്തിൽ ഈവാനിയോസ് തിരുമേനിയുടെ പല പുസ്തകങ്ങളും പുന:പ്രസിദ്ധീകരിക്കുകയുണ്ടായി. കുറച്ചു നാളുകൾക്കു ശേഷം പ്രസിദ്ധീകരണഫോറം ബഥനി പബ്ലിക്കേഷനായി രൂപപ്പെടുകയും ചെയ്തു. ബഥനി പബ്ലിക്കേഷൻെറ ചുമതല ഫാ. ലൂയിസ് (കൺവീനർ) ഫാ. പ്ലാസിഡ്, ഫാ. ജയിംസ് മാമൂട്ടിൽ എന്നിവരുടെ നേതൃത്വത്തിൽ തുടർന്നു വരികയും ചെയ്തു. 1982 ൽ പുസ്തക വിതരണത്തിനായി ഒരു ബുക്ക് സെൻററും തിരുവല്ലാ കേന്ദ്രമായി പ്രവർത്തനമാരംഭിച്ചു. ആരംഭത്തിൽ വളരെ നന്നായി പ്രവർത്തിച്ചുവെങ്കിലും താമസിയാതെ പ്രവർത്തനം മന്ദീഭവിച്ചു. ഇക്കാലയളവിൽ ബുക്ക് സെൻററിൻെറ ചുമതല വഹിച്ചിരുന്ന ബ. ബർക്കുമാൻസും സെലസ്റ്റിനച്ചനും പ്രസിദ്ധീകരണ പ്രവർത്തനങ്ങൾ തുടർന്നു വന്നു.

വീണ്ടും പുതുചൈതന്യം കൈവന്നത് 1989 നവംബർ 18ന് ഫാ. പ്ലാസിഡ് കൺവീനറായി പ്രസിദ്ധീകരണ പ്രവർത്തനത്തിനായി ഒരു സമിതി രൂപീകരിച്ചതോടെയാണ്. ഇക്കാലയളവിൽ ബുക്ക് സെൻററുകളുടെ ചുമതലയോടൊപ്പം പ്രസിദ്ധീകരണ സമിതിയുടെ സെക്രട്ടറിയായും ലേഖകൻ പ്രവർത്തിച്ചു വന്നു. ബത്തേരിയിലും നാലാഞ്ചിറയിലും ബുക്ക് സെൻററുകളുടെ പ്രവർത്തനം ആരംഭിച്ചത് ഇക്കാലയളവിലാണ്. പുസ്തക പ്രസിദ്ധീകരണത്തിനായി പ്രത്യേക നിയമാവലി തയ്യാറാക്കുന്നതിനും പ്രസിദ്ധീകരണ സമിതിയെ ഒരു സ്വതന്ത്ര പ്രസ്ഥാനമായി വളർത്തുന്നതിനും ഇക്കാലയളവിൽ



ബുക്ക് സെൻറർ - ഉദ്ഘാടനം (ബത്തേരി)

സാധിച്ചു. 1992 ആഗസ്റ്റ് 8 മുതൽ ഫാ. മത്തായി കടവിൽ പ്രസിദ്ധീകരണ സമിതിയുടെ ഡയറക്ടറായും, 1994 ജനുവരി മുതൽ ഫാ. ജോൺ ഇലവിനാക്കുഴിയിൽ അസി. ഡയറക്ടറായും പ്രവർത്തിച്ചു വരുന്നു.

ബഥനി പബ്ലിക്കേഷൻസ് ഇതിനകം അറുപത്തിയഞ്ച് പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. പുസ്തക പ്രസിദ്ധീകരണം കൂടാതെ മലങ്കര സഭയുമായി ബന്ധപ്പെട്ട പുസ്തകങ്ങളുടെ ഒരു ശേഖരവും തയ്യാറാക്കി വരുന്നു.

പ്രസിദ്ധീകരണസമിതിയുടെ നേരിട്ടുള്ള ചുമതലയിലല്ലാതെ നടക്കുന്ന രണ്ടു സംരംഭങ്ങൾ കൂടി പരാമർശിക്കപ്പെടേണ്ടതാണ്. പൂനാ ബഥനി പഠന ഗൃഹത്തിൻെറ നേതൃത്വത്തിൽ സ്കൊളാസ്റ്റിക്കേറ്റ് പബ്ലിക്കേഷൻ എന്ന പേരിൽ മൂന്നു പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. (കൂദാശകൾ മലങ്കര സഭയിൽ, ഗാനാമൃതം, Transliteration of the prayer and Holy Qurbono of the Malankara Catholic church). കൂടാതെ 1988 ഒക്ടോബർ മുതൽ തുടർച്ചയായി പ്രസിദ്ധീകരിച്ചു വരുന്ന വചന സുമം എന്ന പ്രസംഗക്കുറിപ്പും കഴിഞ്ഞ വർഷമാരംഭിച്ച 'ജീസസ് ഫ്രണ്ട്സും' ബഥനി വേദ വിജ്ഞാന പീഠത്തിൻെറ സംഭാവനകളാണ്.

ജനറലേറ്റിൻെറ നേതൃത്വത്തിൽ മലങ്കര കുർബാനയുടെ ഇംഗ്ലീഷ് ഹിന്ദി വിവർത്തനങ്ങൾ

www.malankaralibrary.com

പ്രസിദ്ധീകരിക്കുകയുണ്ടായി. ഇംഗ്ലീഷ് കുർബാനയോടൊപ്പം സാധാരണ നമസ്കാരവും ഇംഗ്ലീഷിലേക്കു വിവർത്തനം ചെയ്യുകയുണ്ടായി. ഇംഗ്ലീഷ് വിവർത്തനത്തിനു ലൂയിസ് അച്ചൻ തേതൃത്വം നല്കിയപ്പോൾ ഹിന്ദി വിവർത്തനം നിർവ്വഹിച്ചത് ലോറൻസ് അച്ചനായിരുന്നു. പ്രാർത്ഥനയുടെ ഹിന്ദി വിവർത്തനവും തയ്യാറായി വരുന്നുവെന്നതു പ്രത്യേകം പ്രസ്താവ്യമാണ്.

## മാർ ഈവാനിയോസ് അനുസ്മരണ പ്രഭാഷണം

സമൂഹ സ്ഥാപകനായ മാർ ഈവാനിയോസ് പിതാവിൻെറ അനുസ്മരണ നിലനിർത്തുന്നതിൻെറ ഭാഗമായി "മാർ ഈവാനിയോസ് അനുസ്മരണ പ്രഭാഷണപരമ്പര" 1993 - ൽ ആരംഭിച്ചു. ഒന്നാമത്തെ പ്രഭാഷണം 'എക്യുമെനിസം' എന്ന വിഷയത്തെ ആസ്പദമാക്കി നാലാഞ്ചിറ ബഥനി യൂത്ത് സെൻററിൽ 1993 ജൂലൈ 14 ന് നടത്തി. ഡോ. കെ. എം. തരകനായിരുന്നു പ്രബന്ധം അവതരിപ്പിച്ചത്.

രണ്ടാമത്തെ അനുസ്മരണ പ്രഭാഷണം 1994 ആഗസ്റ്റ് 15-ാം തീയതി കോട്ടയത്ത് ബഥനി ജനറലേറ്റിൽ വച്ചു നടത്തപ്പെട്ടു. "സന്യാസം" എന്ന വിഷയത്തെക്കുറിച്ചു നടത്തപ്പെട്ട പ്രഭാഷണ പരമ്പരയിൽ 'ക്രിസ്തീയ സന്യാസ'ത്തെക്കുറിച്ച് മാർ കുന്നശ്ശേരിയും 'ഭാരതീയ സന്യാസ'ത്തെക്കുറിച്ച് മൃഡാനന്ദസ്വാമികളും പ്രബന്ധങ്ങൾ അവതരിപ്പിച്ചു.

**മിനി സ്ക്രീനുകളിൽ മിന്നി മറയുന്ന വർണ്ണ ചിത്രങ്ങൾ ആരെയും ആകർഷിക്കുന്നതാണ്. സിനിമാ വഴിയും മറ്റും നമ്മിലേക്കു കടന്നു വരുന്ന ചിന്തകളും വളരെ പെട്ടെന്ന് ഓടി മറയുന്നു. ഇങ്ങനെയുള്ള സാഹചര്യങ്ങളിൽ പ്രയോജന പ്രദമായവയെ തിരഞ്ഞെടുക്കുവാൻ ജനങ്ങളെ പഠിപ്പിക്കേണ്ടതുണ്ട്. ഇത് ഇന്നിൻെറ ഏറ്റവും വലിയ ഒരാവശ്യമായി മാറിയിരിക്കുന്നു.**

## ലേഖന മത്സരങ്ങളും സാഹിത്യ സംഗമവും

സഭയിലുള്ള എഴുത്തുകാരെ പ്രോൽസാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ഇതിനകം സഭാതലത്തിൽ സണ്ടേസ്കൂൾ അദ്ധ്യാപകർക്കും എം.സി.വൈ.എം. കാർക്കും സണ്ടേസ്കൂൾ വിദ്യാർത്ഥികൾക്കുമായി ലേഖന മൽസരങ്ങൾ നടത്തുകയും ഒന്നാം സമ്മാനം 1000 രൂപ വീതവും രണ്ടാം സമ്മാനം 500 രൂപ വീതവും നൽകി വരുന്നു. സാഹിത്യകാരന്മാരുടെ സമ്മേളനം തുടർച്ചയായി നടത്തുന്നതിനുള്ള ശ്രമം ആരംഭിച്ചുകഴിഞ്ഞു.

## ബഥനി കമ്മ്യൂണിക്കേഷൻസ്

ബഥനി കമ്മ്യൂണിക്കേഷൻസിൻെറ പേരിൽ രണ്ട് ഓഡിയോ കാസെറ്റ് പുറത്തിറക്കുന്നതിനും സാധിച്ചിട്ടുണ്ട്. (വി. കുർബ്ബാന, മാർ ഈവാനിയോസ്) മൂന്നാമത്തെ കാസെറ്റ് (ഭജൻസ്) പ്ലാറ്റിനം ജൂബിലി ആഘോഷങ്ങളോടനുബന്ധിച്ച് പ്രകാശനം ചെയ്യുന്നതാണ്. ബഥനി യുടെ ചരിത്രമുൾക്കൊള്ളിച്ചു കൊണ്ടുള്ള ഒരു വീഡിയോ കാസെറ്റിൻെറ പണിയും ദ്രുതഗതിയിൽ നടന്നു കൊണ്ടിരിക്കുന്നു.

## മാധ്യമ രംഗത്ത് ബഥനി നേരിടുന്ന വെല്ലുവിളികൾ

ആധുനിക ലോകം ആശയ വിനിമയ രംഗത്ത് വൻപുരോഗതി കൈവരിച്ചു കൊണ്ടിരിക്കുകയാണ്. ലോകത്തിൻെറ ഏതു മുക്കിലും മൂലയിലുമിരുന്ന് ആരുമായും നമുക്കു ബന്ധപ്പെടാനാകും. ഓടിക്കൊണ്ടിരിക്കുന്ന വാഹനത്തിലിരുന്നും, പണിസ്ഥലത്തു നിന്നുമൊക്കെ ഇതു സാധിക്കും. എന്തിന്, ലോകത്തിൻെറ വിവിധ കോണുകളിലിരുന്നുകൊണ്ടുതന്നെ കോൺഫ്രൻസുകളിലും മറ്റും സംബന്ധിക്കുന്നതിന് മനുഷ്യനു കഴിയുന്നു.

പ്രസ്സ്, റേഡിയോ, സിനിമ, ടെലിവിഷൻ തുടങ്ങിയ മാധ്യമങ്ങളിലൂടെ നടക്കുന്ന ആശയ സംവേദന രംഗത്തും അത്ഭുതങ്ങൾ നടന്നു കൊണ്ടിരി

www.malankaralibrary.com

ക്കുകയാണ്. വ്യക്തികളുടെ താല്പര്യമനുസരിച്ച് വിവിധ വിഷയങ്ങളെ കുറിച്ചറിയുന്നതിനുള്ള സംവിധാനം ഇന്നു ലഭ്യമാണ്. ജീവിതത്തിൻെറ വിവിധ തുറകളുമായി ബന്ധപ്പെട്ട ആനുകാലികങ്ങളും, ഗ്രന്ഥങ്ങളും നമ്മുടെ ആവശ്യാനുസരണം തെരഞ്ഞെടുക്കുന്നതിനും നമുക്കു സാധിക്കുന്നു. ബഹുവിധ ചാനലുകൾ കൊണ്ടു സമ്പന്നമായ റേഡിയോയും ടെലിവിഷനും ഉപയോഗിക്കുമ്പോഴും ഈ സൗകര്യം നമുക്കു ലഭിക്കുന്നു. സിനിമയുടെ കാര്യത്തിലും അങ്ങനെ തന്നെ.

സൗകര്യങ്ങളും മെച്ചപ്പെട്ട സാഹചര്യങ്ങളും കൂടുന്നതനുസരിച്ച് അപകടസാധ്യതകളും വളരെയാണ്. വിനോദത്തിനായി ഏതു സമയവും ഇലക്ട്രോണിക് മാധ്യമങ്ങളെ സമീപിക്കുന്ന മനുഷ്യൻെറ ക്രിയാത്മകത നഷ്ടപ്പെട്ടു കൊണ്ടിരിക്കുകയാണെന്ന് സാമൂഹ്യ ശാസ്ത്രജ്ഞന്മാർ പറയുന്നു. ബോധപൂർവ്വം മെച്ചമായത് തെരഞ്ഞെടുക്കുവാൻ സാധിക്കാതെ വരുന്നു. ഇവിടെ രണ്ടു വിധത്തിലാണ് ഇലക്ട്രോണിക് മാധ്യമങ്ങളെ നാം സമീപിക്കേണ്ടത്. ഒന്നാമതായി ഈ മാധ്യമങ്ങളെ പ്രയോജനപ്രദമായി എങ്ങനെ ഉപയോഗിക്കാൻ കഴിയും എന്ന് ആളുകളെ പഠിപ്പിക്കേണ്ടതുണ്ട്. രണ്ടാമതായി സുവിശേഷ പ്രഘോഷണത്തിനു സഹായകമായ വിധത്തിൽ ഈ മാധ്യമങ്ങൾ എങ്ങനെ ഉപയോഗിക്കണമെന്നു ചിന്തിക്കേണ്ടതുണ്ട്.

മിനി സ്ക്രീനുകളിൽ മിന്നി മറയുന്ന വർണ്ണ ചിത്രങ്ങൾ ആരെയും ആകർഷിക്കുന്നതാണ്. സിനിമാ വഴിയും മറ്റും നമ്മിലേക്കു കടന്നു വരുന്ന ചിന്തകളും വളരെ പെട്ടെന്ന് ഓടി മറയുന്നു. ഇങ്ങനെയുള്ള സാഹചര്യങ്ങളിൽ പ്രയോജന പ്രദമായവയെ തിരഞ്ഞെടുക്കുവാൻ ജനങ്ങളെ പഠിപ്പിക്കേണ്ടതുണ്ട്. ഇത് ഇന്നിൻെറ ഏറ്റവും വലിയ ഒരാവശ്യമായി മാറിയിരിക്കുന്നു.

എന്നാൽ അതിനെക്കാളുമുപരിയായി ആകർഷകമായ വിധത്തിൽ ആധുനിക മാധ്യമങ്ങളുടെ സഹായത്തോടെ സുവിശേഷസന്ദേശം ആളുകളിലെത്തിക്കാൻ നമുക്കു കഴിയണം. ഏതു മാധ്യമമുപയോഗിച്ചായാലും അതിലുള്ള മെച്ചപ്പെട്ട സംവിധാനങ്ങൾ പ്രയോജനപ്പെടുത്തേണ്ടതുണ്ട്.

ഇരുപതുകളിലും മുപ്പതുകളിലും അച്ചടി വ്യാപകമല്ലാതിരുന്ന അവസരത്തിൽ ലഭ്യമായ ഏറ്റവും നല്ല സംവിധാനത്തെക്കുറിച്ചു ചിന്തിക്കുന്നതിനും പ്രവർത്തിക്കുന്നതിനും മാർ ഈവാനിയോസ് പിതാവിനു കഴിഞ്ഞു. എന്നാലിന്നത്തെ സാഹചര്യത്തിൽ മെച്ചപ്പെട്ട സംവിധാനങ്ങൾ ഉപയോഗപ്പെടുത്തുന്നതിൽ സമൂഹം വളരെ പിന്നിലാണെന്നത് വിസ്മരിക്കാനാവില്ല. പുസ്തക പ്രസാധന രംഗത്തുപോലും കാലാനുസൃതം ഉണ്ടാകേണ്ട പുരോഗതി ഇല്ലെന്ന് സമ്മതിക്കേണ്ടിയിരിക്കുന്നു. മറ്റ് മാധ്യമങ്ങൾ ഉപയോഗിക്കുവാൻ തക്കവിധം സമൂഹം ഇപ്പോഴും മുമ്പോട്ടു വരുന്നില്ലെന്നത് വളരെ ഖേദകരമായ വസ്തുതയാണ്. ഈ സാഹചര്യങ്ങളെ ഒരു വെല്ലുവിളി ആയി കണ്ട് ഉണർന്നു പ്രവർത്തിക്കേണ്ട സമയം സമാഗതമായിരിക്കുന്നു.


1963 ഡിസംബർ 4ന് രണ്ടാം വത്തിക്കാൻ സുനഹദോസിൻെറ രണ്ടാമത് ഡിക്രിയായ 'സാമൂഹ്യ മാദ്ധ്യമങ്ങൾ' വിളംബരം ചെയ്തു കൊണ്ട് പോൾ 6-ാമൻ മാർപാപ്പ പറഞ്ഞു. "തിരുസഭയുടെ ആഭ്യന്തരവും ബാഹ്യവുമായ ഘടകങ്ങളും, പ്രവർത്തനവും, പ്രാർത്ഥനയും തമ്മിൽ സമന്വയിപ്പിക്കാൻ ഈ ഡിക്രിക്കു കഴിയും" (P.381).

തുടക്കത്തിൽ തന്നെ പിതാക്കന്മാർ എഴുതി; "മാധ്യമങ്ങൾ വ്യക്തികളിലേക്കു മാത്രമല്ല മാനവ സമുദായം മുഴുവനിലേക്കും ആഴ്ന്നിറങ്ങി സ്വാധീനം ചെലുത്താൻ കഴിവുറ്റവയാണെന്ന്" ഈ ആശയങ്ങളുടെ പൊരുൾ അറിഞ്ഞു പ്രവർത്തിച്ച വ്യക്തിയാണ് മാർ ഈവാനിയോസ് മെത്രാപ്പൊലീത്ത.

രണ്ടാം വത്തിക്കാൻ സുനഹദോസിനും നാലു പതിറ്റാണ്ടു മുമ്പു തന്നെ ഈ ചിന്ത ഉൾക്കൊള്ളുന്നതിന് മാർ ഈവാനിയോസ് പിതാവിനു കഴിഞ്ഞു.

ഇന്നു മാധ്യമങ്ങളാണ് ലോകത്തെ ഭരിക്കുന്നത്. ഇവിടെ കാലത്തിൻെറ ചുവരെഴുത്തു മനസ്സിലാക്കി പ്രവർത്തിക്കാൻ ബഥനി സമൂഹത്തിനു കഴിയട്ടെ എന്നാശിക്കുന്നു.

www.malankaralibrary.com



ഫാ. ബോബൻ കൊച്ചുവിളയിൽ

# സമ്പർക്കമാദ്ധ്യമങ്ങൾ - ഒരു വീക്ഷണം

ആധുനിക യുഗത്തിൽ സംസ്ക്കാരത്തെ ഏറ്റവും സ്വാധീനിക്കുന്ന ഘടകം ആശയ സമ്പർക്ക മാദ്ധ്യമങ്ങളാണ്. മനുഷ്യന്റെ വിശ്വാസങ്ങളെയും മനോഭാവത്തെയും, മൂല്യബോധത്തെയും, ജീവിതരീതിയേയും, സ്വഭാവത്തേയും സ്വാധീനിച്ച് മനുഷ്യാനുഭവം തന്നെ മാദ്ധ്യമാനുഭവം ആയിത്തീരത്തക്കവിധം മാദ്ധ്യമങ്ങളുടെ സ്വാധീനം ഇന്നു വളരെ വർദ്ധിച്ചിരിക്കുകയാണ്. മനുഷ്യന്റെ ചിന്താധാരയെയും പ്രവർത്തനശൈലിയെവരെയും മാദ്ധ്യമങ്ങൾ സ്വാധീനിക്കുന്നു. യഥാർത്ഥത്തിൽ മനുഷ്യൻ എന്തു ചിന്തിക്കുന്നു എന്നതിനെ മാത്രമല്ല മാധ്യമങ്ങളുടെ ശക്തി നിർണയിക്കുന്നത്; അവൻ എന്തിനെപ്പറ്റി ചിന്തിക്കും എന്നതിനെയും അവ നിർണയിക്കുന്നു. കാരണം നമ്മിൽ പലരും കരുതുന്ന യാഥാർത്ഥ്യം എന്നു പറയുന്നത് മാദ്ധ്യമങ്ങൾ യഥാർത്ഥമായി അംഗീകരിക്കുന്നവ മാത്രമാണ്. മാദ്ധ്യമങ്ങൾ യഥാർത്ഥമായി അംഗീകരിക്കാത്തവയ്ക്കും കൊട്ടിഘോഷിക്കാത്തവയ്ക്കും പ്രാധാന്യമില്ലെന്ന് കരുതുന്നു. മനുഷ്യന്റെ സാമൂഹ്യ, സാംസ്ക്കാരിക, രാഷ്ട്രീയ, മതപരമായ പരമ്പരാഗത വിഷയങ്ങളെ പുനഃസ്ഥാപിക്കാനോ പുറംതള്ളാനോ മാദ്ധ്യമങ്ങൾക്ക് കഴിയുന്നു.

## കമ്മ്യൂണിക്കേഷൻ മനുഷ്യന്റെ അടിസ്ഥാനാവശ്യം

കമ്മ്യൂണിക്കേഷൻ അഥവാ സമ്പർക്കം ലോകാരംഭം മുതൽ ഉള്ള പ്രക്രിയ ആണ്. ഈ പ്രപഞ്ചത്തിന്റെ ഉൽപ്പത്തിയും മനുഷ്യന്റെ സൃഷ്ടിയും ഈശ്വര സമ്പർക്കത്തിന്റെ പ്രത്യക്ഷ അടയാളങ്ങളാണ്. മനുഷ്യന്റെ സുഖദുഃഖങ്ങൾ പങ്കുവെക്കാനും അവനെ ശാശ്വതമായ വിമോചനത്തിലേക്കു നയിക്കുവാനും ഭൂമിയിൽ അവതരിച്ച യേശുതമ്പുരാൻ, പിതാവായ ദൈവം മനുഷ്യകുലത്തിനു നല്കിയ സ്നേഹ സമ്പർക്ക സന്താനമാണ്. മാംസമായിത്തീർന്ന ദൈവവചനമായ ക്രിസ്തു ആണ് പിതാവായ ദൈവത്തിന്റെ ഏറ്റവും വലിയ സമ്പർക്കം. വചനം മാംസമാകുന്നതും, ആശയങ്ങൾ മജ്ജയും മാംസവും ധരിച്ച് അവതരിക്കുന്നതും സമ്പർക്കമാണ്.

ആഹാരം, വസ്ത്രം, പാർപ്പിടം തുടങ്ങിയ അടിസ്ഥാന ആവശ്യങ്ങളോടൊപ്പം മനുഷ്യകുലത്തിനുള്ള അടിസ്ഥാനപരമായ മറ്റൊരാവശ്യം ആണ് സമ്പർക്കം പുലർത്തുക എന്നുള്ളത്. സമ്പർക്കം പുലർത്തുവാൻ ആരുമില്ലാതെ ഏകാന്തതയിൽ കഴിയേണ്ടിവരുന്ന അവസ്ഥ മനുഷ്യന്റെ സമനില തന്നെ തെറ്റിക്കുന്നതാണ്.

www.malankaralibrary.com

അപ്പോൾ ആശയ സമ്പർക്ക രീതികളും മാദ്ധ്യമങ്ങളും മനുഷ്യജീവിതത്തിന്റെ അവശ്യ ഘടകങ്ങളാണ്.

## വളർന്നു വളർന്ന് ആഗോളഗ്രാമമായി:

മനുഷ്യജീവിതത്തിന്റെ അവശ്യഘടകമായ സമ്പർക്കത്തിന്റെ രീതികളും മാർഗ്ഗങ്ങളും വളർന്ന്, ഒരു ആശയ സമ്പർക്ക വിപ്ലവം തന്നെ സൃഷ്ടിച്ചു കൊണ്ടിരിക്കുകയാണ്. ആദ്യകാലങ്ങളിൽ ആശയ വിനിമയം ചെറിയ സമൂഹങ്ങളിൽ ഒതുങ്ങി നിന്നു; കുടുംബങ്ങളിൽ, കരയിൽ, ഗ്രാമങ്ങളിൽ, ജില്ലകളിൽ. എന്നാൽ ആശയ സമ്പർക്ക മാദ്ധ്യമങ്ങൾ ഉണ്ടായ തോടുകൂടി ദേശീയ തലത്തിലും, അന്തർദേശീയ തലത്തിലും വാർത്തകളും, ആശയങ്ങളും ഞൊടിയിടക്കുള്ളിൽ അനേകരിലേക്ക് പ്രചരിപ്പിക്കാം എന്ന നിലയോളം നാം എത്തിയിരിക്കുന്നു. കൊച്ചു കേരളത്തിൽ വസിക്കുന്ന ഒരു വ്യക്തിക്ക് ഇന്ന് അമേരിക്കയോ ജർമനിയോ ദൂരെയല്ല. സമ്പർക്കമാദ്ധ്യ മങ്ങളിലൂടെ ലോകത്തിന്റെ ഏതു ഭാഗവും ഇന്നെന്റെ തൊട്ട് അയൽപക്കമാണ്. ലോകം ഇന്നൊരു ആഗോളഗ്രാമം (global village) ആണ്. ഇംഗ്ലണ്ടിൽ നടക്കുന്ന വിമ്പിൾഡണും, അമേരിക്കയിൽ നടക്കുന്ന ഒളിംപിക്സും, ജപ്പാനിൽ നടക്കുന്ന ഏഷ്യാഡും നാം വസിക്കുന്ന ഭവനത്തിൽ ഇരുന്നുകൊണ്ട് തത്ക്ഷണം കാണുവാൻ നമുക്കു സാധിക്കുന്നു. ഇങ്ങനെയുള്ള തത്ക്ഷണപ്രക്ഷേപണങ്ങളിൽ കൂടി സമയത്തെയും സ്ഥലത്തെയും നമ്മുടെ ഇച്ഛക്കൊപ്പം വളച്ചൊടിക്കുവാൻ തക്കവണ്ണം സമ്പർക്കമാദ്ധ്യമങ്ങൾ വളർന്നിരിക്കുകയാണ്

## ആധുനിക മനുഷ്യൻ സമ്പർക്ക മാദ്ധ്യമങ്ങളുടെ ഉൽപന്നം:

ആധുനിക മനുഷ്യൻ ആശയ സമ്പർക്ക മാദ്ധ്യമ ങ്ങളുടെ ഉൽപന്നം തന്നെ ആയി മാറുന്നില്ലേ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. അറിഞ്ഞോ അറിയാ തെയോ സമ്പർക്കമാദ്ധ്യമങ്ങൾ നമ്മെ സ്വാധീനിക്കുന്നു. പ്രഭാതത്തിൽ ഉണരുമ്പോൾ ഒരു കൈയിൽ കട്ടൻ കാപ്പിയും മറു കൈയിൽ ന്യൂസ്പേപ്പറും കണ്ണുകൾ രണ്ടും ടെലിവിഷനിലും ആയിരിക്കും. എവിടെത്തിരി ഞ്ഞാലും, റോഡിലും, കവലകളിലും, വാഹനങ്ങളിലും, ഓഫീസുകളിലും, എല്ലായിടത്തും നാം അഭിമുഖീ കരിക്കുന്നത് മാദ്ധ്യമങ്ങളെയാണ്. റോഡിന്റെ വശങ്ങ ളിലും, കവലകളിലും നിന്ന് നമ്മെ തുറിച്ചു നോക്കുന്ന സിനിമാ പോസ്റ്ററുകൾ, പരസ്യ പലകകൾ, കടകളിൽ നിരത്തിയിരിക്കുന്ന പല വർണ്ണത്തിലും നിറത്തിലും രൂപത്തിലുമുള്ള മാസികകൾ, റേഡിയോയിലും, ടി.വി യിലും നാം കേൾക്കുകയും കാണുകയും ചെയ്യുന്ന പരിപാടികൾ നാം അറിഞ്ഞോ അറിയാതെയോ നമ്മുടെ വ്യക്തിത്വത്തെയും ഇഷ്ടങ്ങളെയും അനിഷ്ട ങ്ങളെയും രൂപപ്പെടുത്തുന്നതിൽ പങ്കു വഹിക്കുന്നു. വിദ്യാഭ്യാസത്തിനും, വിനോദത്തിനും കാലാവസ്ഥ നിരീക്ഷണത്തിനും എല്ലാം നാം ഉപയോഗിക്കുന്നത് സമ്പർക്കമാദ്ധ്യമങ്ങളാണ്. അങ്ങനെ മനുഷ്യ വ്യക്തി ത്വത്തെ സ്വാധീനിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട ഒരു ഭാഗം സമ്പർക്ക മാദ്ധ്യമം കയ്യടക്കിയിരിക്കയാണ്.

## സഭയും സമ്പർക്ക മാദ്ധ്യമങ്ങളും:

സമ്പർക്ക മാദ്ധ്യമങ്ങളുടെ സ്വാധീനത്തെപ്പറ്റിയും അവയുടെ പ്രാധാന്യത്തെപ്പറ്റിയും സഭയ്ക്ക് ബോദ്ധ്യ മുണ്ടായിരുന്നു. രണ്ടാം വത്തിക്കാൻ കൗൺസിൽ സാമൂഹിക സമ്പർക്ക മാദ്ധ്യമങ്ങളെപ്പറ്റി 'ഇന്തർ മിറിഫിക്കാ' എന്ന ഡിക്രി പുറപ്പെടുവിച്ചിട്ട് കാൽ നൂറ്റാണ്ടിലേറെയായിരിക്കുന്നു. 'കൊമ്മൂണിയോ എത്ത് പ്രോഗ്രെസിയോ' എന്ന അജപാലക നിർദ്ദേശ സംഹിത പുറപ്പെടുവിച്ചിട്ട് രണ്ടു ദശകങ്ങൾ കഴിഞ്ഞിരിക്കുന്നു.

1990-ലെ ലോക സമ്പർക്ക മാദ്ധ്യമദിനത്തിൽ ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പ നല്കിയ സന്ദേശത്തിൽ ഇപ്രകാരം കാണുന്നു. "കൗൺസിലിൽ സമ്മേളിച്ച പിതാക്കന്മാർ ഭാവിയിലേക്കു നോക്കുകയും സഭ തന്റെ ദൗത്യം നിർവഹിക്കാൻ വിളിക്കപ്പെടാവുന്ന സാഹചര്യത്തെപ്പറ്റി പഠിപ്പിക്കുകയും ചെയ്തു. സാങ്കേതിക വിദ്യയുടെ പുരോഗതി ഭൂമുഖത്തെ പരിവർത്തനം ചെയ്യിച്ചു തുടങ്ങിയിരിക്കുന്നുവെന്ന് അവർ മനസ്സിലാക്കി. അതു ബാഹ്യാകാശത്തെപ്പോലും കീഴടക്കാൻ എത്തിപ്പിടിക്കുകയാണെന്നും അവർ ഗ്രഹിച്ചു. പ്രത്യേകിച്ച് സമ്പർക്കങ്ങളെ സംബന്ധിച്ച സാങ്കേതിക വിദ്യയുടെ വികസനങ്ങൾ പ്രത്യാഘാ തങ്ങളുടെ ശൃംഖലകൾ സൃഷ്ടിക്കുമെന്നും മുൻകൂട്ടി

www.malankaralibrary.com

കാണാനാവാത്ത അനന്തരഫലങ്ങൾ അവയ്ക്കുണ്ടാകുമെന്നും അവർ മനസ്സിലാക്കി". ഈ സംഭവങ്ങളുടെ പ്രധാന ധാരയിൽ നിന്ന് സഭ മാറി നില്ക്കണമെന്നോ സഭ തന്നെത്തന്നെ ഒറ്റപ്പെടുത്തണമെന്നോ കൗൺസിൽ പിതാക്കന്മാർ നിർദ്ദേശിച്ചില്ല. നേരെ മറിച്ച്, സഭ മാനുഷിക പുരോഗതിയുടെ മധ്യത്തിൽത്തന്നെയാണെന്നും മറ്റു മനുഷ്യരുടെ അനുഭവങ്ങളിൽ അവൾ പങ്കുകൊള്ളുകയാണെന്നും, അവയെ മനസ്സിലാക്കാനും വിശ്വാസത്തിന്റെ വെളിച്ചത്തിൽ വ്യാഖ്യാനിക്കാനും അവൾ പരിശ്രമിക്കുകയാണെന്ന് അവർ കണ്ടു. പുതിയ കണ്ടുപിടുത്തങ്ങളെയും സാങ്കേതിക വിദ്യകളെയും മനുഷ്യവംശത്തിന്റെ ഉപകാരത്തിനും ലോകത്തെ സംബന്ധിച്ച ദൈവിക പദ്ധതിയുടെ പൂർത്തീകരണത്തിനുമായി സർഗാത്മകമാംവിധം പ്രയോജനപ്പെടുത്തുക എന്നത് ദൈവത്തിന്റെ വിശ്വസ്ത ജനതയുടെ കടമയാണ്.... കംപ്യൂട്ടർ യുഗത്തിന്റെ മുഴുവൻ സാദ്ധ്യതകളെയും അതിനായി ഉപയോഗിക്കണം. ഓരോ വ്യക്തിയുടെയും മാനുഷികവും അതിഭൗതികവുമായ വിളിക്ക് സഹായമാകാനും അങ്ങനെ സർവ്വ നന്മകളുടെയും ദാതാവായ ദൈവത്തെ മഹത്വപ്പെടുത്താനും അവയെ ഉപയോഗിക്കണം.

**ആധുനിക മനുഷ്യൻ ആശയ സമ്പർക്ക മാദ്ധ്യമങ്ങളുടെ ഉൽപന്നം തന്നെ ആയി മാറുന്നില്ലേ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. അറിഞ്ഞോ അറിയാതെയോ സമ്പർക്കമാദ്ധ്യമങ്ങൾ നമ്മെ സ്വാധീനിക്കുന്നു. പ്രഭാതത്തിൽ ഉണരുമ്പോൾ ഒരു കൈയിൽ കട്ടൻകാപ്പിയും മറു കൈയിൽ ന്യൂസ്പേപ്പറും കണ്ണുകൾ രണ്ടും ടെലിവിഷനിലും ആയിരിക്കും. എവിടെത്തിരിഞ്ഞാലും, റോഡിലും, കവലകളിലും, വാഹനങ്ങളിലും, ഓഫീസുകളിലും, എല്ലായിടത്തും നാം അഭിമുഖീകരിക്കുന്നത് മാദ്ധ്യമങ്ങളെയാണ്. റോഡിന്റെ വശങ്ങളിലും, കവലകളിലും നിന്ന് നമ്മെ തുറിച്ചു നോക്കുന്ന സിനിമാ പോസ്റ്ററുകൾ, പരസ്യ പലകകൾ, കടകളിൽ നിരത്തിയിരിക്കുന്ന പല വർണ്ണത്തിലും നിറത്തിലും രൂപത്തിലുമുള്ള മാസികകൾ, റേഡിയോയിലും, ടി.വി യിലും നാം കേൾക്കുകയും കാണുകയും ചെയ്യുന്ന പരിപാടികൾ നാം അറിഞ്ഞോ അറിയാതെയോ നമ്മുടെ വ്യക്തിത്വത്തെയും ഇഷ്ടങ്ങളെയും അനിഷ്ടങ്ങളെയും രൂപപ്പെടുത്തുന്നതിൽ പങ്കു വഹിക്കുന്നു. വിദ്യാഭ്യാസത്തിനും, വിനോദത്തിനും കാലാവസ്ഥ നിരീക്ഷണത്തിനും എല്ലാം നാം ഉപയോഗിക്കുന്നത് സമ്പർക്ക മാദ്ധ്യമങ്ങളാണ്. അങ്ങനെ മനുഷ്യ വ്യക്തിത്വത്തെ സ്വാധീനിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട ഒരു ഭാഗം സമ്പർക്ക മാദ്ധ്യമം കയ്യടക്കിയിരിക്കയാണ്.**

മാദ്ധ്യമരംഗത്തെ അത്ഭുതാവഹമായ മാറ്റങ്ങൾ മനസ്സിലാക്കി അതിൽക്കൂടെ വേണം സഭ തന്റെ പ്രവർത്തനശൈലി രൂപപ്പെടുത്തേണ്ടത്. കൂടാതെ സഭ എപ്പോഴും ഓരോ കാലഘട്ടത്തിനും സംസ്കാരങ്ങൾക്കും പ്രത്യേകദേശങ്ങൾക്കും ജനതകൾക്കും ചേർന്ന വിധത്തിലാണല്ലോ തന്റെ സന്ദേശം കൈമാറേണ്ടത്. അങ്ങനെയെങ്കിൽ സഭ തന്റെ സന്ദേശം കൈമാറേണ്ടത് മാദ്ധ്യമ സംസ്കാരത്തിലും ആ സംസ്കാരത്തോടുമായിരിക്കണം. അപ്രകാരമുള്ള ഒരു ശൈലി ചിട്ടപ്പെടുത്തുവാൻ മാദ്ധ്യമങ്ങളെപ്പറ്റിയുള്ള അറിവ് സഭയ്ക്കുണ്ടായിരിക്കണം. മാദ്ധ്യമങ്ങളുടെ ലക്ഷ്യങ്ങൾ, പ്രവർത്തനരീതികൾ, രൂപങ്ങളും വിഭാഗങ്ങളും, ആന്തരികഘടനകൾ, മാതൃകകൾ എന്നിവയെപ്പറ്റി അറിയുവാനുള്ള താത്പര്യം സഭ കാണിക്കണം. ഈ രംഗത്ത് താത്പര്യവും കഴിവുമുള്ള വ്യക്തികളെ കണ്ടുപിടിച്ച് അംഗീകരിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യണം. കാലത്തിന്റെ മാറ്റത്തിനൊത്ത് സഭയുടെ പ്രവർത്തനശൈലിയും സമ്പർക്കരീതികളും മാറ്റുവാൻ തയ്യാറാകുന്നില്ലെങ്കിൽ നമ്മുടെ സന്ദേശങ്ങൾ ലക്ഷ്യസ്ഥാനത്ത് എത്തുകയില്ല. എത്തിയാൽ

www.malankaralibrary.com


ത്തന്നെയും കാലം ഏറെ വൈകും. അപ്പോഴേക്കും നാം ഏറെ പിന്നിലായി കഴിഞ്ഞിരിക്കും.

## മാദ്ധ്യമങ്ങൾ സുവിശേഷവൽക്കരണത്തിന്:

സുവിശേഷവൽക്കരണത്തിന് ഏറ്റവും ഫലപ്രദവും ശക്തികൂടിയതുമായ ഉപാധി മാദ്ധ്യമങ്ങളാണ്. ഓരോ നാടിന്റെയും പാരമ്പര്യങ്ങളും സംസ്ക്കാരങ്ങളും മനസ്സിലാക്കി അതനുസരിച്ച് സുവിശേഷവൽക്കരണത്തിലേക്കു പ്രവേശിക്കുവാൻ കഴിഞ്ഞെങ്കിൽ മാത്രമെ കാര്യക്ഷമമായി സുവിശേഷവൽക്കരണം നടത്തുവാൻ നമുക്കു സാധിക്കുകയുള്ളൂ. 'ബോറടി' വിളമ്പുന്ന നീളൻ പ്രസംഗങ്ങളെക്കാൾ സന്ദേശം ലക്ഷ്യത്തിലെത്തിക്കുവാൻ പറ്റിയ മാർഗ്ഗങ്ങൾ, കലാരൂപങ്ങളും ആധുനിക സമ്പർക്കമാദ്ധ്യമങ്ങളുമാണെന്നുള്ളത് നിസ്സംശയം പറയാൻ സാധിക്കും. ആശയങ്ങൾ ഉള്ളിൽ നിറഞ്ഞു കൂടിയാൽ മാത്രംപോരാ, നിറയുന്ന ആശയങ്ങളെ ഫലപ്രദമായി ജനഹൃദയങ്ങളിൽ എത്തിക്കണമെങ്കിൽ സമ്പർക്ക രീതികളെപ്പറ്റി ശരിയായി അറിഞ്ഞിരിക്കണം. പോൾ ആറാമൻ മാർപ്പാപ്പാ 'എവൻജേലി നൂൺഷിയാൻഡ്' എന്ന തന്റെ ലേഖനത്തിൽ ഇപ്രകാരം പറയുന്നു. "മാനുഷിക സാമർത്ഥ്യം അനുദിനം കൂടുതൽ പൂർണമാക്കിക്കൊണ്ടിരിക്കുന്ന സുശക്തങ്ങളായ മാദ്ധ്യമ ഉപാധികളെ ഉപയോഗിച്ചില്ലെങ്കിൽ സഭ കർത്താവിന്റെ മുൻപിൽ കുറ്റക്കാരിയായി കാണപ്പെടും". സാമൂഹ്യ സമ്പർക്കങ്ങളുടെ ലോകത്തിൽ സഭയുടെ ക്രിയാത്മകവും അനുഭാവപൂർവ്വകവുമായ സാഹചര്യങ്ങളിൽ വേണം ഇന്ന് സുവിശേഷ വൽക്കരണം നടത്തുവാൻ. സമ്പർക്കമാദ്ധ്യമങ്ങളെ വെറുതെ ഉപയോഗിക്കുകയെന്നല്ല ഇതിനർത്ഥം. പിന്നെയോ ആധുനിക സമ്പർക്ക മാദ്ധ്യമങ്ങൾ സൃഷ്ടിച്ച നവീന സംസ്ക്കാരവുമായി ആ സന്ദേശത്തെ സമന്വയിക്കുക എന്നതാണ് ആവശ്യം.

അത്ഭുതാവഹമായ മാറ്റങ്ങളാണ് സമ്പർക്ക മാദ്ധ്യമരംഗത്ത് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. എന്നാൽ ഈ രംഗത്ത് നാം ഇന്ന് വളരെ പുറകിലാണ്; പ്രത്യേകിച്ച് മലങ്കരസഭ. ഉറക്കത്തിൽ നിന്നു നാം സട കുടഞ്ഞ് എഴുന്നേൽക്കേണ്ടിയിരിക്കുന്നു. കാലത്തിന്റെ ചുവരെഴുത്തുകൾ മനസ്സിലാക്കി മാറ്റങ്ങൾ വരുത്തുവാനും പുതിയ രീതികൾ ഉൾക്കൊള്ളുവാനും നാം ശ്രമിക്കേണ്ടിയിരിക്കുന്നു.

www.malankaralibrary.com



പീറ്റർ സി. ഏബ്രഹാം

# ബഥനി

സർവ്വംത്യജിച്ചോരവധൂത സേവനം
കർമ്മ ത്യാഗത്തിന്റെ കാഷായ വേഷവും
ആദ്യാശ്രമാധിപാ, നിൻ ദീർഘദർശനം
സാർത്ഥമാകുന്നീ ബഥനി തൻ വീഥിയിൽ.

ഏഴരയോളം ദശാബ്ദമായിക്കർമ്മ
സൂര്യോജ്ജ്വല പ്രഭയെങ്ങും നിറയവേ
പർണ്ണാശ്രമത്തിൽ പ്രകാശിച്ചൊരാത്യാഗ
കാണ്ഡത്തെ ദർശിച്ചു കൈകൂപ്പി നിൽപ്പു നാം.

കാഷായ വേഷവും മൺചട്ടിയും ധ്യാന
ചിന്തയുമായ് സെറാംപൂരിലെ പ്രൗഢികൾ
ഒന്നുമല്ലെന്നുള്ളൊരാൾചിന്തയാലങ്ങു
നിർമ്മിച്ചൊരാശ്രമം കാനനം തന്നിലെ.


ദാരിദ്ര്യ നിഷ്ഠരാം സന്യാസികൾ ഗിരി
ദീപങ്ങളായ് ത്യാഗകർമ്മഹസ്തങ്ങളാൽ
ആലംബമറ്റോർക്കൊരത്താണിയായതും,
ജൂബിലിവർഷത്തിൽ നന്ദിയോടോർപ്പുനാം!

വേദസാരം പുറജാതികൾക്കോതുവാൻ
താപസാചാര്യൻ സുസജ്ജരാം ശിഷ്യരെ
ദേശമെങ്ങും പഠിപ്പിച്ചയച്ചതും
നല്ലോരടിത്തറയായ്ക്കണ്ടു നിൽപ്പുനാം.

ഇന്നീ ബഥനി തൻ സഞ്ചാരമാർഗ്ഗമാ
മുണ്ടൻ മലയിലേക്കെത്തട്ടെ ലക്ഷ്യമായ്
ആമാർഗ്ഗമേഴകൾക്കശ്രു നീരൊപ്പിടും
നിസ്വാർത്ഥ സ്നേഹ ചൈതന്യമാകട്ടിനി


മൺകുടിൽ വീണ്ടുമുണ്ടാക്കിയാചാര്യനായ്
ത്യാഗ ദീപത്തെ തെരഞ്ഞെടുത്താധ്യാന
ശക്തിതൻ പ്രാഭവമെങ്ങും പരത്തിടും
ശോഭയായെന്നും ബഥനീ, ജ്വലിക്കുക.

www.malankaralibrary.com



Fr. John Berchmans OIC,
Director, BVP

# About Bethany Vedavijnana Peeth



Bethany Vedavijnana Peeth (BVP) is the centre of Priestly formation of the members of the Order of the Imitation of Christ in Pune. It is a centre of higher education in Vedavijnana. After the deliberation at various levels, the name was finally chosen by the General Council of the Congregation on 22nd July, 1992.

Bethany Ashram, Pune, has a history going back to the midfifties of this centuary. Until then the OICs received their priestly formation in the seminaries of Kandy (Sri Lanka), Thiruchirappally (Tamil Nadu) and Aluva (Kerala). Due to the forsight of Cardinal Eugene Tisserant, the then prefect of the Congregation for Oriental Churches, the formation process of the OICs was boosted up. At his insistence and financial support, during his visit to the Malankara (Kerala) Church in December 1953, the decision was taken to have the Centre of priestly formation in Pune. Accordingly, the property was purchased from Mrs. Wilstrop, widow of an English Major. On 1 May, 1955, the centre was established in the bungalow there in known as Sun Set View.

The formation house at Pune brought

www.malankaralibrary.com

all the members of the Congregation in priestly formation under one roof. For a small Congregation like the OIC, this was found highly beneficial. Only by way of exception, a few of our Fathers had their Priestly formation either fully or partially in other Seminaries.

Bethany Ashram, Pune, right from the beginning, functioned as an integral part of the Pontifical Athenaeum, the fore-runner of today's Jnana Deepa Vidyapeeth (JDV). Though one with JDV in all matters academic, the members of the Ashram had always tried to preserve their identity in matters of ecclesial and spiritual tradition. After Vatican II, the concept of the Church as a living communion of various Individual Churches began to emerge, the Malankara Church, though small, began to be recognised and acknowledged as an Individual Church in India. The members of the OIC were urged to act as the thinking cell during the intraritual debate among the three Catholic Churches in India. The priestly formation of its members were to be adapted to the exigencies of an emerging and expanding Malankara Church to all the big cities of India and beyond.

To respond positively to this felt need, a study programme for the members of OIC was finalised by its General Council, and submitted to the authorities of JDV for approval. The approval was readily granted on 25 June, 1983, and the programme was accredited to the JDV Faculty of Theology. This experiment was similar in intent to the various "regional theologates", as tried in different regions by different groups in the country. It was known as OIC Extension Centre. After functioning as an Extension Centre for 9 years, the OIC's study programme was upgraded in 1992, under the new name of Bethany Vedavijnana Peeth.

To cater to the needs of the apostolates of the OIC's the BVP has to keep a double orientation, the one oriental and the other Indian. Even as deeply rooted in the Malankara Traditions the OICs cannot close their eyes to the ground realities of the Church in India. In fact, one major contributing factor for the Malankara Church being known and understood by the Christians outside Kerala is the presence of Bethany Ashram on the JDV campus, Pune, where people from all regions and cultures of the country meet. On the other hand, the Malankarites cannot be oblivious of the traditions through which faith has been transmitted to them. The malankarites are at times accused of prepetuating an imported rite. Christian faith and the media of its communication, seems to have maintained a character that is foreign to human nature, and to the cultural milieu that is congenial to man. Jesus' incarnation in any culture imprints an element of extraneity on that culture. This is in keeping with the very nature of incarnation. "The word became flesh and dwelt among us". Ecclesial life was communicated to the Malankara Church, like any other ecclesial community, through the media of specific liturgical, spiritual and historical traditions. BVP is supposed to be the locus of serious reflection on these traditions.

www.malankaralibrary.com

The double orientation of the OIC towards the Indian and Oriental Tradition make BVP a joint venture. Hence, our students take the courses in Sacred Scripture, Morals, Indian and Social studies from JDV. Those courses more related to the Malankara traditions, like Liturgy, sacraments, Canon Law, Spirituality, Church History and courses in Systematic Theology like Ecclesiology and related topics. Eucharist, Pneumatology and Mariology are provided by BVP.

In determining the volume of courses a BVP student has to take the credit system of JDV is not the norm. All courses offered by BVP are basic to its students. The basic courses in JDV, other than those offered by BVP too are basic to them. Courses on behavioral sciences may be attended at the student's own choice, but they cannot substitute the basic course either of JDV or BVP.

Courses on Indian Religions or Social Sciences offered in the Faculty of Theology of JDV are optional for BVP students, but they are basic for their B. Th comprehensive examination.

By way of an internal arrangement, it is understood that the volume of studies to be made by a BVP student shall not be too high nor too low in comparison with the JDV requirements. The Director of BVP is the authority judging this subject in consultation with its prefect of studies. All the requirements for B. Th including the paper, are to be completed before 31 March, of the third year of B. Th. B. Th exams of BVP students are conducted in the fourth year of Theology in the month of October, by a board of three Professors; one from JDV designated by the Dean of the Faculty of Theology and two from BVP designated by the Director of BVP.

## Staff

We are fully aware of the realism in the saying "as the Guru so the Sishya". For the success of a project like Bethany Vedavijnana Peeth, the availability of a competent staff is decisive. For the subjects offered by BVP, there are two resident Professors. The other subjects are offered by visiting Professors who take regular turns to handle their respective subjects. It is a matter of great joy to note that four of our Fathers are training themselves in various centres of study to join the BVP staff.

## Library

The BVP is setting up a library, specialising in Oriental Theology and Ecumenism. Volumes of Syriac Patrology, Orientalia Christiana Analecta and Periodica, 400 volume of Corpus scriptotum Christianorum orientalium and some 4000 volumes of Catholic as well as Orthodox modern theologians are already




B.V.P Library

www.malankaralibrary.com

available in its Library. Some 20 modern periodicals specialising in Oriental Theology and Ecumenism are the most important of the recent acquisitions of the BVP library. Such a collection of related literature is by itself a strong plea to our students to delve deep into the riches of our traditions. BVP throws open to its staff and students a great challenge and a rich opportunity, a challenge not only to learn theology but to produce a theology that is useful and necessary, for the Malankara Church. Theology is not mere repetition of the credal formulas of faith when it is done in a masterly form, but the result of a personal reflection on the faith received. The theology that is needed for the Malankara Church would be the result of a personal reflection, on its liturgy, spirituality and its ecclesial life as a whole. Such a theology can evolve only from an ongoing process of reflection, dialogue and even debate among all concerned. BVP is all set for flagging off such a process.

www.malankaralibrary.com



Dr. Anniyil Ninan Tharakan

# Ethics of Peace in a World of Violence:

## A Perspective from India

Ethics of Peace in a World of Violence, the theme of the Seventeenth World Congress of 'Union Catholique Internationale De La Presse' scheduled for September 1995 in Graz, Austria, calls for wide-ranging reflections on the supreme effectiveness of peace as the only alternative to the violent world of today. The survival of mankind and "the progress of history", as the Synod Document of the Church on Justice in the World argues, are possible to the extent human beings succeed in saving today's conflict-ridden world by the ethics of peace. This is the profound secret which the Indian sages taught as far back as the Vedic times and Mahatma Gandhi effectively translated into action in modern times. Gandhi harnessed the force of peace and non-violence into a powerful political weapon to fight the British regime in his struggle for India's independence. It is intriguing to note that Jawaharlal Nehru's concept of Panch Sheel, a set of five guiding principles of the nation's foreign policy, which he enunciated in 1954 as the first Prime Minister of India, reflect India's traditional discourse on peace.

Traditionally Indian philosophers employed the Sanskrit word shanti to refer to peace and interpreted it at different levels of meaning. In the Vedas dating as far back as 2500 B.C., the sages visualise peace as a cosmic blessing on man's life on earth and see it as central to the Vedic experience. It is the profoundest gift of the gods "on which all other gifts depend if they are to be real blessings for man", to quote Raimund Panikkar. Which is why the shanti mantra or the invocation of peace is essential to the Vedic experience. Shanti is invoked at the beginning of every religious rite and the threefold prayer: OM Shanti, Shanti, Shanti

www.malankaralibrary.com

is the refrain of all the prayers and sacrifices.

Shanti is seen as the divine energy permeating both man and the whole of the universe-the heaven and the earth with its animals, plants, the air, water and other natural resources. One such profound vision of peace is seen in Atharva Veda. In the nineteenth hymn of the text, the Vedic sage expresses, in exquisitely beautiful verses, the reality of peace that binds both man and the universe-:

Peaceful be heaven, peaceful the earth,
Peaceful the broad space between.
Peaceful for us be the running waters,
Peaceful the plants and herbs:
Peaceful to us be the signs of the future,
Peaceful what is done and undone,
Peaceful to us be what is and what will be,
The Supreme Goddess, Word, inspired by Brahman
By which the awe-inspiring is created
Through it to us be peace.
These five sense organs, with the mind as the sixth,
Within my heart, inspired by Brahman,
By which the awe-inspiring is created,
Through them to us be peace.
Peace be to earth and the airy spaces,
Peace be to heaven, peace to the waters,
Peace to the plants and peace to the trees,
May all the Gods grant to me peace,
By this invocation of peace may peace be diffused!
By this invocation of peace may peace bring peace.

The Vedas are the earliest religious heritage of India which the Aryans brought with them when they invaded India in about 2500 B.C. They were a nomadic war-like people who offered sacrifices to the gods to invoke blessings upon their life and nature. They defined shanti as harmony that should bind man and his environment leading to prosperity and renewal.

Since the Vedas are only the beginning of speculation, it is not possible to construct out of it a proper concept of shanti. It is in the cosmogonic intuitions of the Upanishads (800 B.C) that one finds the deepest vision of peace in Indian thought. The Upanishads visualises peace as the ultimate reality which one achieves through a transcendental yogic experience of the non-duality of the Self and the objective world. The shanti sloka (peace-verse) of the Isavasyopanishad tersely explains the relation of the Self to the supreme reality. All things on earth are marked by an indwelling spiritual Self which the Upanishads calls the Brahman or the Atman. The Brahman is the ultimate spiritual ground of the universe and it penetrates all inanimate things. The Atman is the ultimate spiritual consciousness or the Self that dwells in all living beings. Liberation or mukti in Indian thought is the transcendental experience of oneness which one, like Hermann Hesse's Siddhartha, has to seek through an endless cycle of birth and death. The man who experiences the identity of the Self with the ground of the external existence attains shanti or peace. Peace in such a view is the ultimate reality of the Brahman and is at once an experience of saccidananda - the fullness of being (sat), consciousness (cit), and bliss

www.malankaralibrary.com

(ananda). Shanti, therefore, arises out of the fundamental principle of unity between the ultimate divine Self and the universe, a teaching central to the Upanishads and is often summed up in its philosophical intuition -- Tat Tuam Asi (You Are That).

It is interesting to note that, so far as the notion of peace is concerned, all subsequent religious texts of India such as the Yoga Sutras, the Samkya, the Bhagavad Gita, and the Buddhist teachings are nothing but variations on the Upanishadic intuitions. The Gita(500 B.C), which is a synthesis of the Vedas, the Upanishads, and other religious discourses, teaches that peace is identical with the divine Self of Krishna. The twelth verse of the twelth chapter of the Gita expounds that peace is achieved when one renounces the fruits of action:

Knowledge is better than practice,
Meditation is better than knowledge,
Renouncing the fruit of action
is better than meditation,
Peace immediately follows such
renunciation.

That detachment from the fruits of action leads to the extinction of all desires and thereby to lasting peace is taught by the Buddha. In his discourse to his disciple Ananda, he asks the latter to name the effect of contemplation on extinction. Ananda remarks: "This is the peace, this is the sublime, namely the coming to rest of all Karma formations, the abandoning of all substrata of existence, the vanishing of craving, extinction. "Desire is the cause of all sufferings and the process of extinction of all desires leads to final stasis, the cessation of all activities, or Nirvana - an idea which influenced Arthur Schopenhauer to expound the concept of Will in Die Welt als wille und Vorstellung as the thing-in-itself and the ultimate ground of all sufferings. In a remarkable passage of unparalleled beauty, the Buddha invokes peace to embrace the entire universe. As recorded in Sutta Nipata, he says:

May creatures all abound in weal
and peace;
May all be blessed with peace always;
All creatures weak or strong,
All creatures great and small,
May all be blessed with peace.
Just as with her own life a mother
Shields from hurt her own, her only
child,
Let all-embracing thought for all that
lives be thine;
All all-embracing love for all the
universe
In all its heights and depths and breadth,
Unstinted love, unmarred by hate within.

The concept of violence as an unjust or unwarranted exertion of force in order to subjugate others to the will of an agent, be it an individual or a group or state, is not seen in India's traditional thought. Peace as a summation of values and ethical principles to resolve violent conflicts in society does not occupy the psyche of India's traditional thinkers. India's ancient philosophers were contemplatives living in forests and caves. They meditated on the metaphysics of shanti as the ultimate

www.malankaralibrary.com

reality into which one is absorbed following an endless cycle of birth and death. They were more concerned with liberation of the individual self from the world of maya-the illusory phenomenon of day to day existence. In their view, conflict or violence is the result of the experience of duality. So long as one is in the world of maya, one tends to mistake the unreal for the real. This state of avidhya or ignorance is the root cause of conflicts. However one can see that the Hindu concept of dharma (defined as cosmic order enjoining the performance of one's duties) proffers ethical principles of concord and coexistence as a way of living in peace. The closing hymn of the Rig Veda foreshadows an ethical application of peace to resolve discord:

Come together, speak together,
And let your minds be all of one accord.
A common purpose I lay before you
And worship with your own oblation.
One therefore and the same be your resolve,
And be your minds of one accord.
United be the thoughts of all
That all may happily agree.

In the modern world, the ambience of violence widens as it takes numerous forms. On the psychological level, as Fulton Sheen has ably shown in Peace of Soul, modern man is breaking up into pieces with psychosis of fear and conflict. Peace has eluded him like an oasis in a wasteland. Existentialist philosophers like Sartre and Camus have made much of modern man's metaphysical anxiety and alienation in their writings. Kierkegaard has framed his discourse on angst, and Heidegger has gone to the extent of saying that Daseinist sorge - "Self existence is worry". Karl Marx celebrates violence and views it as a necessary factor in the dialectics of social change.

On the economic and the social front, violence takes the form of economic exploitation, the violation of fundamental human rights, religious intolerance, apartheid, violence against ethnic communities and women, terrorist-assaults and, to cap it all, the fear of a nuclear holocaust. In such a world of brutalisation, peace is offered as the only alternative for the survival of mankind. Peace in this context is seen as the upshot of a just social order enabling all to live in their society as equal citizens and in perfect accordance with the dignity of the human person. It is perceived as "the order of community life based on justice", as St. Thomas Aquinas would define it. This is the quintessence of Pope John XXIII's well-known encyclical Pacem in Terris. In the opening part of the encyclical, the Pope envisions peace as the inevitable outcome of a just order that should bind man's relation with each other. "Peace on earth, which men of every era have most eagerly yearned for, can be firmly established only if the order laid down by God be dutifully observed".

The notion of peace as inextricably linked with a just order of society is a Christian contribution. Such a view envisages that all men have equal opportunities to develop their moral, spiritual, intellectual, and physical powers; that society be structured in such a way as to protect the

www.malankaralibrary.com

weak and the less privileged. The perception of peace as the necessary condition and the source of socio-economic, cultural and moral, progress in society at large will develop in Indian discourse with the emergence of Mahatma Gandhi on the national scene.

Gandhi has taught so emphatically as never before that peace will prevail only when justice is done to the poor and the lowly. Though Ramakrishna enjoined upon his disciples to do everything to alleviate the sufferings of the poor, and Vivekananda took up his master's call seriously by reinterpreting the religious philosophy of karma which stood in the way of reaching out to the sorrowful, it was Mahatma Gandhi who built into his philosophy the love of the neighbour as an important tenet. Karma is the baneful effect of action performed in this illusory world of maya and, consequently, every person who lives in this contingent world of change is subject to suffering and sorrow. One has to be left alone to suffer the bondage of his action and, consequently, go through an endless cycle of birth and death before one can cut the knot of karma and be absorbed into the centrality of the Self. It was Gandhi who broke with the consequences of this traditional philosophy of India and argued that the sufferings of the poor were not willed by God.

Gandhi aimed at sarvodhaya - the rise or welfare of all, irrespective of their caste or creed. Gandhi identified himself with the poorest and the lowliest of India and fought to remove the sufferings of the underdog and, in this, he was deeply influence by the teachings of Christ especially the Sermon on the Mount. So deep was the impression which the figure of Christ, nailed on the Cross as a ransom for the sins of the world, which he saw in the Sistine Chapel at Rome, left on Gandhi. He says: "The image of Jesus Christ which I saw in the Vatican at Rome is before my eyes at all times. The body was covered only by a small piece of cloth such as is worn by the poor in our villages". He sees Christ as the symbol and the incarnation of the poor of India, the hungry and the ill-clad. He sees in Him the Man of Sorrows whose sorrow could be the sorrow of India.

Gandhi's concept of peace is supported by his integral philosophy of Satya (Truth), Ahimsa (Non-violent love), and Tapasya (Self- suffering). Gandhi perceives Truth as the ground of being and non-violent love as the means to attain to it. To practise non-violent love, Gandhi has argued that one has to purify oneself by undertaking self-suffering. In this, as in much else, he was attracted by Christ's example of suffering for the love of others. He writes: "Living Christ means a living Cross; without it, life is a living death". He called himself a satyagrahi, one who is committed to Truth, and honed the notion of satyagraha (adherence to Truth) as a weapon to fight injustice both in South Africa and India. He holds that only a person who treads the path of non-violence and attains Truth will find peace. To quote his own words: "The way of peace is the way of Truth. A truthful man cannot long remain violent. He will per-

www.malankaralibrary.com

ceive in the course of his search that he has no need to be violent, and he will further discover that, so long as there is the slightest trace of violence in him, he will fail to find the Truth he is searching for. My task as a lover and promoter of peace, therefore, today consists in unflinching devotion to non-violence in the prosecution of the campaign for regaining our liberty. And if India succeeds in regaining it, it will be the greatest contribution to the world peace".

Gandhi's political disciple Jawaharlal Nehru, first Prime Minister of India, based his political vision of India's long traditions of tolerance and peace when he formulated the Panch Sheel to be the guiding principles of India's foreign policy. The five principles are mutual respect for each other's territorial integrity and sovereignty, mutual non-aggression, non-interference in each other's internal affairs, equality and mutual benefit, and peaceful coexistence. Though Nehru's Panch Sheel did not work effectively in its practical applications, it certainly expressed the collective desire of the Indian polity for non-violence and peace. In the long run, it gave the Non-aligned Movement its ideological base for defining the relations between States.

Today India is passing through a crisis with violence baring its fangs. Terrorist-assaults on innocent people in Kashmir, ethnic uprising in North East India, communal divide between Hindus and Muslims leading to the demolition of the Babri-Masjid Mosque at Ayodhya, and the Dalit (suppressed classes) Movement in Uttar Pradesh and other States have marred India's traditions of peace and non-violence. And yet one notes that India with its long history of resilience will withstand the current unrest. For India sustains itself by a rhythm that underlies its soul as Siva does the universe by the rhythm of his dance. It is kept together by an underlying order that derives its strength from age-old intuitions of shanti transmitted to posterity by the sages of its past.

To include, peace in Indian thought is an interior reality to be sought in the ultimate spiritual Self of man. Extreme emphasis upon the unity of all things, animate and inanimate alike, is the keynote of Indian thought. At the highest level of experience, the distinction between the seeker and the thing sought disappears. So much so, the quester is absorbed into the centrality of the Self and the Self itself is peace or shanti. This search for peace in traditional Indian scriptures is thoroughly individualistic. But peace is extended to all forms of life because all manifestations of life in the objective world are marked by the spirit called the Brahman which is the ultimate source of peace. The man who realises his personal Self realises the spirit of the objective world, too. The experience of peace on the part of a Hindu is an experience of oneness binding his self to the universe, of peace which underlies the personal Self and the world alike.

This Hindu view of peace is analogous, atleast to some extent, with that of the Christian perception of peace in that Christian theology, too, teachers that peace is a spiritual reality bound up with God.


www.malankaralibrary.com

St. Paul teaches that peace is Christ himself. He writes in his epistle to Ephesians that "He is our peace, who has made us both one and has broken down the dividing wall"(2:14). Christianity teaches that peace is to be sought in the will of God. E'nla sua voluntate e nostra pace, as Dante remarks in Paradiso, is central to the Christian experience.

But the difference between the Hindu view of peace and the Christian is far more pronounced than appears on the surface. In Christianity, peace is not an immanent reality which one can seek out on one's merits. It is a gratuitous gift which God bestows upon his people. It is part of the design of God. And what is more, it is not a reality which can be exhaustively experienced in this world but "an eschatological goal" (Karl Rahner) to be attained in all its plenitude at the end of the times. The most significant difference is that peace in Christian theology is never a blessing given solely to the individual but always to the community redeemed in Jesus Christ. As Rahner puts it: "In Scripture peace is simply the gift of God himself to men; as such it was promised to the chosen people in the Old Testament and brought to the world by Jesus Christ. "This communitarian aspect of peace is absent in Hindu soteriology.

Shanti is one the profound intuitions in Indian thought. In the Upanishads, the human soul's quest for lasting peace with the ultimate Self and the world is worked out with extraordinary intensity. The message of Shanti which the Hindu scriptures have bequeathed to mankind is unsurpassed in its beauty and sweep of vision.

www.malankaralibrary.com



ഫാ. ഗബ്രിയേൽ. ഒ. ഐ. സി.

# QUO VADIS ?
## (ക്വോവാദിസ്)

പീഡനങ്ങളിൽ നിന്നും രക്ഷപെട്ട് ഭയന്നോടുന്ന പത്രോസിനെതിരെ കുരിശു ചുമന്നു വരുന്നതായി കണ്ട യേശുവിനോട് പത്രോസ് ചോദിച്ചു: 'കർത്താവേ, അങ്ങ് എങ്ങോട്ടു പോകുന്നു?' യേശു പ്രതിവചിച്ചു: 'നിനക്ക് പകരം ക്രൂശിതനാവാൻ', സംഭവമാകാം, ദർശനമാകാം, കഥാകൃത്തിന്റെ ഭാവനയാകാം. ഏതായാലും, നീ എങ്ങോട്ട് പോകുന്നു എന്ന ചോദ്യം ഏവർക്കും എപ്പോഴും പ്രസക്തമാണ്. വഴിയിൽ വച്ചു കണ്ടു മുട്ടുന്ന സ്നേഹിതരോട് നമ്മുടെ സാധാരണ കുശലാന്വേഷണവും അതു തന്നെയാണല്ലോ.

ബഥനിയുടെ പ്ലാറ്റിനം ജൂബിലി ആഘോഷിക്കുന്ന ഈ വേളയിലും, ബഥനി എങ്ങോട്ട് എന്നതിനെപ്പറ്റി ചില ആശയങ്ങൾ സഹോദരബുദ്ധ്യാ പങ്കുവയ്ക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ബഥനിയുടെ അഭ്യുദയകാംക്ഷികളും ഇതിൽ തല്പരരായിരിക്കുമല്ലോ. പ്ലാറ്റിനം ജൂബിലിയിൽ നിന്ന് ശതാബ്ദിയിലേക്ക് നീങ്ങുന്ന ബഥനിയ്ക്ക്, നേരായ ഒരു ചൂണ്ട് പലക നാട്ടുവാൻ, കൂട്ടായയത്നത്തിന് ആഹ്വാനമായി ഇത് ഭവിക്കുമെങ്കിൽ ഏറെ നന്ന്.

### മാർ ഈവാനിയോസിന്റെ ബഥനി:

ഭാരതത്തിൽ സുവിശേഷ പ്രഘോഷണം നടത്തുകയെന്ന പ്രഥമവും പ്രധാനവുമായ കടമനിർവ്വഹിക്കുന്നതിൽ, മലങ്കര സഭ കാട്ടിയ അനാസ്ഥയുടെ പാപ ഭാരം എത്രയോ ഭയങ്കരമെന്നു കാണിച്ച്, യേശുവിന്റെ ആത്മാവ്, അവിടുത്തെ തിരു ഹൃദയത്തിന്റെ വേദന മാർ ഈവാനിയോസ് പിതാവിന്റെ അന്തരംഗത്തിൽ പകർന്നു കൊണ്ടിരുന്നു. അദ്ദേഹത്തിന്റെ ഉള്ളം അസ്വസ്ഥമായി. ആ പാപ ഭാരത്തിന് സമ്യക്കായ പരിഹാരം തേടി, ആ തീഷ്ണമതി ദിന രാത്രങ്ങൾ പ്രാർത്ഥനയിലും ഉപവാസത്തിലും ജാഗരണത്തിലും കഴിച്ചു കൂട്ടി. വ്യക്തമായ ദർശനം ലഭിക്കുന്നതുവരെയും തന്റെ വ്രതവും തപസ്സും തുടരുക തന്നെ ചെയ്തു. ഒരേകാന്തപ്രേഷിതനോ സർവ്വസംഗ പരിത്യാഗിയായ സന്യാസിയോ ആകാനല്ലായിരുന്നു, അദ്ദേഹത്തിന് കൈവന്ന ദിവ്യപ്രചോദനം; പ്രത്യുത, സമർപ്പിതമായ ഒരു സന്യാസിസമൂഹത്തെ വാർത്തെടുക്കാനായിരുന്നു.

വിശാല ഭാരതത്തെയും അവിടെ നിറഞ്ഞു നിൽക്കുന്ന ആദ്ധ്യാത്മികതയെയും മതാത്മക വൈരുദ്ധ്യങ്ങളേയും അദ്ദേഹം മുന്നിൽ കണ്ടു. അവിടേയ്ക്കു സ്വർഗ്ഗീയ സുവിശേഷത്തിന്റെ ദൂതന്മാരും ദൈവിക ജീവിതത്തിന്റെ തീനാളങ്ങളുമായി, യാതനകളുടെയും പ്രാതികൂല്യങ്ങളുടെയും മദ്ധ്യേ സ്ഥിരചിത്തരായി, യേശുവിനോടുകൂടി

www.malankaralibrary.com

മുന്നേറുന്ന സമർപ്പിതരായ സന്യാസിവര്യരെ അദ്ദേഹം വിഭാവന ചെയ്തു. യേശുവിൻെറ മനസ്സറിഞ്ഞ്, യേശുവിൻെറ മനോഭാവം ഉൾക്കൊണ്ട്, അവിടുത്തെ ഉപദേശങ്ങളെ അനുവർത്തിച്ച്, അവിടുത്തെ ജീവിതത്തെ നിഷ്ഠയോടെ അനുകരിച്ച്, തന്നെയും തൻെറ സന്യാസി സമൂഹത്തെയും അദ്ദേഹം ദൈവത്തിനു സമർപ്പിച്ചു.

ഏറ്റം ലളിതമായ ജീവിതം, ദാരിദ്ര്യത്തിൽ സംതൃപ്തി, അദ്ധ്വാനത്തിൽ സന്തുഷ്ടി, പ്രാർത്ഥനാ ധ്യാനങ്ങളിൽ ആനന്ദം, സ്നേഹത്തിൻെറ ശുശ്രൂഷകളിൽ ആത്മ നിർവൃതി, സുവിശേഷ പ്രഘോഷണങ്ങളിൽ വ്യഗ്രത, എന്നിവയോടുകൂടി ഭാരതീയ സന്യാസത്തിൻെറ അന്തസ്സത്തയേയും നിഷ്ഠകളേയും അദ്ദേഹം ആദര പൂർവ്വം സ്വീകരിച്ചു. ജീവനും ചൈതന്യവും പ്രസരിച്ചു കൊണ്ടിരുന്ന ആ സന്യാസി സമൂഹത്തിന്, സഭയെ ആകമാനം തട്ടിയുണർത്താനും, പ്രവർത്ത്യുന്മുഖ മാക്കാനും, ദൈവകരം കൂടെയുണ്ടായിരുന്നു. "ഉണരുക, മലങ്കരസഭയേ, ഉണരുക; വിശാല ഭാരത ത്തിലേക്ക് നോക്കുക", ഇതായിരുന്നു ബഥനിയുടെ സന്ദേശം. ചരിത്രത്തിൻെറ ഗതിവിഗതികളിലൂടെ, എഴുപത്തിയഞ്ച് വർഷത്തെ ദീർഘപ്രയാണത്തിൻെറ പരിസമാപ്തിയിൽ, ആ സന്യാസി സമൂഹം എവിടെ നിൽക്കുന്നു, എങ്ങോട്ടു പോകുന്നു എന്ന് ചിന്തിക്കാം.

## ബഥനിയും പുനരൈക്യപ്രസ്ഥാനവും

സുവിശേഷത്തിലെ 'പാറപ്പുറത്തുവീണ വിത്തിനെപ്പോലെ, വേരിറങ്ങുമ്പോഴേ കരിഞ്ഞു പോകാനിടയാകാതിരിക്കുന്നതിനായി, അത് മുളച്ചുവന്നപ്പോൾ തന്നെ, ആ സ്വർഗ്ഗീയ കർഷകൻ ബഥനിയെ നല്ല വളക്കൂറും മണ്ണാഴവുമുള്ള തൻെറ നല്ല നിലത്തിലേക്ക് പറിച്ചു നട്ടു. അത് സ്വർഗ്ഗത്തിലും ഭൂമിയിലും 'ഹാലേലുയ്യ' ഗീതങ്ങൾ മുഴക്കിയ ഒരു വലിയ സംഭവമായിരുന്നു. ദൈവത്തിൻെറ കരുണയുടെ വലിയ അത്ഭുതം; പുനരൈക്യപ്രസ്ഥാനം ബീജാവാപം ചെയ്യപ്പെട്ടു. സ്വാഭാവികമായും പുനരൈക്യ പ്രസ്ഥാനത്തെ വളർത്തി പോഷിപ്പിക്കുക, ബഥനി മക്കളുടെ വിളിയും കടമയുമായി.

## പുനരൈക്യപ്രസ്ഥാനത്തിൻെറ ജൈത്രയാത്ര:

ഇന്ന് പുനരൈക്യപ്രസ്ഥാനം, അതിൻെറ ശൈശവദശയും കൗമാരപ്രായവും താണ്ടി, യുവത്വത്തിലേക്ക് കടന്ന്, ഓജസ്സോടും പ്രൗഢിയോടും, ജനമദ്ധ്യേ ശോഭിക്കുന്നു. അവളുടെ ദൗത്യം വിജയ കരമായി പൂർത്തിയാക്കുവാൻ, ഐക്യത്തിൻെറ ദൈവം സംഗതിയാക്കട്ടെ. അനതിവിദൂര ഭാവിയിൽ, 'പിതാവേ, നാം ഒന്നായിരിക്കുന്നതുപോലെ, ഇവരും നമ്മിൽ ഒന്നായിരിക്കണമേ'യെന്ന നമ്മുടെ കർത്താവിൻെറ പ്രാർത്ഥന, മലങ്കര മക്കളെ സംബന്ധിച്ചിട ത്തോളമെങ്കിലും സാർത്ഥകമാക്കാൻ, സ്വർഗ്ഗസ്ഥ പിതാവ് അനുഗ്രഹിക്കട്ടെ. സ്വാർത്ഥമോഹങ്ങൾ വെടിഞ്ഞ്, ദൈവഭയത്തോടും നന്മയോടും, കർത്താവിൻെറ പ്രാർത്ഥന തങ്ങളിൽ നിവർത്തി തമാകാൻ, ദൈവ സമക്ഷം സ്വയം സമർപ്പിക്കു ന്നവർക്ക്, നീതിമാനായ അവിടുന്ന്, പുനരൈക്യ ത്തിൻെറ ഈ മഹദ്ദാനം നിഷേധിക്കയില്ല. അതു പൂർണ്ണമായും നിവൃത്തിയാകുന്നതുവരെ, പുനരൈക്യ പ്രസ്ഥാനത്തിന്, അതിൻെറ യത്നത്തിൽ മന്ദ തയ്ക്കോ, അതിൻെറ പ്രയാണത്തിൽ സാവകാശ ത്തിനോ, ഇടം നല്കാനാവില്ല.

പുനരൈക്യ പ്രസ്ഥാനത്തിൻെറ വളർച്ചയുടെ അളവുകോൽ, ഐക്യത്തിൻെറ പാതയിലൂടെയുള്ള അതിൻെറ പുരോഗമനമാണെന്നുള്ളത് വിസ്മരി ക്കാവതല്ല. കാലാകാലങ്ങളിൽ പുഷ്പിക്കുകയും ഫലങ്ങൾ പുറപ്പെടുവിക്കുകയും ചെയ്യുന്ന വൃക്ഷം, പിന്നെയും വളർന്നുകൊണ്ടിരിക്കുന്നതുപോലെ, പുനരൈക്യപ്രസ്ഥാനമെന്ന കല്പകവൃക്ഷം, അതിൻെറ തീവ്രതയിലും മാനങ്ങളിലും, ഇനിയും അധികമധികം വളർന്നുകൊണ്ടിരിക്കണം. ഒന്നിപ്പിക്കുന്ന, ഐക്യപ്പെടുത്തുന്ന പ്രക്രിയയിൽ കൂടെ വളരണം; പുനരൈക്യപ്രസ്ഥാനത്തിൻെറ പരമലക്ഷ്യം അതാണല്ലോ. ഇതിനായി സമർപ്പിതമായ അഭിഷിക്ത നേതൃത്വവും, അപ്പസ്തോലചൈതന്യം പ്രസരിക്കുന്ന വൈദികരുടെയും അല്മായ പ്രേഷിതരുടെയും ശക്തമായ മുന്നണിയും, ലക്ഷ്യപ്രാപ്തിയുടെ വാഗ്ദാനമാണ്.

www.malankaralibrary.com

## ബഥനിയുടെ 'നല്ല പങ്ക്'

ലോകം മുഴുവൻ തന്റെ സുവിശേഷം അറിയിക്കുവാൻ അപ്പസ്തോലന്മാരെ ചുമതലപ്പെടുത്തുന്നതിനുമുമ്പ്, നമ്മുടെ കർത്താവ് അവരെ ആദ്യമായി അയച്ചത്, 'ഇസ്രായേൽ വംശത്തിലെ നഷ്ടപ്പെട്ടുപോയ ആടുകളുടെ അടുത്തേക്ക് പോകുവിൻ' എന്ന് കല്പിച്ചായിരുന്നുവല്ലോ. ബഥനിയുടെ പ്രാരംഭ നാളുകളിലും, ഭാരത സുവിശേഷവത്ക്കരണത്തിനുള്ള യജ്ഞത്തിന്, മലങ്കര സഭയെ ഉണർത്തുകയും, ആദ്ധ്യാത്മികമായി ഒരുക്കുകയും ചെയ്ക, അടിസ്ഥാന പരമായ ആവശ്യമായി, മാർ ഇവാനിയോസ് പിതാവ് കണ്ടിരുന്നു. തന്റെ സന്ന്യാസി സമൂഹം, ആദ്യമായി സാധിക്കേണ്ടത് അതായിരുന്നു.ഇവയ്ക്കായി സ്ഥാപിതമായ, മിശിഹാനുകരണസന്ന്യാസി സമൂഹത്തിന്റെ ആശ്രമങ്ങൾക്ക് 'ബഥനി' എന്ന നാമം സ്വീകരിക്കുവാനുണ്ടായ പ്രചോദനം, അദ്ദേഹം വിവരിക്കുന്നുണ്ടല്ലോ. യേശുവിനോട് വ്യക്തിപരമായ സ്നേഹത്തിൽ ലയിച്ച ബഥനിയിലെ മറിയത്തെ, തന്റെ സന്ന്യാസി സമൂഹത്തിന്റെ ആദ്ധ്യാത്മികതയുടെ പ്രതീകമായി, പിതാവ് കണ്ടു. ആദ്ധ്യാത്മിക ജീവിതത്തിൽ വളരു കയും, അതിന്റെ ചൈതന്യം സഭയിലേക്ക് പകരുകയും ചെയ്യുക, ബഥനിയുടെ ജീവിതവും, സവിശേഷ കർത്തവ്യവുമായി, അദ്ദേഹം സ്വീകരിച്ചു. അത് ബഥനിയുടെ ജീവിതചര്യയായി.

**ഏറ്റം ലളിതമായ ജീവിതം, ദാരിദ്ര്യത്തിൽ സംതൃപ്തി, അദ്ധ്വാനത്തിൽ സന്തുഷ്ടി, പ്രാർത്ഥനാ ധ്യാനങ്ങളിൽ ആനന്ദം, സ്നേഹത്തിന്റെ ശുശ്രൂഷകളിൽ ആത്മനിർവൃതി, സുവിശേഷ പ്രഘോഷണങ്ങളിൽ വ്യഗ്രത, എന്നിവയോടുകൂടി ഭാരതീയ സന്ന്യാസത്തിന്റെ അന്തസ്സത്തയേയും നിഷ്ഠകളേയും അദ്ദേഹം ആദരപൂർവ്വം സ്വീകരിച്ചു. ജീവനും ചൈതന്യവും പ്രസരിച്ചുകൊണ്ടിരുന്ന ആ സന്ന്യാസി സമൂഹത്തിന്, സഭയെ ആകമാനം തട്ടിയുണർത്താനും, പ്രവർത്ത്യുന്മുഖമാക്കാനും, ദൈവകരം കൂടെയുണ്ടായിരുന്നു.**

ഹൃദയാവർജ്ജകമായ രീതിയിലുള്ള നമസ്കാരങ്ങളുടെയും ശുശ്രൂഷകളുടെയും ആരാധന ക്രമീകരണങ്ങൾ, സുറിയാനിയിലുള്ള പ്രാർത്ഥനകളുടെ മലയാള പരിഭാഷ, സ്വർഗ്ഗീയ അനുഭൂതിയിലേക്ക് ആവഹിക്കുന്ന, വിശുദ്ധ കുർബാനയുടെയും കൂദാശകളുടെയും പരികർമ്മങ്ങൾ, സഭാമക്കളുടെ കൂദാശപരമായ ജീവിതത്തിന് നല്കിയ ഉത്തേജനം, ധ്യാനയോഗങ്ങളും സുവിശേഷ പ്രസംഗങ്ങളും, സണ്ടേ സ്കൂളുകളുടെയും ഭക്ത സമാജങ്ങളുടെയും സംഘാടനം, കുടുംബങ്ങളെ ചേർത്തുകൊണ്ടുള്ള ബഥനി മൂന്നാംസഭ, പ്രബോധനവും ഉത്തേജനവും പകരുന്ന ആദ്ധ്യാത്മിക ഗ്രന്ഥങ്ങളുടെ പ്രസിദ്ധീകരണം, ബഥനി പള്ളികൾ, എന്നിവയിലെല്ലാം കൂടെ, സഭയിലുണ്ടായ ഉണർവ്വും ഉന്മേഷവും, ബഥനിയെ സഭയുടെയും സഭാമക്കളുടെയും, സ്നേഹസമ്പത്തും അഭിമാനഭാജനവുമാക്കി.

അന്നത്തെ ആദ്ധ്യാത്മിക പ്രസരിപ്പും പ്രവർത്തന ചൈതന്യവും, ഇന്ന് കൈമോശം വന്നു പോയിട്ടുണ്ടെങ്കിൽ, ചരിത്രം ഒരുപക്ഷേ, മാപ്പു തന്നേക്കാം. എന്നാലും, ആദ്ധ്യാത്മിക ശുശ്രൂഷ, ബഥനിയുടെ ഒരു പ്രസ്ഥാനമായോ, സവിശേഷ പ്രവർത്തന മണ്ഡലമായോ, ഇനിയും രൂപം കൊള്ളേണ്ടിയിരിക്കുന്നു. മലങ്കരകത്തോ ലിക്കാസഭ വളരുന്തോറും, അതിന്റെ ആദ്ധ്യാത്മിക ജീവൻ സമൃദ്ധമാകുന്നതിന്, സഹായകമായ കൂടുതൽ സംഭാവനകൾ നല്കുവാൻ ബഥനിക്ക് കഴിയേണ്ടതാണ്. പുതുതായി രൂപംകൊണ്ടിട്ടുള്ള 'ബഥനി മിഷൻ ബോർഡ്' ഈ 'നല്ല പങ്ക്' അതിന്റെ ഓഹരിയായി കരുതി, ബഥനിയെ ധന്യമാക്കുമെന്ന് പ്രത്യാശിക്കാം.

## ബഥനി പുതിയ മേച്ചിൽ പുറങ്ങളിലേക്ക്:

പുനരൈക്യപ്രസ്ഥാനത്തിന്റെ തുടർന്നുള്ള പ്രയാണത്തിൽ, ബഥനിയുടെ പങ്ക്, പൂരകപ്രാധാന്യം

www.malankaralibrary.com

മാത്രമുള്ളതാണ്; അവശ്യഘടകമായി കണക്കാക്കാവുന്നതല്ല. ആകയാൽ ഏറെ വൈകിയാണെങ്കിലും, ഇനിയും ബഥനി, അതിൻെറ ആത്യന്തിക ലക്ഷ്യത്തിലേക്ക് ക്രമാനുഗതം തിരിയാൻ, ശ്രദ്ധിക്കേണ്ടതാണ്-വിശാലഭാരതത്തിലേക്ക്.

"ഈ തൊഴുത്തിൽപ്പെടാത്ത മറ്റ് ആടുകളും എനിക്കുണ്ട് അവയേയും ഞാൻ കൊണ്ടുവരേണ്ടതാണ്. അവ എൻെറ സ്വരം ശ്രവിക്കും". യോഹ.10.16.

"നമുക്ക് അടുത്ത പട്ടണങ്ങളിലേക്ക് പോകാം. അവിടെയും എനിക്ക് പ്രസംഗിക്കേണ്ടിയിരിക്കുന്നു. അതിനാണ് ഞാൻ വന്നിരിക്കുന്നത്". മർക്കോ.1.38.

"എന്നെ അന്വേഷിക്കാത്തവർ എന്നെ കണ്ടെത്തി; എന്നെ ആവശ്യപ്പെടാത്തവർക്ക് ഞാൻ സ്വയം വെളിപ്പെടുത്തി" റോമ. 10.20.

"തിരുനാളിൽ ആരാധിക്കാൻ വന്നവരിൽ ഏതാനും ഗ്രീക്കുകാരുമുണ്ടായിരുന്നു..........പ്രഭോ, ഞങ്ങൾ യേശുവിനെക്കാണുവാൻ ആഗ്രഹിക്കുന്നു....... അന്ത്രയോസും പീലിപ്പോസും കൂടെ യേശുവിനെ വിവരമറിയിച്ചു. യേശു പറഞ്ഞു: മനുഷ്യപുത്രൻ മഹത്വപ്പെടാനുള്ള സമയമായിരിക്കുന്നു........ ഗോതമ്പുമണി നിലത്ത് വീണു അഴിയുന്നില്ലെങ്കിൽ, അത് അതേപടിയിരിക്കും; അഴിയുന്നെങ്കിലോ അത് വളരെ ഫലം പുറപ്പെടുവിക്കും". യോഹ.12.20-24.

"മനുഷ്യപുത്രൻ മഹത്വപ്പെടാനുള്ള സമയമായിരിക്കുന്നു". ബഥനി, സുവിശേഷപ്രഘോഷണത്തിനായി, ഭാരതത്തിലേക്ക് ഇറങ്ങുമ്പോൾ, മനുഷ്യപുത്രൻ കൂടുതൽ മഹത്വപ്പെടും; ആത്മാവിൽ ആനന്ദിക്കും. എന്തെന്നാൽ, ഭാരതത്തെ യേശുവിനായി നേടുക എന്ന വ്യക്തമായ ദർശനത്തോടും ലക്ഷ്യത്തോടും ദൈവാത്മ സമ്മർദ്ദത്താൽ ഉടലെടുത്ത ബഥനി, അതിൻെറ ആദ്യകാല ചൈതന്യം, അപ്പോൾ വീണ്ടെടുക്കും. വിളിച്ചവൻ മുമ്പേ പോകുന്നു. അവനെ പിഞ്ചെല്ലുകയല്ലാതെ, 'ഇവൻെറ കാര്യമെന്ത്?' എന്ന മറുചോദ്യമാണുള്ളതെങ്കിൽ 'ഞാൻ വരുന്നതുവരെ ഇവൻ നില്ക്കണമെന്നാണ് ഞാൻ ഇച്ഛിക്കുന്നതെങ്കിൽ നിനക്കെന്ത്? നീ എൻെറ പിന്നാലെ വരിക' എന്നല്ലേ നമ്മുടെ കർത്താവിന് അന്നും ഇന്നും പറയുവാനുള്ളൂ. അവിടുത്തെ ഇംഗിതം നിറവേറ്റുന്നതിൽ, ബഥനി കാണിക്കുന്ന അമാന്തത്തിലുള്ള, അവിടുത്തെ അസ്സഹിഷ്ണുതയും അമർഷവുമല്ലേ ആ പ്രകടിപ്പിക്കുന്നത്? മാനുഷികബുദ്ധിക്കും പരിഗണനകൾക്കും ഇടം നല്കുവാൻ, അവിടുന്ന് ഇഷ്ടപ്പെടുന്നില്ല. പുനരൈക്യത്തെ നട്ടതും വളർത്തിയതും ബഥനി മെത്രാനും ബഥനിക്കാരുമല്ല; ദൈവമാണ്. ഇവരെല്ലാം അവിടുത്തെ തൃക്കരങ്ങളിൽ ഉപകരണങ്ങൾ മാത്രം. അതിനെ അതിൻെറ പൂർണ്ണതയിലെത്തിക്കുന്നതും അവിടുന്നു തന്നെ.

## മുന്നോട്ട്, മുന്നോട്ട്:

1919 മുതൽ 1930 വരെയും, ബഥനി മലങ്കരസഭയുടെ ആദ്ധ്യാത്മിക ഉണർവ്വിനായി യത്നിക്കുകയും, സഭയെ ഏറെ പ്രവർത്ത്യുന്മുഖമാക്കുകയും ചെയ്തു. ആ കാലത്തിൻെറ ആവശ്യം അതായിരുന്നു. അതിൽ സംപ്രീതനായ മ്ശിഹാ, ബഥനിയെ അവിടുത്തെ വത്സല മണവാട്ടിയായ, ശ്ലൈഹിക സഭയുടെ വലതുഭാഗത്ത് ചേർത്തണച്ചു. അതോടൊപ്പം മലങ്കര സഭയ്ക്ക് അതിൻെറ വൈകല്യം കാട്ടികൊടുക്കുകയും രമ്യതയുടെയും ഐക്യത്തിൻെറയും പാത തെളിയിച്ചുകൊടുക്കുകയും ചെയ്തു. അന്നുമുതൽ ഇന്നുവരെ ഐക്യത്തിൻെറ വിളിയുമായി നാം മലങ്കരയിൽ ചുറ്റിത്തിരിയുകയായിരുന്നു. ഇനി, ഈ ഐക്യത്തിൻെറ വിളിയുമായി 'മറ്റു പട്ടണങ്ങളിലേക്ക്'-വിശാല ഭാരതത്തിലേക്ക് പോകണം. 'അവയേയും ഞാൻ കൊണ്ടുവരേണ്ടതാണ്. അവ എൻെറ സ്വരം ശ്രവിക്കും'.

സെറാമ്പൂരിലേക്കുള്ള പോക്കും വരവും, അവിടുത്തെ വാസവും സമ്പർക്കങ്ങളും മറ്റും, കൊയ്ത്തിനൊരുങ്ങി കിടക്കുന്ന, ഭാരതവയലിൻെറ ദൃശ്യം, മാർ ഇവാനിയോസ് പിതാവിൻെറ മനസ്സിനെ, യഥാർത്ഥത്തിൽ 'അസ്വസ്ഥ'മാക്കി. ആ ദർശനവും ആ അസ്വസ്ഥതയും, ബഥനിയുടേതാകുമ്പോൾ ആലസ്യത്തിന് സ്ഥാനമില്ല. അമാന്തത്തിന് ന്യായീകരണമില്ല; കാരണം, മറ്റു തടസ്സങ്ങളോ ബന്ധനങ്ങളോ ഇല്ല. 'നിനക്ക് മനസ്സുണ്ടെങ്കിൽ എന്നെ ശുദ്ധനാക്കാൻ കഴിയു'മെന്ന് പറഞ്ഞ്, ഭാരതം നമുക്കായി കാത്തിരിക്കുന്നു. 'സകല ജാതികൾക്കും

www.malankaralibrary.com

സ്വയം വെളിപ്പെടുത്തുവാൻ' ആഗ്രഹിച്ച്, ദൈവവും കാത്തിരിക്കുന്നു. 'ആരു പോകും? ഇതാ, ഞാൻ' ബഥനി പോകും. അതു തന്നെ അതിൻെറ സ്ഥാപ നോദ്ദേശം.

## ലക്ഷ്യവും ചൈതന്യവും സ്വായത്തമാക്കണം:

ബഥനിയുടെ ലക്ഷ്യം തികച്ചും ആദ്ധ്യാത്മികമാണ്, ദൈവികമാണ്, സുവിശേഷപരമാണ്. അസ്വസ്ഥമായ ഹൃദയത്തോടുകൂടിയ പ്രാർത്ഥനയിലും, ഉപവാസ പൂർവ്വമായ ജാഗരണങ്ങളിലും, മാർ ഇവാനിയോസ് പിതാവിന് ലഭിച്ച, ദൈവിക പ്രചോദനമാണ്, സർവ്വസംഗ പരിത്യാഗികളായ, സമർപ്പിതരായ, സന്യാസികളെക്കൊണ്ട്, ഭാരതത്തിൽ സുവിശേഷത്തിൻെറ സന്ദേശം, വിളംബരം ചെയ്യണമെന്നത്. നമ്മുടെ പിതാവിന് ലഭിച്ച, ദൈവിക പ്രചോദനങ്ങളിൽ പങ്കാളികളാകാനും ബഥനിയുടെ ആരംഭ ചൈതന്യം ഉൾക്കൊള്ളുവാനും, സാധിക്കണമെങ്കിൽ, ചർച്ചകളെക്കാൾ കൂടുതലായി, വ്യക്തിഗതവും സംഘാതവുമായ പ്രാർത്ഥന, ധ്യാനം, ഉപവാസം, തപസ്സ്, ജാഗരണം, മുതലായവയിൽതന്നെ, അഭയം തേടണം; യേശുവിൻെറ തൃപ്പാദത്തിനരികെ ബഥനിമറിയം, ആനന്ദാനുഭൂതിയിൽ പരവശയായി ഇരുന്നതുപോലെ. അപ്പോൾ, ആത്യന്തിക ലക്ഷ്യത്തെക്കുറിച്ച് വ്യക്തവും ദീപ്തവുമായ ദർശനം ബഥനിക്ക് ലഭിക്കും; ആത്മദാഹം വർദ്ധിക്കും.

## ഭാരതസുവിശേഷവത്ക്കരണം:

"ഫലപ്രദമായ പ്രവർത്തനത്തിനുള്ള ഒരു വലിയ വാതിൽ, എനിക്ക് തുറന്നുകിട്ടിയുട്ടുണ്ട്. പ്രതിയോഗികളും വളരെയാണ്. " 1 കോരി.16.9

"എൻെറ നാമത്തെ പ്രതി, അവൻ എത്രമാത്രം സഹിക്കേണ്ടിവരുമെന്ന്, ഞാൻ അവന് കാണിച്ചു കൊടുക്കും" അ.പ്ര.9.16.

"ഭൂമിയുടെ അതിർത്തികൾവരെ, രക്ഷവ്യാപിപ്പിക്കുന്നതിന്, വിജാതികൾക്ക് ഒരു ദീപമായി, നിന്നെ സ്ഥാപിച്ചിരിക്കുന്നു," അ.പ്ര.13.47.

"നീ പോവുക; അങ്ങ് വിജാതിയരുടെ അടുക്കലേക്ക്, ഞാൻ നിന്നെ അയയ്ക്കും." അപ്ര. 22.21

"ബാലിൻെറ മുമ്പിൽ മുട്ടു കുത്താത്ത, ഏഴായിരം പേരെ, എനിക്കുവേണ്ടി, ഞാൻ മാറ്റിനിർത്തിയിട്ടുണ്ട്.

അപ്രകാരം തന്നെ, കൃപയാൽ തിരഞ്ഞെടുക്കപ്പെട്ട, ഒരു അവശിഷ്ടഭാഗം, ഇക്കാലത്തിലും ഉണ്ട്" റോമ. 11.4.5

ഇന്ന്, കേരളത്തിന് വെളിയിൽ, ബഥനിമക്കളുടെ സാന്നിദ്ധ്യവും പ്രവർത്തനങ്ങളും ഉണ്ടെങ്കിലും, അത് മലങ്കരകത്തോലിക്കരുടെ ആവൃതിയിൽ മാത്രം ഒതുങ്ങി നില്ക്കയാണെന്ന കാര്യം, ഓർക്കണം. ഭാരതത്തിൽ, അക്രൈസ്തവ ജനതകളോട്, സുവിശേഷം പ്രസംഗിക്കുക, എന്ന ദർശനവും ലക്ഷ്യവും, ബഥനിക്ക് അന്യമാകാൻ സാധ്യമല്ല. ബഥനിമക്കൾ വിളിക്കപ്പെട്ടിരിക്കുന്നത് അതിനായിട്ടാണല്ലോ. പക്ഷേ അതിനായി ഇക്കാലമത്രയും കഴിഞ്ഞിട്ടും, ബഥനി ഒരുങ്ങിയിട്ടില്ല, ആരെയും ഒരുക്കിയിട്ടുമില്ല, എന്നതാണ് പരമാർത്ഥം. അതിനു നേരെ കണ്ണുകൾ അടയ്ക്കാൻ, സാധ്യമല്ല. ആദ്യകാലങ്ങളിൽ, ബഥനി, അക്രൈസ്തവരായ കേരളീയരുടെ ഇടയിൽത്തന്നെ, സുവിശേഷ പ്രവർത്തനം, പ്രത്യേകവിധം നടത്തിയിരുന്നുയെന്നുള്ളത് ചരിത്രത്തിൻെറ ഭാഗമാണ്. മനുഷ്യമക്കളെ, പശ്ചാത്താപത്തിലേക്കും, ദൈവൈക്യത്തിലേക്കും, ആഹ്വാനം ചെയ്യുന്ന, യേശുവിൻെറ സ്വരം, ഭാരതത്തിലുടനീളം പ്രതിധ്വനിപ്പിക്കുവാൻ, ബഥനിമക്കൾ, പ്രയാണമാരംഭിക്കുന്ന കാലം കാണുവാൻ, യേശുവും തിരുസഭയും, ഇപ്പോഴും കാത്തു നില്ക്കയാണ്.

ഏറ്റവും വലിയ പ്രാധാന്യവും മുൻഗണനയും നല്കി അതിന്നായി ഒരുങ്ങണം. ഇത് വളരെയധികം ദീർഘദൃഷ്ടിയും ത്യാഗസന്നദ്ധതയും, പുനസംവിധാനങ്ങളും, ആവശ്യപ്പെടുന്ന ഒരു പ്രക്രിയ ആണ്, ധീരമായ കാൽവയ്പാണ്."ദൈവത്തിൻെറ കൃപ, എന്നെ വിജാതിയർക്ക് വേണ്ടി, യേശുക്രിസ്തുവിൻെറ ശുശ്രൂഷകനാക്കിയിരിക്കയാണല്ലോ. വിജാതീയരാകുന്ന ബലിവസ്തു, സ്വീകാര്യവും, പരിശുദ്ധാത്മാവിനാൽ പവിത്രീകൃതവും ആകാൻ വേണ്ടി, ഞാൻ ദൈവത്തിൻെറ സുവിശേഷത്തിന്, പുരോഹിത ശുശ്രൂഷ ചെയ്യുന്നു..... ക്രിസ്തുവിനെ, അറിയാത്ത സ്ഥലങ്ങളിൽ, സുവിശേഷം പ്രസംഗിക്കുന്നതിൽ, ഞാൻ അത്യന്തം ഉത്സാഹം കാണിച്ചു."റോമ.15.16.20.

www.malankaralibrary.com

## ഭാരതീയ സംസ്കാരത്തെ നാം സ്വാംശീകരിക്കണം.

എഴുതപ്പെട്ട വിശ്വാസ പ്രമാണങ്ങളോ ആചാരനുഷ്ഠാനങ്ങളോ നല്കിക്കൊണ്ടല്ലല്ലോ, മ്ശിഹാതമ്പുരാൻ അവിടുത്തെ സഭയ്ക്ക് തുടക്കമിട്ടത്. അവിടുന്ന് ദൈവവചനമാകുന്നവിത്ത് വിതയ്ക്കുകയായിരുന്നു, അവിടുത്തെ ഉപദേശങ്ങളിലും പ്രസംഗങ്ങളിലും ജീവിതത്തിലും കൂടി. തിരുത്തേണ്ടവ തിരുത്തി, അപൂർണ്ണങ്ങളായവയെ പൂർണ്ണമാക്കി; സ്വന്തമായി പുതിയ കല്പനയും കൊടുത്തു.

എന്നാലും അവിടുത്തേയ്ക്ക് പറയാനുണ്ടായിരുന്നവ മുഴുവനും പറഞ്ഞതുമില്ല; അപ്പോൾ അവഗ്രഹിക്കാൻ അവർക്ക് കഴിയുന്നില്ലായെന്ന് കണ്ടതുകൊണ്ട്. എന്നിരുന്നാലും ബാക്കിയുള്ളവ ക്രമേണ പഠിച്ചു ഗ്രഹിച്ചുകൊള്ളട്ടെയെന്ന് കരുതിയെങ്കിലും അവ നിജപ്പെടുത്തി എഴുതിക്കൊടുത്തില്ല. പ്രത്യുത,' പരിശുദ്ധാത്മാവിനെ അയയ്ക്കാം; അവൻ നിങ്ങളെ സകല സത്യത്തിലും വഴി നടത്തും; ഞാൻ പറഞ്ഞിട്ടുള്ളവ നിങ്ങളെ ഓർമ്മിപ്പിക്കുകയും ചെയ്യും". അതേ, ആത്മാവ് ആത്മാവോട് സംസാരിച്ചാൽ മാത്രമേ, ആത്മാവിൽ ദൈവരാജ്യം സംസ്ഥാപിതമാകയുള്ള. അവിടുന്ന് ലക്ഷ്യം വച്ചതും ഊന്നൽ കൊടുത്തതും ആത്മീയ മണ്ഡലത്തിലാണ്; മറ്റ് ബാഹ്യമാത്രങ്ങളായ ഏതും ചേരുംപടിചേർത്തു കൊള്ളുന്നതിനുള്ള മാതൃകയും അവിടുത്തെ ജീവിതത്തിൽ അവിടുന്ന് കാണിച്ചു കൊടുത്തു. പരിത്രാണാർത്ഥം അവതീർണ്ണനായ ദൈവ പുത്രനെ പ്രഘോഷിക്കുകയാണ് ബഥനിയുടെ ലക്ഷ്യം. ആകാശത്തിൻ കീഴ് ഭൂമിയ്ക്കുപരി മാനവരക്ഷയ്ക്കായി മറ്റൊരു നാമം നല്കപ്പെട്ടിട്ടില്ല". വിശുദ്ധ സുവിശേഷം പ്രസംഗിക്കയല്ലാതെ, ഒരു പ്രത്യേകസംസ്കാരത്തിൻെറയോ, ദേശീയതയുടെയോ വക്താക്കളായി, ഒരു ക്രിസ്ത്യാനിയും ഒരു അപ്പോസ്തലനും ഒരു മിഷനറിയും, ഒരിക്കലും അയയ്ക്കപ്പെടുന്നില്ല. നേരെ മറിച്ച്, ഏറ്റുമുട്ടുന്ന സകല സംസ്കാരങ്ങളെയും ക്രൈസ്തവീകരിച്ച്, യേശുവിൽ നവ്യമായ തേജസ്സുറ്റതാക്കിത്തീർക്കുകയാണ്, സുവിശേഷത്തിൻെറ അരൂപി. ആകയാൽ തുറന്ന മനസ്സോടുകൂടി, നല്ലതായ സകലത്തേയും സ്വാഗതം ചെയ്യുകയും, സ്വാംശീകരിക്കുകയും ചെയ്യുന്ന സമീപനം, തെളിഞ്ഞു പ്രകാശിക്കണം. പാരമ്പര്യങ്ങളുടെയോ സംസ്കാരത്തിൻെറയോ പേരിൽ ദൈവകല്പന വ്യർത്ഥമാക്കുന്നവരായി കാണപ്പെടരുത്. യേശുവിനു വേണ്ടിയും അവിടുത്തെ സുവിശേഷത്തിനു വേണ്ടിയും ജീവൻ ത്യജിക്കാൻ നാം സന്നദ്ധരായേക്കാം; ജീവനേക്കാൾ വലുതായി പാരമ്പര്യങ്ങളെയോ സംസ്കാരങ്ങളെയോ കരുതുന്നത് ഒരു വിധ മതഭ്രാന്തായിരിക്കുകയില്ലേ?

**ഇന്ന്, കേരളത്തിന് വെളിയിൽ, ബഥനിമക്കളുടെ സാന്നിദ്ധ്യവും പ്രവർത്തനങ്ങളും ഉണ്ടെങ്കിലും, അത് മലങ്കരകത്തോലിക്കരുടെ ആവൃതിയിൽ മാത്രം ഒതുങ്ങി നില്ക്കയാണെന്ന കാര്യം, ഓർക്കണം. ഭാരതത്തിൽ, അക്രൈസ്തവ ജനതകളോട്, സുവിശേഷം പ്രസംഗിക്കുക, എന്ന ദർശനവും ലക്ഷ്യവും, ബഥനിക്ക് അന്യമാകാൻ സാധ്യമല്ല. ബഥനിമക്കൾ വിളിക്കപ്പെട്ടിരിക്കുന്നത് അതിനായിട്ടാണല്ലോ. പക്ഷേ അതിനായി ഇക്കാലമത്രയും കഴിഞ്ഞിട്ടും, ബഥനി ഒരുങ്ങിയിട്ടില്ല, ആരെയും ഒരുക്കിയിട്ടുമില്ല, എന്നതാണ് പരമാർത്ഥം. അതിനു നേരെ കണ്ണുകൾ അടയ്ക്കാൻ, സാധ്യമല്ല. ആദ്യകാലങ്ങളിൽ, ബഥനി, അക്രൈസ്തവരായ കേരളീയരുടെ ഇടയിൽത്തന്നെ, സുവിശേഷ പ്രവർത്തനം, പ്രത്യേകവിധം നടത്തിയിരുന്നുയെന്നുള്ളത് ചരിത്രത്തിൻെറ ഭാഗമാണ്.**

www.malankaralibrary.com

## റീത്തിൻെറ പാഠം:

'റീത്ത്' എന്ന് സാധാരണ വിളിക്കപ്പെടുന്ന മലങ്കരസുറിയാനി സഭയിലെ, ആരാധനാരീതികളും ദീർഘമായ ശുശ്രൂഷകളും പ്രാർത്ഥനകളും മറ്റ് ആചാരങ്ങളുമൊക്കെ ഇതര റീത്തുകാർക്ക്, ഒരുപോലെ രസിച്ചെന്നു വരികയില്ല. പക്ഷേ, ഈ റീത്ത് ഇതേപടി അംഗീകരിക്കപ്പെടുകയും, നിലനില്ക്കുകയും ചെയ്യാതിരുന്നെങ്കിൽ, നാല് ലക്ഷത്തോളം വരുന്ന മലങ്കരകത്തോലിക്കർ, ഇന്ന് ഇവിടെ ഉണ്ടാകു മായിരുന്നില്ല.

കൂനൻകുരിശ് സത്യപ്രതിജ്ഞയെത്തുടർന്നുണ്ടായ പിളർപ്പിൽ, അടർന്നുപോയ മലങ്കര വിഭാഗത്തെ തിരിയെ മാതൃസഭയിലേക്ക് കൂട്ടിച്ചേർക്കുവാൻ, കേരളത്തിലെ ലത്തീൻ റീത്തിലെയും, മലബാർ റീത്തിലേയും തീക്ഷണമതികളായ ബ. വൈദികരും, അല്മായപ്രമുഖരും നടത്തിയ തീവ്രയത്ന ങ്ങളെക്കുറിച്ച്, ചെറുതായിട്ടെങ്കിലും പഴയ തലമുറകളിലുള്ളവർക്ക്, ഓർമ്മയുണ്ടാവും.ആ വന്ദ്യദൈവദാസരെയൊക്കെ ആദരവോടും കൃതജ്ഞതയോടും കൂടി സ്മരിക്കാം. പക്ഷേ ആ വിടവ് നികത്താൻ അവർക്ക് സാധിച്ചില്ല. കാരണം കേവലം മുന്നൂറു വർഷത്തെമാത്രം പഴക്കമുള്ള താണെങ്കിലും ആ പുതിയ സംസ്കാരത്തിലും ആരാധനാരീതിയിലും സഭാജീവിതത്തിലും മലങ്കരമക്കൾ അത്രമാത്രം അലിഞ്ഞു ചേർന്നിരുന്നു. അവർ അതിൽ കുതിർന്നു നിന്നിരുന്നതുകൊണ്ട്, അതിനെ വിട്ട് മറ്റൊന്നിനു ചെവികൊടുക്കാൻ അവർ സന്നദ്ധരല്ലായിരുന്നു. എങ്കിലും അവിടവിടെയായി അപൂർവ്വം ചില കുടുംബങ്ങൾ, കത്തോലിക്കാസഭയെ ആ കാലത്തും ആശ്ലേഷിച്ചത്, ശക്തമായ ദൈവകൃപയുടെ സഹായത്താൽ, അവർ അത്ര ത്തോളം ത്യാഗസന്നദ്ധരായതുകൊണ്ടാണെന്ന്, വ്യക്തമാണല്ലോ. മാതൃസഭയിലേക്കുള്ള തിരിച്ചു വരവിന്, സ്വന്തം റീത്ത് ഉപേക്ഷിച്ച്, മറ്റൊരു റീത്തിലേക്ക് ചേക്കേറണമെന്നുള്ള ദുസ്ഥിതി ദൈവത്തിനും തിരുസഭയ്ക്കും നിരക്കാത്തതാ ണെന്നുള്ളതിൻെറ പരസ്യമായ പ്രഖ്യാപനവും സാക്ഷ്യവുമായിട്ടാണ് മലങ്കരറീത്തിന് കത്തോലിക്കാ സഭയിൽ അംഗീകാരം നല്കപ്പെട്ടത്. തുറക്കപ്പെട്ട ആ വലിയ വാതിലിൽക്കൂടെയുള്ള സത്യപ്രേമികളുടെ പ്രവാഹം അത്ഭുതാവഹം തന്നെ.

നാം മുന്നിൽ കാണുന്ന ഉപഭോക്താവ് നമ്മളാരുമല്ല. നിലവിലുള്ള ഏതെങ്കിലും, സംസ്കാരവുമല്ല. അതുകൊണ്ട് തന്നെ, ഇതിനുള്ള വാതിൽ തള്ളി അടച്ചു പിടിക്കാൻ ലത്തീനിലോ, സുറിയാനിലോ ഉള്ള റീത്തുകളിൽ പെട്ടവർക്ക് അവകാശപ്പെടാ വുന്നതല്ല. അഥവാ, നമുക്ക് ഹിതകരമായ രൂപാന്തരങ്ങൾ വരുത്തുകയുമല്ല ആവശ്യമായിട്ടുള്ളത്. സാക്ഷാൽ ഉപഭോക്താവ് ബഹുശതം സഹസ്രാ ബ്ദങ്ങളുടെ പാരമ്പര്യവും സവിശേഷതകളുമുള്ള തനി ഭാരതീയ സംസ്കാരത്തിൽ ജനിച്ച് വളർന്ന് അതിനെ ജീവനു തുല്യം ആദരിക്കുകയും അതിൽ അഭിമാനം കൊള്ളുകയും ചെയ്യുന്ന ശുദ്ധ ഭാരതീ യനാണ്. ആ വ്യക്തിയുടെയും ആ വർഗ്ഗത്തിൻെറയും അവകാശമാണ്, അവർ ക്രിസ്തുവിനെ അറിയുകയും അവരുടെ രക്ഷകനും ദൈവവുമായി സ്വീകരിക്കുകയും ചെയ്യുമ്പോൾ അവരോടൊന്നിച്ച് അവരുടെ സംസ്കാരവും ആചാര മര്യാദകളും ക്രിസ്തുവിൽ പുനരുദ്ധരിക്കപ്പെട്ട് പൂർണ്ണമാക്കപ്പെടണമെന്നുള്ളത്. ആ അവകാശം അംഗീകരിച്ച് അതിനുള്ള വലിയ വാതിൽ തുറന്നിട്ടുകൊണ്ട് തിരുസഭ കാത്ത് നില്ക്കയാണ്.

മലങ്കരറീത്തിനുവേണ്ടിയുള്ള നിവേദനവുമായി തിരുസഭാവാതിലിൽ മുട്ടി വിളിക്കാനായി, വേർപാടിൻെറ ദഃഖത്തിൽ നീറിയിരുന്ന ഒരു ക്രിസ്തീയ വിഭാഗം ഇവിടെയുണ്ടായിരുന്നു. എന്നാൽ തങ്ങളുടെ ഭാരതീയ ക്രിസ്തീയ സംസ്കാരത്തിന് വാതിൽ തുറന്നു തരണമെന്ന് അഭ്യർത്ഥിക്കാനായി അങ്ങനെയൊരു വിഭാഗം ഇവിടെ ഇല്ലല്ലോ. ഈ വിടവ്, അഥവാ ഈ ശൂന്യത, നികത്തുവാനുള്ള മദ്ധ്യസ്ഥരായി നില്ക്കുവാൻ സന്യാസിസമൂഹങ്ങൾക്കാണ് കഴിയേണ്ടത്. അതിന്, മനുഷ്യരെ രക്ഷിക്കുവാൻ പുത്രൻ തമ്പുരാൻ മനുഷ്യനായതുപോലെതന്നെ, ഭാരതസംസ്കാരത്തിൽ ഉരുവാകേണ്ടിയിരിക്കുന്നു; അത് ഒരു പക്ഷേ അഴുകിമുളയ്ക്കുകയായിരിക്കാം; ശൂന്യത പ്രാപിച്ച് ഉയിർത്തെഴുന്നേല്ക്കുകയായിരിക്കാം; അത് തികച്ചും ക്രിസ്തീയമാണ്. അപ്പോൾ ഭാരതീയ സംസ്കാരം ക്രിസ്തീയമായി രൂപാന്തരം പ്രാപിക്കും; ക്രിസ്തു എന്ന

www.malankaralibrary.com

പുതിയ മനുഷ്യനെ ധരിക്കും.

ബഥനിയെ സംബന്ധിച്ചിടത്തോളം തനിമയും ചൈതന്യവുമുള്ള ഭാരതീയ ക്രൈസ്തവ സന്യാസത്തിലേക്കുള്ള ഏത് കാൽവയ്പും അതിൻെറ സ്വാഭാവിക വളർച്ചയുടെ ചവിട്ടുപടികളായിരിക്കും. ക്രിസ്തീയ സന്യാസം ഭാരതീയമാകുന്നതിനനുസ്സരിച്ച് ഭാരതീയ സംസ്കാരം ക്രൈസ്തവീകരിക്കപ്പെടുക സ്വാഭാവികമാണ്.

ക്രിസ്തുവിൽ സകലത്തെയും പുനരുദ്ധരിക്കുക

"ഏതാണു വലുത് ബലിയോ ബലിയേ വിശുദ്ധീകരിക്കുന്ന ബലിപീഠമോ?"

"എൻെറ സന്നിധിയിൽ വരാൻ, എൻെറ അങ്കണത്തിൽ കാലുകുത്തുവാൻ, ഇവ വേണമെന്ന് ആർ നിങ്ങളോട് പറഞ്ഞു?" ഏശയ്യാ.1.12.

വിവിധങ്ങളായ ക്രിസ്തീയ ആരാധനക്രമങ്ങളെന്നോ, ആചാരങ്ങളെന്നോ, സംസ്കാരങ്ങളെന്നോ നാം കരുതുന്ന സംവിധാനങ്ങളെല്ലാം തന്നെ, അധിക പങ്കും സൂചനാപരമായ അടയാളങ്ങളും നടപടിക്രമങ്ങളും കൊണ്ട് മാംസളമാക്കപ്പെട്ടിട്ടുള്ള വയാണല്ലോ. അതും ഓരോദേശത്തും അതാത് ദേശീയ സംസ്കാരങ്ങളുടെ സ്വാധീനത്തിൽ. ഇവയൊക്കെ എത്രതന്നെ മഹത്വമുള്ളതും ആദരണീയവും ആയിരുന്നാൽ തന്നെയും, ഇവയ്ക്ക് ക്രിസ്തു എന്ന ദൈവപുരുഷനും അവിടുത്തെ രക്ഷാകരദൗത്യവുമായുള്ള കാതലായ ബന്ധം എത്രമാത്രം, ഏത് വിധം എന്നത് ചിന്തനീയമാണ്.

ഓരോ സ്ഥലങ്ങളിലും കാലാന്തരേണ വളർന്ന് സ്ഥാപിതങ്ങളായ ഈ വ്യവസ്ഥിതികളിൽ ക്രിസ്തീയത്വത്തെ ഒതുക്കിനിർത്താനാവുമോ? ഈ ഓരോസംസ്കാരവും അനേകം നൂറ്റാണ്ടുകൾ കൊണ്ട് പണിതുയർത്തി അടച്ചു പൂട്ടപ്പെട്ട കോട്ടകൾക്ക് തുല്യമല്ലേ? എങ്കിൽ പുതിയ സ്ഥലങ്ങളിൽ പുതിയ സാഹചര്യങ്ങളിൽ പുതിയ കോട്ടകൾ ഉയരുന്നതിനെ തടയാനാവുമോ? പുതിയ പുതിയ ശാഖകൾ പുറപ്പെടുവിച്ച് സഭ വളർന്നു കൊണ്ടിരിക്കേണ്ടേ?. ക്രിസ്തീയത്വത്തിന് അതിർവരമ്പുകൾ വയ്ക്കുന്നത് ദൈവത്തെ തന്നെ തടയുകയല്ലേ? ഗ്രീസിൽ ഒരു 'അത്തനാഗൊറാസ്'പാത്രീയർക്കീസും സിറിയയിൽ ഒരു 'അബ്ദുള്ളാ' പാത്രിയർക്കീസുമുണ്ടാകാമെങ്കിൽ, ഭാരതത്തിൽ ഒരു 'കരുണാനിധി' പാത്രീയർക്കീസ് ഉണ്ടാകുന്നതിൽ എന്തെങ്കിലും വൈപരീത്യമുണ്ടോ? ഒരാൾ ധൂപക്കുറ്റിയുടെ മേലറ്റം ഇടതുകയ്യിലും ചങ്ങല കളുടെ മധ്യഭാഗം വലതു കയ്യിലും പിടിച്ച് ധൂപം അർപ്പിക്കുമ്പോൾ, വേറൊരാൾ ധൂപക്കുറ്റി മുഴുവനായി വലത് കയ്യിൽ തൂക്കിയിട്ട് വീശുമ്പോൾ, മൂന്നാമ തൊരാൾ ഇരുകൈകളിലുമേന്തിയ താലത്തിൽ ധൂപാർച്ചനനടത്തുന്നത് ക്രിസ്തീയമല്ലാതാകുമോ?

ദൈവത്തിൻെറ മനസ്സ് ഒന്നിനെയും നീക്കിക്കളയുന്നില്ല; ക്രിസ്തുവിൽ സകലത്തെയും പുനരുദ്ധരിക്കുന്നതാണെന്ന് അവിടുന്ന് വ്യക്തമാക്കിയിട്ടുണ്ടല്ലോ. വ്യക്തികളേയും വർഗ്ഗങ്ങളെയും വീണ്ടെടുക്കുവാൻ യേശുതൻെറ ആത്മാവിനെ അവരിൽ ചിന്തുമ്പോൾ, അവർക്ക് സ്വാഭാവികമായ സകലവും തന്നിൽ പുതിയ സൃഷ്ടിയായി രൂപാന്തരപ്പെടുത്തും. അവയ്ക്ക് അന്യമായ സംസ്കാരങ്ങൾ അവിടെ വഴിമാറിക്കൊടുക്കയെ തരമുള്ള. വിഷമിപ്പിക്കുന്ന തടസ്സങ്ങളോ ഭാരങ്ങളോ ആകാൻ പാടില്ല. കാട്ടുസൈത്തിൻെറ ശിഖരം നല്ല സൈത്തിനോട് ഒട്ടിക്കപ്പെടുമ്പോൾ, നല്ല സൈത്തിൻെറ വേര്-സുവിശേഷത്തിൻെറ വേര്, (മറ്റ് സംസ്കാരങ്ങളുടെ അല്ല) - അതിനെ പോഷിപ്പിക്കുന്നുയെന്നതിനാൽ, ആശിഖരവും നല്ല സൈത്തായിത്തന്നെ വളരും. ആ വിധ വളർച്ചയിൽ ഭാരതീയ സംസ്കാരങ്ങളും ക്രിസ്തു യേശുവിൽ വളരും. " ബ്രഹ്മ, വരുണ,ഇന്ദ്ര, രുദ്ര, മരുത്തുക്കൾ, വേദങ്ങൾ, ഉപനിഷത്തുക്കൾ ഇവ ആരെ പുകഴ്ത്തുന്നുവോ, ആരുടെ സീമകൾ ദേവന്മാർക്കും അസുരന്മാർക്കും ജ്ഞാനാതീതമായിരിക്കുന്നുവോ, ആ ദൈവത്തെ വന്ദിക്കു"ന്നവരുടെ വിശ്വാസവും സംസ്കാരവും ക്രിസ്തവിൽ പൂർണ്ണത പ്രാപിക്കുക അത്രദുഷ്കരമോ? സത്യം തെളിഞ്ഞ് പ്രകാശിക്കയും വിശ്വാസത്തിൻെറ ആത്മാവ് ചിന്തപ്പെടുകയും ചെയ്യുന്ന നാളിൽ അവർക്ക് മുക്തി ദായകനും പരമേശ്വരനും നേതാവും രാജാവും താൻ മാത്രമായി മനുഷ്യപുത്രൻ മഹിമപ്പെടും. അപ്പോൾ സത്യത്തിനും സന്മാർഗ്ഗത്തിനും നിരക്കാത്തവയല്ലാതെ അവരുടെ ആചാരമര്യാദകളിലോ സംസ്കാരങ്ങളിലോ എന്തെങ്കിലും അവർ മാറ്റുകയോ ഉപേക്ഷിക്കയോ

www.malankaralibrary.com

വേണോ? വി. തോമ്മാശ്ലീഹാ ചെയ്തതുപോലെ, അവരുടെ അമ്പലത്തിനുള്ളിലെ വിഗ്രഹങ്ങൾ മാറ്റി യേശുവിനെ പ്രതിഷ്ഠിക്കുകയെന്നതിൽ കവിഞ്ഞ് മറ്റെന്ത് രൂപാന്തരീകരണമാണ് വരുത്തേണ്ടത്? പരിശുദ്ധാത്മനൽവരങ്ങൾ പ്രാപിച്ച അവർ, വിശ്വാസപ്രമാണം ഉരുവിട്ടും യേശുവിൻെറ സഹസ്രനാമങ്ങൾ ജപിച്ചും വി. കുർബാനയുടെ സന്നിധിയിൽ അഖണ്ഢ ഭജനകൾ നടത്തിയും ക്രിസ്തുവിൽ വളർന്നുകൊണ്ടേയിരിക്കും. കതിരും പതിരും അവർ തിരിഞ്ഞു മാറ്റും. അവരുടെ വ്യക്തിത്വവും സംസ്കാരവുമെല്ലാം യേശുവിൽ പുനരുദ്ധരിക്കപ്പെടും. അങ്ങനെ ഭാരതീയ ക്രിസ്തീയത ഉടലെടുക്കും.

**വി. തോമ്മാശ്ലീഹാ ചെയ്തതുപോലെ, അവരുടെ അമ്പലത്തിനുള്ളിലെ വിഗ്രഹങ്ങൾ മാറ്റി യേശുവിനെ പ്രതിഷ്ഠിക്കുകയെന്നതിൽ കവിഞ്ഞ് മറ്റെന്ത് രൂപാന്തരീകരണമാണ് വരുത്തേണ്ടത്? പരിശുദ്ധാത്മനൽവരങ്ങൾ പ്രാപിച്ച അവർ, വിശ്വാസ പ്രമാണം ഉരുവിട്ടും യേശുവിൻെറ സഹസ്രനാമങ്ങൾ ജപിച്ചും വി. കുർബാനയുടെ സന്നിധിയിൽ അഖണ്ഢഭജനകൾ നടത്തിയും ക്രിസ്തുവിൽ വളർന്നുകൊണ്ടേയിരിക്കും.കതിരും പതിരും അവർ തിരിഞ്ഞു മാറ്റും. അവരുടെ വ്യക്തിത്വവും സംസ്കാരവുമെല്ലാം യേശുവിൽ പുനരുദ്ധരിക്കപ്പെടും. അങ്ങനെ ഭാരതീയ ക്രിസ്തീയത ഉടലെടുക്കും.**

ഈ വലിയ ദൈവിക പ്രക്രിയയ്ക്ക് പരികർമ്മം ചെയ്യുന്നവർക്ക് പരിശുദ്ധാത്മാവിൻെറ എന്തെന്ത് വിശിഷ്ടനൽവരങ്ങൾ ലഭിക്കയില്ല. ഇത് ഭാരതത്തിലുള്ള കത്തോലിക്കാ സഭയുടെ കൂട്ടായ യത്നമായിരിക്കേണ്ടതാണ്. അപ്പോൾ വൈദേശികങ്ങളെല്ലാം ദേശീയമാകും. വൈപരീത്യങ്ങൾ മായും. ഭാരത സുവിശേഷ വല്ക്കരണം തീവ്രമാകും. സംസ്കാരങ്ങളുടെ വൈവിധ്യത്തിൽ സഭ കൂടുതൽ സമ്പന്നമാകും. ഭൂമുഖത്ത് സഭാവദനം കാന്തിചിന്തുന്ന ഭാരതത്തിലെ ക്രിസ്തീയത്വത്തിൽ പുതിയ ആകാശവും പുതിയ ഭൂമിയും സൃഷ്ടിക്കപ്പെടും.

## ശാശ്വത സ്മരണിക

തീവ്ര സുവിശേഷവല്ക്കരണത്തിൻെറ പശ്ചാത്തലത്തിൽ പ്ളാറ്റിനം ജൂബിലി ആഘോഷിക്കുന്ന ബഥനിക്ക്, ഭാരത സുവിശേഷവല്ക്കരണത്തിനുള്ള അതിൻെറ യജ്ഞത്തിന് നാന്ദിയായി, സമൂഹത്തിൻെറ ജീവിതത്തിൽ, ഭാരതീയ സംസ്കാരത്തേയും, സന്യാസ ഭാവത്തെയും കൂടുതൽ തെളിച്ചമുള്ളതാക്കാൻ സഹായകമായ ഒരു ചുവടുകൂടെ മുന്നോട്ട് വയ്ക്കാവുന്നതായിരിക്കും. അത് നമ്മോടൊത്ത് ജീവിക്കുകയും നമ്മിൽക്കൂടെ വളർന്നുകൊണ്ടിരിക്കുകയും ചെയ്യും; ഒപ്പം നമ്മളും. അതൊരു ശാശ്വതസ്മരണിക ആയിരിക്കും.

അതിൻെറ പ്രതീകവും പരിപാലന കേന്ദ്രവുമായി ഒരു 'ബഥനി ഭജനമഠം' തന്നെ ഉദയം ചെയ്താൽ അത് ഭാരതീയ ക്രിസ്തീയ നഭസ്സിൽ എന്നും തങ്കത്താരമായി പ്രകാശിച്ചുകൊണ്ടേയിരിക്കും. ഹൈന്ദവസംവാദങ്ങൾക്കും വേദാന്ത പഠനങ്ങൾക്കും മറ്റും സഹായകരമായ സാഹചര്യങ്ങളും അന്തരീക്ഷവും, ആത്മാനുഭവത്തിൻെറ ശക്തമായ മാദ്ധ്യമങ്ങളാകും. ഭാരതീയ മനസ്സിന് ആദരവും ഭക്തിയും ജനിപ്പിക്കുന്ന, ദരിദ്രനാരായണന്മാർക്കുചിതമായ, ഗ്രാമീണാന്തരീക്ഷത്തിലുള്ള ആ ഭവനത്തെ ദിവ്യഗുരു തൻെറ സുവിശേഷ സാന്നിധ്യത്താൽ അനുഗ്രഹിക്കും. നവസന്യാസികളുടെയും വൈദിക വിദ്യാർത്ഥികളുടെയും പരിശീലനം ഇവിടെയാണ് പൂർണമാക്കപ്പെടേണ്ടത്. അത് ബഥനിയുടെ വിജയത്തിൻെറ അച്ചാരമായിരിക്കുന്നതോടൊപ്പം ബഥനിക്ക് ഒരു പുനർജന്മസാഫല്യം കൈവരുത്തുകയും ചെയ്യും.

അതോടൊപ്പം ഭാരതസുവിശേഷവല്ക്കരണമെന്ന കലപ്പക്കൊഴുവിന്മേൽ പിടിമുറുക്കുന്ന നാം "കൊയ്ത്തിന് പാകമായിക്കിടക്കുന്ന തൻെറ വയലിലേക്ക് ധാരാളം വേലക്കാരെ അയയ്ക്കുവാൻ

www.malankaralibrary.com

പ്രാർത്ഥിച്ചു കൊണ്ട്, റീത്ത്, ഭാഷ, വംശം,ജാതി ആദിയായ ഭേദങ്ങൾ കൂടാതെ സ്വീകാര്യമായ ഏവയ്ക്കുമായി, ശതാബ്ദിയുടെ തുടക്കമായി, ബഥനിയുടെ കവാടങ്ങൾ തുറന്ന് കൊടുത്തുകൊണ്ട് വലിയ സ്വാഗതം നല്കുക. ഇത് ബഥനിയുടെ വളർച്ചയുടെ ഒരു നാഴികക്കല്ലായിരിക്കും.

## മംഗളം ഭവിക്കട്ടെ


സുവിശേഷം പ്രഘോഷിക്കുക, കുരിശിൻെറ പാതയാണെന്നും ക്ലേശങ്ങളും പീഢകളും നിറഞ്ഞതാണെന്നും നമ്മുടെ കർത്താവ് സാക്ഷ്യപ്പെടുത്തിയിട്ടുണ്ടല്ലോ. എങ്കിലും, ശരീരത്തെ കൊല്ലുകയും ആത്മാവിനെ കൊല്ലാൻ കഴിവില്ലാതെയുമിരിക്കുന്നവരെ നിങ്ങൾ ഭയപ്പെടേണ്ടന്ന് അവിടുന്ന് അനുസ്മരിപ്പിക്കുന്നു. മനുഷ്യരുടെ മുമ്പിൽ തന്നെ ഏറ്റുപറയുന്നവനെ തൻെറ സ്വർഗ്ഗസ്ഥപിതാവിൻെറ സന്നിധിയിൽ താനും ഏറ്റു പറയുമെന്നും അവിടുന്ന് ഉറപ്പ് നല്കുന്നു. ക്ലേശങ്ങളിൽ പതറിപോകാതെ ധൈര്യമായിരിക്കണമെന്ന് അവിടുന്ന് ഓർപ്പിക്കയാണ്. ലോകാവസാനം വരെയും അവിടുന്ന് നമ്മോടുകൂടി ഉണ്ടായിരിക്കുമെന്നും തനിക്ക് വേണ്ടിയും തൻെറ സുവിശേഷത്തിനു വേണ്ടിയും സ്വന്തജീവൻ ത്യജിക്കുന്നവൻ അത് കണ്ടെത്തുമെന്നും അവിടുന്ന് വാഗ്ദാനം ചെയ്യുന്നു. എന്തു വിലകൊടുത്തും അവിടുത്തെ സുവിശേഷം സർവ്വജാതികളോടും പ്രഘോഷിക്കണമെന്നുള്ള അവിടുത്തെ തീവ്രമായ ആഗ്രഹമാണല്ലോ ഇവയിലെല്ലാം നിറഞ്ഞു നില്ക്കുന്നത്. വി. സുവിശേഷം പ്രസംഗിക്കുവാനുള്ള ധൈര്യം തനിക്ക് ലഭിക്കുവാനായി പ്രാർത്ഥിക്കണമെന്ന് സഭകളോട് വി. പൗലോസ് വീണ്ടും അഭ്യർത്ഥിക്കുന്നത്, ദൈവത്തിൻെറ വലിയ കൃപകളില്ലാതെ സുവിശേഷം പ്രസംഗിക്കുക സാധ്യമല്ലെന്നുള്ള തൻെറ അനുഭവത്തിൽ നിന്നാണ്.

ആകയാൽ, ഭാരതവയലിൽ ഒളിഞ്ഞു കിടക്കുന്ന 'നിധിയും' അമൂല്യരത്നവും' തേടിയുള്ള നമ്മുടെ പുറപ്പാടിന്, അജ്ഞാതവും അദൃശ്യവുമായ വാഗ്ദത്തനാട്ടിലേക്ക്, ധൈര്യത്തോടും പ്രത്യാശയോടും ഇറങ്ങിത്തിരിച്ച അബ്രഹാം പിതാവിൻെറ വിശ്വാസത്തികവ് തന്നെവേണം. "നമ്മുടെ കർത്താവിന് പ്രീതികരവും തൻെറ ബലിയർപ്പണത്തിന് അനുരൂപവുമായ ജീവനുള്ള ബലിയായി സ്വയം സമർപ്പിക്കുന്നവർക്ക്" "തൻെറ ദൈവത്വത്തിന് യോഗ്യവും അങ്ങേയ്ക്ക് പ്രീതികരവുമായ ക്രിസ്തീയ പൂർണ്ണത, ക്രിസ്തീയ വിജയം, അവിടുന്ന് സൗജന്യമായി നല്കും". യോർദ്ദാൻെറ കരയിൽ നിന്നും ഗംഗാതീരത്തേക്കുള്ള നമ്മുടെ ഈ തീർത്ഥയാത്രയിൽ, തൻെറ മാലാഖമാരുടെ അകമ്പടിയോടുകൂടി, നമ്മുടെ കർത്താവ് തന്നെ തൻെറ തേരു തെളിച്ച് നമ്മോടൊപ്പമുണ്ടായിരിക്കുമെന്ന് ഉറപ്പായി വിശ്വസിക്കാമല്ലോ.

"മ്ശിഹാ മനുഷ്യനായി അവതരിച്ചപ്പോൾ, അവിടുന്ന് ഇടപഴകിയ വ്യക്തികളുടെ സാമൂഹ്യവും സാംസ്കാരികവുമായ പരിതസ്ഥിതികളുമായി സമ്പൂർണ്ണമായി ലയിച്ചു ചേർന്നതുപോലെ, സർവ്വജാതികളിലും സഭ ഇഴുകിച്ചേരണം". ഇത് രണ്ടാം വത്തിക്കാൻ സുന്നഹദോസിൻെറ പ്രഖ്യാപനമാണ്. ഇത് പ്രാദേശിക സഭകളുടെയും പ്രേഷിത സംഘടനകളുടെയും സന്ന്യാസി സമൂഹങ്ങളുടെയും തലങ്ങളിലാണ് സഫലമാകേണ്ടത് എന്ന് ആ പരമോന്നത സംഘം വ്യക്തമാക്കിയിട്ടുണ്ട്. ഈ പ്രഖ്യാപനങ്ങളെത്തുടർന്ന് പ്രാദേശികവും ദേശീയവുമായതലങ്ങളിൽ നടന്ന പഠനങ്ങളും ചർച്ചകളും ബൃഹത്തായ പല പദ്ധതികളും ആവിഷ്കരിച്ചിട്ടുമുണ്ട്. അവയൊക്കയും ഗ്രന്ഥാലയങ്ങൾക്ക് മുതൽ കൂട്ടായി ഭദ്രമായി സൂക്ഷിച്ചിരിക്കയാണെന്ന് തോന്നുന്നു.

ഭാരതത്തിലെ ബഹുസഹസ്രം അക്രൈസ്തവരെ അവരുടെ സംസ്കാരങ്ങളോടും അചാരമര്യാദകളോടും കൂടി ആശ്ലേഷിച്ച് തൻെറ സ്നേഹത്തിലും പരിശുദ്ധിയിലും പൂർണ്ണരാക്കുവാൻ തുറന്ന ഹൃദയത്തോടും വിരിഞ്ഞ കരങ്ങളോടും കൂടെ ഭാരതത്തെ നോക്കി നില്ക്കുന്ന രക്ഷകനെ നാം കാണുക; "നമുക്കും അവനോടുകൂടെ പോയി മരിക്കാമെന്നു പറഞ്ഞ നമ്മുടെ പിതാവായ മാർതോമ്മാശ്ലീഹായോട് നമുക്കും കൂട്ടുചേരാം.

www.malankaralibrary.com



പ്രൊഫ. പി.സി. ദേവസ്യ

# എഴുപത്തഞ്ചു തികയുന്ന ബഥനി

തിരുവനന്തപുരം നഗര കേന്ദ്രത്തിൽ നിന്നേകദേശം എട്ടു കിലോമീറ്റർ വടക്ക് മെയിൻ സെൻട്രൽ റോഡിലുള്ള നാലാഞ്ചിറക്കവലയിൽ ബസ്സു കാത്ത് അക്ഷമനായി നില്ക്കുന്ന നിങ്ങൾക്ക് മനോഹര മായൊരു ദർശനം ആശ്വാസം നൽകാതിരിക്കയില്ല. രണ്ടായിരത്തോളം സംവത്സരങ്ങൾക്കു മുമ്പ് ജീവിച്ചിരുന്ന ക്രിസ്തുശിഷ്യന്മാരോടു സാമ്യം വഹിക്കുന്ന മുഖശ്രീയോടേ, രാമകൃഷ്ണ മിഷനിലെ സന്യാസിമാർക്കു സദൃശ്യമായ കാഷായവേഷമണിഞ്ഞ് മാറിൽ മരക്കുരിശു ധരിച്ച് വടക്കുഭാഗത്തുള്ള ബഥനിക്കുന്നിൽ നിന്നിറങ്ങി വരികയോ അങ്ങോട്ടു കയറിപ്പോവുകയോ ചെയ്യുന്ന ആശ്രമവാസികളുടെ ദർശനമാണെന്റെ വിവക്ഷ. അക്കൂട്ടത്തിൽ, കുറേക്കൊല്ലം മുൻപുവരെ, സഹജമായ ആനന്ദവും ആരോഗ്യവും പ്രതിഫലിപ്പിക്കുന്ന മന്ദഹാസത്താൽ തന്റെ വെള്ളിക്കമ്പി പോലുള്ള ശ്മശ്രുക്കളുടെ ധാവള്യത്തിനു കൊഴുപ്പു കൂട്ടിക്കൊണ്ട് ഉന്മേഷപൂർവ്വം ആശ്രമത്തിൽ നിന്നിറങ്ങി വരാറുണ്ടായിരുന്ന ഒരു വൃദ്ധതാപസന്റെ ആഗമനത്തിൽ നിങ്ങൾ അറിയാതെ തല കുനിക്കുകയോ കൈകൂപ്പുകയോ വഴി മാറിക്കൊടുക്കുകയോ ചെയ്തിരുന്നിരിക്കാം. ഇന്നാകട്ടെ രഘു വംശത്തിനു വസിഷ്ഠനെന്നപോലെ ബഥനി വംശത്തിനു കുലഗുരുവായി വർത്തിച്ചിരുന്ന ആ തപോധനൻ ജീവിതസായാഹ്നത്തിൽ രോഗശയ്യാവലംബിയായി വിശ്രമിച്ചു കൊണ്ടിരിക്കുന്നതിനാൽ വഴിവക്കത്തു നില്ക്കുന്ന നിങ്ങൾക്ക് അദ്ദേഹം സുലഭദർശനനായെന്നു വരികയില്ല. എങ്കിലും അദ്ദേഹത്തെപ്പോലെ കാഷായവേഷമണിഞ്ഞ യുവാക്കളും മദ്ധ്യവയസ്കരുമായ സന്യാസികളുടെ ഗതാഗതം ഇന്നും നിങ്ങൾക്കഭിമുഖീഭവിക്കാതിരിക്കയില്ല.

ഇത്രയും പ്രസ്താവിച്ചതിൽ നിന്നു നാലാഞ്ചിറയിൽ സ്ഥാപിതമായ ബഥന്യാശ്രമത്തെയും അതിലെ അന്തേവാസികളേയുമാണു ഞാൻ പരാമർശിക്കുന്നതെന്നു വ്യക്തമായിരിക്കുമല്ലോ. ആറു ദശകങ്ങൾക്കു മുൻപു. തന്റെ പുനരൈക്യപ്രസ്ഥാനമെന്ന സഭാവിപ്ലവം മുഖേന കേരളമൊട്ടുക്കു കോളിളക്കം സൃഷ്ടിച്ച യുഗപ്രഭാവനായ ആർച്ച് ബിഷപ്പ് മാർ ഇവാനിയോസ് തിരുമേനിയുടെ ചിരാഭിലാഷത്തിന്റെ സ്പൃഹണീയമായ ഫലമാണു ബഥന്യാശ്രമം. യാക്കോബായ സഭാംഗമായി ജനിച്ചു വളർന്ന അദ്ദേഹം മദ്രാസ് സർവകലാശാലയിൽ നിന്ന് എം.എ. ബിരുദം പ്രശസ്തമായ നിലയിൽ കരസ്ഥമാക്കിയശേഷം യഥാകാലം സെറാംപൂർ കോളേജിൽ പ്രിൻസിപ്പലായി നിയമിക്കപ്പെട്ടു. ആ ഉദ്യോഗത്തിലിരിക്കുമ്പോൾത്തന്നെ സ്വസമുദായഭിവൃദ്ധിക്കുതകുന്ന ഒരു സന്യാസാശ്രമം സ്ഥാപിക്കണമെന്ന ആശയം അദ്ദേഹത്തിന്റെ

www.malankaralibrary.com

മനസ്സിൽ രൂഢമൂലമായിക്കഴിഞ്ഞിരുന്നു. തൻെറ ഉദ്ദേശസിദ്ധിക്കായി വിവിധ മതക്കാരുടെയും ഭിന്ന സഭക്കാരുടെയും സന്യാസാശ്രമങ്ങൾ അദ്ദേഹം സന്ദർശിച്ചു; സന്യാസ പ്രതിപാദകങ്ങളായ അസംഖ്യം പുസ്തകങ്ങൾ വായിച്ചു തീർത്തു. ആ ഗ്രന്ഥങ്ങളിൽ ഭൂരിഭാഗവും കത്തോലിക്ക സന്യാസിമാരാൽ വിരചിതങ്ങളായിരുന്നു. മഹാകവി രവീന്ദ്രനാഥ ടാഗോറിൻെറ ശാന്തിനികേതനം അദ്ദേഹം പല പ്രാവശ്യം സന്ദർശിക്കുകയും മഹാകവിയുമായി സംഭാഷണവും കൂടിക്കാഴ്ചകളും നടത്തുകയും ചെയ്തു, അതിനും പുറമേ മഹാത്മാഗാന്ധിയുടെ സബർമതി ആശ്രമം സന്ദർശിച്ച് പഠനം നടത്തി. ഈ പഠനങ്ങളിൽ നിന്നെല്ലാം ഒരു സംഗതി അദ്ദേഹത്തിൻെറ വിവേചന ബുദ്ധിയെ ഗാഢമായി സ്പർശിച്ചു. മറ്റു സമുദായങ്ങളുടെ സന്യാസാശ്രമങ്ങളെല്ലാം ക്ഷയോന്മുഖമായിക്കൊണ്ടിരിക്കുമ്പോൾ നാനാശാഖകളുള്ള കത്തോലിക്കാ സന്യാസാശ്രമങ്ങൾ നശിക്കാതെ അഭിവൃദ്ധിപ്പെട്ടു കൊണ്ടിരിക്കുന്നു. ഇതെന്തുകൊണ്ട്?

ഏതു ശാഖയിലുൾപ്പെട്ട കത്തോലിക്ക സന്യാസി സമൂഹത്തിൻെറയും നിയമസംഹിതയുടെ ആധാരം വ്രതത്രയമാണ്. ബ്രഹ്മചര്യം, ദാരിദ്ര്യം, വിധേയത്വം, എന്നിവയാണ് ആ മൂന്നു വ്രതങ്ങൾ, ഇവയിൽ വച്ചേറ്റം പ്രധാനവും, അനുഷ്ഠിക്കാൻ പ്രയാസമുള്ളതും ബ്രഹ്മചര്യാനുഷ്ഠാനമാണ്. പ്രയാസമുള്ളതെങ്കിലും ആ വ്രതത്തിൻെറ അന്യൂനമായ അനുഷ്ഠാനം ബ്രഹ്മചാരിക്ക് അജയ്യമായ ശക്തി പ്രദാനം ചെയ്യുന്നു. ആരെന്തു പറഞ്ഞാലും കത്തോലിക്ക സഭയുടെ സുസ്ഥിരതയുടെ ഒരു ഘടകം അതിലെ വൈദികരുടെ ബ്രഹ്മചര്യമാണെന്നുള്ളതിനു സംശയമില്ല. ഈ വസ്തുതകളെല്ലാം മനസ്സിൽ സംഗ്രഹിച്ചു കൊണ്ട് മാർ ഇവാനിയോസ് തിരുമേനി 1919 ൽ പല ഗുണകാംക്ഷികളുടെയും സഹായത്തോടെ മുണ്ടൻമല എന്ന ഗിരിയുടെ മുകളിൽ ഒരു സന്യാസാശ്രമം സ്ഥാപിക്കുകയും അതിനു ബഥനി എന്ന അർത്ഥവത്തായ അഭിധാനം നൽകുകയും ചെയ്തു. എന്നാൽ തൻെറ സമഗ്രമായ സത്യാന്വേഷണത്തിൻെറ ഫലമായി അദ്ദേഹം 1930-ൽ ചുരുക്കം ചില ആശ്രമവാസികളോടൊപ്പം കത്തോലിക്കസഭയെ ആശ്ലേഷിച്ചപ്പോൾ താൻ സ്ഥാപിച്ച ബഥന്യാശ്രമത്തിൻെറ സ്ഥാവര ജംഗമങ്ങളായ സർവസ്വത്തുകളും യാക്കോബായ സഭയ്ക്ക് ഒഴിഞ്ഞുകൊടുത്തിട്ടു ശൂന്യഹസ്തനായി, സുഹൃത്തുക്കളാൽപ്പോലും പരിത്യക്തനായി, ശത്രുക്കളാൽ പീഡിതനായി, ദൈവത്തിൽ മാത്രം ശരണമർപ്പിച്ചുകൊണ്ട്, വിശാലമായ ലോകത്തിലേക്കിറങ്ങി. മഹാകവി ഭവഭൂതി പറയുന്നതുപോലെ

"കാലോഹ്യയം നിരവധിർവിപുലാ ച പൃഥ്വീ"

(കാലം അതിരറ്റതാണ്). (ഭൂമി വിസ്തൃതവുമാണ്) എന്നു വിശ്വസിച്ചിരുന്ന അദ്ദേഹത്തിനു ഭാവിയേക്കുറിച്ച് അശേഷം ഉത്ക്കണ്ഠയുണ്ടായിരുന്നില്ല. കാലാന്തരത്തിൽ തിരുവനന്തപുരത്തു വന്നുചേർന്ന അദ്ദേഹം വളരെ ലളിതമായ നിലയിൽ ആരംഭിച്ച ബഥന്യാശ്രമത്തിൻെറ നവീനാവതാരമാണ് ഇന്ന് എഴുപത്തഞ്ചാം വയസ്സിലും ഓജസ്സിനും തേജസ്സിനും മങ്ങലേല്ക്കാതെ നാലാഞ്ചിറയിൽ തലയുയർത്തി നില്ക്കുന്ന ആശ്രമം.

ആശ്രമ വാസികൾക്ക് അനുഷ്ഠേയമായ വ്രതത്രയത്തേക്കുറിച്ചു മുൻപു പ്രസ്താവിച്ചുവല്ലോ. അതിൽ ആദ്യത്തേതാണു ബ്രഹ്മചര്യമെന്നും പറഞ്ഞു. എന്നാൽ ഭാരതീയ സങ്കല്പമനുസരിച്ചുള്ള ആശ്രമങ്ങളും ക്രൈസ്തവപാരമ്പര്യപ്രകാരമുള്ള ആശ്രമങ്ങളും തമ്മിൽ ഏറെ വ്യത്യാസമുണ്ട്. ഹൈന്ദവ ധർമ്മശാസ്ത്രം മനുഷ്യനു നാലുതരം ആശ്രമം (stages of life) വിധിക്കുന്നു. അവ ബ്രഹ്മചര്യം (life of a student) ഗാർഹസ്ഥ്യം (life of a house holder), വാനപ്രസ്ഥം ( life of a hermit) സന്യാസം ( life of an ascetic) എന്നിവയാണ്. അതിൽ ബ്രഹ്മചര്യം വേദാധ്യയന കാലമാണ്. ബ്രഹ്മം എന്നു വച്ചാൽ വേദം; വേദം അദ്ധ്യയനം ചെയ്തുകൊണ്ടുള്ള ജീവിതമാണ് ബ്രഹ്മചര്യം അക്കാലത്തു ആരും വിവാഹബന്ധത്തിലേർപ്പെടാറില്ലാത്തതിനാലാണ് ബ്രഹ്മചര്യത്തിന് അവിവാഹിതൻെറ ജീവിതാവസ്ഥ എന്നർത്ഥം രൂഢമായി ത്തീർന്നത്. ഭാരതീയ ബ്രഹ്മചാരിക്കു ഗുരുകുലത്തിലെ അദ്ധ്യയനം കഴിഞ്ഞു ഗുരുദക്ഷിണകൊടുത്തു വീട്ടിൽ തിരിച്ചെത്തിക്കഴിഞ്ഞാൽ ഗാർഹസ്ഥ്യത്തിൽ പ്രവേശിക്കുവാൻ സ്വാതന്ത്ര്യമുണ്ട്. എന്നാൽ ബ്രഹ്മചര്യത്തിന് അവിവാഹിതൻെറ അവസ്ഥ എന്നയർത്ഥം സ്വീകരിച്ചിരിക്കുന്ന ക്രൈസ്തവാശ്രമ വാസികൾക്ക്

www.malankaralibrary.com

ആ സ്വാതന്ത്ര്യമില്ല. ആശ്രമവാസികൾ നൈഷ്ഠിക ബ്രഹ്മചര്യം (Perpetual continence) അനുഷ്ഠിക്കുന്നവരായിരിക്കണം എന്ന് ആശ്രമനിയമം അനുശാസിക്കുന്നു. ഇവിടെയാണു രണ്ടു സംസ്കാരങ്ങളും തമ്മിലുള്ള ഒരു പ്രധാന വ്യത്യാസം. ആശ്രമത്തിൻെറ വിശുദ്ധ നിയമസംഹിതയുടെ 84-ാംവകുപ്പിൽ ബ്രഹ്മചര്യത്തിൻെറ നിഷ്കൃഷ്ടമായ അനുഷ്ഠാനം, അതിൻെറ പവിത്രത, മഹത്ത്വം എന്നിവയേപ്പറ്റി വിസ്തരിച്ചു പ്രതിപാദിക്കുന്നുണ്ട്. ബ്രഹ്മചാരി എന്നു പറഞ്ഞാൽ അവിവാഹി എന്നാണു ക്രൈസ്തവ സങ്കല്പം എന്നു മുൻപു പറഞ്ഞുവല്ലോ. അതുപോലെ യോഗാർത്ഥികൾക്കുള്ള പ്രാരംഭ പരിശീലനം കഴിഞ്ഞു സന്യാസവസ്ത്രം സ്വീകരിക്കുന്നവരെയെല്ലാം സാമാന്യമായി സന്യാസികൾ എന്നാണു പറയുക. ശ്രീശങ്കരൻ ചെറുപ്പത്തിൽത്തന്നെ സന്യാസം വരിച്ചതായി ഐതിഹ്യമുണ്ടല്ലോ.

കാമ്യാനാം കർമ്മണാംന്യാസം
സംന്യാസം കവയോ വിദു: (ഭഗവദ്ഗീത XVIII.2)

കാമ്യങ്ങളായ കർമ്മങ്ങളുടെ ഉപേക്ഷണമാണു സന്യാസമെന്നു വിദ്വാന്മാർ പറയുന്നു എന്നു ശ്ലോകാർത്ഥം. കാമ്യകർമ്മങ്ങൾ എന്നു പറഞ്ഞാലെന്താണ്? ധനാർജനം, ആരോഗ്യം ദീർഘായുസ്സ്, സന്തതി, പ്രശസ്തി, പദവി എന്നിവയിലുള്ള അഭിനിവേശം ഉപേക്ഷിക്കുന്നവനാണു സന്യാസി. ഗീതയിലെ ഈ നിർവ്വചനത്തിന് അഭിജ്ഞന്മാർക്കിടയിൽ അഭിപ്രായ വ്യത്യാസമുണ്ട്. സന്യാസി ആരോഗ്യരക്ഷണത്തിൽ ശ്രദ്ധിക്കരുതെന്നുള്ള ഉപദേശം എല്ലാവർക്കും സ്വീകാര്യമായിരിക്കയില്ല. കാളിദാസൻ തന്നെ പറയുന്നുണ്ട്.

"ശരീരമാദ്യം ഖലു ധർമ്മസാധനം" എന്ന്. ധർമ്മസിദ്ധിക്കുള്ള പ്രഥമോപകരണം ശരീരമാണ്. ആരോഗ്യമില്ലാത്തവനെക്കൊണ്ടു കഠിനങ്ങളായ അനുഷ്ഠാനങ്ങളൊന്നും സാധ്യമല്ലല്ലോ. ആശ്രമത്തിൽ നിന്നു നടത്തുന്ന പ്രകൃതിചികിത്സാ കേന്ദ്രത്തിലെ യോഗപരിശീലനവും ചികിത്സകളുമെല്ലാം രോഗനിവാരണവും ആരോഗ്യ സമ്പാദനവും പുരസ്കരിച്ചുള്ളതാണല്ലോ.

ബഥന്യാശ്രമത്തിലെ രണ്ടാമത്തെ വ്രതമായ ദാരിദ്ര്യം എന്നതുകൊണ്ടു വിവക്ഷിക്കുന്നത് ആശ്രമ വാസിക്കു സ്വകാര്യസ്വത്തൊന്നും ഉണ്ടായിരിക്കാൻ പാടില്ലെന്നാണ്. "നീ പരിപൂർണ്ണനാകാൻ ആഗ്രഹിക്കുന്നുവെങ്കിൽ പോയി നിനക്കുള്ളതെല്ലാം വിറ്റ് ദരിദ്രർക്കു കൊടുക്കുക; പിന്നെ വന്ന് എന്നെ അനുഗമിക്കുക" എന്ന ക്രിസ്തുനാഥൻെറ ഉപദേശമാണിവിടെ ആശ്രമസ്ഥരുടെ ആദർശം. വിശുദ്ധ നിയമങ്ങളിലെ 94-ാം വകുപ്പിൽ ഇപ്രകാരം പറയുന്നു "ദാരിദ്ര്യവ്രതത്താൽ, പിതൃസ്വത്തു വഴിയ്ക്കോ മറ്റുവിധത്തിലോ നമുക്കു ലഭിച്ചിട്ടുള്ളവയും മേലാൽ ലഭിക്കുന്നവയുമായ സകല വസ്തുക്കളുടെയും വിനിയോഗവും വിനിയോഗാധികാരവും നാം ഉപേക്ഷിക്കുന്നു. പിന്നെയും 100-ാ മത്തെ വകുപ്പ് ഇങ്ങനെ അനുശാസിക്കുന്നു. അദ്ധ്യക്ഷനു പിൻവലിക്കാൻ പാടില്ലാത്തതായി യാതൊരു സാധനവും സന്യാസിയുടെ അധീനതയിൽ ഉണ്ടായിരിക്കാൻ പാടില്ലാത്തതാകുന്നു. സ്വർണ്ണം കൊണ്ടോ വെള്ളി കൊണ്ടോ നിർമ്മിച്ച വസ്തുക്കളോ, അവ ഭക്തിപരമായിരുന്നാൽത്തന്നെയും, സ്വന്തം ഉപയോഗത്തിനായി സന്യാസിക്ക് ഉണ്ടായിരുന്നു കൂടാ; പിന്നെയും 102-ാം വകുപ്പിൽ പറയുന്നു. "അമിതമായ വസ്തുസമ്പാദനത്തിനുള്ള വ്യഗ്രത സമൂഹത്തിനുണ്ടാകരുത്". ഇതിൽ നിന്നു സിദ്ധിക്കുന്നത്, വ്യക്തിയ്ക്കെന്നപോലെ സമൂഹത്തിനുമുണ്ടു ചില നിയന്ത്രണങ്ങൾ എന്നാണല്ലോ.

വളരെ ലളിതമായ രീതിയിൽ സമാരംഭിച്ച ബഥനി ആശ്രമത്തിൻെറ നവീനാവതാരമാണ് ഈ 75-ാം വയസ്സിലും ആശ്ചര്യാവഹമായ ഓജസ്സോടെ നാലാഞ്ചിറ ഗിരിമുകളിൽ ശോഭിക്കുന്ന ബഥന്യാശ്രമം. ആരംഭകാലത്തു സന്യാസം സ്വീകരിച്ചവരിൽ ഏറ്റം സമുന്നതനായ വ്യക്തി, മാർ ഈവാനിയോസ് തിരുമേനി, തൻെറ അനന്തരഗാമിയായി സ്വന്തം കരം കൊണ്ടഭിഷേകം ചെയ്ത ആർച്ച് ബിഷപ്പ് മാർ ഗ്രിഗോറിയോസ് തിരുമേനിതന്നെ. പഴയ സന്യാസിമാരിൽ എൻെറ സുഹൃത്തുക്കളും ദിവംഗതരുമായ രണ്ടു മൂന്നു ബഹുമാന്യ വൈദികരെ വിസ്മരിക്കുവാൻ എനിക്കു നിർവ്വാഹമില്ല. പുനരൈക്യത്തിൻെറ ആദ്യ നേതാക്കളിൽ

www.malankaralibrary.com

അഗ്രേസരനായ ഫാദർ. ഗീവറുഗിസ് , ബഥനി മന്ദിരത്തിൻെറയും കലാശാലയുടെയും മറ്റും എൻജിനിയറെന്ന നിലയിൽ പ്രഖ്യാതനായ ഫാദർ സെറാഫിയോൺ, പരമസാത്വികനും ഗാനരചയിതാവുമായ ഫാദർ യൗനാൻ, മറ്റൊരു ഗാനരചയിതാവും സഭാഭിമാനിയുമായ ഫാദർ ഏബ്രഹാം എന്നീ മഹാശയന്മാരെ, സ്മരിക്കുവാൻ ഈ സന്ദർഭം ഞാനുപയോഗിച്ചു കൊള്ളട്ടെ. ഇവരിൽ ഫാദർ ഏബ്രഹാമും ഫാദർ യൗനാനും പ്രാർത്ഥനാഗാനങ്ങൾ പരിഷ്കരിക്കുന്നതിൽ എൻെറ സഹകരണമാവശ്യപ്പെട്ട് പലപ്പോഴും എൻെറ ഭവനത്തിൽ വന്ന് എന്നെ അനുഗ്രഹിച്ചിട്ടുണ്ടെന്ന വസ്തുതയും ഞാൻ വിസ്മരിച്ചിട്ടില്ല. ജീവിച്ചിരിക്കുന്ന ബഹുമാന്യസുഹൃത്തുക്കൾ വളരെപ്പേരുള്ളതിനാൽ അവരിലാരെയും കുറിച്ചു പ്രസ്താവിക്കുവാൻ പ്രകൃതത്തിൽ ഞാനൊരുമ്പെടുന്നില്ല.

ആശ്രമത്തിലെ നിയമ സംഹിതയുടെ 180-ാം വകുപ്പിൽ സന്യാസിയുടെ വേഷത്തേക്കുറിച്ചു പ്രത്യേക നിർദ്ദേശമുണ്ട്. "സമൂഹാംഗങ്ങൾ ധരിക്കുന്ന സന്യാസവസ്ത്രം കാവിനിറമുള്ള കുപ്പായവും ഇടക്കെട്ടും ചരടിൽ ബന്ധിച്ച മരക്കുരിശുമായിരിക്കണം"- പണ്ടു വീരമാമുനി മുതലായ മിഷനറിമാർ സ്വികരിച്ചിരുന്ന ഈ വേഷം കഴിയുന്നത്ര ഭാരതീയത്വം പാലിക്കുന്നതിനുള്ള അഭിലാഷത്തിൻെറ പ്രകാശനമാണ്. അതുപോലെ 157-ാം വകുപ്പിൽ ഭക്ഷണത്തെക്കുറിച്ചും പ്രത്യേക ശാസനമുണ്ട്". "ആശ്രമത്തിൽ ഭക്ഷണത്തിനു മാംസം ഉപയോഗിക്കാൻ പാടില്ല. എല്ലാ വിധ ലഹരി പദാർത്ഥങ്ങളും ആശ്രമാംഗങ്ങൾ വർജ്ജിക്കണം. ഇങ്ങനെ ആരംഭം മുതല്ക്കേ ബഥനി സന്യാസിമാർക്കുണ്ടായിരിക്കേണ്ടതാണെന്നു മാർ ഈവാനിയോസ് തിരുമേനി അഭിലഷിച്ചിരുന്ന ഭാരതീയത്വം ഇന്നും അവർ അഭംഗം തുടർന്നു പോരുന്നു.

ഭാരതീയർക്കു സഹജമായ അതിഥിസൽക്കാരം ബഥനിയുടെ നിയമസംഹിതയിൽത്തന്നെ സ്ഥാനം പിടിച്ചിട്ടുണ്ട്. തിഥിയില്ലാത്തവനാണ് അതിഥി. അതായതു നാളും പക്കവും ഒന്നും നോക്കാതെ എപ്പോഴെങ്കിലും കയറി വരുന്നവൻ. ഗൗതമ ധർമ്മസൂത്രം അതിഥിക്കു നൽകുന്ന നിർവചനം ഇപ്രകാരമാണ്.

> അസമാനഗ്രാമോ/തിഥി, ഐകരാത്രികോ/
> ധിവൃക്ഷസൂര്യോപസ്ഥായീ

അതിഥി അസമാനഗ്രാമനും (ആതിഥേയൻെറ ഗ്രാമത്തിനു വെളിയിൽ നിന്നു വരുന്നവനും) ഐകരാത്രികനും (ഒരു രാത്രിമാത്രം താമസിക്കുന്നവനും) അധിവൃക്ഷ സൂര്യോപസ്ഥായിയും (സൂര്യൻ വൃക്ഷങ്ങളുടെ മുകളിൽ ചാഞ്ഞു നില്ക്കുമ്പോൾ - അതായതു കാലത്തോ - വൈകുന്നെരമോ - വരുന്നവനും ആയിരിക്കണം. ഈ നിർവചനം സ്വീകരിക്കുന്ന പക്ഷം ആശ്രമവാസികൾ നാലാഞ്ചിറക്കാർ ആരെയും അതിഥികളായി സ്വീകരിക്കേണ്ടതില്ല. ഉച്ചഭക്ഷണംകഴിച്ചു കൊണ്ടിരിക്കുമ്പോൾ കയറി വരുന്നവനെയും ഗൗനിക്കേണ്ടതില്ല. അതിഥിയെ സൽക്കരിക്കേണ്ട മുറകൾ ധർമ്മസൂത്രങ്ങളിൽ വിസ്തരിച്ചു പ്രതിപാദിക്കുന്നുണ്ട്. സാമാന്യമായി അർഘ്യ പാദ്യങ്ങൾ നൽകി വേണം അതിഥിയെ സ്വീകരിക്കുവാൻ. പുഷ്പഫലാദികൾ സമർപ്പിക്കുകയാണ്. അർഘ്യം. പാദോദകം (കാലു കഴുകാൻ വെള്ളം) നൽകുകയാണു പാദ്യം. അതിഥിക്ക് പാദ്യം നൽകുക യഹൂദന്മാരുടെയിടയിൽ അവശ്യം വേണ്ട ആചാരമായിരുന്നുവെന്നു ബൈബിളിൽ നിന്നു വ്യക്തമാകുന്നുണ്ട്, അതിഥിയായ തനിക്കു പാദ്യം നൽകാതിരുന്നതിനു ഗൃഹസ്ഥനായ ശിമോനെ യേശുനാഥൻ ശാസിക്കുന്നതായി നാം വായിക്കുന്നു. പഴയ സാമുദായികാചാരങ്ങളിൽ പലതും അന്ധവിശ്വാസപരമായിരുന്നാൽത്തന്നെയും, അംഗീകാര്യവും, യുവതലമുറയ്ക്ക് അനുകാര്യവുമാണെന്നു എനിക്കു പലപ്പോഴും തോന്നിയിട്ടുണ്ട്.

എഴുപത്തഞ്ചു തികയുന്ന ഈ ബഥനി ആശ്രമം അതിൻെറ സ്ഥാപകനായ മഹാത്മാവിൻെറയും അനന്തരഗാമികളും ദിവംഗതരുമായ സന്യാസിവര്യന്മാരുടെയും സ്മരണ നവീകരിച്ചുകൊണ്ടും, സ്വന്തം സഭയ്ക്കെന്നപോലെ ഭിന്നമതസ്ഥരായ നാട്ടുകാർക്കും ശ്രേയസ്കരങ്ങളായ പ്രവർത്തനങ്ങളിൽ വ്യാപരിച്ചു കൊണ്ടും ദീർഘകാലം ശോഭിക്കുവാൻ ദൈവം അനുഗ്രഹിക്കട്ടെ.

www.malankaralibrary.com



ഡോ. ജോർജ് ഓണക്കൂർ

# ബഥനിയുടെ പൊരുൾ

സുവിശേഷത്തിന്റെ വഴി പിന്തുടരുന്നവർക്ക് ബഥനി "യരുശലേം താഴ്‌വരയിലെ ഒറ്റപ്പെട്ട ഗ്രാമപ്രദേശമല്ല. അവിടെ യേശുവിന്റെ സ്നേഹിതൻ ലാസറിന്റെ വാസസ്ഥലം. ഗലീലിയിൽ നിന്ന് പിതാവിന്റെ ഭവനത്തിലേക്കു യാത്രചെയ്ത മനുഷ്യപുത്രന് ആതിഥ്യമരുളാൻ മത്സരിച്ച ലാസറിന്റെ സഹോദരിമാർ, മാർത്തയും മറിയയും. സ്നേഹത്തിന്റെയും ശാന്തിയുടെയും സൗരഭ്യം നിറഞ്ഞ ഗൃഹാന്തരീക്ഷം.

'ബഥനി' അങ്ങനെ ഒരു പ്രതീകമായി രൂപാന്തരപ്പെടുന്നു. നിർമ്മല സ്നേഹത്തിന്റെ പ്രതീകം; ദൈവികസാന്നിദ്ധ്യം സഫലമാകുന്ന പുണ്യസ്ഥാനം.

അശാന്തിയിൽ നിന്ന് ശാശ്വത സമാധാനം തേടി യാത്രചെയ്ത പുണ്യശ്ലോകനായ മാർ ഇവാനിയോസ് തിരുമേനിക്ക് സെറാമ്പൂരിലെ വൈദികാദ്ധ്യാപനത്തിന്റെ നാളുകളിൽ മനസ്സിലുദിച്ച നക്ഷത്രത്തിന് 'ബഥനി' എന്നാണ് പേരുവീണത്.

ദു:ഖത്തിന്റെയും മരണത്തിന്റെയും കാരണമന്വേഷിച്ച ശ്രീ. ബുദ്ധന് മോഹശതങ്ങളിൽ വീഴുന്ന മനുഷ്യാത്മാവിന്റെ പിടച്ചിൽ ദൃശ്യമായി. മാർ ഈവാനിയോസ് തിരുമേനി കണ്ടെത്തിയതും ഈ അസ്വാസ്ഥ്യപൂർണ്ണമായ അവസ്ഥാവിശേഷമാണ്. കലഹങ്ങളിൽ സ്വത്വം നഷ്ടപ്പെട്ട സഭാന്തരീക്ഷം. ലൗകികാധികാരത്തിന്റെ പിരിമുറുക്കത്തിൽ ആത്മശാന്തിയുടെ ആനന്ദം അനുഭവിച്ചറിയാൻ അശക്തരായ ആചാര്യന്മാർ

കൂട്ടം തെറ്റി മേയാൻ വിധിക്കപ്പെട്ട ധന്യാത്മാവ് സന്യാസത്തിന്റെ വഴി കണ്ടെത്തിയത് സ്വാഭാവികം. ഗുരുദേവ് ടാഗോറിന്റെ ശാന്തിനികേതനിലും, മഹാത്മാഗാന്ധിയുടെ സബർമതി ആശ്രമത്തിലും നിറഞ്ഞുതുളുമ്പിയ ശാന്തിയുടെ സുഖം നുകർന്ന അദ്ദേഹം ആ ആത്മചൈതന്യം കേരളത്തിന്റെ മണ്ണിൽ അനുഭവവേദ്യമാക്കുന്നതിന് ബദ്ധശ്രദ്ധനായി. ഒരു പുണ്യാശ്രമത്തിന്റെ സൃഷ്ടി, അതായിരുന്നു മനസ്സിൽ. പൂർണ്ണഹൃദയത്തോടെ ദൈവഹിതം നിറവേറുന്ന സമൂഹം രൂപം കൊള്ളണം. അതിനുവേണ്ടി സ്വാർത്ഥത വെടിഞ്ഞേ മതിയാകൂ. അധികാരത്തിന്റെ ചെങ്കോൽ താഴെ വയ്ക്കണം. ധനാസക്തി വെടിഞ്ഞ് ദൈവസമ്പാദനത്തിൽ മനസ്സർപ്പിക്കണം. പ്രാർത്ഥനയിലും ആത്മശുദ്ധീകരണത്തിലും നിതാന്ത ജാഗ്രത പുലർത്തണം.

ബഥനി സന്യാസ സമൂഹത്തിന്റെ സൃഷ്ടിക്ക് പ്രേരണയായിത്തീർന്നത് ഈ ആത്മശക്തിയാണ്. ലോകത്തിന്റെ വിവിധ കേന്ദ്രങ്ങളിൽ

www.malankaralibrary.com

പ്രതാപൈശ്വര്യങ്ങളോടെ പ്രവർത്തിക്കുന്ന ഇതര സന്യാസ സമൂഹങ്ങളുടെ ശൈലിയിൽ നിന്നു ഭിന്നമായി ഭാരതീയ സന്യാസപാരമ്പര്യത്തിന്റെ ചൈതന്യമുൾക്കൊണ്ടു പ്രവർത്തിക്കുന്ന ഒരു ആത്മീയകേന്ദ്രം. ബഥനിക്ക് സുവിശേഷവൽക്കരണത്തിൽ വഹിക്കാവുന്ന പങ്കിനെക്കുറിച്ച് തികച്ചം ബോധവാനായിരുന്നു മാർ ഇവാനിയോസ് തിരുമേനി. അതിനുതകുന്ന വേഷവും ഭാവവും അദ്ദേഹം കണ്ടെത്തി.

ബഥനിയുടെ ആദ്യ ശിലകൾ സെറാമ്പൂരിൽ വച്ചുതന്നെ തിരുമേനി ഉറപ്പിച്ചു. ഏതാനും അനുഷ്ഠാനങ്ങൾ സ്വയം കൈക്കൊണ്ടു. യാമപ്രാർത്ഥന, ധ്യാനം, ആത്മപരിശോധന, മൗനം തുടങ്ങിയ വ്രതനിയമങ്ങളിൽ നിഷ്ഠപുലർത്തി. ഒരു വർഷക്കാലം തുടർന്നു ഈ പരിശീലനപരിപാടി

ഒടുവിൽ ആശ്രമസ്ഥാപനത്തിനു യുക്തമായ സ്ഥാനം തിരുമേനിയുടെ സൂഷ്മനയനങ്ങൾ തെരഞ്ഞുപിടിച്ചു. പെരുനാട്ടിലെ മുണ്ടൻ മലയിൽ പുതിയ ബഥനി രൂപം കൊണ്ടു. എല്ലാം ദൈവത്തിനു സമർപ്പിക്കുക. ആ സ്നേഹാഗ്നിയിൽ സ്വയം ഹോമിക്കുക. അതായിരുന്നു ബഥനി - മിശിഹാനുകരണ സന്യാസ സമൂഹത്തിന്റെ ആദർശം. ജീവിതം യഥേഷ്ടം മുന്നോട്ടുകൊണ്ടു പോകാനുള്ളതാണ്. സ്വയം ജീവിച്ചു തീരുകയല്ല, മിശിഹായുടെ ചൈതന്യം ഉൾക്കൊള്ളുകയാണ്.

അപൂർവ്വശാന്തിയുടേയും നവചൈതന്യത്തിന്റേയും നീരുറവയായി ബഥനിസന്യാസസമൂഹം. മിശിഹായെ ജീവിതത്തിന്റെ എല്ലാ വഴികളിലും ഇടറാതെ പിന്തുടരാനുള്ള പ്രതിജ്ഞാബദ്ധത, ലാളിത്യമാർന്ന ജീവിതശൈലി, അനുസരണം ഏതർത്ഥത്തിലും തികച്ചും ഭാരതീയം.

ബഥനിസന്യാസിമാർ കാഷായവസ്ത്രം ധരിച്ചു. ഭാരതീയ സന്യാസിമാരോട് നേരിട്ട് ഇടപെടാനും അവരുടെ ആശ്രമവിധികൾ പിന്തുടരാനും അതു പ്രേരണയായി. താൻ കേവലം മണ്ണാകുന്നുവെന്ന ബോദ്ധ്യപ്പെടൽ. ദൈവത്തിനുവേണ്ടി നിന്ദിക്കപ്പെട്ടാലും നിസ്സാരമാക്കപ്പെട്ടാലും ഇടർച്ചയുണ്ടാവില്ല എന്ന അടിയുറച്ച വിശ്വാസം.

ബഥനിയുടെ വ്യക്തിത്വം കാത്തു സൂക്ഷിക്കുന്നതിന് ദൃഢപ്രതിജ്ഞനായിരുന്നു അതിന്റെ സ്ഥാപകൻ. ഐക്യത്തിന്റെയും സ്നേഹത്തിന്റെയും പ്രാർത്ഥനയുടയും ജീവിതമാണ് അദ്ദേഹം ആശിച്ചത്. ഭൗതികമായ സമ്പത്തോ പദവിയോ അധികാരമോ ഒന്നും അദ്ദേഹം കാംക്ഷിച്ചില്ല. മഹാപുരോഹിത പദവിയിലേക്ക് നിയോഗിക്കപ്പെട്ടപ്പോൾ പോലും ഭദ്രാസനഭരണം കൈയേൽക്കാതെ ബഥനി മെത്രാനായി ഒതുങ്ങാൻ അദ്ദേഹം ഇഷ്ടപ്പെട്ടു. കഴിയുന്നത്രസ്ഥലങ്ങളിൽ ബഥനിപള്ളികൾ സ്ഥാപിച്ച് പ്രാർത്ഥനയുടേയും ധ്യാനത്തിന്റെയും ശാന്തിയുടേയും അന്തരീക്ഷം നിലനിറുത്താൻ ജാഗ്രത പുലർത്തി. മെത്രാന്മാരുടെ സൂനഹദോസുകളിൽ അദ്ദേഹം പങ്കുകൊണ്ടില്ല. സഭാകാര്യങ്ങളിൽ നേരിട്ടു പ്രവേശിച്ചിട്ടില്ല. ദൈവസമ്പാദനത്തിന് വഴിയൊരുക്കുന്ന കർമ്മപഥം വികസിപ്പിക്കുന്നതിന് സമർപ്പിത ജീവിതം നയിക്കുകയായിരുന്നു ആ മഹാത്മാവ്.

മാർ ഈവാനിയോസ് തിരുമേനിയുടെ ഉന്നതാദർശങ്ങൾ ഉൾക്കൊള്ളാൻ സജ്ജമായിരുന്നില്ല മലങ്കരസഭ. ആ കലാപവേദിയിൽ ബഥനി പ്രസ്ഥാനത്തിന് ശാന്തി സൗരഭ്യം പരത്താൻ കഴിയില്ലെന്ന് അദ്ദേഹത്തിന് ബോദ്ധ്യംവന്നു. ധനവും അധികാരവുമാണ് എല്ലാവരും ആശിക്കുന്നത്. ആ ആൾക്കൂട്ടത്തിൽ ഒറ്റപ്പെട്ടുപോയ ബഥനിപിതാവ് തന്റെ ദൗത്യനിർവ്വഹണത്തിന് നിത്യജീവന്റെ വഴികൾതേടി. അത് പുനരൈക്യപ്രസ്ഥാനത്തിന്റെ ആവിർഭാവത്തിൽ കലാശിച്ചത് ചരിത്രവസ്തുത. പുനരൈക്യപ്രസ്ഥാനം എത്ര എളിയ നിലയിൽ രൂപം കൊണ്ടു എന്നതിന് ഇനിയൊരു വിശദീകരണം ആവശ്യമില്ല. അതിന്റെ ജീവാത്മാവ് മാർ ഈവാനിയോസ് തിരുമേനിയായിരുന്നു. തന്റെ ദർശനങ്ങൾ സഫലമാകുന്ന പുണ്യവേദിയായി പുനരൈക്യപ്രസ്ഥാനത്തെ അദ്ദേഹം രൂപകല്പന ചെയ്തു. ബഥനിയുടെ തത്വം സാക്ഷാത്കരിക്കുകയായിരുന്നു അതിന്റെ ലക്ഷ്യം

പുനരൈക്യപ്രസ്ഥാനത്തെനയിക്കുന്നതിന് ബഥനി എങ്ങനെ വിധികല്പിതമായി എന്നതിന്റെ സൂചനയാണിത്. ആദ്യഘട്ടങ്ങളിൽ ബഥനി പ്രസ്ഥാനവും

www.malankaralibrary.com

മലങ്കരഹയരാർക്കിയും തമ്മിൽ അദ്വൈത ഭാവവും നിലനിന്നു. രണ്ടിന്റെയും മൂലാധാരം മാർ ഇവാനിയോസ് തിരുമേനിയായിരുന്നല്ലോ.

കാലം കടന്നുപോയി. കഥാപുരുഷന്മാർമാറി. എന്നിട്ടും ചിലഅനുകൂലഘടകങ്ങൾ മാറ്റമില്ലാതെ തുടർന്നു. ബഥനി സന്യാസസമൂഹാംഗം മാർ ഇവാനിയോസ് തിരുമേനിയുടെ പിൻഗാമിയായത് കേവലം യാദൃശ്ചികമല്ല. ബഥനി പ്രസ്ഥാനത്തിന്റെ ശക്തിയായി വർത്തിക്കണമെന്ന സ്ഥാപകപിതാവിന്റെ ദീർഘവീക്ഷണം അതിനു പിന്നിലുണ്ടായിരുന്നു.

പക്ഷേ ബഥനി സന്യാസ സമൂഹത്തിന്റെ സ്വതന്ത്രാസ്തിത്വം മലങ്കരസഭയുടെ പുരോഗതിക്കു പ്രയോജനപ്പെടുത്താൻ കഴിയാതെപോയി. ദേവാലയശുശ്രൂഷകൾ നടത്താൻ സഹായിക്കുക എന്ന പരിമിത വൃത്തത്തിൽ ഭദ്രാസനാധികാരികൾ ബഥനിയുടെ സേവനങ്ങളെ തളച്ചിട്ടു. പൊന്തിഫിക്കൽ പദവി കൈവന്നിട്ടും ഭദ്രാസനബന്ധങ്ങളിൽ നിന്നു പൂർണ്ണമായി മുക്തിനേടാൻ പാരമ്പര്യത്തിന്റെ ചരടുകൾ ബഥനി സന്യാസ സമൂഹത്തെ അനുവദിച്ചില്ല. മലങ്കര സഭയിലെ വിവിധ ഭദ്രാസനങ്ങളിലെ സേവന വേദികളിൽ ഒന്നൊഴികെ മറ്റൊന്നിൻെറയും നേതൃത്വം ഇന്നും ബഥനി സന്യാസ സമൂഹത്തിൽപ്പെട്ട വൈദികർക്കില്ല എന്നത് ഒരു വിചിത്ര യാഥാർത്ഥ്യം.

വലിയ സ്ഥാപനങ്ങൾ കെട്ടിപ്പൊക്കുകയോ ഭൗതികാധികാരം വെട്ടിപ്പിടിക്കുകയോ ബഥനിയുടെ ലക്ഷ്യമല്ല, ഒരിക്കലും. ഗ്രാമങ്ങളിൽ വിദ്യാലയങ്ങൾ സ്ഥാപിക്കാനും സഭാംഗങ്ങളെ അദ്ധ്യാപനരംഗത്തേക്ക് നിയോഗിക്കാനും താത്പര്യമെടുക്കുന്നത് സുവിശേഷ ദൗത്യം നിർവ്വഹിക്കലിന് അപ്പുറമല്ല. എന്നിട്ടും പരസ്പരം സ്നേഹിച്ചും സഹകരിച്ചും ദൈവഹിതം നിറവേറ്റാൻ ബദ്ധപ്പെടേണ്ടവർ പരസ്പരം പുറം തിരിഞ്ഞുനില്ക്കുമ്പോൾ ഒരു വീണ്ടുവിചാരം ആവശ്യമായിരിക്കുന്നു എന്ന തോന്നൽ ബലപ്പെടുന്നു.

ഭാഗം പിരിയാൻ സമയമായി എന്നുപറയുകയല്ല. ചെറിയ മർമ്മരംഗങ്ങളെ കൊടുങ്കാറ്റാക്കി മാറ്റാൻ ദൈവജനം ആഗ്രഹിക്കുന്നില്ല. പക്ഷേ ബഥനി അതിന്റെ സ്വത്വം ഉയർത്തിപ്പിടിക്കാനും സ്വതന്ത്ര കർമ്മമേഖലകളിൽ ചുവടുറപ്പിക്കാനും വൈകിയിരിക്കുന്നു എന്ന് വ്യക്തമാക്കാതെ വയ്യ. ധനാസക്തിയും അധികാരമോഹവും സുവിശേഷദൗത്യത്തെ വഴിതെറ്റിക്കുമ്പോൾ ചുവടൊത്തു നടക്കാൻ കഴിയില്ല ബഥനിക്ക്. കാഷായം ധരിച്ചവരുടെ വിധി വ്യത്യസ്തമാണ്. അത് സ്നേഹത്തിൻെറയും സഹനത്തിന്റെയും യാത്രയാണ്. ലക്ഷ്യത്തെക്കുറിച്ച് ആഴമായ ബോധ്യത്തോടെ അതു സ്വായത്തമാക്കുന്നതിനുള്ള കർമ്മ പരിപാടികൾക്ക് വിവേകപൂർവ്വം രൂപം നൽകേണ്ടിയിരിക്കുന്നു.

വാർദ്ധക്യത്തിൽ ആയുർവേദമരുന്നുകൾ കഴിച്ച് വിശ്രമിക്കാനുള്ള സങ്കേതമായി ആശ്രമജീവിതത്തെ ചിത്രീകരിക്കുന്ന വികല സങ്കല്പങ്ങൾ നിലവിലുണ്ട്. സ്വയം നഷ്ടപ്പെടാതെ സ്വതന്ത്രാസ്തിത്വം കാത്തു സൂക്ഷിക്കാൻ ബദ്ധപ്പെടുകതന്നെ വേണം ബഥനി. വാതിലുകൾ തുറന്നിടുകയും കാറ്റും വെളിച്ചവും കടന്നു വരാൻ അനുവദിക്കുകയും ചെയ്യുന്ന സഭാന്തരീക്ഷത്തിന്റെ സൃഷ്ടിക്ക് സന്യാസത്തിന്റെ ആത്മീയ പ്രഭാവത്തിനേ പ്രേരണ ചെലുത്താനാവൂ.

സ്വന്തം വ്യക്തിത്വം വീണ്ടെടുക്കുക എന്നതാണ് പ്ലാറ്റിനം ജൂബിലിവേളയിൽ ബഥനി നേരിടുന്ന വെല്ലുവിളി. സഭാമക്കളുടെ ആത്മശുദ്ധീകരണത്തിന് അതു വഴിയൊരുക്കണം. ഏകാന്തമായ ധ്യാനത്തിനും പ്രാർത്ഥനയ്ക്കും അനുതാപത്തിനും ഉതകുന്ന പ്രശാന്തി ആശ്രമങ്ങളിൽ നിറഞ്ഞു നില്ക്കണം. അത്യന്തം ലളിതവും ഭാരതീയവുമായിരിക്കണം അവിടത്തെ അന്തരീക്ഷം. അതിന് ഭംഗം വന്നിട്ടുണ്ടെങ്കിൽ പരിഹരിച്ചു മുന്നോട്ടു പോകാനുള്ള പ്രതിജ്ഞ പുതുക്കലിനു സമയമായിരിക്കുന്നു.

നമ്മുടെ യുവജനങ്ങൾ പുതിയ വെളിച്ചത്തിനു വേണ്ടി ഇമ പൂട്ടാതെ കാത്തിരിക്കുന്ന കാലഘട്ടമാണിത്. പ്രാർത്ഥനയുടെയും കൂട്ടായ്മയുടെയും ചൈതന്യം അവരിൽ ശക്തമാണ്. മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും നീരാളിപ്പിടുത്തത്തിൽ അകപ്പെടാതെ അവർ സ്വയം കാത്തുരക്ഷിക്കുന്നു എന്നത് തീർച്ചയായും ആശ്വാസകരം തന്നെ. പക്ഷേ ആ ശക്തി നഷ്ടപ്പെടാതെ നിലനിറുത്താൻ കഴിയണമെങ്കിൽ ആ ആദ്ധ്യാത്മികതയുടെ അടിത്തറയിൽ

www.malankaralibrary.com


അവരെ ഉറപ്പിക്കേണ്ടിയിരിക്കുന്നു. യുവജനങ്ങൾക്ക് വേണ്ടിയുള്ള കർമ്മ പരിപാടികൾ ആസൂത്രണം ചെയ്യാനും നടപ്പിലാക്കാനും ബഥനി സന്യാസ സമൂഹത്തിനു സാദ്ധ്യമാണ്.

ഭാരതത്തിന്റെ സുവിശേഷവത്കരണം ബഥനിയുടെ സ്ഥാപിതലക്ഷ്യമാണ്. അതിനു സഹായിക്കുന്ന വിധത്തിലാണ് ഘടനയും സ്വഭാവവും നിർണ്ണയിക്കപ്പെട്ടിട്ടുള്ളത്. ഇന്ത്യയിലെ ഇതര മതദർശനങ്ങളോടും ജനവിഭാഗങ്ങളോടും ബന്ധപ്പെടാനും സംഭാഷണത്തിൽ ഏർപ്പെടാനും ബഥനിക്കു പ്രത്യേക ദൗത്യമുണ്ട്. ഈ നിയോഗം ഏറ്റെടുക്കാൻ ബഥനി സമൂഹം സന്നദ്ധമാകേണ്ടിയിരിക്കുന്നു. മലങ്കര സഭയുടെ ബാഹ്യകേരള സുവിശേഷ നിർവ്വഹണം പൂർണ്ണമായും ബഥനിക്കു കൈമാറാൻ സഭാധികാരികളും വിസമ്മതിക്കരുത്. കേരളത്തിന്റെ ഭൂമിശാസ്ത്രപരിധിക്കുള്ളിൽ ഒതുങ്ങി നിന്നു പ്രവർത്തിച്ചാൽ മതി നമ്മുടെ ഭദ്രാസനങ്ങൾ. ആ പശ്ചാത്തലത്തിൽ ഒരു പുനഃക്രമീകരണത്തിനു സഭാധികാരികളും ബഥനിസമൂഹവും അടിയന്തിര സംഭാഷണത്തിൽ ഏർപ്പെടുന്നത് സ്വാഗതാർഹമായിരിക്കും.

കാലപരിക്രമത്തിൽ ഏതു പ്രസ്ഥാനവും സ്വക്ഷേത്രത്തിൽ നിന്നു വ്യതിചലിക്കാറുണ്ട്. ഈ പ്രതിസന്ധി ബഥനി സമൂഹം നേരിടുന്നില്ലെന്ന് ഉറപ്പുവരുത്താൻ ആശ്രമാധിപന്മാർക്ക് ബാദ്ധ്യതയുണ്ട്. ഇത് ഒരു സാധാരണ സന്യാസ സമൂഹമല്ല. പ്രത്യേകമായ ദൗത്യം ഉൾക്കൊള്ളുന്ന മഹാപ്രസ്ഥാനമാണ്. മാർ ഈവാനിയോസ് തിരുമേനി പ്രത്യേകമായ ഒരു സന്യാസ സമൂഹത്തെ സൃഷ്ടിച്ചത് ഇത്തരം പ്രസ്ഥാനങ്ങളുടെ സംഖ്യ വർദ്ധിപ്പിക്കാനായിരുന്നില്ല. സ്വന്തം മേൽവിലാസം ഉറപ്പിക്കുന്നതിനുള്ള വേദി സൃഷ്ടിക്കാനുമായിരുന്നില്ല. ആത്മീകാഗ്നിയിൽ ഉരുകിത്തെളിഞ്ഞ ആ മഹാപുരുഷൻ ശാന്തിയുടെ ശ്രീകോവിൽ തേടി, ദൈവസ്നേഹത്തിന്റെ ദീപം തെരഞ്ഞു. എളിമയുടെ മരക്കുരിശ് കഴുത്തിൽ തൂക്കി.

ഈ സന്യാസ സമൂഹം ഏതു നിലയിലും വ്യത്യസ്തമാണ്. അതിന്റെ ദൗത്യം അനന്യമാണ്; അതിപ്രധാനമാണ്. ആശ്രമാംഗങ്ങൾ അത് ഉൾക്കൊള്ളണം. തങ്ങളെ വെല്ലുവിളിക്കുന്ന ഒരു വിപരീതശക്തിയായി ബഥനിയെ ആരും തെറ്റിദ്ധരിക്കുകയുമരുത്. അത്തരം അബദ്ധധാരണകൾ ആത്മഹത്യാപരമാണ്. ഭൗതികതയിലേക്കു വഴുതി വീണ് സ്വയം നഷ്ടപ്പെടാൻ ഇടവരാതെ തങ്ങളെപ്പോലും കാത്തു രക്ഷിക്കുന്ന ആത്മീയശക്തിയാണ് ബഥനിയെന്ന് സഭയുടെ വിവിധതലങ്ങളിൽ പ്രവർത്തിക്കുന്ന അധികാരികളും വൈദികരും തിരിച്ചറിയേണ്ടിയിരിക്കുന്നു. അങ്ങനെ സംഭവിച്ചാൽ മലങ്കരസഭയിൽ സ്നേഹത്തിന്റെയും ഔദാര്യത്തിന്റെയും അന്തരീക്ഷം കൈവരും; കൈവരണം. അതിനു കഴിയാതെ വന്നാൽ നാം പുറം തിരിഞ്ഞു നില്ക്കുന്നത് മാർ ഈവാനിയോസ് തിരുമേനിയുടെ ദർശനങ്ങളോടാവും, തീർച്ച.

www.malankaralibrary.com



വെരി. റവ. ഫാ. തോമസ് കൊടിനാട്ടുംകുന്നേൽ

# ധീര സാക്ഷികളാകുവിൻ

ബഥനി സന്യാസസമൂഹം പ്ലാറ്റിനം ജൂബിലി ആഘോഷിക്കുന്ന ഈ അവസരത്തിൽ കഴിഞ്ഞ വർഷങ്ങളിലൂടെ ദൈവം നൽകിയ എല്ലാ നന്മകൾക്കും ബഥനി മക്കളോടു ചേർന്ന് ഞാനും ദൈവത്തിനു കൃതജ്ഞതാ സ്തോത്രം അർപ്പിക്കുന്നു. സമൂഹത്തിൻെറയും മലങ്കര സഭയുടെയും സർവ്വതോന്മുഖമായ വളർച്ചയ്ക്ക് സഹായവും പ്രചോദനവുമേകുവാൻ ബഥനിയ്ക്കു കഴിഞ്ഞിട്ടുണ്ട്. വിദ്യാഭ്യാസ രംഗത്തും മിഷൻമേഖലയിലും ഒരു പരിധിവരെ ആതുര ശുശ്രൂഷാ വേദിയിലും തനതായ വ്യക്തി മുദ്ര പതിപ്പിക്കുവാൻ ബഥനിക്കു സാധിച്ചിട്ടുണ്ട് എന്ന് ന്യായമായും അഭിമാനിക്കാം.

പ്രവർത്തനങ്ങളുടെ ആധികാരികതയും വിജയവും പൂർണ്ണമാകുന്നത് പ്രധാനമായും അവയുടെ ദൈവനിയോഗം തിരിച്ചറിയുമ്പോഴാണല്ലോ. ബഥനിയുടെ ചരിത്രത്തിലെ ദൈവനിയോഗം കണ്ടെത്തുവാനും തിരിച്ചറിയുവാനുമുള്ള പരിശ്രമത്തിനാണ് ഇന്ന് ഏറെ പ്രാധാന്യം. സ്ഥാപകൻെറ അടിസ്ഥാന ദർശനത്തിലേയ്ക്ക് തിരികെപ്പോവുകയും അതോടൊപ്പം ഇരുപത്തി ഒന്നാം നൂറ്റാണ്ടിലേക്കു ചവുട്ടിക്കയറുവാൻ തയ്യാറെടുപ്പ് നടത്തുകയും ചെയ്യുവാനാണല്ലോ ബഥനി സമൂഹം ഇന്ന് ശ്രമിച്ചുകൊണ്ടിരിക്കുന്നത്. കാലത്തിൻെറ കുത്തൊഴുക്കിൽ ദർശനങ്ങൾക്കുണ്ടാകുന്ന മങ്ങൽ സ്വാഭാവികം തന്നെ. മുണ്ഡൻമലയും, പിച്ചപ്പാത്രവും കാവി വസ്ത്രവും മരക്കുരിശുമെല്ലാം പുത്തൻ തലമുറയിലേക്കു വരുമ്പോൾ ചൈതന്യം കെടാതെ ഏതെല്ലാം ഭാവങ്ങളായി രൂപപ്പെടണം എന്നതിലേക്ക് ആഴമായ സംവാദവും ആത്മ പ്രചോദനപരമായ ഉൾദർശനവും ഉണ്ടാകേണ്ടതാണല്ലോ. ലോകത്തോട് അനുരൂപപ്പെടാതെ ലോകത്തിന് ധീര സാക്ഷികളാകുവാൻ പ്രാർത്ഥന, ദാരിദ്ര്യം, ബ്രഹ്മചര്യം, അനുസരണം തുടങ്ങിയ പുണ്യങ്ങളെ പ്രാഗ്രൂപത്തിൽ അനുഷ്ഠിപ്പാൻ കൃപയിൽ മാത്രം ആശ്രയിച്ചു സഭാമക്കൾ ഒരുമ്പെട്ടതിൻെറ വ്യവസ്ഥാപിത രൂപമാണല്ലോ സന്യാസ പ്രസ്ഥാനങ്ങൾ. ത്യാഗപൂർവ്വവും വിമർശനാത്മകവുമായ ഈ ആത്മവിചിന്തനത്തിൽ ആമഗ്നരായിരിക്കുന്ന സമൂഹാംഗങ്ങളെ ഞാൻ അഭിനന്ദിക്കുന്നു. 1920 ലെ പെന്തക്കോസ്തി ദിനത്തിൽ ബഥനിയുടെ ആദ്യസന്താനങ്ങൾ സന്യാസ പ്രതിഷ്ഠ നടത്തിയപ്പോൾ മാർ ഈവാനിയോസ് തിരുമേനി വി. കുർബാന മദ്ധ്യേ ഇങ്ങനെ പ്രസംഗിച്ചു. " സന്യാസിയെ ഒരു യാഗപശുവിനോടുപമിക്കാം. യാഗപശു നാല് അവസ്ഥാന്തരങ്ങളിൽക്കൂടെ കടന്നു പോകണ്ടതായിട്ടുണ്ട്. ഒന്നാമതായി യാഗപശുവിനെ കൂട്ടത്തിൽ

www.malankaralibrary.com

നിന്നും വേർ തിരിക്കുന്നു. രണ്ടാമതായി അതിനെ ദേവാലയത്തിനു പുറത്തുകെട്ടുന്നു. മൂന്നാമതായി യാഗ ദിവസത്തിൽ ആരാധകൻ വന്ന് അതിന്റെ കഴുത്തു വെട്ടി തോലുരിച്ച് പല കഷണങ്ങളായി അതിനെ ഖണ്ഡിക്കുകയും അതിൽ നിന്ന് ചീത്ത ഭാഗങ്ങളെ ഉപേക്ഷിക്കുകയും രക്തം ഒരു പ്രത്യേക പാത്രത്തിലാക്കി ആചാര്യനെ ഏല്പിക്കുകയും മാംസവും രക്തവും ദൈവാലയത്തിലുള്ള യാഗ പീഠത്തിലേക്ക് കൊണ്ടു പോവുകയും ചെയ്യുന്നു. നാലാമതായി ആചാര്യൻ മാംസക്കഷണങ്ങളെ യാഗപീഠത്തിന്മേൽ വച്ച് ഹോമിക്കുകയും രക്തത്തെ പീഠത്തിന്മേൽ ഒഴിക്കുകയും ചെയ്യുന്നു. "ദൈവസേവനത്തെക്കാൾ അത്യുത്തമമാണ് ദൈവസമ്പാദനം" എന്ന് അനുഭവിച്ചറിഞ്ഞ ആ മഹാത്മാവ്, ത്യാഗവും ദാരിദ്ര്യവും സന്യാസിക്ക് കണ്ഠാഭരണങ്ങളായിട്ടാണ് ചിത്രീകരിച്ചത്.

കേരളത്തിനകത്തും പുറത്തും നിരവധി സ്ഥാപനങ്ങൾ നടത്തിക്കൊണ്ടിരിക്കുന്ന ബഥനി നാടിന്റെ സാമൂഹിക രംഗത്ത് തനതായ സ്വാധീനം ചെലുത്തിക്കൊണ്ടിരിക്കുന്നു. ആത്മിക മണ്ഡലത്തിൽ എന്നതു പോലെ വിദ്യാഭ്യാസത്തിലൂടെയുള്ള ബഥനിയുടെ പ്രേഷിതത്വം ഇന്ന് അംഗീകാരം നേടിക്കഴിഞ്ഞു. സംസ്ക്കാരരൂപീകരണത്തിൽ വളരെ പ്രാധാന്യമുള്ള ബൗദ്ധിക വികാസത്തിന് ബഥനി പബ്ലിക്കേഷൻസ് നേതൃത്വം നൽകി വരുന്നു. മലങ്കര സഭയ്ക്ക് തനതായ ഒരു ദൈവശാസ്ത്രവും ആദ്ധ്യാത്മികതയും ഉറപ്പാക്കുവാനുള്ള ഉത്തരവാദിത്വം ബഥനി ഗൗരവമായി തന്നെ ഉൾക്കൊണ്ടിരിക്കുന്നതായിട്ടാണ് വിലയിരുത്തപ്പെടുന്നത്. ഇരുപത്തിഒന്നാം നൂറ്റാണ്ടിലേക്ക് കുതിച്ചു കൊണ്ടിരിക്കുന്ന ഒരു സന്യാസ സമൂഹത്തിന്റെ പ്രേഷിതദൗത്യം മിഷൻ വയലുകളെ കേന്ദ്രീകരിച്ചായിരിക്കണമല്ലോ രൂപം കൊള്ളേണ്ടത്. ഈ പുതിയ അദ്ധ്യായത്തിന് ബഥനി ആമുഖം എഴുതിക്കഴിഞ്ഞു. കഴിഞ്ഞ മാസങ്ങളിൽ നടന്ന മിഷൻ സമ്മേളനങ്ങൾ ഈ വിഷയം ഗൗരവമായി തന്നെ വിലയിരുത്തുകയും കർമ്മ പരിപാടികൾ ആവിഷ്കരിക്കുകയും ചെയ്തുവല്ലോ.

സ്ഥാപക പിതാവിന്റെ ദർശനങ്ങളെ പുതിയ കാലത്തിനും സാഹചര്യത്തിനും അനുസരിച്ചു മാംസം നൽകി അവതരിപ്പിക്കുവാനുള്ള ദൃഢ നിശ്ചയത്തിന്റെയും പ്രാർത്ഥനാ പൂർവ്വകമായ പരിശ്രമത്തിന്റെയും പുതുയുഗപ്പിറവിയാണ് പ്ലാറ്റിനം ജൂബിലിയിൽ ഉദയം ചെയ്യുന്നത്. ഈ ധന്യമുഹൂർത്തിൽ മലങ്കര മക്കൾ ഒന്നായി ബഥനിക്ക് ഭാവുകങ്ങൾ ആശംസിക്കുന്നു.

www.malankaralibrary.com



ശ്രീ. വറുഗീസ് കരിപ്പായിൽ

# 75 വർഷം പിന്നിട്ട ബഥനിപ്രസ്ഥാനം ഒരു അത്മായന്റെ വീക്ഷണത്തിൽ

പുനരൈക്യപ്രസ്ഥാനമെന്ന പേരിൽ അറിയപ്പെടുന്ന മലങ്കര കത്തോലിക്ക സഭയുടെ ഉത്ഭവത്തിന്റെയും വളർച്ചയുടെയും ചരിത്രം ബഥനിയുടെ ഉത്ഭവത്തിന്റെയും വളർച്ചയുടെയും ചരിത്രം തന്നെയാണ്. യാക്കോബായസഭയിലെ ബാവാ കക്ഷി, മെത്രാൻ കക്ഷി വഴക്കുകളും, വട്ടിപ്പണക്കേസും തുടർന്ന് ഇപ്പോഴും നടന്നുകൊണ്ടിരിക്കുന്ന സമുദായ കേസും കലഹങ്ങളും കലാപങ്ങളും മൂലം ശിഥിലീകൃതമായ സഭയെ ഉദ്ധരിക്കുവാൻ എം. എ. അച്ചൻ എന്ന പി.റ്റി. ഗീവറുഗ്ഗീസച്ചൻ (പിന്നീട് മാർ ഈവാനിയോസ് മെത്രാപ്പോലീത്ത) തുടക്കം കുറിച്ച ആത്മനവീകരണ പ്രസ്ഥാനമാണ് ബഥനി.

പ്രതിസന്ധികളോ പ്രയാസങ്ങളോ ഉണ്ടാകുന്ന കാലഘട്ടങ്ങളിൽ അവയെ തരണം ചെയ്യുന്നതിന് നേതൃത്വം കൊടുക്കുവാൻ കാലാകാലങ്ങളിൽ വിശുദ്ധന്മാർ സഭയിലുണ്ടായിട്ടുണ്ട്. ലൗകികത കൂടുതൽ ശക്തിപ്പെട്ട ഒരു കാലഘട്ടത്തിൽ ഫ്രാൻസിസ് അസീസിയുടെ നേതൃത്വം ലോകത്തിനു ലഭിക്കുകയുണ്ടായി. ലളിതജീവിതത്തേക്കുറിച്ചും അതിന്റെ ആവശ്യകതയേക്കുറിച്ചും ലോകത്തെ പഠിപ്പിക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞു. വിദ്യാഭ്യാസരംഗം നിഷ്ക്രിയമായ ഒരവസരത്തിൽ ഇഗ്നേഷ്യസ് ലയോള ചലനാത്മകമായ നേതൃത്വം നൽകി ആ രംഗത്ത് പരിവർത്തനം വരുത്തി. ആതുരസേവനം മന്ദീഭവിച്ചപ്പോൾ സെന്റ് വിൻസെന്റ് ഡി. പോൾ അഗതികളെ ഉദ്ധരിക്കുവാൻ മുന്നോട്ടു വന്നു. തെരുവിൽ ഉപേക്ഷിക്കപ്പെട്ട പിഞ്ചോമനകളുടെ അനാഥത്വം കൂടി വന്നപ്പോൾ പാവങ്ങളുടെ അമ്മയായ മദർ തെരേസ സേവനഹസ്തവുമായി ഭാരതത്തിന്റെ മണ്ണിൽ പ്രവർത്തനം ആരംഭിച്ചു.

മലങ്കര യാക്കോബായ സഭയിൽ ഭിന്നിപ്പും പ്രതിസന്ധിയും ഉണ്ടായ അവസരത്തിൽ ആത്മീയ ചൈതന്യം വീണ്ടു കിട്ടുന്നതിനായി ബഥനി സന്യാസ സമൂഹത്തിന്റെ പ്രവർത്തനങ്ങളുമായി എം.എ. അച്ചൻ മുന്നോട്ടു വന്നു. ബ്രഹ്മചര്യം, ദാരിദ്ര്യം, അനുസരണം ഇവ സന്യാസവ്രതങ്ങളായി സ്വീകരിച്ച് തപസ്സും പ്രാർത്ഥനയും അനുഷ്ഠിച്ചുകൊണ്ട് വൈദിക പദവിയിലേക്കും, സഹോദരപദവിയിലേക്കും പ്രവേശിക്കുവാൻ യുവജനങ്ങൾക്ക് ബഥനി അവസരം നൽകി. ഭാരത സംസ്കാരത്തിനനുയോജ്യമായ വിധമുള്ള ഒരു സന്യാസസമൂഹത്തെയാണ് എം. എ. അച്ചൻ ഭാവനയിൽ കണ്ടിരുന്നത്. രവീന്ദ്രനാഥ്

www.malankaralibrary.com

ടഗോറിന്റെ ശാന്തിനികേതനും, മഹാത്മജിയുടെ സബർമതി ആശ്രമവും എം.എ അച്ചനെ വളരെ സ്വാധീനിച്ചിരുന്നു എന്ന് അദ്ദേഹത്തിന്റെ ആത്മകഥയിൽതന്നെ പറയുന്നുണ്ട്. അർപ്പണ മനോഭാവമുള്ള സന്യാസ സമൂഹങ്ങൾ സഭയിലുണ്ടായെങ്കിലേ പ്രാർത്ഥനാചൈതന്യം സഭാംഗങ്ങളിൽ വളർത്തുവാൻ സാധ്യമാകയുള്ളൂ എന്ന് ക്രാന്തദർശിയായ അദ്ദേഹം മനസ്സിലാക്കി. അങ്ങനെ 1919-ൽ റാന്നിയിലെ പെരുനാട്ടിൽ ബഥനി ആശ്രമം സ്ഥാപിക്കപ്പെട്ടു.

സഭയ്ക്ക് ആത്മീയ ചൈതന്യം പകർന്നു കൊടുക്കത്തക്കവിധം പരിശീലനത്തിനായി ധാരാളം പേർ ആശ്രമത്തിൽ അംഗങ്ങളായി ചേർന്നു. ആശ്വാസം കണ്ടെത്തുന്നതിനും ദൈവകൃപ നേടുന്നതിനുമായി ജാതിമത ഭേദമെന്യേ വളരെപ്പേർ ആശ്രമത്തിലെ സ്ഥിരം സന്ദർശകരുമായി. സഭയുടെ ആത്മീയ നവീകരണത്തിന് ബഥനി പ്രസ്ഥാനം വളരെ ഉപകരിക്കുന്നുണ്ട് എന്നു ബോദ്ധ്യപ്പെട്ട സഭാനേതൃത്വം പ്രസ്ഥാനത്തിന്റെ സ്ഥാപകനായ എം.എ. അച്ചനെ മാർ ഈവാനിയോസ് എന്ന പേരിൽ 1925ൽ ബഥനിയുടെ മെത്രാപ്പോലിത്തയായി അഭിഷേകം ചെയ്തു. സഭാ സമാധാനത്തിനുവേണ്ടി തപസ്സും പ്രാർത്ഥനയും ഉപവാസവും അനുഷ്ഠിച്ച ബഥനി സന്യാസസമൂഹത്തിനാണ് പുനരൈക്യ പ്രസ്ഥാനം ആരംഭിക്കുന്നതിനുവേണ്ടിയുള്ള ദൈവ വിളിയുണ്ടായതും, അതിൻപ്രകാരം 1930-ൽ അനൗപചാരികമായി പുനരൈക്യപ്രസ്ഥാനം ഉടലെടുത്തതും.

**ബഥനി സന്യാസ സമൂഹത്തിന്റെ ആഭിമുഖ്യത്തിൽ മുപ്പതിലേറെ സന്യാസ ഭവനങ്ങളാണല്ലോ ഉള്ളത്. അവയിൽ പലതും തിരക്കേറിയ പട്ടണപ്രദേശങ്ങളിലായതിനാലും, ഏകാഗ്രത ലഭിക്കാൻ കഴിയാത്തവിധം വിസ്തീർണ്ണക്കുറവുള്ളതായതിനാലും അവയെ ആശ്രമങ്ങളായി പരിഗണിക്കാൻ കഴിയാതെ പോകുന്നുണ്ട്. ആൾത്തിരക്കൊഴിഞ്ഞതും, ശാന്തമായ അന്തരീക്ഷമുള്ളതുമായ സ്ഥലം തെരഞ്ഞെടുത്ത് ഭാരതത്തിലെ ആശ്രമങ്ങൾക്കനുയോജ്യമാംവണ്ണം ഒരു ധ്യാനാശ്രമം പ്ലാറ്റിനം ജൂബിലി സ്മാരകമായി ആരംഭിച്ചാൽ നന്നായിരിക്കുമെന്ന് നിർദ്ദേശിച്ചുകൊള്ളട്ടെ.**

മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ നേതൃത്വത്തിൽ ബഥനി സന്യാസസമൂഹം ആരംഭിച്ചില്ലായിരുന്നെങ്കിൽ മലങ്കര പുനരൈക്യപ്രസ്ഥാനം എന്നൊന്ന് ഉണ്ടാകുമായിരുന്നില്ല. മലങ്കര സഭയെ സമഗ്രമായി നവീകരിച്ച് ഭാരതത്തെ മുഴുവനായി ക്രിസ്തുവിലേക്ക് ആനയിക്കുക എന്നതായിരുന്നു മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ ലക്ഷ്യം. സ്ഥാപകന്റെ ലക്ഷ്യത്തിനനുസരണമായി ബഥനി പ്രവർത്തിക്കുകയും മലങ്കര പുനരൈക്യ പ്രസ്ഥാനം അസൂയാർഹമാം വിധം കുതിച്ചു വളരുകയും ചെയ്തു. എന്നാൽ ഏതൊരു സംരംഭത്തിനും കുതിപ്പിനു ശേഷം കിതപ്പുണ്ടാകുമെന്ന യാഥാർത്ഥ്യം അന്വർത്ഥമാകും വിധം മൂന്നു പതിറ്റാണ്ടുകൾ കഴിഞ്ഞതോടെ ബഥനിയ്ക്കും പുനരൈക്യപ്രസ്ഥാനത്തിനും കിതപ്പ് അനുഭവപ്പെട്ടു. എക്യുമെനിസത്തിന്റെ പേരിലുള്ള നിസംഗത, സ്ഥാപനങ്ങളുടെ നടത്തിപ്പിനുള്ള വ്യഗ്രത, തുടങ്ങിയവ ബഥനിയുടെയും പുനരൈക്യപ്രസ്ഥാനത്തിന്റെയും വളർച്ചയെ മുരടിപ്പിക്കയുണ്ടായി.

ബഥനി സന്യാസ വൈദികരുടെ ശിക്ഷണത്തിൽ അഭ്യസനം നടത്താൻ ബാല്യകാലത്ത് ഈ ലേഖകന് ഭാഗ്യം സിദ്ധിച്ചിട്ടുണ്ട്. 1942 മുതലുള്ള പത്തുവർഷക്കാലമാണ് വേങ്ങൽ ഇടവകയുടെ വികാരിമാരായിരുന്ന ബഥനി വൈദികരിൽനിന്ന് മതബോധനവും പ്രാർത്ഥനാ പാരമ്പര്യവും കരഗതമാക്കുവാൻ കഴിഞ്ഞത്. ഇടവകയിൽ അന്നത്തെ


www.malankaralibrary.com

ബാലന്മാരായിരുന്ന ഞങ്ങളിൽ പലർക്കും അറിയാവുന്നത്ര സുറിയാനി ഗീതങ്ങൾ, ഇന്നത്തെ പല വൈദികർക്കുപോലും അറിയുകയില്ലെന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്.

ബഥനി സന്യാസ സമൂഹത്തിന്റെ ആഭിമുഖ്യത്തിൽ മുപ്പതിലേറെ സന്യാസ ഭവനങ്ങളാണല്ലൊ ഉള്ളത്. അവയിൽ പലതും തിരക്കേറിയ പട്ടണപ്രദേശങ്ങളിലായതിനാലും, ഏകാഗ്രത ലഭിക്കാൻ കഴിയാത്തവിധം വിസ്തീർണ്ണക്കുറവുള്ളതായതിനാലും അവയെ ആശ്രമങ്ങളായി പരിഗണിക്കാൻ കഴിയാതെ പോകുന്നുണ്ട്. ആൾത്തിരക്കൊഴിഞ്ഞതും, ശാന്തമായ അന്തരീക്ഷമുള്ളതുമായ സ്ഥലം തെരഞ്ഞെടുത്ത് ഭാരതത്തിലെ ആശ്രമങ്ങൾക്കനുയോജ്യമാംവണ്ണം ഒരു ധ്യാനാശ്രമം പ്ലാറ്റിനം ജൂബിലി സ്മാരകമായി ആരംഭിച്ചാൽ നന്നായിരിക്കുമെന്ന് നിർദ്ദേശിച്ചു കൊള്ളട്ടെ. മാനസികാസ്വാസ്ഥ്യം മൂലം ക്ലേശിക്കുന്ന ധാരാളം ദൈവജനങ്ങൾക്ക് (ക്രൈസ്തവരും, അക്രൈസ്തവരും, നിർമ്മതസ്ഥരും) അത് ഒരു അഭയകേന്ദ്രമായിരിക്കും. ആത്മീയ ചൈതന്യം പ്രസരിക്കുന്ന അത്തരം കേന്ദ്രങ്ങൾ ഭാരതത്തിന്റെ മാനസ്സാന്തരത്തിനു വഴിതെളിയ്ക്കും. വേണ്ടിവന്നാൽ ദിവസങ്ങളോ, ആഴ്ചകളോ അവിടെ താമസിച്ച് തപസ്സിലും ധ്യാനത്തിലും പങ്കെടുത്ത് ആത്മനവീകരണം വരുത്തുന്നതിന് അത് ഉപകരിക്കും. പോട്ടയിലും മുരിങ്ങൂരിലും നടത്തപ്പെടുന്നതുപോലെ വമ്പിച്ച സന്നാഹങ്ങളോടുകൂടിയ ധ്യാനകേന്ദ്രമല്ല, ലേഖകൻ ഉദ്ദേശിക്കുന്നത്. തപസ്സും പ്രാർത്ഥനയും, ഏകാന്തതയും ഏകാഗ്രതയുമാണ് കൂടുതൽ ആവശ്യം.

75 വർഷക്കാലം മലങ്കര ക്രൈസ്തവർക്ക് മാർഗ്ഗദർശിത്വം നൽകിയ ബഥനിപ്രസ്ഥാനം ഭാരതത്തിനു മുഴുവനും ആത്മീയ ചൈതന്യം പകർന്നു കൊടുക്കുന്ന ഒരു സ്രോതസായി തീരട്ടെയെന്ന് ആത്മാർത്ഥമായി ആശംസിക്കുന്നു.

www.malankaralibrary.com



ഫാ. ജീ. ചേടിയത്ത്

# ബഥനി സന്യാസ സമൂഹം

സഭയുടെ നവീകരണത്തിലും വളർച്ചയിലും സന്യാസ സമൂഹങ്ങൾക്ക് സുപ്രധാനമായ പങ്കുണ്ടെന്നത് സഭാചരിത്രത്തിൽ സ്പഷ്ടമാണ്. സഭാജീവിതത്തിൽ സന്യാസപ്രസ്ഥാനങ്ങളുടെ അതുല്യസ്ഥാനം ഏവരും സമ്മതിക്കുന്നതാണ്. സന്യാസ സമൂഹസ്ഥാപകനായ കരിസ്മാറ്റിക് വ്യക്തികളാണ് നൂറ്റാണ്ടുകളായി സുവിശേഷസന്ദേശം പകർന്നു നൽകുന്നതിൽ മുൻപന്തിയിൽ നിൽക്കുന്നത്.

കേരളത്തിലെ ക്രൈസ്തവസഭയിൽ ഉടലെടുത്ത ബഥനി സന്യാസ പ്രസ്ഥാനം മലങ്കരയിലെ സഭാനവീകരണത്തിലും സഭൈക്യത്തിലും സുവിശേഷ വളർച്ചയിലും നിർണ്ണായക സ്വാധീനം ചെലുത്തി. കേരളത്തിലെ പുത്തൻകൂർ സമുദായത്തിൽ പെട്ട മെത്രാൻകക്ഷിയും ബാവാകക്ഷിയും വട്ടിപ്പണത്തിന്റെ പേരിൽ കേസുപറഞ്ഞ് (1913 മുതൽ) പരസ്പരം പോരാടി കൊണ്ടിരുന്ന ഒരു കാലഘട്ടത്തിലാണ് (1919) ബഥനി സന്യാസി പ്രസ്ഥാനം രൂപീകൃതമായത്. സഭാധ്യക്ഷൻമാർ ലൗകികകോടതികളിൽ കയറിയിറങ്ങി ജനങ്ങളെ രണ്ടുതട്ടാക്കി, സിവിൾ വ്യവഹാരങ്ങളിലേക്ക് വലിച്ചിഴച്ചു. അവസാനിക്കാത്ത തർക്കങ്ങൾ മൂലം മനംമടുത്ത മനുഷ്യസ്നേഹികൾ മലങ്കര സഭയുടെ നവീകരണത്തിനുള്ള മാർഗ്ഗങ്ങൾ തേടിയിറങ്ങി. ആ യാത്രയുടെ ഒരു നിർണ്ണായക ഘട്ടത്തിൽ ബഥനി സന്യാസ പ്രസ്ഥാനം രൂപീകൃതമായി. സഭാ കേസുകളിൽ നിന്നും വ്യവഹാരങ്ങളിൽ നിന്നും വിട്ട് സുവിശേഷചൈതന്യാനുസൃതം ജീവിക്കുന്ന ഒരു ക്രൈസ്തവസമൂഹത്തെ രൂപീകരിക്കാനുള്ള പദ്ധതികൾ ബഥനിയിൽ രൂപം കൊണ്ടു. ദൈവവചനവും കൂദാശയും അപ്പസ്തോലിക സഭയുടെ കൈമുതലാണ്. എന്നാൽ ദൈവവചനത്തിന്റെ പ്രഘോഷണം തീരെ നിലയ്ക്കുകയും ദൈവവചന പരിജ്ഞാനം വളരെ കുറയുകയും ചെയ്ത സാഹചര്യത്തിൽ സഭയിലെ കൂദാശകളിൽ നിന്ന് ദൈവജനംഅകന്നു പോയി. വി. കുർബാനാനുഭവം കുമ്പസാരം എന്നിവ വെറും ആചാരാനുഷ്ഠാനങ്ങളായി തരം താണു. ചിലയിടങ്ങളിൽ പാടേനിന്നു പോയി. ജീവദായകമായ വി. കുർബാന തന്നെ വെറും ചടങ്ങായി മാറി. മെത്രാന്മാരും വൈദികരും അൽമായ പ്രമുഖരും കേസും കോടതിയുമായി നടന്നു. ജനങ്ങളുടെ ആത്മീയ ജീവിതത്തെപ്പറ്റി ചിന്തിക്കാൻ ആരുമില്ലാത്ത നിലവന്നു.

ഇങ്ങനെ ആത്മികമായി അധ:പതിച്ചുകിടന്ന അവസ്ഥയിൽ നിന്ന് സമൂഹത്തെ ഉദ്ധരിക്കാനാണ് 1919-ൽ ബഥനി സന്യാസ പ്രസ്ഥാനം തുടങ്ങിയത്. ബഥനിയുമായി ബന്ധപ്പെട്ടവരെല്ലാം തന്നെ വചന പ്രഘോഷണത്തിനു വളരെ പ്രാധാന്യം നൽകി.

www.malankaralibrary.com


കുമ്പസാരം, വി. കുർബാനാനുഭവം ആദിയായവയ്ക്ക് വളരെ പ്രാധാന്യം നൽകി. അതിനായി ദൈവജനത്തെ ഉത്തേജിപ്പിച്ചു. സഭയിലുടനീളം സുവിശേഷ കൺവെൻഷനുകൾ സംഘടിപ്പിച്ചു. ഒരു നവ ചൈതന്യത്തിനും ഉണർവിനും നവീകരണത്തിനും ആരംഭം കുറിച്ചു.

ഈ നവീകരണസംരംഭം സഭൈക്യത്തിലേക്ക് ബഥനിക്കാരെ നയിച്ചു. ക്രൈസ്തവസഭയിലെ വിഭജനം വലിയ പാപമാണെന്നും യേശുക്രിസ്തുവിന്റെ നാമം വിളിച്ചപേക്ഷിക്കുന്നവരെല്ലാം ഏകസ്വരത്തിൽ സുവിശേക്ഷസാക്ഷ്യം നൽകണമെന്നുമുള്ള തീവ്രമായ ആഗ്രഹത്തിന്റെ ഫലമായാണ് ബഥനി സന്യാസാദ്ധ്യക്ഷനും സഹസന്യാസികളും കത്തോലിക്കാ സഭയുമായുള്ള കൂട്ടായ്മയിലേക്കു വന്നത് 1930-ൽ ബഥനിസന്യാസികൾ കത്തോലിക്ക സംസർഗത്തിലെത്തിച്ചേർന്നു. കേരളത്തിലെ സഭൈക്യപ്രസ്ഥാനത്തിന് ഹേതുഭൂതരായത് ബഥനിസന്യാസികളായിരുന്നു. അക്കാരണത്താലാണ്, ഈ നൂറ്റാണ്ടിലെ ഏററവും വലിയ സഭൈക്യപ്രസ്ഥാനം ബഥനി പ്രസ്ഥാനം എന്നറിയപ്പെട്ടത്. പുനരൈക്യ പ്രസ്ഥാനത്തിന്റെ ആദ്യത്തെ ശിൽപികളിൽ പ്രമുഖർ ബഥനിക്കാരായിരുന്നു

കതോലിക്കൈക്യത്തിലേക്കുവന്ന ഈ ബഥനി പ്രസ്ഥാനത്തിൽ നാമ്പിട്ട ഒരു തളിരാണ് അക്രൈസ്തവരുടെ ഇടയിലെ സുവിശേഷവേല. കേരളത്തിലെ യാക്കോബായ സഭയെന്നല്ല മറ്റു പല സഭകളും മിഷൻ പ്രവർത്തനത്തെപ്പറ്റി കാര്യമായി ചിന്തിക്കുന്നതിനു മുൻപുതന്നെ ബഥനിസന്യാസികൾ മിഷൻ പ്രവർത്തനത്തിനിറങ്ങിത്തിരിച്ചു. ബഥനി സന്യാസാദ്ധ്യക്ഷനായിരുന്ന മാർ ഇവാനിയോസിന്റെ വലിയ മിഷൻ ദർശനത്തിന്റെ ഫലമായി ഉദയം ചെയ്തതാണ് കന്യാകുമാരി ജില്ലയിലെ മിഷൻ പ്രവർത്തനം. ഈ മഹാപ്രസ്ഥാനത്തോട് തിരുവനന്തപുരത്തും അതിനുതെക്കും ഉള്ള മലങ്കരകത്തോലിക്കർ വളരെയധികം കടപ്പെട്ടിരിക്കുന്നു. സുവിശേഷ ദീപം പറയ്ക്കുകീഴിലോ കട്ടിലിൻകീഴിലോ ഒളിച്ചുവയ്ക്കുവാനുള്ളതല്ല, അത് മലമുകളിൽ നിന്ന് പ്രഘോഷിക്കപ്പെടാനുള്ളതാണ്. അത് സർവ സൃഷ്ടികൾക്കും പകർന്നു കൊടുക്കുവാനുള്ളതാണ് എന്ന വിശ്വദർശനമാണ് ബഥനി സന്യാസികളെയും ബഥനിയേയും നയിച്ച ചൈതന്യം. ഇന്നും കൽക്കട്ടയിലും ഭിലായിലും ബോംബെയിലും പൂനായിലും ബഥനി സന്യാസികളെ നയിക്കുന്നത് ഈ മഹാദർശനമാണ്. ബഥനിയുടെ പ്രഥമാചാര്യ ശ്രേഷ്ഠന്റെ ദർശനം ബഥനിസന്യാസികൾ ഇപ്പോഴും സജീവമായി നിലനിർത്തുന്നു. ഭാരതത്തിൽമാത്രമല്ല, ചൈനയിലും, റഷ്യയിലും ലോകത്തെല്ലായിടത്തും ബഥനി സന്യാസികൾ കടന്നുചെല്ലുന്ന കാലം വിദൂരമല്ല. ബഥനിയുടെ ആചാര്യശ്രേഷ്ഠന്മാർ ഇത്തരമൊരു വിശ്വദർശനം എന്നും ഉയർത്തിപ്പിടിക്കാൻ കഴിവുറ്റവരായിതീരട്ടെ

തുടർന്നും നവീകരണത്തിനും സഭൈക്യത്തിനും സുവിശേഷപ്രവർത്തനത്തിനും ഗണ്യമായ സംഭാവനകൾ ചെയ്യാൻ മഹത്തായ ബഥനി പ്രസ്ഥാനത്തിനു കഴിയട്ടെ. മഹാനായ മാർ ഇവാനിയോസിന്റെ മഹാദർശനം പൂർണ്ണമായി യാഥാർത്ഥ്യമായിത്തീരട്ടെ.

www.malankaralibrary.com



എൻ.ജി.ഫിലിപ്പ്, നാലാഞ്ചിറ.

# ആർഷഭാരതത്തിനിണങ്ങിയ ബഥനി സന്യാസി സമൂഹം

മിക്ക മതങ്ങളിലുമുണ്ട് സന്യസ്ത ജീവിതം. ഈശ്വരസാക്ഷാത്കാരമാണ് ലക്ഷ്യം. വേഷവും വ്രതാനുഷ്ഠാനവും ആഹാരക്രമവും വ്യത്യസ്തമായിരിക്കാം. ഏകാന്തവാസമോ സമൂഹജീവിതമോ ആകാം. ആദിശങ്കരാചാര്യരെപ്പോലെ ബാല്യത്തിലേ വ്രതമെടുക്കുന്നവർ വിരളം. സന്യാസിക്ക് വിവാഹ ജീവിതം പാടില്ലെങ്കിലും ചുരുക്കം ചിലർ ദാമ്പത്യബന്ധം വെടിഞ്ഞിട്ട് പുണ്യജീവിതം നയിച്ച് സന്യാസത്തിൻെറ പാരമ്യത്തിലെത്തിആചാര്യശ്രേഷ്ഠൻമാരായിട്ടുണ്ട്. ഉദാ: ശ്രീബുദ്ധൻ, ശ്രീനാരായണഗുരു വി. അഗസ്തീനോസ്. വിവാഹിതർക്കും ജീവിതസായാഹ്നത്തിൽ സന്യാസത്തിലൂടെ മുക്തി പ്രാപിക്കുവാനുതകുന്ന ആശ്രമ വ്യവസ്ഥ ആർഷ ഭാരതത്തിലുണ്ടായിരുന്നു. ബ്രഹ്മചര്യം, ഗാർഹസ്ഥ്യം, വാനപ്രസ്ഥം, സന്യാസം. പത്നീസമേതരായി ആധ്യാത്മിക ജീവിതം നയിച്ച ജ്ഞാനയോഗികളായ മഹർഷിമാർ താപസ ശ്രേഷ്ഠൻമാരായിരുന്നെങ്കിലും സന്യാസിമാരല്ല. സാലോക്യം സാമിപ്യം സാരൂപ്യം സായൂജ്യം എന്നിങ്ങനെ പടിപടിയായി വളർന്നുയർന്ന് പരമാത്മാത്മാവിൽ വിലയം പ്രാപിക്കുവാൻ സന്യാസം പര്യാപ്തമാണെന്ന് കരുതപ്പടുന്നു.

## ക്രൈസ്തവ സന്യാസം

ക്രിസതു മതാരംഭം മുതൽക്കേ സഭയിൽ സന്യസ്തജീവിതമുണ്ടായിട്ടുണ്ട്. യേശുനാഥൻെറ ജീവിതം സ്നേഹമസൃണവും കുരുണാർദ്രവുമായിരുന്നു. സ്നാപകൻേറതാകട്ടെ അതികർക്കശവും. ഇങ്ങനെ രണ്ടുവിധത്തിലുള്ള താപസൻമാരെയും സഭാചരിത്രത്തിലുടനീളം കാണാം. ക്രിസ്തു ശിഷ്യരിൽ പലരും അവിവാഹിതരായി സമർപ്പിതജീവിതം നയിച്ചിരുന്നു. "ദൈവസ്നേഹത്തെപ്രതി വീടും നാടും വിട്ട് മാതാപിതാക്കളെയും ബന്ധുജനങ്ങളെയും വെടിഞ്ഞ" സർവ്വസംഗപരിത്യാഗികളായി സമ്പൂർണ്ണ സമർപ്പിത ജീവിതം നയിക്കുവാൻ ക്രിസ്തുനാഥൻ അനുയായികളെ പ്രത്യേകം ആഹ്വാനം ചെയ്തിട്ടുണ്ട്. അതോടൊപ്പം "സംയോജിപ്പിച്ചതിനെ മനുഷ്യൻ വേർപിരിക്കരുത്" എന്ന് അനുശാസിച്ചുകൊണ്ട് വിശുദ്ധമായ ദാമ്പത്യജീവിതത്തെ അവിടുന്ന് അനുഗ്രഹിക്കുകയും ചെയ്യുന്നു. പ്രത്യേകം കൃപാവരം ലഭിച്ചവർ തന്നെപ്പോലെ അവിവാഹിത ജീവിതം നയിക്കുന്നതും മാംസം വർജ്ജിക്കുന്നതും ശ്രേഷ്ഠമാണെന്നും അതുപേലെ ജിതേന്ദ്രിയത്വമില്ലാത്തവർ ഉഴലാതെ വിവാഹം ചെയ്യുന്നതാണ് ഉത്തമമെന്നും വി.പൗലോസ് ശ്ലീഹാ ഉദ്ബോധിപ്പിച്ചിരിക്കുന്നു.

## സന്യാസ പ്രസ്ഥാനം ആദിമസഭയിൽ

പലസ്തീനായിലും, ഈജിപ്തിലും സിറിയായിലും അറേബ്യായിലുമുള്ള വനാന്തരങ്ങളിലും

www.malankaralibrary.com

മണലാരണ്യ ഗുഹകളിലും ഏകാന്തവാസികളായിരുന്ന ക്രിസ്തീയ സന്യാസിമാർ ഒട്ടേറെയുണ്ട്. ഇവരിൽ പ്രമുഖരായ വി.അന്തോണിയോസ്, വി.പക്കോമിയോസ്, വി.ബേസിൽ മുതലായ തപോധനൻമാർ ഏകാന്ത വാസത്തിൽ നിന്നും ശിഷ്യഗണത്തോടൊത്തുള്ള സമൂഹജീവിതത്തിലേക്ക് കടക്കുകയും, സമുചിതമായ സന്യാസപ്രസ്ഥാനങ്ങൾ സമാരംഭിക്കുകയുമുണ്ടായി. വി.ജറോം, വി.അഗസ്റ്റിൻ വി.ബനഡിക്ട് മുതലായ ആചാര്യശ്രേഷ്ഠൻമാർ ജ്ഞാനയോഗികളും കർമ്മയോഗികളുമായിരുന്നു.

## സന്യാസ പ്രസ്ഥാനവും സഭാനവോത്ഥാനവും

തിരുസഭയ്ക്ക് തളർച്ചയുണ്ടായപ്പോഴെല്ലാം ദൈവകൃപയാൽ കാലോചിതമായ സന്യാസ പ്രസ്ഥാനങ്ങൾ ആവിർഭവിച്ചിട്ടുണ്ട്. പേഷിതചൈതന്യ ധന്യരായ സന്യാസിമാരുടെ തീക്ഷ്ണമായ ദൈവവചന പ്രഘോഷണവും, ത്യാഗോജ്ജ്വലമായ ക്രിസ്തീയ പരസ്നേഹ പ്രവർത്തനങ്ങളും ദൈവജനത്തിന് ആത്മിക പ്രകാശവും, നവോൻമേഷവും വിശ്വാസദാർഢ്യവും പ്രദാനം ചെയ്തു. വി.ഫ്രാൻസിസ് അസ്സീസി, വി.ഇഗ്നേഷ്യസ് ലയോള വി.ഡോൺ ബോസ്ക്കോ, വി. വിൻസൻറ് ഡി.പോൾ മുതലായ മഹാത്മാക്കളുടെ ശിഷ്യഗണങ്ങളായ ധർമ്മദൂതൻമാർ നൂറ്റാണ്ടുകളായി ലോകമെങ്ങും സുവിശേഷപ്രഘോഷണവും ആതുര ശുശ്രൂഷയും നടത്തിക്കൊണ്ടിരിക്കുന്നു. ധന്യാത്മാക്കളായിരുന്ന ചാവറ അച്ചൻെറയും മദർതേരേസായുടെയും പുണ്യജീവിതവും സർവ്വാദരണീയമായ ക്രിസ്തീയ പരസ്നേഹ പ്രവർത്തനങ്ങളും ഭാരതസഭക്ക് അഭിമാനവും നവോൻമേഷവും നൽകി പ്രോജ്ജ്വലിപ്പിച്ചുകൊണ്ടിരിക്കുന്നു.

## ബഥനി പ്രസ്ഥാനത്തിൻെറ പശ്ചാത്തലം

17-ാം നൂറ്റാണ്ടിൽ മലങ്കരസഭയിലുണ്ടായ പിളർപ്പ് മൂന്നുനൂറ്റാണ്ടുകളോളം പരിശ്രമിച്ചിട്ടും നികത്താനാവാതെയാണ് ഇരുപതാം നൂറ്റാണ്ടിൻെറ പിറവി. കൂനിൻമേൽ കുരുവെന്നവണ്ണം അന്ത്യോക്യൻ മേധാവിത്വം ഇവിടെ മേൽക്കുമേൽ കുഴപ്പമുണ്ടാക്കിയത്. മാർതോമ്മാക്കാർ നേരത്തേ പിരിഞ്ഞുപോയി. യാക്കോബായ ഓർത്തഡോക്സ് വിഭാഗങ്ങൾ തമ്മിൽ അടങ്ങാത്തവാശിയും ഒടുങ്ങാത്ത വിദ്വേഷവും. വ്യവഹാരച്ചുഴിയിലും കലാപക്കൊടുങ്കാറ്റിലും പെട്ട് മലങ്കര സഭ മുങ്ങിപ്പൊങ്ങുകയും ആടിഉലയുകയും ചെയ്തു. സമാധാനപ്രിയനും കർമ്മധീരനുമായ ഫാ.പി.റ്റി. ഗീവറുഗീസിൻെറ (എം.എ.അച്ചൻ) നേതൃത്വത്തിലുള്ള ആദ്യ പരിശ്രമങ്ങൾക്ക് ഉദ്ദിഷ്ട ഫലം സിദ്ധിച്ചില്ല.

സെറാംപൂരിൽ പ്രൊഫസറായിരിക്കുമ്പൊഴും അദ്ദേഹം സദാ ശാന്തിമാർഗ്ഗങ്ങൾ ആരാഞ്ഞു കൊണ്ടിരുന്നു. കാലദേശാനുസൃതമായ ഒരു സന്യാസ സമൂഹം സ്ഥാപിക്കുന്നത് മലങ്കരസഭയുടെ ആധ്യാത്മിക നവോത്ഥാനത്തിനും ശാശ്വത സമാധാനത്തിനും സഹായകമാകുമെന്ന് സഭാചരിത്ര പണ്ഢിതനായ ആ ദാർശനികന് ബോധ്യമായി. വിവിധ സന്യാസസമൂഹങ്ങളുടെ നിയമാവലിയും അനുഷ്ഠാനക്രമങ്ങളും പ്രവർത്തനരീതികളും അദ്ദേഹം താരതമ്യ പഠനം നടത്തി. ക്രൈസ്തവാശ്രമങ്ങൾ മാത്രമല്ല മഹാത്മജിയുടെ സബർമതിയാശ്രമവും, ടാഗോറിൻെറ ശാന്തിനികേതനുമൊക്കെ അവിടുന്ന് സന്ദർശിക്കുകയുണ്ടായി. ഭാരതീയ സന്യാസത്തിൻെറ പ്രതീകമായ കാവിവസ്ത്രം സ്വീകരിക്കുവാനുള്ള പ്രചോദനം ടാഗോറിൽ നിന്നാണ് ലഭിച്ചത്.

ഇങ്ങനെ പാശ്ചാത്യവും പൗരസ്ത്യവുമായ സന്യാസ സമ്പ്രദായങ്ങളുടെ സവിശേഷതകൾ സമന്വയിപ്പിച്ചും അവയുടെ നന്മകളും മേന്മകളും സ്വാംശീകരിച്ചും ആർഷഭാരതത്തിന് ഇണങ്ങിയ ഒരുക്രൈസ്തവ സന്യാസാശ്രമം സ്ഥാപിക്കാൻ ദൃഢ നിശ്ചയം ചെയ്തുകൊണ്ടാണ് ആ മഹാശയൻ പ്രൊഫസർപദവിവിട്ടിട്ട് നാട്ടിലേക്ക് മടങ്ങിയതും പെരുനാട്ടിലെത്തിയതും.

## ബഥനിയുടെ സവിശേഷതകൾ:

അന്വർത്ഥവും ആകർഷകവും ആദർശാത്മകവുമായ നാമധേയം, പ്രസ്ഥാനത്തിൻെറ പ്രസിദ്ധിക്കും പ്രചാരത്തിനുമുപകരിക്കും. സ്ഥാപകനേതാവായ ആ മഹാപുരുഷൻെറ ഭാവനയിലും ദീർഘദൃഷ്ടിയിലും ഉരുത്തിരിഞ്ഞ പാവനനാമമാണ് ബഥനി.

www.malankaralibrary.com

ദൈവജനമായ ഇസ്രായേലിന്റെ തലസ്ഥാനവും മൂന്നു പ്രമുഖ മതങ്ങളുടെ വിശുദ്ധ നഗരവുമായ ജറുശലേമിന്റെ പ്രാന്തത്തിലുള്ള പ്രശാന്ത ഗ്രാമമാണ് ബഥനി. സ്നേഹത്തിന്റെയും സേവനത്തിന്റെയും പ്രാർത്ഥനയുടെയു പ്രതീകം. നിസ്വാർത്ഥ സ്നേഹത്തിനു ലാസറും നിസ്തന്ദ്ര സേവനത്തിനു മാർത്തയും , നിരന്തര പ്രാർത്ഥനയ്ക്കു മറിയവും ഉത്തമ മാതൃകയാണ്. സന്യസ്ത ജീവിതത്തിനു സമാനമായിരുന്നു അവരുടെ സാഹോദര്യം. നസ്രത്തിലെ തിരു ക്കുടുംബത്തിനു സദൃശമായിരുന്നു അവരുടെ വിശുദ്ധിയും വിനയവും. പുനരുത്ഥാനവും നിത്യജീവനുമായ ദിവ്യരക്ഷകന്റെ തിരുസാന്നിദ്ധ്യം ബഥനിയെ പരിശുദ്ധമാക്കി. യേശുവിനും ശിഷ്യന്മാർക്കും കൂടക്കൂടെ വിശ്രമവും പരിചരണവും ലഭിച്ച ആശ്വാസ കേന്ദ്രമാണിത്. ഐക്യവും ശാന്തിയും കുടികൊള്ളുന്ന ഭൗമിക പറുദീസ.

മിശിഹായുടെ കണ്ണീർകണങ്ങൾ കൊണ്ട് പവിത്രമായ ഒലിവു മലയുടെ കിഴക്കരികിലുള്ള ബഥനിപോലെ പെരുന്നാടു മലയോരത്ത് ബഥന്യാശ്രമവും രൂപംപ്രാപിച്ചു.

## മിശിഹാനുകരണം:

കുരിശില്ലാതെ കിരീടമില്ല. സ്നേഹത്തിലൂടെ മഹത്വത്തിലെത്താനായിരുന്നു യേശു മാതൃക കാട്ടിയത്. ക്രിസ്തു ശിഷ്യന്മാർ സ്വയം ത്യജിച്ച് തങ്ങളുടെ കുരിശുവഹിച്ചു കൊണ്ടു വേണം നാഥനെ അനുഗമിക്കുവാൻ. ദൈവസ്നേഹത്തെപ്രതി മാതാപിതാക്കളെയും സഹോദരങ്ങളെയും ബന്ധു ജനങ്ങളെയും പരത്യജിക്കേണ്ടതുണ്ട്. കലപ്പയ്ക്കു കൈ വച്ചതിനു ശേഷം തിരിഞ്ഞു നോക്കുന്നവനും തിരിച്ചുപോകുന്നവനും യഥാർത്ഥ സന്യാസിയോ മിഷനറിയോയല്ല. പാവങ്ങളെയും പാപികളെയും സ്നേഹിച്ചുകൊണ്ടും ശപിക്കുന്നവരെ അനുഗ്രഹിച്ചു കൊണ്ടും ഉപദ്രവിക്കുന്നവർക്കു ഉപകാരം ചെയ്തുകൊണ്ടും പീഡിപ്പിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിച്ചുകൊണ്ടും എത്രയും കൂടുതൽ ആത്മാക്കളെ നേടുവാൻ വേണ്ടി വിശുദ്ധ ജീവിതം നയിക്കുന്നതാണ് മിശിഹാനുകരണം. ബഥനിസന്യാസ സമൂഹത്തിന്റെ നാമധേയം എത്ര മഹനീയവും ആദർശാത്മകവുമായിരിക്കുന്നു.

## സന്യാസ വ്രതത്രയം:

ബ്രഹ്മചര്യം ദാരിദ്ര്യം അനുസരണം എന്നീ വ്രത ത്രയം മിക്ക സന്യാസ സമൂഹങ്ങൾക്കുമുണ്ട്. "എന്റെ പിതാവ് എന്നിലും ഞാൻ പിതാവിലും ആയിരിക്കുന്നതു പോലെ നിങ്ങൾ എന്നിൽ വസിപ്പിൻ; ഞാൻ നിങ്ങളിൽ വസിക്കും", എന്നാണ് ക്രിസ്തു നാഥന്റെ തിരുവചനം. "ഇനി ജീവിക്കുന്നതുഞാനല്ല, ക്രിസ്തുവത്രെ എന്നിൽ ജീവിക്കുന്നത്" പൗലോസ് ശ്ലീഹായുടെ ഈ വചനവും ഇവിടെ പ്രസക്തമാണ്. ദൈവാത്മാവിന്റെ നിറവുള്ള വിശുദ്ധജീവിതമാണ് ബ്രഹ്മചര്യം. ബ്രഹ്മത്തിൽ, പരമാത്മാവിൽ ചരിക്കുന്നവനാണ് ബ്രഹ്മചാരി. അവിവാഹിത ജീവിതമാണ് ബ്രഹ്മചര്യം. മനസാ വാചാ കർമ്മണാ ബ്രഹ്മചര്യം പാലിക്കുക പ്രയാസമാണ്. മനുഷ്യന് അസാധ്യമായത് ദൈവത്തിനു സാദ്ധ്യം, ദൈവദാസനും സാദ്ധ്യം. അതിലേക്കു ദൈവത്തിന്റെ കൃപാവരം കൂടിയേ തീരൂ.

ദരിദ്രനായി ജീവിച്ച് ദരിദ്രരോടു സുവിശേഷം അറിയിക്കുകയും ദരിദ്രരെ ഭാഗ്യവാന്മാരായി പ്രഖ്യാപിച്ച് അനുഗ്രഹിക്കുകയും ചെയ്ത മിശിഹായെ അനുകരിക്കുന്നവർക്ക് ദാരിദ്ര്യവ്രതം കൂടിയേ തീരൂ. ദൈവത്തെയും മാമോനെയും ഒരുമിച്ചു സേവിക്കുവാൻ സാധ്യമല്ല. ധനവാൻ സ്വർഗരാജ്യത്തിൽ പ്രവേശിക്കുന്നതിനെക്കാൾ ഒട്ടകം സൂചിക്കുഴയിലൂടെ കടക്കുകയാണെളുപ്പം എന്നാണല്ലോ ദൈവ വചനം.

ദ്രവ്യാഗ്രഹം അഥവാ ധനാസക്തി ദൈവമക്കൾക്കു നിഷിദ്ധമാണ്. സന്യാസിക്കു പണം സമ്പാദിക്കാനോ തന്നിഷ്ടപ്രകാരം ചെലവഴിക്കാനോ അനുവാദമില്ല. അതാണ് ദാരിദ്ര്യവ്രതം.

അനുസരണം ബലിയേക്കാൾ നന്ന്. അടിസ്ഥാന പാപമാണ് അനുസരണക്കേട്. ഏദനിലെ പാപം, മനുഷ്യ വർഗത്തിന്റെ ജന്മ പാപം. അതു സഭയിൻ എല്ലാ തലങ്ങളിലും ഇന്നും ദൃശ്യമാണ്. ആശ്രമാ ധികാരികളെ ചോദ്യം ചെയ്യാതെ ഉടനടിയനു സരിക്കുവാൻ സന്യാസി പ്രതിജ്ഞാബദ്ധനത്രെ.

www.malankaralibrary.com

## മലങ്കര പുനരൈക്യ പ്രസ്ഥാനവും ബഥനി സമൂഹവും:

മലങ്കര സഭയുടെ ശാശ്വത സമാധാനത്തിനു കത്തോലിക്കാ പുനരൈക്യമായിരുന്നു ഏകമാർഗ്ഗം. നൂററാണ്ടുകളായി അസാധ്യമെന്നു കരുതപ്പെട്ടിരുന്ന പുനരൈക്യ പാത വെട്ടിത്തുറക്കുവാൻ ബഥനി മെത്രാപോലീത്തായായ മാർ ഇവാനിയോസ് പിതാവാണ് നിയുക്തനായത്. നാലു വർഷത്തെ നിരന്തര പ്രാർത്ഥനയും നിസ്തന്ദ്ര പരിശ്രമവും കൊണ്ട് മലങ്കര ഓർത്തഡോക്സ് സഭയുടെ ആരാധന ക്രമവും പൗരോഹിത്യവും അംഗീകരിച്ചുകൊണ്ട് തനിമയും വ്യക്തിത്വവുമുള്ള പുനരൈക്യത്തിനു മാർഗം വെട്ടിത്തുറന്നത് മഹാരഥനായ മാർ ഇവാനിയോസു പിതാവാണ്. പ്രമാണിമാരൊക്കെ കാലുമാറിയിട്ടും ബഥനിമെത്രാൻമാരും അന്തേവാസികളും നിശ്ചയ ദാർഢ്യത്തോടെ സത്യ സഭയുമായി പുനരൈക്യപ്പട്ടു. അങ്ങനെ രൂപം പ്രാപിച്ച മലങ്കര കത്തോലിക്കാ സഭയിലെ മുന്നണി പോരാളികൾ ബഥനി സന്യാസിമാരും സന്യാസിനിമാരുമായിരുന്നു. ബഥനിയുടെ പ്രേഷിത ചൈതന്യമായിരുന്നു പുനരൈക്യ പ്രസ്ഥാനത്തിൻെറ പ്രാരംഭ ചൈതന്യം. സർവാദരണീയരായ നാലു മെത്രാപ്പോലീത്തമാരെ തിരുസഭക്കു പ്രദാനം ചെയ്യുവാൻ ചുരുങ്ങിയ കാലം കൊണ്ടു കഴിഞ്ഞത് ബഥനി സമൂഹത്തിനു അഭിമാനകരമത്രെ.


## ബഥനി പ്രസ്ഥാനം അന്നും ഇന്നും

1919 മുതൽ 1930 വരെ പെരുന്നാട് ബഥനിയാശ്രമത്തിലെ അന്തേവാസികൾ ക്രൈസ്തവ മഹർഷിയായ ആബോ ഗീവറുഗീസിൻെറ നിയമാവലിയും തപശ്ചര്യയുമനുസരിച്ച് ആധ്യാത്മിക ചൈതന്യധന്യരായി, ഭക്തി നിർഭരവും ത്യാഗോജ്ജ്വലവുമായ താപസ ജീവിതം നയിച്ചിരുന്നു. കഠിനാദ്ധ്വാനവും, സസ്യാഹാര നിഷ്ഠയും, ദാരിദ്ര്യ വ്രതവും , കാവിവസ്ത്രവും, ആതുരശുശ്രൂഷയുമൊക്കെ ബഥനി സന്യാസിമാരുടെ സവിശേഷതകളായിരുന്നു. നിയതമായ ഉപവാസത്തിനും യാമ പ്രാർത്ഥനകൾക്കും, ആദ്ധ്യാത്മിക പഠനയജ്ഞത്തിനും ധ്യാനയോഗത്തിനും മുടക്കമുണ്ടായിട്ടില്ല. പീഡാനുഭവ വാരാചരണത്തിലും ധ്യാന യോഗങ്ങളിലും ഉപവാസ പ്രാർത്ഥനകളിലും പങ്കുചേർന്നു നിർവൃതിയടയുവാൻ മലങ്കരയിലെ ദൈവജനം ആണ്ടുതോറും ആവേശഭരിതരായി പെരുനാട് ആശ്രമത്തിലേക്കു തീർത്ഥാടനം ചെയ്തിരുന്നു.

കാലം മാറിയതോടെ ബഥനി പ്രസ്ഥാനത്തിൻെറ രൂപ ഭാവങ്ങൾ മാറിപ്പോയി. വീക്ഷണങ്ങൾക്കും സമീപനത്തിനും മാററം വന്നിരിക്കുന്നു. എല്ലാ രംഗങ്ങളിലുമെന്ന പോലെ ഉദാരവൽക്കരണം ബഥനിക്കും ബാധകമായി. കർക്കശമായിരുന്ന നിയമാവലിക്കു അയവും ഇളവും കൈ വന്നിട്ടുണ്ട്. വ്യാവസായിക യുഗത്തിൻെറ നൻമകളും തിൻമകളും ശാസ്ത്ര സാങ്കേതിക പുരോഗതിയുടെ അതിപ്രസരവും സന്യാസിമാരെയും സ്വാധീനിക്കുന്നു. ഇന്നിൻെറ ആവശ്യമായ സ്വാശ്രയത്വവും സ്വയം പര്യാപ്തതയും സാമ്പത്തിക നയത്തിൽ മാററമുണ്ടാക്കി.

യഥാസമയം സമൂഹ പ്രാർത്ഥന നടത്തുന്ന ക്രൈസ്തവ കുടുംബങ്ങൾ ഇന്ന് എത്രയോ ചുരുക്കം. അത്തരം ഗാർഹിക പശ്ചാത്തലത്തിൽ നിന്നു വരുന്ന നവ സന്യാസിമാർ യാമ പ്രാർത്ഥനകളിലും ഉപവാസ വർജനകളിലും ഉദാസീനരാകുക സ്വഭാവികം മാത്രം. എങ്കിലും പ്രാർത്ഥനയിലും ആരാധനയിലും ചിട്ടയും നിഷ്ഠയും നിയമനിഷ്ഠയും പുന:സ്ഥാപി ക്കേണ്ടതുണ്ട്. സന്യാസത്തിൻെറ പ്രതീകമായ കാവിവസ്ത്രം ആർഷഭാരതത്തിൽ എപ്പോഴും ബഹുമാന്യവും യാത്രാവേളകളിൽ രക്ഷാകരവുമാണ്. പുനരൈക്യ പരിശ്രമത്തിലുള്ള അനാസ്ഥ മാറി, ബഥനി സന്യാസിമാർ പ്രേഷിത ചൈതന്യംകൊണ്ട് പ്രോജ്ജ്വലിക്കേണ്ടിയിരിക്കുന്നു.

www.malankaralibrary.com



പി.വി. തോമസ്, പൂന

# ശ്ലോമ്മോ ല് ബഥനി !!

പ്ലാറ്റിനം ജൂബലിയാഘോഷിക്കുന്ന ബഥനി സമൂഹത്തെപ്പറ്റി ഇൻഡ്യയിൽ പൊതുവെയും, കേരളത്തിലെ എല്ലാ മത വിഭാഗങ്ങളിലും, പ്രത്യേകിച്ച് ക്രിസ്തീയ സമൂഹങ്ങളിലും, ആകമാന കത്തോലിക്കാ സഭയിലും, ഇതിനകം ധാരാളമായി അറിഞ്ഞിരിക്കുമല്ലോ. മലങ്കര കത്തോലിക്കാ സഭക്കും, മറ്റ് സഭാംഗങ്ങൾക്കും ബഥനിയെപ്പറ്റി ധാരാളം നല്ല കാര്യങ്ങൾ പറയാനുണ്ട്. അനുഗ്രഹപ്രദമായ, ഈ ജൂബിലി സമാപന സമയത്ത്, ബാഹ്യ കേരളത്തിൽ, പൂനായിൽ കഴിഞ്ഞ 30 വർഷമായി സേവനം ചെയ്യുന്ന ഒരു അൽമായനായ എനിക്കും, ബഥനി ഗുണകാംഷികളോടൊപ്പം ചില ചിന്തകൾ പങ്കുവക്കാനാഗ്രഹമുണ്ട്. കത്തോലിക്കാ സഭയിൽ ധാരാളം സന്യാസ സമൂഹങ്ങളുള്ളത്, സഭകളുടെ വളർച്ചയ്ക്കും ലോക സമാധാനത്തിനും സഹായിക്കുന്നു. മലങ്കര കത്തോലിക്കാ സഭയിലും, പല സന്യാസ സമൂഹങ്ങൾ വളർന്നു പ്രവർത്തിക്കുന്നത് എത്രയോ മഹനീയമാണ്. അഭിവന്ദ്യ മാർ ഈവാനിയോസ് പിതാവിനേയും, അന്നദ്ദേഹത്തോടൊപ്പം ആദ്യകാലത്ത് പ്രവർത്തന നിരതരായി ഉണ്ടായിരുന്നവരേയും, സ്നേഹ പൂർവ്വം സ്മരിക്കുമ്പോൾ, ബഥനിയുടെ ആദ്ധ്യാത്മികതയും, മലങ്കര കത്തോലിക്കാ സഭയോടൊപ്പം പ്രസരിക്കുകയാണ്. ബഥനിയിലെ മിഷ്യനറി വൈദികരെയും, സഹോദരി സഹോദരന്മാരേയും ഓർക്കുമ്പോൾ മലങ്കര മക്കൾക്ക് ധാരാളമായി സന്തോഷിക്കാനവസരം ലഭിക്കുന്നു. ഇൻഡ്യയുടെ നാലു ഭാഗങ്ങളിലും മുഖ്യമായി കേരളത്തിലും സഭാ-സാമൂഹിക പ്രവർത്തനങ്ങൾ ചെയ്യുന്ന ബഥനി സന്യാസികളെ, ഈ ജൂബിലി വർഷത്തിൽ, പ്രത്യേകമായി അനുമോദിക്കേണ്ടത് മലങ്കര മക്കളുടെ കടമയും സന്തോഷവുമാണ്. ഈയവസരത്തിൽ, എൻെറ മനസ്സിൽ കുറെ ചിന്തകൾ കൂടി ഉയർന്നു വരികയാണ്. ബഥനിയുടെ ജൂബിലിയാഘോഷിക്കേണ്ടത്, അഥവാ ആഘോഷിച്ചത് സഭയിലെ മറ്റു സന്യാസ സമൂഹങ്ങൾ ഒന്നു ചേർന്ന് മലങ്കര സഭ പൂർണ്ണമായിട്ടാണല്ലോ.

സഭയിലെ എല്ലാ സന്യാസ സമൂഹങ്ങളെയും സഹായിക്കാൻ കഴിവുള്ള 'നല്ല മനസ്സുള്ള' ധാരാളം ആത്മീയതയുള്ള 'ലാസറന്മാർ' 'മാർത്താമറിയകൾ' 'അൽമായർ' നമ്മുടെ കൂട്ടായ്മയിൽ ഉണ്ടല്ലോ. അവരെ പ്രോൽസാഹിപ്പിക്കുന്നതും സഭയുടേയും സന്യാസ സമൂഹങ്ങളുടെയും വളർച്ചയെ തീർച്ചയായും സഹായിക്കും.ജേഷ്ഠ സമൂഹമായ ബഥനിയാശ്രമത്തിന് ഈ കൂട്ടായ്മയിലുള്ള മറ്റു സന്യാസ സമൂഹങ്ങളെയും സഹായിക്കാൻ, പ്രോൽസാഹിപ്പിക്കാൻ ഉതകുന്ന പ്രവർത്തന പദ്ധതികളും ഉണ്ടെന്നു


www.malankaralibrary.com

കരുതട്ടെ. സന്തോഷത്തോടെ, ആത്മാവിൻെറ പ്രേരണയാൽ സന്യാസ സമൂഹങ്ങളെ സ്നേഹിക്കുകയും, സേവിക്കുകയും ചെയ്യുന്ന ഏതൊരു വ്യക്തിയും തൻെറ സഭയേയും തന്നെതന്നെയും സ്നേഹിക്കുന്നുവെന്ന്, പറയുന്നതും ശരിയല്ലേ?

പല അവസരങ്ങളിലും പല സന്യാസ സമൂഹങ്ങളുമായി പല വിധത്തിൽ ബന്ധപ്പെടാൻ എനിക്കു സാധിച്ചിട്ടുണ്ട്. അപ്പോഴൊക്കെ, സഭയെ സ്നേഹിക്കുന്നുവെന്ന ചിന്ത തനെയാണ് എനിക്കനുഭവപ്പെട്ടിട്ടുള്ളത്. കൂടുതൽ സേവനം ചെയ്യാൻ പ്രേരണ ലഭിക്കുകയും ചെയ്തിട്ടുണ്ട്. എല്ലാ സന്യാസ സമൂഹങ്ങളുടെയും ആദ്യത്തെ അംഗങ്ങൾ, സഭയിൽ ജനിച്ചു വളരുന്ന ചെറു 'ലാസറന്മാരും' 'മാർത്താ മറിയകളും' ആണല്ലോ. ക്രിസ്തുവിനു വേണ്ടി ജീവിക്കാനും, സഹിക്കാനും, ക്രിസ്തുവിനോടു കൂടി, ഉയിർപ്പിക്കപ്പെടുമെന്ന പ്രത്യാശയിൽ ജീവിതം തുടരുന്ന സ്വർഗ്ഗീയ യാത്രയാണല്ലോ, സന്യാസവും സഭാ ജീവതവും.

1994 - July 29-ാം തീയതി വൈകിട്ട് പൂനാ 'പേപ്പൽ സെമിനാരി' ഓഡിറ്റോറിയത്തിൽ വച്ച് ബഥനി ജൂബിലി സാഘോഷം വിവിധ കലാപരിപാടികളോടെ ആയിരങ്ങൾ പങ്കെടുത്തുകൊണ്ടാടുകയുണ്ടായി. മുഖ്യ അഥിതിയായിരുന്ന പൂനാ ബിഷപ്പ് വന്ദ്യ വലേറിയൻ ഡിസൂസ തിരുമേനി മലങ്കര സഭയേയും സഭാംഗങ്ങളുടെ കൂട്ടായ്മ സ്നേഹത്തെയും, പ്രാർത്ഥനാ ജീവിത ശൈലിയെയും പ്രശംസിക്കുകയുണ്ടായി. അതിലുമുപരിയായി ബഥനി സ്ഥാപനത്തെയും സന്യാസികളെയും, ബഥനിയുടെ മിഷ്യനറി പ്രവർത്തനങ്ങളെയും കണക്കിലെടുത്ത് എല്ലാ ബഥാനിയരേയും പൂനായിലുള്ള ആശ്രമാംഗങ്ങളെയും ബഥനി വൈദികരെയും, അവരുടെ ലളിത ജീവിത രീതിയേയും, പ്രത്യേകമായി അദ്ദേഹം അഭിനന്ദിക്കുകയുണ്ടായി. പൂനായിലെ ബഥനിയാശ്രമം, അറിയപ്പെടുന്ന ഒരാശ്രമവും വേദവിജ്ഞാനപീഠവും ആണല്ലോ. ഇൻഡ്യയുടെ കവാടമായ ബോംബയിൽ ബഥനിയുടെ സേവനങ്ങളും മലങ്കര സഭയുടെ നേട്ടം തന്നെയാണ്. ബഥനി വൈദികരും ശെമ്മാശന്മാരും പൂന മലങ്കര കത്തോലിക്കർക്കും മറ്റു ക്രിസ്തീയ കൂട്ടായ്മയ്ക്കും ചെയ്തിട്ടുള്ള സേവനങ്ങളും മറക്കാനാവില്ലല്ലോ. 2019 ഓഗസ്റ്റ് 15ന് 100 വർഷങ്ങൾ - സെൻറിനറി കൊണ്ടാടുമ്പോൾ, നമ്മളിൽ നല്ല ശതമാനം വ്യക്തികളും സ്വർഗ്ഗത്തിലായിരിക്കുമെന്ന പ്രത്യാശയിൽ, ഇപ്പോഴെ യുവതലമുറകളെ സന്യസ്ത സഭാ ജീവിതത്തിൻെറയും, കുടുംബജീവിതത്തിൻെറ മഹിമകളെയും, വല്ലപ്പോഴും ആത്മാവിൻെറ ശക്തിയോടെ കുടുംബങ്ങളിൽ അവതരിപ്പിക്കുന്നത് നല്ലതും - നമ്മുടെ ഈ സ്വർഗ്ഗീയ യാത്രക്ക് ആത്മീയ ഗാനങ്ങളും ആയിരിക്കും. മലങ്കര സഭയിലെ അഭിവന്ദ്യ മേലദ്ധ്യക്ഷന്മാരെയും, വൈദികരേയും, സന്യാസ സന്യാസികളെയും, ശെമ്മാശന്മാരെയും, ആത്മായ പ്രേഷിതരെയും, എല്ലാ സഭാംഗങ്ങളെയും, അവരുടെ സേവനങ്ങളെയും നന്ദിപൂർവ്വം സ്മരിച്ചുകൊണ്ട്, പ്രത്യേകമായി സഭയിൽ പ്രവർത്തിക്കുന്ന എല്ലാ സന്യാസ സമൂഹങ്ങളെയും സ്നേഹിച്ചുകൊണ്ട്, ദിവസേനയോ, വല്ലപ്പോഴുമോ ഒരുക്കത്തോടെ വി. കുർബ്ബാന സ്വീകരിച്ചു കഴിഞ്ഞ്, അവർക്കുവേണ്ടി പ്രാർത്ഥിക്കുന്നത് എത്രയോ അനുഗ്രഹപ്രദമായിരിക്കും.

www.malankaralibrary.com



ഫാ. ജോൺ ഇലവിനാക്കുഴിയിൽ ഒ.ഐ.സി.

# മൺമറഞ്ഞ ബഥനി മക്കൾ

"നിങ്ങളോട് ദൈവവചനം പ്രസംഗിച്ച നിങ്ങളുടെ പിതാക്കൻമാരെ അനുസ്മരിക്കുവിൻ. അവരുടെ ജീവിതചര്യയുടെ ഫലം കണക്കി ലെടുത്ത് അവരുടെ വിശ്വാസജീവിതം അനുകരിക്കുവിൻ" (ഹെബ്രാ. 13:7)

മലങ്കരസഭയുടെആത്മീകോന്നതിക്കായി ജീവിച്ച് സന്യാസ പ്രതിഷ്ഠ വഴി സഭയ്ക്കുവേണ്ടി തങ്ങളെ തന്നെ സമർപ്പിച്ച പുണ്യവാൻമാരും ഭാഗ്യവാൻമാരുമായ ബഥനിയിലെ മൺമറഞ്ഞ പിതാക്കൻമാരെക്കുറിച്ചുള്ള ഓർമ്മക്കുറിപ്പ് പ്ലാറ്റിനം ജൂബിലി ആഘോഷിക്കുന്ന ഈ അവസരത്തിൽ എന്തുകൊണ്ടും ഉചിതം തന്നെ. ബഥനി ആകുന്ന വൃക്ഷത്തെ നട്ടു വളർത്തി ഫലമേകാൻ പ്രായമാക്കി അതിന്റെ സംരക്ഷണം പിൻതലമുറയെ ഏല്പിച്ചു കടന്നുപോയ പിതാക്കന്മാർ ഓരോരുത്തരെക്കുറിച്ചും ഏതാനും ചില ചിന്തകൾ കുറിച്ചുകൊള്ളട്ടെ.

## 1. ഫാ. സ്തേഫാനോസ് മൂലമണ്ണിൽ ഒ.ഐ.സി. (1895 - 1931)

1895 ഡിസംബർ 6-ാം തിയതി കല്ലൂപ്പാറയിലെ പുരാതന ക്രിസ്തീയ കുടുംബമായ മൂലമണ്ണിൽ കുടുംബത്തിൽ ജനിച്ചു. ജ്ഞാനസ്നാനത്തിൽ ചെറിയാൻ എന്ന നാമധേയം ലഭിച്ചു. കല്ലൂപ്പാറ ഗവ. ഹൈസ്കൂളിൽ പ്രാഥമിക വിദ്യാഭ്യാസം നടത്തി. തുടർന്ന് തിരുവല്ലായിലെ മലയാളം ഹൈസ്കൂളിൽ പഠിച്ച് 9-ാം ക്ലാസ് പാസ്സായി. അദ്ധ്യാപകനായി സേവനം അനുഷ്ഠിക്കുമ്പോഴാണ് അദ്ദേഹം ബഥനിയെക്കുറിച്ചു മനസ്സിലാക്കുന്നത്.


ആബോ ഗീവർഗ്ഗീസ് അദ്ദേഹത്തെ ബഥനിയിൽ സ്വീകരിച്ചു. 1927-ൽ നിത്യവ്രതം ചെയ്തു. അതേ വർഷം ആശ്രമപിതാവായ മാർ ഈവാനിയോസ് തിരുമേനിയിൽ നിന്ന് കശീശ്ശാപട്ടം സ്വീകരിച്ചു.

കത്തോലിക്കാസഭയിലേയ്ക്ക് പുനരൈക്യപ്പെടുന്നതിനുവേണ്ടി അഭിവന്ദ്യ മാർ ഈവാനിയോസ് തിരുമേനിയോടൊപ്പം ഇറങ്ങിത്തിരിച്ചവരിൽ ബഹു. സ്തേഫാനോസച്ചനും ഉൾപ്പെടുന്നു. ക്ഷയരോഗ ബാധിതനായ അദ്ദേഹം 1931 ഫെബ്രുവരി 14-ാം തിയതി കർത്താവിൽ ഭാഗ്യമരണം പ്രാപിച്ചു.

വെണ്ണിക്കുളത്തെ ബഥനി ചാപ്പലിന്റെ വടക്കേമുറ്റത്ത് മൃതശരീരം സംസ്കരിച്ചു. പിന്നീട് മൃതശരീരം വെണ്ണിക്കുളത്തു നിന്നും നാലാഞ്ചിറയിലേക്കു മാറ്റി ആശ്രമ സെമിത്തേരിയിൽ സംസ്കരിച്ചു. അഭി. മാർ ഈവാനിയോസ് തിരുമേനിയുടേയും, മാർ തെയോഫിലോസ് തിരുമേനിയുടേയും കാർമ്മികത്വത്തിൽ അനേകം വൈദികരും സന്യാസികളും, അൽമായരും ഇതിൽ പങ്കുകൊണ്ടു.

www.malankaralibrary.com

## 2. ഫാ. ബർസ്ലീബാ കല്ലുംപുറത്ത് ഒ.ഐ.സി (1896 - 1958)



1896-ൽ മാവേലിക്കരയിലെ പുരാതന ക്രിസ്തീയ കുടുംബമായ കല്ലുംപുറത്തു കുടുംബത്തിൽ ജനിച്ചു. ജ്ഞാനസ്നാനത്തിൽ യാക്കോബ് എന്ന നാമം നൽകിയിരുന്നു. പ്രാഥമിക വിദ്യാഭ്യാസം മാവേലിക്കരയിൽ തന്നെ നടത്തി. ബഥനി പ്രസ്ഥാനത്തിന്റെ ആരംഭകാലത്തുതന്നെ ബഥനിയിൽ ചേർന്നു. അന്ന് അദ്ദേഹം യാക്കോബ് സാധു എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്. യാക്കോബായ സഭയിൽ വൈദികനായിത്തീർന്ന അദ്ദേഹം പുറമറ്റം, തുമ്പമൺ, കടമാൻകുളം എന്നീ പള്ളികളിൽ വികാരിയായി സേവനം അനുഷ്ഠിച്ചിട്ടുണ്ട്. പുനരൈക്യശേഷം അദ്ദേഹം മൂവാറ്റുപുഴ വാളകം, കൊട്ടാരക്കര വാളകം, കോട്ടൂർ, കടമാൻകുളം പുത്തൻകാവ്, കൊട്ടാരക്കര കിഴക്കേത്തെരുവ്, പുറമറ്റം, വടശ്ശേരിക്കര, പുതുശ്ശേരിമല എന്നീ പള്ളികളിൽ സേവനം അനുഷ്ഠിച്ചു.

ഗാനാലാപനത്തിൽ അനുഗൃഹീതനായിരുന്നു ബർസ്ലീബാ അച്ചൻ. അതുകൊണ്ടാവണം അച്ചൻ നടത്തിയിരുന്ന പള്ളികളിൽ ആരാധന ഏറ്റവും സജീവവും, മനോഹരവുമായിരുന്നത്.

ക്രമേണ ബ. അച്ചൻ ഒരു പ്രമേഹരോഗിയായി ത്തീർന്നു. തിരുവല്ല ആശ്രമത്തിൽ വിശ്രമജീവിതം നയിച്ചുവന്ന അച്ചന്റെ രോഗം മൂർച്ചരിക്കുകയും കവിയൂർ ആശുപത്രിയിൽ പ്രവേശിപ്പിക്കുകയും ചെയ്തു. 1958 ഡിസംബറിൽ രോഗം മൂർദ്ധന്യാവസ്ഥയിലെത്തുകയും 30-ാം തിയതി അദ്ദേഹം ഭാഗ്യമരണം പ്രാപിക്കുകയും ചെയ്തു. അടുത്തദിവസം തിരുവല്ല ബഥനി ആശ്രമ സെമിത്തേരിയിൽ മൃതശരീരം സംസ്കരിച്ചു.

തീക്ഷ്ണമതിയായ ഒരു മിഷനറിയായിരുന്നു ബർസ്ലീബാ അച്ചൻ.

## 3. ഫാ. ജോബ് തെങ്ങുംതറ ഒ.ഐ.സി (1902 - 1959)



1902 മാർച്ച് 2-ാം തിയതി ഇലന്തൂർ (പരിയാരം) തെങ്ങുംതറ വടക്കേക്കര കുടുംബത്തിൽ ഭൂജാതനായി. 1922 നവംബർ 1-ന് സന്യാസജീവിതത്തിൽ ആകൃഷ്ടനായി പെരുന്നാട് ബഥനിയാശ്രമത്തിൽ എത്തി. 1927 ജനുവരി 2-ാം തിയതി പ്രഥമ വ്രതവും,1933 ജനുവരി 2-ാം തിയതി നിത്യവ്രതവും സ്വീകരിച്ചു. 1922 മെയ് 26-ന് മാർ ഈവാനിയോസ് തിരുമേനിയിൽ നിന്നും വൈദിക പട്ടം സ്വീകരിച്ചു.

ജോബച്ചന്റെ പ്രധാനപ്രേഷിതരംഗങ്ങൾ തിരുവനന്തപുരം, ഇലന്തൂർ, വെട്ടിയാർ, ഇടപ്പോൺ, ചുനക്കര തുടങ്ങിയ സ്ഥലങ്ങൾ ആയിരുന്നു. കറ്റാനം ആശ്രമ പ്രൊക്കുറേറ്ററായും, ചുനക്കരതോട്ടത്തിന്റെ മേൽനോട്ടക്കാനായും അദ്ദേഹം സേവനം അനുഷ്ഠിച്ചിട്ടുണ്ട്.


www.malankaralibrary.com

കറ്റാനത്ത് ആയിരിക്കുമ്പോൾ അന്നവിടെ അപ്പസ്തോലിക് വിദ്യാർത്ഥികളായിരുന്നവരെ സഹോദരതുല്യംസ്നേഹിക്കുകയും പ്രോൽസാഹിപ്പിക്കുകയും ചെയ്തിരുന്നു. സമൂഹത്തിന്റെ അഭ്യുന്നതിയിൽ അദ്ദേഹം അതീവ തല്പരനും അതിനുവേണ്ടി കഴിയുന്നതെല്ലാം ചെയ്യുവാൻ സൻമനസ്സുള്ളവനും ആയിരുന്നു. സമൂഹത്തെ "ഇന്റർ ഡയോസിസൻ" ആക്കുന്നതിനുവേണ്ടി അദ്ദേഹം വളരെയധികം പരിശ്രമിച്ചു.

പേപ്പട്ടിവിഷം, ഭ്രാന്ത്, അപസ്മാരം എന്നിവക്ക് അദ്ദേഹം പ്രത്യേക ചികിൽസകൾ നടത്തിയിരുന്നു. സന്യാസോചിതമായ രീതിയിൽ ഏകാന്തതയിലും പ്രാർത്ഥനയിലും അദ്ദേഹം സമയം ചെലവഴിച്ചു.

ഉറ്റ സ്നേഹിതനായിരുന്ന ബഹു. ബർസ്ലീബാ അച്ചന്റെ മരണം അദ്ദേഹത്തെ തളർത്തി. ബ. ബർസ്ലീബ അച്ചന്റെ മരണത്തിന്റെ 50-ാം ദിവസം (19.2.1959) ജോബച്ചനും നിത്യസമ്മാനം തേടി നാഥന്റെ സന്നിധിയിലേക്കു യാത്രയായി. അദ്ദേഹത്തിന്റെ ഭൗതികാവശിഷ്ടം തിരുവല്ലാ ആശ്രമ സെമിത്തേരിയിൽ അന്ത്യവിശ്രമം കൊള്ളുന്നു.

### 4. ബ്രദർ ആന്റണി നായർകുളങ്ങര ഒ.ഐ.സി. (1907 - 1962)



1907 സെപ്തംബർ 6-ാംതിയതി മാവേലിക്കരയിൽ മറ്റം എന്ന സ്ഥലത്തു ജനിച്ച കൊച്ചാണ്ടി പ്രാഥമിക വിദ്യാഭ്യാസം സ്വഗ്രാമത്തിൽ നടത്തി. ബഥനിയെക്കുറിച്ചും മാർഈവാനിയോസ് വലിയ തിരുമേനിയെക്കുറിച്ചും കേട്ടറിഞ്ഞ കൊച്ചാണ്ടി 1928-ൽ ആശ്രമജീവിതത്തിൽ താല്പര്യം കാണിച്ച് പെരുന്നാട് മുണ്ടൻമല ബഥനിയാശ്രമത്തിൽ വന്നു. അദ്ദേഹമാണ് പിൽക്കാലത്ത് എല്ലാവർക്കും പ്രിയങ്കരനായ ആന്റണി ബ്രദറായിത്തീർന്നത്.

അദ്ദേഹത്തിന്റെ അർത്ഥികാലഘട്ടം പെരുന്നാട്ടിൽ 1929 ഏപ്രിൽ 29-ാം തിയതി ആരംഭിച്ചു. വെണ്ണിക്കുളം ബഥനി ആശ്രമ ത്തിൽ ഏപ്രിൽ മാസം 5-ാം തിയതി അദ്ദേഹത്തിന്റെ നവസന്യാസ പരിശീലനം (ദനഗൂഗ്ലോ) ആരംഭിച്ചു. ആദ്യവ്രത വാഗ്ദാനം 1932 ഏപ്രിൽ 7-ാം തീയതി ആയിരുന്നു. ഹൃദയസംബന്ധമായ രോഗങ്ങൾ ബ്രദറിനെ അലട്ടിയിരുന്നെങ്കിലും ആശ്രമനിയമങ്ങളും, അനുഷ്ഠാനങ്ങളും കൃത്യമായി പാലിച്ചിരുന്നു. ആരാധനാക്രമത്തോടും അതിലധിഷ്ഠിതമായ സന്യാസ ജീവിതത്തോടുമുള്ള ബ്രദറിന്റെ ആഭിമുഖ്യം ഏറ്റവും ശ്രദ്ധേയമാണ്. പാടുന്നതിലും, സുറിയാനി പഠിക്കുന്നതിലും അദ്ദേഹം അതീവ തല്പരനായിരുന്നു. സാധുക്കളോടു പ്രത്യേക പരിഗണനയും, അനുകമ്പയും പ്രദർശിപ്പിച്ചിരുന്നു. ഒരിക്കൽ അദ്ദേഹത്തെ പരിശോധിച്ച ഡോക്ടർ അതിശയത്തോടെ പറഞ്ഞു ഹൃദയമില്ലാത്ത ഈ മനുഷ്യൻ എങ്ങനെ ജീവിക്കുന്നു എന്ന്. 1962 നവംബറിൽ അദ്ദേഹത്തെ മെഡിക്കൽ കോളേജിൽ പ്രവേശിപ്പിച്ചെങ്കിലും ആ മാസം 17-ാം തിയതി അദ്ദേഹം കർത്താവിൽ ഭാഗ്യമരണം പ്രാപിച്ചു. അങ്ങനെ 34 വർഷങ്ങൾക്കു മുമ്പ് ഒരു നവംബർ മാസത്തിൽ പെരുന്നാട് ആശ്രമത്തിലെത്തി അനേകർക്കു പ്രഭ നല്കിയ ആ വെളിച്ചം ഒരു നവംബറിൽ തന്നെ പൊലിഞ്ഞു. അദ്ദേഹത്തിന്റെ ഭൗതിക ശരീരം നാലാഞ്ചിറ ബഥനി ആശ്രമ സെമിത്തേരിയിൽ അന്ത്യവിശ്രമം കൊള്ളുന്നു.

### 5. ഫാ. മൈക്കിൾ മഞ്ഞാനാംകുഴി. ഒ.ഐ.സി. (1924 - 1964)

ചെങ്ങരൂർ മഞ്ഞാനാംകുഴി അബ്രഹാം, അന്നമ്മ ദമ്പതികൾക്ക് 1924 ജൂലൈ മാസം 3-ാം തിയതി

www.malankaralibrary.com



ബേബി എന്ന ഓമനപുത്രൻ ജനിച്ചു. മാമ്മോദീസായിൽ ശിശുവിന് അലക്സാണ്ടർ എന്ന പേരാണ് നൽകിയിരുന്നത്. മാതാപിതാക്കൾ 1930-ൽ പുനരൈക്യപ്രസ്ഥാനം ആരംഭിക്കുന്നതിന് ഏതാനും വർഷങ്ങൾക്കു മുമ്പുതന്നെ കത്തോലിക്കാ സഭയിൽ ചേർന്നിരുന്നു. അതുകൊണ്ട് ബേബിയും കത്തോലിക്കാ വിശ്വാസത്തിലും ദൈവഭക്തിയിലുമാണ് വളർന്നു വന്നത്. തന്നിമിത്തം ദൈവശുശ്രൂഷയിലുള്ള താല്പര്യം ബേബിയിൽ മുളയെടുത്തിരുന്നു. ഹൈസ്ക്കൂൾ വിദ്യാഭ്യാസാനന്തരം 1942- ൽ തിരുവല്ലാ ബഥനി ആശ്രമത്തിൽ ചേർന്നു പ്രാരംഭപരിശീലനം നടത്തി. തുടർന്ന് ഒരു വർഷത്തെ നവശിഷ്യപരിശീലനം പൂർത്തിയാക്കി. 1944 മെയ്മാസം 19-ാം തിയതി ആദ്യസന്യാസ വ്രതാനുഷ്ഠാനം നടത്തി. മിഖായേൽ എന്ന പേര് സ്വീകരിച്ചു. ആ വർഷം തന്നെ വൈദിക പഠനത്തിനായി കാൻഡിയിൽ പേപ്പൽ സെമിനാരിയിലേക്ക് അയയ്ക്കപ്പെട്ടു. 1947 മെയ് 15-ാം തിയതി നിത്യവ്രതവാഗ്ദാനം നടത്തി. കാൻഡിയിൽ തന്നെ വൈദികപഠനം പൂർത്തിയാക്കുകയും അവിടുത്തെ സെമിനാരി ചാപ്പലിൽവെച്ച് 1952 ആഗസ്റ്റ് 20-ാം തിയതി ഞായറാഴ്ച വൈദികനായി അഭിഷിക്തനാവുകയും ചെയ്തു. പിന്നീട് ഫാ. മിഖായേൽ ഒ.ഐ.സി ആശ്രമത്തിൽ തിരിച്ചെത്തി അധികാരികളുടെ നിർദ്ദേശമനുസരിച്ച് ആശ്രമകാര്യങ്ങളിലും മിഷൻ പ്രവർത്തനങ്ങളിലും സഹായിച്ചു പോന്നു. പിന്നീട് തിരുവല്ലാ ബഥനി ആശ്രമത്തിൽ സുപ്പീരിയറായി ചുമതല വഹിച്ചു. തൃശ്ശിനാപ്പള്ളി സെന്റ് ജോസഫ്സ് കോളേജിൽ പഠിക്കുകയും എം.എ. ബിരുദം നേടുകയും ചെയ്തു.

1953-ൽ പൗരസ്ത്യ തിരുസംഘത്തിന്റെ പ്രീഫെക്ടും കർദ്ദിനാൾ സംഘത്തിന്റെ ഡീനും ആയിരുന്ന അത്യുന്നത കർദ്ദിനാൾ യൂജിൻ ടിസറാന്റ് തിരുമേനി കേരളം സന്ദർശിച്ച അവസരത്തിൽ മലബാർ പ്രദേശത്തുള്ള മലങ്കരസഭാമക്കളുടെ അജപാലനാവശ്യത്തെക്കുറിച്ച് തിരുവല്ലാ രൂപതാദ്ധ്യക്ഷനായിരുന്ന അഭി. ജോസഫ് മാർ സേവേറിയോസ് മെത്രാപ്പോലീത്ത തിരുമേനിയെ അറിയിക്കുകയുണ്ടായി. തിരുവല്ലാ രൂപതയുടെ ഭാഗമായിരുന്നു അന്ന് മലബാർ പ്രദേശം. അതിനെക്കുറിച്ച് അന്വേഷിച്ച് സ്ഥിതിവിവരകണക്കുകൾ സമർപ്പിക്കുന്നതിന് ബഹു. മൈക്കിളച്ചൻ നിയോഗിക്കപ്പെട്ടു. അദ്ദേഹം മിഷൻ സാദ്ധ്യതകളെക്കുറിച്ചു തയ്യാറാക്കിയ റിപ്പോർട്ട് റോമിലേക്ക് അയച്ചുകൊടുത്തു. അതിന്റെ ഫലമായി പൗരസ്ത്യ തിരുസംഘം തിരുവല്ലാ രൂപതാതിർത്തി വർദ്ധിപ്പിച്ചു. മലബാറിൽ പലസ്ഥലത്തും ആരാധനാലയങ്ങൾ തുടങ്ങാൻ തീരുമാനിക്കുകയും ചെയ്തു.

അഭിവന്ദ്യ പിതാവ് ആവശ്യപ്പെട്ടതനുസരിച്ച് ബ. മൈക്കിളച്ചൻ മലബാർ മിഷൻ പ്രവർത്തനം ഏറ്റെടുത്തു. മാനസാന്തരം, സഭൈക്യം, സഭാംഗങ്ങളുടെ ആദ്ധ്യാത്മികവളർച്ച, ഇടവകഭരണം എന്നിവപോലെ തന്നെ സാംസ്കാരികവും സാമൂഹികവുമായ എല്ലാക്കാര്യങ്ങളിലും താൽപര്യം പ്രകടിപ്പിച്ചു.

ഈ നിരന്തരമായ അദ്ധ്വാനവും, പ്രയത്നവും അദ്ദേഹത്തെ ഒരു രോഗിയാക്കിത്തീർത്തു. 1964 ഡിസംബർ 18-ാം തിയതി അദ്ദേഹം മരണമടഞ്ഞു. മൃതശരീരം തിരുവല്ലാ ബഥനി ആശ്രമ ശ്മശാനത്തിൽ സംസ്കരിച്ചു.

### 6. ഫാ. എഫ്രേം കൊട്ടാരത്തിൽ ഒ.ഐ.സി. (1900 - 1969)

മാർ ഈവാനിയോസ് പിതാവിന്റെ ജൻമ നാടായ മാവേലിക്കരയിൽ 1900 ഏപ്രിൽ 20-ാം തിയതി

www.malankaralibrary.com



ജനിച്ച ബാലൻ ഹൈസ്ക്കൂൾ വിദ്യാഭ്യാസത്തിനുശേഷം ആശ്രമത്തിൽച്ചേർന്ന് ബഹുമാനപ്പെട്ട ജോഷ്വ അച്ചന്റെ ശിക്ഷണത്തിൽ നവസന്യാസ പരിശീലനം നടത്തി. എഫ്രേം അച്ചൻ എല്ലാവർക്കും പ്രിയങ്കരനായിരുന്നു. ഒരുത്തരോടും അദ്ദേഹം കോപിച്ചു സംസാരിക്കുന്നതായി ആരും കണ്ടിട്ടില്ല.

ത്യാഗനിർഭരമായ അച്ചന്റെ പ്രേഷിത മേഖലകൾ അനേകരെ തിരുസഭയിലേക്കും പുണ്യ ജീവിതത്തിലേക്കും ആനയിച്ചു. ശ്രുതിമധുരമായ ദേവാലയ ശുശ്രൂഷകൾ ഇതിനു വളരെയേറെ സഹായിച്ചിട്ടുണ്ട്. ആരാധനാ സമൂഹത്തിന് അതൊരു വലിയ അനുഭവം ആയിരുന്നു. അപ്രേം എന്ന പേരിനെ അദ്ദേഹം സ്വന്തം ജീവിതത്തിൽ തികച്ചും അന്വർത്ഥമാക്കി. തിരുവനന്തപുരം അതിരൂപതയിലെ ഒട്ടുമിക്ക പള്ളികളിലും, മിഷനുകളിലും അച്ചൻ സേവനം അനുഷ്ഠിച്ചിട്ടുണ്ട്.

1969-ൽ ക്രിസ്തുമസ് ശുശ്രൂഷകൾക്കു മദ്ധ്യേ നെഞ്ചുവേദന അനുഭവപ്പെട്ട അച്ചൻ, കൂദാശകൾ സ്വീകരിച്ച് തന്റെ പാവനാത്മാവിനെ സ്നേഹനാഥന്റെ കരങ്ങളിൽ ഭരമേൽപ്പിച്ചു. അദ്ദേഹത്തിൻെറ മൃതശരീരം നാലാഞ്ചിറ ആശ്രമ സെമിത്തേരിയിൽ അന്ത്യവിശ്രമം കൊള്ളുന്നു.

അപ്രേം അച്ചന്റെ മാതുലനും, ആശ്രമശ്രേഷ്ഠനുമായിരുന്ന മാർ ഈവാനിയോസ് തിരുമേനിയുടെ ജീവിത മാതൃക പിഞ്ചെല്ലുവാൻ അദ്ദേഹം ജീവിതാന്ത്യം വരെ വളരെയധികം ശ്രമിച്ചിരുന്നു.

## 7. ഫാ. സെറാഫിയോൻ ആറ്റുപുറത്ത് ഒ.ഐ.സി. (1903 - 1975)



കേരളത്തിലെ പുരാതന ക്രൈസ്തവ കേന്ദ്രമായ വെൺമണിയിൽ ആറ്റുപുറത്തു വടക്കേതിൽ (ചെറിയാലും മൂട്ടിൽ) ഈശോയുടെയും, സാറാമ്മയുടേയും മക്കളിൽ മൂന്നാമനായി 1903 ജനുവരി19-ാം തിയതി ജനിച്ച ശിശുവിന് മാമ്മോദീസായിൽ അലക്സാണ്ടർ എന്ന പേരു നൽകി.

വെൺമണിയിൽ പ്രാഥമിക വിദ്യാഭ്യാസവും കോടുകുളഞ്ഞിയിൽ മിഡിൽ സ്കൂൾ വിദ്യാഭ്യാസവും മാവേലിക്കര ഗവ.സ്കൂളിലും എം.ഡി. സെമിനാരിയിലുമായി ഹൈസ്ക്കൂൾ വിദ്യാഭ്യാസവും പൂർത്തിയാക്കി.

തങ്ങളുടെ ഇടവകയിൽ ഒരു വൈദികൻ ഉണ്ടാകണമെന്നുള്ളവീട്ടുകാരുടേയും ഇടവകക്കാരുടെയും ആഗ്രഹപ്രകാരം 17-ാമത്തെ വയസ്സിൽ 1920 സെപ്റ്റംബർ26-ാം തീയതി ഞായറാഴ്ച വെൺമണി ഓർത്തഡോക്സ് പള്ളിയിൽ വച്ച് മലങ്കര മെത്രാപ്പോലീത്തയായിരുന്ന വട്ടശ്ശേരിൽ മാർ ദിവന്നാസിയോസ് തിരുമേനി അലക്സാണ്ടറിന് കോറൂയോ പട്ടം നൽകുകയും അന്നുമുതൽ അലക്സാണ്ടർ ശെമ്മാശ്ശൻ എന്നറിയപ്പെടുകയും ചെയ്തു. പിന്നീട് ആബോഅച്ചന്റെ ആത്മീയ പ്രവർത്തനങ്ങളിൽ ആകർഷിക്കപ്പെട്ട് 26.8.1926-ൽ പെരുന്നാട് ബഥനിയാശ്രമത്തിൽച്ചേർന്നു. തുടർന്ന് നവസന്യാസപരിശീലനം നടത്തി 1927 ജൂലൈ 2-ാം തിയതി വ്രതവാഗ്ദാനം

www.malankaralibrary.com

ചെയ്ത് സെറാഫിയോൻ എന്ന നാമം സ്വീകരിച്ചു. തുടർന്നുള്ള രണ്ടുവർഷക്കാലങ്ങൾ ബഥനി പ്രസ്സ് മാനേജരായി അദ്ദേഹം സേവനം അനുഷ്ഠിച്ചു.

മിഷൻരംഗങ്ങളിലെ പ്രവർത്തനങ്ങൾ കൂടാതെ അരമനയിലെയും അതിരൂപതയിലെയും ജോലികളും സെറാഫിയോൻ അച്ചന് ഏല്പിക്കപ്പെട്ടിരുന്നു. അരമനയിൽ പ്രൊക്കുറേറ്റർ ആയി കുറേനാൾ ജോലി ചെയ്തു. കെട്ടിട നിർമ്മാണത്തിൽ ഒരു എഞ്ചിനീയറുടെ വൈദഗ്ദ്ധ്യം അദ്ദേഹം പ്രദർശിപ്പിച്ചിരുന്നു. അതിരൂപതയിൽ അനേകം പള്ളികളും, സ്കൂളുകളും, ബോർഡിംഗുകളും പണിയിക്കുന്നതിൽ നിർദ്ദേശവും നേതൃത്വവും നൽകിയിട്ടുണ്ട്. മാർ ഈവാനിയോസ് കോളേജ് സ്ഥാപനത്തിൽ പിതാവിനോടൊത്തു പ്രവർത്തിച്ചിരുന്നു. ഏഴുവർഷത്തിലധികം ദീർഘിച്ച പട്ടം സെന്റ് മേരീസ് കത്തീഡ്രലിന്റെ നിർമ്മാണത്തിലും ബ. അച്ചൻ മേൽനോട്ടം വഹിച്ചിരുന്നു. മാർ ഈവാനിയോസ് പിതാവ് ബ. സെറാഫിയോൻ അച്ചനെ അതിരൂപതാ കൗൺസിൽ അംഗമായി നിയമിച്ചിരുന്നു. പിതാവിന്റെ കാലശേഷം ആർച്ച് ബിഷപ്പ് ബനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനിയും അതിരൂപതാ കൗൺസിൽ അംഗമായി സെറാഫിയോനച്ചനെ നിയമിച്ചിരുന്നു. ഏതാണ്ട് ജീവിതകാലം മുഴുവൻ രൂപതാ കൗൺസിൽ അംഗമായിരുന്ന് ആലോചന നൽകിയിട്ടുള്ള വ്യക്തിയാണ് ഫാ. സെറാഫിയോൻ.

പിന്നീട് കാഞ്ഞിരംകുളം മിഷനിൽ താമസിച്ചുകൊണ്ട് മിഷൻ ജോലിയിൽ വ്യാപൃതനായി. കാഞ്ഞിരംകുളം ബഥനി മിഷൻ മന്ദിരത്തില ായിരിക്കുമ്പോൾ ബഹു. അച്ചൻ രോഗബാധിതനാവുകയും തുടർന്ന് 1975 മാർച്ച് 22-ാം തിയതി ശനിയാഴ്ച ഉച്ചകഴിഞ്ഞ് 1.30 ന് കർത്താവിൽ നിദ്രപ്രാപിക്കുകയും ചെയ്തു. നാലാഞ്ചിറ ആശ്രമ സെമിത്തേരിയിൽ മൃതദേഹം സംസ്കരിച്ചു

## 8. ഫാ. യൗനാൻ കീപ്പള്ളിൽ ഒ.ഐ.സി (1908 -1977)

1908 ഒക്ടോബർ 3-ാം തിയതി പന്തളത്ത്



കീപ്പള്ളി കുടുംബത്തിൽ ജനിച്ചു. സ്കൂൾ വിദ്യാഭ്യാസത്തിനുശേഷം ആശ്രമത്തിൽ ചേർന്നു സന്യാസ പരിശീലനം സ്വീകരിച്ചു. തുടർന്ന് 1936 ഏപ്രിൽ 25ന് വൈദിക പട്ടം സ്വീകരിച്ചു. യൗനാനച്ചൻ നീണ്ട 41 വർഷം സഭയെ സേവിച്ചു. ഇന്നും ജനങ്ങളുടെ സ്മരണകളിൽ പച്ചപിടിച്ചുനിൽക്കുന്ന ഒരസാധാരണ വ്യക്തിത്വത്തിന്റെ ഉടമയാണ് ഫാ. യൗനാൻ.

അദ്ദേഹം വികാരിയായിരുന്ന പല ദേവാലയങ്ങളും സമാധാനത്തിൽ വ്യാപരിക്കുന്നതിന് അദ്ദേഹത്തിന്റെ ശക്തമായ പ്രവർത്തനങ്ങൾ സഹായിച്ചിട്ടുണ്ട്. യൗനാനച്ചന്റെ മിഷൻ പ്രവർത്തനങ്ങൾക്കു തനതായ ഒരു ശൈലി ഉണ്ടെന്നു കാണാൻ സാധിക്കും.

തന്റെ പ്രവർത്തനത്തിന്റെ സിംഹഭാഗവും വിജാതീയ മിഷനുകളിലായിരുന്നു. ആടുകളെ തേടിയുള്ള ഒരു അന്വേഷണമായിരുന്നു അച്ചന്റെ ജീവിതം. തിരുവല്ല, കറ്റാനം, നാലാഞ്ചിറ തുടങ്ങിയ ആശ്രമങ്ങളിലൂടെ ആരംഭിച്ച പ്രവർത്തനം അവസാനിച്ചത് കാഞ്ഞിരംകുളം മിഷനിലാണ്. 1961-ൽ ആ ശ്രമം ഏറ്റെടുത്ത കാഞ്ഞിരംകുളം മിഷന്റെ ആദ്യ സുപ്പീരിയർ, അച്ചനായിരുന്നു. തുടർന്നു 16 വർഷം തെക്കൻ മിഷനിൽ താമസിച്ചു പ്രവർത്തിച്ചു. അച്ചന്റെ സേവനവും, ആതുരശുശ്രൂഷയും അനേകരുടെ പ്രശംസയ്ക്കു പാത്രമായി. ഇന്നും അദ്ദേഹം

www.malankaralibrary.com

ജനഹൃദയങ്ങളിൽ ജീവിക്കുന്നു.

ക്യാൻസർ സംബന്ധമായ അസുഖം മൂലം 1977 മാർച്ചുമാസം 25-ാം തിയതി മാതാവിനോടുള്ള വചനിപ്പു പെരുനാൾ ദിനത്തിൽ അച്ചന്റെ ആത്മാവ് ഈ ലോകത്തിൽ നിന്നും യാത്രയായി. മൃതശരീരം തിരുവല്ലാ ആശ്രമ സെമിത്തേരിയിൽ സംസ്കരിച്ചു.

## 9. ഫാ. പോൾ തെക്കേക്കര ഒ.ഐ.സി. (1904 - 1980)




1904 ജൂൺ 26-ാം തിയതി കുന്നംകുളത്ത് പുരാതനമായ തെക്കേക്കര കുടുംബത്തിൽ ജനിച്ചു. യാക്കോബായ വിശ്വാസത്തിൽ വളർന്നു വന്ന ബാലൻ മാതാപിതാക്കളോടൊപ്പം കത്തോലിക്കാ സഭയുമായി പുനരൈക്യപ്പെടുകയും തുടർന്ന് തിരുവല്ലാ രൂപതക്കുവേണ്ടി 1935 ഏപ്രിൽ മാസം 28-ാം തിയതി വൈദികനാവുകയും ചെയ്തു. 7 വർഷം രൂപതാ വൈദികനായി ജീവിച്ചു. 1942-ൽ ബഥനി ആശ്രമത്തിൽ ചേർന്നു നവസന്യാസപരിശീലനം നടത്തി. തുടർന്ന് 1944 മെയ് 19-ാം തിയതി ആദ്യവ്രത വാഗ്ദാനം ചെയ്തു.

രൂപതാ വൈദികനായി ജീവിതം ആരംഭിച്ച പോളച്ചൻ തികഞ്ഞ ഒരു സംഘാടകനായിരുന്നു. മേരിഗിരി അരമനയോടു ചേർന്നുള്ള പ്രസ്സിന്റെ ആദ്യകാല ഡയറക്ടറായി സ്തുത്യർഹമാംവിധം അദ്ദേഹം സേവനം ചെയ്തു. ബഹുമാനപ്പെട്ട പോളച്ചന്റെ നേതൃത്വത്തിൽ രൂപം കൊണ്ടതാണ് നാം ഉപയോഗിക്കുന്ന വി.കുർബാനതക്സ, ഹാശാ യാഴ്ചയിലെ പ്രുമിയോൻ, ആണ്ടുതക്സ തുടങ്ങിയവ.

ചെറുപുഷ്പഗിരിയിൽ സ്ഥാപിതമായിരുന്ന അരമനകെട്ടിടത്തിന്റെ പണികൾക്കൊക്കെ പൂർണ്ണ നേതൃത്വം നൽകിയിരുന്നത് പോളച്ചനാണ്. സാധുക്കളായഅനേകം ആളുകൾക്കു തൊഴിലവസരങ്ങൾ ഉണ്ടാക്കിക്കൊടുക്കുന്നതിൽ അദ്ദേഹം ശ്രദ്ധിച്ചിരുന്നു. സന്യാസി വൈദികനായ ശേഷവും തന്റെ സംഘടനാ പാടവം അദ്ദേഹം പ്രകടിപ്പിച്ചു കൊണ്ടിരുന്നു. 1965 കാലഘട്ടത്തിൽ സമൂഹത്തിന്റെ പ്രൊക്യൂറേറ്റർജനറലായി അദ്ദേഹം സേവനമനുഷ്ഠിച്ചു. താൻ ഏറ്റെടുത്ത ജോലിയോടുള്ള തികഞ്ഞ ആത്മാർപ്പണവും, സൗമ്യഭാവവും ഏവർക്കും മാതൃകയാണ്.

ഉദരസംബന്ധമായ അസുഖം മൂലം 1980 ഓഗസ്റ്റ് 22-ാം തിയതി ഇഹലോകവാസം വെടിഞ്ഞ അദ്ദേഹത്തിന്റെ ഭൗതിക ശരീരം തിരുവല്ല ബഥനി ആശ്രമ സെമിത്തേരിയിൽ അന്ത്യവിശ്രമം കൊള്ളുന്നു.

## 10. ഫാ.ജോഷ്വാ താവളത്തിൽ. ഒ.ഐ.സി. (1905 - 1983)



1905 മാർച്ച് മാസം15-ാംതിയതി നരിയാപുരത്തു

www.malankaralibrary.com

താവളത്തിൽ കിഴക്കേതിൽ ചാണ്ടിയുടേയും ആച്ചിയമ്മയുടേയും മകനായി ജനിച്ചു. ജോഷ്വാ എന്ന മാമോദീസാ നാമം സ്വീകരിച്ച ബാലൻ പ്രാഥമിക വിദ്യാഭ്യാസം പന്തളത്തും, ഹൈസ്കൂൾ വിദ്യാഭ്യാസം തിരുവല്ല എം.ജി.എം. ഹൈസ്കൂളിലും പൂർത്തിയാക്കി. തുടർന്ന് ദൈവത്തിനും ദൈവജനത്തിനും വേണ്ടിയുള്ള ഒരു സമർപ്പണ ജീവിതത്തിന് ആഗ്രഹിച്ചു. 21.8.1924-ൽ പെരുനാട് ബഥനി ആശ്രമത്തിൽ ചേർന്നു.

1927 ജൂലൈ 2-ാം തിയതി വ്രതസ്ഥനായി. തെയോഫിലോസ് തിരുമേനിയായിരുന്നു ഈ ശിഷ്യന്റെ പ്രഥമഗുരു. പുനരൈക്യശ്രമത്തിൽ മാർ ഈവാനി യോസ് തിരുമേനിയുടെ താങ്ങും തണലുമായിരുന്നു ജോഷ്വാ ശെമ്മാശ്ശൻ. 1929 എപ്രിൽ 29-ാം തിയതി പെരുന്നാട് ബഥനി ആശ്രമ ചാപ്പലിൽ വെച്ച് മാർ ഈവാനിയോസ് തിരുമേനി ജോഷ്വാ ശെമ്മാശ്ശന് വൈദികപട്ടം നൽകി. 1930 ലെ പുനരൈക്യത്തിനു ശേഷമുള്ള ആശ്രമ ജീവിതം ഒരു വലിയ ആയോധനം തന്നെയായിരുന്നു. അപ്പോഴൊക്കെ ഒരു മുന്നണിപ്പോരാളിയായി ജോഷ്വാ അച്ചനെ എവിടെയും കാണാമായിരുന്നു. ഒരു വർഷക്കാലം മാർ ഈവാനിയോസ് പിതാവിന്റെ പ്രൈവറ്റ് സെക്രട്ടറി കൂടിയായിരുന്നു. ഒരു സെന്റ് സ്ഥലമോ ഒരാളോ പോലും മലങ്കരസഭയുടെ വകയായി തിരുവനന്തപുരത്ത് ഇല്ലാതിരുന്ന കാലത്ത് തിരുവനന്തപുരത്തേക്ക് അയയ്ക്കപ്പെട്ടത് ജോഷ്വാ അച്ചനായിരുന്നു. അദ്ദേഹത്തിന്റെ ഊർജ്ജസ്വലമായ പ്രവർത്തനങ്ങൾ അദ്ദേഹത്തിന്റെ ആത്മാർത്ഥതയെ വെളിവാക്കുന്നതായിരുന്നു.

ബഥനിയുടേതായ എല്ലാ സ്ഥാപനങ്ങളിലും വ്യത്യസ്ത തസ്തികകളിൽ അച്ചൻ സേവനം ചെയ്തിട്ടുണ്ട്. ഏതാണ്ട് 9 വർഷം ബഥനി സമൂഹാദ്ധ്യക്ഷനായും തുടർന്ന് നവശിഷ്യരുടെ ഗുരുവായും, പൂന പഠനഗൃഹത്തിലെ ആത്മീക ഗുരുവായും ഒപ്പം രൂപത, അതിരൂപതകളിലെഒട്ടുമിക്ക പള്ളികളിലെയും വികാരിയായും അച്ചൻ സേവനം ചെയ്തു.

അവസാനം ആരോഗ്യം ക്ഷയിച്ച് അച്ചൻ നാലാഞ്ചിറ ബഥനി ആശ്രമത്തിൽ വിശ്രമ ജീവിതം അവലംബിച്ചു. ചരിത്രപരമായും സന്യാസപരമായും ചില വിലപ്പെട്ട ഗ്രന്ഥങ്ങൾ എഴുതുന്നതിന് അദ്ദേഹം വിശ്രമാവസരങ്ങൾ പരമാവധി പ്രയോജനപ്പെടുത്തി. അദ്ദേഹത്തിന്റെ ലളിതജീവിതവും ജീവിതവിശുദ്ധിയും, കൃത്യനിഷ്ഠയും വിധേയത്വമനോഭാവവും എന്നും അനുകരണീയമാണ് .അങ്ങനെ ഒരു വിശുദ്ധനായിത്തന്നെ 1983 ഏപ്രിൽ 2-ാം തിയതി ദു:ഖശനിയാഴ്ച അദ്ദേഹം തന്റെ പാവനാത്മാവിനെ ദൈവതൃക്കരങ്ങളിൽ ഭരമേൽപിച്ചു. മൃതശരീരം അടുത്ത ദിവസം നാലാഞ്ചിറ ആശ്രമ സെമിത്തേരിയിൽ സംസ്കരിച്ചു.

## 11. ബ്രദർ അലോഷ്യസ് മാങ്കാവിൽ ഒ.ഐ.സി (1910 - 1985)



കായംകുളത്തുള്ള മാങ്കാവിൽ കുടുംബത്തിൽ എബ്രഹാമിന്റെയും അന്നാമ്മയുടേയും മകനായി 1910 സെപ്തംബർ 23ന് ജനിച്ചു. ജോൺ എന്ന മാമോദീസാ നാമം സ്വീകരിച്ചു. തുടർന്ന് കായംകുളം ഗവ. ഇംഗ്ലീഷ് ഹൈസ്ക്കൂളിൽ വിദ്യാഭ്യാസം പൂർത്തിയാക്കിയശേഷം തിരുവനന്തപുരം ലോകോളേജിൽനിന്നും എൽ.എൽ. ബി.പാസ്സായി. അഭിഭാഷകനായി ജീവിതം ആരംഭിച്ചു. ഏതാനും വർഷങ്ങൾക്കുശേഷം അഭിഭാഷകവൃത്തി ഉപേക്ഷിച്ച് കറ്റാനം പോപ്പ് പയസ് സ്കൂളിൽ അദ്ധ്യാപകനായി ചേർന്നു.


ജീവിതത്തിന്റെ വ്യത്യസ്ത മേഖലകളിലൂടെ കടന്ന് പോയ ജോൺ 1949-ൽ ഔദ്യോഗിക വൃത്തി ഉപേക്ഷിച്ച് ബഥനി ആശ്രമത്തിൽ ചേരുകയും തുടർന്ന്

www.malankaralibrary.com

നവസന്യാസ പരിശീലനം പൂർത്തിയാക്കി 1953 ജൂലൈ 16-ാം തിയതി സന്യാസ വ്രതം സ്വീകരിക്കുകയും ചെയ്തു. പിന്നീട് 32 വർഷക്കാലം ഒരു മാതൃകാ സന്യാസ സഹോദരനായി ജീവിച്ചു. ഈ കാലത്തും തന്റെ അദ്ധ്യാപക വൃത്തി തുടർന്നുകൊണ്ടേയിരുന്നു. തുടർന്ന് കറ്റാനം പോപ്പ് പയസ്, നാലാഞ്ചിറ സെന്റ് ജോൺസ് എന്നീ സ്കൂളുകളുടെ ഹെഡ്മാസ്റ്ററായി. 1972-ൽ സ്കൂൾ ജീവിതത്തിൽ നിന്നും വിരമിച്ചശേഷം നാലാഞ്ചിറ ആശ്രമത്തിൽ വിശ്രമ ജീവിതം നയിച്ചു.

ജീവിതകാലം മുഴുവൻ മറ്റുള്ളവരുടെ ആശയും ആശ്രയവുമായിരുന്ന അലോഷ്യസ് ബ്രദർ മറ്റുള്ളവർക്കുവേണ്ടി ഏതു ത്യാഗവും ചെയ്യുന്നതിനു തല്പരനായിരുന്നു. 1985 ജനുവരി മാസത്തിൽ ഉണ്ടായ ഗുരുതരമായ വീഴ്ച ബ്രദറിനെ ശയ്യാവലംബിയാക്കി. പ്രമേഹരോഗവും അദ്ദേഹത്തെ പിടികൂടി. ഈ അവസ്ഥയിൽ 1985 ഫെബ്രുവരി 6-ാം തിയതി ബുധനാഴ്ച വൈകിട്ട് നാലുമണിയോടു കൂടി അദ്ദേഹം ഇഹലോകവാസം വെടിഞ്ഞു. മൃതശരീരം നാലാഞ്ചിറ ആശ്രമ സെമിത്തേരിയിൽ അന്ത്യവിശ്രമം കൊള്ളുന്നു.

## 12. ഫാ. നോർബർട്ട് പേരാലുംമൂട്ടിൽ ഒ.ഐ.സി. (1934-1985)




1934 ജൂലൈ 2 -ാം തീയതി കല്ലൂപ്പാറയിൽ പേരാലുംമൂട്ടിൽ തോമസ്സ്, ഏലിയാമ്മ ദമ്പതികളുടെ മകനായി ജനിച്ചു. ക്രിസ്തീയവിശ്വാസത്തിലും ദൈവഭക്തിയിലും ജീവിച്ചിരുന്ന മാതാപിതാക്കൾ പൗലോസ് എന്ന നാമം ജ്ഞാനസ്നാനവേളയിൽ മകനു നൽകി. പരിശുദ്ധനായ പൗലോസ് ശ്ലീഹായുടെ വിശ്വാസദാർഢ്യം തങ്ങളുടെ മകനിൽ ദർശിച്ച മാതാപിതാക്കൾ മകനെ ക്രിസ്തീയ വിശ്വാസ തീക്ഷ്ണതയിൽ വളരാനായി ഒരുക്കി. ഹൈസ്ക്കൂൾ വിദ്യാഭ്യാസശേഷം 1954 ജൂൺ 13 ന് അദ്ദേഹം ആശ്രമത്തിൽ ചേർന്നു. നവസന്യാസ പരിശീലനം 1956 ഒക്ടോബർ 16 -ാം തിയതി പൂർത്തിയാക്കി വ്രതവാഗ്ദാനം നടത്തി നോർബർട്ട് എന്ന നാമം സ്വീകരിച്ചു.

പൂന പൊന്തിഫിക്കൽ അത്തനേയത്തിൽ തത്വശാസ്ത്രവും ദൈവശാസ്ത്രവും പഠിച്ചശേഷം 1964 ൽ ബോംബെ ദിവ്യകാരുണ്യകോൺഗ്രസ്സിൽ പരിശുദ്ധ പിതാവ് പോൾ ആറാമൻ മാർപാപ്പയുടെ സാന്നിദ്ധ്യത്തിലും,അഭിവന്ദ്യമാർഗ്രീഗോറിയോസ് തിരുമേനിയുടെ പ്രധാന കാർമ്മികത്വത്തിലും പൗരോഹിത്യ പദവിയിലേക്കുയർത്തപ്പെട്ടു.

നാലാഞ്ചിറ ആശ്രമം പ്രൊക്യൂറേറ്ററായും കല്ലയം, ഒമ്പതാംകല്ല് ഇടവകകളുടെ വികാരിയായും ഔദ്യോഗിക ജീവിതം ആരംഭിച്ച നോർബർട്ടച്ചൻ വടശ്ശേരിക്കര, മല്ലപ്പള്ളി, കറ്റാനം, വാളക്കുഴി, കുമ്പഴ ഇടവകകളുടെ വികാരിയായി സേവനമനുഷ്ഠിച്ചു. അതുപോലെ തന്നെ ചുനക്കര ചെറുപുഷ്പ ഇംഗ്ലീഷ് മീഡിയം സ്കൂൾ ആരംഭിച്ചത് നോർബർട്ടച്ചനായിരുന്നു. അന്നാട്ടിന്റെ ആത്മികവും, ബൗദ്ധികവുമായ വളർച്ചയിലുള്ള ദീർഘ വീക്ഷണമാണ് സ്കൂൾ സ്ഥാപിക്കുന്നതിന് അദ്ദേഹത്തിനു പ്രേരകമായത്. ആത്മാർത്ഥതയുള്ള ഒരു മിഷനറിയെയും നലം തികഞ്ഞ ഒരു സംഘാടകനെയും അച്ചനിൽ ദർശിക്കാം. 51 വർഷം മാത്രം നീണ്ടു നിന്ന ആ ധന്യ ജീവിതം സെപ്റ്റംബർ 29-ാം തിയതി ഹൃദയസംബന്ധമായ അസുഖം മൂലം തന്റെ നിത്യ സമ്മാനത്തിനായി യാത്രയായി. മൃതശരീരം തിരുവല്ല ബഥനി ആശ്രമത്തിൽ സംസ്കരിച്ചു.

www.malankaralibrary.com

## 13. ബ്ര. സിപ്രിയാൻ ചെറിയ ഞാറപഴഞ്ഞിയിൽ ഒ.ഐ.സി. (1926-1987)



നെയ്യാറ്റിൻകരയടുത്ത് കിരാത്തൂർ എന്ന സ്ഥലത്ത് 1926 ജൂലൈ 2-ാം തിയതി മാനുവൽ, മേരി ദമ്പതികൾക്കു ജനിച്ച മകന് സോളമൻ എന്ന പേരാണ് മാമോദീസ സമയത്തു നൽകിയത്. വിദ്യാഭ്യാസാനന്തരം 23-ാമത്തെ വയസ്സിൽ നാലാഞ്ചിറ ബഥനി ആശ്രമത്തിൽ ചേർന്നു. നവ സന്യാസകാലം തൃപ്തികരമായി പൂർത്തിയാക്കി 1953 ജൂലൈ 16ന് ആദ്യ വ്രതാനുഷ്ഠാനം നടത്തി സിപ്രിയാൻ എന്ന നാമം സ്വീകരിച്ചു. തുടർന്നുള്ള 34 വർഷക്കാലം സമൂഹത്തിന്റെ പ്രധാനപ്പെട്ട ഭവനങ്ങളിലൊക്കെയും വിവിധ ജോലികളിൽ ഏർപ്പെട്ടു.

ബഥനിയോടുള്ള ആത്മ സമർപ്പണം ബ്രദർ ജീവിതാന്ത്യം വരെ സംരക്ഷിച്ചിരുന്നു. താൻ അംഗമായ സമൂഹത്തിന്റെ സുസ്ഥിതിക്കുവേണ്ടി ബ്രദർ അഹോരാത്രം പ്രയത്നിച്ചിരുന്നു. തന്റെ സമൂഹത്തിന്റെ അഭിവൃദ്ധിക്കുതടസ്സമായ ഏതു നീക്കത്തെയും ആരിൽ നിന്നാണെങ്കിലും അദ്ദേഹം എതിർത്തിരുന്നു. ഇതിനുവേണ്ടി വളരെയധികം സഹിക്കേണ്ടി വന്നിട്ടുണ്ട്. തെറ്റിദ്ധരിക്കപ്പെട്ടിട്ടുണ്ട്. ഈ വിഷയത്തിൽ സ്വാഭിമാനമോ മറ്റുള്ളവരുടെ പ്രശംസയോ, അംഗീകാരമോ സുഖസൗകര്യങ്ങളോ, ആരോഗ്യമോ, സ്വന്തം ജീവനെപ്പോലുമോ അദ്ദേഹം പരിഗണിച്ചില്ല എന്നതു സത്യമാണ്.

ബഥനിയോടുള്ള ഈസ്നേഹവും സമർപ്പണവുംമൂലം ബഥനിയിലെ ഏതു ജോലിയും ഉദ്ദേശശുദ്ധിയോടെചെയ്തു പോന്നു. ബാഹ്യമോടികളിലോ, ആഡംബരങ്ങളിലോ അദ്ദേഹം ഒട്ടും താല്പര്യം പ്രകടിപ്പിച്ചില്ല.

പ്രാർത്ഥനയിലും. വി. കുർബാനയിലും നങ്കൂരമുറപ്പിച്ച ജീവിതത്തിനുടമയായിരുന്ന സിപ്രിയാൻ ബ്രദർ തന്റെയാത്ര പൂർത്തിയാക്കി, നിർദ്ധനരായ ദൈവജനത്തിന്റെ ഹൃദയങ്ങളിൽ പ്രകാശം വിതറി 1987 ജനുവരി 26-ാം തിയതി നമ്മെ പിരിഞ്ഞുപോയി. മൃതശരീരം നാലാഞ്ചിറ ബഥനി ആശ്രമസെമിത്തേരിയിൽ സംസ്ക്കരിച്ചു.

## 14. ഫാ. കോശി കാക്കനാട്ടിൽ ഒ.ഐ.സി. (1901 - 1987)



കല്ലൂപ്പാറ കാക്കനാട്ടിൽ എബ്രഹാമിന്റെയും ഏലിയുടെയും മകനായി 1901 ജൂലൈ 30-ാം തിയതി ജനിച്ചു. കോശി എന്ന മാമോദീസ നാമം സ്വീകരിച്ച ബാലൻ സ്കൂൾ വിദ്യാഭ്യാസാനന്തരം 1924 ഒക്ടോബർ 24ന് പെരുനാടു ബഥനി ആശ്രമത്തിൽ ചേർന്നു പ്രാഥമിക പരിശീലനം നടത്തി. തുടർന്നു 1928-ൽ നവസന്യാസ പരിശീലനത്തിൽ പ്രവേശിച്ച് 1930 ജനുവരി 1-ാം തിയതി വ്രത വാഗ്ദാനം നടത്തി. കത്തോലിക്കാ പുനരൈക്യശേഷം 1936 ഓഗസ്റ്റ് 23 ന്

www.malankaralibrary.com

ബഥനിയുടെ മാർ ഈവാനിയോസ് മെത്രാപ്പോലീത്തായിൽ നിന്നും വൈദിക പട്ടം സ്വീകരിച്ചു. തുടർന്നുള്ള 51 വർഷക്കാലം ഒരു നീണ്ട ഓട്ടം തന്നെയായിരുന്നു.

തിരുവനന്തപുരം അതിരൂപതാ കത്തീഡ്രലിലും, തിരുവനന്തപുരം, നെയ്യാറ്റിൻകര, നെടുമങ്ങാട് പ്രദേശങ്ങളിലുള്ള വിജാതീയ മിഷനുകളിലും, മദ്ധ്യതിരുവിതാംകൂറിലെ തിരുവല്ലാ, ചെങ്ങന്നൂർ, കറ്റാനം തുടങ്ങിയ സ്ഥലങ്ങളിലും താമസിച്ചുകൊണ്ട് വിവിധ പള്ളികളിൽ വൈദിക ശുശ്രൂഷ നിർവഹിച്ചു. ഒരേസമയം തന്നെ 10 പള്ളികളുടെ വികാരിയായിരുന്നിട്ടുള്ള അനുഭവങ്ങൾ വിരളമല്ല. സാമൂഹിക സേവനത്തിലുംആതുരശുശ്രൂഷയിലും, വിഷചികിത്സയിലും അതീവ പ്രാഗത്ഭ്യം നേടിയിരുന്നു.

ശാരിരിക അസുഖത്തിനു മരുന്നു തയ്യാറാക്കി നൽകിയിരുന്ന കോശി അച്ചൻ ആത്മസൗഖ്യത്തിനാവശ്യമായ മരുന്നും തയ്യാറാക്കിയിരുന്നു. കൂദാശയ്ക്കായി ഉപയോഗിക്കുന്ന സൈത്തും, മൂറോനും തയ്യാറാക്കുന്നതിന് അഭിവന്ദ്യ പിതാക്കന്മാരെ സഹായിച്ചിരുന്നത് ബ. കോശി അച്ചനായിരുന്നു. പ്രായാധിക്യത്തിലും കുഞ്ഞുങ്ങളെപ്പോലെ എല്ലാവരോടും ഇടപെടാനുള്ള അച്ചന്റെ കഴിവ് ആരെയും അതിശയിപ്പിക്കത്തക്കതായിരുന്നു.

1978 മുതൽ തിരുവല്ല ആശ്രമത്തിൽ കുമ്പസാരപിതാവായി ജീവിച്ച അച്ചൻ 1987 സെപ്റ്റംബർ 6-ാം തിയതി ദിവംഗതനായി. മൃതശരീരം തിരുവല്ലാ ആശ്രമത്തിൽ അന്ത്യവിശ്രമം കൊള്ളുന്നു.

## 15. ഫാ. എബ്രഹാം പടിഞ്ഞാറേമണ്ണിൽ ഒ.ഐ.സി (1900-1988)



കല്ലൂപ്പാറ പടിഞ്ഞാറേമണ്ണിൽ വർഗീസിൻെറയും മറിയാമ്മയുടെയും ആൺമക്കളിൽ മൂന്നാമനായി 1900 മെയ് 6-ാം തിയതി ഞായറാഴ്ച എബ്രഹാം ജനിച്ചു. മാതാപിതാക്കൾ ദൈവഭക്തരും, മതാനുഷ്ഠാനങ്ങളിൽ തല്പരരും ആയിരുന്നു. പിതാവ് സംഗീതത്തിലും ഫിഡിൽ വായനയിലും വിദഗ്ദ്ധനായിരുന്നു. മാതാപിതാക്കളിലുണ്ടായിരുന്ന എല്ലാ ഗുണവിശേഷങ്ങളും ബാലനിലും പ്രതിഫലിച്ചിരുന്നു. സ്കൂൾ വിദ്യാഭ്യാസത്തിനുശേഷം അദ്ധ്യാപക വൃത്തിയിലേർപ്പെട്ടു. ബഥനിയെപറ്റിയും സന്യാസജീവിതത്തെപ്പറ്റിയും അറിയുകയും അന്വേഷിക്കുകയുംചെയ്തു.ദൈവവിളി ബോദ്ധ്യമായപ്പോൾ ജോലി ഉപേക്ഷിച്ച് ആശ്രമജീവിതം തിരഞ്ഞെടുത്തു. മാതാപിതാക്കളുടെ നിയന്ത്രണത്തിൽ നിഷ്ഠാജീവിതം നയിച്ചതു കൊണ്ട് ഏതൊരു കാര്യത്തിലുംനിശ്ചയ ദാർഢ്യം ഉണ്ടായിരുന്നു. ജീവിതാന്ത്യംവരെനിശ്ചയദാർഢ്യത്തോടെ വർത്തിച്ചിരുന്നു. ഇതിന്റെ ഫലമായി നല്ല സഹനശക്തിയും അദ്ദേഹത്തിന് ഉണ്ടായിരുന്നു.

സ്കൂൾ അദ്ധ്യാപകനായി സേവനം ആരംഭിച്ച അദ്ദേഹം തന്റെ അദ്ധ്യാപക വൃത്തി രാജിവെച്ചിട്ടാണ് 1919 സെപ്റ്റംബർ 18-ാം തിയതി പെരുനാട് ആശ്രമത്തിൽ ചേർന്നത്. തുടർന്ന് നവസന്യാസകാലം പൂർത്തിയാക്കി. 1927 ഒക്ടോബർ 22 ന് പൂർണ്ണ സമർപ്പണം നടത്തി. അതിനു മുമ്പു തന്നെ ഫെബ്രുവരി 13 ന് വൈദികനായി ഉയർത്തപ്പെടുകയും ചെയ്തു. ഏതാനും നാളുകൾക്കുശേഷം എബ്രഹാമച്ചൻ റീശായി നിയമിക്കപ്പെട്ടു. ബഥനിയിൽ റീശ് അച്ചനായി അറിയപ്പെടുന്നത് എബ്രഹാമച്ചൻ മാത്രമാണ്. 1930ൽ കത്തോലിക്കാ പുനരൈക്യത്തിനായി ബഥനി ആശ്രമാംഗങ്ങൾ സമൂഹാദ്ധ്യക്ഷനായ മാർ ഇവാനിയോസ് പിതാവിനോടൊപ്പം പെരുനാട്ടിൽ നിന്നു പോരുകയും, വെണ്ണിക്കുളത്തു താമസിക്കുകയും

www.malankaralibrary.com

ചെയ്തിരുന്നപ്പോൾ റീശ് ബ. എബ്രഹാമച്ചൻ തന്നെയായിരുന്നു. തുടർന്നുള്ള കാലമൊക്കെയും മലങ്കരസഭയെ ശക്തിപ്പെടുത്തുന്നതിനായി അക്ഷീണം അദ്ധ്വാനിച്ചു.

1948-ൽ തിരുവനന്തപുരത്തും തിരുവല്ലയിലുമുള്ള ആശ്രമങ്ങളെ യോജിപ്പിച്ച് ഇന്റർ ഡയോസിസൻ ആക്കിയപ്പോൾ എബ്രഹാമച്ചൻ തിരുവനന്തപുരത്തെ ആശ്രമ റീശായി നിയമിക്കപ്പെട്ടു. അതിനുശേഷം പത്തനംതിട്ട നന്നൂക്കാട് പള്ളിവി കാരിയായി സേവനം അനുഷ്ഠിച്ചിട്ടുണ്ട്.


തന്റെ മാതാപിതാക്കളിൽ നിന്നും കിട്ടിയ സംഗീതകല അച്ചനെ ഒരു ഗാനരചയിതാവാക്കി തീർത്തു. അദ്ദേഹത്തിന്റെ ഭാഷാ വൈഭവം അന്യഭാഷകൾ സ്വന്തമാക്കുന്നതിനു സഹായിച്ചു. സുറിയാനിപണ്ഡിതനായിരുന്നതിനാൽ നാം ഇന്നുപ യോഗിക്കുന്ന ശ്ഹീമോ നമസ്ക്കാരക്രമം, വലിയ നോമ്പിലെയും, മൂന്നു നോമ്പിലെയും പ്രാർത്ഥനകൾ, കഷ്ഠാനുഭവ ആഴ്ചയിലെ പ്രാർത്ഥനകൾ, കൂദാശ ക്രമ ഗാനങ്ങൾ ഒക്കെയും സുറിയാനിയിൽ നിന്നും പരിവർത്തനം ചെയ്തു സഭയ്ക്ക് സംഭാവന ചെയ്തു.

അഭിവന്ദ്യപിതാക്കന്മാരുടെ ആശിർ വാദത്തോടും, ബ. വൈദികരുടെ സഹകരണത്തോടും കൂടി തിരുവനന്തപുരം അതിരൂപതയിലും തിരുവല്ല രൂപതയിലുള്ള അനേകം ഇടവകകളിൽ ബഥനി സന്നദ്ധ സേവാ സംഘം (B.S.S) സമാരംഭിക്കുകയും സജീവമായി പ്രവർത്തിക്കുകയും ചെയ്തിട്ടുണ്ട്.

1986 മേയിൽ അദ്ദേഹം രോഗിയായി. സോളമന്റെ ജ്ഞാനവും യോദ്ധാവിന്റെ തീക്ഷ്ണതയും മുറ്റി നിന്ന ആ ധന്യജീവിതം 1988 ജൂൺ 24-ാം തിയതി എന്നേക്കുമായി പൊലിഞ്ഞു. അദ്ദേഹത്തിന്റെ ഭൗതികശരീരംതിരുവല്ല ബഥനി ആശ്രമ സെമിത്തേ രിയിൽ അന്ത്യവിശ്രമം കൊള്ളുന്നു.

## 16. ഫാ. ഫ്രാൻസിസ് സേവ്യർ പിള്ളശ്ശേരിൽ ഒ.ഐ.സി (1932 - 1990)

1932 ജൂലൈ 18-ാം തിയതി ജനിച്ച് ജോസഫ്



എന്ന മാമോദീസ നാമം സ്വീകരിച്ച ബാലൻ കറ്റാനം പോപ്പ് പയസ് XI ഹൈസ്കൂളിൽ പഠനം നടത്തി. തുടർന്ന് സന്യാസ ജീവിതത്തിൽ ആകൃഷ്ടനായി 1951 ൽ ബഥനി ആശ്രമത്തിൽ ചേർന്നു. നവസന്യാസ പരിശീലനശേഷം 1953 മാർച്ച് 18-ാം തിയതി വ്രതവാഗ്ദാനം നടത്തി ഫ്രാൻസിസ് സേവ്യർ എന്ന നാമം സ്വീകരിച്ചു.

പൂനയിലെപൊന്തിഫിക്കൽ അത്തനേയത്തിൽ പഠനം പൂർത്തിയാക്കി 1959 ഒക്ടോബർ 5-ാം തിയതി വൈദികപദവിയിലേക്കുയർത്തപ്പെട്ടു. വൈദികനായ ശേഷമുള്ള തന്റെ ഔദ്യോഗിക ജീവിതം ആരംഭിച്ചത് നാലാഞ്ചിറ ആശ്രമ പ്രൊക്യറേറ്റ റായിട്ടായിരുന്നു. അതോടൊപ്പം നാലു മിഷനുകളുടെ വികാരിസ്ഥാനവും ഏറ്റു. തുടർന്ന് കാഞ്ഞിരംകുളം മിഷനിലും മദ്ധ്യതിരുവിതാംകൂറിലെ ഒട്ടുമിക്ക ആശ്രമങ്ങളിലും താമസിച്ചുകൊണ്ട് ഇടവകകളിൽ സേവനം ചെയ്തിരുന്നു.

ജീവിതകാലം മുഴുവൻ സമൂഹം വഴി തനിക്കു ലഭിച്ച നന്മകൾ കൃതജ്ഞതയോടെ സ്മരിച്ചിരുന്ന അച്ചൻ സമൂഹാംഗങ്ങളുടെ ഉയർച്ച സമൂഹത്തിന്റെ തന്നെ ഉയർച്ചയാണെന്നു മനസ്സിലാക്കി സ്വയം സമർപ്പിച്ചതോടൊപ്പം മറ്റുള്ളവരുടെ കഴിവുകളെ പ്രോത്സാഹിപ്പിക്കുന്നതിൽ ശ്രദ്ധിച്ചിരുന്നു. 1986 മുതൽ സമൂഹത്തിന്റെ പ്രൊക്യൂറേറ്റർ ജനറലായി സേവനം അനുഷ്ഠിച്ചിരുന്നപ്പോൾ സാമ്പത്തികമായ

www.malankaralibrary.com

കാര്യങ്ങൾക്കായി തന്നെ സമീപിച്ചിരുന്ന സമൂഹാംഗങ്ങളുടെയും സ്ഥാപനങ്ങളുടെയും ആവശ്യങ്ങൾ അനുഭാവപൂർവ്വംവീക്ഷിക്കുകയും തന്റെ പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് അവരെ സഹായിക്കുന്നതിനു പരമാവധി ശ്രദ്ധിക്കുകയും ചെയ്തു.

സമൂഹത്തിന്റെ പ്രൊക്യൂറേറ്റർ ജനറലായിരുന്ന കാലഘട്ടത്തിൽ തന്നെ 1990 നവംബർ 16-ാം തിയതി ഹൃദയസംബന്ധമായ അസുഖം മൂലം സേവ്യറച്ചൻ ഈ ലോകത്തിൽ നിന്നും യാത്രയായി. മൃതദേഹം തിരുവല്ല ബഥനി ആശ്രമ സെമിത്തേരിയിൽ സംസ്കരിച്ചു.

## 17. ഫാ. ഗീവറുഗീസ് മാമ്പുഴക്കാട്ടിൽ ഒ.ഐ.സി. (1897 - 1991)



1897 മെയ് 12-ാം തിയതി ചെങ്ങന്നൂരുള്ള പൂവത്തൂർ മാമ്പുഴക്കാട്ടിൽ ചാക്കോയുടെയും അന്നമ്മയുടെയും മകനായി ജനിച്ച് ഗീവറുഗ്ഗീസ് എന്ന മാമ്മോദീസ നാമം സ്വീകരിച്ച ബാലൻ ചെങ്ങന്നൂർ ഗവ. ഹൈസ്കൂളിൽ വിദ്യാഭ്യാസം പൂർത്തിയാക്കി. തുടർന്ന് 1920-ൽ പെരുനാടു ബഥനി ആശ്രമത്തിൽ ചേർന്ന് നവസന്യാസ പരിശീലനം നടത്തി. തുടർന്ന് വൈദികനായെങ്കിലും ഇടയ്ക്ക് ഒരു വർഷക്കാലം ചെത്തിപ്പുഴയിലുള്ള കർമ്മലീത്താ സന്യാസികളുടെ കൂടെ താമസിച്ച് ഈവാനിയോസ് പിതാവിന്റെയും സഹചരുടെയും പുനരൈക്യശ്രമങ്ങൾ പൂവണിയാനായി പ്രാർത്ഥിച്ചു.

ചെത്തിപ്പുഴ കർമ്മലീത്താ ആശ്രമത്തിലും സെറാമ്പൂർ കോളജിലും പൗരോഹിത്യ പഠനം നടത്തി 1927 ഡിസംബർ 14-ാം തിയതി പെരുനാട്ടിൽ വച്ച് മാർ ഈവാനിയോസ് പിതാവിൽ നിന്നും വൈദികപട്ടം സ്വീകരിച്ചു. 1928ൽ കത്തോലിക്കാ കൂട്ടായ്മയിലേക്കു കടന്നു വന്ന് കർമ്മലീത്താ സന്യാസികളോടൊപ്പം ഒരു വർഷക്കാലം താമസിച്ചു. 1930ലെ പുനരൈക്യത്തോടെ മലങ്കര കൂട്ടായ്മയിലേക്കു പ്രവേശിച്ച അച്ചൻ തിരുവല്ല രൂപതയുടെ വികാരി ജനറലായും, മെത്രാപ്പോലിത്തായുടെ സെക്രട്ടറിയായും, കത്തീഡ്രൽ വികാരിയായും രൂപതയുടെ പ്രൊക്യുറേറ്ററായും, പതിനേഴു വർഷക്കാലം നേതൃത്വം നൽകി. വന്ദ്യനും, പരിശുദ്ധനുമായ മാർ തെയോഫിലോസ് തിരുമേനി രോഗഗ്രസ്ഥനായപ്പോൾ അനാഥമായ രൂപതയ്ക്ക് താങ്ങും തണലുമായി വർത്തിച്ചത് ഗീവറുഗ്ഗീസച്ചനായിരുന്നു.

ചെങ്ങന്നൂർ, പുലിയൂർ ഇടവകകളുടെ വികാരിയായി ദീർഘനാൾ സേവനം ചെയ്ത അച്ചൻ പൂന വൈദിക വിദ്യാർത്ഥികളുടെ ആത്മീയ ഗുരുവായിരുന്നു. അനേകം യുവാക്കളെ അദ്ദേഹം വൈദിക സന്യാസാന്തസ്സിലേക്കു നയിച്ചിട്ടുണ്ട്.


1972 മുതൽ നാലാഞ്ചിറ ആശ്രമത്തിൽ താമസിച്ചിരുന്ന അച്ചൻ ആത്മിക ഗുരുവും, കുമ്പസാരപിതാവുമായി 19 വർഷക്കാലം സേവനം ചെയ്തു. പുലയനാർകോട്ട ക്ഷയരോഗാശുപത്രിയിൽ എല്ലാ ആഴ്ചയിലും സന്ദർശനം നടത്തുകയും ദൈവജനത്തിന്റെ ആത്മിക കാര്യങ്ങളിൽ ശ്രദ്ധിക്കുകയും ചെയ്തിരുന്നു.

95 വർഷക്കാലം ജീവിച്ചു സഭയ്ക്കും സമൂഹത്തിനും തന്നെതന്നെ സമർപ്പിച്ച് ക്രിസ്തുവിനു സാക്ഷിയാ യിത്തീർന്ന് 1991 ജനുവരി 10-ാം തിയതി ഇഹലോ കവാസം വെടിഞ്ഞു. മൃതദേഹം നാലാഞ്ചിറ ആശ്രമ സെമിത്തേരിയിൽ സംസ്കരിച്ചു.

## 18. ഫാ. ലൂയിസ് മൂലവീട്ടിൽ ഒ.ഐ.സി (1934 - 1991)

മാവേലിക്കര പുന്നമൂട്ടിൽ പ്രശസ്തമായ മൂലവീട്ടിൽ മാത്യു, സാറാമ്മ ദമ്പതികളുടെ പുത്രനായി 1934

www.malankaralibrary.com




മെയ് 10നു ജനിച്ച് ഈശോ മാത്യു എന്ന ജ്ഞാന സ്നാന നാമം സ്വീകരിച്ചു. തിരുവനന്തപുരം സെൻറ് മേരീസ് ഹൈസ്കൂളിൽ വിദ്യാഭ്യാസം പൂർത്തിയാക്കിയ ശേഷം 1955-ൽ ആശ്രമത്തിൽ ചേർന്നു. തുടർന്ന് നവ സന്യാസ പരിശീലനം പൂർത്തിയാക്കി 1958 മെയ് 15-ാം തിയതി ആദ്യവ്രതാനുഷ്ഠാനം നടത്തി ലൂയിസ് എന്ന നാമം സ്വീകരിച്ചു.

പൂന പൊന്തിഫിക്കൽ അത്തനേയത്തിൽ തത്വശാസ്ത്ര, ദൈവശാസ്ത്ര പഠനങ്ങൾ നടത്തിയശേഷം 1964 ഡിസംബർ 2-ാം തിയതി ബോംബെയിൽ വച്ചു നടന്ന ദിവ്യകാരുണ്യകോൺഗ്രസ്സിൽ അഭിവന്ദ്യ പോൾ ആറാമൻ മാർപ്പാപ്പയുടെ സാന്നിദ്ധ്യത്തിൽ മലങ്കര മെത്രാപ്പോലീത്ത മാർ ഗ്രിഗോറിയോസ് തിരുമേനിയിൽ നിന്നും പൗരോഹിത്യപട്ടം സ്വീകരിച്ചു.

തിരുവല്ല ആശ്രമത്തിലെ ഒന്നാം വർഷ വിദ്യാർത്ഥികളുടെ ഗുരുവും, സമീപപ്രദേശങ്ങളിലെ ഇടവകകളുടെ വികാരിയുമായി ഔദ്യോഗികജീവിതം ആരംഭിച്ച ലൂയിസച്ചൻ പൗരസ്ത്യ ആദ്ധ്യാത്മികതയിൽ റോമിലെ ഓറിയന്റൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും ഡോക്ടറേറ്റെടുത്തു. തുടർന്ന് തിരുവനന്തപുരം, തിരുവല്ല ആശ്രമങ്ങളിലെ വൈദിക വിദ്യാർത്ഥികളുടെ ഗുരുവായി സേവനം അനുഷ്ഠിക്കയും 1973 മുതൽ പൗരസ്ത്യ ദൈവശാസ്ത്രാദ്ധ്യാപകനായി വടവാതൂർ സെമിനാരിയിൽ സേവനം അനുഷ്ഠിക്കുകയും ചെയ്തു. ഈ കാല അളവിൽ തന്നെ വടവാതൂർ സെമിനാരിയുടെ രജിസ്ട്രാർ, മലങ്കര വൈദിക വിദ്യാർത്ഥികളുടെ ഡീൻ എന്നീ നിലകളിലും പ്രവർത്തിച്ചു. അദ്ധ്യാപക, അനദ്ധ്യാപക, വൈദിക വിദ്യാർത്ഥികളുടെ ഇടയിൽ ഈശോ അച്ചൻ എന്ന പേരിൽ അദ്ദേഹം അറിയപ്പെട്ടിരുന്നു.

1980 മുതൽ പൂന ബഥനിവൈദിക വിദ്യാർത്ഥികളുടെ മാസ്റ്ററായും മലങ്കര കൂട്ടായ്മയുടെ ചാപ്ലയിനായും സേവനം അനുഷ്ഠിച്ച അച്ചൻ 1986ൽ സമൂഹാദ്ധ്യക്ഷനായി തിരഞ്ഞെടുക്കപ്പെട്ടു. തന്റെ ഔദ്യോഗിക കൃത്യങ്ങൾക്കിടയിൽ പുതുതായി ആരംഭിച്ച ഭിലായ് മിഷൻ സന്ദർശിച്ചു തിരിച്ചു വരും വഴി 1991 സെപ്റ്റംബർ 17-ാം തീയതി നാഗപ്പൂരിൽ വച്ചു രണ്ടു സാമൂഹ്യ വിരുദ്ധരുടെ വെടിയേറ്റു ദാരുണമായി കൊല്ലപ്പെട്ടു. മൃതദേഹം നാട്ടിൽ കൊണ്ടുവന്ന് തിരുവല്ല ആശ്രമ സെമിത്തേരിയിൽ സംസ്കരിച്ചു.

## 19. ഫാ. പയസ് ചേരിയിൽ ഒ.ഐ.സി (1937 - 1992)



തിരുവല്ലായിലെ പ്രശസ്തമായ ചേരിയിൽ കുടുംബത്തിൽ ജോർജ്ജിന്റെയും കുഞ്ഞൂഞ്ഞമ്മയുടെയും മകനായി 1937 ഫെബ്രുവരി 28-ാം തിയതി ജനിച്ചു. വർക്കി ജോർജ് എന്നായിരുന്നു മാമോദീസ നാമം. കറ്റാനം പോപ്പ് പയസ് XI സ്കൂളിൽ വിദ്യാഭ്യാസം പൂർത്തിയാക്കിയശേഷം 1955-ൽ ബഥനി ആശ്രമത്തിൽ ചേർന്ന് പരിശീലനം


www.malankaralibrary.com

ആരംഭിച്ചു. 1955 ഓഗസ്റ്റ് 2-ാം തിയതി ആദ്യവ്രതാനുഷ്ഠാനം നടത്തി പയസ് എന്ന നാമം സ്വീകരിച്ചു. തുടർന്ന് പൂന പേപ്പൽ അത്തനേയത്തിൽ ചേർന്ന് തത്വശാസ്ത്ര, ദൈവശാസ്ത്രപഠനം നടത്തി 1963 സെപ്റ്റം 21-ാം തിയതി വൈദീക പട്ടം സ്വീകരിച്ചു.

തിരുവല്ല രൂപതയിലെ വെങ്ങോല, പോത്താനിക്കാട് ഇടവകകളുടെ വികാരിയായി ഔദ്യോഗിക ജീവിതം ആരംഭിച്ച പയസ്സച്ചൻ മാർ ഈവനിയോസ് കോളേജ്, ന്യൂയോർക്കിലെ സെന്റ് ജോൺസ് യൂണിവേഴ്സിറ്റി തുടങ്ങിയ സ്ഥലങ്ങളിൽ നിന്നും ഉന്നത ബിരുദം കരസ്ഥമാക്കി. സുറിയാനി ഭാഷയിൽ അവഗാഹം നേടിയിരുന്ന അച്ചൻ അഞ്ചൽ സെന്റ് ജോൺസ്, മാർഈവാനിയോസ് കോളേജുകളിൽ സുറിയാനി ഭാഷാദ്ധ്യാപകനായി ദീർഘനാൾ സേവനം ചെയ്തു. കൂടാതെ ബഥനിയിലെ വൈദിക വിദ്യാർത്ഥികളുടെ ഗുരുവായും മാർ ഈവാനിയോസ് കോളജ് ഹോസ്റ്റൽ വാർഡനായും സേവനമനുഷ്ഠിച്ചിട്ടുണ്ട്

സമൂഹത്തിന്റെ കൗൺസിലർ ജനറലായി 12 വർഷം അദ്ദേഹം സേവനം ചെയ്തു. ബ.അച്ചൻ തന്റെ അദ്ധ്യാപകവൃത്തിയുടെ അവസാനഭാഗത്തേയ്ക്ക് അടുത്തുകൊണ്ടിരുന്നപ്പോൾ തന്നെ 1992 മാർച്ചു മാസം 12-ാം തിയതി 55-ാം വയസ്സിൽ ദൈവസന്നിധിയിലേക്ക് വിളിക്കപ്പെട്ടു. മൃതശരീരം തിരുവല്ല ആശ്രമ സെമിത്തേരിയിൽ സംസ്കരിച്ചു. ബഹു.പയസച്ചന്റെ ലളിത ജീവിതവും, സമർപ്പണവും ഏവർക്കും പ്രചോദനപ്രദമാണ്.

www.malankaralibrary.com



ഫാ. ക്രിസോസ്റ്റം കുളത്തിൻെറമേലേതിൽ, ഒ.ഐ.സി.

# ബഥനി ആശ്രമങ്ങളും സ്ഥാപനങ്ങളും

1882 സെപ്റ്റംബർ 21-ാം തിയതി മാവേലിക്കര പണിക്കരുവീട്ടിൽ തോമസ് പണിക്കർക്കും അന്നാമ്മ പണിക്കർക്കും ജനിച്ച ആൺകുഞ്ഞ് ഏകദേശം 2000 വർഷം പഴക്കമുള്ള മലങ്കരസഭയിലെ ഒരു അസാധാരണ പ്രതിഭയാണെന്ന് അന്ന് ആരും കരുതിയില്ല. മാതാപിതാക്കൾ നസ്രാണി പാരമ്പര്യം അനുസരിച്ചു കുഞ്ഞിന് മാമോദീസായും സൈഥര്യലേപനവും 1882 ഒക്ടോബർ 4-ാം തിയതി നൽകി. കുഞ്ഞ് ജ്ഞാനത്തിലും ഭക്തിയിലും മികവു കാട്ടി വളർന്നുവന്നു.

സഭാശുശ്രൂഷയിൽ സാഫല്യം കണ്ടെത്തിയ ഗീവറുഗീസ് പണിക്കരെ, വട്ടശ്ശേരിൽ മാർ ദിവന്യാസിയോസ് മെത്രാപ്പൊലീത്ത 1908 സെപ്റ്റംബർ 15-ാം തിയതി പരുമല ദേവാലയത്തിൽ വച്ച് വൈദികപദവിയിലേയ്ക്ക് ഉയർത്തി. അന്ന് ഓർത്തഡോക്സ് സഭയിൽ ബിരുദാനന്തരബിരുദം നേടിയ ആദ്യ വൈദികൻ ഫാദർ ഗീവറുഗീസായിരുന്നതിനാൽ, അദ്ദേഹത്തെ എം.എ. അച്ചൻ എന്നു വിളിച്ചിരുന്നു. എം.എ അച്ചൻ 1908 മുതൽ 1913 വരെ കോട്ടയം ദിവന്യാസിയോസ് സെമിനാരിയിലും 1913 മുതൽ 1919 വരെ കൽക്കട്ടായിലെ സെറാംപൂർ കോളേജിലും അദ്ധ്യാപനം നടത്തി.

അദ്ധ്യാപനകാലത്തും ഫാദർ പി.റ്റി ഗീവറുഗീസിൻെറ ചിന്ത സഭാനവീകരണത്തിലും സ്വയവിശുദ്ധീകരണത്തിലും കുടുങ്ങികിടന്നു. സഭാനവീകരണം വ്യക്തികളുടെ വിശുദ്ധീകരണത്തിൽ അധിഷ്ഠിതമായതിനാൽ വിശുദ്ധീകരണത്തിനുള്ള മാർഗ്ഗങ്ങൾ അദ്ദേഹം ആരാഞ്ഞുകൊണ്ടിരുന്നു. അദ്ധ്യാപനതലം വെടിഞ്ഞ് കാഷായ വസ്ത്രവും, തടിക്കുരിശും ധരിച്ച് സന്യാസിയാകുന്നതിന് റാന്നി പെരുന്നാട്ടിലെ മുണ്ടൻ മലയിൽ 1919-ൽ എത്തി ആഗസ്റ്റ് 15-ാം തിയതി ബഥനിയെന്ന പേരിൽ മലങ്കരയിലെ ആദ്യത്തെ സന്യാസസമൂഹം സ്ഥാപിച്ചു. അന്നു മുതൽ ബഥനി അനേകർക്ക് ആശ്വാസം പകരുന്ന ഭവനവും, ഭൗതിക ദുരിതങ്ങളിൽ നിന്നും മോചനം നൽകുന്ന ആശാകേന്ദ്രവുമായി.

1919 മുതൽ 1994 വരെയുള്ള ബഥനിയുടെ ചരിത്രത്തെ പ്രധാനമായി നാലു ഘട്ടങ്ങളായി തിരിക്കാം.

## ബഥനി സന്യാസിസമൂഹം ഓർത്തഡോക്സ് സഭയിൽ

1919 മെയ് 7-ാം തിയതി ഫാദർ പി.റ്റി. ഗീവറുഗീസ് പണിക്കരുവീട്ടിൽ, ഫാദർ അലക്സിയുസ് മറ്റയ്ക്കൽ,

www.malankaralibrary.com

ഡീക്കൻ യാക്കോബ് കളപ്പുരയ്ക്കൽ എന്നിവരുടെ സന്യാസപ്രവേശനത്തോടെ ബഥനിക്കു തുടക്കം കുറിച്ചെങ്കിലും 1919 ആഗസ്റ്റ് 15-ാം തിയതിയാണ് ഔദ്യോഗികമായി ബഥനി സ്ഥാപിക്കപ്പെട്ടത്. 1919 ആഗസ്റ്റ് 23-ാം തിയതി അൾത്താരയിൽ സമർപ്പിച്ച ബഥനിയുടെ നിയമം, 1920 മാർച്ച് 9-ാം തിയതിയാണ് പ്രാബല്യത്തിൽ വരുത്തിയത്. സിറിയൻ ഓർത്തഡോക്സ് സഭയിലെ അഭിനവ സന്യാസസമൂഹത്തിന് ജനഹൃദയങ്ങളെ സ്വാധീനിക്കാൻ അധിക സമയം വേണ്ടി വന്നില്ല. നാനാമതസ്ഥരുടെ നിർലോപമായ സഹായസഹകരണം ബഥനിയുടെ ശക്തികേന്ദ്രമായിരുന്നു. മുണ്ടൻമലയിലെ പ്രാർത്ഥനാജീവിതവും, ലാളിത്യവും എളിമയും ആയിരങ്ങളെ വിശുദ്ധ വാരത്തിൽ അവിടേയ്ക്ക് ആകർഷിച്ചു.

## പുനരൈക്യം:

മാതൃസഭയുമായി പുനരൈക്യം എന്ന ആശയം രൂപം കൊണ്ടത് ആസന്നമായ കോടതി വിധി പ്രതികൂലമാകുമെന്ന ഭയം കൊണ്ടാണ്. പുനരൈക്യത്തിന് റോമുമായി ബന്ധപ്പെടുന്നതിനു ബഥനിയുടെ മെത്രാനെ ചുമതലപ്പെടുത്തി. കോടതിവിധി അനുകൂലമായപ്പോൾ പുനരൈക്യശ്രമങ്ങളിൽ നിന്നും മറ്റു മെത്രാന്മാർ പിൻമാറിയെങ്കിലും ബഥനി മെത്രാൻ അതിൽ ഉറച്ചു നിന്നു. 1930 സെപ്റ്റംബർ 20-ാം തിയതി സാധിതമായ പുനരൈക്യത്തെ വളർത്തിയെടുക്കാൻ ബഥനിയിലെ സന്യാസിമാരല്ലാതെ ആദ്യനാളുകളിൽ ആരും ഉണ്ടായിരുന്നില്ല. ബഥനി സന്യാസസമൂഹത്തിൻെറ സ്ഥാപകനും, അതിൻെറ ശ്രേഷ്ഠനും, പുനരൈക്യപ്പെട്ടവരുടെ മെത്രാപ്പോലിത്തയുമായ മാർ ഈവാനിയോസ് തിരുമേനി ബഥനി സന്യാസികളെ ഇടവകകളിലേക്ക് അയച്ചു. തിരുവനന്തപുരം, തിരുവല്ലാ രൂപതകളിലെ ആദ്യകാല മിഷനുകളിൽ ഏറിയ പങ്കും ബഥനി സന്യാസികൾ സ്ഥാപിച്ചതാണ്. ഈ കാലയളവിൽ സംഘാതമായ ആശ്രമ ജീവിതത്തിന് കുറവു തട്ടി. നവാഗതരെ കൊണ്ടു വരുന്നതിന്, വന്നവരെ സന്യാസം പരിശീലിപ്പിക്കുന്നതിന് സാധിച്ചില്ല. സന്യാസികളുടെ പ്രവർത്തനത്തെ ഏകീകരിക്കുന്നതിനും സാധിച്ചില്ല.

## പുനഃരാവിഷ്കരണം

ബഥനി സന്യാസിസമൂഹത്തിൻെറ ഭാവിയെപ്പറ്റി ആകുലരായ ബഥനി സന്യാസികളും, രൂപതകളിലെ അധികാരികളും, ഒരുമിച്ചു പ്രവർത്തിച്ചതിൻെറ ഫലമായി 1948 - ൽ രണ്ടു രൂപതകളിലായി പ്രവർത്തിച്ചിരുന്ന ആശ്രമസ്ഥരെ ഒരു ശ്രേഷ്ഠൻെറ കീഴിൽ കൊണ്ടുവരികയും കൂട്ടായ ജീവിതത്തിലേക്ക് സന്യാസികളെ ആനയിക്കുകയും ചെയ്തു. തുടർന്നു നവസന്യാസികളുടെ എണ്ണം വർദ്ധിക്കാൻ തുടങ്ങി. കൃത്യവും ചിട്ടയുമായ പരിശീലനം നവാഗതർക്കു നൽകുന്നതോടൊപ്പം പുതിയ മന്ദിരങ്ങൾ സ്ഥാപിക്കുന്നതിനും ബഥനിക്കു സാധിച്ചു.


## പൊന്തിഫിക്കൽ പദവിയിലേക്ക്

1966 ഏപ്രിൽ 14-ാം തിയതി ബഥനി പൊന്തിഫിക്കൽ പദവിയിലേക്ക് ഉയർത്തപ്പെട്ടു. ബഥനി ഇന്നത്തെ നിലയിലേക്കുവളരാൻ തുടങ്ങിയത് ഈ കാല ഘട്ടത്തിലാണ്. സഭാ പ്രവർത്തനത്തിൻെറ എല്ലാ മണ്ഡലങ്ങളിലേക്കും ബഥനി സന്യാസികൾ ഇന്ന് ഇറങ്ങിച്ചെന്നിട്ടുണ്ട്. 92 വൈദികരും 11 സഹോദരന്മാരും 70 വൈദിക വിദ്യാർത്ഥികളുമുള്ള ഈ സമൂഹം മലങ്കരസഭയിൽ മാത്രമല്ല ഭാരതസഭയിലും അതിലുപരി ആഗോള കത്തോലിക്കാസഭയിലും തനതായ മിഷൻ പ്രവർത്തനശൈലി കാഴ്ച വയ്ക്കുന്നു. 30 മന്ദിരങ്ങളും അതിലേറെ സ്ഥാപനങ്ങളും ബഥനിയിലുണ്ട്. ഒരോമന്ദിരത്തെപ്പറ്റിയും സംക്ഷിപ്തമായി താഴെ വിവരിക്കുന്നു.

### 1. ബഥനി ആശ്രമം; നാലാഞ്ചിറ

കത്തോലിക്കസഭയുമായി പുനരൈക്യപ്പെട്ടബഥനിയുടെ മാതൃഭവനമാണ് നാലാഞ്ചിറ ബഥനി ആശ്രമം. ബഥനി ഹൈരാർക്കി അഥവാ മലങ്കര ഹൈരാർക്കിയുടെ ആസ്ഥാനം തിരുവനന്തപുരത്ത് അയിരിക്കുമെന്നറിഞ്ഞപ്പോൾ അതിൻെറ പ്രാരംഭ പ്രവർത്തനങ്ങൾക്കായി ആശ്രമസ്ഥരിൽ രണ്ടുപേർ തിരുവനന്തപുരത്തു താമസിക്കണമെന്ന്

www.malankaralibrary.com



അനന്തപുരിയിലെ ആശ്വാസ ഭവനം ബഥനി ആശ്രമം. നാലാഞ്ചിറ

റോമിലായിരുന്ന മാർ ഈവാനിയോസ് തിരുമേനി നർദേശിച്ചു. തദനുസരണം കുന്നുകുഴിയിൽ, പ്രതിമാസം 25 രൂപാ വാടകയ്ക്ക് ഒരു വീടെടുത്ത് ബ. ബർസ്ലീബാ കല്ലുംപുറത്തും, ബ.ഹില്ലാറിയോൻ സാധുവും 1932 ജൂണിൽ താമസമാരംഭിച്ചു.

റോമിൽ നിന്നും തിരിച്ചെത്തിയ മാർ ഈവാനിയോസ് തിരുമേനി വെള്ളയമ്പലത്ത്, ഡോക്ടർ രാമൻ തമ്പിയുടെ കെട്ടിടം വാടകയ്ക്കെടുത്തു താമസമാക്കി വരുമ്പോൾ നാലാഞ്ചിറ എം.സി. റോഡിനുവശത്തായി 12 ഏക്കർ വരുന്ന സ്ഥലം വില്ക്കാനുണ്ടെന്നറിഞ്ഞു. പ്രസ്തുത സ്ഥലം 1932 ഡിസംബർ 14-ാം തിയതി 5000 രൂപക്കു ആശ്രമത്തിനായി വിലക്കു വാങ്ങി. ആ സ്ഥലത്തു ണ്ടായിരുന്ന ചെറിയ കെട്ടിടത്തിൽ അന്നു തന്നെ ബ.ബർസ്ലീബാ കല്ലുംപുറത്തും, ബ. പക്കോമിയോസ് സാധുവും താമസം തുടങ്ങി.

ആശ്രമാംഗങ്ങൾക്കു താമസിക്കുവാനുള്ള അത്യാവശ്യം കെട്ടിടങ്ങൾ പണിതു കഴിഞ്ഞപ്പോൾ ആശ്രമസ്ഥർ 1933 ജൂൺ മാസത്തിൽ പുല്ലാട്ടു നിന്നും നാലാഞ്ചിറയെത്തി. മാർ ഈവാനിയോസ് തിരുമേനിയുടെ നിർദേശപ്രകാരം, ബ. എബ്രഹാം പടിഞ്ഞാറെമണ്ണിലും ബ. അംബ്രോസ് സാധുവും തിരുമൂലപുരത്തു താമസമാക്കി.

നാലാഞ്ചിറ ബഥനി ആശ്രമം, ബഥനി സമൂഹത്തിൻെറ ഒരു സാധാരണ മന്ദിരം എന്നതിലുപരി, ഏറെക്കാലം അതായത് 1973 വരെ ജനറലേറ്റ് മന്ദിരവും 1977 വരെ നവശിഷ്യ മന്ദിരവും കൂടിയായിരുന്നു. സന്യാസ പരിശീലനത്തിൻെറ മറ്റു ഘട്ടങ്ങളും നാലാഞ്ചിറ ആശ്രമത്തിൽ നടത്തിയിരുന്നു. ഇപ്പോൾ സന്യാസ പരിശീലനത്തിൻെറ ഒരു ഘട്ടം മാത്രമെ നാലാഞ്ചിറയിൽ നടത്തുന്നുള്ളു.

തിരുവനന്തപുരത്തും അതിനുചുറ്റുമുള്ള മിഷൻ കേന്ദ്രങ്ങളിൽ ഭൂരിഭാഗവും ബഥനി വൈദികർ ആരംഭിച്ചതാണ്. ഒരു പ്രത്യേക സ്ഥലം കേന്ദ്രമാക്കി മിഷൻ പ്രവർത്തനം നടത്തുന്നതിനായി 1968-ൽ നെടുമങ്ങാട്ടുള്ള മിഷൻ കേന്ദ്രങ്ങൾ നാലാഞ്ചിറ ആശ്രമത്തിലെ അംഗങ്ങൾ ഏറ്റെടുത്തു. എന്നാൽ ഇപ്പോഴും നാലാഞ്ചിറ, പോങ്ങുംമൂട്, പുലയനാർകോട്ട, വെറ്റിനാട്, വെമ്പായം, ചിറമുക്ക് തുടങ്ങിയ ഇടവകകൾ നടത്തുന്നത് നാലാഞ്ചിറ ആശ്രമത്തിൽ നിന്നാണ്.




വീട്ടിൽനിന്നകലെ ഒരു വീട് - കലാലയ വിദ്യാർത്ഥികൾക്കുള്ള ഹോസ്റ്റൽ

ബ. ഇഗ്നേഷ്യസ് (Jr) അച്ചൻെറ നേതൃത്വത്തിൽ 1988-ൽ ആരംഭിച്ച സ്റ്റുഡൻസ് സെൻററും, ബ. ബർനാർഡ് കുന്നിപ്പറമ്പിലച്ചൻെറ നേതൃത്വത്തിൽ 1988-ൽ ആരംഭിച്ച ബഥനി കോളേജും യുവജന ങ്ങളിൽ അറിവും ആദർശവും പകർന്നു കൊണ്ടിരിക്കുന്നു. ബ. ജോൺ കുഴിമേപ്പുറത്തച്ചൻെറ പരിശ്രമത്താൽ സ്ഥാപിതമായ റീഹബിലിറ്റേഷൻ സെൻറർ നിരാലംബരായ അനേകരുടെ ആശാകേന്ദ്രമാണ്.

www.malankaralibrary.com

## 2. ബഥനി ആശ്രമം തിരുവല്ല



വിശ്രമവും ശാന്തിയും - ആദ്യകാലാംഗം ഫാ. പക്കോമിയൂസ് ആശ്രമത്തിനുമുമ്പിൽ

നാലാഞ്ചിറ ആശ്രമം സ്ഥാപിതമായപ്പോൾ പുല്ലാട്ട് (വെണ്ണിക്കുളം) ആശ്രമസ്ഥലം വിറ്റ് സന്യാസികളെല്ലാവരും നാലാഞ്ചിറയിൽ എത്തി. തൽഫലമായി തിരുവല്ലാ രൂപതയിൽ ബഥനിക്ക് ഒരു ശാഖയില്ലാതായി. സമൂഹസ്ഥാപകരിൽ ഒരുവനും, സന്യാസ പരിശീലനത്തിൻെറ നാഥനുമായിരുന്ന അഭിവന്ദ്യ മാർ തിയോഫിലോസ് തിരുമേനി തൻെറ രൂപതയിൽ ബഥനിയുടെ ഒരു ശാഖകൊണ്ടുവരുന്നതിനു നിരന്തരമായി നടത്തിയ പരിശ്രമം 1935 മെയ് 29 തിനു ഫലവത്തായി. നാലാഞ്ചിറയിൽ ആദ്യബാച്ചു നവശിഷ്യരുടെ വ്രതവാഗ്ദാനത്തിനു ശേഷം ബ. ജോൺ കുഴിമേപ്പുറത്ത്, ബ. പക്കോമിയോസ് ശെമ്മാശൻ, ബ. റഫായേൽ ശെമ്മാശൻ, ബ. അന്തോണിയോസ് സാധു എന്നിവരെ മാർ ഈവാനിയോസ് തിരുമേനി തിരുവല്ലായ്ക്ക് അയച്ചു. തിരുമൂല താമസിച്ചിരുന്ന ബ. എബ്രഹാം പടിഞ്ഞാറെ മണ്ണിൽ, ബ. അംബ്രോസ് സാധു എന്നിവരും തിരുവല്ലാ ആശ്രമാംഗങ്ങളാകുവാൻ നർദ്ദേശിച്ചു. അഭിവന്ദ്യ മാർതിയോഫിലോസ് തിരുമേനിയുടെ ആശിർവാദത്തോടെ 1935 ജൂണിൽ തിരുമൂലയിലുണ്ടായിരുന്ന പ്രിൻറിംഗ് പ്രസ്സ് കെട്ടിടത്തിൽ ബഥാനിയർ താമസമാക്കി. സ്ക്രീൻ വച്ചു തിരിച്ച മുറികളും, ഓല കെട്ടിയുണ്ടാക്കിയ ആവൃതിയും തിരുമൂല ആശ്രമത്തിൻെറ പ്രത്യേകതകളായിരുന്നു. തിരുവല്ലാ ബഥനി ആശ്രമത്തിൻെറ അദ്യത്തെ അദ്ധ്യക്ഷൻ ബ. ജോൺ കുഴിമേപ്പുറത്തായിരുന്നു. 1937-ൽ തുകിലശേരിയിലെ കെട്ടിടത്തിൻെറ പണി പൂർത്തിയായപ്പോൾ ആശ്രമസ്ഥർ തുകിലശേരിയിലേക്കു താമസ്സം മാറ്റി.


തിരുവല്ലാ രൂപതയിലെ ആദ്യത്തെ ആശ്രമം, സന്യാസ പരിശീലന കേന്ദ്രം എന്നിവ തിരുവല്ലാ ആശ്രമത്തിൻെറ പ്രാധാന്യം എടുത്തു കാണിക്കുന്നു. തിരുവല്ല, വെണ്ണിക്കുളം, കോട്ടൂർ, കല്ലൂപ്പാറ, തുടങ്ങി തിരുവല്ലാ രൂപതയിലെ പ്രധാന പള്ളികളിൽ ആശ്രമ വൈദികർ ശുശ്രൂഷ ചെയ്തിരുന്നു. കോട്ടൂർ, തലവടി, പാണ്ടനാട്, തിരുവൻവണ്ടൂർ തുടങ്ങിയ ഇടവകകൾ തിരുവല്ലാ ആശ്രമത്തിൽ നിന്നുമാണ് നടത്തുന്നത്.

ബ. പ്ലാസിഡ് തോംപിലടിമുറിയിൽ ആരംഭിച്ച ബഥനി ബുക്കു സെൻറർ സഭക്കു നൽകുന്ന സേവനം വളരെ വലുതാണ്. ബ. ജേക്കബ് പെരുംമ്പ്രാൽ, ബ. ഫിലിപ്പ് വൈശ്യനേത്ത് തുടങ്ങിയ വൈദികർ നേതൃത്വം നൽകുന്ന ധ്യാനഗ്രൂപ്പ് ആവശ്യാനുസരണം ഇടവകകളിൽ ധ്യാന യോഗങ്ങൾ നടത്തിവരുന്നു. മലങ്കര കത്തോലിക്കാസഭയിലെ യുവജനങ്ങൾക്ക് മാർഗ്ഗ നിർദേശവും നേതൃത്വവും നൽകുന്നതിൽ ബ. മത്തായി കടവിൽ അച്ചൻ പ്രത്യേകം ശ്രദ്ധിക്കുന്നു. ബഥനിയുടെ ദൈവവിളി സംബന്ധമായ പ്രവർത്തനങ്ങളിൽ ബ. ജോൺ ഇലവനാക്കുഴിയിൽ അച്ചനും വ്യാപൃതനയാരിക്കുന്നു. ആതുര സേവനരംഗവും തിരുവല്ലാ ബഥനി ആശ്രമത്തിൻെറ പ്രവർത്തന മേഖലയിലുൾപ്പെടുന്നു.

## 3. ബഥനി ആശ്രമം കറ്റാനം

മാർ ഈവാനിയോസ് തിരുമേനി ബഥനിമഠമാണ് ആദ്യം കറ്റാനത്തു സ്ഥാപിച്ചത്. എന്നാൻ ബഥനി മഠം മാറ്റിയിട്ട് 1947 മെയ് 24-ാം തിയതി ബ. ജോഷ താവളത്തിൽ സുപ്പീര്യറായും ബ. ബർസ്ലീബ കല്ലുംപുറത്ത്, ബ. ജോബ് തെങ്ങുംതറവടക്കേക്കര, ബ. യൗനാൻ കീപ്പള്ളിൽ എന്നിവർ അംഗങ്ങളായും ബഥനി ആശ്രമത്തിൻെറ മൂന്നാമത്തെ ശാഖ കറ്റാനത്തു സ്ഥാപിച്ചു. ആശ്രമത്തിൻെറ ഔദ്യോഗിക സ്ഥാപനത്തിനു മുമ്പു തന്നെ ബ. ബനഡിക്ട് (അഭിവന്ദ്യ മാർ ഗ്രിഗോറിയോസ് തിരുമേനി) അച്ചൻ

www.malankaralibrary.com


വരുംതലമുറയ്ക്കൊരു പരിശിലനക്കളരി
കറ്റാനം ബോർഡിംഗ്

കറ്റാനത്തു വന്നു താമസമാക്കുകയുണ്ടായി.

ആശ്രമത്തിലെ വൈദിക വിദ്യാർത്ഥികളുടെ സംരക്ഷണത്തിനായി കറ്റാനം പോപ്പ് പയസ് XI സ്കൂൾ 1947 മെയ് 19-ാം തിയതി ആശ്രമത്തിന് അഭിവന്ദ്യ മാർ ഈവാനിയോസ് തിരുമേനി വിട്ടു തരികയുണ്ടായെങ്കിലും ഇന്നും സ്കൂളിന്റെ മാനേജു മെൻറ് കൈമാറ്റം പൂർണ്ണമായിട്ടില്ല. ബഥനിയിലെ അപ്പൊസ്തോലിക് സ്റ്റുഡൻസിനെ പരിശീലി പ്പിച്ചിരുന്നത് കറ്റാനത്താണ്. ഇവിടെ പരിശീലനം ലഭിച്ച അനേകം വൈദികർ സമൂഹത്തിൽ സേവനം അനുഷ്ഠിക്കുന്നു.

1968-ൽ ബ. അംബ്രോസ് മൂത്തേരിൽ അച്ചൻ കറ്റാനത്ത് ആൺകുട്ടികൾക്കായി ഒരു ബോർഡിംഗ് ആരംഭിച്ചു. പ്രസ്തുത ബോർഡിംഗ് ഇന്നു കേരളത്തിൽ അറിയപ്പെടുന്ന ഒരു സ്ഥാപനമായി ഉയർന്നിട്ടുണ്ട്. വിദ്യാർത്ഥികളുടെ സ്വഭാവ രൂപീകരണത്തിനും പഠനത്തിനും ഒരു പോലെ പ്രാധാന്യം നൽകുന്ന കറ്റാനം ബഥനി ബോർഡിംഗ് അനേകർക്ക് സമൂഹത്തിൽ ഉന്നത സ്ഥാനം നേടിയെടുക്കാൻ വഴിയൊരുക്കികൊടുത്തിട്ടുണ്ട്.

കറ്റാനം ബഥനി ആശ്രമസ്ഥർ കോമല്ലൂർ, വെട്ടിയാർ, കരിമുളയ്ക്കൽ, തുടങ്ങിയ ഇടവകകളിൽ ശുശ്രൂഷ ചെയ്യുന്നു. പാർപ്പിടമില്ലാത്തവർക്ക് പാർപ്പിടം ഉണ്ടാക്കികൊടുക്കുന്ന ഒരു പദ്ധതി അനേക വർഷങ്ങളായി കറ്റാനം ആശ്രമത്തിന്റെ സാമൂഹ്യ പ്രവർത്തനങ്ങളിൽ ഒന്നു മാത്രമാണ്. ഇടവക ശുശ്രൂഷ, സ്കൂൾ നടത്തിപ്പ്, ബോർഡിംഗ്, സാമൂഹ്യപ്രവർത്തനം തുടങ്ങിയവ കറ്റാനം ആശ്രമത്തിന്റെ പ്രവർത്തന പരിധിയിൽപ്പെടുന്നു.


## 4. ബഥനി ആശ്രമം പൂന

ആശ്രമ വൈദിക വിദ്യാർത്ഥികളെ പരിശീലി പ്പിക്കുന്നതിന് സ്ഥിരമായി ഒരു സംവിധാനത്തെപ്പറ്റി അധികാരികൾ ചിന്തിച്ചു കൊണ്ടിരിക്കുമ്പോൾ അപ്പസ്തോലിക വിസിറ്ററായി വന്ന മോൺ. ലൊംബാർഡി പൂനാ പേപ്പൽ സെമിനരിയിൽ ബഥനി വൈദിക വിദ്യാർത്ഥികളെ അയക്കുവാൻ നിർദ്ദേശിച്ചത് ഏവർക്കും സ്വീകാര്യമായി. 1954 ജൂൺ മാസത്തിൽ ആദ്യബാച്ച് വൈദിക വിദ്യാർത്ഥികളെ ബ. ഫാ. ഗബ്രിയേൽ തൈക്കടവിലിന്റെ നേതൃത്വത്തിൽ പൂനായിലേക്കയച്ചു. ബ. ക്രിസോസ്റ്റം കുട്ടംപേരൂരിനെ, ആശ്രമസ്ഥർക്കു പൂനായിൽ താമസ സൗകര്യവും മറ്റും ക്രമീകരിക്കുന്നതിനായി നിയോഗിച്ചിരുന്നു. ഒരു വർഷക്കാലം ബഥനി ആശ്രമസ്ഥർ ഫ്രാൻസേലി യൻസിന്റെ കൂടെ താമസിച്ചു സെമിനാരിയിൽ പഠനം നടത്തി.

1955-ൽ ശ്രീമതി വിൽസ്റ്റോപ്പ് എന്ന ബ്രിട്ടീഷ് വനിതയുടെ ബംഗ്ലാവ് വിലയ്ക്കു വാങ്ങി. 1955 ഏപ്രിൽ 30-നു താമസം അവിടേക്കു മാറ്റി. തുടർന്നുള്ള വർഷങ്ങളിൽ പഠന ഗൃഹത്തിന് ആവശ്യമായ കെട്ടിടം പണിയുകയുണ്ടായി. ബഥനി വേദവിജ്ഞാന പീഠമെന്നറിയപ്പെടുന്ന ബഥനിയുടെ പഠന ഗൃഹത്തിൽ പൗരസ്ത്യ ദൈവശാസ്ത്രം ഉൾക്കൊള്ളുന്ന അനേകം അമൂല്യഗ്രന്ഥങ്ങൾ ശേഖരിച്ച് ഒരു ബൃഹത്തായ ലൈബ്രറി ക്രമപ്പെടുത്തിയിട്ടുണ്ട്. വൈദിക വിദ്യാർത്ഥികളുടെ ദൈവശാസ്ത്ര പാഠ്യപദ്ധതി ക്രമപ്പെടുത്തുന്നതിനും, പരീക്ഷ നടത്തുന്നതിനുമുള്ള അനുവാദം ബഥനി വേദവിജ്ഞാന പീഠത്തിനുണ്ട്. ബഥനി സമൂഹത്തിലെ 94 വൈദികരിൽ 84 പേരും പൂനാ ബഥനി പഠന ഗൃഹത്തിൽ പഠിച്ചു പുറത്തുവന്നിട്ടുള്ളവരാണ്. ഒരു മെത്രാപ്പൊലീത്തായെ സഭയ്ക്കു നല്കാനും ഈ സ്ഥാപനത്തിനു സാധിച്ചു.


www.malankaralibrary.com

## 5. ബഥനി മിഷൻ മന്ദിരം കാഞ്ഞിരംകുളം



വിജയമകുടം ചൂടിയ വിജാതീയമിഷൻ
കാഞ്ഞിരംകുളം ആശ്രമം

കാഞ്ഞിരംകുളം മലങ്കര കത്തോലിക്കാ മിഷൻ 1935-ൽ സ്ഥാപിതമായതാണെങ്കിലും ബഥനി ആശ്രമാംഗങ്ങൾ കാഞ്ഞിരംകുളത്തു താമസമാരംഭിക്കുന്നത്. 1961 ജൂൺ 17-ാം തിയതിയാണ്. പ്രസ്തുത മിഷൻ മന്ദിരത്തിൻെറ ആദ്യത്തെ അദ്ധ്യക്ഷൻ ബ. യൗനാൻ കീപ്പള്ളിൽ അച്ചൻ ആയിരുന്നു. 1977-വരെ നീണ്ട 16 വർഷക്കാലം അദ്ദേഹം അവിടെ സേവനം ചെയ്തു. ദീർഘകാലത്തെ സേവനവും ആതുര ശുശ്രൂഷയും ബ. യൗനാനച്ചനെ കാഞ്ഞിരംകുളത്തും പരിസരത്തുമുള്ള അനേകരുടെ സ്നേഹത്തിനും ആരാധനക്കും പാത്രമാക്കി. കാഞ്ഞിരംകുളം, പാമ്പു കാലാ, പൂവാർ, വെള്ളലുമ്പ്, എഡയ്ക്കൽ എന്നീ മിഷ്യുകളിൽ ആശ്രമ വൈദികർ ശുശ്രൂഷ ചെയ്യുന്നു.



കാഞ്ഞിരംകുളം പള്ളി

## 6. ബഥനി ആശ്രമം കുമ്പഴ

1962 ജൂലൈ 12-ാം തിയതി ബഥനി ആശ്രമത്തിനായി കുമ്പഴ പാലത്തിനു സമീപം 2.25 ഏക്കർ സ്ഥലം വാങ്ങി. 1963 ജൂലൈ 2-ാം തിയതിയിലെ അഭിവന്ദ്യ മാർ ഗ്രീഗോറിയോസ് തിരുമേനിയുടെ കല്പന പ്രകാരം 1964 ഏപ്രിൽ 5-ാം തിയതി കുമ്പഴ ആശ്രമം ഔദ്യോഗികമായി അംഗീകരിക്കപ്പെട്ടു. ഈ അശ്രമത്തിൻെറ ആദ്യത്തെ അദ്ധ്യഷൻ ബ. പീറ്റർ കോഴിമണ്ണിൽ ആയിരുന്നു. ബ. ഫ്രാൻസിസ് സേവ്യർ പിള്ളശ്ശേരിൽ, ബ. സ്റ്റീഫൻ തിരുവാലിൽ എന്നീ വൈദികർ കുമ്പഴ ആശ്രമത്തിലെ ആദ്യകാലാംഗങ്ങളാണ്. ബഥനി ആശ്രമത്തിൻെറ പത്തനംതിട്ട ഡിസ്ട്രിക്ടിലെ പ്രഥമ മന്ദിരമായതിനാലും മുണ്ടൻ മലയോട് ഏറ്റം അടുത്തായതിനാലും സമൂഹം ഈ മന്ദിരത്തിന് ഏറെ പ്രാധാന്യം കല്പിച്ചിരുന്നു. കുമ്പഴ ഇടവകയുടെ വളർച്ചയിൽ ബ. ഫ്രാൻസിസ് സേവ്യർ പിള്ളശ്ശേരിൽ അച്ചൻ നൽകിയ സേവനം ആ ഇടവക ഇന്നും നന്ദിയോടെ ഓർക്കുന്നു. കുമ്പഴ, പൂങ്കാവ്, വലഞ്ചുഴി, എന്നീ ഇടവകകളിൽ കുമ്പഴ ആശ്രമത്തിലെ വൈദികർ ശുശ്രൂഷ ചെയ്തു വരുന്നു. പൂങ്കാവ് ഇടവകയിൽ ബ. ഡാമിയൻ എടനാട്ടു പീടികയിൽ ചെയ്തിട്ടുള്ള സേവനം വിസ്മൃതിയിൽ ആണ്ടു പോകില്ല.


## 7. ബഥനി ആശ്രമം വെങ്ങോല

ബഥനി ആശ്രമം വെങ്ങോല സ്ഥാപിക്കുന്നതിനായി തിരുവല്ലാ രൂപതാദ്ധ്യഷൻ അഭിവന്ദ്യ മാർ അത്തനേഷ്യസ് തിരുമേനി 1964 ഏപ്രിൽ 1-ാം തിയതി വെങ്ങോല ഇടവകയും അതിനോടു ചേർന്നുകിടന്ന സ്ഥലവും ബഥനി സന്യാസി സമൂഹത്തിനു വിട്ടു തന്നു. 1964 ഏപ്രിൽ 5-ാം തിയതി ബഥനി ആശ്രമം വെങ്ങോലയിൽ സ്ഥാപിതമായി. ബ. ഫ്രാൻസിസ് സാലസ് അഞ്ചനാട്ടച്ചനെ ഈ അശ്രമത്തിൻെറ അദ്ധ്യക്ഷനായി നിയമിച്ചു. ബ. പയസ് ചേരിയിലച്ചൻ ബ.സാലസ് അഞ്ചനാട്ടച്ചനോടൊപ്പം നിയമിതനായി. ബഥനിയുടെ ചിരകാലാഭിലാഷമായിരുന്നു ഒരു ബാലഭവൻ. സമൂഹം അതിനായി തിരഞ്ഞെടുത്തത് വെങ്ങോല ആശ്രമമായിരുന്നു. എന്നാൽ ഏതാനും

www.malankaralibrary.com

വർഷത്തിനു ശേഷം പ്രസ്തുത ബാലഭവൻ നിറുത്തേണ്ടിവന്നു. വെങ്ങോല ആശ്രമത്തിലെ ആശ്രമസ്ഥർ ഇടവക നടത്തിപ്പിനോടൊപ്പം, സന്യാസിനി സമൂഹങ്ങളിലെ ചാപ്ലയിനായും സേവനം ചെയ്യുന്നു.

## 8. ബഥനി ആശ്രമം മീനങ്ങാടി



ധ്യാനമന്ദിരം - മീനങ്ങാടി

തെക്കൻ വയനാട്ടിൽ മീനങ്ങാടി എന്ന സ്ഥലത്ത് തിരുവല്ലാ രൂപതയ്ക്ക് ഒരു മിഷൻ സ്റ്റേഷൻ ഉണ്ടായിരുന്നു. ആദ്ധ്യാത്മികമായും, സാമ്പത്തികമായും, വിദ്യാഭ്യാസ പരമായും വായനാട് ഏറ്റം പിന്നിലായിരുന്ന കാലത്ത് വയനാട്ടിലെ ഒരു മിഷൻ സ്റ്റേഷൻ ബഥനി ആശ്രമത്തെ ഏല്പിച്ചാൽ അതുവഴി ആ ദേശത്ത് ആദ്ധ്യാത്മിക ഉണർവുണ്ടാകുമെന്ന് അഭിവന്ദ്യ മാർ അത്തനേഷ്യസ് തിരുമേനി വിശ്വസിച്ചു. തദനുസരണം മീനങ്ങാടി മലങ്കര കത്തോലിക്കാ ഇടവകയോടു ചേർന്ന് 1964 ഒക്ടോബർ 15-ാം തിയതി ബഥനി ആശ്രമത്തിന്റെ ഒരു മന്ദിരം ഔദ്യോഗികമായി സ്ഥാപിച്ചു. ബ. ഡൊമിനിക് ഒഡാലിൽ, ബ. ഡൊമിനിക് സാവിയോ ചേലവടത്തിൽ എന്നീ വൈദികർ അവിടേക്കു നിയമിക്കപ്പെട്ടു. ബ. ഡൊമിനിക് ഒഡാലിൽ അച്ചനായിരുന്നു മീനങ്ങാടി ആശ്രമത്തിന്റെ ആദ്യത്തെ അദ്ധ്യക്ഷൻ.

മീനങ്ങാടി ആശ്രമാംഗങ്ങൾ, മീനങ്ങാടി, മാണ്ടാട്, ചിങ്ങേരി, മലങ്കര എന്നി മിഷനുകളിൽ ശുശ്രൂഷ നടത്തുന്നു. 1984-ൽ ബ. ക്രിസോസ്റ്റം കുളത്തിന്റെ മേലേതിൽ മീനങ്ങാടിയിൽ ഒരു ധ്യാന കേന്ദ്രത്തിനാവശ്യമായ കെട്ടിടങ്ങൾ പണിയിപ്പിച്ചു. ബഥനി സമൂഹത്തിന്റെ രണ്ടു ധ്യാന കേന്ദ്രങ്ങളിൽ ഒന്ന് മീനങ്ങാടിയിലാണ്. ഇടവക ഭരണം നടത്തുക ധ്യാനയോഗം സംഘടിപ്പിക്കുക, ക്ലാസ്സുകൾ എടുക്കുക തുടങ്ങിയവ മീനങ്ങാടി ആശ്രമത്തിലെ അംഗങ്ങളുടെ പ്രവർത്തനങ്ങളാണ്. ബ. ആത്മാനന്ദച്ചനായിരുന്നു ഈ ധ്യാന മന്ദിരത്തിന്റെ പ്രഥമ ഡയറക്ടർ.

## 9. ബഥനി ആശ്രമം മുക്കംപാല

തിരുവനന്തപുരം അതിരൂപതക്ക് കന്യാകുമാരി ഡിസ്ട്രിക്ടിൽ കല്ലുകുളം താലൂക്കിൽ പൊന്മന വില്ലേജിൽ ബഥനി എസ്റ്റേറ്റ് എന്ന പേരിൽ ഒരു തോട്ടമുണ്ട്. 1965-ൽ പ്രസ്തുത തോട്ടത്തിൽ നിന്നും 70,000 രൂപയ്ക്ക് 33 ഏക്കർ സ്ഥലം ബഥനി ആശ്രമത്തിനു നൽകി. 1966 ആഗസ്റ്റ് 29-ാം തിയതി ബ. തോമസ് മാവിലേത്ത് അച്ചൻ അവിടെ താമസമാക്കി. ബ്രദർ സിഫ്രിയ ബ. തോമസ് മാവിലേത്തച്ചനോടൊപ്പമുണ്ടായിരുന്നു. പേച്ചിപ്പാറ, കുലശേഖരം എന്നീ ഇടവകകൾ നടത്തുന്നതിനോടൊപ്പം, കൃഷി കാര്യങ്ങളിലും ഈ മന്ദിരത്തിലെ അംഗങ്ങൾ വ്യാപൃതരായിരിക്കുന്നു.

## 10. ബഥനി ആശ്രമം ആലുവ

ബഥനി ആശ്രമത്തിനായി ആലുവ അശോകപുരത്ത് സ്ഥലം വാങ്ങുന്നത് 1967 ഏപ്രിൽ 7-ാം തിയതിയാണ്. 30 ഏക്കർ വിസ്തീർണ്ണം വരുന്ന വസ്തുവിന് അന്ന് 1,48,840 രൂപാ വിലയായിട്ടുണ്ട്. ഇവിടേക്ക് ആദ്യം നിയമിതനാകുന്ന ആശ്രമസ്ഥൻ ബ. വിൻസെന്റ് സേവ്യർ വിലാസം അച്ചൻ ആണ്.


1968-ൽ നവശിഷ്യഗൃഹം തിരുവനന്തപുരത്തു നിന്നും ആലുവയ്ക്ക് മാറ്റണമെന്ന് തീരുമാനിച്ചു. പ്രസ്തുത വർഷം ഫെബ്രുവരി 19-ാം തിയതി പൗരസ്ത്യ തിരുസംഘത്തിന്റെ പ്രീഫക്ട് അത്യുന്നത കർദ്ദിനാൾ മാക്സ്മില്യൻ ഡീഫ്രൂർ സ്റ്റെർബർഗ്ഗ്, ഭാരതത്തിന്റെ പ്രോന്യുൻഷ്യോ അഭിവന്ദ്യ ജോസഫ് കാപ്രിയോ, എറണാകുളം മെത്രാപ്പോലീത്ത അഭിവന്ദ്യ മാർ

www.malankaralibrary.com

ജോസഫ് പാറേക്കാട്ടിൽ, ബഥനി സമൂഹാദ്ധ്യക്ഷൻ ബ. ജേക്കബ് പെരുമ്പ്രാൽ അച്ചൻ എന്നിവരുടെ സാന്നിദ്ധ്യത്തിൽ നവശിഷ്യ മന്ദിരത്തിന്റെ ശിലാസ്ഥാപനം നടത്തി. എന്നാൽ 1975-ൽ ആണ് നവ ശിഷ്യ മന്ദിരത്തിന്റെ പണി ആരംഭിച്ചത്. 1977 ജൂൺ 20-ാം തിയതി ബഥനിയുടെ നവശിഷ്യമന്ദിരം തപോവനം എന്ന പേരിൽ ചായൽ സ്ഥാനിക മെത്രാപ്പോലിത്ത അഭിവന്ദ്യ മാർ പീലക്സിനോസ് തുരുമേനി കൂദാശ ചെയ്തു. ബ. ജേക്കബ് പെരുമ്പ്രാൽ അച്ചൻ ആയിരുന്നു ആലുവ നവശിഷ്യ മന്ദിരത്തിലെ പ്രഥമ നവശിഷ്യ ഗുരു. 1979 മാർച്ച് 3-ാം തിയതി ആദ്യബാച്ച് നവശിഷ്യർ ഇവിടെ വച്ച് തങ്ങളുടെ വ്രത വാഗ്ദാനം നടത്തി.

ഈ മന്ദിരത്തിലെ അംഗങ്ങൾ, സന്യാസ പരിശീലനം, കൃഷി, ഇടവക ഭരണം എന്നീ തലങ്ങളിൽ പ്രവർത്തിക്കുന്നു.

## 11. ബഥനി മിഷൻ മന്ദിരം നെടുമങ്ങാട്



ബഥനി സാങ്കേതിക വിദ്യാഭ്യാസരംഗത്ത്
ബഥനി ഐ.റ്റി.സി നെടുമങ്ങാട്

നാലാഞ്ചിറ, നെടുമങ്ങാട് എന്നീ പ്രദേശങ്ങളിലുള്ള മിഷനുകളിൽ ബഥനി വൈദികർ സേവനം അനുഷ്ഠിച്ചു വരുമ്പോൾ, ബഥനിയുടെ മിഷൻ പ്രവർത്തനം ഒരു സ്ഥലത്തു കേന്ദ്രീകരിക്കുന്നത് നല്ലതാണെന്ന ആശയം ശക്തിപ്പെട്ടു വരികയാൽ, 1968-ൽ നെടുമങ്ങാട് സബ് ഡിസ്ട്രിക്ടിലെ പള്ളികളെല്ലാം ബഥനിയേറ്റെടുത്തു. 1968 ഡിസംബർ 1-ാം തിയതി നെടുമങ്ങാട് ടൗണിനടുത്ത് ഒരു വാടകകെട്ടിടത്തിൽ താമസം ആരംഭിച്ചു കൊണ്ട് ബ. ഗബ്രിയേൽ തൈക്കടവിലച്ചൻ ഇതിനു തുടക്കം കുറിച്ചു. നാലാഞ്ചിറ ആശ്രമത്തിൽ നിന്നും ബ. വൈദികർ ഞായറാഴ്ച ദിവസങ്ങളിൽ നെടുമങ്ങാട് മിഷനിൽ പോകുക പതിവാണ്. ഇപ്പോഴും ആ പതിവ് തുടരുന്നു.

1974-ൽ ബ. ഗബ്രിയേൽ തൈക്കടവിലച്ചൻ തൃപ്പാദത്തിലേക്കു മാറിയപ്പോൾ, ബ. ഫിലിപ്പ് തരകൻ ആന്നിയിലച്ചൻ നെടുമങ്ങാടു മിഷ്യന്റെ ചുമതലയേറ്റെടുത്തു. അദ്ദേഹമാണ് നെടുമങ്ങാടു പള്ളിയോടു ചേർന്ന ആശ്രമകെട്ടിടം, 1975-ൽ പണിയിച്ചത്. മിഷനിലെ പാവപ്പെട്ടവരെ തൊഴിൽ അഭ്യസിപ്പിക്കുന്നതിനും അവർക്കു തൊഴിൽ നൽകുന്നതിനുമായി ബ. ഫിലിപ്പ് ആന്നിയിൽ 1984-ൽ അവിടെ ഒരു ഐ.റ്റി.സിയും തുടർന്ന് ഗാർമെന്റ് മേക്കിങ്ങ് യൂണിറ്റും, പ്രിൻറിംഗ് പ്രസ്സും ടൈപ്പ്റൈറ്ററിംഗ് ഇൻസ്റ്റിറ്റ്യൂട്ടും, റേഡിയോ അസംബ്ലിംഗ് യൂണിറ്റും സ്ഥാപിച്ചു.

കമ്യൂണിറ്റി ഹെൽത്ത് പ്രോഗ്രാം, നേഴ്സറി സ്കൂളുകൾ, ഹൗസിങ്ങ് പ്രോഗ്രാം തുടങ്ങി അനേകം ജനക്ഷേമ പ്രവർത്തനങ്ങൾക്കു നെടുമങ്ങാടു ബഥനിമിഷൻ മന്ദിരാംഗങ്ങൾ നെതൃത്വം നൽകുന്നു. നെടുമങ്ങാട്, കോഴിയോട്, കരിപ്പൂർ, ആനാട്, അരശുപറമ്പ്. പനവൂർ, മേമല പരുത്തിക്കുഴി, വിതുര, മുണ്ടേല, കുളപ്പട, പൂവത്തൂർ മുതലായ മിഷനുകൾ ഈ മന്ദിരത്തിന്റെ കീഴിൽ വരുന്നവയാണ്.

## 12. ബഥനി ആശ്രമം ചുനക്കര

കോട്ടാർ രൂപതയുടെ വകയായിരുന്നു ചുനക്കര ആശ്രമത്തിന്റെ സ്ഥലം. 1943-ൽ കോട്ടാർ രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ റ്റി. റോച്ച് അഗ്നി സ്വാമി എസ്സ്. ജെ. പ്രസ്തുത സ്ഥലം, അഭിവന്ദ്യ മാർ ഈവാനിയോസ് തിരുമേനിക്ക് 16,972/ രൂപയ്ക്കു നൽകി. കറ്റാനം ബഥനി ആശ്രമസ്ഥരെയാണ് സ്ഥലം അഭിവന്ദ്യ ഈവാനിയോസ് തിരുമേനി സംരക്ഷണത്തിനായി ഏല്പിച്ചത്. എന്നാൽ ഈ സ്ഥലം ബഥനി ആശ്രമത്തിനായി വാങ്ങിയതാകയാൽ

www.malankaralibrary.com

1972-ൽ അഭിവന്ദ്യ മാർ ഗ്രിഗോറിയോസ് തിരുമേനി വസ്തുവിൻെറ ഉടമസ്ഥത ബഥനി സമൂഹത്തിനു വിട്ടു കൊടുത്തു.

1970 സെപ്റ്റംബർ 20-ാം തിയതി ബ.ലാസർ പാലനില്ക്കുന്നതിലച്ചൻ ചുനക്കര താമസമാക്കുകയും ആശ്രമത്തിനാവശ്യമായ കെട്ടിടം പണികഴിപ്പിക്കുകയും ചെയ്തു. ബ. നോർബർട്ട് പേരാലുംമൂട്ടിലച്ചൻ 1982 ഫെ. 24-ാം തിയതി ചെറുപുഷ്പ ഇംഗ്ലീഷ് മീഡിയം സ്കൂളിനു ശിലാസ്ഥാപനം നടത്തി. പ്രസ്തുത സ്കൂളിൻെറ ഉദ്ഘാടനം 1983 ആസസ്റ്റ 3-ാം തിയതി നിർവ്വഹിച്ചു.

ഇടപ്പോൺ, വള്ളികുന്നം ഇടവകകളുടെ വികാരിസ്ഥാനം, ചെറുപുഷ്പ ഇംഗ്ലീഷ് മീഡിയം സ്കൂളിൻെറ നടത്തിപ്പ്, കൃഷി എന്നിവ ഈ മന്ദിരത്തിൻെറ പ്രവർത്തനമേഖലകളാണ്.

## 13. ബഥനി ആശ്രമം ജനറലേറ്റ് കോട്ടയം


ബഥനി ജനറലേറ്റ് കോട്ടയം

അഭിവന്ദ്യ മാർ ഈവാനിയോസ് തിരുമേനി ഓർത്തഡോക്സ് സഭയിലായിരുന്നപ്പോൾ ഏറെക്കാലം സേവനം ചെയ്തിരുന്ന സ്ഥലം, മലങ്കര ഓർത്തഡോക്സ്സഭയുടെ കേന്ദ്രസ്ഥാനം, സുറിയാനി ക്രിസ്ത്യാനികൾ തിങ്ങിപ്പാർക്കുന്ന സ്ഥലം, അക്ഷരങ്ങളുടെ നാട് എന്നി പ്രത്യേകതകൾ ബഥനി സന്യാസ സമൂഹത്തിൻെറ ആസ്ഥാനം കോട്ടയത്തേക്കു മാറ്റുന്നതിന് ബഥാനിയരെ പ്രേരിപ്പിച്ചു. ജനറലേറ്റ് മന്ദിരം സ്ഥാപിക്കുന്നതിനായി തിരുവല്ലാ രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ അത്തനേഷ്യസ് തിരുമേനി കോട്ടയത്ത് കളത്തിൽ പടിയിൽ രൂപതക്കുണ്ടായിരുന്ന സ്ഥലം വിട്ടു കൊടുത്തു. ബ. സെറാഫിയോൻ ആറ്റുപുറത്തച്ചൻ കെട്ടിടം പണിക്കു നേതൃത്വം നല്കി.

1974 ഫെബ്രുവരി 20-ാം തിയതി ജനറലേറ്റു മന്ദിരത്തിൻെറ കൂദാശകർമ്മം അഭിവന്ദ്യ മാർ ഗ്രീഗോറിയോസ് തിരുമേനി നിർവഹിച്ചു. ബഥനി സന്യാസി സമൂഹത്തിൻെറ ഭരണകേന്ദ്രം എന്നതിനു പുറമെ ഈ മന്ദിരത്തിലെ അംഗങ്ങൾ ഇടവക ഭരണം, ധ്യാന പ്രസംഗം, അദ്ധ്യാപനം (സെമിനാരി) ചാപ്ലയൻസി, തുടങ്ങിയ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നു. പ്രശസ്തമായ കോട്ടയം ഗിരിദീപം സ്കൂൾ ഈ മന്ദിരത്തിൻെറ കീഴിൽ ആരംഭിച്ചതാണ്.


## 14. തൃപ്പാദം ബഥനി ആശ്രമം പഴകുറ്റി

സാധുജനക്ഷേമപ്രവർത്തനം ലക്ഷ്യം വച്ച് ബ. ഗബ്രിയേൽ തൈക്കടവിലച്ചൻ പഴകുറ്റിയിൽ 1974-ൽ ആരംഭിച്ചതാണ് തൃപ്പാദം ആശ്രമം. പാവപ്പെട്ടവൻെറ തലത്തിലേക്ക് ഇറങ്ങി പ്രവർത്തിക്കുന്നതിനാവശ്യമായ അന്തരീക്ഷമാണ് അവിടെ സൃഷ്ടിച്ചിരിക്കുന്നത്. വിശക്കുന്നവന് അപ്പവും, വസ്ത്രമില്ലാത്തവനു വസ്ത്രവും, രോഗികൾക്ക് മരുന്നും അഭയസ്ഥാനമില്ലാത്തവർക്ക് അഭയസ്ഥാനവും നൽകുന്ന തൃപ്പാദാശ്രമം അനേകരെ അവിടേക്ക് ആകർഷിക്കുന്നു, അതിൻെറ ചൈതന്യം ഉൾക്കൊള്ളുവാൻ.

തൃപ്പാദത്ത് ആരംഭിച്ചിരിക്കുന്ന കുടിൽ വ്യവസായത്തിലൂടെ ഏകദേശം 500 കുടുംബങ്ങൾ അന്നന്നത്തെ അപ്പം കണ്ടെത്തുന്നു. ആശുപത്രികളിലും വഴിയോരത്തും ആരാലും ശ്രദ്ധിക്കപ്പെടാതെ കിടക്കുന്ന വൃദ്ധ ജനങ്ങൾക്കു വേണ്ടി ഒരു ഓൾഡ് എയ്ജ്ഡ് ഹോം തൃപ്പാദത്തിൻെറ കീഴിൽ നടത്തപ്പെടുന്നു. സേവനം ദൈവശുശ്രൂഷയും, ദൈവസമ്പാദനവുമാണെന്നും, സേവനത്തിലൂടെ നേട്ടങ്ങൾ ലക്ഷ്യം വയ്ക്കരുതെന്നുമുള്ള തൃപ്പാദ സന്ദേശം, പല സമൂഹ്യസേവന പ്രവർത്തനങ്ങളുടെയും മുമ്പിൽ ഒരു ചോദ്യചിഹ്നമായി നില കൊള്ളുന്നു.

www.malankaralibrary.com

## 15. ബഥനി പ്രകൃതി ചികിത്സാകേന്ദ്രം നാലാഞ്ചിറ



ചികിത്സാരംഗത്ത് ബഥനിയുടെ സംഭാവന പ്രകൃതി ചികിത്സാ കേന്ദ്രം നാലാഞ്ചിറ


'രോഗം ഒന്ന്, ചികിത്സയും ഒന്ന്' എന്ന പ്രമാണം അടിസ്ഥാനമാക്കിയുള്ള ചികിത്സാരീതി ബഥനിയുടെ പ്രവർത്തനങ്ങളിൽ ഒന്നായിരിക്കണമെന്ന് തീരുമാനിച്ചതും, തദനുസരണം വേണ്ട ക്രമീകരണങ്ങൾ ചെയ്തതും, ബ. സിറിൽ മലഞ്ചരുവിൽ (അഭിനന്ദ്യ സിറിൽ മാർ ബസേലിയോസ് തിരുമേനി) അച്ചൻ ആണ്.

1975-ൽ ബ. ഫിലിപ്പ് നേരി, താന്നിക്കക്കുഴിയെ എൻ.ഡി. ബിരുദം നേടുന്നതിനായി ഹൈദ്രാബാദിനയച്ചു. 1976 മെയ് 10-ാം തിയതി നാലാഞ്ചിറ ആശ്രമത്തിന്റെ പഴയ നവശിഷ്യ മന്ദിരത്തിൽ ബഥനി പ്രകൃതി ചികിത്സാ മന്ദിരം ഉദ്ഘാടനം ചെയ്യപ്പെട്ടു. ബ. ക്രിസോസ്റ്റം കുളത്തിന്റെ മേലേതിൽ ആയിരുന്നു ഈ സ്ഥാപനത്തിന്റെ ആദ്യത്തെ ഡയറക്ടർ. ബ. ഫിലിപ്പ് നേരി അച്ചൻ ബിരുദമെടുത്തു തിരിച്ചെത്തിയപ്പോൾ, അദ്ദേഹം ഈ സ്ഥാപനത്തിന്റെ ചുമതലയേറ്റെടുത്തു. 1982 ആഗസ്റ്റ് 19-ാം തിയതി നാലാഞ്ചിറ മേക്കോണത്ത്, പുതുതായി പണികഴിപ്പിച്ച കെട്ടിടത്തിലേക്ക് പ്രകൃതി ചികി ത്സാലയം മാറ്റി ചികിത്സയിലും യോഗാപരിശീല നത്തിലും പരിജ്ഞാനം നൽകുന്ന ഒരു കേന്ദ്രമാക്കി ഉയർത്താൻ ബ. ഫിലിപ്പു നേരി അച്ചനു സാധിച്ചു.

## 16. മൗണ്ട് ബഥനി ഇംഗ്ലീഷ് സ്കൂൾ മൈലപ്ര

കുമ്പഴ ബഥനി ആശ്രമത്തിന്റെ പ്രവർത്തന ങ്ങളിൽ ഒന്നായിട്ടാണ് മൗണ്ട് ബഥനിസ്കൂൾ ബ. ഇഗ്നേഷ്യസ് തങ്ങളത്തിൽ അച്ചൻ ആരംഭിച്ചത്. 1978 ഫെ. 11-ാം തിയതി ഉച്ചയ്ക്കുശേഷം 3.15 ന് അഭിവന്ദ്യ മാർ ഗ്രിഗോറിയോസ് തിരുമേനി ഔപചാരികമായി മൗണ്ട് ബഥനി സ്കൂൾ ഉദ്ഘാടനം ചെയ്തു. കാലാന്തരത്തിൽ സ്കൂളിനോടു ചേർന്ന് ബോർഡിംഗ് ആരംഭിക്കുകയും ആശ്രമസ്ഥർ അവിടെ താമസം തുടങ്ങുകയും ചെയ്തു. സ്കൂളിന്റെയും ബോർഡിംഗിന്റേയും നടത്തിപ്പിനോടൊപ്പം, പൊന്നമ്പ്, വടക്കപുറം, കിഴവള്ളൂർ ഇടവകകളിൽ ശുശ്രൂഷയും മൗണ്ട് ബഥനിയംഗങ്ങൾ ചെയ്യുന്നു.

## 17. ബഥനി മിഷൻ മന്ദിരം നൂജിബാൽത്തില



കാടിനകത്തൊരു കലാലയം നൂജിബാൾത്തില ബഥനി ഹൈസ്കൂളും, ജൂനിയർ കോളജും

1978-ൽ ബത്തേരി രൂപത സ്ഥാപിതമായപ്പോൾ ബഥനി സന്യാസി സമൂഹം ബത്തേരി രൂപതയിൽ ഒരു മിഷൻ കേന്ദ്രം ഏറ്റെടുക്കണമെന്ന് തീരുമാനിച്ചു. സൗത്തു കാനറ, ഷിമോഗ, ചിക്കമംഗളൂർ തുടങ്ങിയ ഡിസ്ട്രിക്റ്റുകൾ ബഥനി സമൂഹത്തെയേല്പിച്ചു. 1979ൽ കർണ്ണാടക മിഷനിലേക്ക് ബ. ജോൺ ബർക്കുമാൻസച്ചന്റെ നേതൃത്വത്തിൽ ബ. ഡാനിയേൽ കടകംപള്ളിൽ, ബ. സന്തോഷ് മഠത്തിൽ, ബ. സഖറിയാസ് നന്ദിയാട്ട് ബ. ജോസ്പ്രകാശ് എന്നി വൈദികരെ

www.malankaralibrary.com

അയച്ചു. സൗത്ത് കാനറായിലെ ഏറ്റം വലിയ ഇടവകയായ നൂജിബാൽത്തിലായിൽ താമസിച്ചു കൊണ്ട് ഇവർ പ്രവർത്തനം ആരംഭച്ചു.

1981 ജൂണിൽ നൂജിബാൽത്തിലായിൽ ബഥനി ഹൈസ്കൂൾ ആരംഭിച്ചു. 1992-ൽ അവിടെ ആരംഭിച്ച ജൂനിയർ കോളേജും വിദ്യാഭ്യാസത്തിൽ പിന്നോക്കം നിന്ന നൂജീബാൽത്തിലാഗ്രാമത്തിന് ഏറെ അനുഗ്രഹമായി. മിഷൻ മന്ദിരാംഗങ്ങൾ നൂജിബാൽത്തില, വിമലഗിരി ഇടവകകളിൽ സേവനം അനുഷ്ഠിക്കുന്നു. സ്കൂളിൻെറയും കോളേജിൻെറയും പ്രിൻസിപ്പൽ ബ. ജോസഫ് വാളക്കുഴിയച്ചനാണ്.

## 18. ബഥനി ആശ്രമം കടബ

കർണ്ണാടകത്തിലെ ആദ്യത്തെ ആശ്രമം, 1980 മാർച്ച് 19-ാം തിയതി ഒരു വാടകകെട്ടിത്തിൽ ആരംഭിച്ചു. ബത്തേരി രൂപതയ്ക്ക് ടൗണിനടുത്ത് ഉണ്ടായിരുന്ന സ്ഥലത്ത് 1980 സെപ്റ്റംബർ 25-ാം തിയതി ആശ്രമ കെട്ടിടത്തിൻെറ ശിലാസ്ഥാപനം നടത്തി. ആശ്രമ ക്കെട്ടിടം പണിയിച്ചതും ആശ്രമത്തിൻെറ പ്രഥമ അദ്ധ്യക്ഷനായി സേവനം അനുഷ്ഠിച്ചതും ബ. സഖറിയാസ് നന്ദിയാട്ടച്ചനാണ്. ബാലവാടികൾ, കമ്യൂണിറ്റി ഹെൽത്ത് പ്രോഗ്രാം, ഭവന പദ്ധതി, തൊഴിൽ പരിശീലന ക്ലാസ്സുകൾ തുടങ്ങി അനേകം സാധു ജനക്ഷേമ പ്രവർത്തനങ്ങൾ കടബ, ആശ്രമാംഗങ്ങൾ ഏറ്റെടുത്തു നടത്തുന്നുണ്ട്. കടബ, കർമ്മായ്, കൂന്തൂര്, ജോസ്ഗിരി, ബത്തോഡി, കൊടിയംപാള മുതലായ മിഷനുകളിൽ ശുശ്രൂഷ ചെയ്യുന്നതോടൊപ്പം, ചാപ്ലയൻസി, അദ്ധ്യാപനം തുടങ്ങിയ ജോലികളും ആശ്രമാംഗങ്ങൾ ചെയ്യുന്നു. സൗത്ത് കാനറയിൽ നിന്നുള്ള വൈദിക വിദ്യാർത്ഥികളുടെ പരിശീലനത്തിൻെറ ഒരു ഘട്ടം കടബാ ആശ്രമത്തിലാണ് നടത്തപ്പെടുന്നത്.

## 19. ബഥനി ആശ്രമം നെല്ലിയാടി

1980-ൽ നെല്ലിയാടിയിൽ ബഥനി ആശ്രമത്തിനു വേണ്ടി സ്ഥലം വാങ്ങി. 1980 നവംബർ 23-ാം തിയതി ആശ്രമത്തിൻെറ കൂദാശ ബത്തേരി രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ ബസേലിയോസ് തിരുമേനി നിർവ്വഹിച്ചു. 1988-ൽ ബ.സഖറിയാസ് നന്ദിയാട് 'ജ്ഞാനോദയം' ബഥനി സ്കൂൾ തുടങ്ങി. യുവജനങ്ങളെ തൊഴിൽ പരിശീലിപ്പിക്കുന്നതിനായി ഇവിടെ ഒരു ഐ.റ്റി.സി. പണിതുകൊണ്ടിരിക്കുന്നു. നെല്ലിയാടി, ഷിബാജേ, ഇച്ചിലംപാടി, അഡോള എന്നീ ഇടവകകളിൽ നെല്ലിയാടിയിലെ ആശ്രമസ്ഥർ വൈദിക ശുശ്രൂഷ ചെയ്യുന്നു. സമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ, അദ്ധ്യാപനം, കൃഷി, ചാപ്ലയൻസി, തുടങ്ങിയ പ്രവർത്തനങ്ങളും ആശ്രമസ്ഥർ ഇവിടെ നിർവ്വഹിക്കുന്നു.

## 20. ബഥനി ആശ്രമം ബോംബെ

പൂന ബഥനി പഠന ഗൃഹത്തിലെ ഭാരവാഹികൾ, പൂനയിലും ബോംബെയിലും കുടിയേറിയിട്ടുള്ള മലങ്കര കത്തോലിക്കരെ കണ്ടു പിടിക്കുന്നതിലും അവരുടെ ആദ്ധ്യാത്മിക കാര്യങ്ങൾ നടത്തി കൊടുക്കുന്നതിലും പ്രത്യേകം ശ്രദ്ധിച്ചിരുന്നു. ക്രിസ്തുമസ്സ്, ഈസ്റ്റർ തുടങ്ങിയ അതി പ്രധാനമായ തിരുനാളുകൾ മലങ്കര ക്രമത്തിൽ നടത്തുന്നതിനു പൂനാ ആശ്രമത്തിൽ നിന്നും വൈദികർ ബോംബെയ്ക്കു പോകുക പതിവായിരുന്നു. എന്നാൽ ബോംബെയിൽ സ്ഥിരമായി താമസിച്ച് മിഷൻ പ്രവർത്തനം ആരംഭിച്ചത് ബ. ഫാ. ഗബ്രിയേൽ പൊസ്സേന്തി താന്നിക്കാക്കുഴിയാണ്. 1982 മാർച്ച് മാസത്തിൽ അന്തേരിയിൽ ഒരു ഫ്ലാറ്റ് വാങ്ങി മിഷൻ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കി. വിശ്വാസികൾക്ക് ഒന്നിച്ചു ചേരുന്നതിനും ദിവ്യബലി അർപ്പിക്കുന്നതിനും ഈ ഫ്ലാറ്റിലെ സ്ഥലസൗകര്യം മതിയാകാതെ വന്നതിനാൽ പ്രസ്തുത ഫ്ലാറ്റ് വിറ്റിട്ട് 1992 ൽ സാക്കിനാക്കായിൽ ഒരു സ്ഥലവും കെട്ടിടവും ബ. ഇഗ്നേഷ്യസ് തങ്ങളത്തിലച്ചൻെറ ശ്രമഫലമായി വാങ്ങി. നവംബർ 1-ാം തിയതി അഭിവന്ദ്യ മാർ ഗ്രിഗോറിയോസ് തിരുമേനി സാക്കിനാക്കാ ആശ്രമം കൂദാശ ചെയ്തു.

ബോംബെ രൂപതാദ്ധ്യക്ഷൻ മലങ്കര കത്തോലിക്കർക്കായി സാക്കിനാക്കാ, ഉല്ലാസ്നഗർ, ബൊറിവ്ലി എന്നീ ഇടവകകൾ അനുവദിച്ചു. അന്തേരി, വഡാലാ, അനുശക്തിനഗർ, അംബ്രനാദ്, ഡൊംബിവ്ലി, താനെ, മുംബ്രാ, വാഗ്ളേ എസ്റ്റേറ്റ്,

www.malankaralibrary.com

വിക്രോളി, വാഗിറോഡ് എന്നീ കേന്ദ്രങ്ങളിലും ബഥാനിയർ ശുശ്രൂഷ ചെയ്യുന്നുണ്ട്.

## 21. ഗിരിദീപം ബഥനിസ്കൂൾ കോട്ടയം

ബഥനി ജനറലേറ്റ് മന്ദിരത്തിൻെറ ആഭിമുഖ്യത്തിൽ വളരെ ലളിതമായ രീതിയിൽ 1975 ജൂൺ 9-ാം തിയതി ആരംഭിച്ച നേഴ്സറിസ്കൂളിൻെറ വളർച്ച വളരെ ധ്യതഗതിയിലായിരുന്നു. ജനറലേറ്റ് മന്ദിരത്തിലെ ഒരു മുറിയിലാണ് ആദ്യം ക്ലാസ്സ് എടുത്തിരുന്നത്. സ്കൂളിൻെറ വളർച്ചയ്ക്കനുസരണമായി പ്രിൻറിംഗ് പ്രസ്സ് കെട്ടിടത്തിലേക്കും അവിടെ നിന്നും ഒരു വാടക കെട്ടിടത്തിലേക്കും അതിനുശേഷം ഗിരിദീപം സ്കൂളിനായി വാങ്ങിയ സ്ഥലത്തേക്കും ഗിരിദീപം ബഥനി സ്കൂൾ മാറ്റപ്പെട്ടു. 1982-ൽ ഗിരിദീപം സ്കൂളിനോടു ചേർത്ത് ഗിരിദീപം ബഥനി ബോർഡിങ്ങ് ആരംഭിച്ചു. ഈ സ്കൂളിൻെറ സ്ഥാപനത്തിലും വളർച്ചയിലും ബ. സിറിൽ മലഞ്ചരുവിൽ, ബ. പക്കോമിയോസ് ചെമ്പോത്തിനാൽ, ബ. ജേക്കബ് പെരുംബ്രാൽ തുടങ്ങിയ വൈദികർ പ്രത്യേക താല്പര്യമെടുത്തിട്ടുണ്ട്.

## 22. ബഥനി ആശ്രമം ചെറുകുളത്തി

1976 നവംബർ 4-ാം തിയതി ചെറുകുളഞ്ഞി യു. പി. സ്കൂൾ ബഥനി സമൂഹം വിലക്കുവാങ്ങി. ബ. മാത്യു തുരുത്തേലച്ചനാണ് ഈ സ്കൂൾ വാങ്ങുന്നതിനായി പ്രയത്നിച്ചത്. അദ്ദേഹം കരിമ്പനാംകുഴി പള്ളിയിൽ താമസിച്ചു കൊണ്ട് ചെറുകുളഞ്ഞി സ്കൂളിനു സമീപം ആശ്രമത്തിനായി സ്ഥലം വാങ്ങി. 1985 ആഗസ്റ്റ് 6-ാം തിയതി റാന്നി ആശ്രമത്തെ ഒരു ഉപമന്ദിരമാക്കി ഉയർത്തി. 1982 ജൂൺ 3-ാം തിയതി ചെറുകുളഞ്ഞി സ്കൂൾ ഹൈസ്കൂളായി ഉയർത്തി. 1985 ആഗസ്റ്റ് 15-ാം തിയതി അഭിവന്ദ്യ മാർ ഗ്രിഗോറിയോസ് തിരുമേനി താല്ക്കാലികാശ്രമത്തിൻെറ കൂദാശ നിർവ്വഹിച്ചു. 1992 ജൂലൈ 29-ാം തിയതി പുതുക്കിപ്പണിത ആശ്രമം അഭിവന്ദ്യ മാർ തിമോത്തിയോസ് തിരുമേനി കൂദാശ ചെയ്തു.

കരിംമ്പനാംകുഴി, മോതിരവയൽ, കരികുളം, തെക്കുംമല ഇടവകകളിൽ ആശ്രമസ്ഥർ മിഷൻ പ്രവർത്തനം നടത്തുന്നു. സാമൂഹ്യ ക്ഷേമ പ്രവർത്തനങ്ങൾ, അദ്ധ്യാപനം, ചാപ്ലയൻസി മുതലായ പ്രവർത്തനങ്ങളും ചെറുകുളഞ്ഞി ബഥനി ആശ്രമസ്ഥർ ചെയ്യുന്നുണ്ട്.

## 23. ബഥനി ബാലഭവൻ ചിറയ്ക്കൽ

1978- ൽ ചിറയ്ക്കൽ അഞ്ചരയേക്കർ സ്ഥലം ബഥനി ആശ്രമത്തിനായി വാങ്ങി. ആലുവാ ആശ്രമത്തിൽ താമസിച്ചുകൊണ്ട് ബ. ഡാനിയേൽ കടകംപള്ളിൽ അച്ചൻ പ്രസ്തുത സ്ഥലം സംരക്ഷിക്കുന്നതിനും കൃഷി ചെയ്യുന്നതിനും ശ്രദ്ധിച്ചിരുന്നു. 1986-ൽ ബ. തോമസ് മാവിലേത്തച്ചൻ ചിറയ്ക്കൽ താമസമാക്കി..

ബഥനി സന്യാസസമൂഹത്തിൻെറ പ്ലാറ്റിനം ജൂബിലി സ്മാരകമായി ഒരു ബാലഭവൻ ചിറയ്ക്കൽ തുടങ്ങുന്നതിനു തീരുമാനിച്ചു. 1994 ജൂണിൽ ബാലഭവനിൽ നിർദ്ധനരായ കുട്ടികളെ സ്വീകരിച്ചു തുടങ്ങി. ബാലഭവൻെറ പണി പൂർത്തിയായി കൊണ്ടിരിക്കുന്നു. ബ. ഫാ. ചാക്കോ ഫിലിപ്പ് നരിയോലി മുരുപ്പേൽ, ബ്രദർ മാർട്ടിൻ വൈമറ്റം എന്നിവരാണ് ബാലഭവൻെറ ഡയറക്ടർമാർ.

## 24. ബഥനി മിഷ്യൻ മന്ദിരം കലയപുരം

1989 മെയ് മാസം 31-ാം തിയതി കലയപുരം മിഷൻ ബഥനി സമൂഹം ഏറ്റെടുത്തു. ബ. ഡൊമിനിക് ഒഡാലിൽ അച്ചൻ ആയിരുന്നു കലയപുരം മിഷൻ മന്ദിരത്തിലെ പ്രഥമാദ്ധ്യക്ഷൻ. ബ. അഗസ്റ്റിൻ കൈലാത്തച്ചൻ പ്രഥമ അംഗവും. പിന്നോക്കാവസ്ഥയിൽ നില്ക്കുന്ന കലയപുരം ഗ്രാമത്തെ ഉദ്ധരിക്കുന്നതിനായി എന്തെങ്കിലും സ്ഥാപനം തുടങ്ങുന്നതിന് കലയപുരത്ത് എം. സി. റോഡിൻെറ വശത്ത് ആവശ്യമായ സ്ഥലം ബ. ഡൊമിനിക് ഒഡാലിൽ അച്ചൻ വാങ്ങിച്ചു. ബ. സ്റ്റീഫൻ തിരുവാലിലച്ചൻെറ ശ്രമഫലമായി ഒരു ഹൈസ്കൂൾ

www.malankaralibrary.com

ആരംഭിക്കുന്നതിനുള്ള അനുവാദം കിട്ടി. 1994 ജൂലൈ 31-ാം തിയതി പ്രസ്തുത സ്കൂൾ കെട്ടിടത്തിന്റെ ശിലാസ്ഥാപനം നടത്തി.

കലയപുരം ഈസ്റ്റ്, കലയപുരം വെസ്റ്റ്, കൂരാ, കുളക്കട എന്നീ ഇടവകകൾ നടത്തുന്നതിനുപുറമേ ചാപ്ലയൻസി, സാമൂഹ്യക്ഷേമപദ്ധതി തുടങ്ങിയവ കലയപുരം മന്ദിരാംഗങ്ങളുടെ പ്രവർത്തനമണ്ഡല ത്തിൽപ്പെടുന്നു.


## 25. ബഥനി ആശ്രമം ബോസരി

പൂനയിൽ ബഥനി പഠന ഗൃഹം സ്ഥാപിതമായതുമുതൽ, പൂനാ മലങ്കര കത്തോലിക്കരുടെ ആദ്ധ്യാത്മികാവശ്യങ്ങൾ ബഥനി ആശ്രമാംഗങ്ങൾ നടത്തികൊടുത്തിരുന്നു. 1962-ൽ പൂനാ മെത്രാൻ അഭിവന്ദ്യ ആഡ്രൂസ് തിരുമേനി, മലയാളി കത്തോലിക്കരുടെ ചുമതല ബഥനി ആശ്രമത്തെയേല്പിച്ചു.

പൂനാ പഠന ഗൃഹത്തിന്റെ ചുമതലയും പൂന മിഷന്റെ പ്രവർത്തനവും ഒന്നിച്ചു കൊണ്ടു പോകാനാകാത്ത സാഹചര്യമായപ്പോൾ, മിഷന്റെ ആവശ്യങ്ങൾ നടത്തുന്നതിനായി, ബ. ആന്റണി വലിയവിളയച്ചനെ നിയമിച്ചു. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ പൂനയിൽ മലങ്കര മിഷൻ ക്രമീകൃത അവസ്ഥയിലെത്തി. പൂനയിൽ പല സ്ഥലങ്ങളിൽ പുതിയ മിഷനുകൾ ആരംഭിച്ചു.

പൂന പഠന ഗൃഹത്തിൽ താമസിച്ചു കൊണ്ട് വളരെ വിസ്തൃതമായ പൂന മിഷനുകളിൽ എത്തിച്ചേരുക ഏറെ ദുഷ്കരമായിരുന്നു. ഇതിനു പരിഹാരമായി 1990 ജൂൺ 21-ാം തിയതി ബോസരിയിൽ ബഥനി ആശ്രമത്തിനായി ഒരു സ്ഥലവും കെട്ടിടവും വാങ്ങി. ബ. വറുഗിസ് ഇലഞ്ഞിയിലച്ചൻ ആയിരുന്നു ആശ്രമത്തിന്റെ പ്രഥമാദ്ധ്യക്ഷൻ. ബ. ചാക്കോ ഫിലിപ്പ് നരിയോലിമുരുപ്പേലച്ചൻ മിഷൻ പ്രവർത്തനത്തിനായി അവിടെ നിയമിക്കപ്പെട്ടു. തോഡിവാലാ, കലേവാഡി, കിർക്കി, ദേഹൂ റോഡ്, ചിഞ്ചു വാഡ്, പിമ്പ്ലേഗുരാവ്, ബോസരി, റാംവാഡി മുതലായവയാണ് പൂനാ മലങ്കരമിഷൻ സ്റ്റേഷനുകൾ.

## 26. ബഥനി ആശ്രമം ബത്തേരി



വയനാടൻ ചുരങ്ങൾക്കുമപ്പുറം - ബഥനി ആശ്രമം സുൽത്താൻ ബത്തേരി

ബത്തേരി രൂപതയുടെ ആസ്ഥാനത്തിനടുത്ത് ബഥനി ആശ്രമത്തിന്റെ ഒരു ശാഖ തുടങ്ങാൻ 1990ൽ തീരുമാനിച്ചു. 1990 സെപ്റ്റംബർ 20-ാം തിയതി ബത്തേരി ബഥനി ആശ്രമ കെട്ടിടത്തിന്റെ ശിലാസ്ഥാപനം പെ. ബ. ലൂയിസ് മൂലവീട്ടിൽ നടത്തി. 1991 നവംബർ 16-ാം തിയതി ബത്തേരി രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ ബസേലിയോസ് തിരുമേനി ബത്തേരി ബഥനി ആശ്രമം കൂദാശ ചെയ്തു. ബ. അത്മാനന്ദ് പേഴുംമൂട്ടിൽ ആയിരുന്നു ബത്തേരി ആശ്രമത്തിന്റെ പ്രഥമാദ്ധ്യക്ഷൻ.

ബത്തേരി ആശ്രമത്തോടനുബന്ധിച്ച് ആൺകുട്ടികൾക്കായി ഒരു ബോർഡിംഗ് ആരംഭിച്ചിട്ടുണ്ട്. ബ. ഫാ. പീറ്റർ ജോൺ വാലയിൽ, ബ്ര. കുര്യാക്കോസ് കാവിളയിൽ എന്നിവർ പ്രസ്തുത ബോർഡിംഗിന്റെ മാസ്റ്റേഴ്സായി സേവനം അനുഷ്ഠിക്കുന്നു. സഭൈക്യ പ്രവർത്തനം, ചാപ്ലയൻസി, ഇടവക ഭരണം തുടങ്ങിയവ ഈ ആശ്രമത്തിന്റെ പ്രവർത്തനങ്ങളാണ്.


## 27. ബഥനി ആശ്രമം കൽക്കട്ടാ

അഭിവന്ദ്യ മാർ ഈവാനിയോസ് തിരുമേനി കൽക്കട്ടായിലെ സെറാംപൂർ കോളേജിൽ പഠിപ്പിച്ചിരുന്ന കാലത്താണ് ഒരു സന്യാസാശ്രമം

www.malankaralibrary.com

സ്ഥാപിക്കുന്നതിനുള്ള തീരുമാനമെടുത്തത്. പ്രസ്തുത സ്ഥലത്ത് ബഥനി ആശ്രമത്തിന്റെ ഒരു ശാഖ സ്ഥാപിക്കണമെന്നത് ബഥനി സമൂഹാംഗങ്ങളുടെ ചിരകാലാഭിലാഷമായിരുന്നു. 1990 ഡിസംബർ 16-ാം തിയതി ആശ്രമത്തിന് യോജിച്ച സ്ഥലം കണ്ടുപിടിക്കാൻ ബ. ഇഗ്നേഷ്യസ് തങ്ങളത്തിലച്ചനെ അയച്ചു. തുടർന്ന് കൽക്കട്ടാ മിഷനെപ്പറ്റി പഠിക്കുന്നതിനും ആശ്രമം സ്ഥാപിക്കുന്നതിനുമായി ബ. സെബാസ്റ്റ്യൻ കുറ്റിക്കാട്ടിലച്ചനെ അയച്ചു. ഏറെ നാളത്തെ പരിശ്രമത്തിന്റെ ഫലമായി 1991 മെയ് 3-ാം തിയതി താക്കൂർ പുക്കൂർ എന്ന സ്ഥലത്ത് ഒരു സ്ഥലവും കെട്ടിടവും കൂടി വാങ്ങി. പ്രസ്തുത മന്ദിരത്തിന്റെ പ്രഥമാദ്ധ്യക്ഷനായി നിയമിതനായത് ബ. ജോസ് മരിയദാസ് പടിപ്പുരയ്ക്കലച്ചനാണ്. മലങ്കര കത്തോലിക്കരുടെ ആദ്ധ്യാത്മികാവശ്യങ്ങൾ നിറവേറ്റികൊടുക്കുന്നതിനോടൊപ്പം യുവജനങ്ങളെ സംഘടിപ്പിക്കുന്നതിലും, സാമൂഹ്യക്ഷേമ പ്രവർത്തനത്തിലും കൽക്കട്ട ബഥനി ആശ്രമസ്ഥർ ശ്രദ്ധിക്കുന്നു.


## 28. ബഥനി ആശ്രമം കല്ലാർ



സുഗന്ധ ദ്രവ്യങ്ങളുടെ നാട്ടിൽ വിശുദ്ധിയുടെ പരിമളം പരത്തി കല്ലാർ ധ്യാനമന്ദിരം

ഹൈറേഞ്ചിൽ ബഥനി ഒരു മിഷൻ സ്ഥാപിക്കുന്നതിന് ആഗ്രഹിച്ചപ്പോൾ, തിരുവല്ലാ രൂപതയിലെ ബാലഗ്രാം, കൂട്ടാർ, കവന്തി, രാമക്കൽ മേട് എന്നീ ഇടവകകൾ ബഥനി ആശ്രമത്തെ ഏല്പിച്ചു. 1989-ൽ കല്ലാർ ജംങ്ഷനു സമീപം വാങ്ങിയ സ്ഥലത്ത് 1990 മാർച്ച് 26-ാം തിയതി പെ. ബ. ലൂയിസ് മൂലവീട്ടിലച്ചൻ ശിലാസ്ഥാപനം നടത്തി. 1991 ആഗസ്റ്റ് 29-ാം തിയതി തിരുവല്ലാ രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ തിമോത്തിയോസ് തിരുമേനി കല്ലാർ ആശ്രമം കൂദാശ ചെയ്തു. പ്രസ്തുത മന്ദിരത്തിന്റെ ആദ്യത്തെ അദ്ധ്യക്ഷൻ ബ. മാത്യു തുരുത്തേലച്ചനായിരുന്നു. 1992-ൽ കല്ലാർ ആശ്രമത്തെ ധ്യാന മന്ദിരമായി മാറ്റി. ബ. പ്ലാസിഡ് തോംപിലടിമുറിയിലച്ചനായിരുന്നു ധ്യാനമന്ദിരത്തിന്റെ പ്രധാന ഡയറക്ടർ. ഇടവക ഭരണം, ധ്യാന പ്രസംഗം, കൃഷി, സാമൂഹ്യ ക്ഷേമ പ്രവർത്തനങ്ങൾ തുടങ്ങിയവ ഈ മന്ദിരത്തിന്റെ പ്രവർത്തനങ്ങളിൽപ്പെടുന്നു.

## 29. ബഥനി ആശ്രമം ഭിലായ്




ഉരുക്കിന്റെ നാട്ടിൽ-ഉറച്ച വിശ്വാസത്തോടെ ഭിലായ് ബഥനി ആശ്രമം

ഭിലായിൽ ബഥനി ആശ്രമം സ്ഥാപിക്കുന്നതിനായി ബ. സെബാസ്റ്റ്യൻ കുറ്റിക്കാട്ടിലച്ചനെ 1989 ഡിസംബറിൽ അയച്ചു. അദ്ദേഹം ആശ്രമത്തിനു ഉപയുക്തമായ സ്ഥലം കണ്ടുപിടിച്ചു. 1992 മെയ് 26-ാം തിയതി ഭിലായി ആശ്രമം അഭിവന്ദ്യ മാർ ഗ്രിഗോറിയോസ് തിരുമേനി കൂദാശ ചെയ്തു. ബ. സാമുവേൽ കിടങ്ങിലച്ചൻ ആണ് ഭിലായി ആശ്രമത്തിന്റെ പ്രഥമാദ്ധ്യക്ഷൻ. ഭിലായി മലങ്കര കത്തോലിക്കരുടെ ആദ്ധ്യാത്മികാവശ്യങ്ങൾ നിറവേറ്റിക്കൊടുക്കുന്നതിനോടൊപ്പം, ഭിലായിൽ ഒരു ഐ.റ്റി.സി. സ്ഥാപിക്കുന്നതിനു ശ്രമിക്കുന്നു.

## 30. ബഥനി മിഷൻ മന്ദിരം പിൻകുളം

തമിഴ്നാട്ടിൽ ഒരു മിഷൻ തുടങ്ങുന്നതിന് ബഥനി

www.malankaralibrary.com



പുതിയ മേച്ചിൽപ്പുറങ്ങൾതേടി
പിൻകുളം മിഷൻ (തമിഴ്നാട്)

സമൂഹം ആഗ്രഹിച്ചപ്പോൾ, തിരുവനന്തപുരം അതിരൂപതയിൽപ്പെട്ട കുഴിഞ്ഞാംവിള, പഴയ ഉച്ചക്കട, പിൻകുളം, ഉച്ചക്കട എന്നീ മിഷനുകൾ ബഥനി സമൂഹത്തിൻെറ പ്രവർത്തനങ്ങൾക്കായി വിട്ടു തന്നു. 1994 മെയ് 12-ാം തിയതി ബ. ഫ്രാൻസിസ് സാലസ് അഞ്ചനാട്, ബ. മൈക്കിൾ വരിക്കോലിത്തറയിൽ എന്നിവരെ സമൂഹത്തിൻെറ അസിസ്റ്റൻറ് ജനറൽ ബ. ജോർജ്ജ് തോമസ് കല്ലുങ്കലച്ചൻ പിൻകുളത്തു കൊണ്ടു ചെന്നാക്കി. ഇടവക ഭരണം, സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ തുടങ്ങിയ തലങ്ങളിൽ പ്രവർത്തനം ആരംഭിച്ചിരിക്കുകയാണ്. ക്ഷേമ പ്രവർത്തനങ്ങൾ ഏറെ ആവശ്യമുള്ള ഈ മിഷനിലേക്കു ബഥനിയുടെ ശ്രദ്ധ പ്രത്യേകം തിരിയേണ്ടതാണ്.

ബഥനി ആശ്രമങ്ങളുടെയും ബഥനി മിഷനുകളുടെയും ഒരു ലഘുവിവരണം മാത്രമേ ഇവിടെ ചേർക്കുവാൻ സാധിച്ചിട്ടുള്ളു. പ്രത്യേകം സ്മരിക്കപ്പെടേണ്ട വ്യക്തികളുടെ പേരുകൾ, ഓർക്കപ്പെടേണ്ട വത്സരങ്ങൾ, സംഭവങ്ങൾ പ്രവർത്തനങ്ങൾ ഇവയൊക്കെ ദീർഘമായും കൃത്യമായും പ്രസിദ്ധീകരിക്കുന്നതിന് മറ്റൊരവസരത്തിൽ ശ്രദ്ധിക്കുന്നതാണ്. കോഴിക്കോട് ബ. സെലസ്റ്റിൻ പടിഞ്ഞാറെ മണ്ണിലച്ചൻ ചെയ്യുന്ന പ്രവർത്തനങ്ങൾ ചേർക്കാതിരുന്നത്, കോഴിക്കോടു മിഷൻ ബഥനിക്കു വിട്ടു തന്നിട്ടില്ലാത്തതിനാലാണ്.

www.malankaralibrary.com


MALANKARA
LIBRARY

www.malankaralibrary.com


# BETHANY TODAY


Benedict Mar Gregorios OIC
Arch. Bp. of Trivandrum.


Cyril Mar Baselios OIC
Bp. of Bathery







Mar Ivanios OIC
Our Founder





1. Arch-Bishop - 1
2. Bishop - 1
3. Brothers - 11
4. Members - 182
5. Non-Professed - 50
6. Novices - 7
7. Pre-Novices - 43
8. Professed - 132
9. Priests - 94
10. Scholastics - 25

**HOUSES - 31**

Alwaye
Bathery
Bhosari
Bhilai
Calcutta
Calicut
Chunakkara
Chirackal
Kadaba
Kallar
Kalayapuram
Kanjiramkulam
Kattanam
Kottayam (2)
Kombazha
Meenangady
Mukkampala
Mylapra
Nedumangad
Nelliyady
Noojibalthila
Poona
Pinculam
Ranny
Trippadam
Trivandrum (2)
Thiruvalla
Vengola
Bombay

**INSTITUTIONS - 27**

**Mother House - Kottayam**
**Scholasticate - Pune**
**Novitiate - Alwaye**
**Pre-Novitiate - Trivandrum**
**Thiruvalla**


Fr. Jerome Peedikaparambil OIC
Our Superior general


Mar Theophilos OIC
Our Co-founder.

**Bethany Congregation Platinum Jubilee**

Swift : 65849